# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 14, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1747/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .....26
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....26
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....102

**II അടിയന്തരപ്രമേയം**

സ്വർണ്ണക്കടത്ത് കേസ്
(അവതരണാനുമതി നിഷേധിച്ചു.) ......502

**III ശ്രദ്ധ ക്ഷണിക്കൽ**

1. കുതിരാൻ തുരങ്കത്തിന്റെയും അനുബന്ധറോഡിന്റെയും നിർമ്മാണം
   —ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ) ......532
2. റബ്ബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കലും കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില പുനഃക്രമീകരിക്കലും
   —ശ്രീ. മോൻസ് ജോസഫ് ......539

**IV സബ്മിഷൻ**

(1) തീരദേശ പരിപാലന പ്ലാൻ
   —ശ്രീ. റ്റി. വി. രാജേഷ് ......549
(2) സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ
   —ശ്രീ. എൻ. എ. നെല്ലിക്കുന്ന് ......551
(3) റോഡ് വികസനം
   —ശ്രീ. ഒ. രാജഗോപാൽ ......552
(4) പാലങ്ങളുടെ നിർമ്മാണം
   —ശ്രീ. കെ. യു. ജനീഷ് കുമാർ ......554
(5) ദേശീയപാതയുടെ പുനരുദ്ധാരണ പ്രവൃത്തികൾ
   —ശ്രീ. കെ. ബി. ഗണേഷ് കുമാർ ......557

*പേജ്*

(6) അരീക്കോട് സ്റ്റേഡിയം നിർമ്മാണം

—ശ്രീ. പി. കെ. ബഷീർ ......558

(7) അരുവിക്കര ഡാമിലെ മാലിന്യം

—ശ്രീ. കെ. എസ്. ശബരീനാഥൻ ......561

(8) ആലുങ്കൽ കടവ്, പാറപ്പുറം, വല്ലംകടവ് പാലങ്ങളുടെ നിർമ്മാണം

—ശ്രീ. അൻവർ സാദത്ത് ......563

(9) മുദിയം പാലം

—ശ്രീ. അബ്ദുൽ ഹമീദ്. പി. ......568

(10) കോഴിക്കോട് ഫൈൻ ആർട്സ് കോളേജ്

—ശ്രീ. വി. കെ. സി. മമ്മത്കോയ ......568

**V മേശപ്പുറത്തുവച്ച കടലാസുകൾ**

സാമ്പത്തിക അവലോകനം 2020, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ......570

**VI റിപ്പോർട്ട് സമർപ്പണം**

(1) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ......570

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിയൊന്ന് മുതൽ എഴുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ ......570

**VII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ......570

**VIII വ്യക്തിപരമായ വിശദീകരണം (ചട്ടം 288 പ്രകാരം)**

**മദ്യത്തിന്റെ വിലവർദ്ധനവ്**

—തൊഴിലും എക്സൈസും വകുപ്പുമന്ത്രി

(ശ്രീ. റ്റി. പി. രാമകൃഷ്ണൻ) ......617

**നന്ദിപ്രമേയ ചർച്ച (തുടർച്ച)** ......621

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 14, വ്യാഴം*

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2021 ജനുവരി 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിക്കുന്നതിനായി ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം കസേരകളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ........ചോദ്യം നമ്പർ *61

*61 -ാം നമ്പർ ചോദ്യവുമായി *76-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. വി. റ്റി. ബൽറാം കത്ത് നൽകിയിട്ടുണ്ട്. പക്ഷേ ചോദ്യങ്ങൾ വ്യത്യസ്തമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. *61- ാം നമ്പർ ചോദ്യം ലഹരിക്കടത്തും *76 -ാം നമ്പർ ചോദ്യം ലഹരിമുക്ത നവകേരളവുമാണ്.

#### ലഹരിക്കടത്ത് തടയാൻ നടപടി

1(*61) ശ്രീ. എം. വിൻസെന്റ്:

ശ്രീ. അനിൽ അക്കര:

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ മറവിൽ സംസ്ഥാനത്തേയ്ക്ക് വൻതോതിൽ കഞ്ചാവും മറ്റ് നിരോധിത ലഹരി വസ്തുക്കളും കടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) റെയ്ഡിൽ പിടിച്ചെടുക്കുന്നത് മയക്കുമരുന്ന് വിപണനത്തിന്റെ ചെറിയൊരംശം മാത്രമാണെന്നും ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നുവെന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പിന് വേണ്ടത്ര അംഗബലം ഇല്ലാത്തത് പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോ;

(ഡി) മയക്കുമരുന്ന്-വ്യാജമദ്യവേട്ടയിൽ പ്രത്യേക പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ മിനിസ്റ്റീരിയൽ ജോലിക്ക് നിയുക്തരായിരിക്കുന്നതു മൂലമാണ് മയക്കുമരുന്ന് വേട്ടയ്ക്ക് വേണ്ടത്ര ജീവനക്കാരെ ലഭിക്കാത്തത് എന്നത് വസ്തുതയാണോ;

(ഇ) വകുപ്പിലെ ഉദ്യോഗസ്ഥ ഘടന പരിഷ്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ 2018 ഏപ്രിലിൽ വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) കണ്ടെത്തിയിട്ടില്ല. കോവിഡ് പ്രതിസന്ധികാലത്തും മികച്ച രീതിയിലുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ ചെക്ക് പോസ്റ്റുകൾ ഹൈവേ/ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, സ്ട്രൈക്കിങ്ങ് ഫോഴ്സുകൾ എന്നീ വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്.

(ബി) ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള എൻഫോഴ്സ്മെന്റ് സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ മയക്കുമരുന്നിന്റെ കടത്തും ശേഖരണവും വിപണനവും ഉപഭോഗവും തടയുന്നതിനും മയക്കുമരുന്നുകൾ പിടിച്ചെടുക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് വകുപ്പ് 2020-ൽ സംസ്ഥാനത്താകെ 15860 അബ്കാരി കേസുകളിലായി ആകെ 23182 ലിറ്റർ സ്പിരിറ്റും 7219.905 ലിറ്റർ ചാരായവും 30958.35 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യവും 531662 ലിറ്റർ വാഷും കണ്ടെടുത്തിട്ടുണ്ട്. 3667 എൻ.ഡി.പി.എസ്. കേസുകളിലായി ആകെ 3209.293 കിലോ ഗ്രാം കഞ്ചാവ്, 6653.437 ഗ്രാം ഹാഷിഷ്, 38.980 ഗ്രാം ഹെറോയിൻ, 73.925 ഗ്രാം ബ്രൗൺഷുഗർ, 564.116 ഗ്രാം എം.ഡി.എം.എ. 4927.890 ഗ്രാം ചരസ്, 696 കഞ്ചാവ് ചെടികൾ എന്നിവയും മറ്റ് ലഹരി വസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. 52222 കോട്പ കേസുകളിലായി 33451.496 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ കണ്ടെടുക്കുകയും 93,34,010 രൂപ ഫൈനായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. നിലവിലെ അംഗബലം ഉപയോഗിച്ച് എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ഡി) അല്ല. എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ ചെയ്യുന്നതിനായി ബോർഡ് യൂണിറ്റിൽ പ്രത്യേകം തസ്തികകൾ നിലവിലുള്ളതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരാണ് വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ ചെയ്തുവരുന്നത്.

(ഇ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥ ഘടന പരിഷ്കരിക്കുന്നതിന് 17-4-2018-ൽ വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ ആ സന്ദർഭത്തിൽ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചത്.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, അങ്ങയുടെ മറുപടിയിൽനിന്നുതന്നെ ലോകത്തെമ്പാടും ലഭ്യമാകുന്ന എല്ലാത്തരം മയക്കുമരുന്നുകളും നമ്മുടെ സംസ്ഥാനത്തും സുലഭമായി ലഭിക്കുന്നു എന്നുതന്നെയാണ് കാണാൻ സാധിക്കുന്നത്. കോവിഡ്-19-ന്റെ കടുത്ത നിയന്ത്രണങ്ങൾ സംസ്ഥാനത്ത് നിലനില്ക്കുമ്പോഴാണ് കുമരകത്ത് മയക്കുമരുന്ന് പാർട്ടി നടത്തിയത്. ആ മയക്കുമരുന്ന് പാർട്ടിയിൽ പാർട്ടി സെക്രട്ടറിയുടെ മകൻ ഉൾപ്പെടെ നിൽക്കുന്ന ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ വന്നതാണ്. ...(ബഹളം). .. ആ ചിത്രത്തിലുള്ളവരാണ് ബാംഗ്ലൂർ കേസ്സിൽ പ്രതികളായിട്ടുള്ളത് .......(ബഹളം)... ചോദ്യം ചോദിക്കാൻ അനുവദിക്കണം.

<u>മി. സ്പീക്കർ:</u> അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, അതിനുശേഷമാണ് വാഗമണ്ണിൽ ഈ മയക്കുമരുന്ന് പാർട്ടി നടത്തിയിട്ടുള്ളത്. ആ പാർട്ടിയിൽ പങ്കെടുത്തവർക്ക് ബാംഗ്ലൂർ കേസ്സിലെ പ്രതികളുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഇവിടെ വ്യാപകമായി മയക്കുമരുന്ന് പാർട്ടികൾ നടക്കുമ്പോൾ അതിൽ പങ്കെടുക്കുന്നവർക്കും അവ നടത്തുന്നവർക്കും കടുത്ത ശിക്ഷ നൽകുന്നതിനുള്ള ശക്തമായ നിയമനിർമ്മാണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, മയക്കുമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഏത് പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാലും അവ ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യു.ഡി.എഫ്., എൽ.ഡി.എഫ്., ബി.ജെ.പി. എന്നീ പാർട്ടികളുമായി ബന്ധപ്പെടുത്തിയല്ല ഈ പ്രശ്നത്തെ കാണേണ്ടത്. മയക്കുമരുന്നും നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും സമൂഹത്തെയാകെ ബാധിക്കുന്നതാണ്. അതുകൊണ്ട് എല്ലാവരും

ഒന്നിച്ചുനിന്ന് ഈ അപകടത്തെ തടയുന്നതിന് സഹായകരമായ സമീപനം സ്വീകരിക്കണം. നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിനുവേണ്ടി ഈ സർക്കാരിന്റെ ഭരണകാലത്ത് നടത്തിയതുപോലുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം കേരള ചരിത്രത്തിൽ ഇതുവരെ നടന്നിട്ടില്ല. ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലയളവിൽ 65,117 അബ്കാരി കേസ്സുകളാണ് എടുത്തിരുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ നാലര വർഷക്കാലത്തിനിടയിൽ 85,515 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസ് യു.ഡി.എഫ്. ഭരണകാലത്ത് 3,928 ആയിരുന്നത് ഇപ്പോൾ 27,270 ആയി ഉയർന്നിട്ടുണ്ട്, കോട്പ കേസ്സുകൾ 6,042 ആയിരുന്നത് 3,18,835 ആയി ഉയർന്നു. നിയമവിരുദ്ധ നടപടികൾക്കെതിരെ അതിശക്തമായ എൻഫോഴ്സ്മെന്റ് വർക്ക് നടക്കുന്നുവെന്നുള്ളതുതന്നെയാണ് ഇത് സൂചിപ്പിക്കുന്നത്. മയക്കുമരുന്ന് പോലുള്ള അനധികൃത ലഹരിപദാർത്ഥങ്ങൾക്കെതിരെ കർശന നിയമ നടപടിയെടുത്തു കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിൽ ഏതെങ്കിലും പ്രത്യേക പ്രശ്നം ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അതുസംബന്ധിച്ച് നോട്ടീസ് നൽകിയാൽ കൃത്യമായ വിവരം ഗവൺമെന്റിന് നല്കാൻ കഴിയുമെന്നാണ് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇത്തരത്തിലുള്ള സാമൂഹിക വിഷയങ്ങളിൽ രാഷ്ട്രീയം നോക്കാതെ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന അങ്ങയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ, അങ്ങുതന്നെ മറുപടിയുടെ അവസാനത്തിൽ യു.ഡി.എഫ്., എൽ.ഡി.എഫ്. വേർതിരിച്ച് കണക്കുപറഞ്ഞത് ശരിയായോയെന്ന് പരിശോധിക്കണം. തിരുവനന്തപുരം ജില്ലയിലെ സ്കൂൾ കുട്ടികളിലാണ് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും ഉപയോഗം ഏറ്റവുമധികം വർദ്ധിച്ചുവരുന്നതെന്നാണ് സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ സെപ്റ്റംബർ മാസത്തിലാണ് ആറ്റിങ്ങലിനു സമീപമുള്ള കോരാണിയിൽനിന്ന് ഒരു വലിയ ട്രക്കിൽ കൊണ്ടുവന്ന 500 കിലോഗ്രാം കഞ്ചാവ് പിടികൂടിയത്. എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞത് ഇത് സംസ്ഥാനത്തെ ഏറ്റവും വലിയ കഞ്ചാവ് വേട്ടയാണെന്നാണ്. ഒക്ടോബർ മാസം 8-ാം തീയതി 100 കിലോഗ്രാം കഞ്ചാവും മൂന്ന് കിലോഗ്രാം ഹാഷിഷ് ഓയിലും പിടികൂടിയത് തിരുവനന്തപുരത്തുനിന്നാണ്. തലസ്ഥാന ജില്ല മയക്കുമരുന്നുകളുടെ തലസ്ഥാനമായി മാറുകയാണോയെന്ന് സംശയം ജനിപ്പിക്കുന്ന തരത്തിലാണ് ഈ സംഭവങ്ങൾ ഉണ്ടായിരിക്കുന്നത്. ബാംഗ്ലൂരിൽ നടന്ന ഒരു റെയ്ഡിനെ തുടർന്ന് ഈ ലഹരിവസ്തുക്കൾ അവിടെ നിന്ന് കടത്തിക്കൊണ്ടുവന്നതാണെന്ന് എക്സൈസ് ഉദ്യോഗസ്ഥർ മാധ്യമങ്ങളോട് പറഞ്ഞതായി അറിയുകയുണ്ടായി. ഉന്നത വ്യക്തികളുമായി ബന്ധമുള്ളവരുടെ സ്വാധീനമാണ് അന്തർ സംസ്ഥാന മയക്കുമരുന്ന് കച്ചവടം ഇത്രയധികം

വ്യാപകമാകാനുള്ള കാരണമായിത്തീർന്നത്. മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് മറ്റു സംസ്ഥാനങ്ങളുമായി യോജിച്ച് ശക്തമായ അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ നടപ്പിലാക്കുന്നതുപോലുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം ഇന്ത്യയിലെ ഒരു സംസ്ഥാനത്തും നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ രണ്ട് ഗവൺമെന്റുകളുടെ കാലഘട്ടങ്ങളിലുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാൻ ഇടവന്നത് അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഈ സർക്കാർ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിൽ എത്രത്തോളം ശുഷ്കാന്തി പ്രകടിപ്പിക്കുന്നു എന്നതിന്റെ തെളിവാണ്. അദ്ദേഹം സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ പരിസരത്തു നടക്കുന്ന കഞ്ചാവ് കച്ചവടത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി 4842 ക്ലബ്ബുകൾ സ്കൂൾ അടിസ്ഥാനത്തിലും 899 ക്ലബ്ബുകൾ കോളേജ് അടിസ്ഥാനത്തിലുമുൾപ്പെടെ 5741 ലഹരിവിരുദ്ധ ക്ലബ്ബുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം കുട്ടികളുടെയിടയിലെ ലഹരിയുടെ ഉപയോഗം തടയുന്നതിനുവേണ്ടിയുള്ള നടപടിയാണ്. കോവിഡ് വ്യാപനം കാരണം സ്കൂളുകളും കോളേജുകളും തുറക്കാത്ത സാഹചര്യമുണ്ടായിരുന്നു, ഇപ്പോഴാണ് തുറന്നു തുടങ്ങിയത്. ഏത് തരത്തിലുള്ള പരിശോധന നടത്താനും ഗവൺമെന്റ് തയ്യാറാണ്. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ഓരോ എക്സൈസ് ഉദ്യോഗസ്ഥർക്കുവീതം ചുമതല നൽകിയിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും ഇക്കാര്യത്തിലില്ല. മയക്കുമരുന്നുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തികളുടെ ബന്ധമോ മറ്റോ ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ രേഖാമൂലം നൽകിയാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ലഹരിക്കടത്ത് ഒരു പൊതുവിപത്തായി കണ്ട് അതിന്റെ കേന്ദ്രം കണ്ടെത്തി തകർക്കുക എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഒരു ആശങ്കയ്ക്കും അടിസ്ഥാനമില്ലെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. അനിൽ അക്കരയ്ക്കുവേണ്ടി ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ ബഹുമാന്യനായ അങ്ങ് പറഞ്ഞത് ശരിയാണ്. കാരണം, ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുന്നത് സത്യമാണ്. കേരളത്തിലെ എക്സൈസ് വകുപ്പിന്റെ ഒരു നിലപാടാണത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കുറഞ്ഞു, എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത് കൂടിയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വളരെ കർക്കശമായി നേരിടുമെന്നുള്ള

പേടിയുള്ളതുകൊണ്ട് ഇങ്ങനെയുള്ള ശക്തികൾ പുറത്തേയ്ക്കുവന്നില്ല. അതുകൊണ്ട് സ്വാഭാവികമായും കേസ്സുകളുടെ എണ്ണവും കുറഞ്ഞു. ഈ ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിൽ ചെറിയൊരു ഇളവ് കൊടുത്തപ്പോഴാണ് ഇത്തരം ആളുകളുടെ പ്രവർത്തനവും കേസ്സുകളുടെ എണ്ണവും കൂടുന്ന സാഹചര്യമുണ്ടായത്. സംസ്ഥാനത്ത് കോവിഡ് വ്യാപനമുണ്ടായശേഷം എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? അതിന്റെ കണക്കുകൾ കിട്ടിയാൽ നന്നായിരുന്നു. അതുപോലെ ഒരു പൊതുവിഷയം ശ്രദ്ധയിൽപ്പെടുത്താനുണ്ട്, ഈ ഗവൺമെന്റിന്റെ കാലത്തുമാത്രമല്ല എല്ലാ കാലഘട്ടത്തിലും എക്സൈസ് വകുപ്പിൽ സ്റ്റാഫ് സ്ട്രെങ്ത് കുറവാണെന്നുള്ള ഒരു പ്രശ്നമുണ്ട്. അതിനാൽ എക്സൈസ് ഉദ്യോഗസ്ഥർ വലിയ തോതിൽ പ്രതിസന്ധിയിലും മാനസിക സംഘർഷത്തിലുമാണ്. ജനം പരാതി അറിയിച്ചാൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് എല്ലാ സ്ഥലത്തും ഓടിയെത്താൻ പലപ്പോഴും സാധിക്കുന്നില്ല. ഇതിന് പരിഹാരം കണ്ടെത്താൻ സാധിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം ചൂണ്ടിക്കാണിച്ച കാര്യം, വസ്തുതകൾ പരിശോധിക്കാൻ സന്നദ്ധമാകാത്തതു കൊണ്ടാണ്. ആ മനോഭാവത്തിൽനിന്നും മാറിയില്ലെങ്കിൽ യഥാർത്ഥ സാഹചര്യത്തെ നേരിടാൻ കഴിയാതെവരും. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എങ്ങനെയെല്ലാം നടക്കുന്നുവെന്നത് കേരളത്തിൽ ജീവിക്കുന്ന ഏതൊരു മനുഷ്യനും അനുഭവമുള്ളതാണ്. അത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കുറവായിരുന്നു, എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് വീണ്ടും ശക്തിപ്പെട്ടു, എൽ.ഡി.എഫ്. ഇളവ് കൊടുത്തു എന്നൊക്കെ അദ്ദേഹം പറഞ്ഞു. എന്തുകാര്യത്തിലാണ് ഇളവ് കൊടുത്തത്? അനധികൃത മദ്യമോ, ലഹരിപദാർത്ഥമോ വ്യാപിപ്പിക്കുന്നതിന് ഒരു തരത്തിലുള്ള ഇളവും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുത്തിട്ടില്ല. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നത്, സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ ഏത് കാലത്തായാലും വസ്തുതാപരമായി പരിശോധിച്ച് ആ പ്രശ്നങ്ങളെ കണ്ടെത്തി ഒന്നിച്ചുനീങ്ങാൻ നമുക്ക് സാധിക്കേണ്ടതുണ്ട് എന്നാണ്. ഇത് സമൂഹത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ട കാര്യമാണ്. നമ്മുടെ കുടുംബത്തിൽവരെ വരാനിടയുള്ള ഒരു പ്രശ്നമാണിത്. അതുകൊണ്ട് വളരെ ഗൗരവത്തോടെ ഇടപെട്ട് ഇത്തരം പ്രവണതകൾ മുളയിലേ ഇല്ലാതാക്കുന്നതിനുവേണ്ട നിലപാടുകളാണ് സ്വീകരിക്കേണ്ടത്. ആ നിലയിൽ ഈ പ്രശ്നത്തെ സമീപിച്ചാൽ അദ്ദേഹം പറഞ്ഞിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും. അദ്ദേഹം ചൂണ്ടിക്കാണിച്ച സ്ട്രെങ്ത് സംബന്ധിച്ച പ്രശ്നം ശരിയാണ്; സ്ട്രെംഗ്ത് നിർണ്ണയിക്കുന്നതിൽ ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. അതിന് ശാശ്വതപരിഹാരം കാണേണ്ടതാണ്. പരാതി പരിശോധിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണേണ്ടതാണ്. ഇക്കാര്യം കുറച്ചുകൂടി ശാസ്ത്രീയപരമായ നിലപാടുകളിലൂടെ പരിശോധിച്ച് ആവശ്യമായ വ്യക്തത ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തുടർന്നും പരിശ്രമം നടത്തുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് രണ്ട് കാര്യങ്ങൾ മനസ്സിലാക്കാം. ഒന്ന് കേസ്സുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. പിടിച്ചെടുത്ത മയക്കമരുന്നിന്റെ ക്വാണ്ടിറ്റി പെരുകിയിട്ടുണ്ട്. തിരുവനന്തപുരത്തുനിന്നും 500 കിലോ കഞ്ചാവ് പിടിച്ചുവെന്നാണ് നേരത്തെ ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. പ്രതികളുടെ ഉന്നതസ്വാധീനം വളരെ വ്യക്തമാണ്. ബാംഗ്ലൂർ ജയിലിൽ ആരാണ് ഉള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. ബ്രാഞ്ച് സെക്രട്ടറിപോലും എന്റെ നിയോജകമണ്ഡലത്തിൽ മയക്കമരുന്ന് ലോബിയുടെ ഭാഗമായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം 108 ആംബുലൻസിലെ ഡ്രൈവറായിരുന്നു. രണ്ട് തസ്തികകളിൽനിന്നും സർക്കാരിനും പാർട്ടിക്കും അദ്ദേഹത്തെ മാറ്റേണ്ട സാഹചര്യമുണ്ടായി. അതുകൊണ്ട് സമൂഹത്തിൽ ഉന്നതശ്രേണിയിൽ പ്രവർത്തിക്കുന്നവർ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നു. ...... (ബഹളം)....... ഞാൻ പറഞ്ഞ കാര്യത്തിൽ ശ്രീ. എ. എൻ. ഷംസീറിന് സംശയമുണ്ടോ?

മി. സ്പീക്കർ: അങ്ങ് ചോദിക്കൂ... അങ്ങ് ചോദിക്കൂ.....

ശ്രീ. സണ്ണി ജോസഫ്: സർ, ......(ബഹളം)...... ബ്രാഞ്ച് സെക്രട്ടറിയെ മാറ്റിയത് അറിയുമോ, സംശയമുണ്ടെങ്കിൽ വിശദീകരിക്കാം.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ...

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീ. എ. എൻ. ഷംസീറിന് അറിയാവുന്ന കേസ്സായതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നിഷേധിക്കാൻ കഴിയില്ല. സി.പി.ഐ. (എം)-ന്റെ ബ്രാഞ്ച് സെക്രട്ടറിയാണ്, ഏത് പാർട്ടിയാണെന്ന് ഞാൻ ആദ്യം പറഞ്ഞിരുന്നില്ല. ബ്രാഞ്ച് സെക്രട്ടറിയെന്നേ പറഞ്ഞുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ സി.പി.ഐ. (എം) കോളിക്കടവിലെ ബ്രാഞ്ച് സെക്രട്ടറി.

മി. സ്പീക്കർ: അങ്ങ് മന്ത്രിയോടല്ലേ ചോദ്യം ചോദിക്കുന്നത്? മന്ത്രിയോട് ചോദിക്കൂ.....

ശ്രീ. സണ്ണി ജോസഫ്: സർ, ടൺ കണക്കിന് കഞ്ചാവ് പിടിച്ച കേസ്സിലെ പ്രതിയാണ്. പറയുമ്പോൾ പ്രയാസമുണ്ടാകും, കേട്ടിരിക്കാൻ പ്രയാസമുണ്ടാകും. കേരളത്തിൽനിന്ന് ലഹരി വസ്തുക്കൾ പിടിക്കുന്നു. പക്ഷേ അതിന്റെ ഉറവിടം അയൽസംസ്ഥാനങ്ങളാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്നുണ്ട്. അവിടെപ്പോയി കേസന്വേഷിച്ച് പങ്കാളികളായ കുറ്റവാളികളെ മുഴുവൻ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ എക്സൈസ് വകുപ്പിന് പലപ്പോഴും സാധിക്കുന്നില്ല. സാങ്കേതിക വൈദഗ്ദ്ധ്യവും പരിശീലനവും നേടിയ ഉദ്യോഗസ്ഥരുടെ എണ്ണത്തിലെ കുറവ്, മികവ് ഇതെല്ലാം അതിലെ ഘടകങ്ങൾ തന്നെയാണ്.

അതുകൊണ്ട് കേരളത്തിലേയ്ക്ക് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നവരെയും അയച്ചുകൊടുക്കുന്നവരെയും പിടികൂടാൻ കഴിയുന്ന തരത്തിൽ കേസന്വേഷണം ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽ ഏതെങ്കിലും പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. അത് രഹസ്യമായി സൂക്ഷിക്കുമെന്ന് മാത്രമല്ല, ഗൗരവമായ പരിശോധന നടത്തി കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുകയും ചെയ്യും. അത്തരമൊരു സമീപനമാണ് ഗവൺമെന്റ് ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പല രഹസ്യവിവരങ്ങളും ഗവൺമെന്റിന്റെയും എക്സൈസ് വകുപ്പിന്റെയും മുമ്പാകെ വരാറുണ്ട്. അതെല്ലാം ഒരു ചോർച്ചയുമില്ലാതെ പരിശോധിച്ച് നടപടിയെടുക്കാനാണ് ശ്രമിക്കുന്നത്. കേരളത്തിൽ വടക്കൻ മേഖലയിലും മധ്യ മേഖലയിലും തെക്കൻ മേഖലയിലുമായി മൂന്ന് പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിക്കുകയാണ്. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. അത്തരം സ്ക്വാഡുകളുടെ അഭിമാനകരമായ പ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ വൻവേട്ട നടത്തിയിട്ടുള്ളതെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുമ്പോൾ പാർട്ടിയുടെ പേര് പറയാതെ ഏതോ പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറി ഇതിൽ പങ്കാളിയായെന്നും അത്തരത്തിൽ പരാതിയിൽപ്പെട്ടവരെ ആ പാർട്ടി ഒഴിവാക്കിയെന്നും അദ്ദേഹം തന്നെ പരാമർശിച്ചിട്ടുണ്ട്. ഏതായാലും ഇത്തരം തെറ്റുകൾക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കുകയെന്നുള്ള സമീപനം തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആര് കുറ്റം ചെയ്താലും അത് കുറ്റമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. വേറെ ഏതെങ്കിലും തരത്തിൽ പരോക്ഷമായി ദുഃസൂചന വച്ചുകൊണ്ടുള്ള നിലപാടുകൾ ഇത്തരം പ്രശ്നങ്ങളിലെടുക്കുന്നത് ശരിയല്ല. ഇത്തരം പ്രശ്നങ്ങളിൽ ഒരു വീഴ്ചയും ഗവൺമെന്റ് വരുത്തുന്നില്ല, കർശനമായ സമീപനം തന്നെയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാന്യനായ മന്ത്രി, ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. പക്ഷെ, ഇന്ന് ഏറ്റവും കൂടുതൽ മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ കേന്ദ്രമായി സംസ്ഥാനം മാറിക്കൊണ്ടിരിക്കുകയാണ്, അത് യാഥാർത്ഥ്യവുമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുതിയ തലമുറ ഏറ്റവും കൂടുതൽ മയക്കുമരുന്നിലേയ്ക്ക് പോകുന്നത് കേരളത്തിലാണ്. അത് നമുക്കേറ്റവും അപമാനകരമായ കാര്യമാണ്.

ആന്ധ്രാപ്രദേശിൽ ഒരു കിലോ കഞ്ചാവ് 2,000 രൂപയ്ക്ക് കിട്ടുമെന്നും ഇവിടെ എത്തുമ്പോഴേയ്ക്കും അത് 40,000 രൂപയായി വർദ്ധിക്കുന്നുവെന്നും പറയുന്നു. അതുകൊണ്ടുതന്നെ കള്ളനോട്ട് പിടിക്കുന്ന കേസ്സുകളിൽപോലും കിട്ടാത്ത ലാഭവിഹിതം ലഭ്യമാകുന്നതിനാൽ ഈ രംഗത്തേയ്ക്ക് ഒരുപാട് ആളുകൾ വരുന്നു. എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ഒരു കിലോയ്ക്ക് താഴെ കഞ്ചാവ് സൂക്ഷിച്ചാൽ ബെയിലബിളാണ്. അയ്യായിരം രൂപയാണ് പരമാവധി പിഴ. ഇങ്ങനെയുള്ള സാഹചര്യമുള്ളതുകൊണ്ടാണ് കേരളത്തിൽ കഞ്ചാവും ലഹരിമരുന്നുകളുമൊക്കെ യഥേഷ്ടം ഉപയോഗിക്കപ്പെടുന്നത്. അത് ഈ കാലഘട്ടത്തിൽ മാത്രമല്ല, കഴിഞ്ഞ കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ അത് കൂടുതലായി വന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. കുറേ കേസ്സുകളെടുത്തുവെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞു, ഏത് ഗവൺമെന്റിന്റെ ഭരണകാലത്തും കേസ്സുകളെടുക്കും. പക്ഷെ, അത്തരം കേസ്സുകളിൽ കൺവിക്ഷൻ റേറ്റ് എന്നുപറയുന്നത് വളരെ കുറവാണ്. ഉദ്യോഗസ്ഥർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ, കേസ് ചാർജ് ചെയ്ത് കോടതിയിൽ വിചാരണ കഴിയുമ്പോൾ, ഏകദേശം തൊണ്ണൂറ് ശതമാനം കേസ്സുകളിലും പ്രതികളെ വെറുതെ വിടുന്ന സാഹചര്യമാണുള്ളത്. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? ഇത്തരം പ്രവർത്തനം നടത്തുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിൽ വീഴ്ചവരുന്നുവെന്നത് സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കുമോ; അത്തരം കാര്യങ്ങൾ ലഘൂകരിച്ച് കാണുന്നത് തിരുത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം എ. പി. അനിൽ കുമാർ പറഞ്ഞ ഒരു കാര്യം ആദ്യം വ്യക്തമാക്കാം. സർക്കാർ ഒരു പ്രശ്നത്തെയും ലഘൂകരിച്ച് കാണുന്നില്ല. ഏറ്റവും കൂടുതൽ ലഹരിപദാർത്ഥങ്ങൾ വിപണനം നടത്തുന്നത് കേരളത്തിലാണെന്ന് എന്തടിസ്ഥാനത്തിലാണ് പറയുന്നത്? അത് വസ്തുതാപരമല്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പരിശോധിച്ചുനോക്കണം. ഒരു ഊഹം വച്ചുപറയുന്നത് ശരിയല്ല. വ്യക്തമായ പഠനത്തിന്റെയും ശാസ്ത്രീയമായ പരിശോധനകളുടെയും അടിസ്ഥാനത്തിൽ മാത്രമേ പറയാൻ കഴിയൂ. ഇന്ത്യയിൽ മദ്യം നിരോധിച്ച സംസ്ഥാനങ്ങളിൽപ്പോലും ലഹരിയുടെ സ്വാധീനവും അതിന്റെ വിപണനവും എത്രമാത്രമാണെന്നു നാം കണ്ടതല്ലേ? എന്നുകരുതി കേരളത്തിന്റെ കാര്യം ഒരു കാരണവശാലും നമ്മൾ കുറച്ചുകാണുന്നില്ല. ഇന്ത്യയിൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ ലഹരി പദാർത്ഥങ്ങളുടെ വിപണനം നടത്തുന്നത് എന്നുപറയുന്നത് ശരിയല്ല. ആ ധാരണയോടുകൂടി നമുക്ക് പ്രശ്നത്തെ സമീപിക്കാൻ കഴിയില്ല. അയൽ സംസ്ഥാനങ്ങളിലെല്ലാം ലഹരി വിപണന കേന്ദ്രങ്ങളുണ്ട്. അത്തരം സംസ്ഥാനങ്ങളിൽനിന്ന് ലഹരി പദാർത്ഥങ്ങൾ ധാരാളം കേരളത്തിലേയ്ക്ക് വരികയാണ്. അയൽ സംസ്ഥാനങ്ങളിൽപ്പോയി വിവരങ്ങൾ ശേഖരിച്ചതിൽ

എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങളിലാണ് വൻവേട്ട നടത്തിക്കൊണ്ടിരിക്കുന്നത്. അയൽ സംസ്ഥാനത്തുള്ള വേരുകൾകൂടി പരിശോധിച്ചു കൊണ്ടാണ് ഇവിടെ കുറ്റവാളികളെ കണ്ടെത്തുന്നതും നടപടി സ്വീകരിക്കാൻ ശ്രമിക്കുന്നതും. അയൽ സംസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോയെന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. പല സംസ്ഥാനങ്ങളുടെയും നിലപാട് ഇത്തരം വിഷയങ്ങളിൽ വ്യത്യസ്തമാണ്. കേരള ഗവൺമെന്റിന്റെ നിലപാട് എല്ലാ സംസ്ഥാന ഗവൺമെന്റുകളും സ്വീകരിച്ചു കൊള്ളണമെന്നില്ല. ഈ യാഥാർത്ഥ്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ടുള്ള നിലപാടായിരിക്കും സർക്കാർ സ്വീകരിക്കുന്നത്. അയൽ സംസ്ഥാനങ്ങൾക്കൊപ്പം ചേർന്ന് ചെക്ക് പോസ്റ്റിലുള്ള കേന്ദ്രങ്ങൾ, അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ജോയിന്റ് റെയ്ഡ് നടത്തുന്നതിനുവേണ്ടിയും ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. സണ്ണി ജോസഫും ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലും ജോയിന്റായി ഇക്കാര്യങ്ങളിൽ എന്തൊക്കെ നടത്താൻ കഴിയുമെന്നുള്ളത് തീർച്ചയായും പരിശോധിക്കും. കേരളം തന്നെ അതിനാവശ്യമായ മുൻകയ്യെടുക്കുമെന്നുള്ളതും ഈ സന്ദർഭത്തിൽ വ്യക്തമാക്കുകയാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കേരളം മയക്കുമരുന്ന് വേട്ടയിലും അതിന്റെ ബോധവത്കരണ പ്രവർത്തനങ്ങളിലുമെല്ലാം വളരെ മുൻപന്തിയിലാണെന്ന് എല്ലാവർക്കുമറിയാം. ഇക്കാര്യത്തിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടക്കുന്നത്. കർണ്ണാടക, തമിഴ്നാട് എന്നീ രണ്ട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലയാണ് വയനാട്. വലിയ രീതിയിലുള്ള മയക്കുമരുന്ന് വേട്ടയും കേസ്സുകളും അവിടെ എടുത്തു കൊണ്ടിരിക്കുന്നുണ്ട്. കർണ്ണാടകയുമായി ബന്ധപ്പെട്ട് മാത്രമേ നമുക്ക് ചെക്ക്പോസ്റ്റുകൾ ഉള്ളൂ എന്നതാണ് ഇപ്പോൾ നിലവിലുള്ള അവസ്ഥ. തമിഴ്നാട് അതിർത്തിയിൽ ആവശ്യമായ ചെക്ക്പോസ്റ്റുകളും മറ്റ് കാര്യങ്ങളും ഇപ്പോൾ നിലവിലില്ല. അത് സ്ഥാപിച്ച് കുറുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സർക്കാർ ഇടപെടുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കർണ്ണാടക, തമിഴ്നാട് അതിർത്തികളിലെ പ്രശ്നം നമുക്ക് പരിശോധിക്കാം. ഇപ്പോൾ എക്സൈസ് ക്രൈം ബ്രാഞ്ച് എന്ന പേരിൽ ഒരു പുതിയ സംവിധാനം എക്സൈസ് ഡിപ്പാർട്ടുമെന്റ് കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. അവർക്ക് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇതര സംസ്ഥാനങ്ങളിൽക്കൂടി പരിശോധന നടത്തുന്നതിനുള്ള ക്രമീകരണമുണ്ട്. മാത്രമല്ല, കേരളത്തിൽ പോലീസുമായി

ചേർന്ന് സംയുക്ത റെയ്ഡും മറ്റ് വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിശോധനയും നടത്തിവരുന്നുണ്ട്. കേന്ദ്ര ഏജൻസികളുമായി യോജിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടിയും സംസ്ഥാനം ശ്രമിക്കുന്നുണ്ട്. ഇതിന്റെയെല്ലാം ഭാഗമായ റിസൽട്ടാണ് നമുക്കിവിടെ ലഭിച്ചുകൊണ്ടിരിക്കുന്നത്. തമിഴ്നാട് ബോർഡറിൽ നിലവിൽ ചെക്ക്പോസ്റ്റുണ്ട്. കൂടുതൽ ക്രമീകരണമുണ്ടാക്കാൻ കഴിയുമോ എന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സംസ്ഥാനത്ത് കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇപ്പോൾ തുറന്ന് പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവയുടെ പരിസരത്തുള്ള ചെറിയ പെട്ടിക്കടകളിലും മറ്റുമാണ് മയക്കുമരുന്നിന്റെയും ലഹരി പദാർത്ഥങ്ങളുടെയും വിപണനം കാര്യമായി നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വാർത്ത വരുമ്പോൾ അന്വേഷണം നടത്തി നടപടിയെടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്ത് എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരും പോലീസുമൊക്കെ തടിതപ്പുന്നതായിട്ടാണ് പലപ്പോഴും കാണാൻ സാധിക്കുന്നത്. കഴിഞ്ഞ കുറച്ച് മാസങ്ങൾക്കുമുമ്പ് കോഴിക്കോട് സർവ്വകലാശാലാ കാമ്പസ്സിന്റെ പരിസരത്ത് വൻതോതിലുള്ള മയക്കുമരുന്നിന്റെ വിപണനം കണ്ടെത്തുകയും അത് ഉത്തരവാദപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥരെ അറിയിക്കുകയും തുടർന്ന് അതുമായി ബന്ധപ്പെട്ട അന്വേഷണ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. വിദ്യാലയത്തിന്റെ പരിസരത്തുള്ള കടകളിൽ മിഠായിയുടെയും ഗുളികയുടെയുമൊക്കെ രൂപത്തിലാണ് മയക്കുമരുന്നിന്റെ വിൽപ്പന നടക്കുന്നത്. ഇത് അവസാനിപ്പിക്കുന്നതിന് ശക്തമായ ഇടപെടലുകൾ എക്സൈസ് വകുപ്പ് നടത്തുമോ; എക്സൈസ് വകുപ്പും പോലീസും സംയുക്തമായി ഇടപെട്ട് ഇതുപോലുള്ള കടകൾ ഇടയ്ക്കിടയ്ക്ക് പരിശോധിച്ചാൽ മയക്കുമരുന്നുകൾ വിദ്യാർത്ഥികളിൽ എത്തുന്നതിന് പര്യവസാനമുണ്ടാകും. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പ് എന്തെങ്കിലും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സ്കൂളുകളിലും കോളേജുകളിലും ക്ലബ്ബുകൾ രൂപീകരിച്ചത് ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ വേണ്ടിയാണ്. അവർക്ക് നേരിട്ട് നടപടിയെടുക്കാൻ കഴിയില്ലെങ്കിലും അവർ പരിശോധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ഓരോ എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലയേൽപ്പിച്ചിട്ടുണ്ട്. ഏത് ഭാഗത്തുനിന്ന് വിവരം ലഭിച്ചാലും എക്സൈസ് വകുപ്പ് തീർച്ചയായും ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ സർക്കാർ തടിതപ്പുകയാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ആരെങ്കിലും

കടകളിലോ മറ്റേതെങ്കിലും സ്ഥാപനങ്ങളിലോ ലഹരിമരുന്ന് വിൽപ്പന നടത്തുന്നുണ്ടെങ്കിൽ അവ ഒരു തരത്തിലും തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കാത്ത നിലയിൽ അതിനെതിരെ നടപടിയുണ്ടാകുമെന്നുള്ളത് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഞങ്ങളുടെ ശ്രദ്ധയിൽ വരുന്ന കാര്യങ്ങളിലെല്ലാം ഇപ്രകാരമുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇനിയും ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ നടപടികളുണ്ടാകും. എക്സൈസ് ഡിപ്പാർട്ടുമെന്റ് എടുത്തുകൊണ്ടിരിക്കുന്ന കേസുകളിൽ 85 ശതമാനവും ഇപ്പോൾ ശിക്ഷിക്കപ്പെടുകയാണ്. എങ്ങനെയാണ് ഈ മാറ്റം വന്നത്? തടിതപ്പുന്നതിന്റെയോ ആരെയെങ്കിലും സഹായിക്കുന്നതിന്റെയോ ഭാഗമാണോ? കുറ്റകൃത്യങ്ങളോട് കൃത്യമായ നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഇത്രയധികം കേസുകൾ ശിക്ഷിക്കാൻ ഇടവന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മയക്കുമരുന്നിന്റെ വ്യാപനം അതീവ ഗൗരവമായിത്തന്നെയാണ് സംസ്ഥാന സർക്കാർ കാണുന്നത്. നമ്മുടെ സമൂഹവും അതിനെതിരെ പ്രതികരിക്കുന്നത് ആ നിലയിലാണ്. വിദ്യാലയങ്ങൾ കേന്ദ്രമാക്കാൻ മയക്കുമരുന്ന് ലോബി ശ്രമിക്കുന്നു എന്നത് വസ്തുതയാണ്. ഇളംതലമുറയെ വഴിതെറ്റിക്കാനുള്ള നീക്കമാണിത്. അതോടൊപ്പം സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്ന നിലയുമുണ്ട്. ഇതിൽ ആൺ-പെൺ വ്യത്യാസം വലിയ തോതിൽ ഉണ്ടാകുന്നില്ല എന്നൊരു പ്രതിഭാസം ഉയർന്നുവരുന്നുണ്ട്. അതീവ ഗൗരവമായിത്തന്നെ നമ്മുടെ സമൂഹം കാണുന്ന ഒരു പ്രശ്നമാണിത്. ആ അർത്ഥത്തിൽ എല്ലാ ഗൗരവത്തോടുംകൂടി സംസ്ഥാന സർക്കാർ ഇതിനെതിരെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ തൊഴിലും എക്സൈസും വകുപ്പുമന്ത്രി പ്രസ്താവിച്ചതുപോലെ വിവിധ ഏജൻസികൾ ഏകോപിതമായാണ് ഇതിനെതിരെ നീക്കങ്ങൾ നടത്തുന്നത്. അതിന് നല്ല ഫലമുണ്ടാകുന്നുണ്ട്. അതേസമയം, ചില വിഭാഗങ്ങളെ സ്വാഭാവികമായും ആകർഷിക്കാനിടയുള്ള ചില കേന്ദ്രങ്ങൾ ഇത് വല്ലാതെ ഉപയോഗിക്കുന്നനില ശ്രദ്ധയിൽപ്പെടുന്നുണ്ട്. അതും ഗൗരവമായിത്തന്നെ പരിഗണിക്കുകയാണ്. ഇത് തടയുന്നതിനാവശ്യമായ എല്ലാ ഇടപെടലുകളും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. യുവത്വത്തെ ആകർഷിക്കാൻ പറ്റുന്ന ഒരു വിഭാഗം ഇതിന് വല്ലാതെ അടിപ്പെടുന്ന ഒരവസ്ഥ വരുന്നുണ്ട്. അത്തരം ആളുകൾ അതിൽനിന്ന് മാറിനിൽക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതും അഭ്യർത്ഥനകൊണ്ടുമാത്രം നടക്കില്ല എന്നറിയാം. അതിനാവശ്യമായ ചികിത്സയ്ക്ക് അവർ സന്നദ്ധരാകണം. സ്വയമേവ കാര്യങ്ങൾ മനസ്സിലാക്കി അതിൽനിന്ന് പിന്തിരിയാൻ അത്തരം ആളുകൾ തയ്യാറാകണം. അതോടൊപ്പം ആവശ്യമായ

എല്ലാ കർക്കശമായ നടപടികളും സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാകും. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഇതിൽ നാം ഒന്നിച്ച് നടപടി സ്വീകരിക്കുകയാണ് വേണ്ടത്. സമൂഹമാകെ ഒന്നിച്ചുനീങ്ങി ഈ ആപത്തിനെ തടയാൻ നമുക്ക് സാധിക്കണം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സമൂഹത്തിന്റെ ഭാവിയെത്തന്നെ അതീവ ഗുരുതരമായി ബാധിക്കുന്ന ഒരു വിഷയമാണിത്. അതുകൊണ്ടുതന്നെ എല്ലാവരും ചേർന്ന് നിരോധിത ലഹരി വസ്തുക്കളുടെ വ്യാപനം തടയാനുള്ള നടപടി കർക്കശമാക്കേണ്ടതുണ്ട്. ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്ന നടപടി തീർച്ചയായും അഭിനന്ദനീയമാണ്. എന്റെ താലൂക്കിൽ താലൂക്കടിസ്ഥാനത്തിലുള്ള എക്സൈസ് സംവിധാനമാണ് നിലനിൽക്കുന്നത്. വിപുലമായ ഒരു പ്രവർത്തന മേഖലയാണുള്ളത് എന്നതുകൊണ്ട് ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓടിയെത്താൻ പലപ്പോഴും കഴിയാറില്ല. ആ അസൗകര്യം ഒഴിവാക്കാൻ ഒരു പുതിയ സംവിധാനം അവിടെ ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, എക്സൈസ് വകുപ്പിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുവേണ്ട ക്രമീകരണങ്ങളെ കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. എക്സൈസ് സർക്കിൾ ഓഫീസുകൾ നിലവിൽ താലൂക്കടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ചില താലൂക്കുകളിൽ ഒന്നിൽക്കൂടുതൽ സർക്കിൾ ഓഫീസുകളും നമുക്ക് കാണാൻ സാധിക്കും. കേരളത്തിലെ ഇന്നത്തെ സാഹചര്യം പരിശോധിക്കുമ്പോൾ കൂടുതൽ മേഖലകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കേണ്ടതുണ്ട്. ഗവൺമെന്റ് എല്ലാ വശവും ഗൗരവമായി പരിശോധിച്ച് എടുക്കേണ്ട ഒരു തീരുമാനമാണത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം കേരളത്തിന്റെ ആകെ പ്രശ്നമായെടുത്ത് എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നതിനെക്കുറിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ജെ വിനോദ്: സർ, സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നുവെന്നത് എല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്. പക്ഷെ ഇത് നേരിടുന്നതിനാവശ്യമായ ഉദ്യോഗസ്ഥ ഒഴിവുകൾ നികത്തുന്നതിന് ഗവൺമെന്റ് കാര്യമായ ഇടപെടൽ നടത്തുന്നില്ല. അതോടൊപ്പം എക്സൈസ് വകുപ്പിലെ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ പലപ്പോഴും മിനിസ്റ്റീരിയൽ ജോലികൾക്ക് ഉപയോഗിക്കുന്നു എന്നൊരു ആക്ഷേപവും നമ്മുടെ ഇടയിലുണ്ട്. മയക്കുമരുന്നുകളുടെ ഉപയോഗവും വിതരണകേന്ദ്രവും ഏറ്റവും കൂടുതലുള്ള

സംസ്ഥാനമായി കേരളം മാറുന്നുവെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊള്ളുമ്പോൾ ന്യൂജെൻ പാർട്ടികളിൽ ഡ്രഗ്സിന്റെ ഉപയോഗം വ്യാപകമാകുകയും അതിന്റെ ഹബ്ബായി കൊച്ചി നഗരം രൂപാന്തരപ്പെടുകയും ചെയ്യുന്ന ആപത്കരമായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ വിഷയത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന പൊതുസമീപനം എന്താണെന്നുള്ളതും ഈ പ്രശ്നങ്ങൾക്കെല്ലാമുള്ള ഉത്തരവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിലുണ്ട്. നമ്മുടെ സമൂഹത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. പുതിയ തലമുറയെ മാത്രമല്ല, എല്ലാ വിഭാഗം ആളുകളെയും ബാധിക്കുന്നുണ്ട്. ഈയൊരു പ്രശ്നത്തിൽ എക്സൈസ് വകുപ്പിൽ ചില തെറ്റിദ്ധാരണകളുണ്ട്. എക്സൈസ് വകുപ്പിൽ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് മിനിസ്റ്റീരിയൽ വിംഗ് നിലവിലില്ല എന്നത് കുറേ നാളുകളായി തുടരുന്ന സ്ഥിതിവിശേഷമാണ്. നിലവിൽ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെയാണ് എക്സൈസ് സ്പെഷ്യൽ റൂൾ ചട്ടം 10 പ്രകാരം ബോർഡ് യൂണിറ്റിൽ റൊട്ടേഷൻ പ്രകാരം മൂന്ന് വർഷം ജോലി ചെയ്തുവരുന്നത്. അതാണ് ഇപ്പോഴത്തെ അവസ്ഥ. ഭാവിയിൽ ഇതെങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് പിന്നീട് പരിശോധിക്കേണ്ട പ്രശ്നമാണ്. നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്താതെ തുടർന്നുകൊണ്ടിരിക്കുകയാണ്. എങ്ങനെ ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മുടെ നാട്ടിൽ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ ഇന്ന് മയക്കുമരുന്നിന് അടിമപ്പെട്ടിരിക്കുകയാണ്. സ്കൂളുകളിൽപ്പോലും ചെറിയതോതിൽ ഇത് കൊണ്ടുനടന്ന് വിപണനം ചെയ്യുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ആദ്യം ഒരു വിദ്യാർത്ഥി അത് ഉപയോഗിക്കുകയും അതിന് അഡിക്ട് ആയിക്കഴിയുമ്പോൾ അത് വാങ്ങുന്നതിനാവശ്യമായ ധനം സമാഹരിക്കാൻ അവൻതന്നെ ഇതിന്റെ കച്ചവടക്കാരനായി മാറുകയും ചെയ്യുന്നു. യുവജന സംഘടനകളുടെ സഹായത്തോടെ ശ്രമിച്ചുനോക്കിയിട്ടുണ്ടെങ്കിലും മയക്കുമരുന്ന് പിടിക്കാൻ വലിയ പ്രയാസമാണ്. ഇതുസംബന്ധിച്ച് അറിയിപ്പ് തരുന്നവർ വളരെ കുറവാണ്. പിടിച്ചാൽ തന്നെയും പിടിക്കപ്പെടുന്ന ആൾ ശിക്ഷിക്കപ്പെടുമെന്നല്ലാതെ ഇതിന് തുടരന്വേഷണം ഉണ്ടാകാറില്ല. ഒരു കിലോ കഞ്ചാവ് പിടിച്ചെങ്കിൽ മാത്രമേ പ്രതിയെ റിമാൻഡ് ചെയ്യാൻ സാധിക്കൂ, അത്തരത്തിൽ നിയമത്തിൽ ഒരു പഴുതുണ്ട്. മൂന്ന് കുപ്പിയിൽ കൂടുതൽ മദ്യം കൈവശമിരുന്നാൽ ജയിലിലടയ്ക്കും. പക്ഷെ കഞ്ചാവ് ഒരു കിലോയിൽ കൂടുതലുണ്ടെങ്കിൽ മാത്രമേ പ്രതിയെ റിമാൻഡ്

ചെയ്യുകയുള്ളൂ. പ്രതികളെ അറസ്റ്റ് ചെയ്ത് പോലീസ് കോടതിയിൽ ഹാജരാക്കിയാൽപ്പോലും വൈകിട്ട് അഞ്ച് മണിക്ക് കോടതി പിരിയുന്നതിനുമുമ്പ് അവരെ പുറത്തുവിടും. നിയമത്തിലെ ഈ അപാകത പലരും ഉപയോഗിക്കുകയാണ്. മാത്രമല്ല ഇവിടെ പറഞ്ഞതുപോലെ, കൊച്ചി കേന്ദ്രീകരിച്ചാണ് മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നതെന്ന് പറയാൻ പറ്റില്ല, എല്ലായിടത്തുമുണ്ട്. ആധുനിക തലമുറയുടെ പാർട്ടികൾ എന്ന നിലയിൽ സമ്പന്നരും പ്രശസ്തരുമായ ആളുകൾ രാത്രിയിലും വളരെ വൈകിയ സമയത്തും രഹസ്യമായി വലിയ ലഹരി പാർട്ടികൾ നടത്തുകയാണ്. വിദേശത്ത് ലഭിക്കുന്ന തരത്തിലുള്ള വീര്യംകൂടിയ മയക്കുമരുന്നുകൾപോലും ഇന്ന് കൊച്ചിയിലും കേരളത്തിലും ലഭ്യമാണ്. ഇത് തടയണമെങ്കിൽ അടിസ്ഥാനപരമായി പ്രതിയെ കോടതിയിൽ കൊണ്ടുവരുന്നതു കൂടാതെ ഇത് എവിടെ നിന്നുവരുന്നു, ആര് കൊണ്ടുവരുന്നു, ഉറവിടം എവിടെയാണെന്ന് കണ്ടെത്തി എക്സൈസും പോലീസും ചേർന്ന് ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി ഇതിനെ വേരോടെ പിഴുതുമാറ്റാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? എക്സൈസ് വകുപ്പ് ഒറ്റയ്ക്ക് ശ്രമിച്ചാൽ നടക്കില്ല, എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ എണ്ണം കൂട്ടിയതുകൊണ്ടും കാര്യമില്ല.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നിലവിലുള്ള നിയമത്തിൽ ചില പോരായ്മകളുണ്ട്. അത് ഈ സഭയിൽത്തന്നെ പല സന്ദർഭങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ തടയുന്നത് കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ്) ആക്ട് അനുസരിച്ചാണ്. അത് കേന്ദ്ര നിയമമാണ്. കേരളത്തിന്റെ അനുഭവംവച്ച് പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് പല സന്ദർഭങ്ങളിലായി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നിയമത്തിൽ മാറ്റം വരുത്തണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. അതിനുവേണ്ടി തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ലഹരി പദാർത്ഥങ്ങളുടെ ഉൽപ്പാദനകേന്ദ്രം കേരളമല്ല, അതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. കേരളത്തിൽ ഉൽപ്പാദന കേന്ദ്രമുണ്ടെങ്കിൽ, നിശ്ചയമായും അതിന്റെ കേന്ദ്രം ഏതാണെന്ന് കണ്ടെത്തി തകർത്തുകളയാൻ നമുക്ക് സാധിക്കും. പക്ഷെ മറ്റ് പല സംസ്ഥാനങ്ങളുമാണ് ഇതിന്റെ കേന്ദ്രങ്ങൾ. കേരളത്തിൽ നേരത്തെ അതിവിപുലമായ രീതിയിലുള്ള കഞ്ചാവ് കൃഷി ഉണ്ടായിരുന്നു. ഇന്ന് കേരളത്തിൽ അത്തരത്തിലുള്ള കഞ്ചാവ് കൃഷിയുണ്ടോ? ആരെങ്കിലും കൗതുകത്തിന് കഞ്ചാവുചെടി നടുന്ന ഒറ്റപ്പെട്ട സംഭവങ്ങളല്ലാതെ കഞ്ചാവ് ചെടികളുടെ എണ്ണം വളരെ കുറവാണ്. അതുപോലും അനുവദനീയമല്ല. മറ്റ് സംസ്ഥാനങ്ങളിലാണ് ഇതിന്റെ ഉൽപ്പാദന കേന്ദ്രങ്ങളുള്ളത്.

സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ കേന്ദ്ര സംവിധാനങ്ങൾ കൂടി ചേർന്നുകൊണ്ടുള്ള ഒരു നിലപാട് നമ്മൾ സ്വീകരിക്കുന്നതുകൊണ്ട് അത് കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കാം. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ഒരു സാഹചര്യത്തിലേയ്ക്ക് എത്തിക്കണമെങ്കിൽ ഇതിന്റെ ഉൽപ്പാദനകേന്ദ്രങ്ങൾ തകർക്കണമെന്ന കാര്യത്തിൽ തർക്കമില്ല. അതിന് കേരളത്തിന് സാധ്യമായ എല്ലാ നടപടികളും ചെയ്യാൻ നമ്മൾ സന്നദ്ധമാണ്.

### വനവിസ്തൃതി വർദ്ധിപ്പിക്കാനുള്ള നടപടികൾ

2 (*62) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഹരിതാവരണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് വനാവരണത്തിന്റെ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) വനാവരണ വർദ്ധനയിൽ രാജ്യത്ത് കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരക്ഷിത വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) കയ്യേറിയ വനഭൂമി ഇക്കാലയളവിൽ തിരിച്ചുപിടിച്ചതിന്റെ വിവരങ്ങൾ അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ,

തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വനനിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ് റിസർവ്" ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഹരിതാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം നടപ്പിലാക്കിവരുന്ന 'ഗ്രീൻ ഇന്ത്യ മിഷൻ' പദ്ധതി പ്രകാരം വനാവരണം കുറവായ 740 ഹെക്ടർ വനത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ, റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വനത്തിനുള്ളിലെ 1450 ഹെക്ടർ സ്വകാര്യത്തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനും 218.37 ഹെക്ടർ ആദിവാസിയിതര സ്വകാര്യ സെറ്റിൽമെന്റുകൾ സ്വയംസന്നദ്ധ പുനരധിവാസ പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിനും 51.41 ഹെക്ടർ സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെട്ട കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനും കിഫ്ബി പ്രോഗ്രാമിൽ ഉൾപ്പെടുത്തി വനത്തിനുള്ളിൽ വരുന്ന 142.93 ഹെക്ടർ ആദിവാസിയിതര സെറ്റിൽമെന്റുകളുടെ പുനരധിവാസ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരത്തിൽ ഏറ്റെടുക്കുന്ന ഭൂമി സ്വാഭാവിക വനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനുപുറത്തുള്ള ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സാമൂഹിക വനവത്കരണ വിഭാഗം, പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും വനമഹോത്സവത്തിന്റെ ഭാഗമായും 2016 മുതൽ നാളിതുവരെ 335.19 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി 'എന്റെ മരം', കോളേജ് കുട്ടികൾക്കായി 'നമ്മുടെ മരം', വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോടനുബന്ധിച്ച് വിവിധയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ, പാതയോരങ്ങളിലും വനത്തിന് പുറത്തുള്ള

പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളംതൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസ്സുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് പരിസ്ഥിതി, വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുള്ള ബഹുമുഖ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) 2017-ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of Forest Report (ISFR) പ്രകാരം സംസ്ഥാനത്ത് 20321 ചതുരശ്ര കിലോ മീറ്റർ വനാവരണം ഉണ്ടായിരുന്നു. ആയത് 2019-ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of Forest Report (ISFR) പ്രകാരം 21,144 ചതുരശ്ര കിലോ മീറ്ററായി വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരം 2017 ഡിസംബറിനും 2019 ഡിസംബറിനുമിടയിൽ വനാവരണത്തിൽ 823 ചതുരശ്ര കിലോ മീറ്റർ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വനാവരണ വിസ്തൃതിയിലുണ്ടായ ഈ വർദ്ധനവ്, ദേശീയതലത്തിൽ കേരളത്തിന് മൂന്നാംസ്ഥാനം നൽകുന്നു. ഇക്കാലയളവിൽ വനാവരണ വിസ്തൃതിയിൽ 4.05 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർദ്ധനവ് ശതമാനക്കണക്കിൽ ദേശീയതലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം നൽകുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2019-ലെ റിപ്പോർട്ടിലെ വനാവരണ വർദ്ധനവ് സംബന്ധിച്ച പേജിന്റെ പകർപ്പ് അനുബന്ധം 1 *ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 6 ദേശീയ ഉദ്യാനവും 17 വന്യജീവി സങ്കേതവും ഒരു കമ്മ്യൂണിറ്റി റിസർവ്വും ഉൾപ്പെടെ സംരക്ഷിത വനമേഖലയുടെ വിസ്തീർണ്ണം 3209.0572 ചതുരശ്ര കിലോ മീറ്റർ ആയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സർക്കാർ ഉത്തരവ് (പി) നമ്പർ 9/2019/വനം തീയതി 17-8-2019 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് മലപ്പുറം ജില്ലയിലെ നിലമ്പൂർ സൗത്ത് ഡിവിഷനിൽപ്പെട്ട 227.97 ചതുരശ്ര കിലോ മീറ്റർ സ്ഥലം കരിമ്പുഴ വന്യജീവി സങ്കേതമെന്ന പേരിൽ സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം നിലവിൽ 3437.0272 ചതുരശ്ര കിലോ മീറ്റർ സംരക്ഷിത വനമേഖലയായി നിലവിലുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 547.9302 ഏക്കർ കയ്യേറിയ വനഭൂമി തിരിച്ചുപിടിച്ചിട്ടുള്ളതാണ്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ സമ്പത്താണ് വനവും വനവിഭവങ്ങളും. കഴിഞ്ഞ കാലങ്ങളിൽ ധാരാളം ആക്ഷേപങ്ങളും ആരോപണങ്ങളും വനം വകുപ്പിൽ ഉയർന്നുവന്നിട്ടുണ്ട്. ഒരു സന്ദർഭത്തിൽ കേരള കൗമുദി പത്രം കാട്ടുകള്ളന്മാർ എന്ന ഒരു എഡിറ്റോറിയൽ വരെ എഴുതിയിട്ടുണ്ട്. അതിനുശേഷം നമ്മുടെ വന സംരക്ഷണം ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥരും മന്ത്രിമാരും ഗവൺമെന്റും സജീവമായ ശ്രദ്ധ ചെലുത്തിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ വിശദീകരണമനുസരിച്ച് ദേശീയ നിലവാരത്തിൽത്തന്നെ നമ്മുടെ വനം വകുപ്പ് ശ്രദ്ധ പിടിച്ചെടുത്തിരിക്കുകയാണ്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. വനാതിർത്തിയോട് ചേർന്നുകിടക്കുന്നതും വന്യജീവി ശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്ന പദ്ധതിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; നിലവിൽ എത്ര തുക ലഭ്യമായിട്ടുണ്ട്? എല്ലാ ദിവസവും ഒരു വലിയ വിഭാഗം ആളുകൾ വന്യജീവികളുടെ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ഗുരുതരമായ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ വനത്തിനുള്ളിൽനിന്നും വന്യജീവികൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരുന്നതിന്റെ ഫലമായി കൃഷി നശിപ്പിക്കപ്പെടുന്നുണ്ട്. അതോടൊപ്പംതന്നെ വന്യജീവികളുടെ ആക്രമണം വർദ്ധിച്ച് വരുന്നുവെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഇതുകൂടി കണക്കിലെടുത്തുകൊണ്ട് വനാതിർത്തിയോട് ചേർന്നുകിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുത്ത് വിസ്തൃതി കൂട്ടുന്നതുമായി ബന്ധപ്പെട്ടും ആളുകളെ അവിടെനിന്നും മാറ്റിപ്പാർപ്പിച്ച് അവരെ രക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. അതിനുവേണ്ടി വനത്തിനുള്ളിലും വനാതിർത്തിയോട് ചേർന്നും മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽനിന്നും പട്ടികവർഗ്ഗ വിഭാഗക്കാർ ഒഴികെ ബാക്കിയുള്ളവരെ ഒഴിപ്പിക്കുകയാണ്. പട്ടികവർഗ്ഗ വിഭാഗക്കാരോ, പട്ടികജാതിക്കാരോ ആണെങ്കിൽ അവരുടെ പൂർണ്ണ സമ്മതമുണ്ടെങ്കിൽ മാത്രമേ വനത്തിനുള്ളിൽനിന്ന് മാറ്റി താമസിപ്പിക്കാൻ സാധിക്കുകയുള്ളൂ. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവിടെ താമസിക്കാനുള്ള അവകാശമുണ്ട്. പട്ടികേതര വിഭാഗക്കാരെ അവരുടെ സമ്മതത്തോടെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് ധനസഹായമെന്ന നിലയിൽ " സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി " എന്ന ഒരു പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അവർ മാറി പാർക്കാൻ സന്നദ്ധമാണെങ്കിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്, അല്ലാതെ അവരെ ഒഴിപ്പിക്കുന്നില്ല. ഈ പദ്ധതി നടത്തിപ്പിനായി ആകെ 6570 ലക്ഷം രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ പ്രളയാനന്തരം കേരളത്തിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വനത്തിനുള്ളിലും വനാതിർത്തിയോട് ചേർന്നും മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽനിന്നും പട്ടികേതര വിഭാഗക്കാരെ അവരുടെ സമ്മതത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിക്കായി 1591.76 ലക്ഷം രൂപ ആകെ അംഗീകരിച്ചിട്ടുള്ള അടങ്കൽ തുകയാണ്. ഇതിൽ ഈ വർഷത്തെ പ്രവർത്തനത്തിനുവേണ്ടി 24.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ തുടക്കമെന്നുള്ള രീതിയിൽ തിരുവനന്തപുരം ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന വനേതര പ്രദേശത്ത് താമസിക്കുന്നതും സ്വയംസന്നദ്ധ പുനരധിവാസത്തിന് തയ്യാറായിട്ടുള്ളതുമായ ആളുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അവരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി മേൽത്തട്ട് മുതൽ താഴെത്തട്ടുവരെ, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികമായും ഉദ്യോഗസ്ഥരും അതുപോലെ ഗുണഭോക്താക്കളും അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു കഴിഞ്ഞു.

ഫെബ്രുവരി മാസം ആദ്യംതന്നെ തിരുവനന്തപുരം ഡിവിഷനിലെ ഒരു സെറ്റിൽമെന്റിൽനിന്ന് ആളുകളെ ഒഴിപ്പിക്കാൻ കഴിയും. അവർക്ക് ആവശ്യമായതുക ഈ തുക ഉപയോഗിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ നടപടി തുടർന്നുകൊണ്ടുപോകുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, എത്ര ഹെക്ടർ വനഭൂമിയാണ് ആകെ ലീസ് ഔട്ട് ചെയ്തിരിക്കുന്നത്, അത് ഏതെല്ലാം കമ്പനികളാണ്; എത്ര ഹെക്ടർ വനഭൂമി ഇപ്പോൾ കയ്യേറ്റത്തിന് വിധേയമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, വലിയ ഒരു ഭാഗം വനമേഖല പാട്ടത്തിന് നൽകി അവിടെ സ്വാഭാവിക വനം നശിപ്പിച്ച് അക്കേഷ്യ, സിൽവർ ഓക്ക്, യൂക്കാലി, തേക്ക്, മാഞ്ചിയം തുടങ്ങിയവ വച്ചുപിടിപ്പിക്കുന്നത് പലപ്പോഴും വനമേഖലയുടെ പൊതുവായ നിലവാരത്തെതന്നെ കുറയ്ക്കുന്നതിന് ഇടവരുത്തും. അങ്ങ് ചോദിച്ചതുപോലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് ക്യാപ്റ്റീവ് പ്ലാന്റേഷനായി പാട്ടത്തിന് നൽകിയത് 4277.39 ഹെക്ടർ ഭൂമിയാണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചതിന്റെ അടിസ്ഥാനത്തിൽ 1-4-2020-നോ അതിന് മുമ്പോ ആയി വനം വകുപ്പ് ആ ഭൂമി തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 13485.19 ഹെക്ടർ വനഭൂമി ജലവൈദ്യുത പദ്ധതി, വൈദ്യുതി സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കുന്നതിനും മറ്റും നിയമാനുസൃതമായി കേന്ദ്രാനുമതിയോടുകൂടി അവർക്ക് നൽകിയിട്ടുണ്ട്. Plantation Corporation of Kerala (PCK)-യ്ക്ക് 11129 ഹെക്ടർ വനഭൂമി കൊടുത്തിട്ടുണ്ട്; അവർ തോട്ടങ്ങൾ നടത്തുകയാണ്. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് 10087 ഹെക്ടർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള - 2360 ഹെക്ടർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ എസ്റ്റേറ്റുകൾ, അവർക്ക് നേരത്തെതന്നെ 7639 ഹെക്ടർ കൊടുത്തിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്കുവേണ്ടിയും 571.87 ഏക്കർ കൊടുത്തിട്ടുണ്ട്. അങ്ങ് ചോദിച്ചതുപോലെ അങ്ങനെ ആകെ 56412 ഹെക്ടർ വനഭൂമി നമ്മുടെ സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. അതിലെ മേജർ പങ്കം പൊതുമേഖലാ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കുമാണ് പാട്ടത്തിന് കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ: ചോദ്യവും ഉത്തരവും ഇങ്ങനെ നീണ്ടുപോയാൽ ഉപചോദ്യങ്ങൾക്ക് സമയമുണ്ടാകില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിൽ വനത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിൽ ഒരു വളർച്ച ഉണ്ടാക്കിയതിൽ ഈ ഗവൺമെന്റിനെയും അങ്ങയേയും അഭിനന്ദിക്കുകയാണ്. ബഹുമാന്യനായ അങ്ങ് നൽകിയ ഉത്തരത്തിൽ 3.57 കോടിയിലധികം വൃക്ഷത്തൈകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് സൂചിപ്പിച്ചു. എന്നാൽ അതിൽ എത്ര ശതമാനം വൃക്ഷത്തൈകളെയാണ് പരിപാലിക്കാനും വളർത്താനും കഴിഞ്ഞതെന്ന ചോദ്യം നമ്മുടെ മുന്നിൽ വെല്ലുവിളിയായി നിൽക്കുകയാണ്. ബഹുമാന്യനായ അങ്ങയുടെ അടുത്താണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഓരോ വിദ്യാലയത്തിലും ചെറിയ വനങ്ങളും മരക്കൂട്ടങ്ങളും ഉണ്ടാക്കുന്നുണ്ട്; ബഹുമാന്യനായ അങ്ങും ബഹുമാന്യരായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായി ആലോചിച്ച്, സൈലന്റ് വാലി പദ്ധതി മുതൽ കേരളത്തിലെ പരിസ്ഥിതിക്കും വനത്തിനും മരത്തിനുംവേണ്ടി ജീവിതം സമർപ്പിച്ച സുഗതകുമാരി ടീച്ചറുടെ ഓർമ്മ നിലനിർത്താൻ, ഇപ്പോൾ നിലവിലുള്ള 'വനമിത്ര', 'പ്രകൃതിമിത്ര' തുടങ്ങിയ അവാർഡുകൾപോലെ മഹത്തരമായ ഒരു അവാർഡ് ഏർപ്പെടുത്തുമോ; സ്കൂൾ വളപ്പുകളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതോ അല്ലെങ്കിൽ നാട്ടിലെ പൊതുനിരത്തുകളിൽ വൃക്ഷങ്ങൾ പരിപാലിക്കുന്നതോ ആയ സംഘടനകൾക്ക് അല്ലെങ്കിൽ സ്കൂൾ കുട്ടികൾക്ക്/ എൻ.എസ്.എസ്. പോലെയുള്ള യൂണിറ്റുകൾക്ക് അത് നൽകുന്നതിനുള്ള മാതൃകാപരമായ തീരുമാനം കൈക്കൊള്ളുമോ?

ശ്രീ. കെ. രാജു: സർ, വളരെ നല്ലൊരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പർ മുന്നോട്ടുവച്ചിട്ടുള്ളത്. ബഹുമാന്യയായിരുന്ന സുഗതകുമാരി ടീച്ചർ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിലെ അംഗമായിരുന്നു, ദീർഘനാളായി അവർ അംഗമായിരുന്നു, അന്തരിക്കുമ്പോഴും അംഗമായിരുന്നു. യഥാർത്ഥത്തിൽ നമ്മുടെ കാടും പുഴയുമെല്ലാം സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള എല്ലാവിധ പ്രവർത്തനങ്ങളുടെയും മുന്നണി പോരാളിയായിരുന്നു ടീച്ചർ എന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾത്തന്നെ വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് മിക്ക ഹയർസെക്കണ്ടറി സ്കൂളുകളിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ പരിസ്ഥിതി ദിനത്തിലും വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് സ്കൂൾ വിദ്യാർത്ഥികൾ വഴിയാണ് വിതരണം ചെയ്യുന്നത്. കുട്ടികൾ പലപ്പോഴും വീടിന്റെ പരിസരങ്ങളിലാണ് വൃക്ഷത്തൈകൾ നട്ടുവളർത്തിയിരുന്നതെങ്കിൽ

ഇപ്പോൾ പൊതുസ്ഥലങ്ങളിൽക്കൂടി വച്ചുപിടിപ്പിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ, സ്കൂൾവളപ്പിൽ ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽക്കൂടി മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയും നിലവിലുണ്ട്. അതിനാവശ്യമായ വൃക്ഷത്തൈകൾ വനം വകുപ്പിൽനിന്നും നൽകിക്കൊണ്ടിരിക്കുകയാണ്. കൂടാതെ നഗരവനവത്കരണം എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സ്കൂൾ കോമ്പൗണ്ടിലും മറ്റ് പൊതുസ്ഥലങ്ങളിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് മിയാവാക്കിയെന്ന പേരിൽ അറിയപ്പെടുന്ന വനം പോലെയുള്ള, എല്ലാത്തരം വൃക്ഷങ്ങളും വച്ചുപിടിപ്പിച്ച് പെട്ടെന്ന് ഒരു കാടാക്കിയെടുക്കാൻ കഴിയുന്ന രീതിയിൽ വനവത്കരണ പരിപാടി നടത്തുന്നുണ്ട്. വനാവരണം വർദ്ധനവിന്റെ കാര്യത്തിൽ രാജ്യത്തുതന്നെ മൂന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. അങ്ങ് മുന്നോട്ടുവച്ച നിർദ്ദേശം വളരെ സ്വീകാര്യമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ച് സുഗതകുമാരി ടീച്ചറുടെ പേരിൽ പുതിയതായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വനസമ്പത്ത് സംരക്ഷിക്കുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. വനസമ്പത്ത് സംരക്ഷിക്കുന്നതോടൊപ്പം സാമൂഹ്യ വനവത്കരണരംഗത്തും ഈ ഗവൺമെന്റ് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയാണ്. മൂന്നരക്കോടി വൃക്ഷത്തൈകൾ വിതരണം ചെയ്ത് സാമൂഹ്യവനവത്കരണ പ്രവർത്തനങ്ങൾ തുടരുമ്പോൾ, അത് സംരക്ഷിക്കപ്പെടുന്നതിനുള്ള അവലോകനം അനിവാര്യമാണെന്ന് സൂചിപ്പിക്കുകയും ചെയ്യുമ്പോൾ, അത് സംരക്ഷിക്കുന്നതിനാവശ്യമായ അവബോധം ജനങ്ങളിൽ ഉണ്ടോയെന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. പലപ്പോഴും വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ ഭൗതികനേട്ടം അതിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന തടിയിലോ, തടിയുടെ ഈടിലോ, ഉല്പാദിപ്പിക്കപ്പെടുന്ന തൈലത്തിലോ മറ്റുമായി ചുരുങ്ങുകയാണ്. ആ രീതി മാറ്റി, ഒരു മരം നട്ടുപിടിപ്പിക്കുമ്പോൾ അതിന്റെ ആയുസ്സിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഓക്സിജന്റെ അമൂല്യമായ വിലയാണ് ഒരു മരത്തിന്റെ യഥാർത്ഥ മൂല്യമെന്നുള്ള ബോധം വിദ്യാർത്ഥികൾ മുതലുള്ള പൊതുസമൂഹത്തിൽ വളർത്തിയെടുക്കാൻ കഴിഞ്ഞാൽ നമുക്ക് സാമൂഹ്യവനവത്കരണ പരിപാടികളിൽ മനുഷ്യന്റെ ശ്രദ്ധയും പരിപാലന ശ്രമങ്ങളുമെല്ലാം വർദ്ധിപ്പിക്കാൻ കഴിയില്ലേ; അതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, വൃക്ഷത്തൈകൾ വിതരണം നടത്തിയതിനുശേഷം അതിന്റെ സംരക്ഷണവും വളരെ പ്രധാനപ്പെട്ടതാണ്. വിതരണം ചെയ്യപ്പെടുന്ന തൈകളെ എത്രശതമാനം പ്രയോജനപ്പെടുത്തുന്നു അല്ലെങ്കിൽ അത് എത്രത്തോളം പരിപാലിക്കപ്പെടുന്നുവെന്നുള്ളത് സംബന്ധിച്ച് പഠനം നടത്തുന്നതിനുവേണ്ടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാർത്ഥികളിൽ ഈ മേഖലയുമായി ബന്ധപ്പെട്ടുള്ള ചില വിദ്യാർത്ഥി ഗ്രൂപ്പുകളെയും അദ്ധ്യാപകരേയും ഉൾപ്പെടുത്തി പഠനം നടത്തുകയുണ്ടായി. അതിന്റെ ഫലമായി കഴിഞ്ഞ വർഷവും അതിനുമുമ്പുള്ള വർഷവുമെല്ലാം മരങ്ങൾ പരിപാലിക്കാൻ വേണ്ട പരിശ്രമം നടത്തുകയും ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം വിദ്യാർത്ഥികൾക്കെല്ലാം അവബോധം പകർന്നു കൊടുക്കുന്നതിനുവേണ്ടി ക്ലാസ്സുകൾ സംഘടിപ്പിച്ചു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ അറുപത്തിയഞ്ച് ശതമാനം പരിപാലിക്കപ്പെടുന്നുവെന്നാണ് ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളത്. നേരത്തെ നാല്പത്, മുപ്പത്തിയഞ്ച്, മുപ്പത്തിയെട്ട് ശതമാനവുമൊക്കെയായിരുന്നത് മാറി ഇപ്പോൾ ഇത്തരത്തിൽ വന്നിട്ടുണ്ട്. അത്രയും നല്ലതാണ്. നൂറ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുവേണ്ടി നൽകുമ്പോൾ അതിൽ അറുപത്തിയഞ്ചെണ്ണം മരമായി അല്ലെങ്കിൽ വൃക്ഷങ്ങളായി പരിപാലിക്കപ്പെടുന്നു വെന്നുള്ളത് അത്രയും വലിയൊരു മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ സാമൂഹ്യവനവത്കരണം കൊണ്ടുദ്ദേശിക്കുന്നത് വനത്തിന് പുറത്തുള്ള വനാവരണം വർദ്ധിപ്പിക്കുക എന്നതാണ്. പ്രകൃതിക്ഷോഭങ്ങളും മറ്റും വന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ അവബോധമുള്ളവരാകുന്നുണ്ട്. ആ മേഖലയിൽ പൊതുവായ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്താം.

ശ്രീമതി സി. കെ. ആശ: സർ, വനവിസ്തൃതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ വനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലെ കുളങ്ങളും കാവുകളും നഷ്ടപ്പെട്ടുപോകാതിരിക്കാനും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; അതുപോലെ ഇക്കോ സെൻസിറ്റീവ് സോണുകളും ഇക്കോ സെൻസിറ്റീവ് ഏരിയകളും തർക്കവിഷയമാണല്ലോ; സ്ഥായിയായി ഇതിന്റെ പ്രശ്നപരിഹാരത്തിന് സർക്കാർ ഏതുതരത്തിലാണ് ഇടപെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാജു: സർ, ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട് ജനങ്ങളുടെയിടയിൽ ധാരാളം ആശങ്കയും അഭിപ്രായവ്യത്യാസങ്ങളും നിലവിലുണ്ടെന്നുള്ളത് വസ്തുതയാണ്. ബഹുമാന്യയായ അംഗം അതുകൂടി ഉദ്ദേശിച്ചായിരിക്കും ചോദിച്ചതെന്ന് ഞാൻ കരുതുകയാണ്. സുപ്രീംകോടതി ഉത്തരവുപ്രകാരമാണ്, ദേശീയോദ്യാനങ്ങൾക്കും വന്യജീവിസങ്കേതങ്ങൾക്കും ചുറ്റും

ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയിട്ടുള്ളത്. ഇക്കോ സെൻസിറ്റീവ് സോൺ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരമുണ്ട്. ആയതിനാൽ 31-10-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശമാണ് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി തത്വത്തിൽ നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം സംസ്ഥാനത്തെ ഇരുപത്തിമൂന്ന് സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 3-1-2020-ൽ സർക്കാരിൽനിന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കരട് വിജ്ഞാപനങ്ങളിൽ ജനവാസമേഖലകൾ ഉൾപ്പെട്ടതായി പിന്നീട് പരാതികൾ ഉയർന്നു വന്നപ്പോൾ അത് കണ്ടെത്തി അതുകൂടി ഒഴിവാക്കി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും സംരക്ഷണ പ്രദേശങ്ങൾക്കും ചുറ്റുമായി പൂജ്യം മുതൽ പന്ത്രണ്ട് കിലോമീറ്റർ വരെ പാരിസ്ഥിതിക സംവേദന മേഖലകളായി വിജ്ഞാപനം ചെയ്യാനാണ് 8-5-2003-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചതെന്നുകൂടി ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്. അതിൽനിന്ന് വ്യത്യസ്തമായി 0-12 എന്നുള്ളത് 0-1 ആക്കി ചുരുക്കിയ നിർദ്ദേശമാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യം ചോദിക്കുമ്പോൾ ബഹുമാന്യരായ മന്ത്രിമാർ ദീർഘമായ മറുപടി പറഞ്ഞാൽ എങ്ങനെയാണ്?

<u>മി. സ്പീക്കർ</u>: ഞാൻ അക്കാര്യം പറയാനിരിക്കുകയാണ്. മന്ത്രിമാരുടെ പ്രസംഗം നീളുന്നുണ്ട്. ഒരു ചോദ്യത്തിന് രണ്ടും മൂന്നും മിനിട്ട് വരെ സമയം എടുത്ത അംഗങ്ങളുണ്ട്. 30 സെക്കന്റുകൊണ്ടും ചോദ്യം ചോദിക്കാം. എന്നാൽ രണ്ടുമിനിറ്റും മൂന്നുമിനിറ്റും സമയമെടുത്ത് ദീർഘമായി ചോദ്യം ചോദിക്കുന്നു. ദീർഘമായി ഉത്തരങ്ങൾ പറയുന്നു. അതിനാൽ ഞാൻ ഇനി അതിനെക്കുറിച്ച് പറയുന്നില്ല. എനിക്ക് പറ്റുന്നില്ല. ഞാൻ പരാജയപ്പെട്ടു.

ഓർഡർ..... ഓർഡർ.....ചോദ്യോത്തരവേള കഴിഞ്ഞിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

3(*63) ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് കേന്ദ്രസർക്കാർ അവിചാരിതമായി പ്രഖ്യാപിച്ച ലോക്ക്ഡൗണിൽ ഇതര സംസ്ഥാന തൊഴിലാളികൾ ദുരിതത്തിലാകാതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നു?

കോവിഡ്-19 ഭീതിവിതച്ച ആദ്യനാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 11/2020 സർക്കുലറിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം എന്നിവയുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യതയില്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന ബൃഹത്തായ കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്നതിനായുള്ള പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും കോവിഡ്-19 പ്രോട്ടോക്കോളിനനുസൃതമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യവും ഭക്ഷണവും ലഭ്യമാക്കുന്നതിനുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു. ഇതിനായി ലേബർ കമ്മീഷണറെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചു. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹായത്തോടെ സംസ്ഥാനത്താകെ 21,586 ക്യാമ്പുകൾ സജ്ജീകരിച്ച് 434280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി അവരുടെ പൂർണ്ണ വിവരം ഗൂഗിൾ സ്പ്രെഡ് ഷീറ്റ് മുഖേന ശേഖരിച്ചു. ക്യാമ്പുകളിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കമ്മ്യൂണിറ്റി കിച്ചൺ മുഖേനയുള്ള ആഹാരക്രമീകരണത്തിന് പുറമേ ചപ്പാത്തി, ദാൽ, സബ്ജി തുടങ്ങിയ ഇവരുടെ ഇഷ്ട ഭക്ഷണവും കൂടാതെ പാചകം ചെയ്ത് കഴിക്കുവാൻ താൽപര്യമുള്ളവർക്കായി ഭക്ഷ്യധാന്യങ്ങളും വിതരണം ചെയ്തു. ക്യാമ്പുകളിൽ ടെലിവിഷൻ, കാരംബോർഡ്, ചെസ്ബോർഡ് തുടങ്ങിയ വിനോദോപാധികൾ നൽകിയും മൊബൈൽ റീചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയും തൊഴിലാളികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്നതിന് വേണ്ട സാഹചര്യം സൃഷ്ടിച്ചു. കോവിഡ്-19 രോഗവ്യാപ്തി, രോഗവ്യാപനം, ശുചിത്വം, സാമൂഹിക അകലം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെ സംബന്ധിച്ച അവബോധം തൊഴിലാളികൾക്ക് നൽകുന്നതിനായി ഒഡിയ, ബംഗാളി, ആസാമീസ്, ഹിന്ദി ഭാഷകളിൽ അനൗൺസ്മെന്റ് നൽകിയും പോസ്റ്ററുകൾ തയ്യാറാക്കി ക്യാമ്പുകളിൽ പതിപ്പിച്ചും ഫോൺ മുഖേന മെസേജുകൾ നൽകിയും നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തുകയുണ്ടായി. തൊഴിൽ നഷ്ടപ്പെട്ട് മറ്റ് ജീവിതോപാധിയില്ലാതെ പരിഭ്രാന്തരായ തൊഴിലാളികളുടെയും സ്വദേശത്തുള്ള അവരുടെ കുടുംബങ്ങളുടെയും പരാതികളും ആകുലതകളും പരിഹരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സജ്ജീകരിച്ച വാർറൂമിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകം സംവിധാനം സജ്ജമാക്കുകയുണ്ടായി. തുടർന്ന് ലേബർ കമ്മീഷണറേറ്റിലും 14 ജില്ലകളിലും ആസാമീസ്, ബംഗാളി, ഒഡിയ, ഹിന്ദി തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യാവുന്ന ആൾക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച്, 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സജ്ജമാക്കിക്കൊണ്ട് തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും നൽകുന്ന പരാതികളും അഭ്യർത്ഥനകളും സമയബന്ധിതമായി പരിഹരിച്ച് അവരുടെ ആശങ്കയകറ്റുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കഴിഞ്ഞു. ലോക്ക്ഡൗണിന്റെ മൂന്നാം ഘട്ടത്തിൽ ശ്രമിക് ട്രെയിനുകൾ അനുവദിക്കുകയും സ്വദേശത്തേയ്ക്ക് മടങ്ങാൻ ആഗ്രഹിച്ച എല്ലാവരെയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് 216 ശ്രമിക് ട്രെയിനുകളിലായി 307138 തൊഴിലാളികളെ സ്വദേശത്തേയ്ക്ക് മടക്കി അയയ്ക്കുന്ന നടപടി വിജയകരമായി പൂർത്തീകരിച്ചു.

(ബി) ഇതര സംസ്ഥാനക്കാരായ തൊഴിലാളികളുടെ സൗജന്യ ചികിത്സക്കായി ആവാസ് കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; അഷ്വറൻസ് പദ്ധതി പ്രകാരം എന്തെല്ലാം സൗജന്യങ്ങളാണ് നൽകുന്നത്?

ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് സ.ഉ.(സാധാ)നമ്പർ 1325/2016/തൊഴിൽ പ്രകാരം 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് കൂടി ഉറപ്പുവരുത്തുന്നുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയും, അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വാസസൗകര്യം ഒരുക്കുന്ന അപ്നാഘർ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് അപ്നാഘർ. "ഭവനം ഫൗണ്ടേഷൻ" കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള കിൻഫ്രാ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ 2019 മാർച്ച് 1-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ 620 ഇതര സംസ്ഥാന തൊഴിലാളികൾ ഹോസ്റ്റലിൽ താമസിച്ചുവരുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലും എറണാകുളത്ത് കളമശ്ശേരി കിൻഫ്രാ ഹൈ-ടെക് പാർക്കിലും ഹോസ്റ്റൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും അവർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ?

കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ഇതരസംസ്ഥാനക്കാരുടെയും രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ആദിവാസി മേഖലകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി

4(*64) ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം (ശ്രീ. എ. കെ. ബാലൻ) മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആദിവാസി മേഖലകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. സാമൂഹ്യപഠനമുറി

   പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ ഈ പദ്ധതി പ്രകാരം 2017-18 വർഷം 100 പഠനമുറികൾ ആരംഭിച്ചു. ടി പഠനമുറികൾ വഴി 3000 കുട്ടികൾക്ക് പഠനസൗകര്യം ലഭ്യമാക്കിവരുന്നു. 2018-19-ൽ 150 പഠനമുറികൾ ആരംഭിച്ച് 4500 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കി വരുന്നു. ഇപ്രകാരം 250 പഠനമുറികളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ടി പഠനമുറികൾ പ്രവർത്തനസജ്ജമാക്കുന്നതിന് ഫെസിലിറ്റേറ്റർമാരുടെ നിയമനം നടത്തിയിട്ടുണ്ട്.

2. ഗോത്രബന്ധു

   വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, അട്ടപ്പാടി മേഖലകളിലായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചു.

   ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഠനമുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് 1.42 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും ആദിവാസി സാക്ഷരത – തുല്യതാ പരിപാടി - 'സമഗ്ര', വിവിധ ജില്ലകളിൽ നിന്നും 100 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് നടപ്പിലാക്കിവരുന്നു. 2017-18 വർഷം 1996 പേർ സാക്ഷരത കൈവരിച്ചിട്ടുണ്ട്. തുടർന്ന് നാലാം തരം തുല്യതാ പരീക്ഷയിൽ 1555 പേരെയും ഏഴാം തരം തുല്യതാ പരീക്ഷയിൽ 959 പേരെയും പങ്കെടുപ്പിച്ചിട്ടുണ്ട്.

4. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ.എസുകളെയും യൂണിസെഫ് നിഷ്കർഷിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 30 സ്മാർട്ട് ക്ലാസ് റൂം, 11 എം.ആർ.എസുകളിൽ കമ്പ്യൂട്ടർ ലാബ്, 8 സയൻസ് ലാബ്, 15 ലാംഗ്വേജ് ലാബ്, 16 എം.ആർ.എസുകളിൽ സ്കൂൾ റേഡിയോ, 16 എം.ആർ.എസുകളിൽ സ്റ്റീം കിച്ചൻ, 10 എം.ആർ.എസുകൾ മൾട്ടി പർപ്പസ് കോർട്ടുകൾ, 18 എം.ആർ.എസുകളിൽ മിനി മാസ്റ്റ് ലൈറ്റ്, ഒരു എം.ആർ.എസിൽ ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, 18 എം.ആർ.എസുകളിൽ ജലശുദ്ധീകരണ പദ്ധതി, 13 എം.ആർ.എസുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ, 9 എം.ആർ.എസുകളിൽ ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ, 17 ഡിജിറ്റൽ ലൈബ്രറി, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഗ്നി പ്രതിരോധ സംവിധാനം, 18 മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സി.സി.റ്റി.വി. എന്നിവ സ്ഥാപിച്ചു. കൂടാതെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കരിയർ ഗൈഡൻസ് & കൗൺസിലിംഗ്, കണിയാമ്പറ്റ എം.ആർ.എസ്.ൽ ആർച്ചെറി പരിശീലന കേന്ദ്രം എന്നിവ നടപ്പിലാക്കി.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനവും പ്ലസ് ടുവിന് 80.16 ശതമാനവും വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

5. പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 114 പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നിർമ്മാണ നവീകരണത്തിനായി 12.34 കോടി രൂപയും ഫർണിച്ചർ, കിടക്ക, തലയണ എന്നിവയ്ക്കായി 61.70 ലക്ഷം രൂപയും ചെലവഴിച്ചു. 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +2 ബാച്ചുകളിൽ കുട്ടികളുടെ എണ്ണം 35-ൽ നിന്നും 50 ആയി വർദ്ധിപ്പിക്കുകയും ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിലും ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതുതായി +2 ബാച്ചുകൾ ആരംഭിക്കുകയും ചെയ്തു. 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.-ക്ക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് 91.9% വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

6. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകി വരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

7. ലാപ്ടോപ്പ് വിതരണം

ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം 2018-19 വർഷം 420 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2020-21 വർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തുവരുന്നു.

8. വിദേശ പഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ 2020-21 വരെ ആകെ 6 കുട്ടികൾക്ക് വിദേശ പഠന സ്കോളർഷിപ്പിനായി 1,50,76,676 രൂപ അനുവദിച്ചു.

9. <u>നൈപുണ്യ വികസന പദ്ധതി</u>

2016-17 വർഷം മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യവികസന പരിശീലനത്തിനുമായി 28 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 53 കോഴ്സുകളിലായി 5355 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. ഇവരിൽ 2646 പേർക്ക് തൊഴിൽ ഉറപ്പുവരുത്തി. ടി പരിശീലനത്തിന്റെ ഭാഗമായി 22 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്.

10. <u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u>

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് ടു, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

11. <u>സെന്റർ ഫോർ സ്കിൽ എക്സലൻസ്</u>

2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടിമീഡിയ, ഹാൻഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

12. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി വിജയശതമാനം 87.13 ഉം പ്ലസ് ടു വിജയശതമാനം 65.24 ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ 18329 കുട്ടികൾ പഠനം നടത്തിവരുന്നു.

(ബി) ആദിവാസി വിദ്യാർത്ഥികൾക്ക് അവരുടെ ഗോത്രഭാഷയിൽ നിന്ന് പഠന മാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അവരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പട്ടികവർഗ്ഗത്തിൽപ്പെട്ട അധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു. അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെന്റർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു.

പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം ജില്ലകളിലായി 59 പേരെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

വയനാട് ജില്ലയിൽ 2016-17 വർഷം 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും 2019-20 വർഷത്തിൽ 63 ആയും കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗൃഹപാഠം ചെയ്യുന്നതിനുള്ള പരിമിതികൾ മറികടക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യപഠനമുറികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എന്തൊക്കെ സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തിയെന്നറിയിക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗൃഹപാഠം ചെയ്യുന്നതിനുള്ള പരിമിതികൾ മറികടക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ സാമൂഹ്യ പഠനമുറികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 250 സാമൂഹ്യ പഠനമുറികൾ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 250 സാമൂഹ്യ

പഠനമുറികൾ കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യ പഠനമുറികളിൽ പഠന മേൽനോട്ടം വഹിക്കുവാൻ ഇൻസ്ട്രക്റ്ററെ നിയമിച്ചിട്ടുണ്ട്. ഇന്റർനെറ്റും, ലൈബ്രറിയും ഒരുക്കിയിട്ടുണ്ട്. ജില്ലാതല വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) അട്ടപ്പാടി ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് വാഹനസൗകര്യം ഏർപ്പാടാക്കിയിരുന്നോ; വ്യക്തമാക്കുമോ?

അട്ടപ്പാടി ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് 'ഗോത്ര സാരഥി' പദ്ധതി പ്രകാരം വാഹനസൗകര്യം ഏർപ്പെടുത്തിയിരുന്നു.

**തൊഴിൽ സൗഹൃദാന്തരീക്ഷം**

5(*65) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. ജോയി:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി മറയാക്കികൊണ്ട് കേന്ദ്രസർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും തൊഴിൽ സമയം വർദ്ധിപ്പിച്ചും ഓവർടൈം നിഷേധിച്ചും തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്യാൻ തുനിഞ്ഞും തൊഴിലാളികളെ കൂടുതൽ ദുരിതത്തിലാഴ്ത്താൻ ശ്രമിച്ച വേളയിൽ സംസ്ഥാനത്തെ തൊഴിലാളികളുടെ പ്രത്യേകിച്ച് അസംഘടിത മേഖലയിലുള്ളവരുടെ താല്പര്യം സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനം അറിയിക്കാമോ; എൻഫോഴ്സ്മെന്റ് പ്രവർത്തനം ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുക, ജീവനക്കാരുടെ ജോലിസമയം, അവധി അനുവദിക്കൽ, വേതനം, തൊഴിലാളികളും തൊഴിലുടമകളും പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്നിവ സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് യഥാസമയങ്ങളിൽ നൽകിയിരുന്നു. ഈ കാലയളവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് ജോലിക്ക് ഹാജരാകാൻ സാധിക്കാത്ത ജീവനക്കാരുടെ വേതനത്തിൽ കുറവ് വരുത്താനോ വേതനം തടഞ്ഞുവയ്ക്കുവാനോ പാടില്ലെന്ന് നിർദ്ദേശിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഈ സർക്കുലർ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ രണ്ട് മാസത്തേയ്ക്ക് നടപടി സ്വീകരിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. തുടർന്ന് തൊഴിലുടമകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ഇതുകൂടാതെ ലോക്ക് ഡൗൺ കാലയളവിലെ തൊഴിലാളികളുടെ വേതനം സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിമേലുള്ള വിധിന്യായം അനുസരിച്ചുള്ള അനുരഞ്ജന ചർച്ചകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സാധാരണ ഗതിയിലുള്ള സ്ഥാപന പരിശോധനകൾക്ക് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും വ്യക്തിഗതമായി ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സംരംഭക സൗഹൃദ അന്തരീക്ഷം വളർത്തിയെടുക്കുന്നതിന് അനുപൂരകമായ തൊഴിൽ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

കേരളത്തിലെ സംരംഭക സൗഹൃദ സ്ഥിതി പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളി തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി, തൊഴിൽ നിയമങ്ങളുടെ പതിവായുള്ള നടത്തിപ്പിനു പുറമേ നിരവധി പദ്ധതികൾ കൂടി തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്നു. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന Ease of doing business പദ്ധതി കേരളത്തിൽ സംസ്ഥാന വ്യവസായ വകുപ്പിനു കീഴിൽ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC) മുഖേന നടപ്പിലാക്കി വരുന്നു. ഒരു കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭകരെ പരിപോഷിപ്പിക്കുന്നതിന് വേണ്ടതായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ടി പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ആയതിലേയ്ക്ക് ലേബർ കമ്മീഷണറുടെ ഓൺലൈൻ പോർട്ടലായ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS)-ൽ ടി ഉദ്ദേശ്യത്തിനായി വികസിപ്പിച്ചിട്ടുള്ള കെ സ്വിഫ്റ്റ് മൊഡ്യൂൾ ഇന്റഗ്രേറ്റ്

ചെയ്തിട്ടുണ്ട്. സംരംഭകർക്ക് ആവശ്യമായ വിവിധ വകുപ്പുകളുടെ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സേവനങ്ങൾക്കൊപ്പം തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സേവനങ്ങളുടെയും അപേക്ഷ SWIFT PORTAL മുഖാന്തരം സമർപ്പിക്കാവുന്നതും ആവശ്യമായ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കാവുന്നതുമാണ്. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 പ്രകാരമുള്ള രജിസ്ട്രേഷൻ, കോൺട്രാക്ട് ലേബർ റഗുലേഷൻ & അബോളിഷൻ ആക്ട് 1970, ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1979 എന്നിവ പ്രകാരമുള്ള ലൈസൻസ് നിശ്ചിത ഫീസ് അടയ്ക്കുന്ന പക്ഷം കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഓട്ടോമാറ്റിക്ക് ആയി പുതുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്.

(സി) തൊഴിൽ നൽകുന്ന സ്ഥാപനങ്ങളുടെ തൊഴിലാളികളോടുള്ള സമീപനത്തിലെ മികവിന്റെയടിസ്ഥാനത്തിൽ ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് അറിയിക്കാമോ?

തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കി, സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2017, 2018 വർഷങ്ങളിൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കുകയും, നിലവിൽ 2019 വർഷത്തെ ഗ്രേഡിംഗ് പദ്ധതിയുടെ അസസ്സ്മെന്റ് നടപ്പിലാക്കി വരികയും ചെയ്യുന്നു.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കി ഓൺലൈൻ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ ഗ്രേഡുകൾ നൽകുകയും ആയതിലൂടെ തൊഴിലാളി-തൊഴിലുടമ ബന്ധം ഊഷ്മളമാക്കുന്നതിനും, മികച്ച

തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ടി പദ്ധതി മുഖാന്തിരം സാധിച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ സംവിധാനം

6(*66) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായി ശുദ്ധമായ കുടിവെള്ളം സംസ്ഥാനത്തുടനീളം വിതരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്?

24 മണിക്കൂറും കുടിവെള്ളം വിതരണം ചെയ്യുന്നതിനായി വിവിധ കുടിവെള്ള വിതരണ പദ്ധതികളിലൂടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലും കൂടുതൽ ഗ്രാമപഞ്ചായത്തുകളിലും ജലശുദ്ധീകരണ ശാലകളിലൂടെ ശുദ്ധീകരിച്ച ജലമാണ് വിതരണം ചെയ്തുവരുന്നത്. എന്നാൽ ചില ഗ്രാമീണമേഖലകളിൽ ശുദ്ധീകരണശാലകൾ ഇല്ലാതെയും നേരിട്ട് ഗുണനിലവാരം ഉറപ്പാക്കി ശുദ്ധ ജലം വിതരണം ചെയ്തുവരുന്നു. ടി പദ്ധതികളിൽ കൂടുതലും വാൽവുകൾ ക്രമീകരിച്ച് വിവിധ മേഖലകളാക്കി തിരിച്ച് വിവിധ സമയങ്ങളിലായാണ് ശുദ്ധജലം വിതരണം ചെയ്തുവരുന്നത്. 24 മണിക്കൂറും എല്ലാ മേഖലകളിലും കുടിവെള്ളം വിതരണം ചെയ്യുന്നതിനായുള്ള പദ്ധതികളുടെ വിപുലീകരണത്തിനായുള്ള നടപടികൾ അമൃത്, സ്റ്റേറ്റ്പ്ലാൻ, കിഫ്ബി, നബാർഡ്, ജെ.ജെ.എം എന്നീ ഫണ്ടുകൾ ഉപയോഗിച്ച് ചെയ്തുവരുന്നു. വിതരണ ശൃംഖലകളിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പുകളുടെയും മോട്ടോറുകളുടെയും അറ്റകുറ്റപണികൾ കൃത്യമായ ഇടവേളകളിൽ നടത്തി പമ്പിംഗ് തടസ്സപ്പെടാതെയും, പദ്ധതിയിലെ വിതരണ ശൃംഖലകളിൽ ജലലഭ്യത കുറവുള്ള ഭാഗങ്ങൾ കണ്ടെത്തി, ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങളുമായി കൂട്ടിയോജിപ്പിച്ചും, വിതരണ ശൃംഖല ഇല്ലാത്ത പ്രദേശങ്ങളിൽ വിവിധ പദ്ധതികളിലൂടെ വിതരണ ശൃംഖല സ്ഥാപിച്ചും, പദ്ധതികളിൽ നിലവിലുള്ള ഓപ്പറേറ്റിംഗ് വാൽവുകൾ സമയബന്ധിതമായി ക്രമീകരിച്ച് പദ്ധതിയിലെ ഉയർന്ന പ്രദേശങ്ങളിലും ജലലഭ്യത കുറവുള്ള പ്രദേശങ്ങളിലും ജലലഭ്യത ഉറപ്പുവരുത്തിയും ജലമോഷണവും

ജലദുരുപയോഗവും തടയാനുള്ള നടപടികൾ സ്വീകരിച്ചും 24 മണിക്കൂറും ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ വിഭാവനത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(ബി) വാട്ടർ അതോറിറ്റിയുടെ കടബാധ്യതകൾ ഒഴിവാക്കുന്നതിനും അതോറിറ്റിയെ ലാഭകരമാക്കുന്നതിനും എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വാട്ടർ അതോറിറ്റിയുടെ കടബാധ്യതകൾ ഒഴിവാക്കുന്നതിനും അതോറിറ്റിയെ ലാഭകരമാക്കുന്നതിനും താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.
2. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കും.
3. ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കും.
4. നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കും.
5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 x 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്:

1. ഉൽപ്പാദന ഘട്ടങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area)കൾ സ്ഥാപിച്ച് ജലവിതരണം

കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. 4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും, ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

4. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.

5. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

6. എല്ലാ ഗുണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

**ലോക്ഡൗൺ കാലയളവിൽ തൊഴിലാളികളുടെ ക്ഷേമം**

7(*67) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീ. എൽദോ എബ്രഹാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗൺ കാലയളവിൽ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ലോക്ഡൗൺ കാലയളവിലും തുടർന്നും തൊഴിൽ നഷ്ടമായ തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഏറ്റവും പ്രയാസം അനുഭവിച്ച വിഭാഗമായ ഇതരസംസ്ഥാനത്തൊഴിലാളികളുടെ ഭക്ഷണത്തിനും താമസത്തിനും എന്തൊക്കെ ക്രമീകരണങ്ങൾ നടത്തിയെന്നറിയിക്കുമോ?

(എ-സി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി 362,38,97,840 രൂപ (മുന്നൂറ്റി അറുപത്തി രണ്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ മാത്രം) സർക്കാർ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 187,22,66,000 (നൂറ്റി എൺപത്തി ഏഴ് കോടി ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തിയാറായിരം രൂപ മാത്രം) രൂപ കോവിഡ്-19

ധനസഹായയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 993964 തൊഴിലാളികൾക്കായി 156,80,76,050 (നൂറ്റി അൻപത്തിയാറ് കോടി എൺപത് ലക്ഷത്തി എഴുപത്തിയാറായിരത്തി അൻപത് രൂപ മാത്രം) രൂപയും വിതരണം ചെയ്തിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ സൊസൈറ്റികൾ/ തോട്ടങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി സർക്കാർ എല്ലാ വർഷവും നൽകിവരുന്ന എക്സ്ഗ്രേഷ്യാ വിതരണത്തിനു പുറമെ 2019-20 സാമ്പത്തികവർഷം 100 ക്വിന്റലിന് താഴെ കയർ പിരിച്ച തീരദേശ മേഖലയിലെ കയർ സംഘങ്ങളിലെ തൊഴിലാളികൾക്കായി എക്സ്ഗ്രേഷ്യ/ ഫെസ്റ്റിവൽ അലവൻസ് 2000 രൂപ നിരക്കിൽ നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം 1899 തൊഴിലാളികൾക്ക് 37,98,000 രൂപ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

കോവിഡ്-19 ഭീതി വിതച്ച ആദ്യ നാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും, തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം എന്നിവയ്ക്കുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും കോൺട്രാക്റ്റർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യത ഇല്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും കോവിഡ്-19 പ്രോട്ടോകോളിനനുസൃതമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യവും ഭക്ഷണവും ലഭ്യമാക്കുന്നതിനുമുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു.

(ഡി) ഇതരസംസ്ഥാനത്തൊഴിലാളികൾ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ യാതനകൾ അനുഭവിച്ചപ്പോൾ അതിൽ നിന്ന് വിഭിന്നമായി അവരുടെ നാട്ടിലേയ്ക്കുള്ള തിരിച്ചുപോക്കിന് എന്തൊക്കെ സൗകര്യങ്ങളും ക്രമീകരണങ്ങളുമാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്നറിയിക്കുമോ?

ലോക്ഡൗണിന്റെ മൂന്നാം ഘട്ടമാകുമ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്വദേശത്തേയ്ക്ക് മടങ്ങുവാൻ ശ്രമിക് ട്രെയിനുകൾ

അനുവദിച്ചുകൊണ്ട് ഉത്തരവായി. ലഭ്യമായ ട്രെയിൻ സൗകര്യത്തിൽ സ്വദേശത്തേയ്ക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന എല്ലാവരെയും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നാട്ടിലെത്തിക്കുന്ന നടപടിയും ശ്രമകരമായ പ്രവർത്തനമായിരുന്നു. 4.34 ലക്ഷം തൊഴിലാളികളെ സംസ്ഥാനം/ജില്ല തലത്തിൽ ക്രോഡീകരിച്ച് അവരിൽ നിന്നും 307138 തൊഴിലാളികളെ 216 ട്രെയിനുകളിലായി സ്വദേശത്തേയ്ക്ക് മടക്കി അയയ്ക്കുന്നതിനുള്ള നടപടി വിജയകരമായി പൂർത്തീകരിച്ചു.

## കാട്ടുപന്നികളുടെ ശല്യം

8(*68) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികളുടെ ശല്യത്തിൽ നിന്നും കർഷകരെ രക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ, ഉപദ്രവകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കാൻ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പ്രഖ്യാപിച്ച്, 11-1-2021-ൽ സ.ഉ.(സാധാ) നമ്പർ 5/2021/വനം- ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*)

(ബി) കാട്ടുപന്നിയെ ശല്യ വനജീവിയായി പ്രഖ്യാപിച്ചിട്ടുണ്ടോ?

കാട്ടുപന്നികളെ ശല്യ വനജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, കേന്ദ്ര സർക്കാരിന്റെ 12/2020-ലെ എഫ്.നം.8-31/20/77/നമ്പർ കത്തിൽ, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ 11(1) (b) വകുപ്പ് പ്രകാരം, കാട്ടുപന്നികളെ നശിപ്പിക്കുന്നതിന് സംസ്ഥാനംതന്നെ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ മടക്കി നൽകുകയുണ്ടായി. എന്നാൽ ഇപ്രകാരം കാട്ടുപന്നികളെ നശിപ്പിക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ വിശദീകരിച്ചും മറ്റ് സംസ്ഥാനങ്ങളിൽ കാട്ടുപന്നികളുൾപ്പെടെയുള്ള മൃഗങ്ങളെ ശല്യക്കാരായി പ്രഖ്യാപിച്ച ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടിയും, കേന്ദ്ര സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട്, 11-1-2021-ൽ വീണ്ടും കത്തയച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവയുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

11-1-2021-ലെ ടി സർക്കാർ ഉത്തരവിൽ, ഉപദ്രവകാരികളായ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക കർമ്മസേന രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് നൽകിയിട്ടുണ്ട്.

**ആദിവാസി ജനവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ**

9(*69) <u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ആദിവാസി ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

1. സാമൂഹിക പഠനമുറി

2. ഗോത്രബന്ധു

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്‌മെന്റ് സ്കീം

എ) കോളനികളുടെ സമഗ്ര വികസനം.

ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

സി) പി. കെ. കാളൻ കുടുംബ പദ്ധതി

4. ഗോത്രവാത്സല്യനിധി

5. KIIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

6. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

7. ഗോത്രജീവിക

8. സമഗ്ര-ആദിവാസി സാക്ഷരത പരിപാടി

9. ഗോത്ര രശ്മി- സാമൂഹിക ശാക്തീകരണ പരിപാടി

10. മില്ലറ്റ് വില്ലേജ് - അട്ടപ്പാടി

11. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

12. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി

13. മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ

14. കരിയർ ഗൈഡൻസ് ജോബ് ഫെയർ

15. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

16. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ

17. സമ്പൂർണ്ണ വൈദ്യുതീകരണം

18. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവര ശേഖരണം

19. സർവ്വീസ് പ്ലസ് (ഇ-സർവ്വീസ്).

(ബി) ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി വനാവകാശ നിയമ പ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 662 വനാവകാശ കമ്മിറ്റികൾ (FRC) മുഖേന നാളിതുവരെയായി 26,273 പേർക്ക് 34735.87 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. സുപ്രീംകോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ വിതരണത്തിനായി അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും 4056 പേർക്കായി 5808.14 ഏക്കർ ഭൂമിക്ക് പട്ടയം / കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങി നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 815 പേർക്ക് 386.04 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ പോരായ്മകൾ നികത്തി അർഹതയുള്ള എല്ലാവർക്കും ഭൂമി ലഭിക്കണമെന്ന ഉദ്ദേശത്തോടെ ഭൂമി വാങ്ങി നൽകുന്നതിനായിട്ടുള്ള പുതിയ പദ്ധതി (ലാൻഡ് ബാങ്ക് പദ്ധതി) പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 7078 പേർക്ക് 7374.54 ഏക്കർ റവന്യൂ/ഫാം ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 38,877 പേർക്ക് 47630.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

(ഡി)മറ്റുള്ളവർക്ക് നൽകുന്നത് പോലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വകുപ്പ് എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി ജനവിഭാഗത്തിന്റെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് 10-4-2017 തീയതിയിൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ 1-1-1977-ന് മുമ്പ് വനഭൂമി കൈയ്യേറി ഭൂമി കൈവശം വച്ചുവരുന്ന ഇതര വിഭാഗങ്ങൾക്ക് പട്ടയം അനുവദിക്കുകയും പട്ടികവർഗ്ഗക്കാരുടെ ഭൂമിക്ക് കൈവശരേഖ മാത്രമോ, രേഖകളൊന്നും നൽകാതിരിക്കുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർ കൈവശം വച്ചുവരുന്നതും പതിവ് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതുമായ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനും, അപ്രകാരമുള്ള കേസുകളിൽ

ഇതിനകം കൈവശരേഖ അനുവദിച്ചിട്ടുണ്ടെങ്കിൽ തന്നെ ആയത് റദ്ദ് ചെയ്ത്, പട്ടയം അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1993-ലെ കേരള ഭൂപതിവ് (1-1-1977-ന് മുമ്പ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2 (എഫ്)-ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ച് വരുന്ന പട്ടികവർഗ്ഗവിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്ക് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

## ക്ഷീരോല്പാദന മേഖലയിലെ സ്വയംപര്യാപ്തത

10(*70) <u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമുള്ള പാലിന്റെ തൊണ്ണൂറ്റിയഞ്ച് ശതമാനം സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിൽ ക്ഷീരോല്പാദന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ക്ഷീരോല്പാദന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിവിധ പദ്ധതികളിലായി 24799 പശുക്കളെയും 8422 കിടാരികളെയും അന്യസംസ്ഥാനങ്ങളിൽ നിന്നും ധനസഹായത്തോടെ ക്ഷീരകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 4 കിടാരി പാർക്കുകൾ ക്ഷീരസംഘങ്ങൾ മുഖേന ആരംഭിച്ച് ഗുണമേന്മയുള്ള പശുക്കളെ പ്രാദേശികമായി ലഭ്യമാക്കിയിട്ടുണ്ട്.

254 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുകയും 249.14 കോടി രൂപ ക്ഷീരവികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പാലിന് പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും നൽകിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെയും മിൽമയുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പാൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധന എന്നിവ സുഗമമായി

നിർവ്വഹിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിവയുടെ പശ്ചാത്തലത്തിൽ സഹകരണ ക്ഷീരമേഖലയിൽ തീറ്റവസ്തുക്കളും പാലിന്റെ സംഭരണവും തടസ്സം കൂടാതെ നിർവ്വഹിക്കുവാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരോൽപാദന മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) രണ്ടു ലക്ഷത്തോളം വരുന്ന ക്ഷീരകർഷക കുടുംബങ്ങൾക്ക് ആശ്വാസമേകാനായി കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നുണ്ടോ?

ഉണ്ട്. സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം കാലിത്തീറ്റയ്ക്ക് സബ്സിഡിയായി 249.14 കോടി രൂപ ക്ഷീരവികസന വകുപ്പ് നൽകിയിട്ടുണ്ട്. അതോടൊപ്പം കോവിഡ് ലോക്ഡൗൺ കാലഘട്ടത്തിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡിയും വകുപ്പ് നൽകിയിട്ടുണ്ട്.

രണ്ട് ലക്ഷത്തോളം വരുന്ന ക്ഷീരകർഷക കുടുംബങ്ങൾക്ക് ആശ്വാസമേകാനായി മിൽമയും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്.

(സി) മൃഗസംരക്ഷണമേഖലയ്ക്ക് കരുത്തേകാനായി നൂറുദിന പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

നൂറ് ദിന പദ്ധതിയുടെ ഒന്നാംഘട്ട ഭാഗമായി ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടത്തുന്നത് മൂന്ന് പദ്ധതികളാണ്.

1. എലിവേറ്റഡ് ആൻഡ് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് പദ്ധതി

2. 25 പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി

3. നവീകരിച്ച സ്റ്റേറ്റ് ഡെയറി ലാബ് കെട്ടിടം

നൂറ് ദിന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഏഴ് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സ്റ്റേറ്റ് ഫോഡർ ഡേ ദിനാചരണം

2. ക്ഷീരസംഘങ്ങൾക്കുള്ള യൂണിഫൈഡ് സോഫ്റ്റ് വെയർ

3. എലിവേറ്റഡ് ആന്റ് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് പദ്ധതി

4. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, മുണ്ടപ്പള്ളി ക്ഷീരസംഘം, അടൂർ

5. സോളാർ യൂണിറ്റ്, നെല്ലാട് ക്ഷീരസംഘം, പട്ടിമറ്റം

6. സോളാർ യൂണിറ്റ്, പാണഞ്ചേരി ക്ഷീരസംഘം ഒല്ലൂക്കര

7. അട്ടപ്പാടി ബ്ലോക്കിലെ ഷോളയാർ, താവളം, അഗളി ക്ഷീരസംഘങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ.

മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന സർക്കാരിന്റെ നൂറുദിന പദ്ധതി പ്രകാരം നടപ്പിലാക്കുന്നവയിൽ കർഷകരുടെ ആടുകളുടെ എണ്ണം കൂട്ടുവാനും അവയെ ലാഭകരമായി വളർത്തിക്കൊണ്ടുവരുവാനും സഹായങ്ങൾ നൽകിവരുന്നു. സംസ്ഥാനത്ത്, ആടുകൾക്ക് കൃത്രിമബീജധാനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത് 785 കേന്ദ്രങ്ങളിൽ മാത്രമാണ്. ഈ സൗകര്യങ്ങൾ 500 കേന്ദ്രങ്ങളിൽ കൂടി സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വിവിധ ഉല്പന്നങ്ങൾ സംസ്ഥാനത്ത് ഒട്ടാകെ ലഭ്യമാക്കുന്നതിന് വിവിധ ജില്ലകളിൽ കെപ്കോ വിപണന ഏജൻസികൾ തുടങ്ങാൻ തീരുമാനിക്കുകയും പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 72-ഉം കൊല്ലം ജില്ലയിൽ 41-ഉം പത്തനംതിട്ട ജില്ലയിൽ 11-ഉം ഏജൻസികൾ പ്രവർത്തിക്കുന്നു. ആലപ്പുഴ ജില്ലയിൽ ഏജൻസികൾ തുടങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

11(*71) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെയും വേണ്ടവിധമുള്ള ഗൃഹപാഠം നടത്താതെയും കോവിഡ് കാലത്ത് നടപ്പിലാക്കിയ ഓൺലൈൻ വിദ്യാഭ്യാസ പദ്ധതി പല പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രതിസന്ധി സൃഷ്ടിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19 രോഗവ്യാപനത്തെ തുടർന്ന് രാജ്യമാകെ ലോക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും പുതിയ അദ്ധ്യയന വർഷത്തെ പഠനം ഓൺലൈനായി നടത്തുവാൻ സംസ്ഥാന സർക്കാർ

തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെലിവിഷൻ/മൊബൈൽ ആപ്ലിക്കേഷൻ മുഖേന 1-6-2020 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയും, പിന്നീട് പൂർണ്ണതോതിൽ നടപ്പിലാക്കുകയും ചെയ്തു. നാളിതുവരെ തുടർന്നുവന്ന പഠനരീതിയിൽ നിന്നും തീർത്തും വ്യത്യസ്തമായ ഈ രീതി വിദ്യാർത്ഥി സമൂഹത്തിൽ തുടക്കത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി പ്രതിസന്ധി ഏറെക്കുറെ മറികടക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് വകുപ്പ് നൽകിയത്; വിശദാംശം നൽകുമോ?

കോവിഡ് കാലയളവിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ കൂടിയും എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷണൽ എയ്ഡ് എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ സ്ഥാപനങ്ങളിലുള്ള (മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക് ഹോസ്റ്റൽ, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നഴ്സറി സ്കൂൾ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾക്കു പുറമേ മെസ് അലവൻസ്, പോക്കറ്റ് മണി എന്നിവ 2020 ജൂൺ മാസം മുതൽ അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നുണ്ട്. കോവിഡ് കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി വിജ്ഞാൻ വാടികളിൽ നിലവിലുള്ള ടിവി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി വകുപ്പിനു കീഴിലുള്ള സാമൂഹ്യ പഠനമുറികളിലായി ഫെസിലിറ്റേറ്റർമാരുടെ സഹായത്താൽ ഓൺലൈൻ പഠനസൗകര്യം ഒരുക്കിയിട്ടുണ്ട്. ഇന്റർനെറ്റിന്റെ സഹായത്തോടെ വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. സാമൂഹ്യ പഠന മുറികളിൽ ടി.വി, ഡിഷ് ആന്റിന എന്നിവ ലഭ്യമാക്കി വിക്ടേഴ്സ് ചാനൽ വഴി ഓൺലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. ഈ സൗകര്യങ്ങളില്ലാത്ത സാമൂഹ്യ പഠനമുറികളിൽ വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസുകൾ ഡൗൺലോഡ് ചെയ്തതിനുശേഷം ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അന്തേവാസികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്.

1. കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, പേന, പെൻസിൽ തുടങ്ങിയ പഠനോപകരണങ്ങൾ എം.ആർ.എസ്. ടീച്ചേഴ്സ്, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

2. വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനാവശ്യമായ ഫോൺ റീചാർജ്, ഡി.ടി.എച്ച്. റീചാർജ് എന്നീ ചെലവുകൾ വഹിക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി എം.ആർ.എസ്-കളിലേയും പ്രീമെട്രിക് ഹോസ്റ്റലുകളിലേയും എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,000 രൂപയും എം.ആർ.എസ്-കളിലും, പി.എം.എച്ച്-കളിലും ഹയർ സെക്കണ്ടറി ക്ലാസുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും 3,450 രൂപയും പ്രതിമാസം നൽകി വരുന്നുണ്ട്.

3. പഠനത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് remedial coaching നൽകുന്നുണ്ട്.

4. രക്ഷിതാക്കളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നു.

5. USS coaching, +1 improvement എന്നിവയ്ക്കുള്ള പ്രത്യേക ക്ലാസുകൾ നടത്തുന്നു.

6. ഇന്റർനെറ്റ്, ഡി.ടി.എച്ച്. എന്നീ സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ എം.ആർ.എസ്-ലെ അധ്യാപകർ നേരിട്ടെത്തി വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസുകൾ ഡൗൺലോഡ് ചെയ്ത് നൽകിയും വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നു.

7. കൗൺസിലിംഗ് ആവശ്യമായ വിദ്യാർത്ഥികൾക്ക് ബി.ആർ.സി-യിലെ കൗൺസിലർമാർ മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പ് നിയമിച്ച കൗൺസിലർമാർ മുഖേനയും കൗൺസിലിംഗ് നൽകുന്നുണ്ട്.

8. പാഠഭാഗങ്ങളുടെ നോട്ടുകളുടെ പ്രിന്റ് ഔട്ട്, വർക്ക് ഷീറ്റ് എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

9. എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേകം വാട്ട്സ് ആപ്പ് ഗ്രൂപ്പുണ്ടാക്കി വിദ്യാർത്ഥികളുടെ സംശയനിവാരണം നടത്തുന്നുണ്ട്.

കൂടാതെ പാഠഭാഗങ്ങളുടെ ചാപ്റ്റർ തിരിച്ചുള്ള അവലോകനവും നടത്തുന്നുണ്ട്.

10. വകുപ്പിന് കീഴിലുള്ള പൂക്കോട്, ഇടുക്കി എന്നീ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് MOTA നടപ്പിലാക്കിയ Step app മുഖേനയും ക്ലാസുകൾ ലഭ്യമാക്കുന്നു.

11. സി.ബി.എസ്.ഇ. സിലബസിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത ഓൺലൈൻ പഠന സൗകര്യം നിലവിലില്ലാത്തതിനാൽ വകുപ്പിന് കീഴിലുള്ള ഞാറനീലി സി.ബി.എസ്.ഇ. സ്കൂൾ, ജി.കെ.എം.എം.ആർ.എസ്. സ്കൂൾ, കുറ്റിച്ചൽ എന്നീ സ്ഥാപനങ്ങളിലെ അധ്യാപകർ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ നൽകുന്നുണ്ട്. എസ്.എസ്.എൽ.സി.-ക്കും +2 വിനും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗൂഗിൾ മീറ്റ് വഴി പ്രാക്ടിക്കൽ ക്ലാസുകൾ നൽകി വരുന്നു. വിദ്യാർത്ഥികൾക്ക് അക്കാദമിക് മോട്ടിവേഷൻ, സ്ട്രെസ് മാനേജ്മെന്റ് ക്ലാസുകളും നൽകിയിട്ടുണ്ട്.

വീടുകളിൽ ഓൺലൈൻ പഠന സൗകര്യമില്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും ടി കേന്ദ്രങ്ങളിൽ താല്ക്കാലികമായി ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പിന് കീഴിലുള്ള 19 ഏകാധ്യാപക വിദ്യാലയങ്ങൾ മുഖേന 244 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി എത്താത്ത വിദൂര പ്രദേശങ്ങളിലും, ഉൾവനങ്ങളിലും സ്ഥിതി ചെയ്യുന്ന കോളനികളിൽ സോളാർ പാനൽ സംവിധാനം മുഖേന വൈദ്യുതി ലഭ്യമാക്കി ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ഓൺലൈൻ വിദ്യാഭ്യാസ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആത്മഹത്യ ചെയ്ത മലപ്പുറം ജില്ലയിലെ ദേവിക എന്ന പതിനാല് വയസ്സുകാരി ദളിത് പെൺകുട്ടിയുടെ കുടുംബത്തിന് പട്ടികജാതി വകുപ്പ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും, മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ജി.എച്ച്.എസ്.എസ്.-ലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയുമായിരുന്ന മരണപ്പെട്ട ദേവികയുടെ പിതാവായ ശ്രീ. ബാലകൃഷ്ണന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ സ.ഉ(കൈ)നമ്പർ 19/2020/പജ.പവ.വിവ, തീയതി 3-7-2020 പ്രകാരം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

## മൃഗസംരക്ഷണ മേഖലയിലെ പരിഷ്കാരങ്ങൾ

12(*72) ശ്രീമതി സി. കെ. ആശ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ?

1. സംസ്ഥാനത്തെ 26 മൃഗചികിത്സാ സ്ഥാപനങ്ങളിൽ 24 മണിക്കൂർ സേവനം ഏർപ്പെടുത്തി.
2. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ഏർപ്പെടുത്തി.
3. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.
4. ഭരണസംവിധാനം സുതാര്യമാക്കി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി e-office സംവിധാനം പൂർണ്ണമായി നടപ്പിലാക്കി.
5. മൃഗസംരക്ഷണ മേഖലയിലെ വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മീഡിയ ഡിവിഷൻ രൂപീകരിക്കുന്നതിന് അനുമതി നൽകി.
6. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ പരിഷ്കരിച്ച് വികേന്ദ്രീകരിച്ചു.

(ബി) ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന ആശയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ മൃഗസംരക്ഷണ മേഖലയുടെ പുനരുജ്ജീവനത്തിനായി ജീവനോപാധി പാക്കേജ് നടപ്പിലാക്കുന്നു. റീബിൽഡ് കേരളയുടെ കീഴിൽ ആധുനിക ചികിത്സ സേവനം കർഷകന്റെ വീട്ടുപ്പടിക്കൽ ഉറപ്പാക്കുന്ന Mobile Tele Veterinary Unit നടപ്പിലാക്കുന്നു.

(സി) കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 പരിശീലനകേന്ദ്രങ്ങൾ വഴി കറവപ്പശു പരിപാലനം, എരുമ വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ, മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, വീട്ടുവളപ്പിലെ കോഴിവളർത്തൽ, താറാവ് വളർത്തൽ, ടർക്കി കോഴി വളർത്തൽ, തീറ്റപ്പുൽകൃഷി, എമു വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ, കാടക്കോഴി വളർത്തൽ, നായവളർത്തൽ, പോത്തുകുട്ടി പരിപാലനം, ഓമനപ്പക്ഷികളുടെ പരിപാലനം എന്നീ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

(ഡി) വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ?

വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് പുറമെ, റീബിൽഡ് കേരളയുടെ കീഴിലുള്ള ഉപജീവനപദ്ധതികൾ, സംസ്ഥാനപദ്ധതികളിലെ ഗുണഭോക്തൃ പദ്ധതികൾ എന്നിവയും സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ചുവടെപ്പറയുന്ന സംസ്ഥാന പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

2. കന്നുകാലി വികസന പദ്ധതി

3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)

4. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

5. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്

6. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

7. ആട് വളർത്തൽ യൂണിറ്റുകൾ

8. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

9. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി.

10. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ

a) ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം

b) മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

c) വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി

11. വെറ്ററിനറി സേവനം

12. കർഷക പരിശീലന പരിപാടികൾ.

**വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ പ്രവർത്തനം**

13(*73) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അപേക്ഷിച്ച് പതിനഞ്ച് ദിവസത്തിനകം കുടിവെള്ള കണക്ഷൻ നൽകുന്ന തരത്തിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ആധുനീകരിക്കാനും ശക്തിപ്പെടുത്താനും സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

അപേക്ഷിച്ച് പതിനഞ്ചു ദിവസത്തിനകം കുടിവെള്ള കണക്ഷൻ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ ഭാഗികമായി നടപ്പിലാക്കി തുടങ്ങി. ചില സ്ഥലങ്ങളിൽ റോഡ് കട്ടിങ്ങിന്റെ അനുമതിക്കുള്ള കാലതാമസം കൊണ്ട് മാത്രമാണ് കണക്ഷനുകൾ നൽകുവാൻ താമസിക്കുന്നത്. കൂടാതെ ജല ജീവൻ മിഷൻ വഴി ഗ്രാമീണ മേഖലയിൽ ഗാർഹിക കണക്ഷനുകൾ വളരെ വേഗത്തിൽ നൽകി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കുടിവെള്ള ചാർജിൽ വർദ്ധനവ് വരുത്തിയിരുന്നോ; ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് ചെലവാകുന്നതിനേക്കാൾ ഏറെ കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കാതിരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കുടിവെള്ള ചാർജിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് ചെലവാകുന്നതിനേക്കാൾ ഏറെ കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതുകൊണ്ട് കേരള വാട്ടർ അതോറിറ്റിയുടെ വരവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. ഇത് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമതയെ

ബാധിക്കാതിരിക്കാൻ വിതരണ ശൃംഖല പരമാവധി വിപുലപ്പെടുത്തി ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സർക്കാർ നൽകുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് ഈ കുറവ് ഭാഗികമായി നികത്തുന്നത്.

(സി) പ്രധാന നഗരങ്ങളിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കുകയെന്ന പരിപാടിയുടെ പുരോഗതി അറിയിക്കാമോ; തലസ്ഥാന നഗരിയിൽ കുടിവെള്ള വിതരണം വിപുലീകരിക്കാൻ സാധ്യമായിട്ടുണ്ടോ?

എ.ഡി.ബി. ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടപ്പിലാക്കുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്. വിതരണ നഷ്ടം പരമാവധി കുറച്ച് 24 മണിക്കൂറും ഗുണമേന്മയുള്ള കുടിവെള്ള വിതരണം ഉറപ്പാക്കാനായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2511 കോടി രൂപയുള്ള ഭരണാനുമതി 7-2-2020-ൽ നൽകിയിട്ടുള്ളതാണ്. എ.ഡി.ബി.യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിൽ ചെലവ് പങ്കിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ നടപ്പാക്കലിനായി സർക്കാർ തലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി, അപ്പക്സ് കമ്മിറ്റി എന്നിവ 21-4-2020-ൽ രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് ആന്റ് സൂപ്പർവിഷൻ കൺസൾട്ടന്റിനെ (PMSC) തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് (EoI), ടേംസ് ഓഫ് റഫറൻസ് (ToR) എന്നിവ എ.ഡി.ബി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടിവെള്ള വിതരണം വിപുലീകരിക്കാൻ സാധിക്കും.

**പെസ നിയമം**

14(*74) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:**

(എ) ആദിവാസികൾ കൂടുതലുള്ള പ്രദേശങ്ങളെ പ്രത്യേക മേഖലകളാക്കി പ്രഖ്യാപിച്ച് അവർക്ക് പ്രാതിനിധ്യമുള്ള ഗ്രാമപഞ്ചായത്ത് നിയമം നടപ്പാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്. ആദിവാസി ശാക്തീകരണത്തിനായി പെസ നിയമം - 1996, കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമത്തിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ, പട്ടികപ്രദേശങ്ങൾ (Scheduled area) ആയി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതുണ്ട്. ഇപ്രകാരം 'പട്ടികപ്രദേശങ്ങൾ' ആയി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനായി പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതിനായി 17-5-2017-ലെ ജി.ഒ(എം.എസ്) നമ്പർ 38/2017/പജപവവിവ പ്രകാരം ഹയർ ലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) 1996-ൽ പാർലമെന്റ് പാസ്സാക്കിയ പെസ നിയമം എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**നിശാപാർട്ടികളിലെ ലഹരി ഉപയോഗം**

15(*75) ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന നിശാപാർട്ടികളിൽ വ്യാപകമായ തോതിൽ കഞ്ചാവും മറ്റ് ലഹരി മരുന്നുകളും ഉപയോഗിച്ചുവരുന്നത് കണ്ടെത്തി തടയുന്നതിൽ എക്സൈസ് വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ?

ഇല്ല. നിശാപാർട്ടികളിലും മറ്റും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് എക്സൈസ് വകുപ്പ് സമഗ്രമായ അന്വേഷണങ്ങൾ നടത്തിവരുന്നു. കൂടാതെ വിവരശേഖരണം നടത്തുന്നതിനും നിശാപാർട്ടികൾ കണ്ടെത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിശാപാർട്ടി സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ആലുവ റെയ്ഞ്ചിൽ 8-12-2018-ൽ സി.ആർ.18/2018 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അഞ്ച് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാന എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രഹസ്യ വിവരശേഖരണത്തിനും മറ്റുമായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നു. എക്സൈസ് ഇന്റലിജൻസ് വിഭാഗം മദ്യ-മയക്കുമരുന്നു കടത്ത് സംബന്ധിച്ച് വിവര ശേഖരണം നടത്തി ഫീൽഡ് യൂണിറ്റുകൾക്ക് നൽകുന്നുണ്ട്. രഹസ്യ വിവര ശേഖരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നിർദ്ദേശം ഡിവിഷണൽ ഇന്റലിജൻസ് യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. നിലവിൽ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന് ഓരോ ജില്ലയിലും ഒരു എക്സൈസ് ഇൻസ്പെക്ടർ, 5 പ്രിവന്റീവ് ഓഫീസർ എന്ന നിലയിലാണ് തസ്തിക അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ പ്രാപ്തരും വിവരശേഖരണത്തിൽ സമർത്ഥരുമായിട്ടുള്ള ജീവനക്കാരെ ഇന്റലിജൻസ് വിഭാഗത്തിൽ നിയമിക്കുന്നതിനും ടി ജീവനക്കാർക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി മുക്ത നവകേരളം**

16(*76) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. വി. ടി. ബൽറാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത നവകേരളം എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യത്തോടെയാണ് 2016 ഒക്ടോബർ മാസത്തിൽ കേരള സംസ്ഥാന ലഹരിവർജ്ജനമിഷൻ 'വിമുക്തി' രൂപീകരിച്ചത്. ഇതിന്റെ ഭാഗമായി 2019 നവംബർ 1 മുതൽ ' നാളത്തെ കേരളം ലഹരിമുക്ത നവ കേരളം' എന്ന പേരിൽ തീവ്രയത്ന ബോധവത്കരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കുട്ടികളും യുവാക്കളുമാണ് ലഹരി ദുരുപയോഗത്തിൽ എളുപ്പത്തിൽ വഴുതി വീഴാൻ സാധ്യതയുള്ളത് എന്നതിനാൽ സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച്, പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ

ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. ലഹരിക്കെതിരായ ആശയങ്ങൾ വ്യാപകമാക്കുന്നതിനായി വിമുക്തിജ്വാല, ലഹരിക്കെതിരെയുള്ള സന്ദേശങ്ങളുമായി ഭവന സന്ദർശനങ്ങൾ, യുവാക്കളേയും വിദ്യാർത്ഥികളേയും ലഹരിയുടെ പിടിയിൽ അകപ്പെടാതെ അവരുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനായി' ലഹരിക്കെതിരെ കായിക ലഹരി' എന്ന ആശയവുമായി വിവിധ കായിക മത്സരങ്ങൾ, ആദിവാസി-തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് യുവാക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസുകൾ, ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെയുള്ള സായാഹ്ന ചർച്ചകൾ, ലഹരിക്കെതിരെ ദീപം തെളിയിക്കൽ, ആദിവാസി മേഖലയ്ക്കായുള്ള ലഹരിമുക്തഗ്രാമം പദ്ധതിപ്രകാരം കരിയർ ഗൈഡൻസ് സെന്റർ, കായിക പരിശീലനം, ലൈബ്രറി സൗകര്യം, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി തുടങ്ങിയവയും വിമുക്തിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ലഹരി മോചന ചികിത്സ നൽകി സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി 'വിമുക്തി' മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, 3 മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

(ബി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വ്യക്തികളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന മാരകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും ലഹരി വിപത്തിൽ നിന്നും സമൂഹത്തെ സംരക്ഷിക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ സാധിച്ചതായി വിലയിരുത്തുന്നുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(സി) കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഉടലെടുത്തിട്ടുള്ള കനത്ത മാനസികസംഘർഷത്തിന്റെ അന്തരീക്ഷത്തിൽ കൂടുതൽ പേരെ ലഹരിയുടെ വഴിയിലേയ്ക്ക് നയിക്കുവാൻ ലഹരി മാഫിയയുടെ ഭാഗത്തുനിന്ന് ശ്രമം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഇല്ല. കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഉടലെടുത്തിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിദ്യാർത്ഥികളേയും യുവാക്കളേയും ലക്ഷ്യമിട്ട് "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ വനിത-ശിശുവികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് ഓൺലൈൻ മുഖേന ലഹരിക്കെതിരെ വെബിനാറുകൾ, കഥ-കവിതാ രചനാ മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ലോക്ക്ഡൗൺ കാലയളവിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും ചികിത്സയും നൽകുന്നതിന് 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകളിലൂടെയുള്ള ചികിത്സാ സൗകര്യവും

14405 എന്ന ടോൾഫ്രീ നമ്പർ മുഖേന 24 മണിക്കൂറും സൗജന്യ ടെലിഫോൺ കൗൺസിലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലയളവിൽ കലാസാംസ്കാരിക സമിതികളും മറ്റ് കൂട്ടായ്മകളും സംഘടിപ്പിക്കുന്ന ഓൺലൈൻ വെബിനാറുകളിലും ക്ലാസുകളിലും എക്സൈസ് വകുപ്പിലെ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള സന്ദേശവും ക്ലാസുകളും നൽകിവരുന്നു.

(ഡി) വിദ്യാർത്ഥികളെയും യുവാക്കളെയും ലഹരിക്കെതിരെ അണി നിരത്തുവാൻ സർക്കാർ തലത്തിൽ നടത്തുന്ന ശ്രമങ്ങൾ വിജയപ്രദമാണോ; വിശദമാക്കുമോ?

അതെ. ലഹരിക്കെതിരെ കായിക ലഹരി എന്ന മുദ്രാവാക്യവുമായി സംഘടിപ്പിക്കപ്പെട്ട കലാകായിക മത്സരങ്ങളിലും " Run against Drugs" എന്ന മുദ്രാവാക്യവുമായി സംഘടിപ്പിക്കപ്പെട്ട ഹാഫ് മാരത്തോൺ മത്സരങ്ങളിലുമുണ്ടായ യുവജന പങ്കാളിത്തം വെളിവാക്കുന്നത് ഈ ദിശയിലുള്ള സർക്കാരിന്റെ ശ്രമങ്ങൾ ഫലപ്രദമാണെന്നതാണ്.

## വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ

17(*77) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' -ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആഭിമുഖ്യത്തിൽ വിവിധതരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ കൗൺസിലിംഗും, ലഹരിമോചന ചികിത്സയും നൽകിവരുന്നു. ഇതിനുപുറമേ 2019 നവംബർ മുതൽ ' നാളത്തെകേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ തീവ്രയത്ന ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചിരുന്നു.

(ബി) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി ഈ സർക്കാർ രൂപീകരിച്ച വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയടക്കം പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള വിവിധങ്ങളായ ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനം. ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ലഹരി മോചന ചികിത്സ നൽകി സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും 3 മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് വിമുക്തി മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്?

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, വനം, സാമൂഹ്യക്ഷേമം, വനിത-ശിശുവികസനം മുതലായ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടങ്ങിയവയുടെ ഏകോപനത്തിലൂടെയാണ് വിമുക്തി മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്.

(ഡി) ലഹരി ഉപയോഗത്തിനെതിരെ എന്തെല്ലാം ബോധവത്കരണ പ്രവർത്തനങ്ങളാണ് മിഷൻ നടത്തിവരുന്നത്?

'വിമുക്തി' -യുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ, ലഹരിക്കെതിരെ ദീപം തെളിയിക്കൽ, ലഹരി വിരുദ്ധ സന്ദേശ പ്രചരണവുമായി ഭവന സന്ദർശനം എന്നിങ്ങനെയുള്ള വിവിധങ്ങളായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയും വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ പ്രതിപാദിക്കുന്ന ബോധവത്കരണ പവലിയനുകൾ, ഫ്ളോട്ടുകൾ എന്നിവ തയ്യാറാക്കിയും അവതരിപ്പിച്ചുവരുന്നു. യുവാക്കളെയും വിദ്യാർത്ഥികളെയും ലക്ഷ്യമിട്ട് ലഹരിക്കെതിരെ കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ കരിയർ ഗൈഡൻസ് സെന്ററുകൾ, ലൈബ്രറികൾ എന്നിവ ആരംഭിച്ച് പ്രവർത്തിക്കുന്നു. ലോക പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം,

ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ചും അല്ലാതെയും എഫ്.എം റേഡിയോകൾ, ടി.വി.ചാനലുകൾ, പത്രമാധ്യമങ്ങൾ, എന്നിവയിലൂടെ വിമുക്തി സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്. മലയാള സിനിമാ ലോകത്തെ പ്രമുഖ താരങ്ങളുടെ ലഹരിക്കെതിരായ സന്ദേശം നവമാധ്യമങ്ങളിലൂടെയും ടി.വി. ചാനലുകളിലൂടെയും പ്രചരിപ്പിക്കുന്നുണ്ട്. ആദിവാസി തീരദേശ, പട്ടികജാതി കോളനികളിൽ ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എക്സൈസ് ജീവനക്കാർ നേരിട്ടും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയും ഭവന സന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് ലഹരിക്കെതിരെ സായാഹ്ന ചർച്ചകൾ ഉൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ഇ) ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥി യുവജന സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിമുക്തിയുടെ എല്ലാ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നത്. വിവിധ സാമൂഹ്യ സംഘടനകൾ സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ കൂട്ടായ്മകളിൽ എക്സൈസ് വകുപ്പിൽ നിന്നുള്ള പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ക്ലാസ്സുകൾ നൽകിവരുന്നു. എല്ലാ പ്രധാനപ്പെട്ട ഉത്സവ വേളകളിലും 'വിമുക്തി'യുടേതായ പവിലിയനുകൾ സംഘാടകരുടെ സഹകരണത്തോടെ സ്ഥാപിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-രക്ഷാകർത്തൃ സമിതികൾ മുഖാന്തരവും ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പൊതു പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

**നോക്കുകൂലി സമ്പ്രദായം**

18(*78) <u>ഡോ. എം. കെ. മുനീർ:</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>

<u>ശ്രീ. സി. മമ്മൂട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി സമ്പ്രദായം നിയമംമൂലം അവസാനിപ്പിച്ചിട്ടുണ്ടോ?

30-4-2018-ലെ ജി.ഒ.(ആർ.ടി)നമ്പർ 511/2018/തൊഴിൽ ഉത്തരവ് പ്രകാരം, ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ പ്രവണത തുടരുന്നതായി സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായ പ്രവർത്തനങ്ങൾ കോട്ടയം, പാലക്കാട് ജില്ലകളിൽ നടന്നിട്ടുള്ളതായ പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) എങ്കിൽ എന്ത് നിയമനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കോട്ടയം വൈക്കം കുന്നംകാട്ടു കരയിൽ ഓമന ചന്ദ്രശേഖരന്റെ വീടുപണിക്കുള്ള സാധനങ്ങൾ ഇറക്കുന്നതിന് യൂണിയനുകൾ അമിത കൂലിയും ചെയ്യാത്ത ജോലിക്ക് കൂലിയും ആവശ്യപ്പെട്ടു എന്ന പരാതിയിൽ വൈക്കം അസിസ്റ്റന്റ് ലേബർ ഓഫീസർ ഇടപെടുകയും തർക്കം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി കുരിശുംമൂട് പ്രദേശത്ത് ശ്രീ. നബിൻ കോയയുടെ വീടുപണിയുമായി ബന്ധപ്പെട്ട് ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നെങ്കിലും പരാതിയിൽ ഇപ്രകാരം കൂലി ആവശ്യപ്പെട്ട തൊഴിലാളികളുടേയോ, യൂണിയന്റെയോ വിവരങ്ങൾ ഇല്ലാതിരുന്നതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പരാതിക്കാരനോട് പലതവണ ആവശ്യപ്പെട്ടിട്ടും ഹാജരാവുകയോ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിൽ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ പരിധിയിൽ ഏ.ഡി. അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ സാധനങ്ങൾ ഇറക്കിയതുമായി ബന്ധപ്പെട്ട് ചുമട്ടു തൊഴിലാളികൾ ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെട്ടു എന്ന പരാതിയിൽ ഉൾപ്പെട്ട 13 തൊഴിലാളികളുടെയും ജോലി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ആലത്തൂർ ഉപകാര്യാലയം ചെയർമാൻ, ഒരു മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്തിരുന്നു. ടി വിഷയത്തിൽ കാർഡ് റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഡെപ്യൂട്ടി ലേബർ ഓഫീസർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ കോവിഡ് വ്യാപനം

19(*79) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്നത് തടയുന്നതിന് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്?

പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ കോവിഡ്-19 രോഗപ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാൻഡ് വാഷ്, വ്യക്തിശുചിത്വം, മാസ്കിന്റെ ഉപയോഗം, പൊതു ഇടങ്ങളിൽ ശാരീരിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പറ്റി വിപുലമായ രീതിയിൽ ബോധവത്കരണം നൽകുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതു ഭാഷയിൽ കോവിഡ്-19 പ്രതിരോധ ബോധവത്കരണ വീഡിയോകൾ തയ്യാറാക്കി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ പട്ടികവർഗ്ഗക്കാർക്കും പുനരുപയോഗിക്കാവുന്ന മാസ്കുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴിയും രോഗപ്രതിരോധ ബോധവത്കരണവും പതിവ് ആരോഗ്യ പരിശോധനയും മരുന്നു വിതരണവും നടത്തിവരുന്നു. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണവും നടത്തിവരുന്നു.

(ബി) എത്ര ആദിവാസികൾക്ക് ഇതിനകം കോവിഡ് ബാധയുണ്ടായിയെന്നും അതിൽ എത്ര പേർ മരണപ്പെട്ടുവെന്നും ഉള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ ആകെ 2836 പട്ടികവർഗ്ഗക്കാർക്ക് രോഗബാധ ഉണ്ടാകുകയും 2439 പേർ രോഗമുക്തി നേടുകയും 35 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. 362 പേർ നിലവിൽ ചികിത്സയിലും 973 പേർ നിരീക്ഷണത്തിലും കഴിയുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നെടുമങ്ങാട്, ഇടുക്കി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, HLL, KMSCL എന്നിവ മുഖേന 12 ജില്ലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ ഊരുകളും സങ്കേതങ്ങളും കേന്ദ്രീകരിച്ച് പരിശോധനയും രോഗ നിർണ്ണയവും നടത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഊരുകളിലെ പട്ടിണിയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തൊക്കെ പ്രത്യേക ഇടപെടലുകളാണ് കോവിഡ് കാലത്ത് നടത്തിയത്; വിശദമാക്കാമോ?

കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് 60 വയസ്സിനു മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗക്കാർക്ക് പോഷകാഹാരം വിതരണം നടത്തിയിട്ടുണ്ട്. കാലവർഷക്കെടുതിമൂലവും, കോവിഡ് ബാധമൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതികൾക്കായി 24,87,91,653 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ, KWA, കേരള ഫയർ & റെസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**ക്ഷീരമേഖലയുടെ വികസനം**

20(*80) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയിൽ കൈവരിക്കാനായ മികവ് സുസ്ഥിരമാക്കുന്നതിനും വിപണന രംഗത്ത് സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപണി വ്യാപനത്തിനും വൈവിധ്യവൽക്കരണത്തിനും സഹായം നൽകി വരുന്നുണ്ടോ?

ഉണ്ട്.

(ബി) ഈ രംഗത്ത് യന്ത്രവൽക്കരണത്തിനും തീറ്റപ്പുൽ കൃഷിയുടെ വ്യാപനത്തിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ 254 ഹെക്ടർ സ്ഥലത്ത് സർക്കാർ ധനസഹായത്തോടു കൂടി തീറ്റപ്പുൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ക്ഷീര മേഖലയിലെ യന്ത്രവൽക്കരണത്തിനായി വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. കറവ യന്ത്രം, ചാഫ് കട്ടർ, മറ്റ് യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്

ക്ഷീരകർഷകർക്ക് സബ്സിഡി നൽകിവരുന്നു. കൂടാതെ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ഭാഗമായിട്ടുള്ള ഫോഡർ കൾട്ടിവേഷൻ പദ്ധതിക്കായി 123.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് ഒരു ഹെക്ടർ എങ്കിലും ഭൂമിയുള്ള സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പുൽകൃഷി തുടങ്ങുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) മൃഗചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും കർഷകർക്ക് താങ്ങാവുന്ന ചെലവിൽ രാത്രികാലത്തുൾപ്പെടെ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ കൂടാതെ 26 മൃഗാശുപത്രികളിൽ രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെ ചികിത്സാ സേവനം ലഭ്യമാക്കുന്നുണ്ട്. ഇവിടെ രാത്രികാല അടിയന്തര ചികിത്സാ സൗകര്യവും ലഭ്യമാക്കി 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ ആധുനിക സൗകര്യങ്ങളോടെ ഒരു മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിയും പ്രവർത്തിച്ചുവരുന്നു. മൃഗാശുപത്രികളുടെ പ്രവർത്തനം കഴിഞ്ഞ ശേഷം, രാത്രികാലങ്ങളിൽ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ വീട്ടു പടിക്കൽ നൽകുന്ന രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി 152 ബ്ലോക്കുകളിലെ മൃഗാശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകരുടെ ഉരുക്കൾക്ക് അടിയന്തര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റുകൾ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനുമായി അനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്.

## പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനം

21(*81) <u>ശ്രീ. ബി. ഡി. ദേവസ്സി</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ വ്യാപകമായി ഉണ്ടായ മാതൃ-ശിശു മരണങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും താത്കാലികവും സുസ്ഥിരവുമായ രീതിയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ഭക്ഷ്യ സഹായ പദ്ധതി

മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു. ഭക്ഷ്യ സഹായ പദ്ധതി പ്രകാരം പ്രതിമാസം വിതരണം ചെയ്യുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു:

1. അരി - 15 കി.ഗ്രാം
2. ചെറുപയർ/വൻപയർ - 1 കി.ഗ്രാം
3. കടല - 1 കി.ഗ്രാം
4. വെളിച്ചെണ്ണ - 1 ലിറ്റർ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സഹായ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2016-17 | 1696.46 |
| 2017-18 | 2376.15 |
| 2018-19 | 1850.75 |
| 2019-20 | 2527.00 |
| 2020-21 | 2378.81 |

കമ്മ്യൂണിറ്റി കിച്ചൻ

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ് കമ്മ്യൂണിറ്റി കിച്ചൻ അഥവാ സമൂഹ അടുക്കള. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണചുമതല അതാത് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് നൽകിയിരിക്കുന്നത്. ഭക്ഷണം പാകം ചെയ്യാനുള്ള സാമഗ്രികൾ സർക്കാർ മാവേലി സ്റ്റോറുകളിൽ നിന്നാണ് വാങ്ങുന്നത്. പാചകത്തിന് ആവശ്യമായ പച്ചക്കറികൾ, വിറകുകൾ എന്നിവ ഭക്ഷണം പാകം

ചെയ്യുന്നവർ ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ പാചകക്കാരായ പട്ടികവർഗ്ഗക്കാർക്ക് ചെറിയ ഒരു വരുമാനവും ഇതിലൂടെ ലഭിക്കുന്നു. സമൂഹ അടുക്കള പദ്ധതിയുടെ തുടക്കത്തിൽ വൈകുന്നേരം ഒരു നേരം ഭക്ഷണം പാകം ചെയ്ത് ഊരിലുള്ള ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സു വരെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, വൃദ്ധർ എന്നിവർക്ക് വന്ന് ഒരുമിച്ചിരുന്ന് കഴിക്കാവുന്ന രീതിയിലാണ് നടപ്പിലാക്കി വരുന്നത്. പാരമ്പര്യഭക്ഷണ വിഭവങ്ങളായ റാഗി, ചാമ, ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയും സമൂഹ അടുക്കളയുടെ ഭാഗമായി ഉപയോഗിച്ചു വരുന്നു. 2016-17 മുതൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും രാവിലെയും ഉച്ചയ്ക്കും കൂടി ഭക്ഷണം നൽകിവരുന്നുണ്ട്.

സമൂഹ അടുക്കള നടത്തിപ്പിന് ആവശ്യമായ ജൈവ പച്ചക്കറികൾ അതാത് ഊരുകളിൽ ഉത്പാദിപ്പിക്കുന്ന നിരവധി അയൽക്കൂട്ടങ്ങൾ അട്ടപ്പാടിയിൽ സജീവമാണ്. ഇതുമൂലം ഒരു ഉപജീവന മാർഗ്ഗത്തിലുള്ള ഉപാധി കൂടിയായി ഈ പദ്ധതി മാറിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനു വേണ്ടിയും സമൂഹ അടുക്കള പ്രവർത്തിച്ചു വരുന്നതിനാൽ രോഗികൾക്കും ഇത് വലിയ അളവിൽ ആശ്വാസം നൽകുന്നുണ്ട്.

തങ്ങളുടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് തങ്ങളുടെ ഉത്തരവാദിത്വവും അവകാശവുമാണെന്ന തിരിച്ചറിവ് ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം പട്ടികവർഗ്ഗ മേഖലയിൽ വലിയ സാമൂഹിക മുന്നേറ്റം ഉണ്ടാക്കുന്നതിൽ തുടക്കം കുറിക്കുകയാണ്.

പട്ടികവർഗ്ഗ മേഖലയിൽ കേരള സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും കുടുംബശ്രീ മിഷന്റെയും ആഭിമുഖ്യത്തിൽ നടത്തി വരുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി അട്ടപ്പാടി, വയനാട് മേഖലയിൽ വലിയ തോതിലുള്ള പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്.

2013-14 വർഷങ്ങളിൽ നവജാത ശിശുക്കളുടെ ഭാരം (Birth weight) കേവലം ഒന്നോ ഒന്നര കിലോയോ ആയിരുന്നു. എന്നാൽ സ്ത്രീകളുടെ വിശേഷിച്ചും ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് സർക്കാർ നൽകിവരുന്ന മുന്തിയ പരിഗണന, പ്രത്യേകിച്ചും പോഷകാഹാരം ലഭ്യമാക്കുന്ന കാര്യത്തിൽ വലിയ മാറ്റമാണ് ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിൽ ഉണ്ടാക്കുവാൻ കഴിഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 23.13 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

മില്ലറ്റ് വില്ലേജ്

ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുന:സ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ 'അട്ടപ്പാടി മില്ലറ്റ് വില്ലേജ്' എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 'പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ 'നമത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശു ഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.

2020-21 മുതൽ മറ്റ് ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 100 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചീങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സമർപ്പിച്ച പ്രോജക്ടുകളിൽ ആദ്യഘട്ടത്തിൽ അട്ടപ്പാടി ഫാം നവീകരണത്തിനായി 150.00 ലക്ഷം രൂപയും ആറളം ഫാമിനായി 300 ലക്ഷം രൂപയും പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതും ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ പോഷകനിലവാരം വർദ്ധിപ്പിക്കുന്നതുമാണ്.

(ബി) കാർഷിക രംഗത്തും മറ്റ് പരമ്പരാഗത തൊഴിൽ മേഖലകളിലും പ്രോത്സാഹനം നൽകി ജീവിതഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ആധുനിക തൊഴിൽ മേഖലകളിൽ പട്ടിക ഗോത്രങ്ങളിൽപ്പെട്ട യുവജനതയുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് വികസന മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനുള്ള പരിപാടികൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിൽപ്പെട്ട യുവജനതയുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് കാർഷിക രംഗത്തും മറ്റ് പരമ്പരാഗത തൊഴിൽ മേഖലകളിലും പ്രോത്സാഹനം നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികൾക്കാണ് മുൻതൂക്കം നൽകി വരുന്നത്.

"ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക" എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്.

കൂടാതെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2895 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവ. ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

നൈപുണ്യ വികസനത്തിനും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമാണ് പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും ഊന്നൽ നൽകുന്നത്. സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

<u>ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>

<u>നൈപുണ്യപരിശീലനം</u> : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 16 സ്ഥാപനങ്ങളുമായി ചേർന്ന് 46 കോഴ്സുകളിലായി 5658 പേർക്ക് പരിശീലനം നൽകിയതിൽ 2990 പേർക്ക് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തി. ഇതിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു.

<u>എംപ്ലോയ്മെന്റ് സ്പെഷ്യൽ ഡ്രൈവ്</u>:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

<u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u> :

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

സെന്റർ ഫോർ സ്കിൽ എക്സലൻസ് :

2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഫോർ സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലെയ്സ്മെന്റ് നൽകി. ടി സ്ഥാപനത്തിൽ 300-ഓളം വിദ്യാർത്ഥികൾക്ക് ഒരേ സമയം പരിശീലനം നൽകുന്നതിന് സാധിക്കും.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:

വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യൂണിഫോമും നൈറ്റ് ഡ്രെസുകളും ഇവിടെ തുന്നുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ 2020-21 വർഷം പദ്ധതിയുടെ രണ്ടാം ഘട്ടം എന്ന നിലയിൽ വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ 350 പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലന പരിപാടിക്കായി (അപ്പാരൽ പാർക്ക്) 673.49 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി ആരംഭിച്ചു.

ഗോത്രജീവിക

ഗോത്രജീവിക പരിപാടിയിൽ നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട പ്രവൃത്തികളായ നിർമ്മാണ പ്രവൃത്തികൾ, പ്ലംബിംഗ്, വൈദ്യുതീകരണം, മരപ്പണി തുടങ്ങിയവയിൽ ഇതുവരെ 1170 പട്ടികവർഗ്ഗ യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് പരിശീലനം നൽകി. 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെയും മറ്റുള്ളവരുടെയും വീടുകൾ ഏറ്റെടുത്ത് നിർമ്മിച്ചുവരുന്നു. സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുപുറമെ ഈ പരിപാടിയിലൂടെ ഗോത്രവർഗ്ഗ ഭവന നിർമ്മാണത്തിനുള്ള ഇടനിലക്കാരെ ഒഴിവാക്കുന്നതിന് സാധിക്കുന്നു. 2021-22 വർഷത്തിൽ പദ്ധതിയുടെ രണ്ടാം ഘട്ടമായി 1050 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പരമ്പരാഗത മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ

തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക. കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 32.33 കോടി രൂപ ചെലവഴിച്ച് 100 ദിവസം വരെ 57521 പേർക്കും 100 ദിവസത്തിന് മുകളിൽ 46910 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും തൊഴിൽ ലഭിച്ചു.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

### മില്ലറ്റ് വില്ലേജ്

ആദിവാസി സമൂഹത്തിന്റെ അന്യംനിന്നുപോയ പാരമ്പര്യകൃഷി പുന:സ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

### പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20-ൽ "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക

കാർഷിക ഉദ്യമം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2019-20 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി അട്ടപ്പാടിയിൽ "നമത് വെള്ളാമെ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവ കൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി 1671 ഏക്കർ തരിശു ഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് ടി പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചു. ഇതിനായി നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.

2020-21 മുതൽ മറ്റ് ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നിന്നുമായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിൽ ആദ്യഘട്ടമായി 100 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

2021-22 വർഷത്തിൽ വിപുലമായ ഫാം പുനരുജ്ജീവന പദ്ധതികൾ അട്ടപ്പാടി, ആറളം, ചീങ്ങേരി എന്നീ ഫാമുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. ആദ്യഘട്ടത്തിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സമർപ്പിച്ച പ്രോജക്ടുകളിൽ അട്ടപ്പാടി ഫാം നവീകരണത്തിനായി 150.00 ലക്ഷം രൂപയും ആറളം ഫാമിനായി 300 ലക്ഷം രൂപയും പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതിനും പട്ടിക വർഗ്ഗക്കാരുടെ പോഷക നിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

<u>കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽക്കൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള, ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് 2,000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയം സഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാൻ കഴിഞ്ഞു.

മിൽമ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധി പദ്ധതികൾ

2016-17 മുതൽ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ മിൽമ മുഖേന ക്ഷീരവികസനവുമായി ബന്ധപ്പെട്ട് 1568.75 ലക്ഷം രൂപ ചെലവഴിച്ച് 645 പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) ദാരിദ്ര്യം മാറ്റുന്നതിന് പ്രത്യേക തൊഴിലുറപ്പ് പദ്ധതി വഴിയും യന്ത്രവൽക്കരണമുൾപ്പെടെ പ്രാവർത്തികമാക്കിക്കൊണ്ട് കൃഷിരീതികൾ നവീകരിച്ചുകൊണ്ടും നടത്തുന്ന പ്രവർത്തനങ്ങളുടെ നേട്ടം വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഫാമുകളെക്കുറിച്ച് പഠനം നടത്തുകയും ആയതിലൂടെ നിലവിലുള്ള കൃഷി രീതികളുടെ പോരായ്മകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ യന്ത്രസാമഗ്രികളുടെ സഹായത്താൽ കൃഷിയെ ആധുനികവത്കരിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ടും ഇതിനകം അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിവരുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ നാളിതുവരെ 126816 പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 71964 പേർക്ക് ട്രൈബൽ പ്ലസ് പ്രകാരം തൊഴിൽ ലഭിക്കുകയുണ്ടായി.

കേരള ട്രൈബൽ പ്ലസ് പദ്ധതിക്കായി നാളിതുവരെ 32.33 കോടി രൂപ ചെലവഴിച്ച് 100 ദിവസം വരെ 57521 പേർക്കും 100 ദിവസത്തിന് മുകളിൽ 46910 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും തൊഴിൽ ലഭിച്ചു.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

2019-20 സാമ്പത്തിക വർഷം ആരംഭിച്ച വരുമാനദായക കാർഷിക ഉദ്യമപദ്ധതിയിലൂടെ നാളിതുവരെ 1671 ഏക്കർ തരിശു ഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. 34 ഊരുകളിലായി 1208 കർഷകർക്ക് ടി പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചു. ഇതിനായി നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർപദ്ധതിയായി നടപ്പിലാക്കിവരുന്നു.

വർഷങ്ങളായി കൃഷിയോഗ്യമല്ലാതെ കിടന്നിരുന്ന ഭൂമിയെ യന്ത്രവത്കൃത സഹായത്തോടുകൂടി കൃഷിക്ക് അനുയോജ്യമാക്കുകയും ആയതിലൂടെ അതത് പ്രദേശത്തെ കർഷകർക്ക് ഉയർന്ന വിളവും വരുമാനവും ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി അട്ടപ്പാടിയിൽ വിജയകരമായി നടപ്പിലാക്കിയ ഈ കൃഷി രീതി ഇടുക്കി, വയനാട് ജില്ലയിലും നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നിന്നുമായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിൽ ആദ്യഘട്ടമായി 100 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം

22(*82) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി **നൽകുമോ:**

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം മറ്റ് വിഭാഗക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിന്നാക്കമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) അതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) ഇല്ല. പ്രദേശപരമായ ഒറ്റപ്പെടൽ, മറ്റു ഭൗതിക സാഹചര്യങ്ങളുടെ കുറവ് എന്നീ കാരണങ്ങളാൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ശരിയാംവണ്ണം ഉപയോഗിക്കുവാൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിമിതികളുണ്ട്. ഇവ മറികടക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അതിനാൽ ഇവരുടെ വിദ്യാഭ്യാസ നിലവാരത്തിൽ കാര്യമായ ഉയർച്ച ദൃശ്യമാണ്. 2019-20 അധ്യയനവർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം 88% ഉം +2 പരീക്ഷ എഴുതിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം 67 ശതമാനവുമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയശതമാനം 100% ആണ്. +2 പാസായ വിദ്യാർത്ഥികളുടെ വിജയശതമാനം

80.16% ആണ്. 2019-20-ൽ നിലവിൽ പട്ടികവർഗ്ഗക്കാരായ 376 വിദ്യാർത്ഥികൾ വിവിധ മെഡിക്കൽ കോഴ്സുകൾക്കും 324 വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് കോഴ്സുകൾക്കും പഠനം നടത്തി വരുന്നു. എം.ബി.എ, എം.സി.എ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് 54 വിദ്യാർത്ഥികളും പി.എച്ച്.ഡി-18, എം.ഫിൽ-12, പി.ജി.-606 വിദ്യാർത്ഥികളും, ബി.എഡ്, ബി.എസ്.സി. നഴ്സിംഗ്, ബിഫാം തുടങ്ങിയ കോഴ്സുകൾക്ക് 240 വിദ്യാർത്ഥികളും എൽ.എൽ.ബി/എൽ.എൽ.എം കോഴ്സിന് 42 വിദ്യാർത്ഥികളും ബിരുദ കോഴ്സുകൾക്ക് 4464 വിദ്യാർത്ഥികളും തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകൾക്ക് 853 വിദ്യാർത്ഥികളും, ടി.ടി.സി/ഡി.എഡ് കോഴ്സിന് 354 വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി തലത്തിൽ 8334 വിദ്യാർത്ഥികളും ഒന്നു മുതൽ 10-ാം ക്ലാസ് വരെ 73434 പട്ടികവർഗ്ഗ വിദ്യാർത്ഥികളും പഠനം നടത്തി വരുന്നു. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മറ്റ് വിഭാഗക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ പിന്നാക്കമല്ലെന്ന് വ്യക്തമാണ്.

(സി) അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സാമൂഹ്യപഠനമുറി</u>

പട്ടികവർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. ദേശീയതലത്തിൽതന്നെ ശ്രദ്ധേയമായ പദ്ധതിയാണ് സാമൂഹ്യപഠനമുറി. 2017-18 വർഷം 100 പഠനമുറികൾ ആരംഭിച്ചു. ടി പഠനമുറികൾ വഴി 3000 കുട്ടികൾക്ക് പഠനസൗകര്യം ലഭ്യമാക്കിവരുന്നു. 2018-19-ൽ 150 പഠനമുറികൾ ആരംഭിച്ച് 4500 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കി വരുന്നു. ഇവയിൽ 250 പഠനമുറികളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ടി പഠനമുറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യപഠന മുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. വിശദ വിവരം അനുബന്ധം (2)-ൽ ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. <u>ഗോത്രബന്ധു</u>

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലിനൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, അട്ടപ്പാടി മേഖലകളിലായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെയും കൂടി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഠനമുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് 1.42 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം</u>

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ.എസുകളെയും യുണിസെഫ് നിഷ്കർഷിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ് റൂം, 11 എം.ആർ.എസുകളിൽ കമ്പ്യൂട്ടർ ലാബ്, 8 സയൻസ് ലാബ്, 15 ലാംഗ്വേജ് ലാബ്, 16 എം.ആർ.എസുകളിൽ സ്കൂൾ റേഡിയോ, 16 എം.ആർ.എസുകളിൽ സ്റ്റീം കിച്ചൻ, 10 എം.ആർ.എസുകൾ മൾട്ടി പർപ്പസ് കോർട്ടുകൾ, 18 എം.ആർ.എസുകളിൽ മിനി മാസ്റ്റ് ലൈറ്റ്, 1 എം.ആർ.എസിൽ ഖരദ്രാവകമാലിന്യ സംസ്കരണ പ്ലാന്റ്, 18 എം.ആർ.എസുകളിൽ ജലശുദ്ധീകരണ പദ്ധതി, 13 എം.ആർ.എസുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ, 9 എം.ആർ.എസുകളിൽ ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ, 17 ഡിജിറ്റൽ ലൈബ്രറി, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഗ്നി പ്രതിരോധസംവിധാനം, 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സി.സി.റ്റി.വി. എന്നിവ സ്ഥാപിച്ചു. കൂടാതെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കരിയർ ഗൈഡൻസ് & കൗൺസിലിംഗ്, കണിയാമ്പറ്റ എം.ആർ.എസ്.ൽ ആർച്ചെറി പരിശീലന കേന്ദ്രം എന്നിവ നടപ്പിലാക്കി. വിശദ വിവരം അനുബന്ധം (1) ൽ ചേർക്കുന്നു.*

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.ക്ക് 100 % വും +2 വിന് 80.16 % വിജയവും നേടാൻ കഴിഞ്ഞിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 114 പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നിർമ്മാണ നവീകരണത്തിനായി 12.34 കോടി രൂപയും ഫർണിച്ചർ, കിടക്ക, തലയണ എന്നിവയ്ക്കായി 61.70 ലക്ഷം രൂപയും ചെലവഴിച്ചു. 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +2 ബാച്ചുകളിൽ കുട്ടികളുടെ എണ്ണം 35-ൽ നിന്നും 50 ആയി വർദ്ധിപ്പിക്കുകയും ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിലും ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതുതായി +2 ബാച്ചുകൾ ആരംഭിക്കുകയും ചെയ്തു. 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി-ക്ക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് 91.9% വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

5. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക - നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

6. ലാപ്ടോപ്പ് വിതരണം

ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം 2018-19 വർഷം 420 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2020-21 വർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു വരുന്നു.

7. വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ 2020-21 വരെ ആകെ 6 കുട്ടികൾക്ക് വിദേശപഠന സ്കോളർഷിപ്പിനായി 1,50,76,676 രൂപ അനുവദിച്ചു.

8. നൈപുണ്യ വികസന പദ്ധതി

2016-17 വർഷം മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 28 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 53 കോഴ്സുകളിലായി 5355 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. ഇവരിൽ 2646 പേർക്ക് തൊഴിൽ ഉറപ്പുവരുത്തി. ടി പരിശീലനത്തിന്റെ ഭാഗമായി 22 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്.

9. കരിയർ ഗൈഡൻസ് ജോബ് ഫെയർ

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

10. സെന്റർ ഫോർ സ്കിൽ എക്സലൻസ്

2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

11. വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയശതമാനം 87.13-ഉം പ്ലസ് ടു വിജയശതമാനം 65.24-ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ 18,329 കുട്ടികൾ പഠനം നടത്തിവരുന്നു.

പട്ടികവർഗ്ഗത്തിൽപ്പെട്ട അധ്യാപകയോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

12. ഗോത്ര സാരഥി പദ്ധതി

വിദൂരമായ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികളെ വാഹന സൗകര്യം ഏർപ്പെടുത്തി സ്കൂളിലെത്തിക്കുന്ന ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) 500 സാമൂഹ്യപഠനമുറികൾ ഒരുക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അതിൽ ചെറിയൊരു ശതമാനം മാത്രമേ ഇതിനകം പൂർത്തിയാക്കുവാൻ സാധിച്ചുള്ളുവെന്നത് വസ്തുതയാണോ?

പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ 100 സാമൂഹ്യ പഠനമുറികൾ ഉൾപ്പെടുത്തി ആകെ 500 സാമൂഹ്യ പഠനമുറികൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 250 സാമൂഹ്യ പഠനമുറികൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ച സാമൂഹ്യ പഠനമുറികളുടെ വിശദവിവരം അനുബന്ധം-(3)ൽ ചേർക്കുന്നു*. 250 സാമൂഹ്യപഠനമുറികളിൽ 100 സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിലേയ്ക്ക് കെട്ടിട സൗകര്യം ലഭ്യമായ 114 കോളനികളും കെട്ടിട സൗകര്യമില്ലാത്ത 125 കോളനികളും കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം (4) ൽ ചേർക്കുന്നു*.

(ഇ) ഈ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി സമൂഹത്തിലെ മറ്റ് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി സമൂഹത്തിലെ മറ്റ് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ്. മുതലായ പദ്ധതികളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുന്നുണ്ട്. വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ കായിക മികവ് തെളിയിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള എം.ആർ.എസ്, പ്രീമെട്രിക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി കളിക്കളം എന്ന പേരിൽ കായിക മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കാര്യവട്ടത്തുള്ള 'ലക്ഷ്മീബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ' (LNCPE)യുടെ സഹകരണത്തോടെയാണ് ഇത് നടത്തി വരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി 'സർഗോത്സവം' എന്ന പേരിൽ യുവജനോത്സവം സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിൽ വിജയികളാകുന്നവർക്ക് എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിച്ച് വരുന്നുണ്ട്.

**ശുദ്ധജലക്ഷാമം നേരിടാൻ സ്വീകരിച്ച നടപടികൾ**

23(*83) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതികഠിനമായ ചൂട് തുടരുന്ന സാഹചര്യത്തിൽ ശുദ്ധജലക്ഷാമം നേരിടാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതി വഴി ലോകബാങ്ക് ധനസഹായത്തോടെ 227 ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലുമായി 5883 സ്കീമുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഇതുവരെ 4.46 ലക്ഷം കുടുംബങ്ങൾക്ക് ജലവിതരണം നടത്തി. വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം നേരിടുന്നതിന്റെ ഭാഗമായി ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ഇനിയും പൂർത്തീകരിക്കുന്നതിനുള്ള 3 സ്കീമുകൾ പൂർത്തീകരിച്ച് 6108 കുടുംബങ്ങൾക്ക് കൂടി കൂടുതലായി കുടിവെള്ളം നൽകുവാൻ ഉദ്ദേശിക്കുന്നു. പലവിധ കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതികൾ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ച സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 994 സ്കീമുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പുനരുദ്ധരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ജലവിതരണം ക്രമീകരിച്ചും ഉപയോഗം കുറച്ചും കുടിവെള്ളക്ഷാമം നേരിടുന്നതിന് ഗുണഭോക്താക്കളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ശുദ്ധജല ക്ഷാമം നേരിടുന്നതിന് കെ.ആർ.ഡബ്ല്യൂ.എസ്.എ.യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 44 ഗ്രാമ പഞ്ചായത്തുകളിലെ 8087 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള

സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച നൽകി. സംഭരണികൾ നിർമ്മിച്ച ലഭിച്ച കുടുംബങ്ങൾക്ക് മഴക്കാലത്ത് യഥേഷ്ടം മഴവെള്ളം സംഭരിച്ച ഉപയോഗിക്കുവാനും സംഭരിച്ച വയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ഉപയോഗയോഗ്യമാക്കുവാനും ഈ പദ്ധതി സഹായകമാകുന്നു.

കൂടാതെ 14 ജില്ലകളിലായി 840 സർക്കാർ വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കിയതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. കിണർ റീചാർജിങ് പദ്ധതി വഴി 15 ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 9300 വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകളിൽ മഴവെള്ളം ശേഖരിച്ച റീചാർജ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു.

നടപ്പ സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തി 5 ഗ്രാമപഞ്ചായത്തുകളിലെ 750 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന്റെ നടപടി പുരോഗമിച്ചവരുന്നു.

സർക്കാരിന്റെ വാർഷിക പദ്ധതിയിൽ മഴവെള്ള സംഭരണം - ഭൂജല പരിപോഷണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഭൂജലവകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടത്തി വരുന്നു. 2020-21 സാമ്പത്തിക വർഷം ഭൂജലവകുപ്പിന് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 200 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ആയതിൽ 183 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്തുവാൻ ആവശ്യമായ അളവിൽ ജല സംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറിനുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അനിയന്ത്രിതമായ മണലൂറ്റ് കാരണം നദികളുടെ സംഭരണ ശേഷി നഷ്ടപ്പെടുന്നു. കുടിവെള്ള സ്രോതസ്സുകളെല്ലാം മഴയുടെ തോത് അനുസരിച്ച് മാത്രം ജല ലഭ്യതയുള്ളതിനാൽ മഴയിലുണ്ടാകുന്ന വ്യതിയാനം കുടിവെള്ള പദ്ധതികളെ ബാധിക്കാറുണ്ട്. ഈ പ്രശ്നത്തിനു ഒരു ശാശ്വത പരിഹാരം ആവശ്യത്തിന് നദികളിൽ ജലസംഭരണികൾ നിർമ്മിക്കുക എന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജല സംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. ആവർത്തിച്ചുണ്ടാകുന്ന ജല ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം

വേണ്ടരീതിയിൽ സംരക്ഷിക്കുവാനാവശ്യമായ മുൻ കരുതൽ എടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൈപ്പിലൂടെയുള്ള ജല വിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയപദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ കാലത്തും ജല ലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ, മോട്ടോറുകൾ മറ്റു അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജല ചൂഷണം, ജല ദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെ മാത്രം ആശ്രയിച്ചായതിനാൽ മഴയുടെ അളവിലുണ്ടായ കുറവ് ചില ജില്ലകളിൽ വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട് എന്നതിനാൽ സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ചൂട് വർദ്ധിക്കുകയും ശുദ്ധജല ലഭ്യതയിൽ കുറവ് ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യം സംജാതമാകയാൽ അതിനെ നേരിടുന്നതിനായി, ശുദ്ധജലലഭ്യതയുടെ പ്രധാന സ്രോതസ്സായ നദികളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് പ്രതിരോധിക്കുക, അനധികൃത ജലമെടുപ്പ് പ്രതിരോധിക്കുക, നിയന്ത്രിക്കുക, നദീതടങ്ങളിലെ ഉപരിതല ജലസംഭരണികളായ കുളങ്ങൾ/ചിറകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, തോടുകളിലെ ചളി/എക്കൽ/മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക, ചെറുതടയണകൾ/വി.സി.ബികൾ എന്നിവ നിർമ്മിക്കുകയും പുതുക്കിപ്പണിയുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതുവഴി അനാവശ്യമായി ജലം ഉപയോഗിക്കുന്നത് കുറയുന്നു.

(ബി) സംസ്ഥാനത്ത് ലഭിക്കാവുന്ന വേനൽ മഴയെ സംബന്ധിച്ച കാലാവസ്ഥാ പ്രവചനം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മാർച്ച്-മേയ് മാസങ്ങളിൽ ലഭിക്കാവുന്ന വേനൽ മഴയെ സംബന്ധിച്ച് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പോ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രമോ നിലവിൽ കാലാവസ്ഥാ പ്രവചനം നടത്തി വരുന്നില്ല.

(സി) വേനൽ മഴയിൽ കുറവുവന്നാലുണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പിനെ സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്ക് സ്രോതസ്സുള്ള ഉപരിതല, ഭൂഗർഭ ജല സ്രോതസ്സുകളിൽ സാധാരണയിൽ കവിഞ്ഞ ജല ലഭ്യതക്കുറവ് ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ലഭ്യമായ മഴയുടെ കണക്കിൽ നിന്നും ആലപ്പുഴ, കൊല്ലം, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, വയനാട് ജില്ലകളിൽ മഴ ലഭ്യതയിൽ കുറവുണ്ടായതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രം രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജല ലഭ്യത മഴയെ മാത്രം ആശ്രയിച്ചതിനാൽ മഴയുടെ അളവിലുള്ള കുറവ് ഈ ജില്ലകളിൽ വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടാകുന്നത് തടയുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങിയ അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ വരുന്ന വേനൽക്കാലത്ത് സ്രോതസ്സുകളിലെ ജലവിതാനത്തിന്റെ അടിസ്ഥാനത്തിൽ ജലവിതരണം പ്രത്യേകം ക്രമീകരിക്കുന്നതിനും പദ്ധതി ഘടകങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ അവ മുൻകൂട്ടി ചെയ്യുന്നതിനും കുടിവെള്ള സമിതികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പം വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തിയും ദുരുപയോഗം ഇല്ലാതാക്കിയും കുടിവെള്ളക്ഷാമം നേരിടുന്നതിനും ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ അണുനശീകരണ പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നതിലേയ്ക്കും എല്ലാ സമിതികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

വേനൽമഴയിൽ കുറവ് വന്നാലുണ്ടാകുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് ജലവിഭവ ആസൂത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജലവിഭവ സംരക്ഷണത്തിനും വിനിയോഗത്തിനും അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ നീർത്തട അടിസ്ഥാനത്തിൽ

(തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ) നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും പ്രസ്തുത പ്ലാനിൽ നിർദ്ദേശിക്കുന്നതിനനുസരിച്ച് കുളങ്ങൾ, തോടുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുമുണ്ട്. കൂടാതെ പുഴകളെ തന്നെ ചെറുജല സംഭരണികളാക്കി മാറ്റുന്ന ജലസംഭരണികൾ, തടയണകൾ എന്നിവ നിർമ്മിക്കുന്നു. ഇതുകൂടാതെ നദികളിലേയ്ക്കുള്ള ഓരു വെള്ളക്കയറ്റം തടയുന്നതിനായി താൽക്കാലിക തടയണകളും ആവശ്യമനുസരിച്ച് നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. ഡാമുകളിലെ ജലം കുടിവെള്ളാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത് കണക്കിലെടുത്ത് ഡാമുകളിൽ പരമാവധി ജലം സംഭരിച്ച് വിനിയോഗം ശാസ്ത്രീയമായി നിർവ്വഹിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബംഗ്ലൂരു മയക്കുമരുന്ന് കേസ്

24(*84) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ബംഗ്ലൂരു മയക്കുമരുന്ന് കേസിൽ മലയാള സിനിമ മേഖലയ്ക്ക് ബന്ധമുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) കേസിലെ മുഖ്യപ്രതി അനൂപ് മുഹമ്മദിന് കൊച്ചി കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് ഇടപാടിൽ ബന്ധം കണ്ടെത്തിയതിനെത്തുടർന്ന് കൊച്ചിയിൽ ഇവർ നടത്തിയ നിശാപാർട്ടികളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

കേസിലെ മുഖ്യപ്രതി അനൂപ് മുഹമ്മദ് കൊച്ചിയിൽ നിശാപാർട്ടികൾ നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ, അത്തരം പാർട്ടികൾ നടത്തിയതായി കണ്ടെത്തിയിട്ടില്ല. ടി അനൂപ് മുഹമ്മദിനെതിരെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് മയക്കുമരുന്ന് കേസുകൾ നിലവിലില്ല.

(സി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ബാധകമല്ല.

## ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

25(*85) <u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരും ഭൂരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിക്ഷിപ്ത വനഭൂമി, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി, വനാവകാശ നിയമപ്രകാരം നൽകുന്ന കൈവശരേഖ, ലഭ്യമായ റവന്യൂ ഭൂമി/ഫാം ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി കണ്ടെത്തി റ്റി.ആർ.ഡി.എം. മുഖേന വീടടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകി പുനരധിവസിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 4768 പേർക്ക് 3869.73 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പുനരധിവസിപ്പിക്കപ്പെട്ടവരിൽ റ്റി.ആർ.ഡി.എം. മുഖേന മാത്രം 1633 പേർക്ക് വീടിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതും, 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് 11306 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 716 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ളവർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണമെന്ന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതി, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പ്രകാരം 6058 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ നിലവിൽ 3405 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ഇതുവരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി, ഫാം ഭൂമി വിതരണം എന്നീ ഇനങ്ങളിലായി നാളിതുവരെയായി 38,877 പേർക്ക് 47630.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വനാവകാശനിയമപ്രകാരം കൈവശാവകാശരേഖ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമം പ്രകാരം കൈവശാവകാശ രേഖ ലഭിക്കുന്നതിനായി 6265 അപേക്ഷകൾ പുതിയതായി ലഭിച്ചതിൽ 1328 പേർക്ക് 1662.96 ഏക്കർ ഭൂമിക്കുള്ള കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ SDLC മുമ്പാകെ 3937 അപേക്ഷകളും, DLC മുമ്പാകെ 221 അപേക്ഷകളും തീർപ്പാക്കാനുണ്ട്. DLC പാസ്സാക്കിയ 1099 അപേക്ഷകരുടെ ആർ.ഒ.ആർ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെന്റിംഗിലുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കണമെന്നും DLC നിരസിച്ച അപേക്ഷകൾ അടിയന്തരമായി പുനഃപരിശോധിച്ച് തെറ്റായി നിരസിച്ച അപേക്ഷകൾ ഉണ്ടെങ്കിൽ ആയവ പുനഃപരിശോധിക്കാൻ ജില്ലാ കളക്ടർ/പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോവിഡ് മഹാമാരിമൂലം കഴിഞ്ഞ ഒരുവർഷമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുവാൻ കഴിയാത്തതും സർവ്വേ പൂർത്തീകരിക്കാൻ കഴിയാത്തതുംമൂലം വനാവകാശ നിയമം പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാതെ വന്നു. ആയവ പരിഹരിച്ച് വനാവകാശ നിയമം പ്രകാരമുള്ള എല്ലാ അപേക്ഷകളും ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

(ഡി) ഈ കാലയളവിൽ ഭവനരഹിതർക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കാതിരുന്ന വീടുകളുടെ പൂർത്തീകരണത്തിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും, പൂർത്തിയാക്കാത്തതുമായ 12022 ഗുണഭോക്താക്കളെ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി യഥാർത്ഥ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 6 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുകയും ആയതിൽ 11306 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 716 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമിയുള്ള ഭവനരഹിതർക്ക് ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് പുതിയ വീടുകൾ നിർമ്മിച്ചു നൽകിവരുന്നത്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പ്രകാരം 6058 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ നിലവിൽ 3405 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 2019-20 സാമ്പത്തിക വർഷം 64,46,00,000 രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 140 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകൾക്കും, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കാതിരുന്ന വീടുകൾക്കുമായി 2016-17 വർഷം 46.2936 കോടി രൂപയും 2017-18 വർഷം 114.82 കോടി രൂപയും 2018-19 വർഷം 137.85 കോടി രൂപയും 2019-20 വർഷം 76.09 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടികൾ**

26(*86) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

വനഭൂമിയിൽ തലമുറകളായി താമസിക്കുന്നവരും എന്നാൽ തങ്ങളുടെ വനഭൂമിയിൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാതെ പോയവരുമായ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും

വനഭൂമിയിലെ ജീവിതവൃത്തിയും തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് വനാവകാശ നിയമം. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി വനാവകാശ നിയമ പ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 662 വനാവകാശ കമ്മിറ്റികൾ (FRC) മുഖേന നാളിതുവരെയായി 26,273 പേർക്ക് 34735.87 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. 4429 പേർക്ക് കൈവശാവകാശ രേഖ നൽകുന്നതിനായി ലഭിച്ച അപേക്ഷകൾ പെന്റിംഗിലുണ്ട്. ആയവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. സുപ്രീംകോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ വിതരണത്തിനായി അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4056 പേർക്കായി 5808.14 ഏക്കർ ഭൂമിക്ക് പട്ടയം/ കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി 3-9-13-ലെ സ.ഉ.(എം.എസ്.)നമ്പർ 68/13/പജ.പവ.വിവ ഉത്തരവ് പ്രകാരം 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങി നൽകിയിരുന്നു. ഈ പദ്ധതി പ്രകാരം 815 പേർക്ക് 386.04 ഏക്കർ ഭൂമി വിലയ്ക്കു വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ പോരായ്മകൾ നികത്തി അർഹതയുള്ള എല്ലാവർക്കും ഭൂമി ലഭിക്കണമെന്ന ഉദ്ദേശത്തോടെ ഭൂമി വാങ്ങി നൽകുന്നതിനായിട്ടുള്ള പുതിയ പദ്ധതി (ലാന്റ് ബാങ്ക് പദ്ധതി) സ.ഉ(എം.എസ്)നമ്പർ 21/2018/പജ.പവ.വിവ തീയതി, 3-3-2018 പ്രകാരം നിലവിൽ വന്നു. ടി ഉത്തരവിലെ മാനദണ്ഡങ്ങളും നടപടികളും അനുസരിച്ചാണ് 2018-19 മുതൽ ഭൂമി അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 7078 പേർക്ക് 7374.54 ഏക്കർ റവന്യൂ / ഫാം ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 38,877 പേർക്ക് 47630.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കർ ഭൂമി പതിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രപേർക്ക് ഭൂമി പതിച്ച് നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(ബി&സി) ഉണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

ഇതുവരെയായി 6843 പേർക്ക് ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*

**മദ്യലഭ്യത കുറയ്ക്കുവാൻ നടപടി**

27(*87) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകരമായ നയമാണോ സർക്കാർ സ്വീകരിച്ചുവരുന്നത്?

ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന മദ്യനയമാണ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നത്. മദ്യത്തിന്റെ ലഭ്യത ഇല്ലാതാകുമ്പോൾ, മദ്യാസക്തി ഉള്ളവരും, മദ്യഉപഭോക്താക്കളും അനധികൃത മദ്യ/ലഹരി ഉപഭോഗത്തിലേയ്ക്ക് തിരിയാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ, മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

(ബി) കൂടുതൽ മദ്യഷാപ്പുകളും ബാറുകളും അനുവദിച്ചും അവയുടെ പ്രവർത്തന സമയം വർദ്ധിപ്പിച്ചും ഈ നയം നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

മദ്യത്തിന്റെ ലഭ്യത ഇല്ലാതാക്കിയതുകൊണ്ട് മാത്രം ഉപഭോഗം കുറയില്ലെന്നതിനാൽ, അനധികൃത മദ്യ/മയക്കമരുന്നിന്റെ ലഭ്യത പരമാവധി കുറച്ച് നിലവിലെ അബ്കാരി നിയമത്തിനും വിദേശമദ്യ ചട്ടങ്ങൾക്കും അനുസൃതമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോഗ്യത ഉള്ളവർക്ക് മാത്രമാണ് ബാർ ലൈസൻസ് അനുവദിക്കുന്നത്. ബാറുകളുടെ പ്രവർത്തന സമയം 12 മണിക്കൂറായി നിജപ്പെടുത്തിയും, മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തിയും, 23 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മദ്യം വിൽക്കുന്നത് കുറ്റകരമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയതായി വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ തുറക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനം പൂർണ്ണമായും തടയുവാനും അതിനൊപ്പം മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതുമായ മദ്യനയമാണ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നത്.

**പഠനമുറി പദ്ധതി**

28(*88) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ആൻസലൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

1. പഠനമുറി പദ്ധതി:- സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി വകുപ്പ് 2017-18 മുതൽ നടപ്പാക്കുന്നുണ്ട്.

2. പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം 50% വർദ്ധിപ്പിച്ചു.

3. ലാപ്ടോപ് വാങ്ങുന്നതിന് നൽകുന്ന 25,000 രൂപ ധനസഹായം കൂടുതൽ കോഴ്സുകൾക്ക് ലഭ്യമാക്കി.

4. ബി.ടെക് വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് കേരള സാങ്കേതിക വകുപ്പുമുഖേന പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി.

5. ബി.ടെക് കോഴ്സ് പൂർത്തിയായവരും എന്നാൽ ഡിഗ്രി ലഭിക്കാത്തവരുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ അവർ തോറ്റ വിഷയങ്ങൾക്കായി പ്രത്യേക ക്ലാസ് നടത്തുന്നതിനായി റെമഡിയൽ കോച്ചിംഗ് നടത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

6. നൃത്തസംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

7. 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എഡ്യൂക്കേഷൻ എയ്ഡായി 2000 രൂപാ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

8. വിദേശ പഠനത്തിന് ധനസഹായം നൽകുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറത്തിറക്കി.

9. സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് Actual Boarding and Lodging Charge ആയി പരമാവധി 4500 രൂപവരെ നൽകുന്നു.

10. +2 പഠനത്തിനുശേഷം മെഡിക്കൽ എഞ്ചിനീയറിംഗിന് എൻട്രൻസ് കോച്ചിംഗ് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.

11. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി 30 പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

12. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പരീക്ഷാ പരിശീലനം നടത്തിവരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് (സ്ഥാപനത്തിന് നൽകുന്നു), പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റൽഫീസ് തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന നൽകുന്നു.

13. കൂടാതെ ICSETS മുഖേന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന 30 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി "ലക്ഷ്യ സ്കോളർഷിപ്പ്" എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ പെൺകുട്ടികൾക്കായുള്ള ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ആൺകുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ഡിജിറ്റൽ ലൈബ്രറി സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം, ഇ-ബുക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലിനൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു.

2. സമഗ്ര ആദിവാസി സാക്ഷരത പദ്ധതിപ്രകാരം പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും ആദിവാസി സാക്ഷരത - തുല്യതാ പരിപാടി - സമഗ്ര വിവിധ ജില്ലകളിൽ നിന്നും 100 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് നടപ്പിലാക്കിവരുന്നു.

3. സെന്റർ ഓഫ് സ്കിൽ എക്സലൻസ്:- 2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

4. വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്

   പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പ്ലസ് ടു വിജയശതമാനം ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

5. മെന്റർ ടീച്ചർമാരുടെ നിയമനം

   അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെന്റർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'പഠനമുറി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വീടുകളിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവ./ എയ്ഡഡ്/ ടെക്നിക്കൽ/ സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ നിലവിലെ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണംചെയ്യുന്നു. പ്രസ്തുത പദ്ധതിപ്രകാരം നിലവിലുള്ള വീടിനോടൊപ്പം 120 ച. അടി വലിപ്പത്തിൽ പഠനമുറി നിർമ്മിച്ച് മേൽക്കൂര

കോൺക്രീറ്റ് ചെയ്യുന്നതിനും, ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും, തറ ടൈൽപാകുന്നതിനും വാതിലും ജനലുകളും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനും, വൈദ്യുതീകരിച്ച് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(ഡി) പദ്ധതിപ്രകാരം ലക്ഷ്യം വച്ചതിൽ ഇതിനകം എത്ര പഠനമുറികളുടെ അനുമതി നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 25096 പഠന മുറികൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 16685 പഠനമുറികൾ പൂർത്തീകരിച്ചു.

## ഹാംലറ്റ് വികസന പദ്ധതി

29(*89) <u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** (ശ്രീ. എ. കെ. ബാലൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ ഹാംലറ്റ് വികസന പദ്ധതി പ്രകാരം സങ്കേതങ്ങളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ഹാംലറ്റ് വികസന പദ്ധതി. ടി പദ്ധതിപ്രകാരം ആകെ 49 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13 കോളനികളിലെ വികസന പ്രവർത്തികൾ പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 36 കോളനികളിലെ വികസന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി വന്നിരുന്ന ഹാംലറ്റ് വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ടി പദ്ധതി പ്രകാരം 2017-18 സാമ്പത്തികവർഷം 101 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ആയതിൽ 7 കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതിയിൽനിന്നും ഒഴിവാക്കിയിരുന്നു. 3 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2021 ജനുവരി 31-നകം 23 കോളനികളിലെയും, ഫെബ്രുവരി 15-നകം 37 കോളനികളിലെയും വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് എ.റ്റി.എസ്.പി. സമഗ്ര വികസന പദ്ധതിപ്രകാരം ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014-15 വർഷങ്ങളിൽ 134 കോളനികളിലും 2015-16 വർഷത്തിൽ 50 കോളനികളിലും ഉൾപ്പെടെ 184 കോളനികളിൽ എ.റ്റി.എസ്.പി പദ്ധതി മുഖേന സമഗ്ര വികസന പരിപാടികൾ നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നു. ഇവയിൽ 170 കോളനികളിലെ വികസന പ്രവർത്തികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു. ശേഷിക്കുന്ന 14 കോളനികളിലെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ സമഗ്ര പുരോഗതി മുൻനിർത്തി വിവിധ മേഖലകളിലെ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. അടിസ്ഥാനസൗകര്യ വികസനം, ജീവനോപാധികൾ ലഭ്യമാക്കൽ, കാർഷിക വികസന പദ്ധതികൾ, വന്യമൃഗങ്ങളിൽ നിന്നും ജീവനും സ്വത്തിനും സംരക്ഷണം, ആരോഗ്യ ബോധവത്കരണ പരിപാടികൾ എന്നിവ ഈ പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(സി) അപ്രതീക്ഷിതമായി പ്രളയവും മറ്റ് പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ അവരെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അപ്രതീക്ഷിതമായി പ്രളയവും മറ്റ് പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് റീബിൽഡ് കേരളയിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് ഉരുൾപൊട്ടലിലും, മണ്ണിടിച്ചിലിലും വാസ യോഗ്യമല്ലാതായ കോളനികളിലെ പട്ടികവർഗ്ഗക്കാരെ മാറ്റിപാർപ്പിക്കുന്നതിനും അവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലവർഷക്കെടുതിയുടെ രൂക്ഷത പ്രധാനമായും അനുഭവപ്പെട്ടത് ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിലാണ്. 578 സങ്കേതങ്ങളിലെ 10817 കുടുംബങ്ങളെ കാലവർഷം ബാധിച്ചിരുന്നുവെങ്കിലും ടി കുടുംബങ്ങളിലെ ദുരന്തബാധിതരെ കൂടാതെ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ ഭീഷണി നിലനിന്നിരുന്ന കോളനികളിലെ കുടുംബങ്ങൾ ഉൾപ്പെടെ 7830 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിയിരുന്നു. ഇവർക്കാവശ്യമായ ഭക്ഷണം, കുടിവെള്ളം, വസ്ത്രം തുടങ്ങിയവ ക്യാമ്പുകളിൽ എത്തിച്ചിരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കോളനികൾ സന്ദർശിച്ച് ആവശ്യമായ മുൻകരുതൽ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കാലവർഷക്കെടുതി നേരിട്ട 3430 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിയിൽ ഇടുക്കി ജില്ലയിൽ 4 പേരും പാലക്കാട് ജില്ലയിൽ 3 പേരും മലപ്പുറം ജില്ലയിൽ 7 പേരും ഉൾപ്പെടെ 14 പേർ മരണപ്പെട്ടിരുന്നു. ടി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ധനസഹായമായി 4 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. കൂടാതെ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ ആശ്രിതന് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഇടുക്കി ജില്ലയിൽ മരണപ്പെട്ട ഒരു വ്യക്തിയുടെ ആശ്രിതന് 50,000 രൂപ ധനസഹായവും അനുവദിച്ചിരുന്നു.

2018, 2019 വർഷങ്ങളിലെ പ്രളയങ്ങളിൽ വാസയോഗ്യമല്ലാതായ 304 വീടുകൾക്ക് പകരം പുതിയ വീടുകൾ അനുവദിച്ച് നൽകുകയും ആയതിൽ 77 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാശനഷ്ടങ്ങൾ നേരിട്ട 122 വീടുകൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുമുണ്ട്.

**ശുദ്ധജല ലഭ്യത**

30(*90) ശ്രീ. വി. ജോയി:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുതുതായി എത്ര ഗാർഹിക കടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11.33 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സ്രോതസ്സിൽനിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്തുവിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേയ്ക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ജലശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലം എയ്റേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ഡിസ്ഇൻഫെക്ഷൻ എന്നീ പ്രക്രിയകളിലൂടെ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതാണ്. ഇത്തരത്തിൽ വിതരണംചെയ്യുന്ന ജലത്തിന്റെ പ്രാഥമിക ഗുണനിലവാരം അളക്കുന്നതിനായി പ്ലാന്റുകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരണ ശാലകളില്ലാത്ത പദ്ധതികളിൽ ഉപരിതല ജലസ്രോതസ്സായുള്ളവയിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ഫിൽട്ടർ ചെയ്ത് ലഭിക്കുന്ന ജലവും ഭൂഗർഭ ജല സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളായ കിണറുകളിൽനിന്നും ലഭ്യമാകുന്ന ജലവും ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണംചെയുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളം വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു. പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലകളിൽനിന്നും നിശ്ചിത കാലയളവിൽ ജല സാമ്പിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുന്നു.

പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.

കൂടാതെ ഗ്രാമീണ മേഖലകളിലെ കുടിവെള്ള സ്രോതസ്സുകളിൽനിന്നും സ്വകാര്യ സ്രോതസ്സുകൾ ഉൾപ്പെടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കുന്നതിനായി 32 സബ് ജില്ല ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ പരിശോധനഫലങ്ങൾ ejalshakti.gov.in/imsreport

എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ജല പരിശോധന ലാബുകളും നവീകരിക്കുന്നതിനായി ജല ജീവൻ മിഷനിലുൾപ്പെടുത്തി 38.63 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 8 ജില്ലാ ലാബുകൾ ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രഡിറ്റേഷൻ ലഭ്യമാകുന്നതും ഈ പദ്ധതിയിലുൾപ്പെടുന്നു.

ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകൾ സ്വയം പരിശോധിക്കുന്നതിനായി ഗ്രാമീണ ജനതയ്ക്ക് ഫീൽഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങി നൽകുകയും കിറ്റുകൾ വഴി ജല പരിശോധന നടത്തുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതു മുതൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യ മുക്തമായും ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ ഉറവിടം തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ടി സ്രോതസ്സിലെ ജലം Physical, Chemical and micro Biological ഘടകങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്രോതസ്സ് നിശ്ചയിക്കുന്നത്. ഓരോ സ്രോതസ്സിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരമനുസരിച്ച് ആവശ്യമായ ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്.

കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ അംഗീകൃത ലാബുകളിൽ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, കേരള വാട്ടർ അതോറിറ്റിയുടെ ലാബുകൾ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ലാബ് എന്നിവ വഴിയുള്ള പരിശോധനകളാണ് സാധാരണ നടത്തുന്നത്. ശുദ്ധീകരണ ശാലകളുള്ള കുടിവെള്ള പദ്ധതികളിൽ അവയോടനുബന്ധിച്ച് ഗുണനിലവാര പരിശോധനയും ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു (Communication and Capacity Development Unit) ഫീൽഡ് ടെസ്റ്റ് കിറ്റ് (Field test kit) ഉപയോഗിച്ച് ജല ഗുണനിലവാര പരിശോധന നടത്തിവരുന്നു.

(സി) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പലവിധ കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതികൾ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ച സുസ്ഥിരത പദ്ധതിയിലുൾപ്പെടുത്തി 994 സ്കീമുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പുനരുദ്ധരിക്കുവാൻ കഴിയും. അതോടൊപ്പം ജലവിതരണം ക്രമീകരിച്ചും ഉപയോഗം കുറച്ചും കുടിവെള്ളക്ഷാമം നേരിടുന്നതിന് ഗുണഭോക്താക്കളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ശുദ്ധജല ക്ഷാമം നേരിടുന്നതിന് കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 44 ഗ്രാമ പഞ്ചായത്തുകളിലെ 8087 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചുനൽകിയിട്ടുണ്ട്. സംഭരണികൾ നിർമ്മിച്ചു ലഭിച്ച കുടുംബങ്ങൾക്ക് മഴക്കാലത്ത് യഥേഷ്ടം മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാനും സംഭരിച്ചുവയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ഉപയോഗയോഗ്യമാക്കുവാനും ഈ പദ്ധതി സഹായകമാകുന്നു.

കൂടാതെ 14 ജില്ലകളിലായി 840 സർക്കാർ വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. കിണർ റീചാർജിങ് പദ്ധതി മുഖേന 15 ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 9300 വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ചു റീചാർജ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നടപ്പുസാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തി 5 ഗ്രാമപഞ്ചായത്തുകളിലെ 750 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന്റെ നടപടി പുരോഗമിച്ചുവരുന്നു.

സർക്കാരിന്റെ വാർഷിക പദ്ധതിയിൽ മഴവെള്ള സംഭരണം - ഭൂജല പരിപോഷണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ചുനിർത്തുവാൻ ആവശ്യമായ അളവിൽ ജല സംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറിനുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അനിയന്ത്രിതമായ മണലൂറ്റ് കാരണം നദികളുടെ സംഭരണശേഷി നഷ്ടപ്പെടുന്നു. കുടിവെള്ള സ്രോതസ്സുകളിലെല്ലാം മഴയുടെ തോതനുസരിച്ച് മാത്രം ജല ലഭ്യതയുള്ളതിനാൽ മഴയിലുണ്ടാകുന്ന വ്യതിയാനം കുടിവെള്ള പദ്ധതികളെ ബാധിക്കാറുണ്ട്. ഈ

പ്രശ്നത്തിനു ഒരു ശാശ്വത പരിഹാരം നദികളിൽ ആവശ്യത്തിന് ജലസംഭരണികൾ നിർമ്മിക്കുകയെന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജലസംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളെ തന്നെ ജല സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്.

ആവർത്തിച്ചുണ്ടാകുന്ന ജല ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ട രീതിയിൽ സംരക്ഷിക്കുവാനാവശ്യമായ മുൻകരുതൽ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൈപ്പിലൂടെയുള്ള ജല വിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ കാലത്തും ജല ലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ മോട്ടോറുകൾ മറ്റു അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജല ചൂഷണം, ജല ദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെ മാത്രം ആശ്രയിച്ചായതിനാൽ മഴയുടെ അളവിലുണ്ടായ കുറവ് ചില ജില്ലകളിൽ വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടാക്കിയേക്കും എന്നതിനാൽ സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ടാങ്കർ ലോറികൾ വഴിയും കിയോസ്കുകൾ സ്ഥാപിച്ചും ജലവിതരണം നടത്തുവാനും ആവശ്യമായ വെൻഡിങ്ങ് പോയിന്റുകൾ സജ്ജമാക്കിയിട്ടുണ്ട്.

(ഡി) പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് കേടായ പൈപ്പുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജല നഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജല നഷ്ടം ഒഴിവാക്കിവരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നതു തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നു.

അമൃത് പദ്ധതി വഴി നടപ്പിലാക്കുന്ന 144.76 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഇതിൽ 112.59 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി 32.17 കോടി രൂപയുടെ പ്രവൃത്തികൾ 2021 മാർച്ച് മാസത്തിനു മുൻപായി പൂർത്തിയാക്കുന്ന രീതിയിൽ പുരോഗമിച്ചുവരുന്നു.

പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി വഴി 382.64 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതിന് കഴിഞ്ഞ 5 വർഷത്തിനിടയിൽ (2016-21) 535.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

നഗരസഭ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടന്നുവരുന്നു. ഇതിനുപുറമെ ഗുണഭോക്തൃ സമിതികൾ വഴി ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി ഗുണഭോക്തൃ സമിതികളെ ശാക്തീകരിച്ച് പദ്ധതികളുടെ നടത്തിപ്പും പരിപാലനവും തുടർനടത്തിപ്പും സമിതികളെ ഏൽപ്പിക്കുന്നുണ്ട്. ടി പദ്ധതികളുടെ വിതരണ ശൃംഖലയിലും മറ്റുപൈപ്പ് ലൈനുകളിലും ഉണ്ടാകുന്ന ചോർച്ചകൾ യഥാസമയം ഗുണഭോക്തൃ സമിതിയുടെ മേൽ നോട്ടത്തിലും ഉത്തരവാദിത്വത്തിലും ഉടനെത്തന്നെ പരിഹരിച്ചുവരുന്നു.

മേല്പറഞ്ഞ പദ്ധതികളിൽ പല കാരണങ്ങളാലും പ്രവർത്തനരഹിതമായതും ഭാഗീകമായി പ്രവർത്തിക്കുന്നതുമായ പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി കേരള സർക്കാർ sustainability support to community managed water supply scheme എന്ന പേരിലുള്ള സുസ്ഥിരതാ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച പദ്ധതികൾ അവ പരിഹരിച്ച് പ്രവർത്തന യോഗ്യമാക്കുന്നതിനോടൊപ്പം സാധ്യമായ പദ്ധതികളിൽ വിപുലീകരണം നടത്തി കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (ii)നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി പദ്ധതികൾ

1(729) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ?

കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിലധികരിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്നപേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി താഴെ പറയുന്ന പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു:

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.<br>ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിനു വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 39,000 | I |
| പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം.<br>പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം<br>കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000 | II |
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. | 33,000 | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000 | IV |

പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക വിദ്യാഭ്യാസ മേഖലയിൽ നിന്നും അവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ വിശദാംശങ്ങൾ. ഈ പദ്ധതി 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പ് എൽ.ഐ.സി ഓഫ് ഇന്ത്യ മുഖേന 1,38,000 രൂപ സർക്കാർ വിഹിതമായി നാല് ഗഡുക്കളായി അടച്ചാണ് ഇൻഷ്വർ ചെയ്യുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് രണ്ട് വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവയ്പ്പ് എടുത്ത് രേഖകൾ ഹാജരാക്കുമ്പോൾ മാതാപിതാക്കൾക്ക് 2,000 രൂപയും അഞ്ച് വയസ്സ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3,000 രൂപയും പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5,000 രൂപയും 10-ാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോൾ 10,000 രൂപയും ധനസഹായമായി നൽകുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സംഗ്രാൻഡ് ആയി ടി കുട്ടിക്ക് നൽകുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യങ്ങളും നൽകുന്നു.

1. അപകട മരണം സംഭവിച്ചാൽ നാല് ലക്ഷം രൂപ അനന്തരാവകാശികൾക്ക് നൽകുന്നു.
2. സാധാരണ മരണമാണെങ്കിൽ രണ്ട് ലക്ഷം രൂപ അനന്തരാവകാശികൾക്ക് നൽകുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ നൽകുന്നു.

   ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു.

1. അപകടംമൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ രണ്ട് ലക്ഷം രൂപ ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ ഒരു ലക്ഷം രൂപ ലഭിക്കുന്നു.

(ബി) ഈ പദ്ധതികളിലൂടെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതിയിൽപ്പെട്ട 12121 കുട്ടികൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ആദ്യഗഡു തുകയായ 39,000 രൂപ നിരക്കിൽ 47,27,19,000 രൂപ എൽ.ഐ.സി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട 2088 പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതികൾക്കായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

കേന്ദ്രസഹായം ലഭ്യമല്ല.

(ഡി) 2016-ന് ശേഷം ഈ പദ്ധതികൾക്കായി കേന്ദ്രസർക്കാർ എന്ത് തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

കേന്ദ്രസഹായം ലഭ്യമല്ല.

**ആദിവാസി പുനരധിവാസ നിധിയിൽനിന്ന് വനം വകുപ്പിന് വായ്പ**

2(730) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ നിധിയിൽ സർക്കാർ അനുവദിച്ച അമ്പത് കോടി രൂപയിൽ നിന്നും 7.40 കോടി രൂപ 2015-ൽ വനം വകുപ്പിന് വായ്പയായി വയനാട് വന്യജീവി ചീഫ് വാർഡന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിരുന്നോ?

നൽകിയിരുന്നു.

(ബി) എങ്കിൽ ഏത് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഈ തുക കൈമാറിയത്; ഈ തുക വനം വകുപ്പ് പട്ടികവർഗ്ഗ വകുപ്പിന് തിരികെ നൽകിയിട്ടുണ്ടോ?

വയനാട് ജില്ലയിലെ വന്യമൃഗ സങ്കേതങ്ങളോട് ചേർന്ന് താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 14-7-2015-ലെ സ.ഉ. (സാധാ) 1144/15/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം 7.4 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും വനം വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് തിരികെ ടി.ആർ.ഡി.എം.-ന് നൽകണം എന്ന നിബന്ധനയിൽ വനം വകുപ്പിന് വായ്പയായി അനുവദിച്ചിരുന്നു. ഈ തുക വനം വകുപ്പ് ഇതുവരെ പട്ടികവർഗ്ഗ വകുപ്പിന് തിരികെ നൽകിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ സി.&എ.ജി.-യുടെ ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുണ്ടോ?

വനം വകുപ്പിന് ഫണ്ട് അനുവദിച്ചത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പരിശോധനയിൽ പരാമർശം ഉണ്ട്.

(ഡി) പ്രസ്തുത പരാമർശത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിന് അനുവദിച്ച തുക പട്ടികവർഗ്ഗ വികസന വകുപ്പിന് തിരികെ നൽകുന്നതിന് വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പകൾ

3(731) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള കുടിശ്ശികയായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി വിഭാഗക്കാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. ഇതിനുപുറമേ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2006-ന് തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ 50,000 രൂപ വരെ എഴുതി തള്ളുന്നതിനും, വിവിധ സർക്കാർ വകുപ്പുകൾ, കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളതും 31-3-2006-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ 25,000 രൂപ വരെയും എഴുതിത്തള്ളുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് വർഷം നാളിതുവരെയായി എത്ര ആളുകളുടെ ലോൺ കുടിശിക എഴുതിത്തള്ളിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഏറനാട് മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ ഇതിനായി ലഭിച്ചിരുന്നു; ആയതിൽ എത്ര ആളുകളുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പട്ടികജാതി വികസന വകുപ്പ് വഴി നൽകിയ ചികിത്സ ധനസഹായം**

4(732) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് വഴി എത്ര പേർക്ക് ആകെ എത്ര തുക ചികിത്സ ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ 74 പേർക്കായി 15,46,000 രൂപ (പതിനഞ്ച് ലക്ഷത്തി നാല്പത്താറായിരം രൂപ മാത്രം) വകുപ്പിൽ നിന്നും ചികിത്സാ ധനസഹായ വിതരണം ചെയ്തിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ ഭവനരഹിതർക്ക് വീട്**

5(733) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര വീടുകൾ വീതം ഭവന രഹിതർക്ക് നിർമ്മിച്ച് നൽകിയെന്ന് വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം അനുവദിച്ച 14906 വീടുകളിൽ 12338 വീടുകളും 2017-18 വർഷം അനുവദിച്ച 8895 വീടുകളിൽ 7470 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനായി 2018-19 വർഷം വകുപ്പ് മുഖേന അനുവദിച്ച 170 വീടുകളിൽ 123 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് വകുപ്പിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. 2018-19, 2019-20 വർഷങ്ങളിൽ പുതിയ വീടുകൾ അനുവദിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷം 6709 വീടുകൾ അനുവദിച്ചതിൽ 1583

വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചുകൊണ്ട് 11306 വീടുകൾ ഇതുവരെ പൂർത്തീകരിച്ചു.

(ബി) ലൈഫ് മിഷന്റെ ഭാഗമായിട്ടാണോ ഇവയുടെ നിർമ്മാണം നടത്തിയതെന്നും ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിനായി എത്ര രൂപ ആകെ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരമാണ് മേൽ പരാമർശിച്ചിട്ടുള്ള വീടുകൾ അനുവദിച്ചിട്ടുള്ളത്. ആയത് പ്രകാരം 2016-17 വർഷം 232,35,94,800 രൂപയും 2017-18 വർഷം 384,36,23,000 രൂപയും 2018-19 വർഷം 249,28,55,000 രൂപയും 2019-20 വർഷം 41,54,92,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുൻവർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി വകുപ്പ് മുഖേന യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചുവരുന്നു. ആയതിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകൾ ഉൾപ്പെടെ ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2016-17 | 46.2936 |
| 2017-18 | 114.82 |
| 2018-19 | 137.85 |
| 2019-20 | 76.09 (നാളിതുവരെ) |
| ആകെ | 375.0536 കോടി |

ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2018-19 സാമ്പത്തികവർഷം പുതിയ വീട് അനുവദിക്കുന്നതിനായി ലൈഫ് മിഷൻ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ പട്ടികവർഗ്ഗക്കാരായ 3747 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 64,46,00,000 രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളുടെ പ്രവർത്തനം

6(734) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

വകുപ്പിനുകീഴിൽ പ്രീമെട്രിക് തലത്തിൽ 85 ഹോസ്റ്റലുകളും പോസ്റ്റ്മെട്രിക് തലത്തിൽ 19 ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു.

(ബി) ഓരോ ഹോസ്റ്റലിലും എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുവെന്നും ഓരോ സ്ഥലത്തും എത്ര ജീവനക്കാർ സേവനം ചെയ്യുന്നുവെന്നും അറിയിക്കാമോ?

ഓരോ ഹോസ്റ്റലിലും നിലവിൽ താമസിക്കുന്ന വിദ്യാർഥികളുടെയും ജീവനക്കാരുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) ഹോസ്റ്റലുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായിട്ടുള്ള ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ, പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരും ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലേക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ/നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഡയറക്ടർ സമർപ്പിച്ച എല്ലാ പ്രൊപ്പോസലുകളും അംഗീകരിച്ച് തുക അനുവദിച്ചിട്ടുണ്ട്. പുതുതായി മെയിന്റനൻസ്/നവീകരണ പ്രവർത്തനങ്ങൾ ആവശ്യമായിട്ടുള്ള ഹോസ്റ്റലുകൾ കണ്ടെത്തി പ്രൊപ്പോസലുകൾ ലഭ്യമാക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

7(735) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ നാമനിർദ്ദേശത്തിലുള്ള ദുരിതാശ്വാസ നിധിയിൽനിന്നും ആകെ എത്ര പേർക്കായി എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിന്റെ പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ; എത്ര അപേക്ഷകർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016 ജൂൺ മാസം മുതൽ 2020 ഡിസംബർ മാസം വരെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത ചികിത്സാ ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നെടുമങ്ങാട് മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

8(736) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽനിന്നും 2016-17-ൽ കരിക്കകത്ത് കോളനിയേയും 2019-20-ൽ മാതാവീട് കോളനിയേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

അനുവദിച്ച കോളനികളിൽ ഒന്നും പൂർത്തീകരിച്ചിട്ടില്ല.

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

30-12-2020-ലെ മന്ത്രിതല റിവ്യൂ മീറ്റിംഗിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ചികിത്സാ സഹായം

9(737) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കാട്ടാക്കട, മാറനല്ലൂർ, വിളവൂർക്കൽ, മലയിൻകീഴ്. പള്ളിച്ചൽ, വിളപ്പിൽ എന്നീ 6 പഞ്ചായത്തുകളിൽ പട്ടികജാതി വകുപ്പിൽ നിന്നും ചികിത്സാ സഹായം ലഭ്യമായത് എത്ര പേർക്കാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ആകെ തുക എത്രയാണെന്നും പഞ്ചായത്ത് തിരിച്ചുള്ള പേരുവിവരങ്ങളും നൽകിയ തുകയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കാട്ടാക്കട, മാറനല്ലൂർ, വിളവൂർക്കൽ, മലയിൻകീഴ്, പള്ളിച്ചൽ, വിളപ്പിൽ എന്നീ 6 പഞ്ചായത്തുകളിൽ പട്ടികജാതി വകുപ്പിൽ നിന്നും 647 പേർക്ക് 1,22,68,500 രൂപ (ഒരു കോടി ഇരുപത്തിരണ്ടു ലക്ഷത്തി അറുപത്തിയെണ്ണായിരത്തി അഞ്ഞൂറു രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള പേരുവിവരങ്ങളും നൽകിയ തുകയും അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

10(738) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി)പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ

11(739) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമവകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ

12(740) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കായി എത്ര മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9 എം.ആർ.എസുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എം.ആർ.എസ്. കൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മരുതോങ്കരയിൽ പെൺകുട്ടികൾക്കായി ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ആൺകുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം പണി പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെയുള്ള കെട്ടിട നിർമ്മാണ പ്രവർത്തികൾ പ്രാരംഭഘട്ടത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിലെ കൊഗറ വിഭാഗക്കാർക്കായി ആശ്രമ സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ എസ്.സി. പഠന മുറികൾ**

13(741) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കായി എത്ര പഠന മുറികൾ അനുവദിച്ചു; ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചു; എത്രയെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു; എത്രയെണ്ണത്തിന്റെ നിർമ്മാണം ആരംഭിക്കാനുണ്ട് എന്നീ വിവരങ്ങൾ ഗുണഭോക്തൃ ലിസ്റ്റ് അടക്കം വിശദമാക്കാമോ?

പഠനമുറി പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ 240 പഠനമുറികൾ അനുവദിച്ചതിൽ 165 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 72 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 3 പഠനമുറികളുടെ നിർമ്മാണം ആരംഭിക്കാനുണ്ട്. ഗുണഭോക്തൃ ലിസ്റ്റ് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായങ്ങൾ**

14(742) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾവഴി നൽകിവരുന്ന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടികജാതി വികസന വകുപ്പ്**

1. പ്രീ മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. 9, 10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS)
5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
6. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
7. ലാപ്ടോപ് വാങ്ങൽ ധനസഹായം
8. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)
9. ആരോഗ്യ ഹാനിക്കിടയാകുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS)
10. ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
11. 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടുന്നവർക്കും, മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്കും ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
12. വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി ക്യാഷ് അവാർഡുകൾ
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
14. ബുക്ക് ബാങ്ക് സ്കീം (100% CSS)
15. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
16. പഠന മുറി
17. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള പഠന സഹായം

18. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം

19. വിദേശ പഠന ധനസഹായം

20. ബി. ടെക് റെമഡിയൽ കോച്ചിംഗ്

ഇവ കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.

21. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

22. പ്രീമെട്രിക് ഹോസ്റ്റലുകൾ

23. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

24. ഐ.റ്റി.ഐ - കൾ

25. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

26. Centre for Research and Education for Social Transformation

27. നഴ്സറികൾ

28. Institute for Civil Service Examination & Training Society

29. മെഡിക്കൽ കോളേജ് (പാലക്കാട്)

30. കമ്മ്യൂണിറ്റി കോളേജ്, പാലക്കാട്

31. Food craft Institute, Palakkad.

## പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ.എസ്-കളിൽ വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, വസ്ത്രം തുടങ്ങിയവ സൗജന്യമായി നൽകുന്നു. വീടിന് സമീപം വിദ്യാഭ്യാസ സൗകര്യം ഇല്ലാത്തവർ, വീടുകളിൽ പഠന സൗകര്യം ഇല്ലാത്തവർ എന്നിവർക്കായി പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. നഴ്സറി, സ്കൂൾ തലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ നൽകിവരുന്നു. കൂടാതെ ചുവടെ ചേർക്കുംപ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു:

1. 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്

2. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

3. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4. ട്രൈബൽ സ്കൂളുകളിൽ ലോവർ പ്രൈമറി സ്കൂളുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി പ്രതിവർഷം 500 രൂപ നൽകിവരുന്നുണ്ട്.

5. അക്കാദമിക് കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.

6. 10-ാം തരം പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെടുന്ന 30 ആൺകുട്ടികളേയും 30 പെൺകുട്ടികളേയും ഇന്ത്യയിലെ ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുവാൻ അവസരമൊരുക്കുന്ന ഭാരതദർശൻ പരിപാടി സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ പോസ്റ്റ്മെട്രിക് തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠന വിനോദയാത്രയ്ക്ക് വേണ്ടിവരുന്ന സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച 40,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5,000 രൂപ അനുവദിച്ചു വരുന്നു. എൻട്രൻസ് പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനായി സൗജന്യ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകിവരുന്നു.

8. വിദേശ പഠന ധനസഹായം.

9. ലാപ്ടോപ് വിതരണ സഹായം.

(ബി) ഇതര മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന നിരക്കിൽ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ എസ്.സി/എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്കും നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇതുയർത്തി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

പ്രീമെട്രിക് തലത്തിൽ ഒ.ബി.സി വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യത്തിന് സമാനമായി എസ്.സി/എസ്.ടി. വിഭാഗക്കാർക്കുള്ള ലംപ്സംഗ്രാന്റ് നിരക്ക് സ.ഉ. (അച്ചടി) നമ്പർ 1/2020/പജപവവിവ, തീയതി. 9-1-2020 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

## ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം

15(743) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കസമുദായക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; ഇതിനായി വിനിയോഗിച്ച തുക സഹിതം വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.*

പട്ടികജാതി വികസന വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

പിന്നാക്കവിഭാഗ വികസന വകുപ്പ് മണ്ഡലത്തിൽ മാത്രമായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമ വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ഈ സർക്കാരിന്റെയും കഴിഞ്ഞ സർക്കാരിന്റെയും കാലത്ത് ഓരോ വിഭാഗത്തിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം നൽകാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 10,47,96,239 രൂപയും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 17,89,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ചികിത്സാ ഇനത്തിൽ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. ധനസഹായം എല്ലാ വിഭാഗത്തിലുംപെട്ട പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്നതിനാൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുക പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നില്ല.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 1017 | 3436993 |
| 2017-18 | 713 | 4443875 |
| 2018-19 | 1070 | 5646222 |
| 2019-20 | 1156 | 4285193 |
| 2020-21 | 1085 | 2697330 |
| ആകെ | 5041 | 2,05,09,613 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിന് ഈ സർക്കാരിന്റെയും, കഴിഞ്ഞ സർക്കാരിന്റെയും കാലത്ത് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപയിൽ) |
|---|---|
| 2011-12 | 61536970.00 |
| 2012-13 | 104676469.00 |
| 2013-14 | 179912265.00 |
| 2014-15 | 270688783.00 |
| 2015-16 | 403258294.00 |
| ആകെ | 1,02,00,72,781.00 |

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 459928104.00 |
| 2017-18 | 366091700.00 |
| 2018-19 | 297011140.00 |
| 2019-20 | 305160626.00 |
| 2020-21 | 170753957.00 |
| ആകെ | 1,59,89,45,527.00 |

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ഓരോ വിഭാഗത്തിനും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.*

പിന്നാക്കവിഭാഗ വികസന വകുപ്പ് ചികിത്സാ ധനസഹായ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല.

(സി) ആദിവാസി ഭൂമി വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വയനാട് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി അനുവദിച്ചു; താലൂക്ക് അടിസ്ഥാനത്തിൽ വിവരങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി എന്നീ പദ്ധതികൾ വഴി റ്റി.ആർ.ഡി.എം. മുഖേന ഭൂമി അനുവദിക്കുന്നതിന് വിശദവിവരം അനുബന്ധം (4) ആയി ചേർക്കുന്നു.* വയനാട് ജില്ലയിൽ വനാവകാശ നിയമ പ്രകാരം 80 പേർക്കും, നിക്ഷിപ്ത വനഭൂമി 458 പേർക്കും, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി പ്രകാരം 185 പേർക്കും ഭൂമി നൽകിയിട്ടുണ്ട്.

| താലൂക്ക് | നിക്ഷിപ്ത വനഭൂമി | ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി | വനാവകാശം |
|---|---|---|---|
| മാനന്തവാടി | 101 പേർക്ക് 12.32 ഏക്കർ | 7 പേർക്ക് 2.79 ഏക്കർ | |
| സുൽത്താൻ ബത്തേരി | 54 പേർക്ക് 7.81 ഏക്കർ | 110 പേർക്ക് 1.10 ഏക്കർ | 20 പേർക്ക് 11.12 ഏക്കർ |
| വൈത്തിരി | 303 പേർക്ക് 139.2 ഏക്കർ | 68 പേർക്ക് 8.61 ഏക്കർ | 60 പേർക്ക് 31.28 ഏക്കർ |

(ഡി) ആദിവാസികൾക്ക് ഭൂമി കണ്ടെത്തുന്നതിന് രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഈ ടാസ്ക് ഫോഴ്സ് എത്ര ഏക്കർ ഭൂമി വയനാട് ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി നൽകുന്നത് സംബന്ധിച്ച് 30-12-2020-ന് ചേർന്ന യോഗ പ്രകാരം 82.7276 ഹെക്ടർ ഭൂമി വിതരണത്തിനായി അവശേഷിക്കുന്നുണ്ട്.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുവഴി അനുവദിച്ച ചികിത്സാസഹായം

16(744) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പുവഴി കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി, കൊയിലാണ്ടി നഗരസഭ പരിധിയിലും ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി ഗ്രാമപഞ്ചായത്ത് പരിധികളിലും ഉൾപ്പെട്ട എത്ര പേർക്ക് ചികിത്സാസഹായം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്നുവരെ അനുവദിച്ചിട്ടുണ്ട്; അനുവദിച്ച ആകെ തുക എത്രയാണ്; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ 200 പേർക്കായി ആകെ 47,21,500 രൂപ (നാല്പത്തിയേഴ് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | എണ്ണം | തുക |
|---|---|---|
| പയ്യോളി നഗരസഭ | 44 | 12,33,000 |
| തിക്കോടി ഗ്രാമപഞ്ചായത്ത് | 29 | 6,09,000 |
| മൂടാടി ഗ്രാമപഞ്ചായത്ത് | 34 | 8,15,500 |
| കൊയിലാണ്ടി നഗരസഭ | 44 | 10,33,000 |
| ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 22 | 5,01,000 |
| ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 27 | 5,30,000 |
| ആകെ | 200 | 47,21,500 |

(ബി) പട്ടികജാതി വികസന വകുപ്പുവഴിതന്നെ മേൽപറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപന പരിധികളിൽ ഉൾപ്പെട്ട എത്രപേർക്ക് കുടുംബത്തിലെ ഏകദായ വരുമാനദായകൻ മരണപ്പെട്ടാൽ നൽകുന്ന സർക്കാർ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ആകെ അനുവദിച്ച തുക വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ 18 പേർക്കായി ആകെ 27,00,000 രൂപ (ഇരുപത്തിയേഴ് ലക്ഷം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | എണ്ണം | തുക |
|---|---|---|
| പയ്യോളി നഗരസഭ | 1 | 50,000 |
| തിക്കോടി ഗ്രാമപഞ്ചായത്ത് | 2 | 2,50,000 |
| മൂടാടി ഗ്രാമപഞ്ചായത്ത് | 0 | 0 |
| കൊയിലാണ്ടി നഗരസഭ | 4 | 6,50,000 |
| ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 2 | 1,00,000 |
| ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 9 | 16,50,000 |
| ആകെ | 18 | 27,00,000 |

**നൂറ് ദിന പദ്ധതി**

17(745) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗസ്റ്റ് 2020-ൽ പ്രഖ്യാപിച്ച നൂറുദിന പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനെ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചത്?

ആഗസ്റ്റ് 2020-ൽ പ്രഖ്യാപിച്ച നൂറുദിന പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പുമുഖേന 12250 പഠനമുറികളുടെ പൂർത്തീകരണം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി 20 പദ്ധതികളുടെ ഉദ്ഘാടനം എന്നീ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. ലക്ഷ്യം പൂർത്തിയാക്കി. ആഗസ്റ്റ് 2020-ൽ പ്രഖ്യാപിച്ച നൂറ് ദിന പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളായ പി.കെ. കാളൻ കുടുംബ സഹായ പദ്ധതി, പ്രവൃത്തി പൂർത്തീകരിച്ച പാലക്കാട് ജില്ലയിലെ ഷോളയൂർ, ആനവായ് പ്രീ-മെട്രിക് ഹോസ്റ്റലുകളുടേയും ഇടുക്കി ജില്ലയിലെ ഇരുമ്പുപാലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റേയും അഗളി പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും നിർമ്മാണ ഉദ്ഘാടനം എന്നിവയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിൽ പി.കെ. കാളൻ കുടുംബ സഹായ പദ്ധതി ഒഴികെ മറ്റ് പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിൽ 5000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇത് പ്രാവർത്തികമാക്കിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ 100 ദിനപദ്ധതിയുടെ ഭാഗമായി 5000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നില്ല. 100 ദിന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 500 പേർക്ക് തൊഴിൽ നൽകുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 5000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടില്ല.

(സി) എങ്കിൽ ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൽകിയതെന്നും എത്ര പേർക്ക് തൊഴിൽ നൽകിയെന്നും വ്യക്തമാക്കുമോ?

100 ദിന പദ്ധതി (ഒന്നാം ഘട്ടം) യുടെ പൊതുലക്ഷ്യത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഗവ./PSU മേഖലയിൽ 45 പേർക്കും സ്വകാര്യ മേഖലയിൽ 180 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്.

## പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനസൗകര്യം

18(746) ശ്രീ. ബി. സത്യൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ഉന്നതി കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

പട്ടികജാതിയിൽപ്പെട്ടവരുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ഉന്നതി കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 50% വർദ്ധിപ്പിച്ചു.
2. നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതി.
3. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വരുന്ന ചെലവ് കണ്ടെത്തുന്നതിനായി 2000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.
4. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഉയർച്ചയ്ക്കായി പഠനമുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.
5. ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Diploma(CS), B.Sc, M.Sc(Computer Science), M.Sc (Electronics), MBBS, BAMS, BHMS, B.VSc & AH, MBA, B.Arch, M.phil, Ph.D എന്നീ കോഴ്സുകളെ ഉൾപ്പെടുത്തി.
6. പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി B.Tech Drop out വിദ്യാർത്ഥികൾക്കായി 'റെമഡിയൽ കോച്ചിംഗ്' IHRD-യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി

ആരംഭിച്ചു. അതോടൊപ്പം സംസ്ഥാനത്ത് കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 12 ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ബി.ടെക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഠനത്തോടൊപ്പം തന്നെ പ്രത്യേക കോച്ചിംഗ് നൽകുന്ന ഒരു പദ്ധതിയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുണ്ട്.

7. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.

8. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം (പ്ലസ് ടു പഠനത്തിനുശേഷം)

9. സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ചാർജ്ജ് (പരമാവധി 4500 രൂപയും) നൽകുന്നു.

10. വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)യുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരിശീലനത്തിൽ മുമ്പിൽ നിൽക്കുന്നതും സർക്കാർ സംരംഭവുമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2018-19 മുതൽ സിവിൽ സർവ്വീസ് പരിശീലനം നൽകിവരുന്നു.

11. ICSETS-ൽ പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന സമർത്ഥരായ 30 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേയ്ക്ക് "ലക്ഷ്യ സ്കോളർഷിപ്പ്" 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

12. വകുപ്പിന്റെ നിയന്ത്രണത്തിൽ മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്ന Institute for Civil Service Examination Training Society (ICSETS)യിൽ 30 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം പ്രസ് ക്ലബ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ആരംഭിച്ചു.

(ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിച്ച് പഠന നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പഠനമുറി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 1,00,000 രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർക്ക് നിലവിലെ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വരെ ധനസഹായം 2017-18 വർഷം മുതൽ നൽകിവരുന്നു. പഠനമുറി പദ്ധതി പ്രകാരം 25096 പഠനമുറികൾ അനുവദിക്കുകയും നാളിതുവരെ 14221 പഠനമുറികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം അനുവദിച്ച 6623 പഠനമുറികളിൽ 6090 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 533 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2018-19 വർഷം അനുവദിച്ച 4980 പഠനമുറികളിൽ 4267 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 713 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2019-20 വർഷം അനുവദിച്ച 4993 പഠനമുറികളിൽ 3327 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 1666 എണ്ണത്തിന്റെ പണി പുരോഗമിക്കുന്നു. 2020-21 വർഷം 8500 പഠനമുറികൾ നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 537 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിരുന്നോയെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതിയിൽപ്പെട്ടവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 2 പ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

1. 23-7-2016-ലെ സ.ഉ(അച്ചടി) 4/2016/പജപവവിവ പ്രകാരം പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു.
2. 9-1-2020-ലെ സ.ഉ(അച്ചടി)1/2020/പജപവവിവ പ്രകാരം നിലവിലുള്ളതിൽനിന്നും വീണ്ടും 20% വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.

(ഡി) അഖിലേന്ത്യാ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുകയ്ക്കുവേണ്ട ഫണ്ടിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഇത് തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല. എന്നാൽ 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ അഖിലേന്ത്യാ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനാവശ്യമായ കേന്ദ്ര സർക്കാർ വിഹിതം അപര്യാപ്തമാണെന്നത് കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന ഗവൺമെന്റുകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന രീതിയിൽ ഉയർത്തുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**സമഗ്ര കോളനി വികസനം**

19(747) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കോളനി വികസനത്തിന് സംസ്ഥാനത്ത് എത്ര കോളനികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 248 കോളനികളും 2018-19 സാമ്പത്തിക വർഷം 80 കോളനികളും (പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം), 2019-20 സാമ്പത്തിക വർഷം 90 കോളനികളും 2020-21 സാമ്പത്തിക വർഷം നാളിതുവരെയായി 9 കോളനികളും തെരഞ്ഞെടുത്തിട്ടുണ്ട്. സമഗ്ര കോളനി വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18 വർഷം 101 കോളനികളെ തെരഞ്ഞെടുക്കുകയും ആയതിൽ 7 കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ബാക്കി 94 കോളനികളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തിക വർഷം ടി പദ്ധതിയിൽ 62 പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള കോളനി വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2016-17

1. മണ്ണാറത്തറ കോളനി

2. ചെറുമിക്കാട് കോളനി.

2018-19 (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം)

1. പ്രവട്ടക്കര കോളനി

2. ചാത്തമേൽകുറ്റി കോളനി

3. ചെല്ലപുഞ്ചയിൽ കോളനി

4. പൂപ്പറത്തിൽ കോളനി

5. കിഴക്കേത്തുരുത്തി കോളനി

6. മാവേലിത്തറ കോളനി

7. ചിത്തിരപുരം കാരിക്കുഴി കോളനി

8. പ്ലാക്കത്തറ കോളനി

9. പേരിശ്ശേരി കോളനി

10. കൊല്ലത്തറ കോളനി.

2019-20

1. കിണറുവിള കോളനി .

(സി) ചെങ്ങന്നൂരിലെ പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ള നിർമ്മാണ ഏജൻസി ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ജില്ലാ നിർമ്മിതി കേന്ദ്രം, ആലപ്പുഴ.

(ഡി) കോളനി തലത്തിലുള്ള നിർമ്മാണപുരോഗതി വിവരിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ചാലക്കുടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം**

20(748) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി (2016-17)

1. പുലിപ്പാറക്കുന്ന് പട്ടികജാതി കോളനി

2. കുറ്റിച്ചിറ കോളനി (അംബേദ്ക്കർ വെസ്റ്റ്)

3. കലിക്കൽ കുന്ന് കോളനി

4. കാഞ്ഞിരപ്പിള്ളി കോളനി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമവികസന പദ്ധതി (2019-20)

കുറ്റിച്ചിറ ഈസ്റ്റ് കോളനി .

അംബേദ്കർ ഗ്രാമവികസന പദ്ധതി (2020-21)

1. തൃപ്പാപ്പിള്ളി പട്ടികജാതി കോളനി

2. വൈലാത്ര പട്ടികജാതി കോളനി.

(ബി) നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

21(749) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് വഴി 2016 വർഷം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് വഴി 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | ചികിത്സാ ധനസഹായം | 20366500.00 |
| 2 | വിദേശത്ത് തൊഴിൽ | 5950000.00 |
| 3 | പഠനമുറി നിർമ്മാണം | 22060000.00 |
| 4 | ഏകവരുമാനദായകന്റെ മരണത്തിനുള്ള ധനസഹായം | 2750000.00 |
| 5 | മിശ്രവിവാഹ ധനസഹായം | 5675000.00 |
| 6 | വിവാഹ ധനസഹായം | 15010000.00 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (1) | (2) | (3) |
|---|---|---|
| 7 | ഭൂരഹിത പുനരധിവാസം | 41856750.00 |
| 8 | ഭവന നിർമ്മാണം | 59095000.00 |
| 9 | ഭവന അറ്റകുറ്റപ്പണി | 2175000.00 |
| 10 | സ്വയം തൊഴിൽ സബ്സിഡി | 1063133.00 |
| 11 | സ്വയം സഹായ സംഘം പദ്ധതി | 188094.00 |
| 12 | ഭവന പൂർത്തീകരണം | 2790000.00 |
| 13 | കോർപ്പസ് ഫണ്ട് | |
| | a. മൂലച്ചിറ കോളനി റോഡ് റീ ടാറിംഗ് | 610000.00 |
| | b. പുത്തൻതറ കോളനി റോഡ് കോൺക്രീറ്റിംഗ് | 320000.00 |
| | c. പൂവാടിത്തറ കോളനി റോഡ് കോൺക്രീറ്റിംഗ് | 1993534.00 |
| | d. മീനക്കോട്ട് കുളത്തിന്റെ വശത്ത് പാർശ്വ ഭിത്തി ഡ്രയിൻ നിർമ്മാണം, നടപ്പാത കോൺക്രീറ്റിംഗ് | 390000.00 |
| | e. ചാങ്ങേത്തറ കോളനി വികസനം | 1520000.00 |
| | f. ഐഎച്ച്.ഡി.പി. കോളനി റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം | 1765000.00 |
| 14 | അംബേദ്കർ ഗ്രാമ വികസന പരിപാടി | |
| | a. പുത്തൻപുരയിൽ കോളനി | 10182077.00 |
| | b. ചാലയ്ക്കൽ കോളനി (പ്രവൃത്തി പുരോഗമിക്കുന്നു) | 9423177.00 |

**അംബേദ്കർ ഗ്രാമ പദ്ധതി**

22(750) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽനിന്നും 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ള കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി, ചൊവ്വാണ എസ്.സി. കോളനി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം അമ്പലപ്പറമ്പ് കോളനിയെ തെരഞ്ഞെടുക്കുകയും എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളേത്ര; പ്രസ്തുത കോളനികളിലെ പ്രവർത്തന പുരോഗതി എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനിയിലെ സാദ്ധ്യതകൾക്കും കോളനി നിവാസികളുടെ താൽപര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു:

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവുവിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ നെയ്ത്ത്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി).

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

23(751) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്.സി. കോളനികളായ ഏഴോം പഞ്ചായത്തിലെ വെടിയപ്പൻചാൽ കോളനിയുടെയും കുഞ്ഞിമംഗലം പഞ്ചായത്തിലെ വെള്ളുവ കോളനിയുടെയും പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ടി രണ്ട് കോളനികളിലും നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പട്ടുവം ഗ്രാമപഞ്ചായത്തിലെ മുതുകുട കോളനിയെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഈ വർഷം ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം മുതുകുട കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

24(752) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി നിയോജകമണ്ഡലത്തിലെ കടമാക്കുഴി, അറക്കുളം പഞ്ചായത്തിലെ വലിയമാവ് എന്നീ കോളനികളുടെ വികസന പദ്ധതി ഏത് ഘട്ടംവരെയായി; പദ്ധതിയുടെ നടത്തിപ്പിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഇടുക്കി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി (2019-20) യിൽ ഉൾപ്പെടുത്തിയിട്ടുള്ള കടമാക്കുഴി പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2020-21 വർഷം ഇടുക്കി നിയോജകമണ്ഡലത്തിലെ വലിയമാവ് പട്ടികവർഗ്ഗ കോളനിയെ തെരഞ്ഞെടുത്തിരുന്നു. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ പട്ടികജാതി ക്ഷേമ പദ്ധതികൾ**

25(753) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എത്ര രൂപയാണെന്നും വിശദമാക്കാമോ?

വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു*

(ബി) ഭരണാനുമതി നൽകിയ പദ്ധതികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ?

വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു*

**തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതികൾ**

26(754) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ എടുത്തുവെച്ചകല്ല്, ആതാടിക്കുന്ന്, നെല്ലിക്കാപൊയിൽ എന്നീ പട്ടികജാതി കോളനികളിലെ അംബേദ്കർ ഗ്രാമ പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തിരുവമ്പാടി നിയോജമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള എടുത്തുവെച്ചകല്ല്, ആതാടിക്കുന്ന്, നെല്ലിക്കാപൊയിൽ എന്നീ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ അംഗീകരിച്ചിട്ടുണ്ട്. ടി കോളനികളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയുടെ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

27(755) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്ന് വിശദമാക്കുമോ?

2009-10 കില സർവ്വേ പ്രകാരം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 28 പട്ടികജാതി കോളനികളാണുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ കോളനിയിലും നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ചികിത്സാ ധനസഹായം**

28(756) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങൾക്കുള്ള ദുരിതാശ്വാസനിധിയിൽനിന്ന് വർക്കല മണ്ഡലത്തിലെ വർക്കല, ഇടവ, അയിരൂർ, വെട്ടൂർ, ചെമ്മരുതി, നാവായിക്കുളം, കുടവൂർ, പള്ളിക്കൽ, മടവൂർ എന്നീ വില്ലേജുകളിൽ നിന്നുള്ള എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചുവെന്നും ആകെ എത്ര രൂപയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ ഉൾപ്പെട്ടവർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിൽനിന്ന് ചികിത്സാധനസഹായമായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക്/ മുനിസിപ്പാലിറ്റി | വില്ലേജ് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | വർക്കല മുനിസിപ്പാലിറ്റി | വർക്കല, അയിരൂർ | 1279 | 1,33,85,500 |
| 2 | വർക്കല ബ്ലോക്ക് | ചെമ്മരുതി, ഇടവ, വെട്ടൂർ | 69 | 12,85,000 |
| 3 | കിളിമാനൂർ ബ്ലോക്ക് | മടവൂർ, നാവായിക്കുളം, കുടവൂർ, പള്ളിക്കൽ | 338 | 43,63,500 |
| ആകെ | | | 1686 | 1,90,34,000 |

**അടൂർ മണ്ഡലത്തിലെ വികസന പദ്ധതികൾ**

29(757) ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് അടൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ വികസന പദ്ധതികളുടെ വിവരങ്ങൾ വാർഷികാടിസ്ഥാനത്തിലും പദ്ധതി തിരിച്ചും അടങ്കൽ തുകയോടെ ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് അടൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. 2016-17 വർഷത്തിൽ ആട് വളർത്തൽ പദ്ധതി - 20,000 രൂപ
2. 2017-18 വർഷത്തിൽ വീട് ബെയ്സ്മെന്റ് - 1,50,000 രൂപ
3. 2017-18 സ്പിൽഓവർ ഭവന നിർമ്മാണം - 8,05,000 രൂപ

പട്ടികജാതി വികസനത്തിന് അടൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ വാർഷികാടിസ്ഥാനത്തിലും പദ്ധതി തിരിച്ചും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് പ്രതിരോധവും പോഷകാഹാര കിറ്റ് വിതരണവും

30(758) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് രോഗബാധ പ്രതിരോധിക്കുന്നതിനും അതിന്റെ വ്യാപനം തടയുന്നതിനും വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗക്കാർക്കിടയിൽ കോവിഡ്-19 രോഗബാധ പ്രതിരോധിക്കുന്നതിനും അതിന്റെ വ്യാപനം തടയുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ കോവിഡ്-19 രോഗപ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാൻഡ് വാഷ്, വ്യക്തി ശുചിത്വം, മാസ്കിന്റെ ഉപയോഗം, പൊതുഇടങ്ങളിൽ ശാരീരിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പറ്റി വിപുലമായ രീതിയിൽ ബോധവത്കരണം നൽകുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനത് ഭാഷയിൽ കോവിഡ്-19 പ്രതിരോധ ബോധവത്കരണ വീഡിയോകൾ തയ്യാറാക്കി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ പട്ടികവർഗ്ഗക്കാർക്കും പുനരുപയോഗിക്കാവുന്ന മാസ്കുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴിയും രോഗപ്രതിരോധ ബോധവത്കരണവും പതിവ് ആരോഗ്യ പരിശോധനയും മരുന്ന് വിതരണവും നടത്തിവരുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണവും നടത്തിവരുന്നു.

(ബി) പട്ടികജാതി സങ്കേതങ്ങളിലും പട്ടികവർഗ്ഗ ഊരുകളിലുമുള്ളവർക്ക് ലോക്ഡൗൺമൂലം തൊഴിൽ നഷ്ടമായ സാഹചര്യത്തിൽ അവർക്ക് അതിജീവനത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

സൗജന്യ റേഷൻ, ഭക്ഷ്യകിറ്റ് എന്നിവ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭ്യമാകുന്നവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോക്ഡൗൺമൂലം തൊഴിൽ നഷ്ടമായ പട്ടികവർഗ്ഗക്കാരുടെ അതിജീവനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

- ഗാർഹികാധിഷ്ഠിത കൃഷി, സംഘ കൃഷി, സഹകരണ ഫാമുകൾ മുഖേനയുള്ള കാർഷിക പ്രവർത്തനങ്ങൾ
- ക്ഷീര വികസന പദ്ധതികൾ
- കരകൗശലവസ്തു നിർമ്മാണം തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും വനവിഭവ ശേഖരണവും അവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും
- തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തലും ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ 100 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ ലഭ്യമാക്കലും
- വംശീയ ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകൽ.

(സി) പട്ടികവർഗ്ഗ ഊരുകളിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പ്രത്യേക പോഷകാഹാര കിറ്റ് വിതരണം ചെയ്തിരുന്നോ; വിശദാംശം നൽകുമോ?

മൺസൂൺ കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനും, കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് 60 വയസ്സിനുമുകളിൽ പ്രായമുള്ള പട്ടികവർഗ്ഗക്കാർക്ക് പോഷകാഹാരം വിതരണം നടത്തുന്നതിനും, കാലവർഷക്കെടുതിമൂലവും, കോവിഡ് ബാധമൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി 24,87,91,653 രൂപ ചെലവഴിച്ചിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ, കേരള വാട്ടർ അതോറിറ്റി, കേരള ഫയർ & റെസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാധനസഹായം**

31(759) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കൊച്ചി മണ്ഡലത്തിൽ ഉൾപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക്

ചികിത്സാധനസഹായം നൽകിയിട്ടുണ്ട്; പേര്, തുക എന്നിവ ഉൾപ്പെടെ ഇവയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2016 ജൂൺ മുതൽ നാളിതുവരെ 73 പേർക്ക് 19,45,000 രൂപ (പത്തൊമ്പത് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ആയതിന്റെ പേര്, തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര പേരുടെ അപേക്ഷയിൻമേൽ ഇനി നടപടി സ്വീകരിക്കാനുണ്ട്; വ്യക്തമാക്കാമോ?

എട്ട് പേരുടെ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനുണ്ട്.

(സി) നിലവിലെ ചികിത്സാധനസഹായത്തിന്റെ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ചികിത്സാ സഹായം**

32(760) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം ചികിത്സാസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം ചികിത്സാസഹായം അനുവദിക്കുന്നതിനുള്ള 595 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(ബി) അവയിൽ ഏതെല്ലാം അപേക്ഷകൾ അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

510 അപേക്ഷകൾക്ക് ആകെ 75,23,500 രൂപ (എഴുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറു രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചികിത്സാ ധനസഹായം**

33(761) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പ് മുഖേന എത്ര പേർക്ക്, എന്തു തുക ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായമായി 85982 ഗുണഭോക്താക്കൾക്ക് 159,89,45,527 രൂപയും (നൂറ്റി അമ്പത്തിയൊമ്പത് കോടി എൺപത്തിയൊമ്പത് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 58981 പേർക്ക് 17,89,00,000 രൂപയും (പതിനേഴ് കോടി എൺപത്തിയൊമ്പത് ലക്ഷം രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ എത്ര പേർക്ക് എത്ര രൂപ ധനസഹായം ലഭിച്ചുവെന്നതിന്റെ മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ്

| ക്രമ നമ്പർ | മണ്ഡലം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൃത്താല | 22526300 | 1135 |
| 2 | ആലത്തൂർ | 21391190 | 1436 |
| 3 | തരൂർ | 33080500 | 1660 |
| 4 | പട്ടാമ്പി | 25236950 | 1395 |
| 5 | മലമ്പുഴ | 12964500 | 466 |
| 6 | നെന്മാറ | 9275000 | 608 |
| 7 | ചിറ്റൂർ | 27182500 | 546 |
| 8 | ഒറ്റപ്പാലം | 15531000 | 674 |
| 9 | കോങ്ങാട് | 9392000 | 635 |
| 10 | ഷൊർണ്ണൂർ | 17471500 | 789 |
| 11 | പാലക്കാട് | 11020100 | 532 |
| 12 | മണ്ണാർക്കാട് | 5946000 | 215 |
| | ആകെ | 211017540 | 1009 |

പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭാ മണ്ഡലം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | നെന്മാറ | 3389970 | 1032 |
| 2 | മലമ്പുഴ | 1281950 | 503 |
| 3 | ആലത്തൂർ | 1996833 | 304 |
| 4 | കോങ്ങാട് | 441255 | 200 |
| 5 | തരൂർ | 893010 | 360 |
| 6 | മണ്ണാർക്കാട് | 17067741 | 4950 |
| 7 | ചിറ്റൂർ | 659747 | 341 |
| 8 | ഒറ്റപ്പാലം | 48900 | 18 |
| ആകെ | | 25,779,406 | 7708 |

**പട്ടികജാതി വിഭാഗത്തിന് നൽകുന്ന ചികിത്സാ സഹായ പദ്ധതി**

34(762) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾക്ക് നൽകുന്ന വിവിധ ചികിത്സാ സഹായ പദ്ധതികളുടെ മലപ്പുറം ജില്ലയിലെ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ള ചികിത്സാ ധനസഹായ പദ്ധതികളുടെ മലപ്പുറം ജില്ലയിലെ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മണ്ഡലത്തിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| (1) | (2) | (3) |
| 1 | കൊണ്ടോട്ടി | 9171410 |
| 2 | ഏറനാട് | 11744000 |
| 3 | നിലമ്പൂർ | 9569000 |
| 4 | വണ്ടൂർ | 15925500 |
| 5 | മഞ്ചേരി | 13502000 |
| 6 | പെരിന്തൽമണ്ണ | 9442500 |

| (1) | (2) | (3) |
|---|---|---|
| 7 | മങ്കട | 6795000 |
| 8 | മലപ്പുറം | 7179500 |
| 9 | വേങ്ങര | 8993500 |
| 10 | വള്ളിക്കുന്ന് | 4031900 |
| 11 | തിരൂരങ്ങാടി | 2780000 |
| 12 | താനൂർ | 3637000 |
| 13 | തിരൂർ | 5026955 |
| 14 | കോട്ടക്കൽ | 6617500 |
| 15 | തവനൂർ | 15136000 |
| 16 | പൊന്നാനി | 12788000 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ചികിത്സാ ധനസഹായത്തിന്റെ ഉയർന്ന പരിധിയിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) ചികിത്സാസഹായം വേഗത്തിലും സുതാര്യവുമായി അർഹരുടെ കൈകളിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ചികിത്സാ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

**പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച ഭൂമി**

35(763) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് ഭൂമി അനുവദിച്ച് കൊടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി (2016-17 മുതൽ 2020-21 ഡിസംബർ വരെ) 18460 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2016-17 | 4468 |
| 2017-18 | 4600 |
| 2018-19 | 3887 |
| 2019-20 | 4225 |
| 2020-21 (ഡിസംബർ വരെ) | 1460 |
| ആകെ | 18640 |

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ**

36(764) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഭൂരഹിതരും, ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നിലവിൽ 371 ഭൂരഹിതരും 1218 ഭവനരഹിതരുമാണുള്ളത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഈ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നൽകിയ ഭൂമിയുടെയും വീടിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വന്തമായി ഭൂമിയും വീടുമില്ലാത്ത ഈ നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് അവ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

അർഹതയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി പരമാവധി ഭൂരഹിതർക്കും ഭവനരഹിതർക്കും ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി വകുപ്പിന് കീഴിൽ നിർമ്മിച്ച വീടുകൾ

37(765) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പിനുകീഴിൽ എത്ര വീടുകളാണ് അനുവദിച്ചത്; അതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23971 വീടുകൾ വകുപ്പ് മുഖേന അനുവദിച്ചു. ഇതിൽ 170 വീടുകൾ 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായവയായിരുന്നു. ഇതിൽ 19931 വീടുകൾ പൂർത്തീകരിച്ചു.

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി എന്ത് തുകയാണ് വകുപ്പ് ചെലവഴിച്ചത്; ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി 673,33,43,000 രൂപ വകുപ്പ് ചെലവഴിച്ചു. ഈ പദ്ധതിക്കായി കേന്ദ്ര സഹായം ഉൾപ്പെട്ടിട്ടില്ല.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ വകുപ്പ് സ്വന്തമായി എത്ര ഭവനങ്ങളാണ് നിർമ്മിച്ച് നൽകിയതെന്ന് അറിയിക്കാമോ?

വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം 2016-17 വർഷം അനുവദിച്ച 14906 വീടുകളിൽ 12338 വീടുകളും 2017-18 വർഷം അനുവദിച്ച 8895 വീടുകളിൽ 7470 വീടുകളും പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച 170 വീടുകളിൽ 123 വീടുകളും ഉൾപ്പെടെ ആകെ 19931 വീടുകൾ പൂർത്തീകരിച്ചു. ഇതിനുപുറമേ 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പണി പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച 16363 വീടുകളിൽ 10144 വീടുകളും വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടികജാതി വകുപ്പിനുകീഴിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ 2011-12 മുതൽ 2015-16 വരെ അനുവദിച്ച 24887 വീടുകളിൽ 13884 വീടുകൾ പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 2007-08 മുതൽ 2010-11 വർഷം വരെ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 13823 വീടുകളിൽ 8463 എണ്ണം മേൽ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി സ്വയംപര്യാപ്ത കോളനികൾ

38(766) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിൽ പട്ടികജാതി സ്വയംപര്യാപ്ത കോളനികൾക്കായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം OLH കോളനി, IHDP കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. OLH കോളനികൾക്ക് രണ്ട് ഗഡുക്കളായി 79,81,722 രൂപയും IHDP കോളനിക്ക് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും വിശദമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുന്നതിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

OLH കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. IHDP കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകാത്തതിനാൽ ആയത് നടപ്പാക്കിയിട്ടില്ല.

### അംബേദ്കർ ഗ്രാമം പദ്ധതി

39(767) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കപ്പെടാതെ പരാതികൾക്ക് ഇടയാവുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇ-ടെണ്ടർ മുഖേന പ്രസ്തുത പ്രവൃത്തികൾ മത്സരാധിഷ്ഠിത സാഹചര്യമൊരുക്കി നൽകുന്നതിൽ എന്തെങ്കിലും തടസം നിലവിലുണ്ടോ; അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ നേരിട്ട് ഏൽപ്പിക്കുന്ന രീതിക്ക് മാറ്റം വരുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമുണ്ടാവുമോ?

നിലവിലെ രീതിയിൽ മാറ്റം വരുത്തുന്ന വിഷയം പരിശോധിച്ചിട്ടില്ല.

## കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

40(768) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തേര ആദിവാസി കോളനിയുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തേര കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ 3 കിണറുകളുടെ നിർമ്മാണം ഭാഗികമായി പൂർത്തിയായിട്ടുണ്ട്.

(ബി) തേര കോളനി നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തേര കോളനി നവീകരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കുടിവെള്ള പദ്ധതി (നിലവിലുള്ള കുളം സൈഡ് കെട്ടി സംരക്ഷിച്ച്, താഴ്ചകൂട്ടി, ചെളി കോരി വൃത്തിയാക്കുക, പുതിയതായി 5 കിണറുകൾ താഴ്ത്തി ഭിത്തി കെട്ടി കപ്പി, കയർ മുതലായവ സ്ഥാപിക്കൽ) - 8,50,000 രൂപ

2. റോഡ് പുനരുദ്ധാരണം (ഫോറസ്റ്റ് ഏരിയയിൽ വളവുകളുള്ള ഭാഗത്ത് കോൺക്രീറ്റ് ചെയ്യുന്നതിനും, കയറ്റവും ഇറക്കവുമുള്ള ഭാഗങ്ങളിൽ വീൽ ട്രാക്ക് മാത്രം കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നതിന്) - 30,00,000 രൂപ

3. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണവും എക്സ്റ്റൻഷനും - 15,00,000 രൂപ

4. ബാംബു ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, കെട്ടിട നിർമ്മാണം (വർക്ക് ഷെഡ്) - 20,00,000 രൂപ

5. കാർഷിക ഉപകരണങ്ങളും വിത്ത്, വളം മുതലായവയുടെ വിതരണവും - 10,00,000 രൂപ

6. കമ്മ്യൂണിറ്റി ഹാൾ ഫർണ്ണിച്ചർ (50 കസേര, 3 മേശ, സോളാർ പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടി.വി.സെറ്റ്) - 4,00,000 രൂപ

7. ഹെൽത്ത് സർവ്വേയും, ഹെൽത്ത് കാർഡ് വിതരണവും - 1,00,000 രൂപ

8. കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് പുതിയ കക്കൂസ്, യൂറിനൽ എന്നിവ നിർമ്മാണം - 7,50,000 രൂപ

9. ശുചിത്വ കക്കൂസ് നിർമ്മാണം - 4,00,000 രൂപ

ആകെ - 1,00,00,000 രൂപ (ഒരു കോടി രൂപ മാത്രം).

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്ന് അറിയിക്കുമോ; അവശേഷിക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ടി പദ്ധതിയിൽ ഉൾപ്പെട്ട കുടിവെള്ള പദ്ധതിയിൽ 3 കിണറുകളുടെ നിർമ്മാണം ഭാഗികമായി പൂർത്തിയായിട്ടുണ്ട്. തേര കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കുന്നതിന് വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ഡി) കോളനി നവീകരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

കോളനി നവീകരണം 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ കോളനി നവീകരണം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോളനി നവീകരണം 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കോളനികളുടെ നവീകരണം

41(769) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളുടെ നവീകരണത്തിനാണ് തുക അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17-ൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽനിന്നും കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനിയെയും 2019-20 സാമ്പത്തിക വർഷം ചെങ്ങറ കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനിയുടെ നവീകരണത്തിനായി 1 കോടി രൂപയും ചെങ്ങറ കോളനിയുടെ നവീകരണത്തിനായി 50 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികളിലൂടെ കോളനികളിൽ എന്തൊക്കെ സേവനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനിയിൽ താഴെപറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്:

- പമ്പ് ഹൗസ് നവീകരണം
- ഇലക്ട്രിഫിക്കേഷൻ
- കിണറിന് ആഴം കൂട്ടൽ
- പുതിയ വാട്ടർ ടാങ്ക് നിർമ്മാണം
- റോഡ് കോൺക്രീറ്റിംഗ്
- കുടിവെള്ള വിതരണം
- ഭവന പുനരുദ്ധാരണം (30 പേർക്ക്).

ചെങ്ങറ കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കൊണ്ടോട്ടിയിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

42(770) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി കോളനികളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കാമോ; ആയതിൽ പ്രവൃത്തി പൂർത്തിയായവ എത്രയെന്നും അവ ഏതെല്ലാമെന്നും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സർക്കാരിന്റെ ഭരണകാലത്ത് അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 248 കോളനികളിൽ 52 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോളനികളുടെ പേര് അനുബന്ധം I ആയി ചേർക്കുന്നു.* 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെതുടർന്ന് പുനഃനിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 80 കോളനികളിൽ വേണാട്ടുകളപ്പറമ്പ് കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 90 കോളനികളെയും 2020-21 സാമ്പത്തിക വർഷം 9 കോളനികളെയും ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട കൊണ്ടോട്ടി മണ്ഡലത്തിലെ കോട്ടാശ്ശേരി, മാനീരി, നെടിയിരുപ്പ് കോളനികളിലെ പദ്ധതി പ്രവർത്തനം വിവരിക്കാമോ?

കോട്ടാശ്ശേരി കോളനിയിൽ ഭവന പുനരുദ്ധാരണം, ശ്മശാനം റൂഫിംഗ്, അംഗനവാടിയിലേയ്ക്കുള്ള ഫുട്പാത്ത്, ചിറയിൽ ചുങ്കം കോട്ടാശ്ശേരി റോഡ് ബാരിയർ എന്നിവ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി - 90% പൂർത്തീകരിച്ചു. മാനീരി കോളനിയിൽ പന്ത്രണ്ടാം കോണി തേനക്കാപ്പ് ശ്മശാനം റോഡ്, വള്ളിക്കാട്ട് കുണ്ട് കരിങ്ങാത്തൊടി ആശാരിമുക്ക് റോഡ്, തലപ്പറമ്പ് ക്ഷേത്രം ചെറുകുഴി അങ്കണവാടി റോഡ്, തലപ്പറമ്പ് ക്ഷേത്രം മലയത്തൊടി റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. നെടിയിരുപ്പ് എൻ.എച്ച്. കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി കോർപ്പസ് ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II ആയി ഉൾപ്പെടുത്തുന്നു.*

## കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ

43(771) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കളമശ്ശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം കളമശ്ശേരി നിയോജക മണ്ഡലത്തിലെ കുന്നുകര കോളനിയിൽ ഭവന നവീകരണം, കുടിവെള്ള പദ്ധതി, സംരക്ഷണഭിത്തി നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 5 വീടുകളുടെ നവീകരണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ?

റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ബാധകമല്ല.

(ഡി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൃക്കരിപ്പൂർ മണ്ഡലം

44(772) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ കൊടക്കാട് പ്രവർത്തിക്കുന്ന വെള്ളച്ചാൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ് അടുത്ത അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 100 വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

(ബി) കിഫ്ബി വഴി അന്താരാഷ്ട്ര നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അഞ്ച് കോടി രൂപ ചെലവിൽ കെട്ടിടം പണി പൂർത്തിയാക്കിയതിനാൽ ഈ വർഷം തന്നെ കോഴ്സ് പ്രഖ്യാപിക്കുവാൻ കഴിയുമോ?

വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ കൊടക്കാട് പ്രവർത്തിക്കുന്ന വെള്ളച്ചാൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ് അടുത്ത അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 100 വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

## വർക്കല മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള പഠന മുറികൾ

45(773) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകളിൽ പഠനസൗകര്യം കുറവുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിൽ എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

267 പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 189 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## നെന്മാറ മണ്ഡലത്തിൽ പഠനമുറി പദ്ധതി

46(774) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിലുള്ള എത്ര വിദ്യാർത്ഥികൾക്കാണ് പഠനമുറി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

57 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| | |
|---|---|
| എലവഞ്ചേരി | 7 |
| പല്ലശ്ശന | 8 |
| നെന്മാറ | 6 |
| അയിലൂർ | 7 |
| പുതുനഗരം | 6 |
| കൊല്ലങ്കോട് | 9 |
| വടവന്നൂർ | 7 |
| കൊടുവായൂർ | 7 |
| ആകെ | 57 |

### എസ്.സി./എസ്.ടി. വിഭാഗക്കാർക്കുള്ള വിദേശപഠനം

47(775) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി 1 മുതൽ 2020 നവംബർ 30 വരെ എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്ന് എത്ര പേർക്ക് വിദേശപഠനത്തിനായി അനുവാദം നൽകിയിട്ടുണ്ട്; പകർപ്പ് ലഭ്യമാക്കുമോ?

2016 ജനുവരി 1 മുതൽ 2020 നവംബർ 30 വരെ എസ്.സി. വിഭാഗത്തിൽപ്പെട്ട 57 പേർക്കും എസ്.ടി. വിഭാഗത്തിൽപ്പെട്ട 7 പേർക്കും വിദേശപഠനത്തിനായി ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) 2011 ജനുവരി 1 മുതൽ 2016 ഡിസംബർ 31 വരെ എസ്.സി./എസ്.ടി. വിഭാഗത്തിലെ എത്രപേർക്ക് വിദേശ പഠനത്തിനായി അനുവാദം നൽകിയിട്ടുണ്ട്; പകർപ്പുകൾ ലഭ്യമാക്കുമോ?

2011 ജനുവരി 1 മുതൽ 2016 ഡിസംബർ 31 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7 വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 1 വിദ്യാർത്ഥിക്കും വിദേശപഠനത്തിനായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) വിദേശ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ പഠന ചെലവിനായിട്ടുള്ള തുക കൈമാറുന്നതിൽ ഉദ്യോഗസ്ഥർ ഉദാസീനത കാണിക്കുന്ന കാര്യം പരിശോധിക്കുമോ; ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കുമോ; ഇ-മെയിൽ ആയി പരാതികൾ ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

വിദേശ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ പഠന ചെലവിനായി നിബന്ധനകൾ പ്രകാരമുള്ള തുക കൈമാറുന്നതിൽ ഉദ്യോഗസ്ഥർ ഉദാസീനത കാണിക്കുന്നു എന്നാരോപിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

### ഓച്ചിറ എസ്.സി.ഡി.ഡി. ഐ.റ്റി.ഐ.

48(776) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ എസ്.സി.ഡി.ഡി. ഐ.റ്റി.ഐ-യിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ഐ.റ്റി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ (2 യൂണിറ്റ്), പ്ലംബർ (1 യൂണിറ്റ്) എന്നീ കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദീകരിക്കുമോ; പ്രസ്തുത കോഴ്സ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡും ആരംഭിക്കുന്നതിനുമുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഈ ഐ.റ്റി.ഐ.-യിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

പുതിയ കോഴ്സുകൾ ആരംഭിക്കുന്നമുറയ്ക്ക് മാത്രമേ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ.

(ഡി) പ്രസ്തുത ഐ.റ്റി.ഐ.-യിൽ എത്ര നോൺ ടീച്ചിംഗ് ജീവനക്കാരുടെ തസ്തികകളുണ്ടെന്നും ഏതെല്ലാം വിഭാഗത്തിലുള്ളവരാണെന്നും വിശദീകരിക്കുമോ?

ഓഫീസ് അറ്റന്റന്റ് - 1, സ്വീപ്പർ കം വാച്ച്മാൻ - 1 എന്നീ രണ്ട് നോൺ ടീച്ചിംഗ് ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളത്.

(ഇ) പുതിയതായി ഇലക്ട്രീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനും ക്ലാർക്ക് തസ്തിക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. ക്ലർക്ക് തസ്തിക അനുവദിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**പറമ്പിക്കുളത്തെ യുവതീയുവാക്കൾക്ക് നിയമനം**

49(777) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളത്തെ വിവിധ ആദിവാസി ഊരുകളിൽ അഭ്യസ്തവിദ്യരായ നിരവധി യുവതീയുവാക്കൾ താമസിക്കുന്നുണ്ടെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്താം ക്ലാസും അതിന് മുകളിലുമായി വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പേരുണ്ടെന്ന് അറിയിക്കുമോ; ഇവരുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

പത്താം ക്ലാസ്സും അതിനുമുകളിലുമായി വിദ്യാഭ്യാസ യോഗ്യതയുള്ള 225 പേരുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

എസ്.എസ്.എൽ.സി - 77

ഹയർ സെക്കണ്ടറി (പ്ലസ് ടു) - 98

ഡിഗ്രി - 44

മാസ്റ്റേഴ്സ് ഡിഗ്രി - 3

ബി.എഡ് - 1

ഡിപ്ലോമ - 2

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിരവധി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ നിയമനം നൽകിയ മാതൃകയിൽ പറമ്പിക്കുളത്തെ യുവതീയുവാക്കൾക്കും നിയമനം നൽകാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം**

50(778) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത തസ്തികകളിൽ യോഗ്യരായ ആളുകൾ ഇല്ലാത്തതിനാൽ അത് നികത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടോ?

പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റീ-കാറ്റഗറൈസ് ചെയ്ത് നിയമനം നടത്താറുണ്ട്.

(ബി) നിലവിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്ത തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തിക തിരിച്ച് വിശദാംശം നൽകുമോ?

നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്ത തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗം: ഗസറ്റഡ് - 34 (മുപ്പത്തിനാല്) നോൺ-ഗസറ്റഡ്- 404 (നാനൂറ്റി നാല്) പട്ടികവർഗ്ഗം മാത്രം: ഗസറ്റഡ് -121 (നൂറ്റി ഇരുപത്തി ഒന്ന്) നോൺ-ഗസറ്റഡ് - 658 (അറുനൂറ്റി അൻപത്തിയെട്ട് )

(സി) സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങിയ തസ്തികകളിൽ പട്ടികവിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉണ്ടോ; എങ്കിൽ എത്ര ശതമാനം വീതം എന്ന് വ്യക്തമാക്കുമോ?

സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങിയ തസ്തികകളിൽ പ്രത്യേകമായി പട്ടിക വിഭാഗ പ്രാതിനിധ്യം പരിശോധിക്കുന്നില്ല. വിവിധ സർക്കാർ വകുപ്പുകളിലെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ വിഭാഗങ്ങളിലായാണ് പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം പരിശോധിച്ചു വരുന്നത്. സെക്രട്ടേറിയറ്റിൽ ഗസറ്റഡ് വിഭാഗത്തിൽ മതിയായ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉണ്ട്.

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി

51(779) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകളിൽ സംവരണം ചെയ്യപ്പെട്ട നൂറുകണക്കിന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ സമയബന്ധിതമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി വകുപ്പുതലവൻമാരിൽനിന്ന് പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിക്കാറുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ലഭിച്ചാൽ ആയത് പ്രത്യേകം പരിശോധിച്ചും വരുന്നു.

(ബി) വിവിധ വകുപ്പുകളിലെ ഒഴിവുകൾ കണ്ടെത്താനുള്ള സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി

സ്വീകരിക്കുമോ; നിലവിൽ ഒഴിവുകൾ കണ്ടെത്തുന്നത് സെക്രട്ടേറിയറ്റിലെ ഏത് സെക്ഷനിലാണ്; 2016 ജനുവരി മുതൽ 2020 നവംബർ 30 വരെ കണ്ടെത്തിയ ഒഴിവുകൾ എത്ര; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തു?

സർക്കാർ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം പരിശോധിച്ച് ഒഴിവുകൾ കണ്ടെത്തുന്നത് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പാണ്. 2016 ജനുവരി മുതൽ 2020 നവംബർ 30 വരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 1689 ഒഴിവുകളും പട്ടികവർഗ്ഗ വിഭാഗത്തിനായി 1268 ഒഴിവുകളും പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2020 നവംബർ 30 കണക്ക് അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എത്ര തസ്തികകളാണ് ഒഴിവുള്ളത്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

2020 സെപ്തംബർ അടിസ്ഥാനമാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനം സംബന്ധിച്ച ത്രൈമാസ പുരോഗതി റിപ്പോർട്ട് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 871 ഒഴിവുകളും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി 979 ഒഴിവുകളും നികത്താനായി ബാക്കിയുണ്ട്. പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗം**

52(780) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്

(ബി) ഏതൊക്കെ പഞ്ചായത്തുകളിലായി ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇവയിൽ പൂർത്തിയായവ ഏതൊക്കെയെന്നും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അനുവദിച്ച പദ്ധതികളും തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| സീഷോർ പട്ടികജാതി കോളനി-റോഡ് നിർമ്മാണം | നായരമ്പലം | 25.00 |
| കാപ്പിൽച്ചിറ പട്ടികജാതി കോളനി-റോഡ് നിർമ്മാണം | നായരമ്പലം | 25.00 |
| കൊല്ലേരിത്തറ കോളനി -റോഡ് നിർമ്മാണം | നായരമ്പലം | 10.00 |
| പൊങ്ങത്തറ പട്ടികജാതി കോളനി സൈഡ് കെട്ട്, റോഡ് നിർമ്മാണം | എടവനക്കാട് | 25.00 |

മേൽ പ്രവൃത്തികളിൽ സീഷോർ കോളനി പ്രവൃത്തികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഏതെല്ലാം പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും ഇവയിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളിൽ സീഷോർ കോളനി പ്രവൃത്തികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാത്തതിനാൽ ശേഷിക്കുന്ന പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

## കുന്നത്തുനാട് കോർപ്പസ് ഫണ്ട്

53(781) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച തുകയും പേര് വിവരവും പട്ടിക തിരിച്ച് നൽകാമോ?

ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 813 ഗുണഭോക്താക്കൾക്കായി 16042667 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരും അനുവദിച്ച തുകയും അനുബന്ധം 1 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗക്കാർക്ക് ബഹു മാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.:

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2016-17 | 19 | 58,800 |
| 2 | 2017-18 | 18 | 1,20,000 |
| 3 | 2018-19 | 18 | 51,150 |
| 4 | 2019-20 | 21 | 72,000 |
| 5 | 2020-21 | 13 | 91,524 |
| ആകെ | | 89 | 3,93,474 |

ഗുണഭോക്താക്കളുടെ പേര് വിവരം ക്രോഡീകരിച്ച് നൽകുന്നതാണ്.

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികളും കോളനികളും ഏതെല്ലാം; ഇതിൽ എത്ര തുക വീതം വിനിയോഗിച്ചു എന്നത് പട്ടിക തിരിച്ച് നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016-17-ൽ കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദാംശം:

| പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | പദ്ധതി ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| മൂലേക്കുഴി പട്ടികജാതി കോളനി സമഗ്ര വികസനം | പുത്തൻകുരിശ്/വടവുകോട് | 18.20907 |
| ഐക്കരനാട് ഗ്രാമ പഞ്ചായത്ത് വാർഡ് XIV ലക്ഷം വീട് കോളനി -റോഡ് കട്ട വിരിക്കൽ ഡ്രെയിനേജ് സ്ലാബ് നിർമ്മാണം മുതലായവ | ഐക്കരനാട്/വടവുകോട് | + 9.88733 |
| കണ്ടോട്ടുകുന്നേൽ എസ്.സി കോളനി -നടപ്പാത കോൺക്രീറ്റിംഗ് | മഴുവന്നൂർ/വടവുകോട് | 4.83227 |
| ഐരാപുരം എസ്.സി-ഡ്രെയിനേജ് കലുങ്ക് നിർമ്മാണം | മഴുവന്നൂർ/വടവുകോട് | 4.50715 |
| എണ്ണക്കാമോളം പട്ടികജാതി കോളനി -നടപ്പാത കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും | ഐക്കരനാട്/വടവുകോട് | 10.53519 |

2018-19-ൽ കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദാംശം

| പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ | പദ്ധതി ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| പോട്ട പട്ടികജാതി കോളനി നടപ്പാത കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം | ഐക്കരനാട്/വടവുകോട് | 6.16255 |
| കോഴിക്കോട് മോളം പട്ടികജാതി സങ്കേതം-സമഗ്ര വികസനം | മഴുവന്നൂർ/വടവുകോട് | 3.12475 |
| നീലിമല പട്ടികജാതി സങ്കേതം നവീകരണം | കുന്നത്തുനാട്/വടവുകോട് ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ | 6.49657 |
| കാട്ടുകുന്നം എസ്.സി കോളനി സംരക്ഷണ ഭിത്തി, റോഡ് | മഴുവന്നൂർ/വടവുകോട് | 4.18654 |

2019-20-ൽ കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദാംശം

| പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| കുറ്റകോളനി റോഡ് പുനരുദ്ധാരണം | വടവുകോട് പുത്തൻ കരിശ്/ വടവുകോട് | 8 |
| നെടുമല പട്ടികജാതി കോളനി സംരക്ഷണ ഭിത്തി നർമ്മാണം ഫുട്പാത്ത് കോൺക്രീറ്റിംഗ് | വടവുകോട്/ വടവുകോട് | 22.6 |
| ആക്കാംപാറ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം | മഴുവന്നൂർ/ വടവുകോട് | 24.91 |

പട്ടികവർഗ്ഗവികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു:

| വർഷം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 | ഇല്ല | ഇല്ല | ഇല്ല |
| 2017-18 | ഇല്ല | ഇല്ല | ഇല്ല |
| 2018-19 | സാന്ത്വനം ചികിൽസാ ധനസഹായ പദ്ധതി | 3 | 72000 |
| | ശുചിത്വ കക്കൂസ് നിർമ്മാണം | 4 | 105000 |
| | പ്രളയ ദുരിതാശ്വാസം | 3 | 30000 |
| | ഭവന പുനരുദ്ധാരണം | 3 | 60000 |
| | ഭക്ഷ്യ സഹായ പദ്ധതി | 1 | 500 |
| 2019-20 | സാന്ത്വനം ചികിൽസാ ധനസഹായ പദ്ധതി | 3 | 72000 |

**കൊട്ടാരക്കര മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

54(782) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിക്കപ്പെട്ട തുക വർഷം തിരിച്ച് വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക |
|---|---|
| 2016-17 | 8,92,05,468 രൂപ |
| 2017-18 | പുതിയ പദ്ധതികൾക്ക് തുക അനുവദിച്ചിട്ടില്ല |
| 2018-19 | 3,56,00,000 രൂപ |
| 2019-20 | 3,56,00,000 രൂപ |
| 2020-21 | പുതിയ പദ്ധതികൾക്ക് തുക അനുവദിച്ചിട്ടില്ല. |

2016-17 മുതൽ 2020-21 വരെ അനുവദിച്ച ആകെ തുക - 16,04,05,468 രൂപ (പതിനാറ് കോടി നാല് ലക്ഷത്തി അയ്യായിരത്തി നാനൂറ്റി അറുപത്തിയെട്ട് രൂപ മാത്രം)

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 45,87,000 | 45,73,075 |
| 2017-18 | 41,59,000 | 39,97,309 |
| 2018-19 | 74,02,000 | 74,01,902 |
| 2019-20 | 53,08,118 | 53,08,118 |
| 2020-21 (നാളിതുവരെ) | 22,39,994 | 22,39,994 |

(ബി) പ്രസ്തുത തുക വിനിയോഗിച്ച് കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരവും അവയുടെ നിലവിലെ സ്ഥിതിയും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

**കോർപ്പസ് ഫണ്ട്**

55(783) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവന ചെയ്യുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് അനുവദിക്കുന്നത്. കോർപ്പസ് ഫണ്ടിന്റെ 3-ൽ 1 ഭാഗം ജില്ലകൾക്ക് നൽകിവരുന്നു. കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രവൃത്തികൾ എന്നിവയ്ക്കാണ് ഫണ്ട് വിനിയോഗിക്കുക. 25.00 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് ജില്ലാതലത്തിൽ അംഗീകാരം നൽകുന്നു. 25.00 ലക്ഷം രൂപയിൽ അധികരിക്കുന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ ജില്ലാതല സമിതിയുടെ അംഗീകാരത്തോടെ സ്റ്റേറ്റ് വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് ഡയറക്ടർക്ക് സമർപ്പിക്കണം.

(ബി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം, സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ, നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പദ്ധതി പൂർത്തീകരിക്കുകയും എന്നാൽ കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ടുകൾ കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾക്കും കോർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(സി) കോർപ്പസ് ഫണ്ട് എപ്പോഴെല്ലാമാണ് അനുവദിക്കുന്നത്; വർഷം പരമാവധി ഇത്ര തവണ മാത്രമേ അനുവദിക്കാവൂ എന്ന നിയന്ത്രണവും നിബന്ധനയും ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാനദണ്ഡങ്ങൾ പാലിച്ച് ലഭ്യമാകുന്ന പ്രോജക്ടുകൾ ജില്ലാ കളക്ടർ ചെയർമാനായുള്ള കോർപ്പസ് ഫണ്ട് ജില്ലാ സമിതി അംഗീകരിക്കുന്ന പ്രോജക്ടുകൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. വർഷം പരമാവധി ഇത്ര തവണ മാത്രമേ അനുവദിക്കാവൂ എന്നത് സംബന്ധിച്ച നിബന്ധനകൾ ഒന്നുംതന്നെ ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ടിൽ നിന്ന് അനുവദിച്ച തുക എത്രയാണെന്നും ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**നെടുമങ്ങാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

56(784) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല

(ബി)അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

## പട്ടികജാതി വികസന വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

57(785) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസനവകുപ്പ് കോർപ്പസ് ഫണ്ട് വഴിയും മറ്റ് സർക്കാർ ഏജൻസി ഫണ്ടുകൾ എന്നിവ വഴിയും കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ പൂർത്തീകരിച്ചതും നടന്നുവരുന്നതും ഭരണാനുമതിയായതുമായ മുഴുവൻ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഓരോന്നും പട്ടികപ്പെടുത്തി വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*

## കൊച്ചി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച പദ്ധതികൾ

58(786) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ 2020 ഡിസംബർ മാസം വരെ കൊച്ചി നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ജൂൺ മാസം മുതൽ 2020 ഡിസംബർ മാസം വരെ കൊച്ചി നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

പട്ടികവർഗ്ഗക്കാർക്കായി കുടിവെള്ള ടാങ്ക് വിതരണം, സാന്ത്വനം ചികിത്സാ ധനസഹായ പദ്ധതി, പ്രളയ ദുരിതാശ്വാസം, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ഹോസ്റ്റൽ സൗകര്യം എന്നീ പദ്ധതികൾ നടപ്പിലാക്കി.

പട്ടികജാതി വിഭാഗങ്ങൾക്കായി അനുവദിച്ച വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഭൂരഹിത പുനരധിവാസ പദ്ധതി
2. ഭവനനിർമ്മാണ പദ്ധതി
3. പഠനമുറി
4. വിവാഹ ധനസഹായം
5. മിശ്രവിവാഹ ധനസഹായം
6. ചികിത്സാ ധനസഹായം
7. സ്വയം തൊഴിൽ സബ്സിഡി
8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോച്ചിംഗ്
9. പ്രത്യേക പ്രോത്സാഹന സമ്മാനം
10. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
11. കോർപ്പസ് ഫണ്ട്.

(ബി) ഓരോ പദ്ധതിക്കായി അനുവദിച്ച തുകയും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയും എന്തെന്ന് അറിയിക്കുമോ?

അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇത്തരം പദ്ധതികൾ അനുവദിച്ചതിലൂടെ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ കുടിവെള്ള ടാങ്ക് വിതരണത്തിലൂടെ 10 കുടുംബങ്ങൾക്കും സാന്ത്വന ചികിത്സാ ധനസഹായ പദ്ധതിയിലൂടെ 9 ഗുണഭോക്താക്കൾക്കും പ്രളയ ദുരിതാശ്വാസമായി 9

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് നിർമ്മാണ പദ്ധതിയിൽ 2 കുടുംബങ്ങൾക്കും പ്രൈവറ്റ് ഹോസ്റ്റൽ ഫീസ് വിതരണ പദ്ധതിയിലൂടെ രണ്ട് വിദ്യാർത്ഥികൾക്കും ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ അനുവദിച്ചതിലൂടെ മണ്ഡലത്തിലെ 1200-ൽ പരം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

**വീട്ടൂർ, കുറ്റ, പള്ളിമുകൾ കോളനികളുടെ നിർമ്മാണ പുരോഗതി**

59(787) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വീട്ടൂർ കോളനിയിലെ അടിസ്ഥാന വികസന പ്രവൃത്തികൾ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയിൽ കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികസനമാണ് അംബേദ്കർ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നത്. എന്നതിനാൽ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതും മുഴുവൻ തുകയും ഒരു പ്രവൃത്തിക്കായി മാത്രം അനുവദിക്കാൻ പാടില്ലാത്തതുമാണ്. ആയതിനാൽ കോളനിയുടെ വികസനത്തിനാവശ്യമായ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണ ചുമതല നൽകിയിട്ടുള്ള നിർമ്മിതി കേന്ദ്രത്തിന് എത്രയും വേഗം നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കുമോ?

പുതിയ പ്രവൃത്തികൾ പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് ശിപാർശ ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്കാണ് പ്രവൃത്തികൾ ആരംഭിക്കുന്നത്.

(സി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റ, പള്ളിമുകൾ കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

പള്ളിമുകൾ കോളനിയിൽ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികളും കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പൂർത്തീകരണവും മാത്രമാണ് ശേഷിക്കുന്നത്. കുറ്റ കോളനിയിൽ വാട്ടർടാങ്ക് അനുബന്ധ ജോലികൾ നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. ടി പ്രവൃത്തി അവശേഷിക്കുന്നു. നിലവിൽ 70% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ടി രണ്ട് കോളനികളിലും നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുമ്പ് പൂർത്തീകരിക്കുന്നതിന് 30-12-2020-ലെ മന്ത്രിതല റിവ്യൂ മീറ്റിംഗിൽ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഗ്രാന്റ് വിതരണം**

60(788) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അഞ്ച് വർഷ കാലയളവിൽ 5,87,10,109 രൂപ ചുവടെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്:

1. പ്രീമെട്രിക് ഗ്രാന്റ് - 2,00,49,833
2. സാമൂഹ്യ പഠനമുറി - 46,84,567
3. ഗോത്രസാരഥി - 2,90,54,803
4. അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് - 4,90,500
5. പോസ്റ്റ് മെട്രിക് ഗ്രാന്റ് -3,51,456
6. ട്യൂട്ടോറിയൽ ഗ്രാന്റ് - 1,84,550
7. പഠന വിനോദയാത്ര – 96,900
8. കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് - 25,40,500
9. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന സഹായം - 7,69,000
10. സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം - 4,88,000.

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അഞ്ച് വർഷ കാലയളവിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.:

| വർഷം | പ്രീമെട്രിക് | പോസ്റ്റ് മെട്രിക് | ആകെ |
|---|---|---|---|
| 2016-17 | 9003850 | 8035676 | 17039526 |
| 2017-18 | 8851720 | 8336217 | 17187937 |
| 2018-19 | 8558720 | 7207577 | 15766297 |
| 2019-20 | 7678840 | 5207577 | 12886417 |
| 2020-21 | 5542725 | 2221757 | 7764482 |

**ഡൊംബൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ്**

61(789) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൊംബൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിലവിൽ ഏതെങ്കിലും രീതിയിലുള്ള നിയമതടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

ഡൊംബൻ സമുദായത്തെ കേരളത്തിന്റെ പട്ടികജാതി ലിസ്റ്റിൽ ക്രമ നമ്പർ 18 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയമതടസ്സങ്ങൾ ഇല്ല.

(ബി) ഡൊംബൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ പാലക്കാട് ജില്ലയിൽ തന്നെ വിവിധ താലൂക്കുകൾ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡൊംബൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ഒരു ഏകീകൃത സ്വഭാവം പാലിച്ച് വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന ഇവർക്ക് ജാതിസർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഇല്ല. എന്നാൽ ജില്ലയിലെ തോട്ടിയാൻ വിഭാഗത്തിൽപ്പെട്ട ചില വ്യക്തികൾ ഡൊംബൻ അവകാശവാദം ഉന്നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

62(790) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി)ഏതൊക്കെ ഏജൻസികൾക്കാണ് ഓരോ കോളനികളുടെയും നിർവ്വഹണ ചുമതല നൽകിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) പ്രസ്തുത കോളനികളിൽ എത്രയിടങ്ങളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്; പദ്ധതി പൂർത്തിയാകാത്ത ഓരോ കോളനികളിലും എത്ര തുകയുള്ള എന്തൊക്കെ പദ്ധതികൾ ഇനി പൂർത്തീകരിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

മൂന്ന് കോളനികളിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളും തുകയും അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ഡി) ഇവയുടെ നിർമ്മാണം 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2021-ന് ഫെബ്രുവരി 15-ന് മുൻപ് കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 30-12-2021-ൽ നടന്ന മന്ത്രിതല റിവ്യൂ മീറ്റിംഗിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതി**

63(791) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ നവീകരിച്ച കോളനികളുടെ എണ്ണമെത്രയെന്ന് വിശദമാക്കാമോ; ആയതിലേയ്ക്കായി അനുവദിച്ച തുകയെത്ര എന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17-ൽ 248-ഉം 2020-21 സാമ്പത്തിക വർഷം 9-ഉം കോളനികളെ വീതം തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ കോളനികളിലും ഒരു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പ്രളയക്കെടുതിയോടനുബന്ധിച്ച് 80 കോളനികളെ പുന:നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് പരിധിയില്ല. 2019-20 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 90 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ കോളനിയിലും 50 ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) ഈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ആകെ നവീകരിച്ച കോളനികളുടെ എണ്ണവും ആയതിലേയ്ക്കായി ചെലവായ തുകയും മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

നവീകരിച്ച കോളനികളുടെ എണ്ണവും ആയതിലേയ്ക്കായി ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നെന്മാറ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമം സംബന്ധിച്ച്

64(792) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്കാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 210 പേർക്ക് ഭൂമി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര ആദിവാസി വിഭാഗക്കാർക്കാണ് വീട് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

1. ഹഡ്കോ ഭവന നിർമ്മാണം - 292

2. Flood ഭവന നിർമ്മാണം - 1

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചേലക്കര നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് കോളനികൾ

65(793) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ അംബേദ്കർ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളായി തെരഞ്ഞെടുത്ത പഴയന്നൂർ പഞ്ചായത്തിലെ തിരുമണി, ചേലക്കര പഞ്ചായത്തിലെ കളപ്പാറ എന്നീ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ:

(ബി) ഈ പ്രവർത്തികളുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയത് ഏത് ഏജൻസിയെയാണെന്ന് അറിയിക്കുമോ?

(എ&ബി) 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ചേലക്കര മണ്ഡലത്തിലെ തിരുമണി, കളപ്പാറ എന്നീ പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അംബേദ്കർ സെറ്റിൽമെന്റ് കോളനി വികസന പ്രവർത്തികൾക്കായുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ ചെയർമാനും, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറുമായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ടി പദ്ധതിയുടെ ഏകോപനവും മോണിറ്ററിംഗും നടത്തിവരുന്നു.

സബ് കളക്ടർ/ജില്ലാ പ്ലാനിംഗ് ഓഫീസർ, ജനപ്രതിനിധികൾ (എം.എൽ.എ., ത്രിതല പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ), സംസ്ഥാന പട്ടികവർഗ്ഗ ഉപദേശക സമിതി മെമ്പർമാർ, ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ഊരുമൂപ്പൻ, എസ്.ടി പ്രൊമോട്ടർ.

## പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

66(794) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതിപ്രകാരം ഏതൊക്കെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പുല്ലച്ചൻകോണം കല്ലുവിള കോളനി, വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനി എന്നിവയെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 2017-18 വർഷം തെന്മല പട്ടികവർഗ്ഗ കോളനിയെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം പട്ടികജാതി കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചു. പുല്ലച്ചൻകോണം കല്ലുവിള പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. തെന്മല പട്ടികവർഗ്ഗ കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല സെറ്റിൽമെന്റ് കോളനി നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

ടി കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## പട്ടികവർഗ്ഗക്കാർക്കുള്ള നിയമനം

67(795) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേരെയാണ് മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ യുവതീയുവാക്കൾക്കാണ് ജോലി നൽകിയിട്ടുള്ളത്; വിശദീകരിക്കാമോ?

സർക്കാർ സർവ്വീസിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം വാർഷിക അവലോകനം ചെയ്യുകയും പ്രാതിനിധ്യകുറവുള്ള വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വിവിധ വകുപ്പുകളിലായി 572 പട്ടികവർഗ്ഗ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സർക്കാർ സർവ്വീസ് ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

(ഡി) ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) ലാന്റ് ബാങ്ക് പ്രകാരം വയനാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗ കുടുംബത്തിന് ഭൂമി നൽകി; എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഭൂമി നൽകാനുള്ളത്; പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ലാന്റ് ബാങ്ക് പ്രകാരം വയനാട് ജില്ലയിൽ നിലവിൽ 6.76 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമി 10 സെന്റ് വീതം 58 ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) കൂടുതൽ പഠനവീടുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഊരുകൾ കേന്ദ്രീകരിച്ച് നിലവിൽ 250 സാമൂഹ്യ പഠനമുറികൾ എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം 250 സാമൂഹ്യ പഠനമുറികൾ കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ നടപടിയെടുക്കുമോ; ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടോ; ഐ.എ.എസ്. കോച്ചിംഗിനായി പ്രസ്തുത ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നു. നൈപുണ്യ പരിശീലനത്തിന്റെ അഭാവംമൂലം പട്ടികവർഗ്ഗക്കാരായ യുവാക്കൾക്ക് പല മേഖലകളിലും തൊഴിൽ നേടാൻ കഴിയാതെവരുന്നു. വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവജനങ്ങൾക്ക് അവരുടെ വിദ്യാഭ്യാസത്തോടൊപ്പം അഭിരുചിക്കനുസൃതമായ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കുന്നു. വിവിധ മേഖലകളിൽ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി സ്വകാര്യ, പൊതു മേഖലാ സ്ഥാപനങ്ങളുമായി തൊഴിൽ സാധ്യതയുള്ള തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റുകൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 46 കോഴ്സുകളിലായി 5658 പേർക്ക് പരിശീലനം നൽകുകയും ആയതിൽ 2990 പേർ പരിശീലന പരിപാടികൾ പൂർത്തീകരിച്ച് പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതർ 7930 പേരും ഭൂമിയുള്ള ഭവനരഹിതർ 16070 പേരും ഉണ്ട്. ഇവർക്ക് ലൈഫ് മിഷൻ മുഖേന ഭൂമിയും വീടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സിവിൽ സർവ്വീസ് പരിശീലനം - പട്ടികവർഗ്ഗ വികസന വകുപ്പ് സിവിൽ സർവ്വീസ് പരിശീലനത്തിനായി നിലവിൽ അപേക്ഷകളൊന്നും സ്വീകരിക്കുന്നില്ല. എന്നിരുന്നാലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സിവിൽ സർവ്വീസ് അക്കാദമി മുഖേന ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു.

## കൃഷി നശിപ്പിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി

68(796) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ ഉമ്പിപാറ, കട്ടമുടി, ചാറ്റുപാറ, കൊരങ്ങാട്ടി തുടങ്ങിയ പ്രദേശങ്ങളിൽ ആദിവാസികൾക്ക് കൈവശാവകാശ രേഖ

ലഭ്യമായിട്ടുള്ള ഭൂമിയിലെ കൃഷി വനം വകുപ്പ് ഉദ്യോഗസ്ഥർ നശിപ്പിക്കുന്നത് സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിലെ തുമ്പിപാറ, കട്ടമുടി, ചാറ്റുപാറ, കൊരങ്ങാട്ടി തുടങ്ങിയ പ്രദേശങ്ങളിൽ ആദിവാസികൾക്ക് കൈവശാവകാശ രേഖ ലഭ്യമായിട്ടുള്ള ഭൂമിയിലെ കൃഷി വനം വകുപ്പ് ഉദ്യോഗസ്ഥർ നശിപ്പിച്ചത് സംബന്ധിച്ച് നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പരാതികളിലെ വസ്തുതകൾ പരിശോധിച്ച് ബന്ധപ്പെട്ടവർക്ക് എതിരെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമം ഉൾപ്പെടെയുള്ളവ അനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ പദ്ധതികൾ**

69(797) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഹഡ്കോ ഭവന നിർമ്മാണം:- 24 ലക്ഷം രൂപ ചെലവഴിച്ച് 4 കുടുംബങ്ങൾക്ക് പദ്ധതി നടപ്പിലാക്കി.

2. ലൈഫ് മിഷൻ - ഫെയ്സ് (1):- ഭവന നിർമ്മാണം- സ്റ്റേറ്റ് നിർമ്മിതി മുഖേന 22,26,000 രൂപ ചെലവഴിച്ച് 9 കുടുംബങ്ങൾക്ക് പദ്ധതി നടപ്പിലാക്കി.

3. പാളമല കോളനിയിൽ അലമാര വിതരണം:- 80,100 രൂപ ചെലവഴിച്ച് 9 കുടുംബങ്ങൾക്ക് അലമാര അനുവദിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ ഭരണാനുമതി ലഭ്യമായവയിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം II ആയി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമായ എല്ലാ പദ്ധതികളും പൂർത്തീകരിച്ചു.

**ആദിവാസി ക്ഷേമ പദ്ധതികൾ**

70(798) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിലൂടെയുള്ള ഉപജീവന പദ്ധതികളും പുതിയ തൊഴിൽ മേഖലകളിലേക്ക് പട്ടികവർഗ്ഗ വിഭാഗത്തെ ആകർഷിക്കുന്നതും ഉൾപ്പെടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ മേഖലയിൽ എന്തൊക്കെ പുരോഗമനാത്മകമായ മാറ്റങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നറിയിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനായി വരുമാനദായക കാർഷിക ഉദ്യമ പദ്ധതിയും ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുന്നതിനായി സ്വയം തൊഴിലും നൈപുണ്യ വികസന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാദ്ധ്യതകൾ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് ധാരാളം പരിപാടികൾ നടപ്പിലാക്കിവരുന്നു. പരമ്പരാഗത കാർഷിക നൈപുണ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് കൂടാതെ മൃഗസംരക്ഷണ വകുപ്പ്, കൃഷിവകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും സർക്കാർ

നടപ്പിലാക്കിവരുന്നു. സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റുകൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 46 കോഴ്സുകളിലായി 5658 പേർക്ക് പരിശീലനം നൽകുകയും ആയതിൽ 2990 പേർ പരിശീലന പരിപാടികൾ പൂർത്തീകരിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു. പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിച്ചിട്ടുണ്ട്. അടുത്ത ബാച്ചിന്റെ തെരഞ്ഞെടുപ്പ് നടന്നുവരുന്നു. മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവൺമെന്റ് ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2895 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പേർക്ക് സർക്കാർ മേഖലകളിൽ തൊഴിൽ നൽകി.

(ബി) ആദിവാസി ക്ഷേമപദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഒരു മാതൃകയായി കേരളത്തിലെ ആദിവാസി മേഖലകളെ മാറ്റുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ: വിശദമാക്കുമോ?

പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണത്തിലൂടെ ലഭ്യമാകുന്ന റിപ്പോർട്ടുകളിൽ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, ഭവനം, പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിൽ

ഉണ്ടായിരിക്കുന്ന പുരോഗതി മനസ്സിലാക്കാവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിലൂടെ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നുണ്ട്.

(സി) മുൻകാലങ്ങളിൽ പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങളും ശിശുമരണ നിരക്കും കൂടുതലായിരുന്ന അട്ടപ്പാടിയിൽ പോഷകാഹാര സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വിജയിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാരുടെ പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങളും ശിശുമരണ നിരക്കും പരിഹരിക്കുന്നതിനായി അട്ടപ്പാടിയിൽ പോഷകാഹാര സുരക്ഷാ പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഭക്ഷ്യ സഹായ പദ്ധതി - മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു. ഭക്ഷ്യ സഹായ പദ്ധതി പ്രകാരം പ്രതിമാസം വിതരണം ചെയ്യുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു:

1. അരി - 15 കിലോ

2. ചെറുപയർ/വൻപയർ - 1 കിലോ

3. കടല - 1 കിലോ

4. വെളിച്ചെണ്ണ - 1 ലിറ്റർ

കമ്മ്യൂണിറ്റി കിച്ചൻ - അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ് കമ്മ്യൂണിറ്റി കിച്ചൻ അഥവാ സമൂഹ അടുക്കള. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണചുമതല അതാത് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഭക്ഷണം പാകം ചെയ്യാനുള്ള സാമഗ്രികൾ സർക്കാർ മാവേലി സ്റ്റോറുകളിൽ നിന്നാണ് വാങ്ങുന്നത്. പാചകത്തിന് ആവശ്യമായ പച്ചക്കറികൾ, വിറകുകൾ എന്നിവ ഭക്ഷണം പാകം ചെയ്യുന്നവർ ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ പാചകക്കാരായ പട്ടികവർഗ്ഗക്കാർക്ക് ചെറിയ ഒരു വരുമാനവും ഇതിലൂടെ

ലഭിക്കുന്നു. സമൂഹ അടുക്കള പദ്ധതിയുടെ തുടക്കത്തിൽ വൈകുന്നേരം ഒരു നേരം ഭക്ഷണം പാകം ചെയ്ത് ഊരിലുള്ള ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, വൃദ്ധർ എന്നിവർക്ക് വന്ന് ഒരുമിച്ചിരുന്ന് കഴിക്കാവുന്ന രീതിയിലാണ് നടപ്പിലാക്കിവരുന്നത്. തങ്ങളുടെ പാരമ്പര്യഭക്ഷണ വനവിഭവങ്ങളായ റാഗി, ചാമ, ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ, തുടങ്ങിയവയും സമൂഹ അടുക്കളയുടെ ഭാഗമായി ഉപയോഗിച്ചുവരുന്നു. 2016-17 മുതൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും രാവിലെയും ഉച്ചയ്ക്കും കൂടി ഭക്ഷണം നൽകി വരുന്നുണ്ട്. സമൂഹ അടുക്കള നടത്തിപ്പിന് ആവശ്യമായ ജൈവപച്ചക്കറികൾ അതാത് ഊരുകളിൽ ഉത്പാദിപ്പിക്കുന്ന നിരവധി അയൽക്കൂട്ടങ്ങൾ അട്ടപ്പാടിയിൽ സജീവമാണ്. ഇതുമൂലം ഒരു ഉപജീവന മാർഗ്ഗത്തിനുള്ള ഉപാധി കൂടിയായി ഈ പദ്ധതി മാറിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനുവേണ്ടിയും സമൂഹ അടുക്കള പ്രവർത്തിച്ചുവരുന്നതിനാൽ രോഗികൾക്കും ഇത് വലിയ അളവിൽ ആശ്വാസം നൽകുന്നുണ്ട്. തങ്ങളുടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് തങ്ങളുടെ ഉത്തരവാദിത്വവും, അവകാശവുമാണെന്ന തിരിച്ചറിവ് ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം പട്ടികവർഗ്ഗ മേഖലയിൽ വലിയ സാമൂഹിക മുന്നേറ്റം ഉണ്ടാക്കുന്നതിൽ തുടക്കം കുറിക്കുകയാണ്. പട്ടികവർഗ്ഗ മേഖലയിൽ കേരള സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും കുടുംബശ്രീ മിഷന്റെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി അട്ടപ്പാടി, മേഖലയിൽ വലിയ തോതിലുള്ള പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്. 2013-14 വർഷങ്ങളിൽ നവജാത ശിശുക്കളുടെ ഭാരം (Birth Weight) കേവലം ഒന്നോ ഒന്നര കിലോയോ ആയിരുന്നു. എന്നാൽ സ്ത്രീകളുടെ വിശേഷിച്ചും ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് സർക്കാർ നൽകിവരുന്ന മുന്തിയ പരിഗണന പ്രത്യേകിച്ചും പോഷകാഹാരം ലഭ്യമാക്കുന്ന കാര്യത്തിൽ വലിയ മാറ്റമാണ് ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിൽ ഉണ്ടാക്കുവാൻ കഴിഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 23.13 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

മില്ലറ്റ് വില്ലേജ് - ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുന: സ്ഥാപിക്കുന്നതിനും പോഷകാഹാരകുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം: പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20-ൽ പട്ടികവർഗ്ഗക്കാർക്കായുള്ള 'വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ നമത്ത് വെള്ളാമെ എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശ് ഭൂമിയെ പരമ്പരാഗത കൃഷിക്കകീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കിവരുന്നു. 2020-21 മുതൽ മറ്റ് ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 100 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനായി

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സമർപ്പിച്ച പ്രോജക്ടുകളിൽ ആദ്യഘട്ടത്തിൽ അട്ടപ്പാടി ഫാം നവീകരണത്തിനായി 150.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പൊതു ആരോഗ്യസ്ഥിതിയും, പോഷക നിലവാരവും മെച്ചപ്പെടുകയും ശിശുമരണങ്ങൾ വളരെയേറെ കുറയുകയും ചെയ്തു.

**പിറവം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം**

71(799) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ പിറവം നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ചികിത്സ, വിദ്യാഭ്യാസ, ദുരിതാശ്വാസ ധനസഹായം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

2016 ജൂൺ മാസം മുതൽ 2020 ഡിസംബർ മാസം 31 വരെ പിറവം നിയോജകമണ്ഡലത്തിൽ 655 പട്ടികജാതി കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായവും 17926 പേർക്ക് വിദ്യാഭ്യാസ ധനസഹായവും 285 കുടുംബങ്ങൾക്ക് പ്രളയ ദുരിതാശ്വാസ ധനസഹായവും പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 23 പേർക്ക് ചികിത്സാ ധനസഹായവും 11 പേർക്ക് വിദ്യാഭ്യാസ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

| വർഷം | ചികിത്സാ ധനസഹായം | വിദ്യാഭ്യാസ ധനസഹായം | പ്രളയ ദുരിതാശ്വാസ ധനസഹായം |
|---|---|---|---|
| 2016-17 | 138 | 3202 | |
| 2017-18 | 158 | 3774 | |
| 2018-19 | 129 | 3865 | 285 |
| 2019-20 | 129 | 3575 | |
| 2020-21 | 101 | 3510 | |
| ആകെ | 655 | 17926 | 285 |

പട്ടികവർഗ്ഗ വികസന വകുപ്പ്

| വർഷം | ചികിത്സാ ധനസഹായം | വിദ്യാഭ്യാസ ധനസഹായം | പ്രളയ ദുരിതാശ്വാസ ധനസഹായം |
|---|---|---|---|
| 2016-17 | 6 | 1 | |
| 2017-18 | 6 | 0 | |
| 2018-19 | 3 | 2 | |
| 2019-20 | 3 | 4 | |
| 2020-21 | 5 | 4 | |
| ആകെ | 23 | 11 | |

**ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തൽ**

72(800) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികൾ പട്ടികവർഗ്ഗക്കാരിലേക്ക് എത്തുന്നില്ലെന്ന വിലയിരുത്തലിനെ തുടർന്ന് ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നേരിട്ട് ഇടപെടുവാൻ കേന്ദ്ര ഏജൻസികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആദിവാസി ഊരുകളിലെ ഉല്പന്നങ്ങൾ ദേശീയ വിപണിയിൽ എത്തിച്ച് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിന് നോർത്ത് മലബാർ മാർക്കറ്റിംഗ് സഹകരണ സംഘവുമായി (എൻ.എം.ഡി.സി.) ദേശീയ ട്രൈബൽ മാർക്കറ്റിംഗ് ഫെഡറേഷൻ (ട്രൈഫെഡ്) ധാരണയിൽ എത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഏതൊക്കെ ഉല്പന്നങ്ങളാണ് ഇപ്രകാരം ശേഖരിക്കുന്നതെന്നും, ഈ പദ്ധതിമൂലം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഗുണം ലഭിക്കുമെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

## പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതികൾ

73(801) ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും, ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരം 1,05,000 പേർക്കായി ആകെ 91.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 17.89 കോടി രൂപ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 58981 പേർക്ക് ചികിത്സാ ധനസഹായമായാണ് അനുവദിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും, ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും, 4 ANM (Auxiliary Nurse & Midwifery Centre) സെന്ററുകളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd.)-ന്റെ കീഴിൽ വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 812.71 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും, ജില്ലാ-താലൂക്ക് ആശുപത്രികളിലുമായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ധനസഹായം 2000/ രൂപയിൽ നിന്നും 2500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2838 പേർക്ക് 7.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ, എന്നീ പഞ്ചായത്തുകളിലും 22.21 കോടി രൂപ ചെലവഴിച്ച് പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC കൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു. അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നു.

(ബി) ഇവർക്കായി ആവിഷ്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000 രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ

ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാരെയും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) ഉൾപ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർക്കായി ആരംഭിച്ച മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ ഇരുപത്തി ആറായിരത്തോളം വരുന്ന പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാരായ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കുംവേണ്ടി 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി പദ്ധതിയിൽ ഈ വിഭാഗത്തിന്റെ ആരോഗ്യ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മാത്രമായി 20,94,32,329 രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ഹെൽത്ത് വോളന്റിയർമാരുടെ സേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ വർഷാവർഷം അടിയ-പണിയ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വനപ്രദേശത്തുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ പ്രയോജനം യഥാസമയം ലഭ്യമാകുന്നുണ്ട്. വകുപ്പിനുകീഴിലുള്ള 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ വനത്തിനുള്ളിലുള്ള പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾക്ക് പ്രാമുഖ്യം നൽകുന്നു.

(ഡി) പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എന്തെല്ലാം ധനസഹായമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അടിയന്തര സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗംമൂലമോ, അപകടംമൂലമോ മരണത്തിന് ഇരയാകുക, അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുക, ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്കും മറ്റ് ഗുരുതരമായ രോഗങ്ങൾക്കുമുള്ള ചികിത്സ, തീപിടിത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക തുടങ്ങിയ

സാഹചര്യങ്ങളിൽ സമാശ്വാസ ധനസഹായം അനുവദിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് 2,00,000 രൂപ ധനസഹായം അനുവദിക്കുന്നു. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000 രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തീപിടിത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**ചാലക്കുടി മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം**

74(802) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായാണ് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ചാലക്കുടി മണ്ഡലത്തിലെ മാരാംകോട്, രണ്ടുകൈ, പെരിങ്ങൽകുത്ത്, ആനക്കയം എന്നീ പട്ടികവർഗ്ഗ കോളനികളാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 2017-18 വർഷം തെരഞ്ഞെടുത്തിരുന്നത്. ടി കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി

ചേർക്കുന്നു.* 2020-21 വർഷം ടി പദ്ധതിക്കായി ചാലക്കുടി മണ്ഡലത്തിലെ ഷോളയാർ, പെരുമ്പാറ, മുക്കംപുഴ, പിള്ളപ്പാറ എന്നീ പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ഏജൻസിയെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ

75(803) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ജീവനക്കാർക്കായി 18 ക്വാർട്ടേഴ്സുകളും, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, വാച്ച്മാൻ കാബിൻ എന്നിവയും നിർമ്മിച്ചു.
2. ഹയർ സെക്കണ്ടറി വിഭാഗം ഐ.റ്റി. ലാബ് നവീകരിച്ചിട്ടുണ്ട്.
3. ഹൈസ്കൂൾ, യു.പി.സ്കൂൾ മെസ്സ് ഹാൾ, ടൈപ്പ് സിംഗിൾ IV ക്വാർട്ടേഴ്സ്, പ്ലസ്ടു ക്ലാസ് ഗ്രൗണ്ട് ഫ്ലോർ എന്നിവയുടെ റിപ്പയറിംഗ് നടത്തിയിട്ടുണ്ട്.
4. ഹയർ സെക്കണ്ടറി ഹോസ്റ്റൽ റിപ്പയറിംഗ് നടത്തിയിട്ടുണ്ട്.
5. സ്മാർട്ട് /ഹൈടെക് ക്ലാസ് റൂം സജ്ജീകരിച്ചിട്ടുണ്ട്.
6. കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.
7. സ്ഥാപനത്തിലെ അടുക്കളയിൽ സ്റ്റീം ബെയ്സ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.
8. സ്കൂൾ ഹോസ്റ്റൽ കാമ്പസുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്.
9. സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളിൽ മിന്നൽ രക്ഷാചാലകം സ്ഥാപിച്ചിട്ടുണ്ട്.
10. സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളിൽ സി.സി.റ്റി.വി സജ്ജീകരിച്ചിട്ടുണ്ട്.
11. ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.
12. സ്കൂൾ റേഡിയോ സ്ഥാപിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

13. ലാംഗ്വേജ് ലാബ് സ്ഥാപിച്ചിട്ടുണ്ട്

14. ഡിജിറ്റൽ ലൈബ്രറി സ്ഥാപിച്ചിട്ടുണ്ട്.

15. മൾട്ടി പർപ്പസ് കോർട്ട് സ്ഥാപിച്ചിട്ടുണ്ട്.

16. ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

17. ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടുണ്ട്.

18. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

19. വിദ്യാർത്ഥികൾക്കായി മോഡേണൈസ്ഡ് സയൻസ് എക്സ്പെരിമെന്റ് കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

20. ലാബുകളിൽ ആസിഡ് സ്റ്റോറേജ് ക്യാബിനറ്റ് സ്ഥാപിച്ചിട്ടുണ്ട്.

21. സ്കൂൾ ക്യാമ്പസ് സൗന്ദര്യവത്കരണം നടത്തിയിട്ടുണ്ട്.

**ആദിവാസി കോളനികളിലെ ശോച്യാവസ്ഥ**

76(804) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ ശോച്യാവസ്ഥ മുതലെടുത്ത് ആദിവാസികളെ മാവോയിസ്റ്റുകൾ സ്വാധീനിക്കുന്നു എന്നത് വസ്തുതയാണോ;

(ബി) ആദിവാസി കോളനികളിലെ ശോച്യാവസ്ഥയാണ് മാവോയിസ്റ്റുകളുടെ ഈ മേഖലയിലെ സ്വാധീനത്തിന്റെ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) പട്ടികവർഗ്ഗ കോളനികളിൽ മാത്രമായി മാവോയിസ്റ്റ് പ്രവർത്തനം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ മാവോയിസ്റ്റ് സ്വാധീനം ഇല്ലാതാക്കുവാൻ ആദിവാസി കോളനികളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, സാമൂഹ്യ, ഭൗതിക സാഹചര്യം ഉയർത്തുന്നതിനും വിദ്യാഭ്യാസം ഉൾപ്പെടെ മറ്റ് എല്ലാവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുംവേണ്ടി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ആദിവാസി മേഖലയിൽ റേഷൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ പട്ടികവർഗ്ഗവകുപ്പ് എന്തെങ്കിലും ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ?

വിവിധ പഞ്ചായത്തുകളിൽ റേഷൻ കാർഡിന് ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തി ഗ്രാമപഞ്ചായത്ത്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് റേഷൻ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ റേഷൻ കാർഡിൽ പേര് ചേർക്കൽ/പുതുക്കൽ/ അപേക്ഷ സമർപ്പിക്കൽ എന്നിവയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസിന്റെ സഹകരണത്തോടെ ക്യാമ്പുകളും, അദാലത്തുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇനിയും ശേഷിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതു വിതരണ വകുപ്പ്, ജില്ലാ ഭരണകൂടങ്ങൾ എന്നിവ സംയുക്തമായി ചേർന്ന് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നുണ്ട്.

**ഭവന നിർമ്മാണ പദ്ധതി**

77(805) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ എത്ര വീടുകളാണ് അനുവദിച്ചത്; അതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി; വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് 6709 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 1583 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി എത്ര തുകയാണ് വകുപ്പ് ചെലവഴിച്ചത്; ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

വീടുകളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

2016-17 - 46.2936 കോടി രൂപ

2017-18 - 114.82 കോടി രൂപ

2018-19 - 137.85 കോടി രൂപ

2019-20 - 76.09 കോടി രൂപ

2020-21 (നാളിതുവരെ) - 48.79 കോടി രൂപ

ഈ പദ്ധതിക്കായി കേന്ദ്രസഹായം ലഭ്യമായിട്ടില്ല.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ വകുപ്പ് സ്വന്തമായി എത്ര ഭവനങ്ങളാണ് നിർമ്മിച്ച് നൽകിയതെന്ന് അറിയിക്കുമോ?

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ പട്ടികവർഗ്ഗ വികസന വകുപ്പ് 6709 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 1583 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിനുപുറമെ, ലൈഫ് പദ്ധതിയിൽ 3746 വീടുകളനുവദിച്ചതിൽ 2426 വീടുകൾ പൂർത്തിയായി. പി.എം.എ.വൈ.-യിൽ 1724 വീടുകൾ അനുവദിച്ചതിൽ 1401 വീടുകൾ പൂർത്തിയാക്കി.

(ഡി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 17602 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 6231 വീടുകൾ പൂർത്തിയാക്കിയിരുന്നു.

**ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ ക്ലാസുകൾ**

78(806) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ആവിഷ്കരിച്ച ഓൺലൈൻ അദ്ധ്യാപനം ആദിവാസി കുട്ടികൾക്ക് അപ്രാപ്യമായ സാഹചര്യം ഉണ്ടായിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗോത്രഭാഷയിലുള്ള അദ്ധ്യാപനത്തിനായി ഗോത്രബന്ധു അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ചിട്ടുണ്ടോ?

ഉപയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ ഗോത്രവിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്?

സംസ്ഥാനത്തൊട്ടാകെ ഗോത്ര വിഭാഗത്തിൽപ്പെട്ട 90,017 വിദ്യാർത്ഥികൾ ഉണ്ട്.

(ഡി) ഈ വിദ്യാർത്ഥികളെ പൂർണ്ണമായും ഓൺലൈൻ വഴിയുള്ള ക്ലാസ്സുകളിൽ പങ്കാളികളാക്കുന്നതിനും പരീക്ഷകൾക്ക് തയ്യാറെടുപ്പിക്കുന്നതിനും പട്ടികവർഗ്ഗ വകുപ്പ് കൈക്കൊള്ളുന്ന നടപടികൾ എന്തൊക്കെയാണ്?

1 മുതൽ +2 വരെയുള്ള ക്ലാസുകളിലായി 86423 വിദ്യാർത്ഥികളാണ് പഠനം നടത്തിവരുന്നത്. കോവിഡ് കാലത്ത് നടപ്പിലാക്കിയ ഓൺലൈൻ വിദ്യാഭ്യാസ പദ്ധതി മറ്റ് വിദ്യാർത്ഥികൾക്കെന്ന പോലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പഠനത്തിന് വളരെ സഹായകമായിരുന്നു. ഇന്റർനെറ്റിന്റെ അഭാവംമൂലം ഓൺലൈൻ ക്ലാസ്സുകൾ ലഭിക്കാതിരുന്നിടങ്ങളിൽ ഡി.ടി.എച്ച്, കേബിൾ തുടങ്ങിയ ബദൽ സംവിധാനങ്ങൾ സജ്ജീകരിച്ചും, വൈദ്യുതി എത്താത്ത വിദൂര പ്രദേശങ്ങളിലും ഉൾവനങ്ങളിലും സ്ഥിതി ചെയ്യുന്ന കോളനികളിൽ സോളാർ പാനൽ സംവിധാനം മുഖേന വൈദ്യുതി ലഭ്യമാക്കിയും ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

സാമൂഹ്യ പഠനമുറികളിലായി ഫെസിലിറ്റേറ്റർമാരുടെ സഹായത്താൽ ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ പഠന മുറികളിൽ വിക്ടേഴ്സ് ചാനൽ വഴി ഓൺ ലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനാവശ്യമായ ഫോൺ റീചാർജ്ജ്, ഡി.ടി.എച്ച് റീചാർജ്ജ് എന്നീ ചെലവുകൾ വഹിക്കുന്നതിനും, പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി എം.ആർ.എസ്.- കളിലെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെയും എസ്.എസ്.എൽ.സി വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3,000 രൂപയും, എം.ആർ.എസ്.-കളിലും പി.എം.എച്ച്-കളിലും ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും 3,450 രൂപയും പ്രതിമാസം നൽകിവരുന്നുണ്ട്. ടെലിഫോൺ മുഖേന എം.ആർ.എസ്-കളിലെ അദ്ധ്യാപകർ ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികളും രക്ഷിതാക്കളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നു. ഇന്റർനെറ്റ്, ഡി.ടി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത

കോളനികളിൽ എം.ആർ.എസ്-ലെ അദ്ധ്യാപകർ നേരിട്ടെത്തി വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസുകൾ ഡൗൺലോഡ് ചെയ്ത് നൽകിയും വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നു. വകുപ്പിന് കീഴിലുള്ള പൂക്കോട്, ഇടുക്കി എന്നീ ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രപട്ടികവർഗ്ഗ മന്ത്രാലയം (MoTA) നടപ്പിലാക്കിയ Step App മുഖേനയും ക്ലാസ്സുകൾ ലഭ്യമാക്കുന്നുണ്ട്. സി.ബി.എസ്.ഇ സിലബസിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത ഓൺലൈൻ പഠന സൗകര്യം നിലവിലില്ലാത്തതിനാൽ വകുപ്പിന് കീഴിലുള്ള ഞാറനീലി സി.ബി.എസ്.ഇ സ്കൂൾ, ജി.കെ.എം.എം.ആർ.എസ്. സ്കൂൾ, കുറ്റിച്ചൽ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ ഓൺലൈൻ ക്ലാസുകൾ നൽകുന്നുണ്ട്. കൂടാതെ കോട്ടൂർ തുടങ്ങിയ പ്രദേശങ്ങളിൽ ടി സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിട്ടെത്തി വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകുന്നുണ്ട്. എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് ഗൂഗിൾ മീറ്റ് വഴി പ്രാക്ടിക്കൽ ക്ലാസ്സുകൾ നൽകിവരുന്നു. വീടുകളിൽ ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്കായി പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി 987 കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള 19 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ മുഖേന 244 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**സാമൂഹ്യ പഠനമുറി പദ്ധതി**

79(807) ശ്രീ. കെ. ബാബു:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യപരിപാലനം, ഭക്ഷ്യസുരക്ഷ, നൈപുണ്യ വികസനം തുടങ്ങിയവയ്ക്കായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യപരിപാലനം, ഭക്ഷ്യസുരക്ഷ,

നൈപുണ്യ വികസനം തുടങ്ങിയവയ്ക്കായി ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

I. വിദ്യാഭ്യാസം

1. സാമൂഹ്യപഠനമുറി: പട്ടികവർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സമൂഹ്യപഠനമുറി. നിലവിൽ 250 സാമൂഹ്യ പഠന മുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

2. ഗോത്രബന്ധു വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി.

3. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി

4. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

5. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം.

II. ഭക്ഷ്യസുരക്ഷ

പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യസുരക്ഷയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ഭക്ഷ്യ സഹായ പദ്ധതി: മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു.

2. കമ്മ്യൂണിറ്റി കിച്ചൻ: അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ് കമ്മ്യൂണിറ്റി കിച്ചൻ അഥവാ സമൂഹ അടുക്കള. പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

3. മില്ലറ്റ് വില്ലേജ്: ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുനഃസ്ഥാപിക്കുന്നതിനും പോഷകാഹാരകുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്.

4. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം: പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20-ൽ പട്ടികവർഗ്ഗക്കാർക്കായുള്ള 'വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപ്പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 'നമത്ത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു.

III. തൊഴിൽ

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2895 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്.

നൈപുണ്യപരിശീലനം - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർക്കാർ/ സ്വകാര്യതൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ

തൊഴിൽ സാധ്യതയുള്ള 16 സ്ഥാപനങ്ങളുമായി ചേർന്ന് 46 കോഴ്സുകളിലായി 5658 പേർക്ക് പരിശീലനം നൽകിയതിൽ 2990 പേർക്ക് പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തി. ഇതിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലേയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ-2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

സെന്റർ ഫോർ സ്കിൽ എക്സലൻസ്-2017-18-ൽ വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് - വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി 'അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്' എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഗോത്രജീവിക-ഗോത്ര ജീവിക പരിപാടിയിൽ നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട പ്രവൃത്തികളായ നിർമ്മാണ പ്രവൃത്തികൾ, പ്ലംബിംഗ്, വൈദ്യുതീകരണം, മരപ്പണി തുടങ്ങിയവയിൽ ഇതുവരെ 1170 പട്ടികവർഗ്ഗ യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് പരിശീലനം നൽകി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെയും മറ്റുള്ളവരുടെയും വീടുകൾ ഏറ്റെടുത്ത് നിർമ്മിച്ചുവരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു.

ആരോഗ്യപരിപാലനം - സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും, ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും 4 ANM (Auxiliary Nurse & Midwifery Centre) സെന്ററുകളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വകുപ്പിന്റെ ഫണ്ട്

ഉപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd.) കീഴിൽ വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മെഡിക്കൽ കോളേജുകളിലും, ജില്ലാ-താലൂക്ക് ആശുപത്രികളിലായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു. സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസ 2500 രൂപ ധനസഹായം അനുവദിക്കുന്നു. അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിമേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC-കൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു. അട്ടപ്പാടിയിൽ കൃഷിവകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിന് 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽനിന്നും ലഭ്യമാകുന്നു.

(ബി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ആധുനിക രീതിയിലുള്ള പഠനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം എത്ര ഊരുകളിൽ ഇവ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 250 ഊരുകളിൽ സാമൂഹ്യ പഠനമുറി സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇത്തരം സാമൂഹ്യ പഠനമുറികളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾക്കുപുറമെ ലഘുഭക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായ സാമൂഹ്യ പഠനമുറികൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഊരുകൾ കേന്ദ്രീകരിച്ച് 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 250 സാമൂഹ്യ പഠനമുറികൾ പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. 250 സാമൂഹ്യ പഠനമുറികൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**വിവാഹ ധനസഹായം**

80(808) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 'പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എത്രപേർക്ക് ധനസഹായം നൽകി എന്ന് വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2016 മുതൽ 2020 വരെ 68 പേർക്ക് വിവാഹ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ടി ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

**ഗോത്രസാരഥി പദ്ധതി**

81(809) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ കുട്ടികളുടെ യാത്രയ്ക്ക് ഏറെ ഉപകാരപ്പെട്ടിരുന്ന ഗോത്രസാരഥി പദ്ധതി ഇപ്പോൾ വിജയകരമായി നടക്കുന്നുണ്ടോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ യാത്രയ്ക്ക് ഗോത്രസാരഥി പദ്ധതി 2019-20 വർഷം വരെ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2020-21 വർഷം സ്കൂൾ പ്രവർത്തിക്കാതിരുന്നതിനാൽ നടപ്പ് വർഷം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. 1-1-2021 മുതൽ 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് ക്ലാസ് ആരംഭിച്ച സാഹചര്യത്തിൽ ടി കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ എന്തെല്ലാം നൂതന പരിഷ്കാരങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി. ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് അപര്യാപ്തമായതിനാലും ഗോത്രസാരഥി പദ്ധതിയുടെ നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ടി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ 1-4-2020-ലെ സ.ഉ.(സാധാ)നമ്പർ 725/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗകുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി

82(810) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമായ പട്ടികവർഗ്ഗ വിഭാഗക്കാരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്?

മറുപടി അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ ജോലി ഉറപ്പ് വരുത്തുന്നതിന് ഇതിനകം ഏതൊക്കെ വകുപ്പുകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഈ സർക്കാർ നടപ്പിലാക്കിയത്; ഇതിലൂടെ എത്ര പേർക്ക് നിയമനം നൽകി?

സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 89 വകുപ്പുകളിലെ എസ്.സി/എസ്.റ്റി പ്രാതിനിധ്യം വാർഷിക അവലോകനം ചെയ്യുകയും അതിൻപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കിയതിലൂടെ 572 പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ട്. മേൽ വകുപ്പുകളുടെ വിശദാംശം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.*

(സി) കൂടുതൽ വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കി പട്ടികവിഭാഗക്കാർക്ക് അർഹതപ്പെട്ട സർക്കാർ നിയമനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി എന്ന സർക്കാർ പ്രഖ്യാപനം ഇനിയും പ്രാവർത്തികമാക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ഇവർക്കായി നടപ്പിലാക്കുന്ന നൈപുണ്യവികസനത്തിനായുള്ള കോഴ്സുകൾ ഏതൊക്കെയാണ്; അതിലൂടെ കൂടുതൽ പേർക്ക് തൊഴിലവസരം സാധ്യമാകുന്നുണ്ടോ?

കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധം - 3 ആയി ഉള്ളടക്കം ചെയ്യുന്നു.*

**ആറളം ആദിവാസി മേഖലയിലെ വന്യമൃഗ ശല്യം**

83(811) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി മേഖലയിലെ വന്യമൃഗ ശല്യം തടയുന്നതിന് മതിൽ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും എപ്പോഴാണ് അനുവദിച്ചതെന്നും വെളിപ്പെടുത്താമോ?

ആറളം ആദിവാസി മേഖലയിലെ വന്യമൃഗ ശല്യം തടയുന്നതിന് മതിൽ നിർമ്മിക്കുന്നതിന് 28-3-2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 390/2020/പജപവവിവ പ്രകാരം 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ആയതിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള കാലതാമസം എന്താണെന്നും എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തരം പ്രവൃത്തി ചെയ്യുന്നതിനാണ് ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ലിമിറ്റഡ് ടെണ്ടർ മുഖേന മാത്രമേ സംഘത്തിന് പ്രവൃത്തി ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂവെന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചിരുന്നതിനാൽ ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും ടി പ്രവൃത്തി ത.സ്വ.ഭ.വ./പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇടുക്കി ആദിവാസി കോളനികളിലെ ആത്മഹത്യ

84(812) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ആദിവാസി കോളനികളിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ?

ഇടുക്കി ജില്ലയിൽ അടുത്തടുത്ത ദിവസങ്ങളിൽ 3 പട്ടികവർഗ്ഗക്കാർ ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആത്മഹത്യയുടെ കാരണങ്ങൾ അറിവായിട്ടില്ല.

(ബി) ഈ വർഷം അടിമാലി കുരങ്ങാട്ടി ആദിവാസി കോളനി, തട്ടേകണ്ണൻ കുടി, കുളമാൻ കുഴി എന്നിവിടങ്ങളിൽ തുടർച്ചയായി ആത്മഹത്യ നടന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആത്മഹത്യയുടെ കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇടുക്കി ജില്ലയിൽ അടുത്തടുത്ത ദിവസങ്ങളിൽ 3 പട്ടികവർഗ്ഗക്കാർ ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആത്മഹത്യയുടെ കാരണങ്ങൾ അറിവായിട്ടില്ല.

(സി) ആദിവാസി മേഖലയിലെ ലഹരി ഉപയോഗവും, മദ്യപാനശീലവും ആത്മഹത്യയ്ക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നറിയിക്കാമോ?

മദ്യപാനത്തിന്റെയും ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് പട്ടികവർഗ്ഗ വികസന വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി പട്ടികവർഗ്ഗ മേഖലകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ കൗൺസിലിംഗ്, ദൃശ്യമാധ്യമങ്ങൾ ഉപയോഗിച്ചുള്ള ബോധവത്കരണം എന്നിവ നടത്തിവരുന്നുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനം

85(813) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽനിന്ന് ഇവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് 4 തവണകളായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന 1,38,000 രൂപ സർക്കാർ വിഹിതമായി അടച്ചാണ് പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവയ്പെടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000 രൂപയും, 5 വയസ് പൂർത്തിയായി സ്കൂളിൽ/അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000 രൂപയും, പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000 രൂപയും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു:

1. അപകടമരണം - 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.

ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകല്യം ലഭിക്കുന്നു:

1. അപകടംമൂലം പൂർണ്ണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു.

(ബി) എങ്കിൽ നാളിതുവരെയായി എത്ര പേർക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ജില്ലതിരിച്ച് വിശദാംശം നൽകുമോ?

1-4-2017 മുതൽ ജനിച്ച 2088 പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഗോത്രവാത്സല്യനിധി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
2. പെൺകുട്ടി ജനിച്ച് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുമ്പോൾ ആദ്യ ഗഡുവായി 39,000 രൂപ വകുപ്പിൽ നിന്നും എൽ.ഐ.സി. മുഖേന നിക്ഷേപിച്ച് പെൺകുട്ടിയുടെ പേരിൽ പോളിസി എടുക്കുന്നു.
3. പെൺകുട്ടിക്ക് 2 വയസ് പൂർത്തിയാകുമ്പോൾ ആവശ്യമായ പ്രതിരോധ കുത്തിവയ്പുകൾ എടുക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഹാജരാക്കുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് 2,000 രൂപ എൽ.ഐ.സി. യിൽ നിന്നും ധനസഹായം ലഭ്യമാകും.
4. പെൺകുട്ടിക്ക് 5 വയസ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ രണ്ടാം ഗഡുവായി വകുപ്പ് 36,000 രൂപ എൽ.ഐ.സി.യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 3,000 രൂപ ധനസഹായമായി എൽ.ഐ.സി. മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
5. പെൺകുട്ടിക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ മൂന്നാം ഗഡുവായി വകുപ്പ് 33,000 രൂപ എൽ.ഐ.സി.യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 5,000 രൂപ ധനസഹായമായി എൽ.ഐ.സി. മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
6. പെൺകുട്ടിക്ക് 15 വയസ് പൂർത്തിയാകുമ്പോൾ വകുപ്പ് നാലാം ഗഡുവായി 30,000 രൂപ എൽ.ഐ.സി.യിൽ നിക്ഷേപിക്കുന്നു.
7. പെൺകുട്ടി പത്താം ക്ലാസ് പഠനം പൂർത്തിയാകുമ്പോൾ 10,000 രൂപ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് ധനസഹായമായി എൽ.ഐ.സി. മുഖേന ലഭ്യമാകും.
8. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി പെൺകുട്ടിക്ക് ലഭിക്കും.

9. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (1-4-2017 മുതൽ ജനിച്ചത്) ഗോത്ര വാത്സല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. ഗോത്ര വാത്സല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കുറവായിരിക്കണം.

**ഗോത്ര വാത്സല്യനിധി പദ്ധതി**

86(814) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര വാത്സല്യനിധി പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ?

പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽനിന്ന് ഇവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് 1,38,000 രൂപ സർക്കാർ പ്രീമിയം അടച്ചാണ് പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവയ്പെടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2,000 രൂപയും, 5 വയസ് പൂർത്തിയായി സ്കൂളിൽ/അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000 രൂപയും, പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000 രൂപയും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10,000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

1. അപകടമരണം - 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു:

1. അപകടംമൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു.

(ബി) നാളിതുവരെ എത്ര പേർ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ടെന്നും എത്രപേർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

1-4-2017 മുതൽ ജനിച്ച 2088 പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടി ഇൻഷ്വറൻസ് പദ്ധതി ഒരു ദീർഘകാല പദ്ധതിയായതിനാൽ 18 വയസ്സ് പൂർത്തിയായാൽ മാത്രമേ പെൺകുട്ടികൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ. മാർഗ്ഗനിർദ്ദേശത്തിൽ പറയുംപ്രകാരം രക്ഷകർത്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

പഞ്ചായത്ത് തിരിച്ച് വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വിതുര | 30 |
| പെരിങ്ങമല | 20 |
| നന്ദിയോട് | 6 |
| പാങ്ങോട് | 4 |
| പുല്ലമ്പാറ | 1 |
| വെള്ളറട | 2 |
| വെള്ളനാട് | 1 |
| കുറ്റിച്ചൽ | 17 |
| അമ്പൂരി | 17 |

| | |
|---|---|
| കള്ളിക്കാട് | 4 |
| പൂവച്ചൽ | 2 |
| ആര്യനാട് | 3 |
| തൊളിക്കോട് | 17 |
| തിരുവനന്തപുരം-കോർപ്പറേഷൻ | 1 |
| ഉഴമലയ്ക്കൽ | 1 |
| വെമ്പായം | 1 |
| മാറനല്ലൂർ | 2 |
| പനവൂർ | 1 |
| ആകെ | 130 |

(ഡി) ഈ പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

ടി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ക്ലെയിം ലഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**ആനക്കയം ട്രൈബൽ കോളനി നിവാസികളുടെ അടിയന്തര പുനരധിവാസം**

87(815) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷക്കാലമായി ഉരുൾപൊട്ടൽ ഭീഷണിയെതുടർന്ന് കോളനി വിട്ടുപോവുകയും സമീപത്തെ പാറപ്പുറത്ത് കുടിൽ കെട്ടി താമസിച്ചുവരികയും ചെയ്യുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം ട്രൈബൽ കോളനി നിവാസികളുടെ അടിയന്തര പുനരധിവാസത്തിനും അവർക്ക് ഭൂമിയും വീടും നൽകുന്നതിനും ആവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

2018-ലെ കാലവർഷക്കെടുതിയിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആനക്കയം പട്ടികവർഗ്ഗ കോളനിയുടെ സമീപമുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് പ്രസ്തുത സങ്കേതത്തിലെ നിവാസികൾ തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച് വനത്തിൽ താമസിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഇതിനെ തുടർന്ന് കോളനി നിവാസികളെ ഷോളയാർ പവർ ഹൗസിന് സമീപമുള്ള കെ.എസ്.ഇ.ബി.എൽ. ക്വാർട്ടേഴ്സുകളിൽ താത്കാലികമായി താമസിപ്പിച്ചിരുന്നു. എന്നാൽ ഇവർക്ക് ഭൂമി ലഭിക്കുന്നതിനുള്ള നടപടി വൈകുന്നു എന്ന കാരണത്താൽ വീണ്ടും ആനക്കയം പരിസരത്തുള്ള വനത്തിൽ കുടിൽ കെട്ടി താമസിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച് ജില്ലാ

കളക്ടറുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം ആനക്കയം ഫോറസ്റ്റ് സ്റ്റേഷനിൽ വച്ച് ചേരുകയുണ്ടായി. ടി യോഗത്തിൽ തവളക്കുഴിപ്പാറ പട്ടികവർഗ്ഗ സങ്കേതത്തിൽ പോകുന്ന വഴിയിൽ തങ്ങൾക്ക് സ്ഥലം അനുവദിക്കണമെന്നും പ്രസ്തുത സ്ഥലം തങ്ങൾക്ക് ഇഷ്ടമാണെന്നും അറിയിച്ച സാഹചര്യത്തിൽ ആനക്കയം കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി തവളക്കുഴിപ്പാറ കോളനിയിൽ പോകുന്ന വഴിയിൽ കോളനിക്കാർ തന്നെ സ്ഥലം കണ്ടെത്തുകയും സ്ഥലം ഇവർക്ക് അനുവദിച്ച് നൽകുന്നതിന് വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള വെബ്സൈറ്റ് മുഖേന പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡി.എഫ്.ഒ ആവശ്യപ്പെട്ടതനുസരിച്ച് കോളനിക്കാരുടെ ഭൂമി വനം വകുപ്പിന് സറണ്ടർ ചെയ്യുന്നതിന് തുല്യ അളവിൽ മാത്രം ഭൂമി ലഭ്യമാക്കുന്നതിന് സമ്മതപത്രം വാങ്ങി നൽകിയിട്ടുണ്ട്.

(ബി) ആനക്കയം ട്രൈബൽ കോളനി വികസനത്തിനായി നേരത്തെ അനുവദിച്ച 1 കോടി രൂപയിൽ ബാക്കിയുള്ള സംഖ്യ ഇതിനായി പ്രത്യേകമായി അനുവദിക്കുന്നതിനും ആനക്കയം കോളനി നിവാസികളുടെ പുനരധിവാസം യാഥാർത്ഥ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

ആനക്കയം കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി അനുവദിച്ച തുക ടി കോളനിയിലെ പുനരധിവാസത്തിന് വിനിയോഗിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ടി കോളനിയിലെ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

88(816) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം എന്നീ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കാരാന്താട് കോളനി - 25% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു.
2. മടക്കാംപൊയിൽ കോളനി - 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും കോളനികൾ തെരഞ്ഞെടുത്തിട്ടില്ല.

2019-20 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി കോളനികൾ ചുവടെ ചേർക്കുന്നു:

1. കക്കാനം കോളനി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
2. വള്ളുവ കോളനി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (2017-18) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പട്ടികവർഗ്ഗ കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പട്ടുവയൽ - ഭവന നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. കോളനിക്കകത്തുള്ള നടപ്പാത നിർമ്മാണം പൂർത്തിയായി.
2. എയ്യൻകല്ല് - ടി കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

2020-21 വർഷം ടി പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ വാങ്ങോട്-വാച്ചാൽ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

2020-21 ലേത് ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുമ്പ് പൂർത്തീകരിക്കുന്നതിന് 30-12-2020-ലെ മന്ത്രിതല റിവ്യൂ മീറ്റിംഗിൽ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്കായി ഭവന നിർമ്മാണം**

89(817) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി പട്ടികജാതി - പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത് എത്രയായിരുന്നു; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 19808 എണ്ണവും, പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്ന പദ്ധതിയിൽ അനുവദിച്ച 170 വീടുകളിൽ

123 എണ്ണവും, 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പൂർത്തീകരിക്കാതെ അവശേഷിച്ച 16360 വീടുകളിൽ 10144 വീടുകളും PMAY റൂറലിൽ 5350 ഉം, PMAY അർബനിൽ 4471 ഉം, ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ 8477 വീടുകളുമുൾപ്പെടെ ആകെ 38,229 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 22347 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ, ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിൽ 11306 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 6058 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 3405 പേർ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പി.എം.എ.വൈ.-യിൽ 1401 വീടുകളും പൂർത്തിയാക്കി. മൊത്തം 15133 വീടുകൾ പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6231 വീടുകൾ പൂർത്തീകരിച്ചിരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പണിപൂർത്തിയാകാതെ കിടന്നിരുന്ന വീടുകളുടെയെല്ലാം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് പണിപൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 16360 വീടുകളിൽ 10144 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 12022 വീടുകളിൽ 11306 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ മുഖേന പട്ടികജാതികളിലും ഗോത്രങ്ങളിലുംപെട്ട അർഹരായ എല്ലാവർക്കും വീട് നിർമ്മിച്ച് നൽകാൻ പദ്ധതിയുണ്ടോ; ഇത്തരത്തിൽപ്പെട്ടവർക്കായി ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഉചിതമായ ഇളവ് നൽകുന്നുണ്ടോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഒരു കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട് എന്ന വ്യവസ്ഥയിലും, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടാകരുത് എന്ന വ്യവസ്ഥയിലും ഇളവ് നൽകി 6-9-2019-ലെ സ.ഉ(സാധാ)നമ്പർ 1946/2019/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കേണ്ടി വരുന്നവർക്ക് വീട് മെച്ചപ്പെടുത്താൻ പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ നിലവിൽ വാസയോഗ്യമായ വീടില്ലാത്ത ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെയും ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം**

90(818) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ വഹിക്കുന്ന പങ്ക് വിശദമാക്കാമോ?

ഒ.ബി.സി. മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തികളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) നാട്ടിൽ സ്ഥിരതാമസത്തിന് എത്തിയ പ്രവാസികൾക്കായി പിന്നാക്ക വിഭാഗ കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. വിദേശത്ത് നിന്നും മടങ്ങിയെത്തി നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് വായ്പാ സഹായം നൽകുന്ന പദ്ധതിയാണ് റീ-ടേൺ. നോർക്ക റൂട്ട്സുമായി ചേർന്നാണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കുന്നതാണ്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. 18-നും 65-നും മദ്ധ്യേ പ്രായമുള്ളവരും പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ സ്ഥിര താമസക്കാരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം വായ്പയെടുക്കുന്ന പ്രവാസി സംരംഭകർക്ക് പരമാവധി 3 ലക്ഷം രൂപ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിച്ചുവരുന്നു.

(സി) പിന്നാക്ക വിഭാഗ കോർപ്പറേഷന്റെ ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനത്തിനുംവേണ്ടി ഒരു സ്ഥിരം വേദി (ക്രാഫ്റ്റ് വില്ലേജ്) ഒരുക്കുന്നതിന് പദ്ധതിയുണ്ടോ?

ഉണ്ട്.

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ ഈ പദ്ധതി നടപ്പിലാക്കുന്നത്; എങ്കിൽ കിഫ്ബിയിൽനിന്നും ഇതിനായി എന്ത് തുക അനുവദിച്ചു; ക്രാഫ്റ്റ് വില്ലേജ് എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി ടി പദ്ധതി നടത്തിപ്പിനായി 17.7 കോടി രൂപയുടെ നടപടി അംഗീകരിച്ചിട്ടുണ്ട്. ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ**

91(819) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ അനുബന്ധം 1-ആയി ചേർക്കുന്നു.*

(ബി) കോർപ്പറേഷന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി എന്തെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ?

കോർപ്പറേഷന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 -ആയി ചേർക്കുന്നു. *

(സി) കോർപ്പറേഷന്റെ എന്റെ വീട് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് എത്ര ലക്ഷം രൂപയാണ് പരമാവധി അനുവദിക്കുന്നത്; ഇതിനകം എത്രപേർക്ക് ലോൺ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കോർപ്പറേഷൻ എന്റെ വീട് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിനകം 945 പേർക്ക് 52.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഹരിത സാങ്കേതിക വിദ്യാ മേഖലയിൽ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്; വിശദമാക്കുമോ?

കോർപ്പറേഷൻ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്വയംതൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ അനുവദിച്ചുവരുന്നു.

**പിന്നാക്കവിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

92(820) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നാക്കവിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സ്വദേശത്തും വിദേശത്തും പഠനസഹായത്തിനായി നൽകിവരുന്ന സ്കോളർഷിപ്പിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഓവർസീസ് സ്കോളർഷിപ്പ് എന്നീ മൂന്ന് സ്കോളർഷിപ്പ് പദ്ധതികളാണ് നടപ്പിലാക്കുന്നത്.

**കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള കർമ്മപദ്ധതികൾ**

93(821) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് 102 ആക്ടുകൾ റദ്ദാക്കുന്നതിനും ഒഴിവാക്കുന്നതിനുമായി 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ (ബിൽ നമ്പർ 34) കേരള നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2018 ജൂൺ 19-ാം തീയതിയിലെ കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ 1(53) 2017-L.I നമ്പരായുള്ള കത്തിന്റെ അടിസ്ഥാനത്തിൽ നിയമ (ലെഗ്.പബ്ലിക്കേഷൻ) വകുപ്പ് സംസ്ഥാനത്തിന് ബാധകമായിട്ടുള്ള 15 ആക്ടുകൾ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിയമ (നിർമ്മാണ-ഡി) വകുപ്പിനോട് ആവശ്യപ്പെടുകയും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവയുണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും

പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതുസംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി സർക്കാർ സ.ഉ. (എം.എസ്.) നമ്പർ 45/2017/നിയമം തീയതി 9-3-2017 പ്രകാരം ബഹുമാനപ്പെട്ട ജസ്റ്റിസ്(റിട്ട.) കെ.റ്റി. തോമസ് ചെയർമാനായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്. കേരള നിയമ പരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സർക്കാരിന് ഇതുവരെയും സമർപ്പിച്ചിട്ടില്ലാത്തതാണ്. കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള നിയമ പരിഷ്കരണ കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി) 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കിയെങ്കിലും അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

2015-ലെ ദി കേരള റിപ്പീലിങ്ങ് ആന്റ് സേവിങ്ങ് ബിൽ തയ്യാറാക്കി അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. 2015-ലെ ദി കേരള റിപ്പീലിങ്ങ് ആന്റ് സേവിംഗ് ബിൽ തയ്യാറാക്കി ആയതിന് 19-1-2016-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരം നേടിയിട്ടുള്ളതും 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 3-2-2016-ാം തീയതിയിലെ മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ആയത് 13-ാം കേരള നിയമസഭയുടെ 391-ാം നമ്പർ ബില്ലായി നിയമസഭയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ 13-ാം കേരള നിയമസഭയുടെ കാലാവധിക്കുള്ളിൽ പ്രസ്തുത ബിൽ ആക്ടാക്കി പാസ്സാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഭാരതത്തിന്റെ ഭരണഘടനയുടെ 196(5)-ാം അനുച്ഛേദം പ്രകാരം പ്രസ്തുത ബിൽ ലാപ്സായിട്ടുള്ളതാണ്.

(സി) പ്രസ്തുത ബിൽ ആക്റ്റ് ആക്കുന്ന കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ബിൽ നിയമവകുപ്പിന്റെ 9962/ലെഗ് ഡി1/2011/നിയമം നമ്പർ ഫയലിൽ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ഈ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്:- "ഭരണഘടനയുടെ 372(1)-ാം അനുച്ഛേദം താഴെപറയുംപ്രകാരം അനുശാസിക്കുന്നു. '395-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങൾ ഈ ഭരണഘടന വഴി റദ്ദാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ഈ ഭരണഘടനയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഭാരതത്തിന്റെ ഭൂപ്രദേശത്ത്

പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും ക്ഷമതയുള്ള ഒരു നിയമ നിർമ്മാണ മണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ വ്യത്യസ്തപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ അതിനുള്ളിൽ പ്രാബല്യത്തിൽ തുടരുന്നതാകുന്നു.' ഭരണ ഘടനയുടെ പ്രാരംഭത്തിനുശേഷം സംസ്ഥാന നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിച്ചിട്ടുള്ള ആക്ടുകൾ സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് മുഖേന റദ്ദാക്കാവുന്നതാണ്. ആയതിനാൽ സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ നിയമമാക്കുന്നതിന് അധികാരമുണ്ട്. നിയമങ്ങളുടെ റദ്ദാക്കലിന്റെ പ്രഭാവം 1125-ലെ കേരള വ്യാഖ്യാനവും പൊതു ഖണ്ഡങ്ങളും ആക്ടിന്റെ (1125-ലെ VII-ാം ആക്ട്) 4-ാം വകുപ്പിന്റെകീഴിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമായിരിക്കും. കരട് ബില്ലിലെ വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. അതിനാൽ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. കരട് ബില്ലിലെ വ്യവസ്ഥകൾ സമവർത്തി ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളിൽ നിലവിലുള്ള യാതൊരു കേന്ദ്ര നിയമങ്ങൾക്കും വിരുദ്ധമല്ല. ആയതിനാൽ, ബിൽ നിയമസഭ പാസാക്കിയാൽ ആയത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി മാറ്റിവയ്ക്കേണ്ട ആവശ്യമില്ല.''

## 2019-ലെ പോലീസ് ഭേദഗതി ബിൽ

94(822) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ 14-11-2019 ന് പാസ്സാക്കിയ പോലീസ് ഭേദഗതി ബില്ലിന് ഗവർണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 213) (2019-ലെ 32-ാം നമ്പർ ഓർഡിനൻസിന് പകരമുള്ളത്) 2019 ഒക്ടോബർ 31-ാം തീയതി നിയമസഭ പരിഗണിക്കുകയും ആയത് 14-11-2019-ന് നിയമസഭ പാസ്സാക്കുകയും ചെയ്തു. നിയമസഭ പാസ്സാക്കിയ ബില്ലിന് ബഹുമാനപ്പെട്ട ഗവർണർ 2-12-2019 തീയതിയിൽ അംഗീകാരം നൽകി. ആയത് 2019-ലെ കേരള പോലീസ് (ഭേദഗതി) ആക്ട് (2019-ലെ 8) ആയി 2-12-2019-ലെ കേരള അസാധാരണ ഗസറ്റിൽ 2954-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

(ബി) പ്രസ്തുത ബില്ലിന് അംഗീകാരം നൽകേണ്ടതില്ലെന്ന് ഗവർണറോട് ആവശ്യപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഇല്ല.

**നിയമ വകുപ്പിലെ ഡെപ്യൂട്ടേഷൻ നിയമനം**

95(823) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ പൂർത്തിയാക്കി മാതൃവകുപ്പിലേക്ക് തിരിച്ചെത്തുന്ന ജീവനക്കാർക്ക് മാതൃവകുപ്പിൽ ഉടൻ നിയമനം നൽകേണ്ടതാണെങ്കിലും നിയമ വകുപ്പിൽ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെയെത്തുന്ന ജീവനക്കാർക്ക് ഉടൻ നിയമനം നൽകാതെ മാസങ്ങളോളം 'വെയിറ്റിംഗ് ഫോർ പോസ്റ്റിംഗി'ൽ നിർത്തി പിന്നീട് വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ് കാലയളവ് റെഗുലറൈസ് ചെയ്യുന്നതുമൂലം സർക്കാരിന് വലിയ സാമ്പത്തിക നഷ്ടം സംഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാർ ഒരുമിച്ച് മടങ്ങുന്നതുമൂലമോ തസ്തിക നിർത്തലാക്കുന്നതുമൂലമോ മറ്റുമുള്ള അടിയന്തര സാഹചര്യങ്ങളിൽ അപ്രതീക്ഷിതമായി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിവരുമ്പോൾ ഉടൻ നിയമനം നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതാണ്.

(ബി) 1-1-2017 മുതൽ 31-12-2020 വരെ മേൽ രീതിയിൽ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ എത്തിയ എത്ര ജീവനക്കാർ എത്ര കാലം വീതം 'വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ്' ആയി കാത്തു നിന്നിട്ടുണ്ടെന്നും അവരിൽ എത്ര പേർക്ക് കാത്തു നിന്ന കാലയളവ് റെഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

1-1-2017 മുതൽ 31-12-2020 വരെയുള്ള കാലയളവിൽ നിയമവകുപ്പിൽ നിയമനം കാത്തുനിന്ന ഉദ്യോഗസ്ഥരുടെ വിശദാംശം താഴെ പറയുന്ന പ്രകാരമാണ്:

1. ശ്രീ. വി.എം. ചാക്കോ- 26-8-2017 മുതൽ 10-1-2018 വരെയുള്ള കാലയളവ്.
2. ശ്രീ. ബാബു ആന്റണി, അഡീഷണൽ സെക്രട്ടറി - 13-11-2018 മുതൽ 26-12-2018 വരെയുള്ള കാലയളവ്.

3. ശ്രീമതി ആശ ജി.എസ്., അഡീഷണൽ സെക്രട്ടറി- 1-8-2017 മുതൽ 31-10-2017 വരെയുള്ള കാലയളവ്.

4. ശ്രീ. ഷാജി കെ. കുര്യൻ, ജോയിന്റ് സെക്രട്ടറി - 25-7-2019 മുതൽ 8-8-2019 വരെയുള്ള കാലയളവ്.

5. ശ്രീ. ബിജു വർഗ്ഗീസ് ഇരുമല, അഡീഷണൽ സെക്രട്ടറി - 12-7-2018 മുതൽ 18-09-2018 വരെയുള്ള കാലയളവ്.

6. ശ്രീമതി ജയശ്രീ എ., അണ്ടർ സെക്രട്ടറി -1-2-2019 മുതൽ 19-5-2019 വരെയുള്ള കാലയളവ്.

7. ശ്രീമതി രേഖ എസ്, ലീഗൽ അസിസ്റ്റന്റ് - 1-6-2019 മുതൽ 5-7-2019 വരെയുള്ള കാലയളവ്.

ഇതിൽ ക്രമനമ്പർ (1) മുതൽ (4) വരെയുള്ള ഉദ്യോഗസ്ഥരുടെ നിയമനം റെഗുലറൈസ് ചെയ്തിട്ടുണ്ട്. ക്രമനമ്പർ (5), (6), (7)-ൽ പറയുന്ന ഉദ്യോഗസ്ഥരുടെ കാലയളവ് റെഗുലറൈസ് ചെയ്യുന്ന കാര്യം പരിശോധിച്ച് വരുന്നു.

(സി) വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ് കാലയളവ് റെഗുലറൈസ് ചെയ്ത് നൽകുക വഴി ഒരേ തസ്തികയിൽ രണ്ട് പേർക്ക് ശമ്പളം നൽകേണ്ടി വന്നതുമൂലം മേൽകാലയളവിൽ സർക്കാരിന് ഉണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന് വിശദമാക്കാമോ?

അർഹതപ്പെട്ട അവധി ഉപയോഗപ്പെടുത്തിയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെത്തുടർന്ന് മെരിറ്റ് പരിശോധിച്ചുമാണ് വെയ്റ്റിംഗ് ഫോർ പോസ്റ്റിംഗ് കാലയളവ് റെഗുലറൈസ് ചെയ്തിട്ടുള്ളത്. അർഹതപ്പെട്ട അവധി ഉപയോഗപ്പെടുത്തി പ്രസ്തുത കാലയളവ് റെഗുലറൈസ് ചെയ്യുമ്പോൾ ഒരേസമയം ഒരാൾക്ക് മാത്രമേ ശമ്പളം നൽകേണ്ടിവരുന്നുള്ളൂ. അവധി ഉപയോഗപ്പെടുത്തുന്ന ആൾ ലീവ് സാലറിയാണ് വാങ്ങുന്നത്. എന്നതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

(ഡി) മേൽ രീതിയിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാമെന്നിരിക്കെ, എത്ര തുക മേൽകാലയളവിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 12(7)-ന്റെ താഴെയുള്ള കുറിപ്പ് പ്രകാരം മടങ്ങി വരുന്ന ഉദ്യോഗസ്ഥർ നിയമനത്തിനായി കാത്തിരിക്കേണ്ടതാണെന്ന്

വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. നിയമനം നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായെങ്കിൽ മാത്രമാണ് നഷ്ടം ഈടാക്കേണ്ട കാര്യം പരിശോധിക്കേണ്ടത്. ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല.

## പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം

96(824) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് പ്രാഥമിക അന്വേഷണം നടത്തണമെന്ന 2018 മാർച്ച് 20-ലെ സുപ്രീംകോടതി ഉത്തരവുമൂലം പ്രസ്തുത നിയമപ്രകാരമുള്ള കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ പ്രതിബന്ധം ഉണ്ടായിട്ടുണ്ടോ?

പ്രതിബന്ധങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഉത്തരവ് മറികടക്കുന്നതിനായി പാർലമെന്റ് പാസ്സാക്കിയ നിയമഭേദഗതി സുപ്രീംകോടതി ശരിവച്ചത് ഈ നിയമം പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ടോ?

ഉണ്ട്.

## നിയമ അവബോധം സൃഷ്ടിക്കുന്നത് സംബന്ധിച്ച്

97(825) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വളരെ പ്രാധാനപ്പെട്ടതും കാലികവുമായ സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ പരിഭാഷപ്പെടുത്തി 'നിയമധ്വനി' എന്ന പേരിൽ ഒരു നിയമ ജേർണൽ നിയമ വകുപ്പിൽനിന്നും പ്രസിദ്ധീകരിച്ചു വരുന്നു. കൂടാതെ പുതുതായി നിലവിൽ വരുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉള്ളടക്കം സംഗ്രഹരൂപത്തിൽ ലളിതമായ ഭാഷയിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി 'നിയമധ്വനി' യിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമവകുപ്പിന്റെ

ഭരണ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന നിയമസേവന അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളും എല്ലാ ജില്ലകളിലും നിയമാവബോധന ക്ലാസ്സുകൾ നടത്തിവരുന്നു. ഓരോ താലൂക്കിലും താലൂക്ക് നിയമസേവന കേന്ദ്രങ്ങളും കൂടാതെ ജില്ലാ നിയമസേവന കേന്ദ്രങ്ങളും സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിക്കുകയും അർഹതപ്പെട്ടവർക്ക് നിയമ സഹായവും പൊതുജനങ്ങൾക്ക് നിയമങ്ങളെക്കുറിച്ച് അടിസ്ഥാനവിവരങ്ങളും നൽകുന്നതിനായി ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. നിലവിലുള്ള കോവിഡ്-19 സാഹചര്യത്തിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സെമിനാറുകൾ വഴി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുമായി ചേർന്ന് നിയമാവബോധന ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പൊതുജനങ്ങളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ അദാലത്തുകളും സെമിനാറുകളും നടത്തിവരുന്നു. ആദിവാസികളുടെ ഇടയിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ ആദിവാസി സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യാവകാശ ദിനവുമായി ബന്ധപ്പെട്ട് നിയമവിദ്യാർത്ഥികൾ, നിയമ മേഖലയിലെ വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സെമിനാറുകൾ നടത്താറുണ്ട്. മനുഷ്യാവകാശ നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവബോധം നൽകുന്നതിന്റെ ഭാഗമായി നിയമ വിദ്യാർത്ഥികൾക്ക് കമ്മീഷനിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിയമ വിദ്യാർത്ഥികൾക്കായി മനുഷ്യാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ക്വിസ് മത്സരവും നടത്താറുണ്ട്.

(ബി) നിയമങ്ങൾ മലയാളഭാഷയിൽ ലളിതമായി പൊതുജനങ്ങളിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (2) പ്രകാരം ഇംഗ്ലീഷിൽ അധിനിയമം ചെയ്യപ്പെട്ട പ്രധാന ആക്ടിന്റെ ഭേദഗതി ഒഴികെയുള്ള എല്ലാ ബില്ലുകളും നിലവിൽ മലയാള ഭാഷയിലാണ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് നിയമമായിത്തീരുന്നതും. പ്രധാന ആക്ട് ഇംഗ്ലീഷിലുള്ളവയുടെ ഭേദഗതി നിയമം ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിക്കുന്നതെങ്കിലും ആയതിന്റെ മലയാള പരിഭാഷയും പ്രസിദ്ധീകരിക്കാറുണ്ട്. കേന്ദ്രനിയമങ്ങളുടെ മലയാളത്തിലുള്ള ആധികാരിക പരിഭാഷ നിർവ്വഹിച്ച് പ്രസിദ്ധീകരിക്കുന്നതിനായി ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ എന്ന ഒരു സംവിധാനവും നിലവിലുണ്ട്. കൂടാതെ

നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ ആക്ട്, റൂൾസ്., റെഗുലേഷനുകൾ എന്നിവയുടെ മലയാള പരിഭാഷ ഉൾപ്പെടുത്തിയ കൈപുസ്തകങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഹ്യൂമൻ റൈറ്റ്സ് ബുള്ളറ്റിൻ എന്ന പേരിൽ കമ്മീഷൻ ഒരു വാർത്താ പത്രിക പ്രസിദ്ധീകരിക്കുന്നതിൽ കമ്മീഷന്റെ പ്രധാന ഉത്തരവുകൾ ഉൾപ്പെടുത്തുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

98(826) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്ന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ശിക്ഷ ഉറപ്പാക്കുവാൻ കഴിയുന്നത് നാമമാത്ര കേസുകളിൽ മാത്രമാണെന്നത് വസ്തുതയല്ലേ?

ഇത്തരം കേസുകളിൽ കുറ്റസ്ഥാപന നിരക്ക് കുറവാണ്.

(ബി) 2016 മേയ് മാസത്തിനുശേഷം ഈ നിയമപ്രകാരം എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തത്; അതിൽ എത്ര കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടു?

2016 മേയ് മാസത്തിനുശേഷം 6041 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 3087 കേസുകളിന്മേൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും 35 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമാണ്. രജിസ്റ്റർ ചെയ്ത കേസുകളിൽ ഭൂരിഭാഗം കേസുകളും ബഹുമാനപ്പെട്ട കോടതികളുടെ പരിഗണനയിലാണ്.

(സി) അന്വേഷണത്തിലെ അനാസ്ഥയും, തെളിവുകൾ കണ്ടെത്തുന്നതിലെ അലംഭാവവുമാണ് ഇത്തരം കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിനുള്ള കാരണമെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ?

ഇല്ല.

(ഡി) എങ്കിൽ ഇത്തരം കേസുകളുടെ അന്വേഷണങ്ങളിൽ കാലാനുസൃത മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പോലീസ് വകുപ്പിൽ ADGP, Sri.Shaik Darvesh Saheb IPS-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി എസ്.സി./എസ്.റ്റി. കേസുകളുടെ കൺവിക്ഷൻ റേറ്റ് ഉയർത്തുന്നതിനെക്കുറിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

## മഞ്ചേരിയിലെ മലബാർ കൾച്ചറൽ അക്കാഡമി

99(827) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാഡമിയുടെ പ്രവർത്തനത്തിനായി സർക്കാർ തലത്തിൽ ഗ്രാന്റ് അനുവദിച്ച് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല, മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാഡമിയുടെ പ്രവർത്തനത്തിനായി സർക്കാർ ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള യാതൊരുവിധ അപേക്ഷയും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത അക്കാഡമിക്ക് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല, ഇത് സംബന്ധിച്ച നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(സി) മലബാർ മേഖലയിലെ സാംസ്കാരിക വളർച്ചയ്ക്കായി പ്രസ്തുത അക്കാഡമിക്ക് സാംസ്കാരിക വകുപ്പിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ

100(828) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് പ്രത്യേക പദ്ധതികളൊന്നും ആസൂത്രണം ചെയ്ത്

നടപ്പിലാക്കിയിട്ടില്ല. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുള്ള ചെറുകാട് സ്മാരക ട്രസ്റ്റിന് ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ 2020-21 വരെ വാർഷിക ഗ്രാന്റിനത്തിൽ പ്രതിവർഷം 50,000 രൂപ വീതവും, കൂടാതെ 2017-18 വർഷം സ്പെഷ്യൽ ഗ്രാന്റിനത്തിൽ 9,50,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം പെരിന്തൽമണ്ണ നഗരസഭയ്ക്ക് സാംസ്കാരിക പരിപാടികൾക്ക് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കലാകാരൻമാരുടെ ഉപജീവനം**

101(829) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺ ആരംഭിച്ചതുമുതൽ ഉൽസവങ്ങളുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചുവന്നിരുന്ന കലാകാരന്മാർ പരിപാടികളില്ലാതെ വരുമാനമാർഗ്ഗം കണ്ടെത്താൻ കഴിയാതെ കഷ്ടത അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ഇവരുടെ പ്രശ്നപരിഹാരത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/രൂപ വീതം രണ്ടുമാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ആകെ 640 ലക്ഷം രൂപ ഇത്തരത്തിൽ വിതരണം ചെയ്തു. കൂടാതെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന ഇതുവരെ 4323 പേർക്ക് 2000 രൂപ വീതം ആകെ 86.46 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും 1000 രൂപ വീതം ധനസഹായം നൽകുന്നതിന് ആകെ 3 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച് തുക വിതരണം ചെയ്തുവരുന്നു.

**അക്കാമ്മ ചെറിയാൻ സാംസ്കാരിക സമുച്ചയം**

102(830) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള അക്കാമ്മ ചെറിയാൻ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തത്സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം, ഇടുക്കി ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായി ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/185pt, 186 pt, 197pt, 200pt, 201pt എന്നിവയിൽപ്പെട്ട 2.0841 ഹെക്ടർ വസ്തുവിൽ 4.31 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി 5-3-2018 -ലെ സ.ഉ.(കൈ) നമ്പർ 81/2018/റവ പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും, പ്രസ്തുത ഭൂമിയിൽ ബൃഹത്തായ നിർമ്മിതികൾക്ക് അനുയോജ്യമല്ലെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ആയതിന് ശേഷം ടി സാംസ്കാരിക സമുച്ചയത്തിന് അനുയോജ്യമായ സർക്കാർ ഭൂമിയുടെ അഭാവത്തിൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഏലപ്പാറ വില്ലേജിൽ സർവ്വേ നമ്പർ 64/1-പ്പെട്ട 3.5 ഏക്കർ സ്വകാര്യ ഭൂമി നെഗോഷ്യബിൾ/ഡയറക്ട് പർച്ചേയ്സ് മുഖാന്തരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

**എടച്ചെന കുങ്കൻ സാംസ്കാരിക നിലയത്തിന്റെ നിലവിലെ അവസ്ഥ**

103(831) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവുംനിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന പ്രഖ്യാപിച്ചതും നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാനുള്ളതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ച കൽപ്പറ്റ മണ്ഡലത്തിലെ എടച്ചെന കുങ്കൻ സാംസ്കാരിക നിലയത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്തെ വിവിധ ബഡ്ജറ്റുകളിൽ ഒന്നിലും വയനാട് ജില്ലയിൽപ്പെട്ട കൽപ്പറ്റ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പദ്ധതികളൊന്നും തന്നെ പ്രത്യേകമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപ്പിച്ചിരുന്നതിൻ പ്രകാരം, വയനാട് ജില്ലയിൽ എടച്ചെന കുങ്കൻ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരികയാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

104(832) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് മുഖാന്തിരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് മുഖാന്തിരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ ഒന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ബാധകമല്ല.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

105(833) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ ലക്കിടി, കിള്ളിക്കുറിശ്ശി മംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുംവേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ ഗ്രാന്റായി 73,45,000 രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്മാരകത്തിന്റെ നവീകരണം നടത്തിയിട്ടുണ്ട്. കഥകളി നടൻ രാവുണ്ണി മേനോന്റെ സ്മരണാർത്ഥം വെള്ളിനേഴിയിൽ ഒരു സ്മൃതി മണ്ഡപവും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

കുഞ്ചൻനമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം പാലക്കാട് നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായി

2017-18 : 9,50,000

2018-19 : 9,00,000

2018-19 : 4,95,000

2018-19 : 50,00,000

കൂടാതെ വാർഷിക ഗ്രാന്റിനത്തിൽ

2016-17 : 4,00,000

2017-18 : 5,00,000

2018-19 : 5,00,000

2019-20 : 3,50,000

2020-21 ഇതുവരെ 3,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ സ്മാരകം, വെള്ളിനേഴിക്ക് 2017-18 ൽ 10,00,000 രൂപ (പത്ത് ലക്ഷം രൂപ മാത്രം)

(സി) സാംസ്കാരിക വകുപ്പിന് കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; ഓരോന്നിലും നടപ്പിലാക്കിയ പദ്ധതികൾ പ്രത്യേകം വ്യക്തമാക്കാമോ?

ലക്കിടി, കിള്ളിക്കുറിശ്ശി മംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകം, വെള്ളിനേഴിയിലെ രാവുണ്ണി മേനോൻ സ്മാരകം എന്നിവയാണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾ. കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുംവേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ ഗ്രാന്റായി 73,45,000 രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്മാരകത്തിന്റെ നവീകരണം നടത്തിയിട്ടുണ്ട്. കഥകളി നടൻ രാവുണ്ണി മേനോന്റെ സ്മരണാർത്ഥം വെള്ളിനേഴിയിൽ ഒരു സ്മൃതി മണ്ഡപവും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമം

106(834) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമം പദ്ധതിക്കായി സ.ഉ.(സാധാ)നമ്പർ 140/2016/സാം.കാ.വ. തീയതി 22-3-2016 പ്രകാരം സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമപദ്ധതിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ പുതിയ ഭരണസമിതി രൂപീകരിച്ച് പദ്ധതി ആരംഭിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുകയാണ് ആനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി സ.ഉ.(സാധാ) നമ്പർ 140/2016/സാം.കാ.വ. തീയതി 22-3-2016 പ്രകാരം ഇരുപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മാണം

107(835) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനശ്വര നടൻ കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽ സ്മാരകം നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്ഥലം ലഭ്യമായ സാഹചര്യത്തിൽ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അനുഗ്രഹീത നടൻ കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽ സ്മാരകം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് കിഴക്കെ ചാലക്കുടി വില്ലേജിൽ ഗവ.സ്കൂളിന്റെ കൈവശമുള്ള സർവ്വേ 438/4 ൽ 0.0618 ഹെക്ടർ, 441/10-ൽ 0.0191 ഹെക്ടർ (ആകെ 20 സെന്റ്) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകികൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ടി ഭൂമിയിൽ സ്മാരക നിർമ്മാണം നടത്തുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിലുള്ള വാസ്തുവിദ്യാ ഗുരുകുലത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മുൻപ് കലാഭവൻ മണി സ്മാരകത്തിനായി ബജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപയും വകുപ്പുമന്ത്രി പ്രഖ്യാപിച്ച 25 ലക്ഷം രൂപയും ഉൾപ്പെടെ ഇതിനാവശ്യമായ മുഴുവൻ തുകയും അനുവദിക്കുന്നതിനും പ്രസ്തുത സ്മാരക കേന്ദ്രത്തിൽ ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ സ്മാരക നിർമ്മാണത്തിനായി നടപ്പുവർഷം 5054-80-800-66 എന്ന ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്മാരക നിർമ്മാണം സാധ്യമാണ്. പ്രസ്തുത സ്മാരകത്തിനോടനുബന്ധിച്ച് കേരള ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലലഭ്യതയുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മച്ചേൽ കുളങ്ങരക്കോണം ശ്രീ ചട്ടമ്പിസ്വാമി സ്മാരകം**

108(836) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മച്ചേൽ കുളങ്ങരക്കോണത്തെ ശ്രീ ചട്ടമ്പിസ്വാമികളുടെ മാതൃഭവനം സ്മാരകമായി സംരക്ഷിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ?

ചട്ടമ്പിസ്വാമികളുടെ മൂലകുടുംബം പാർത്തിരുന്ന തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ മച്ചേൽ കുളങ്ങരകോണത്തുള്ള അദ്ദേഹത്തിന്റെ മാതൃഭവനം (പൊന്നിയത്ത് തറവാട്) ചുട്ടെടുത്ത മൺകട്ടകൾ കൊണ്ടും തകര ഷീറ്റ് കൊണ്ടും മേഞ്ഞതാണെന്നും, ആയത് ഒരു സംരക്ഷിത സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കുവാൻ യോഗ്യമല്ലെന്നുമുള്ള പുരാവസ്തു വകുപ്പ് ഡയറക്ടറുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടം നിലനിൽക്കുന്ന 15.98 സെന്റ് ഭൂമി സർക്കാർ ഏറ്റെടുത്ത് ഒരു സമുചിത സ്മാരകം നിർമ്മിക്കുന്നകാര്യം പരിഗണിച്ച് വരികയാണ്.

**കോന്നി നിയോജകമണ്ഡലത്തിലെ സാംസ്കാരിക സമുച്ചയം**

109(837) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം, പത്തനംതിട്ട ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിലെ ബ്ലോക്ക് നമ്പർ. 34-ൽ സർവ്വേ നമ്പർ. 120/5, 120/2, 146/1-ൽ ഉൾപ്പെട്ട കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8 ഏക്കർ ഭൂമിയിൽ നിന്നുള്ള 5 ഏക്കർ ഭൂമി പരിഗണിച്ച് വരുന്നു. ഭൂമിയുടെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് നൽകുന്നതിന് കൃഷി വകുപ്പിന്റെ സമ്മതം ലഭിച്ചശേഷം ഭൂമിയുടെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് നൽകിക്കൊണ്ട് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിച്ചാലുടൻ സമുച്ചയ നിർമ്മിതിക്കായുള്ള തുടർനടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-4-2017-ലെ സ.ഉ (സാ.ധാ)നമ്പർ.318/2017/ സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

## കലാകാരൻമാർക്ക് സമാശ്വാസ ധനസഹായം

110(838) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് കൈക്കൊണ്ട നിയന്ത്രണങ്ങൾ കാരണം ഉപജീവനമാർഗ്ഗം തടസ്സപ്പെട്ട അസംഘടിതരായ കലാകാരൻമാരെ സഹായിക്കുന്നതിന് വകുപ്പ് കൈക്കൊണ്ട നടപടികൾ അറിയിക്കുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1,000 രൂപ വീതം രണ്ടുമാസത്തേയ്ക്ക് അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന ഇതുവരെ ആകെ 4323 പേർക്ക് 2000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 1000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു. തുക വിതരണം ചെയ്തു വരുന്നു.

(ബി) കലാകാരൻമാർക്ക് സമാശ്വാസ ധനസഹായം വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയെന്നും എത്ര ഗുണഭോക്താക്കൾക്ക് ഈ സഹായം നൽകിയെന്നുമുള്ള കണക്കുകൾ നൽകാമോ; ഇനിയും ധനസഹായം നൽകുന്നതിന് അവശേഷിക്കുന്നുണ്ടോ; ഇതിനാവശ്യമായ ഫണ്ട് ഏതിൽ നിന്നും ചെലവഴിച്ചു; അറിയിക്കുമോ?

ഉണ്ട്. കോവിഡ്-19 അനുബന്ധ ലോക്ഡൗൺമൂലം കഷ്ടപ്പെടുന്ന കലാകാരൻമാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കുമുള്ള സമാശ്വാസ ധനസഹായ പദ്ധതി പ്രകാരം 32000 പേർക്ക് പ്രതിമാസം 1,000 രൂപ വീതം രണ്ട് മാസമായി ആകെ 640 ലക്ഷം രൂപ ചെലവഴിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ അക്കാദമികളുടെ പദ്ധതി വിഹിതത്തിൽ നിന്നും ധനപുനർ-വിനിയോഗത്തിലൂടെയാണ് ഈ തുക കണ്ടെത്തിയത്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴി 4323 കലാകാരൻമാർക്ക് 2,000 രൂപ വീതം ആകെ 86.46 ലക്ഷം രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായമായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കലാകാരൻമാർക്ക് 1,000 രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാംസ്കാരിക

വകുപ്പ് മുഖേനയോ അക്കാദമികൾ മുഖേനയോ ഇതുവരെ യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലാത്ത 30,000 കലാകാരൻമാർക്കുകൂടി ധനസഹായമായി 1,000 രൂപ വീതം വിതരണം ചെയ്യുന്നതിന് ആകെ 3 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് തുക വിതരണം ചെയ്തുവരുന്നു.

**ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ**

111(839) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ എത്ര തിയേറ്റർ കോംപ്ലക്സുകളാണ് സംസ്ഥാനത്ത് നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത് ?

സംസ്ഥാനത്തെ 10 സ്ഥലങ്ങളിലായി 22 സ്ക്രീനുകൾ ഉള്ള സിനിമാ തീയേറ്ററുകളാണ് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

(ബി) അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കായംകുളം തീയേറ്റർ കോംപ്ലക്സ് (3 സ്ക്രീനുകൾ) 13%-വും, അളഗപ്പനഗർ (2 സ്ക്രീനുകൾ), പയ്യന്നൂർ (2 സ്ക്രീനുകൾ) 18%-വീതവും ജോലികൾ പൂർത്തിയായിട്ടുണ്ട്. നെയ്യാറ്റിൻകര, ചെങ്ങന്നൂർ, വൈക്കം, കാക്കനാട്, പായം തുടങ്ങിയ പ്രോജക്ടുകൾ കിഫ്ബിയുടെ സാമ്പത്തിക അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള തിയേറ്റർ നിർമ്മാണ പുരോഗതി ലഭ്യമാക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിലെ തീയേറ്റർ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

**വനമേഖലയിലെ കോവിഡ് പ്രതിരോധം**

112(840) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനം അടച്ചുപൂട്ടലിലായ സാഹചര്യത്തിൽ തീർത്തും ഒറ്റപ്പെട്ടുപോയ വനമേഖലയിലെ ആദിവാസി ഊരുകൾക്ക് വനം വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയത്?

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനം അടച്ചുപൂട്ടലിലായ സാഹചര്യത്തിൽ, തീർത്തും ഒറ്റപ്പെട്ടുപോയ ആദിവാസി

ഊരുകളിൽ ഭക്ഷ്യ വസ്തുക്കൾ, മാസ്ക്, സാനിറ്റൈസർ, ഹാന്റ് വാഷ്, ഔഷധങ്ങൾ എന്നിവ ലഭ്യമാക്കുകയും, കോവിഡ് 19 സുരക്ഷാ നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും മറ്റും വിതരണം നടത്തുകയുമുണ്ടായി. വനം വകുപ്പിൽ ആദിവാസികളുടെ ക്ഷേമപ്രവർത്തനം നടത്തുന്നതിന് 'ഊരുമിത്ര' എന്ന സംവിധാനം നിലവിലുണ്ട്. കോളനികൾക്ക് സർക്കാർ നൽകിയ എല്ലാ ആനുകൂല്യങ്ങളും എത്തിച്ചു നൽകിയിട്ടുണ്ട്. കോളനി നിവാസികൾക്ക് ചികിത്സ ആവശ്യമായ സന്ദർഭങ്ങളിൽ ആശുപത്രിയിൽ എത്തുന്നതിനും, ആരോഗ്യ പ്രവർത്തകർക്ക് കോളനികളിൽ എത്തുന്നതിനും മെഡിക്കൽ സൗകര്യം നൽകുന്നതിനും വാഹനങ്ങളും, സ്റ്റാഫുകളേയും വിട്ടുനൽകിയിരുന്നു. ആരോഗ്യവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് കോളനികളിൽ ബോധവൽക്കരണം നടത്തുകയും, കോവിഡ് ടെസ്റ്റ് ക്യാമ്പുകൾ നടത്തുകയും ചെയ്തിരുന്നു. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ പുസ്തകങ്ങൾ വീടുകളിലേയ്ക്ക് എത്തിച്ച് നൽകിയിരുന്നു. വനത്തിനോട് ചേർന്നും വനത്തിനകത്തുള്ളതുമായ കോളനികളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും പഠനം സുഗമമാക്കുന്നതിന് ടെലിവിഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) വനം വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ കോവിഡ് നിരീക്ഷണ കേന്ദ്രങ്ങളാക്കിയെന്നറിയിക്കുമോ?

മൂന്നാർ ഡിവിഷൻ പരിധിയിലെ ദേവികുളത്തുള്ള സെൻട്രൽ നഴ്സറി, കോവിഡ് നിരീക്ഷണ കേന്ദ്രമായി പ്രവർത്തിച്ചു.

(സി) വനം മേഖലയിൽ കോവിഡ് വ്യാപിക്കുന്നത് നിയന്ത്രിക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന അതിർത്തിയിൽ കർണ്ണാടക, തമിഴ്നാട് ഭാഗങ്ങളിൽനിന്നും അനധികൃതമായി വനത്തിലൂടെ ജനങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി പരിശോധനയും പട്രോളിംഗും ഏർപ്പെടുത്തുകയുണ്ടായി. ആദിവാസി കോളനികളിൽ കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി കോളനികളിലേയ്ക്ക് സന്ദർശകരെ നിയന്ത്രിച്ചിരുന്നു. വനമേഖലയിൽ കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് വനമേഖലയിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് സന്ദർശകരെ നിരോധിച്ചിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ മുഴുവൻ നിയന്ത്രണങ്ങളും മുൻകരുതലുകളും വനമേഖലയിലും നടപ്പിലാക്കിയിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ജീവനക്കാർക്ക് ഒരുക്കിക്കൊടുത്തിരുന്നു. ഫോറസ്റ്റ് ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധനയും സാനിറ്റൈസേഷനും ഏർപ്പെടുത്തി.

**ബഫർ സോൺ കരട് വിജ്ഞാപനം പുനഃപരിശോധിക്കുന്നതിന് നടപടി**

113(841) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖല ഉൾപ്പെടുന്ന തട്ടേക്കാട് പക്ഷിസങ്കേത കേന്ദ്രത്തിന്റെ ഒരു കി.മീ. ദൂരം ചുറ്റളവിലുള്ള പ്രദേശങ്ങളെ അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ 1 കി.മി. ചുറ്റളവ് പാരിസ്ഥിതിക സംവേദന മേഖലയായി (ഇക്കോ സെൻസിറ്റീവ് സോൺ) പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് ഈ മേഖലകളിൽ കടുത്ത നിയന്ത്രണങ്ങൾ വരുമെന്നും, വ്യവസായങ്ങൾക്കും കാർഷിക പ്രവൃത്തികൾക്കും തടസ്സം ഉണ്ടാകുമെന്നുമുള്ള പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും ആശങ്കകൾ അവർ സർക്കാരിനെ പരാതിയായും, യോഗങ്ങളിലും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ജീവിതദുരിതമനുഭവിക്കുന്ന പ്രദേശവാസികൾക്ക് വീണ്ടും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ് ബഫർ സോൺ പ്രഖ്യാപനമെന്നതിനാൽ ഇപ്പോൾ ഇറക്കിയിട്ടുള്ള കരട് വിജ്ഞാപനം പുന:പരിശോധിക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

ജനവാസ മേഖലകളെ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനായി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രദേശവാസികളുടെ ഇത്തരത്തിലുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിനും ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കി പകരം വന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് കരട് വിജ്ഞാപനം പുതുക്കി ഇറക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

വനപ്രദേശങ്ങൾ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രദേശവാസികളുടെ ആശങ്കകൾ ഉൾക്കൊണ്ട് ജനവാസമേഖലകൾ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനാണ് പുതുക്കിയ നിർദ്ദേശം അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

## വനാവകാശരേഖ നൽകിയിട്ടുള്ള ഭൂമിയിലെ കൃഷി ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ച സംഭവം

114(842) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ തുമ്പിപ്പാറ, കട്ടമുടി, ചാറ്റുപാറ, കൊരങ്ങാട്ടി പ്രദേശങ്ങളിലെ ആദിവാസികൾക്ക് വനാവകാശരേഖ നൽകിയിട്ടുള്ള ഭൂമിയിലെ ഏലം കൃഷി വനം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ച സംഭവത്തിൽ, വൻകിട മുതലാളിമാരാണ് വനഭൂമി കൈവശം വച്ചിരിക്കുന്നത് എന്ന ദേവികുളം ഡി.എഫ്.ഒ.യുടെ പത്രമാധ്യമങ്ങളിലൂടെയുള്ള പ്രതികരണത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

അടിമാലി ഫോറസ്റ്റ് റെയിഞ്ചിന് കീഴിൽ വരുന്ന ഭാഗങ്ങളിൽ വനാവകാശ രേഖ ലഭിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഏലം കൃഷി വനം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ചിട്ടില്ല. 2020-ൽ അടിമാലി ഫോറസ്റ്റ് റെയിഞ്ചിൽ മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ, താഴെ പറയുന്ന സ്ഥലങ്ങളിൽ നോട്ടിഫൈഡ് മലയാറ്റൂർ റിസർവ് വനത്തിൽ നിയമവിരുദ്ധമായി പ്രവേശിച്ച് അടിക്കാടുകൾ വെട്ടിത്തെളിച്ച് ഏലം കൃഷി ചെയ്തത് ഒഴിപ്പിച്ച് ടി സ്ഥലങ്ങളെല്ലാം സർക്കാർ റിസർവ്വിലേയ്ക്ക് കൂട്ടി ചേർത്തിട്ടുള്ളതാണ്. ടി കയ്യേറ്റങ്ങളിൽ വൻകിട കൈയ്യേറ്റമായ പ്ലാമല ഭാഗത്ത് സർക്കാർ റിസർവ്വിൽ ശ്രീ.വി.വി.ജോർജ്ജ്, വാലേത്ത് വീട്, കരടിപ്പാറ എന്നയാളുടെ കൈവശത്തിലുള്ള ഉദ്ദേശം 45 ഏക്കർ സ്ഥലത്ത് നിന്നും ഇപ്പോൾ 6 ഹെക്ടർ കയ്യേറ്റം, ഒഴിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഔദ്യോഗിക കൃത്യനിർവ്വഹണം, തടസ്സപ്പെടുത്തിയതിന് ടിയാനെതിരെ അടിമാലി പോലീസ് സ്റ്റേഷനിൽ 16 1429/2020 നമ്പരായി 18-12-2020 തീയതിയിൽ കേസ് ബുക്ക് ചെയ്തിട്ടുണ്ട്. 10-4-2017-ന് പ്ലാമല-കുടകല്ല് റോഡിന് ഇടതുവശത്തായി ശ്രീ. വി. വി. ജോർജ്ജ് മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് അടിക്കാടുകൾ വെട്ടിത്തെളിക്കുകയും മണ്ണിളക്കുകയും, റോഡ് നിർമ്മിക്കുകയും ചെയ്തു. എന്നാൽ, ഇത് മലയാറ്റൂർ റിസർവ്വിന്റെ ഭാഗമാണ്. ആയതിന് മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ 01/2017 തീയതി 10-4-2017 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഇതേ തുടർന്ന് ശ്രീ.വി.വി. ജോർജ്ജും മറ്റുള്ളവരും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒ.ആർ-01/2017 നമ്പർ കേസിലെ തുടർനടപടികൾ അവസാനിപ്പിക്കുകയെന്ന ആവശ്യവുമായി Crl. MC 3672/2017 നമ്പരായി പെറ്റിഷൻ ഫയൽ ചെയ്തു. എന്നാൽ, തെറ്റായ വിവരങ്ങൾ കാണിച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നതായി കണ്ടെത്തിയതിന്റെ

അടിസ്ഥാനത്തിൽ ടി കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി 7-6-2017 തീയതി ഡിസ്മിസ് ചെയ്തു. തുടർന്ന്, ഒ.ആർ-01/2017 നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലത്ത് കൃഷിചെയ്യുവാൻ അനുവദിക്കണമെന്നും കൃഷി ചെയ്യുമ്പോൾ വനം ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തരുതെന്ന ആവശ്യവുമായി ബഹുമാനപ്പെട്ട കോടതിയിൽ ഡബ്ല്യൂപി (സി) -19781/2017 നമ്പരായി കേസ് ഫയൽ ചെയ്തു. എന്നാൽ, ജോർജ്ജും മറ്റുള്ളവരും മന്നാംകണ്ടം വില്ലേജിൽ ഉൾപ്പെടുന്ന മലയാറ്റൂർ റിസർവ്വിൽ പ്രവേശിക്കരുതെന്നും 16-6-2017-ൽ വിധിയുണ്ടായി. ടി കേസ് ബഹുമാനപ്പെട്ട കോടതി തീർപ്പാക്കുകയും ചെയ്തു. തുടർന്ന്, ടി ഭൂമി കൃഷി ചെയ്യാൻ നൽകണമെന്ന ആവശ്യവുമായി ഡബ്ല്യൂ.പി (സി) -24117/2020 നമ്പരായി വീണ്ടും ബഹുമാനപ്പെട്ട കോടതിയിൽ കേസ് ഫയൽ ചെയ്തു. ടി കേസിന്റെ കാര്യവിവരണ പത്രിക സമർപ്പിച്ചതിന്റെയും ഗവൺമെന്റ് പ്ലീഡർ ടി 45 ഏക്കർ ഭൂമി മലയാറ്റൂർ റിസർവ്വിലുള്ള കൈയ്യേറ്റമാണെന്ന് സമർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമിയിൽ കൃഷി ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും കൂടാതെ, ടി ഭൂമിയുടെ സമീപത്തുള്ള മന്നാംകണ്ടം വില്ലേജിൽ ഉൾപ്പെടുന്ന മലയാറ്റൂർ റിസർവ്വിൽ പ്രവേശിക്കരുതെന്ന് നിർദ്ദേശം നൽകി കേസ് 10-11-2020 തീയതി തീർപ്പാക്കിയിട്ടുള്ളതാണ്.

(ബി) ദേവികുളം ഡി.എഫ്.ഒ.യുടെ പ്രതികരണത്തിൽ പറയുന്ന കയ്യേറ്റങ്ങൾ ഏതൊക്കെയാണെന്നും അവ തിരിച്ച് പിടിക്കുന്നതിന് ദേവികുളം ഡി.എഫ്.ഒ. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ദേവികുളം ഡി.എഫ്.ഒ.യുടെ പ്രതികരണത്തിൽ പറയുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വനഭൂമിയിൽ ഏലം സ്വാഭാവികമായി വളരുന്നതിന് സാധ്യതയുള്ളതിനാൽ വനഭൂമി കയ്യേറി ഏലം കൃഷി ചെയ്യുന്നത് കണ്ടെത്തുവാനുള്ള പരിശോധനകൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ, കരങ്ങാട്ടി പ്രദേശത്ത് കയ്യേറ്റം ഒഴിപ്പിക്കലിനെതിരെ കേസ് നടത്തിയിരുന്നവരുടെ ഒ.എസ്-06/11-15 ഏക്കർ, ഒ.എസ്-07/11-20 ഏക്കർ, ഒ.എസ്-08/11-20 ഏക്കർ, ഒ.എസ്-09/11-15 ഏക്കർ, ഒ.എസ്-165/10-10 ഏക്കർ എന്നീ കേസുകൾ വനം വകുപ്പിന് അനുകൂലമായതിന്റെ വെളിച്ചത്തിൽ 13-11-2020-ൽ കയ്യേറ്റം ഒഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും കയ്യേറ്റക്കാർ സംഘടിതമായി തടയുകയാണുണ്ടായത്. കൂടുതൽ പരിശോധന വഴിയേ എല്ലാ കയ്യേറ്റങ്ങളും തിട്ടപ്പെടുത്താനാവൂ.

(സി) പ്രസ്തുത കയ്യേറ്റങ്ങളെപ്പറ്റി ദേവികുളം ഡി.എഫ്.ഒ.യോ വനംവകുപ്പോ നടപടികൾക്കായി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വനം വകുപ്പിന്റെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി കൈയ്യേറാൻ അനുവദിച്ച ദേവികുളം ഡി.എഫ്.ഒ.യ്ക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി പരിശോധന നടത്തുകയും ആയത് നിയമവിരുദ്ധം ആയതിനെത്തുടർന്നുള്ള നടപടികളുമാണ് നടത്തിയിട്ടുള്ളത്. കയ്യേറ്റം ഒഴിപ്പിക്കേണ്ടത് വനം ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആവശ്യമായ സഹകരണങ്ങൾക്കായി ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവരെ അറിയിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒഴിപ്പിക്കലിനെ കയ്യേറ്റക്കാർ സംഘടിതരായി തടസ്സപ്പെടുത്തുകയും വനം ഉദ്യോഗസ്ഥർക്ക് ഭീഷണി ഉണ്ടാവുകയും ചെയ്തതിനാൽ ഒഴിപ്പിക്കൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 40 ഏക്കർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

**പെരുമ്പെട്ടി വില്ലേജിലെ കൈവശഭൂമിയുടെ സംയുക്ത സർവ്വേ**

115(843) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടി വില്ലേജിലെ കൈവശഭൂമിയുടെ സംയുക്ത സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ സർവ്വേ നിർത്തിവയ്ക്കാൻ വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്. സർവ്വേ നിർത്തിവയ്ക്കാൻ വനം വകുപ്പ് ആവശ്യപ്പെട്ടിട്ടില്ല. പെരുമ്പെട്ടി പ്രദേശത്തെ കൈവശഭൂമിയുടെ വനം, റവന്യൂ സംയുക്ത സർവ്വേ 1988-91 കാലയളവിൽ നടത്തിയിട്ടുള്ളതും 414 പേർ (104.73 ഹെക്ടർ) 1-1-1977 ന് മുമ്പുള്ള കൈവശക്കാരും, 59 പേർ (7.03 ഹെക്ടർ) 1-1-1977 ന് ശേഷമുള്ള കൈവശക്കാരുമാണെന്ന് കണ്ടെത്തയിട്ടുള്ളതുമാണ്. കൂടാതെ, 10-1-2019-ലെ ബഹുമാനപ്പെട്ട റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ടി കൈവശഭൂമി വലിയകാവ് റിസർവ്വിന്റെ 31-5-1958 ലെ നോട്ടിഫിക്കേഷൻ നമ്പർ എഫ്. (എ)2-1089/57/എ.ഡി.-ന്റെ പരിധിക്ക് പുറത്താണോ പരിധിക്കുള്ളിലാണോ എന്ന് സംയുക്ത സർവ്വേ നടത്തി കണ്ടെത്തുവാനാണ് തീരുമാനിച്ചിരുന്നത്. 1958-ലെ നോട്ടിഫിക്കേഷന് ആസ്പദമായ ഒർജിനൽ സർവ്വേ സ്കെച്ചോ, പകർപ്പോ ലഭിക്കുന്നതിനായി കൊല്ലം ജില്ല കളക്ടറേറ്റ്, റീജിയണൽ ആർക്കൈവ്സ് (എറണാകുളം), സർവ്വേ റേഞ്ച് (കോട്ടയം), എ.ഡി. മാപ്പിംഗ്സ് (കോട്ടയം), താലൂക്ക് ഓഫീസ് (മല്ലപ്പള്ളി),

എ.ഡി.സർവ്വേ (പത്തനംതിട്ട), സൂപ്രണ്ട് ആർക്കൈവ്സ് (സി.എസ്.ഒ) തിരുവനന്തപുരം എന്നീ ഓഫീസുകളുമായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ടിരുന്നുവെങ്കിലും ടി ഓഫീസുകളിൽ നിന്നും സർവ്വേ സ്കെച്ച് ലഭ്യമായിട്ടില്ലാത്തതാണ്. ടി ഭാഗത്ത് വനത്തിലേയ്ക്കുള്ള കയ്യേറ്റങ്ങൾ തുടരുന്നത് അവസാനിപ്പിക്കുവാനായി കയ്യേറ്റ ഭൂമികളുടെ അതിർത്തികളിൽ 1991-ൽ ജണ്ടകൾ കെട്ടിയിട്ടുണ്ട്. ടി ജണ്ടകൾ ആസ്പദമാക്കി 1997-ൽ പെരിഫെറി സ്കെച്ച് ഫോറസ്റ്റ് മിനി സർവ്വേ തയ്യാറാക്കിയിട്ടുണ്ട്. 1958-ലെ നോട്ടിഫിക്കേഷന് ആസ്പദമായ സ്കെച്ചുകൾ ലഭ്യമല്ലാതെ വന്നപ്പോൾ, 1997-ൽ തയ്യാറാക്കിയ പെരിഫെറി സ്കെച്ച് പ്രകാരമുള്ള സർവ്വേ മാത്രമാണ് റാന്നി ഡിവിഷനിൽ 2019-ൽ നടത്തിയത്. പരാതിക്കാരുടെ കൈവശഭൂമികളുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ 1997-ലെ പെരിഫെറി സ്കെച്ച് പ്രകാരമുള്ള സർവ്വേ പ്രകാരം നടത്തിയ സർവ്വേയിൽ അതിർത്തികളുടെ അളവുകൾ, 1958-ലെ നോട്ടിഫിക്കേഷനിലെ അതിർത്തി വിവരണവുമായി താരതമ്യം ചെയ്തതിൽ, The Kerala Survey and Boundaries Rules, 1964 section 54, 55 പ്രകാരം അനുവദനീയമായ വ്യത്യാസങ്ങളെക്കാൾ വളരെ അധികരിച്ചവയാകയാൽ യാതൊരു കാരണവശാലും യോജിക്കുന്നില്ലാത്തതും സ്വീകാര്യമല്ലാത്തതുമാണ്. 14 strech- കൾ ഉള്ളതിൽ 2 എണ്ണത്തിൽ മാത്രമാണ് allowable limit of tolerance-ന് ഉള്ളിലുള്ളത്. അനുവദനീയമായ വ്യതിയാനം 8 ഡെസി മീറ്റർ ഉള്ളിടത്ത് 231 ഡെസി മീറ്റർ, 10 ഡെസി മീറ്റർ ഉള്ളിടത്ത് 261 ഡെസി മീറ്റർ, 28 ഡെസി മീറ്റർ ഉള്ളിടത്ത് 132 ഡെസി മീറ്റർ, 6 ഡെസി മീറ്റർ ഉള്ളിടത്ത് 130 ഡെസി മീറ്റർ എന്നിങ്ങനെയും വന്നിട്ടുണ്ട്. ടി കാരണങ്ങളാലാണ് ടി സംയുക്ത സർവ്വേ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. 1958-ലെ നോട്ടിഫിക്കേഷന് ആസ്പദമായ സ്കെച്ച് ലഭ്യമാകാത്ത സാഹചര്യത്തിലാണ് സർവ്വേ ടീം തന്നെ സ്വമേധയാ ടി സർവ്വേ നിർത്തിവച്ചത്.

(ബി) സംയുക്ത സർവ്വേ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കണം എന്ന നിർദ്ദേശം മുന്നോട്ട് വച്ചിരുന്നോ?

സംയുക്ത സർവ്വേ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കണം എന്ന് ബഹുമാനപ്പെട്ട റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 10-1-2019-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. 1958-ലെ നോട്ടിഫിക്കേഷന്റെ പരിധിയ്ക്ക് പുറത്താണോ, ഉള്ളിലാണോയെന്ന് തീരുമാനിക്കുന്നതിനായി ടി സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നടത്തുന്നതിനാണ് തീരുമാനമായത്.

(സി) പ്രസ്തുത കർഷകരുടെ ഭൂമി നോട്ടിഫൈഡ് വനഭൂമിക്ക് പുറത്താണെന്നുള്ള ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരുടെ കൈവശഭൂമിക്ക് പട്ടയം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ടി ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈവശഭൂമിക്ക് പട്ടയം നൽകാൻ കഴിയുകയില്ല. പ്രസ്തുത കർഷകരുടെ ഭൂമി നോട്ടിഫൈഡ് വനഭൂമിക്ക് പുറത്താണെന്ന് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജില്ലാ കളക്ടർക്ക് ഇടക്കാല റിപ്പോർട്ട് നൽകിയിരുന്നു. ടി ഇടക്കാല റിപ്പോർട്ടിൽ 1997-ലെ പെരിഫെറി സ്കെച്ചിനെ അടിസ്ഥാനപ്പെടുത്തിയാണ് സർവ്വേ പുരോഗമിച്ചു വരുന്നത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. തുടർന്ന്, കത്ത് നം. എസ്.ആർ-963/01 തീയതി 4-2-2020 പ്രകാരം " കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി മാത്രമേ പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കാനാകൂ" എന്ന് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കർഷകരുടെ കൈവശഭൂമി വലിയകാവ് റിസർവ് ഫോറസ്റ്റിന്റെ 1958-ലെ വിജ്ഞാപനം ചെയ്യപ്പെട്ട അതിർത്തിക്ക് പുറത്താണെന്ന് കണ്ടെത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്. പെരുമ്പെട്ടി വില്ലേജിലെ പ്രസ്തുത 414 കുടുംബങ്ങളുടെ കൈവശഭൂമി 1-1-1977-നുമുമ്പുള്ള വനം കയ്യേറ്റങ്ങളാണെന്ന് 1989-1991-ലെ വനം, റവന്യൂ വകുപ്പിന്റെ സംയുക്ത പരിശോധനയിൽ തെളിയിക്കപ്പെട്ടിട്ടുള്ളതും സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്നതുമാണ്. ടി സ്ഥലം റവന്യൂ റിക്കാർഡിലും റിസർവ് ആയി നിലനിൽക്കുന്നു. പെരുമ്പെട്ടി വില്ലേജിലെ 414 കുടുംബങ്ങളുടെ 104.73 ഹെക്ടർ 1-1-1977-ന് മുമ്പുള്ള കൈവശ വനഭൂമിയും പത്തനംതിട്ട ജില്ലയിലെ 1-1-1977-ന് മുമ്പുള്ള കൈവശ വനഭൂമി (1970.04 ഹെക്ടർ, 6362 കുടുംബങ്ങൾ) ക്രമപ്പെടുത്തുന്നതിനുള്ള ജില്ലാ കളക്ടറുടെ കേന്ദ്ര സർക്കാരിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പട്ടയം നൽകുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദീകരിക്കാമോ?

കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി, 1-1-1977-ന് മുമ്പുള്ള പ്രസ്തുത 414 കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സ വാദങ്ങൾ ഇല്ലാത്തതാണ്. എന്നാൽ, എം.എസ്.എ. 1/1981 ലെ 10-1-2018 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ അന്തിമവിധി വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലെ നിലവിലെ കൈവശക്കാരുടെ താൽപര്യങ്ങളെ ഹനിയ്ക്കാവുന്നതാകായാൽ ടി കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ

സർക്കാർ എസ്.എൽ.പി. (സിവിൽ) നമ്പർ 2291/2019-ാം നമ്പരായി ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ 3-7-2019-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 'സ്റ്റാറ്റസ്കോ' ഉത്തരവായിട്ടുള്ളതുമാണ്. നിലവിലെ സ്ഥിതിയിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിലുള്ള എസ്.എൽ.പി. (സിവിൽ) നമ്പർ (എസ്.) 2291/2019 ലെ തീരുമാനം അനുസരിച്ച് മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും എടുക്കേണ്ടതായി വരാം.

## വയനാട് ജില്ലയിലെ വനഭൂമി വിതരണം

116(844) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സംയുക്ത പരിശോധനയുടെ ഭാഗമായി എത്ര ഏക്കർ വനഭൂമി വിതരണത്തിനായി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ സംയുക്ത പരിശോധനയുടെ ഭാഗമായി താഴെപ്പറയും പ്രകാരം വനഭൂമി വിതരണത്തിനായി അംഗീകരിച്ചു നൽകിയിട്ടുണ്ട്.

| ഡിവിഷൻ | താലൂക്ക് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| നോർത്ത് വയനാട് | മാനന്തവാടി | 122.728 |
| | വൈത്തിരി | 324.967 |
| സൗത്ത് വയനാട് | സുൽത്താൻ ബത്തേരി | 7.148 |
| | ആകെ | 454.843 |

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ ഭൂമി കണ്ടെത്തിയിട്ടില്ല.

(സി) ഇത്തരത്തിൽ കണ്ടെത്തിയ ഭൂമിയിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; താലൂക്കടിസ്ഥാനത്തിൽ കണക്ക് വ്യക്തമാക്കാമോ?

സംയുക്ത പരിശോധനഭാഗമായി അംഗീകരിച്ച വനഭൂമി വിതരണം ചെയ്തിട്ടില്ല.

(ഡി) വനാവകാശ നിയമപ്രകാരം വയനാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്; ഇതിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; താലൂക്ക് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

വനാവകാശ നിയമപ്രകാരം വയനാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയുടെ താലൂക്ക് തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്:

| ഡിവിഷൻ | താലൂക്ക് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| സൗത്ത് വയനാട് | വൈത്തിരി | 409.0508 |
| | സുൽത്താൻ ബത്തേരി | 361.4827 |
| നോർത്ത് വയനാട് | മാനന്തവാടി | 235.4325 |
| ആകെ | | 1005.966 |
| വയനാട് വൈൽഡ് ലൈഫ് | മാനന്തവാടി | 79.56 |
| | സുൽത്താൻ ബത്തേരി | 395.150738 |
| ആകെ | | 474.710738 |

**കർഷകർ കൈവശം വച്ചിട്ടുള്ള ഭൂമി**

117(845) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ.(കൈ)നമ്പർ 261/20/റവ. ഉത്തരവ് പ്രകാരം ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ W.P. (C) No. 18678/ 2020 നമ്പർ കേസ്സിൽ, നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ 8-7-2020-ന് പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. “that the conditions imposed in the patta are not intended to be altered, we are of the prima facie view that the Government should not permit the assignees to cut trees other than sandalwood by altering the conditions in the patta’ ടി ഉത്തരവിൽ റവന്യൂ വകുപ്പിന്റെ 11-3-2020-ലെ പരിപത്രം നടപ്പിലാക്കുന്നത് രണ്ടാഴ്ചത്തേക്ക് സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്ന്, ഇതേ കേസിൽ 21-8-2020-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്രകാരമാണ് ഉത്തരവായിട്ടുള്ളത്. “Viewed from

that angle, we are inclined to modify the interim order of stay to the extent that, whenever the assignees have obtained cutting passes or permission from the competent authorities, they are entitled to cut and remove the trees, subject to the conditions imposed in the said order. While doing so, authorities are directed to ensure that there is no violation of law. Authorities are further directed to ascertain the genuineness of pattas issued, on the basis of which, the farmers claim possession. Private respondents are also bound to ensure that the conditions contained in the patta are followed". ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ WP (C) No.23243/2020 (E) of 2020-നമ്പർ കേസിൽ പുറപ്പെടുവിച്ച 15-12-2020-ലെ ഉത്തരവിൽ, ഡിവിഷൻ ബെഞ്ചിന്റെ WP (C) No.13678/2020-ലെ 21-8-2020 തീയതിയായ ഉത്തരവ് പരാമർശിച്ചുകൊണ്ട് ഇപ്രകാരം ഉത്തരവായിട്ടുണ്ട്. "The Government orders/circulars or even the interim order passed by this Court would not help the petitioners as none of those orders relate to patta granted under 1993 Rules. It is also pertinent to note that even in the order Ext.P7 passed in W.P.(C)No. 13678/20 on 21-8-2020, the Division Bench has, while modifying the stay order, directed the authorities to ascertain the genuiness of the pattas issued, based on which the farmers claim possession and the private respondents would be bound to ensure that the conditions contained in the patta are followed.....At any rate, the petitioners cannot have a case that are not bound by the Special Rules 1993. The State Government which got approval for those rules from the Central Government based on the undertaking to preserve the status of reserve forest cannot dilute the said undertaking by issuing circulars and orders like Exts.P6 or P10" ടി ഉത്തരവിലെ Ext.P10 എന്നത് 24-10-2020-ലെ സ.ഉ. (കൈ)നമ്പർ 261/2020/റവ. സർക്കാർ ഉത്തരവാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ടി ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ ഫുഡ് പ്രൊഡക്ഷൻ ഏരിയായിലെ, കർഷകർ നട്ടുവളർത്തിയ, മരങ്ങൾ മുറിക്കുന്നതിന് പട്ടയത്തിലെ കണ്ടീഷനുകൾ ബാധകമാണ്. ഫുഡ് പ്രൊഡക്ഷൻ ഏരിയായിൽ പട്ടയങ്ങൾ ലഭ്യമായിട്ടുള്ള ഭൂമികളിലെ തേക്ക്, ഈട്ടി, ചന്ദനം, എബണി എന്നിവ ഒഴികെയുള്ള, കർഷകർ നട്ടുവളർത്തിയിട്ടുള്ള, മരങ്ങൾ മുറിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഇല്ലാത്തതാണ്.

(ബി) സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ മരം മുറിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ

നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്നതും പൊതുസ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നതുമായ മരങ്ങൾ മുറിക്കുന്നതിന്റെ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അതത് റീജിയണിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പരിശോധിച്ച്, ട്രീ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി, മരം മുറിക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു.

(സി) കാട്ടുപന്നികളെ വെർമിൻ ഗണത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

കാട്ടുപന്നികളെ ശല്യ വനജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 11(1) (b) വകുപ്പ് പ്രകാരം, ഇക്കാര്യത്തിൽ സംസ്ഥാനം തന്നെ നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ മടക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, 21-12-2020-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെ ടി തീരുമാനം പുന:പരിശോധിക്കുന്നതിനായി കത്തയയ്ക്കാൻ തീരുമാനിക്കുകയും അപ്രകാരം കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 1-1-1977-നു മുൻപ് കർഷകർ കൈവശം വച്ചിട്ടുള്ള ഭൂമി, ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടി അതിർത്തി നിശ്ചയിച്ചിട്ടുള്ളതിനാൽ, ജണ്ടക്ക് പുറത്തുള്ള കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

1-1-1977-ന് മുമ്പ് മുതൽ കർഷകർ കൈവശം വച്ചിരിക്കുന്ന വനഭൂമിക്ക് 1980-ലെ ക്രേന്ദ വന (സംരക്ഷണ) നിയമപ്രകാരം, കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് ശേഷം മാത്രമേ പട്ടയങ്ങൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ. ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടി അതിർത്തി തിരിച്ചാലും, ടി സ്ഥലങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് മുമ്പായി പട്ടയങ്ങൾ നൽകുന്നതിന് വനം വകുപ്പിന് തടസ്സങ്ങളുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നമ്പർ 2116/2000-ലെ 30-3-2009-ലെ വിധിയിലും, ഭാവിയിൽ വനഭൂമി പതിച്ചു നൽകുന്നത് കേന്ദ്രസർക്കാരിന്റെ 1980-ലെ വന (സംരക്ഷണ) നിയമത്തിന്റെ കീഴിലെ അനുമതിയ്ക്ക് വിധേയമായി മാത്രമേ ചെയ്യാവൂ എന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വനവിസ്തൃതി

118(846) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം വനവിസ്തൃതി എത്രയാണെന്ന് അറിയിക്കുമോ?

2017-18 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ മൊത്തം വനവിസ്തൃതി 11521 .813 ച.കി.മീറ്ററാണ്.

(ബി) വനവിസ്തൃതി വർദ്ധിപ്പിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്,കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ KIIFB യുടെ കീഴിലും വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് വനവിസ്തൃതിയിലുണ്ടായ വർദ്ധന കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2015-16-ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു പ്രകാരം 31-3-2016 തീയതിയിലെ കേരളത്തിലെ വനവിസ്തൃതി 11309.4754 ചതുരശ്ര കിലോമീറ്ററാണ്. ഈ സർക്കാരിന്റെ കാലത്ത് വനവിസ്തൃതിയിലുണ്ടായ വർദ്ധന

കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | വനവിസ്തൃതി (ച.കി.മീറ്റർ) | വനവിസ്തൃതിയിലുണ്ടായ വർദ്ധനവ് |
|---|---|---|
| 2016-17 | 11524.411 | 214.9356 (വർദ്ധനവ്) |
| 2017-18 | 11521.813 | 2.598 (കുറവ്) |

1-4-2016 മുതൽ 31-032018 വരെയുള്ള 2 വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 212.3376 ചതുരശ്ര കിലോമീറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർ വർഷങ്ങളിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ മാത്രമേ ടി വർഷങ്ങളിലെ വനവിസ്തൃതിയുടെ വ്യക്തമായ കണക്ക് പറയുവാൻ കഴിയുകയുള്ളൂ.

**പമ്പാ-ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ**

119(847) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പമ്പാ-ത്രിവേണിയിൽ 2018-ലെ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ രണ്ടു വർഷത്തോളം നീക്കാതെ പൊടുന്നനെ ദുരന്തനിവാരണ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ഒരു സ്വകാര്യകമ്പനിക്ക് കൈമാറാനുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ ഉത്തരവിൽ എന്തെങ്കിലും അന്വേഷണം വനം വകുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ, ദുരന്തനിവാരണ നിയമം സെക്ഷൻ 34 (d) പ്രകാരം പൊതുമേഖല സംരഭമായ KCCPL (കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്റ്റ് ലിമിറ്റഡ്) കണ്ണൂർ എന്ന സ്ഥാപനത്തിനാണ് പമ്പാ നദിയിലടിഞ്ഞുകൂടിയ " debris" നീക്കം ചെയ്യാൻ അനുവാദം നൽകിയത്. ദുരന്തനിവാരണ നിയമപ്രകാരം ജില്ലാ ഭരണത്തലവൻ പുറപ്പെടുവിച്ച ഉത്തരവായതിനാൽ ആയതിൽ വനം വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ, 30-5-2020 തീയതിയിൽ വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ദേശീയ ഹരിതട്രൈബ്യൂണൽ സ്വമേധയാ കേസെടുക്കുകയും ബഹുമാനപ്പെട്ട ട്രൈബ്യൂണലിന്റെ 2-6-2020 തീയതിയിലെ

ഉത്തരവിൽ ഒരു ജോയിന്റ് കമ്മിറ്റിയെ അന്വേഷണത്തിനായി നിയോഗിക്കുകയും, ടി കമ്മിറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി)പത്തനംതിട്ട ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവ് വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

No.C2/47/2020/F&WLD 2-6-2020 തീയതിയിലെ സർക്കാർ കത്ത് പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ ഉത്തരവിനെ സാധൂകരിക്കുകയും, ദുരന്ത നിവാരണത്തിനായി നദീ തടത്തിൽ നിന്നും നീക്കം ചെയ്യുന്ന 'മണലോ' 'ഡെബ്രിസോ' വനത്തിനുള്ളിൽത്തന്നെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിക്ഷേപിക്കണമെന്നും, വനത്തിനുപുറത്ത് കൊണ്ടു പോകണമെങ്കിൽ വന (സംരക്ഷണ) നിയമം, 1980 പ്രകാരമുള്ള അനുമതി ലഭ്യമാക്കിയ ശേഷമേ ആകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലം വനം വകുപ്പിന്റെ അധീനതയിലുള്ളതാണോ; ആണെങ്കിൽ വനം വകുപ്പിന്റെ അധീനതയിലുള്ള മണൽ വനം വകുപ്പിന്റെ അറിവില്ലാതെ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ഒരു സ്വകാര്യകമ്പനിക്ക് കൈമാറിയ നടപടി അഴിമതി നടത്താനുള്ള നീക്കമായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മണൽ നീക്കം ചെയ്ത സ്ഥലം വനം വകുപ്പിന്റേതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമനായ ജില്ലാ കളക്ടർ ദുരന്ത നിവാരണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ദുരന്തങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി പമ്പ ത്രിവേണിയിൽ നിന്നും മണൽ നീക്കം ചെയ്ത് മറ്റൊരു സ്ഥലത്ത് നിക്ഷേപിച്ച നടപടി നിയമപരമായി നിലനിൽക്കുന്നതാണെന്ന് കാണുന്നു. പത്രവാർത്തകളിൽ അല്ലാതെ മറ്റ് ആക്ഷേപങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദേവികുളം ഡി.എഫ്.ഒ.- യുടെ അധികാര പരിധിയിലുള്ള മേഖലകളിലെ വനഭൂമി കയ്യേറ്റം

120(848) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ദേവികുളം ഡി.എഫ്.ഒ.-യുടെ അധികാര പരിധിയിലുള്ള മേഖലകളിൽ വനഭൂമി കയ്യേറിയതിനെതിരെ എടുത്തിട്ടുള്ള കേസുകൾ എത്രയാണെന്നും, അവ ഓരോന്നും ഏതൊക്കെ വ്യക്തികൾ/സ്ഥാപനങ്ങൾക്ക് എതിരെയാണെന്നും വ്യക്തമാക്കാമോ?

24 കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരങ്ങളും കയ്യേറിയ വനഭൂമിയുടെ വിവരങ്ങളും നിയമ നടപടികളുടെ നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കേസുകളിൽ ഓരോന്നിലും കയ്യേറിയ ഭൂമി ഏതൊക്കെയാണെന്നും, കയ്യേറിയ ഭൂമിയുടെ അളവും വ്യക്തമാക്കാമോ?

24 കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരങ്ങളും കയ്യേറിയ വനഭൂമിയുടെ വിവരങ്ങളും നിയമ നടപടികളുടെ നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത കേസുകളിൽ ഓരോന്നിലേയും നിയമ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

24 കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരങ്ങളും കയ്യേറിയ വനഭൂമിയുടെ വിവരങ്ങളും നിയമ നടപടികളുടെ നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*.

**മണിയാറൻകുടി - ഉടുമ്പന്നൂർ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണം**

121(849) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, തൊടുപുഴ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ വനമേഖലയിൽക്കൂടിയുള്ള ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിന് ആദ്യഘട്ടമായി ഒരു കോടി രൂപ അനുവദിച്ച പ്രവൃത്തിയുടെ രണ്ടാംഘട്ട നിർമ്മാണത്തിനായി എം.എൽ.എ. എ.ഡി.എസ്-ൽ നിന്നും അനുവദിച്ചിട്ടുള്ള ഒരു കോടി രൂപ വിനിയോഗിക്കുന്നതിന് എന്തെങ്കിലും സാങ്കേതികതടസ്സം നിലനിൽക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന റോഡ് നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു: വനഭൂമിയിലൂടെ കടന്നു പോകുന്നതും 19 കി.മി ദൂരവുമുള്ള മണിയാറൻകടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണം, ബഹുമാനപ്പെട്ട ഇടുക്കി എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ഉപയോഗിച്ച്, 1980- ലെ കേന്ദ്ര വന (സംരക്ഷണ) നിയമം അനുശാസിക്കും വിധം കേന്ദ്ര സർക്കാർ അനുമതിയോടെ, വകുപ്പുതല നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്; കോതമംഗലം എഫ്.ഡി.എ. മുഖേന നടപ്പിലാക്കുവാൻ ജി.ഒ. (ആർ.ററി.) നമ്പർ 98/2016/F&WLD തീയതി 3-3-2016, ജി.ഒ (ആർ.റ്റി) നമ്പർ 412/2017/ F&WLD തീയതി 28-10-2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഉത്തരവായിരുന്നു. 25-5-2017-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി റോഡ്, കോൺക്രീറ്റ്/ഇന്റർലോക്കിംഗ് ബ്രിക്സ് ഉപയോഗിച്ച് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കോതമംഗലം എഫ്.ഡി.എ.യുടെ മേൽനോട്ടത്തിൽ ടി പ്രവൃത്തി നടപ്പിലാക്കുവാൻ 11-6-2018-ലെ എഫ്.ഡി.എ. ജനറൽ ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിലെ അനന്തര നടപടിയ്ക്കായുള്ള വിവര ശേഖരണത്തിൽ, ടി റോഡ് 1980-ന് മുൻപ് നിർമ്മിച്ചിട്ടുള്ളതാണെന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്നും ലഭ്യമാക്കിയതിൽ, 3050 മീറ്റർ ദൂരം സംബന്ധിച്ച വിശദാംശങ്ങളെ പഞ്ചായത്ത് നൽകിയിരുന്നുള്ളൂ. അപ്രകാരം 1980-ന് മുൻപേ നിലവിലുള്ളതെന്ന് ബോധ്യം വന്ന 3050 മീറ്റർ ദൂരം റോഡ്, 3 മീറ്റർ വീതിയിൽ, പുനരുദ്ധാരണ പ്രവൃത്തികൾ എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് അനുവാദം നൽകി. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഡി.എഫ്.ഒ. യുടെയും കോതമംഗലം എഫ്.ഡി.എ.യുടെയും പ്രത്യേക ജോയിന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് 1748 മീറ്റർ ദൂരം എഫ്.ഡി.എ.യുടെ മേൽനോട്ടത്തിൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത സ്ഥാപനം മുഖേന 2019 വർഷത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. ടി ഇനത്തിൽ ആകെ 99,93,967 രൂപ ചെലവായിട്ടുണ്ട്. അനുമതി നൽകിയ 3050 മീറ്റർ ദൂരത്തിൽ 1302 മീറ്റർ ദൂരം ഇനി പുനരുദ്ധാരണ പ്രവൃത്തി നടത്തുവാൻ ബാക്കിയുണ്ട്. ടി റോഡിലെ ദുർഘടവും കയറ്റിറക്കവുമുള്ള ഭാഗങ്ങൾ നിലവിൽ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗങ്ങൾ നിരപ്പായിട്ടുള്ളതും സഞ്ചാരയോഗ്യവുമാണ്. ആയതിനാൽ വനസംരക്ഷണത്തിന് പ്രയോജകീഭവിക്കുന്ന ജോലി അല്ലാത്തതിനാൽ ബാക്കി ദൂരം പുനരുദ്ധാരണം നടത്താൻ അനുമതി നൽകാൻ നിർവ്വാഹമില്ല.. മേൽ റോഡ് കടന്നുപോകുന്ന 19 കി.മീ. ദൂരം ധാരാളം വന്യജീവി സാന്നിദ്ധ്യമുള്ള നിബിഡമായ വനമേഖലകളിലൂടെ കടന്നു പോകുന്നതാണ്. ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർവ്വേ അനുമതിക്കായി ജില്ലാ പഞ്ചായത്ത് യൂസർ ഏജൻസിയായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ അന്വേഷണം ബന്ധപ്പെട്ട ഹൈറേഞ്ച് സർക്കിൾ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയതിൽ വന്യജീവി സാന്നിദ്ധ്യമുള്ള നിബിഡമായ വനമേഖലകളിലൂടെ കടന്നു പോകുന്നതിനാൽ റോഡ് പുനരുദ്ധരിക്കുന്നതു വഴി വന്യജീവികൾക്ക് ഹാനി ഉണ്ടാകാവുന്നതും മനുഷ്യ- വന്യജീവി സംഘർഷം ഏറെ കൂടാനും തദ്വാര ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യത ഉള്ളതായും, കൂടാതെ, ടി റോഡ് പ്രയോജകീഭവിക്കുവാൻ സാദ്ധ്യതയുള്ള ആളുകൾക്ക് മുഴുവൻ മറ്റ് സഞ്ചാര മാർഗ്ഗങ്ങൾ നിലവിലുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മക്കുവള്ളി, മനയത്തടം, കൈതപ്പാറ എന്നീ ആദിവാസിയേതര സെറ്റിൽമെന്റുകളെ ബന്ധിപ്പിക്കുന്നതും ദൂരം കുറവുള്ളതും കുറവ് വനഭൂമി ഉപയോഗിക്കുന്നതുമായ ചേലച്ചുവട് കഞ്ഞിക്കുഴി- മക്കുവള്ളി -മനയത്തടം കൈതപ്പാറ റോഡാണ് തദ്ദേശവാസികൾക്ക് കൂടുതൽ പ്രയോജനപ്രദമായിട്ടുള്ളത്. കൂടാതെ, ഉടുമ്പന്നൂർ, ചെറുതോണി എന്നീ രണ്ട് ജനവാസമേഖലകളെ ബന്ധിപ്പിച്ച് കുളമാവ് വരെയും കീരിപ്ലാവ് വഴിയും നിലവിൽ സംസ്ഥാന പാതകൾ നിലവിലുള്ളപ്പോൾ സെറ്റിൽമെന്റുമായി യാതൊരു ബന്ധവുമില്ലാത്ത വാഹന ട്രാഫിക് ഈ വനമേഖല വഴി തിരിച്ച് വിടാൻ മേൽ റോഡ് ഇടയാക്കും. ഇത് സംബന്ധിച്ച് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം മുഖാന്തരം വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്. റോഡിന്റെ വികസനം വലിയ തോതിൽ ആൾ സഞ്ചാരവും വാണിജ്യ ടൂറിസവും വർദ്ധിപ്പിച്ച് വനമേഖലയ്ക്ക് ഗുരുതരമായ ഭവിഷ്യത്തുക്കൾ ഉണ്ടാക്കുന്നതാണ്. കുടാതെ, ആനസഞ്ചാരം ധാരാളമുള്ള മേഖലയായതിനാൽ സമ്പന്നമായ ആനത്താരയുടെ ഭാഗവും ആണ്. ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് റോഡ് പുനരുദ്ധാരണത്തിൽ ബാക്കി നില്ക്കുന്ന 1302 മീറ്റർ ദൂരത്തിനും തുടരനുമതി നല്കുന്നത് അഭികാമ്യമല്ലെന്ന് കാണുന്നു.

### മണിയാർ-കട്ടച്ചിറ, തണ്ണിത്തോട്-മണ്ണീറ റോഡ് നിർമ്മാണം

122(850) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള മണിയാർ-കട്ടച്ചിറ റോഡ് (ചിറ്റാർ പഞ്ചായത്ത്), തണ്ണിതോട്-മണ്ണീറ റോഡ് (തണ്ണിത്തോട് പഞ്ചായത്ത്) എന്നിവ ബി.എം.ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

1. വനം വകുപ്പിന്റെ അധീനതയിലുള്ള മണിയാർ-കട്ടച്ചിറ റോഡ് നവീകരിക്കുന്നത് സംബന്ധിച്ച് വിശദമായ അടങ്കൽ ലഭ്യമായെങ്കിൽ മാത്രമേ മേൽ റോഡ് ഏതു നിലവാരത്തിലാണ് പുനർനവീകരിക്കേണ്ടതെന്ന് വ്യക്തമാവുകയുള്ളൂ.

2. തണ്ണിത്തോട് പഞ്ചായത്തിൽപ്പെടുന്ന തണ്ണിത്തോട്-മണ്ണീറ റോഡ് മുണ്ടോമൂഴി പാലം മുതൽ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷൻ ക്വാർട്ടേഴ്സ് വരെ ഉദ്ദേശം 1 കി.മീ. ഓളം നീളം വരുന്നതാണ്. ഈ റോഡ് പൂർണ്ണമായും റിസർവ് വനത്തിൽകൂടി കടന്നുപോകുന്നതും കോന്നി, നടുവത്തുമൂഴി റെയിഞ്ചുകളുടെ അധികാര പരിധിയിൽ വരുന്നതുമാണ്. ഈ റോഡിന്റെ അറ്റകുറ്റ പണികൾക്കായി 28-12-2020-ൽ 4406-01-070.99-Roads ബഡ്ജറ്റ് ഹെഡിൽ തുക ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തയ്യാറാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബി.എം.ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്ന കാര്യം വനം വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ബി) അതിന്റെ നടപടിക്രമങ്ങൾ തുടങ്ങിയോ; നിലവിലെ സ്ഥിതി അറിയിക്കുമോ?

1. മണിയാർ-കട്ടച്ചിറ റോഡിന്റെ പുനർനവീകരണവുമായി ബന്ധപ്പെട്ട് വിശദമായ അടങ്കൽ ലഭ്യമായിട്ടില്ല. വിശദമായ അടങ്കൽ ലഭ്യമായെങ്കിൽ മാത്രമേ നിലവിലുള്ള റോഡ് ഏത് രീതിയിലാണ് പുനർനവീകരിക്കേണ്ടതെന്ന് വ്യക്തമാവുകയുള്ളൂ.

2. തണ്ണിത്തോട് - മണ്ണീറ റോഡിന്റെ നപടിക്രമം ആരംഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തയ്യാറാക്കി ടെൻഡർ ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്.

**പമ്പയിലെ പ്രളയാനന്തര മണൽ നീക്കം**

123(851) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാൻ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ഒരു സ്വകാര്യകമ്പനിക്ക് നൽകിയ ഉത്തരവിൻപ്രകാരം സർക്കാരിന് ഭീമമായ നഷ്ടം സംഭവിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ, M/s. കേരള ക്ലേയിസ്

ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ (M/s. KCCPL) എന്ന പൊതുമേഖല സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചത്. സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചത് സംബന്ധിച്ച് പത്രവാർത്തകളിലല്ലാതെ മറ്റ് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നഷ്ടത്തിൽ നീങ്ങുന്ന ഒരു പൊതുമേഖല സ്ഥാപനത്തിന് മണൽ നീക്കാനുള്ള അനുമതി നൽകിയത് ചട്ടങ്ങൾ പാലിച്ചാണോ എന്ന് വിശദമാക്കാമോ?

ദുരന്ത നിവാരണ നിയമം അനുസരിച്ചാണ് ജില്ലാ കളക്ടർ അനുമതി നൽകിയത്.

(സി) ഈ പൊതുമേഖല സ്ഥാപനം സമാനരീതിയിൽ മണൽ നീക്കം ചെയ്ത അവസരങ്ങളിൽ ആരോപണങ്ങൾ നേരിട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

അപ്രകാരമുള്ള ആരോപണങ്ങളൊന്നും വനംവകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഈ പൊതുമേഖല സ്ഥാപനം മണൽ നീക്കം ചെയ്യാനുള്ള ജോലി ഒരു സ്വകാര്യകമ്പനിക്ക് നൽകിയത് നിയമാനുസൃതമാണോ?

ദുരന്ത നിവാരണ നിയമം അനുസരിച്ച് ദുരന്തങ്ങൾ ഒഴിവാക്കുന്നതിലേക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ, പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് M/s. കേരള ക്ലേയിസ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ (M/s. KCCPL) എന്ന പൊതുമേഖല സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചത്.

(ഇ) വിരമിക്കുന്നതിനു തൊട്ടുമുൻപ് ചീഫ് സെക്രട്ടറി അടക്കം ഹെലികോപ്റ്റർ യാത്ര നടത്തി പൊതുമേഖല സ്ഥാപനത്തിന് അനധികൃതമായി മണൽ നൽകാൻ ഒത്തുകളിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രതീക്ഷിത മൺസൂൺ കാലത്ത് പമ്പ പരിസരത്ത് സ്വീകരിക്കേണ്ട മുൻ കരുതലുകൾ വിലയിരുത്തുന്നതിലേക്കായിട്ടാണ് മുൻ ചീഫ് സെക്രട്ടറി ഉൾപ്പെടെ അപ്രകാരം ഒരു യാത്ര നടത്തിയത്.

**കാട്ടുതീ തടയുന്നതിന് നടപടി**

124(852) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീമൂലം വനമേഖല കത്തിനശിച്ച് വർഷംതോറും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടം ഉണ്ടാകുന്നുണ്ടോ?

സംസ്ഥാനത്ത് കാട്ടുതീമൂലം ഉണങ്ങിയ പുൽമേടുകളും അടിക്കാടുകളുമാണ് സാധാരണയായി കത്തി നശിക്കാറുള്ളത്. തുടർന്ന് വരുന്ന കാലവർഷത്തിൽ ടി മേഖലയിൽ വീണ്ടും പുല്ലുകൾ ഉൾപ്പെടെ കിളിർത്ത് പൂർവ്വ സ്ഥിതിയിൽ ആകുന്നതിനാൽ വനത്തിനോ വന്യജീവികൾക്കോ ഗണ്യമായ നാശനഷ്ടങ്ങളൊന്നും സംഭവിക്കുന്നില്ല.

(ബി) 2016-ന് ശേഷം സംസ്ഥാനത്ത് എത്ര കാട്ടുതീ കേസുകൾ ഉണ്ടായെന്നും അതിൽ എത്ര ഹെക്ടർ വനം നശിച്ചുവെന്നും വ്യക്തമാക്കുമോ?

2016 - നുശേഷം സംസ്ഥാനത്ത് 2032 സംഭവങ്ങളിലായി 6778.64 ഹെക്ടർ സ്ഥലത്ത് കാട്ടുതീ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. *

(സി) കാട്ടുതീ തടയുന്നതിന് വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണ്; ആധുനിക ഉപകരണങ്ങൾ വനംവകുപ്പിന് ലഭ്യമാണോ; ഇല്ലെങ്കിൽ അത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാട്ടുതീ തടയുന്നതിന് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

## വനവിസ്തൃതിയിൽ വർദ്ധന

125(853) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള തലത്തിൽ വനനശീകരണം പ്രകൃതിക്ക് കനത്ത ദോഷം ഏല്പിച്ചുകൊണ്ട് വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

സാധിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ 10 വർഷത്തിനിടെ സംസ്ഥാനത്ത് വനവിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന വിശദമാക്കുമോ; അതിൽ അതിനിബിഡവന, നിബിഡവനമേഖലയിൽ ഉണ്ടായ വർദ്ധനവ് എത്രയാണ്?

വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൾ പ്രകാരം 2007-08 വർഷത്തിൽ 11,033.3877 ച.കി.മീറ്റർ, 2008-09 വർഷത്തിൽ 11,309.4754 ച.കി.മീറ്റർ, 2009-10 വർഷത്തിൽ 11,242.0384 ച.കി.മീറ്റർ എന്നിങ്ങനെയാണ് സംസ്ഥാനത്തിന്റെ വനവിസ്തൃതി. 2017-18 വർഷം വരെയുള്ള അഡ്മിനിസ്ട്രേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ടാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. 2017-18-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11,521.813 ച.കി.മീറ്ററാണ്. 2017-18-ലെ സംസ്ഥാനത്തിന്റെ വനവിസ്തൃതി 10 വർഷം മുമ്പായ 2007-08-ലെ വനവിസ്തൃതിയെക്കാൾ 488.4253 ച.കി.മീറ്റർ കൂടുതലുണ്ട്. തുടർ വർഷങ്ങളിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ മാത്രമേ ടി വർഷങ്ങളിലെ വനവിസ്തൃതിയുടെ വ്യക്തമായ കണക്ക് പറയുവാൻ കഴിയുകയുള്ളൂ. 2007-ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of Forest Report (ISFR) പ്രകാരം സംസ്ഥാനത്ത് 1443 ച.കി.മീ അതിനിബിഡവനവും 9410 ച.കി.മീ നിബിഡ വനവുമാണ്. 2017 ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് 1663 ച.കി.മീ അതിനിബിഡ വനവും, 9407 ച.കി.മീ നിബിഡ വനവുമാണ്. ആയതിൻ പ്രകാരം അതിനിബിഡവനത്തിൽ 200 ച.കി.മീറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുള്ളതും നിബിഡ വനത്തിൽ 3 ച.കി.മീറ്ററിന്റെ കുറവ് ഉണ്ടായിട്ടുള്ളതുമാണ്.

(സി) വനവിസ്തൃതി ഇനിയും കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് വിശദമാക്കാമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിൻറെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്,കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## മറയൂരിലെ ചന്ദനമോഷണം

126(854) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിൽ ചന്ദനമോഷണംമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത്?

മറയൂരിൽ ചന്ദന മോഷണംമൂലം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 6.43 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) മറയൂരിൽ ചന്ദനമോഷണങ്ങളുടെ എണ്ണം കുറച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉണ്ട്. മറയൂരിൽ ചന്ദനമോഷണങ്ങളുടെ എണ്ണം നിയന്ത്രണത്തിൽ നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ മുറിച്ച മരങ്ങളുടേയും, രജിസ്റ്റർ ചെയ്ത കേസുകളുടേയും എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.* മറയൂരിലെ ചന്ദന റിസർവ്വിന് ചുറ്റും വേലികൾ സ്ഥാപിച്ചിട്ടുള്ളതും ബ്ലോക്കുകളായി തിരിച്ച് സംരക്ഷണ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ രാത്രികാല പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുള്ളതും, കൂടുതൽ ഫീൽഡ് ജീവനക്കാരെയും, ദിവസവേതന വാച്ചർമാരെയും നിയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. കേസുകൾ യഥാവിധി കോടതിയിൽ ചാർജ്ജ് ചെയ്ത് കുറ്റവാളികൾക്ക് നിയമാനുസൃതമുള്ള കടുത്ത ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) മോഷണം കണ്ടെത്തുന്നതിന് ചന്ദനവനത്തിൽ സെൻസറുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി യു.എൻ.ഡി.പി.യുടെ സഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ടി പദ്ധതി നിർവഹണത്തിനായി UNDP - യിൽ നിന്നും 2.40 ലക്ഷം രൂപ, 23-12-2019- ൽ, ആദ്യഗഡുവായും 3.60 ലക്ഷം രൂപ, 23-10-2020-ൽ, രണ്ടാം ഗഡുവായും ലഭിച്ചിട്ടുണ്ട്. ടി ലഭിച്ച സഹായത്തിന്റെ അടിസ്ഥാനത്തിൽ ചന്ദന വനത്തിൽ സെൻസറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വനമേഖലയുടെ നിലവാരം**

127(855) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയുടെ നിലവാരം വർഷംതോറും കുറയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ?

1980-ലെ കേന്ദ്ര വന(സംരക്ഷണ) നിയമം നിലവിൽ വന്നതിനെ ത്തുടർന്ന് സംസ്ഥാനത്തെ വനമേഖലയുടെ നിലവാരം വർഷംതോറും കുറയുന്ന സാഹചര്യം പൊതുവെ നിലവിലില്ല. എന്നാൽ 1993 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ക്യാപ്റ്റീവ് പ്ലാന്റേഷൻ ഉണ്ടാക്കുന്നതിനായി 4277.395 ഹെക്ടർ വനഭൂമി പാട്ടത്തിൽ നൽകിയിട്ടുള്ളതും, ടി പ്രദേശങ്ങളിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശീയ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചതുമൂലം ടി വനമേഖലയുടെ നിലവാരം കുറയുന്ന സ്ഥിതി ഉണ്ടായി. അതുപോലെ തന്നെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് തുടങ്ങിയ വ്യാവസായിക സ്ഥാപനങ്ങൾക്കായി വനം വകുപ്പും ഇപ്രകാരമുള്ള വിദേശീയ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിച്ചു വന്നിരുന്നു. കേരളത്തിലെ വനങ്ങളിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നിവയുടെ തോട്ടങ്ങൾ ഉദ്ദേശം 19500 ഹെക്ടർ നിലവിലുണ്ട്. ഇപ്രകാരമുള്ള വിദേശീയ മരങ്ങളുടെ തോട്ടങ്ങൾ നട്ടുപരിപാലിച്ചു വന്നതിൽ പ്രസ്തുത കാലയളവിൽ വനമേഖലയുടെ നിലവാരം കുറയുവാൻ ഇടയാക്കിയിട്ടുണ്ട്.

(ബി) വനമേഖലയുടെ വലിയ ഒരു ഭാഗം പാട്ടത്തിന് നൽകി അവിടെ സ്വാഭാവികവനം നശിപ്പിച്ച് അക്കേഷ്യ, സിൽവർ ഓക്ക്, യൂക്കാലി, തേക്ക് തുടങ്ങിയവ വച്ച് പിടിപ്പിക്കുന്നത് വനമേഖലയുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കിയിട്ടില്ലേയെന്നറിയ്ക്കുമോ?

വന മേഖല പാട്ടത്തിനു നൽകിയതും ഏകവിള തോട്ടങ്ങൾ ഉണ്ടാക്കിയതും വനമേഖലയുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് ക്യാപ്റ്റീവ് പ്ലാന്റേഷനായി പാട്ടത്തിന് നൽകിയ 4277.395 ഹെക്ടർ ഭൂമിയും 1-4-2020 നോ അതിന് മുമ്പോ ആയി തിരിച്ചെടുത്തിട്ടുള്ളതാണ്. ആയതിൽ 3035.1465 ഹെക്ടർ ഭൂമി തിരിച്ചെടുത്തിരിക്കുന്നത് 1-4-2020 ലാണ്. വനം വകുപ്പ് വാറ്റിൽ നടുന്നത് 1992 മുതലും അക്കേഷ്യയും, മാഞ്ചിയവും നടുന്നത് 2018 മുതലും, യൂക്കാലിപ്റ്റസ് നടുന്നത്

2019 മുതലും നിർത്തലാക്കിയിട്ടുള്ളതാണ്. സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി വനമേഖലയിലെ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഇനം മരങ്ങൾ മുറിച്ച് മാറ്റി തദ്ദേശീയ മരതൈകൾ നട്ടുപിടിപ്പിച്ച് ടി പ്രദേശത്തെ സ്വാഭാവിക വനത്തിന്റെ അവസ്ഥയിലേയ്ക്ക് കൊണ്ടുവരുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് ഘട്ടം ഘട്ടമായി പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമി, ഏതൊക്കെ കമ്പനികൾക്ക് ഇത്തരത്തിൽ പാട്ടത്തിന് നൽകിയിട്ടുണ്ടെന്നറിയുമോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമി 56412.27 ഹെക്ടറാണ്. പാട്ടത്തിന് നൽകിയ വനഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തേക്കടി ആനവച്ചാൽ ചെക്ക് ഡാമും തോട്ടും പുനരുദ്ധാരണം**

128(856) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തേക്കടി ആനവച്ചാൽ ചെക്ക് ഡാമും തോട്ടും മണ്ണടിഞ്ഞ് നികന്നു പോയതിനെത്തുടർന്ന് കുമളി ടൗണിലും പരിസര ജനവാസ മേഖലയിലും മഴക്കാലങ്ങളിൽ വെള്ളക്കെട്ടുണ്ടായി നിരവധി ദിവസങ്ങളോളം ജനജീവിതം സ്തംഭിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തേക്കടി ആനവച്ചാൽ ചെക്ക്ഡാമും തോട്ടും മണ്ണിടിഞ്ഞ് നികന്നുപോയതിനെത്തുടർന്ന് കുമളി ടൗണിലും പരിസര ജനവാസ മേഖലയിലും മഴക്കാലങ്ങളിൽ വെള്ളക്കെട്ടുണ്ടായി നിരവധി ദിവസങ്ങളോളം ജനജിവിതം സ്തംഭിച്ചിട്ടില്ല. കുമിളിയിലെ വിവിധ ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ, അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മലിനജലവും പ്ലാസ്റ്റിക്ക് മാലിന്യങ്ങളുംകൊണ്ട് മലിനമായ ആനവച്ചാൽ തോടിന്റെ പുനർജ്ജീവനത്തിനായി പുനർജ്ജനി എന്ന പരിപാടി കുമളി ഗ്രാമപഞ്ചായത്ത്, ഹരിതകേരള മിഷൻ, റ്റി.ഡി.പി.സി. (Tourism Development & Promotion Council), എസ്.എച്ച്.ജി (Self Help Group), ശാസ്ത്രസാഹിത്യ പരിക്ഷത്ത്, ക്ലീൻ കുമളി, ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുമളിയിലെ മറ്റ് സന്നദ്ധ സംഘടനകൾ ഉൾപ്പെടെ 650-ഓളം വരുന്ന സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി പെരിയാർ കുടുവ സങ്കേതത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വനമേഖലയിൽ വേനൽക്കാലത്തെ നേരിടാനുള്ള മുന്നൊരുക്കങ്ങൾ**

129(857) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുഹമ്മദ് മുഹസിൻ. പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന വേനൽക്കാലത്തെ നേരിടുന്നതിന് വനമേഖലയിൽ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

വനമേഖലയിൽ കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പങ്കാളിത്ത പരിപാലനരീതിയിൽ ഫയർ പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചും ഇ.ഡി.സി.-കളെ ജാഗരൂഗരാക്കിയും അഗ്നിപ്രതിരോധ നിരകൾ തീർത്തും, ഫയർ ഗ്യാങ്ങുകൾ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി, സ്വാഭാവിക കുളങ്ങളും നിർമ്മിച്ചിട്ടുള്ള കുളങ്ങളും തടയണകളും ചെളികോരി വൃത്തിയാക്കുന്നുണ്ട്. കൂടാതെ, അംഗീകൃത ഫയർ പ്ലാൻ പ്രകാരം ഫയർ ലൈൻ പ്രവൃത്തി ചെയ്യുകയും വനമേഖലയെ ബ്ലോക്കുകളാക്കി തിരിച്ച്, പ്രത്യേകം വാച്ചർമാരെ നിയോഗിക്കുകയും, തീപിടിത്ത സാധ്യതയുള്ള വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കൺട്രോൾ / ഏർളി ബേണിംഗ് എന്നിവയും നടത്തിയിട്ടുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരം അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം രൂപീകരിക്കുകയും ജീവനക്കാരുടെ മൊബൈൽ നമ്പർ എഫ്.എസ്.ഐ. രജിസ്ട്രേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസ്, ഫയർഫോഴ്സ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ക്രൈസിസ് മാനേജ്മെന്റ് ടീം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സെക്ഷൻ /സ്റ്റേഷൻ/ റെയിഞ്ച് /ഡിവിഷൻ / സർക്കിൾ തലത്തിൽ ഫയർ കൺട്രോൾ റൂമുകൾ പ്രത്യേകം സജ്ജമാക്കി പ്രവർത്തിച്ചുവരുന്നുണ്ട്. വന സംരക്ഷണ സമിതികൾ മുഖേന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വനത്തിനകത്തുള്ള കൂപ്പ് റോഡുകൾ, ട്രക്ക് പാത്തുകൾ എന്നിവ അറ്റകുറ്റപണികൾ നടത്തുന്നുണ്ട്. കൂടാതെ ക്യാമ്പുഷെഡ്ഡുകൾ, ഏറുമാടങ്ങൾ എന്നിവ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ബി) ജല ലഭ്യതയും ഭക്ഷണലഭ്യതയും കുറയുന്നതിനാൽ വേനൽക്കാലത്ത് വന്യജീവികൾ കൂടുതലായി നാട്ടിലേക്കിറങ്ങാനുള്ള സാധ്യത കുറയ്ക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

വനമേഖലയിൽ വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വനമേഖലകളിൽ കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകൾ ചെളിനീക്കം ചെയ്ത് വൃത്തിയാക്കിയിട്ടുണ്ട്. ഭക്ഷണ ലഭ്യതക്കായി ധാരാളം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വനമേഖലയിൽ നിന്നും പുറത്ത് കടക്കുന്ന വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിന് സംരക്ഷണ വാച്ചർമാരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ചെക്കുഡാമുകൾ, കുളങ്ങൾ, വയലുകൾ എന്നിവയുടെ നവീകരണം വഴി വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. വന്യജീവികൾ കൂടുതലായി നാട്ടിലിറങ്ങുന്നത് തടയുന്നതിനായി ക്രാഷ് ഗാർഡ് ഫെൻസിങ്ങ്, സൗരോർജ്ജവേലി, കിടങ്ങുകൾ എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. തദ്ദേശവാസികളും ആദിവാസി വിഭാഗത്തിൽപ്പെടുന്നവരും പരിചയ സമ്പന്നരുമായ താൽക്കാലിക വാച്ചർമാരെ നിയോഗിച്ചുണ്ട്.

(സി) വേനൽക്കാലത്ത് കാട്ടുതീ പിടിക്കുന്നത് വ്യാപകമാകാൻ സാധ്യതയുള്ളതിനാൽ അതിനെ നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

വേനൽക്കാലത്ത് കാട്ടുതീ പിടിക്കുന്നത് വ്യാപകമാകാൻ സാധ്യതയുള്ളതിനാൽ അതിനെ നേരിടുന്നതിന് വിപുലമായ മുന്നൊരുക്കങ്ങൾ വനംവകുപ്പ് നടത്തി വരുന്നുണ്ട്. 2020 ജൂൺ മാസത്തോടുകൂടി കഴിഞ്ഞ ഫയർ സീസൺ അവസാനിച്ചപ്പോൾ തന്നെ 2021 വർഷത്തെ ഫയർ സീസണിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. വ്യക്തമായ രീതിയിൽ ഫോറസ്റ്റ് സെക്ഷൻ / ഫോറസ്റ്റ് സ്റ്റേഷൻ/ റെയിഞ്ച്/ ഡിവിഷൻ / സർക്കിൾ തലങ്ങളിൽ ഫയർ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും ചെയതിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുവാനിടയുള്ള മേഖലകളെ Low/ Medium / High എന്നിങ്ങനെ മൂന്നായി തരംതിരിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ആയതയിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. ജനുവരി മാസത്തിൽ പൂർത്തിയാകുന്ന വിധത്തിൽ ഫയർലൈൻ തെളിക്കുകയും, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കൂടാതെ പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി VSS / EDC അംഗങ്ങളെയും വനാശ്രിത സമൂഹത്തെയും ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകൾ ഉണ്ടാക്കുകയും കാട്ടുതീ സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ നിയന്ത്രിത രീതിയിൽ മുൻകൂർ കത്തിക്കൽ എന്നിവയും ചെയ്തുവരുന്നു.

(ഡി) കാട്ടുതീ അണയ്ക്കുന്നതിന് കാട്ടിനുള്ളിൽ കടന്ന് ചെല്ലാവുന്ന ഫയർ റെസ്പോണ്ട് വാഹനങ്ങൾ നിലവിലുണ്ടോ?

കാട്ടുതീ അണയ്ക്കുന്നതിന് കാട്ടിനുള്ളിൽ കടന്ന് ചെല്ലാവുന്ന രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ ഉപയോഗിച്ചുവരുന്നു.

(ഇ) എങ്കിൽ കൂടുതൽ റെസ്പോണ്ട് വാഹനങ്ങൾ കാട്ടുതീ സാധ്യതയുള്ള മേഖലകളിൽ വിന്യസിക്കുമോ; വ്യക്തമാക്കുമോ?

കാട്ടുതീ നിയന്ത്രണവിധേയമാക്കുന്നതിൽ നിലവിലുള്ള മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### വനം, വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

130(858) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ വനം, വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അതിനുവേണ്ടി അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ, ഈ സർക്കാരിന്റെ കാലയളവിൽ, വനം-വന്യജീവി വകുപ്പ് മുഖേന, വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ചുകൊണ്ടുള്ള, വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ, 34.42 ലക്ഷം രൂപ ചെലവിൽ ഹരിത കേരളം പദ്ധതി, ഹരിത കേരള മിഷൻ പദ്ധതി, പച്ചതുരുത്ത് പദ്ധതി, വനമഹോൽസവത്തിന്റെ ഭാഗമായി ആദിവാസി ഊരുകളിൽ വൃക്ഷവൽക്കരണം നടത്തുന്നതിന് വൃക്ഷതൈ വിതരണം തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ ചുവടെ പറയുന്ന പ്രവർത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്:

* ഹരിത കേരളം പദ്ധതിയിലൂടെ എന്റെ മരം, നമ്മുടെ മരം.

* ഹരിത കേരള മിഷൻ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൃക്ഷതൈ വിതരണം.

* പച്ചതുരുത്ത് പദ്ധതിയിലൂടെ 3369 വലിയ കൂടതൈകൾ ഉല്പാദിപ്പിച്ച് വിതരണം.

* വനമഹോൽസവത്തിന്റെ ഭാഗമായി ആദിവാസി ഊരുകളിൽ വൃക്ഷവൽക്കരണം നടത്തുന്നതിന് വൃക്ഷ തൈ വിതരണം. മേൽ പദ്ധതികൾക്കായി 34.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ആയതിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ?

മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുള്ള തൈകൾ നട്ടുപിടിപ്പിച്ചതിന്റെ അതിജീവനശതമാനം സർവ്വേ നടത്തി കണക്കാക്കിയതിൽ, 56.48% വൃക്ഷതൈകൾ അതിജീവിച്ച് വരുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**വനമേഖലകൾക്ക് ചുറ്റും ബഫർ സോൺ സൃഷ്ടിക്കൽ**

131(859) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വനമേഖലകൾക്കും ചുറ്റും ഒരു കി.മീ. ചുറ്റളവിൽ ബഫർ സോൺ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖല (ബഫർ സോൺ) രൂപീകരിക്കുന്നത് വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയല്ല.

(ബി) ഇതിലൂടെ വനവിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

ഇതിലൂടെ വനവിസ്തൃതിയുടെ വർദ്ധനവ് ലക്ഷ്യമാക്കുന്നില്ല.

(സി) മനുഷ്യ വന്യജീവി സംഘട്ടനങ്ങളുടെ പേരിൽ ജനവാസ മേഖല ഉൾപ്പെടെയുള്ള ഭാഗത്തേക്ക് വനവിസ്തൃതി വർദ്ധിപ്പിക്കുന്നത് കാർഷിക മേഖലയ്ക്കും, കർഷകർക്കും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുകയില്ലേ എന്ന് വെളിപ്പെടുത്താമോ?

പാരിസ്ഥിതിക സംവേദക മേഖലയുടെ രൂപീകരണത്തിലൂടെ കാർഷിക മേഖലയ്ക്കും കർഷകർക്കും പ്രതിസന്ധി സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ ഉണ്ടായിട്ടില്ല. പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽ നിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം, വനനശീകരണം തടയൽ എന്നിവയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-9-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദകമേഖല രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/ പൊതു മേഖലസ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ശെന്തുരുണി, പെരിയാർ ടൈഗർ റിസർവ്, ഇടുക്കി, തട്ടേക്കാട്, പീച്ചി-വാഴാനി, ചൂലന്നൂർ, പറമ്പിക്കുളം,സൈലന്റ്‌വാലി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

**പമ്പാ - ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ**

132(860) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ നീക്കുന്നതിന് പത്തനംതിട്ട കളക്ടർ ഇറക്കിയ ഉത്തരവ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിനുശേഷമാണോ; വിശദാംശങ്ങൾ നൽകാമോ?

പത്തനംതിട്ട ജില്ല കളക്ടറുടെ No.DCPTA-455/2018/DM3 തീയതി 30-5-2020 പ്രകാരം പമ്പാ നദിയിലെ മണൽ, ചെളി എന്നിവ നീക്കം ചെയ്യാൻ പുറപ്പെടുവിച്ച ഉത്തരവ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയതിന് ശേഷമല്ല.

(ബി) ജില്ലാ കളക്ടറുടെ പ്രസ്തുത നടപടി 1980-ലെ ഇന്ത്യൻ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റേയും കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ മുൻനിർദ്ദേശത്തിന്റേയും ലംഘനമാണെന്ന് കരുതുന്നുണ്ടോ?

വനത്തിനുള്ളിലെ നദികളിൽനിന്നും ദുരന്ത നിവാരണ നിയമത്തിലെ വകുപ്പുകൾ പ്രകാരം മണൽ, ചെളി, "ഡെബ്രിസ് " എന്നിവ നീക്കം ചെയ്ത് വനത്തിനുള്ളിൽ തന്നെയുള്ള നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാറ്റിയിടുന്നത് നദിയുടെ നീരൊഴുക്ക് തടസ്സമാകാതെ പരിപാലിക്കുന്നതിനും, മറ്റൊരു ദുരന്തം വരാതിരിക്കുവാനുമാണ്. ഇതിലേയ്ക്ക് വന (സംരക്ഷണ) നിയമ പ്രകാരമുള്ള കേന്ദ്രാനുമതി നിർബന്ധമല്ലെന്ന് ഉത്തരാഖണ്ഡ് ഹൈക്കോടതിയുടെ WP (C) No. 93/2015-ാം കേസിൽ വിധി പ്രസ്താവിച്ചിട്ടുള്ളതുമാണ്.

(സി) ഇന്ത്യൻ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980 അനുസരിച്ച് വനവുമായി ബന്ധപ്പെട്ട്, നദി ഉൾപ്പെടെയുള്ള ഏത് കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ അധികാരവും ചുമതലയും വനം വകുപ്പിൽ മാത്രം നിക്ഷിപ്തമാണെന്ന് കരുതുന്നുണ്ടോ; അങ്ങനെയെങ്കിൽ നൂറു കണക്കിന് ലോഡ് മണ്ണ് വനം വകുപ്പിനെ അറിയിക്കാതെ ഒരു സ്വകാര്യ കമ്പനി കടത്തിയിട്ടും അതിൽ അന്വേഷണം നടത്താൻ വനം വകുപ്പ് തയ്യാറാവാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ?

വനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വനം വകുപ്പിൽ നിക്ഷിപ്തമാണ്. ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 72 പ്രകാരം "Overriding effect" ഉള്ളതിനാൽ മറ്റു നിയമത്തിലെ വ്യവസ്ഥകൾക്ക് മുകളിൽ നിയമപരിരക്ഷയുണ്ട്. എന്നിരുന്നാലും, ദുരന്തങ്ങൾ വരാതെ അവയുടെ നിവാരണത്തിനായി വനത്തിനകത്തുള്ള നദികളിലെ മണ്ണ്, ചെളി എന്നിവ നീക്കം ചെയ്യുന്ന പക്ഷം, ആയവ വനത്തിനു പുറത്തു കൊണ്ടു പോകുന്നതിന് ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് പ്രകാരമുള്ള അനുയോജ്യമായ അനുമതി വാങ്ങേണ്ടതായിട്ടുണ്ട്. ദുരന്തനിവാരണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് മണ്ണ്, ചെളി എന്നിവ നീക്കം ചെയ്യുന്നതിന് 'DDMA' ചെയർമാൻ, DMA പ്രകാരം ഇറക്കിയ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതാണ്. എന്നാൽ, ടി ഉത്തരവിൻ പ്രകാരം നീക്കം ചെയ്ത മണ്ണ്, മണൽ, ചെളി എന്നിവ വനം വകുപ്പ് നിർദ്ദേശിച്ച വനഭൂമിയിൽ നിക്ഷേപിക്കുന്നതിനുപകരം വനാതിർത്തിയ്ക്ക് പുറത്തുകൊണ്ടുപോകാൻ M/s KCCPL ശ്രമിച്ചപ്പോൾ വനം വകുപ്പ് തടഞ്ഞിട്ടുള്ളതുമാണ്. കൂടാതെ, 30-5-2020 തീയതിയിൽ വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ കേസ് എടുക്കുകയും ബഹുമാനപ്പെട്ട ട്രൈബ്യൂണലിന്റെ 2-6-2020 തീയതിയിലെ ഉത്തരവിൽ ഒരു ജോയിന്റ് കമ്മിറ്റിയെ അന്വേഷണത്തിനായി നിയോഗിക്കുകയും, ടി കമ്മിറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 'മിയാവാക്കി' മാതൃകയിൽ വനവൽക്കരണ പദ്ധതി

133(861) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മിയാവാക്കി' മാതൃകയിൽ വനവൽക്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി എത്ര സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്?

തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, എറണാകുളം ജില്ലയിലെ കാലടി പ്രകൃതി പഠനത്തിന് കീഴിലുള്ള സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തൃശ്ശൂരിലെ പട്ടിക്കാട് എന്നീ സ്ഥലങ്ങളിലാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ഇപ്രകാരം നട്ട് വളർത്തുന്ന മരങ്ങളും ചെടികളും സംരക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സാങ്കേതിക മേൽനോട്ടത്തിൻകീഴിൽ പരിപാലിച്ചു വരുന്നു.

(ഡി) ഒരേക്കർ സ്ഥലത്ത് മിയാവാക്കി വനം വച്ചുപിടിപ്പിക്കുന്നതിന് എന്ത് ചെലവ് വരും; വ്യക്തമാക്കാമോ?

ഇൻവിസ് മൾട്ടിമീഡിയ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനം സൗജന്യമായിട്ടാണ് ടി പ്രവർത്തി ഏറ്റെടുത്തു ചെയ്തിട്ടുള്ളത്. വനം വകുപ്പിന്റെ ചെലവിൽ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിനാൽ ചെലവ് എത്ര വരുമെന്ന് കണക്കാക്കിയിട്ടില്ല.

## വനമേഖലയ്ക്കുള്ളിൽ താമസിക്കുന്ന കോളനി നിവാസികളുടെ പുനരധിവാസം

134(862) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ വന്യജീവി സംഘട്ടനങ്ങൾമൂലം ദുരിതമനുഭവിക്കുന്ന വനമേഖലകളുള്ളിൽ താമസിക്കുന്ന കോളനി നിവാസികളെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്; വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര ധന സഹായത്തോടുകൂടിയുള്ള വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2012- ലാണ് വയനാട്ടിലെ വന്യജീവിസങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചത്. വന്യജീവിസങ്കേതത്തിലെ 14 സെറ്റിൽമെന്റ്കളിൽനിന്നും യോഗ്യരായ 800 കുടുംബങ്ങളെ പുനരധിവാസിപ്പിക്കുന്നതിലേക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8000 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2011-2012 മുതൽ സാമ്പത്തിക സഹായം പ്രസ്തുത പ്രൊപ്പോസലിന് നൽകിയിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് 339 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനത്തിനുള്ളിലുള്ളതും വനാതിർത്തിയോട്, ചേർന്നതുമായ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽനിന്നും ടി ഇടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഇതര വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ പ്രളയാനന്തര കേരളത്തിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. കിഫ്ബി പദ്ധതി പ്രകാരം 168.23 ഹെക്ടർ സ്ഥലത്തിൽനിന്നും അർഹരായ 438 കുടുബങ്ങളെയും, പ്രളയാനന്തര കേരള പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 218.37 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 677 സ്വയം സന്നദ്ധ കുടുബങ്ങളെയുമാണ് പുനരധിവസിപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ബി) ഉൾവനത്തിൽനിന്ന് സ്വയം ഒഴിഞ്ഞ് പോകുന്നതിന് സന്നദ്ധത അറിയിക്കുന്ന കുടുംബങ്ങൾക്ക് എന്തൊക്കെ സഹായമാണ് വനം വകുപ്പ് നൽകുന്നത്?

കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം ഉൾവനത്തിൽനിന്ന് സ്വയം ഒഴിഞ്ഞുപോകുന്നതിന് സന്നദ്ധത അറിയിക്കുന്ന കുടുംബങ്ങൾക്ക് താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ ചെയ്തുവരുന്നു.

1. ഗൃഹനാഥനും ഗൃഹനാഥയുംകൂടി ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.

2. 18 വയസ്സ കഴിഞ്ഞ മകൻ കല്യാണം കഴിഞ്ഞതോ കഴിയാത്തതോ ആണെങ്കിലും ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.

3. അവിവാഹിതയായ മകൾ/ സഹോദരി/ 18 വയസ്സ് പൂർത്തിയാക്കിയ അവിവാഹിതയായ മകൾ/ സഹോദരി എന്നിവർക്ക് ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.

4. മാനസിക വൈകല്യം / ശാരീരിക വൈകല്യം ഉള്ള വ്യക്തിയെ ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.

5. അച്ഛനും അമ്മയും നഷ്ടപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടിയെ ഒരു കുടുംബമായി കണക്കാക്കി 10 ലക്ഷം രൂപ നൽകും.

കിഫ്ബിയിലും കേരള പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതികൾ പ്രകാരം മാറ്റി പാർപ്പിക്കപ്പെടുന്ന അർഹരായ ഓരോ കുടുംബത്തിനും 15 ലക്ഷം രൂപാവീതം നഷ്ടപരിഹാരമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. അർഹരായ ഓരോ കുടുംബത്തിനും അപേക്ഷ നൽകുന്നത് മുതൽ അപേക്ഷയിൽ തീർപ്പുണ്ടാകുന്നത് വരെ ആവശ്യമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ വനം വകുപ്പ് ചെയ്ത് നൽകുന്നുണ്ട്.

(സി) എത്ര കുടുംബങ്ങളെ ഇതിനകം ഈ പദ്ധതി പ്രകാരം വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞു എന്നറിയിക്കാമോ?

കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം നാളിതുവരെ 339 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതികൾ പ്രകാരം ഇതുവരെ ആരെയും പുനരധിവസിപ്പിച്ചിട്ടില്ല.

**കുളങ്ങളുടെ നവീകരണം**

135(863) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ നവീകരണത്തിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിരുന്നോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

കുളങ്ങളുടെ നവീകരണത്തിനായി വനം വകുപ്പിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കൊല്ലം ജില്ലയിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Eco Restoration -ന്റെ ഭാഗമായി ഗ്രാമസമിതിയുടെയും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെയും സഹായത്തോടെ പത്ത് കുളങ്ങൾ 2017-ൽ വൃത്തിയാക്കിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കൊല്ലം ജില്ലയിലെ കുളങ്ങൾ നവീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ നൽകുമോ?

കൊല്ലം ജില്ലയിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 10 കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ വനം വകുപ്പ് പ്രവർത്തനങ്ങൾ**

136(864) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വനം വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ വനംവകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പാലക്കാട് ഡിവിഷനുകീഴിൽ അനങ്ങൻമല ഇക്കോട്ടൂറിസം പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ വികസന പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനവുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ടിക്കറ്റ് കൗണ്ടർ പുനർനിർമ്മാണം | 10. 00 | പൂർത്തീകരിച്ചു |
| 2 | പാർക്കിംഗ് ഏരിയ വികസനം | 05.00 | പൂർത്തീകരിച്ചു |
| 3 | വിശ്രമസ്ഥല നവീകരണം | 05.00 | പൂർത്തീകരിച്ചു |
| 4 | അമിനിറ്റി സെന്റർ/ക്യാന്റീൻ നിർമ്മാണം | 01.00 | പൂർത്തീകരിച്ചു |
| 5 | ശുചീകരണവും മാലിന്യനിർമ്മാർജ്ജനവും | 03.00 | പൂർത്തീകരിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | കുട്ടികളുടെ കളിസ്ഥലം നിർമ്മിക്കൽ | 02.00 | പൂർത്തീകരിച്ചു |
| 7 | പബ്ലിസിറ്റി/ലഘുലേഖ/ബ്രോഷർ മുതലായവ | 01.00 | പൂർത്തീകരിച്ചു |
| 8 | ലാൻഡ്സ്കേപ്പിംഗ്, ഗാർഡനിംഗ്, സൈൻ ബോർഡ് മുതലായവ | 03.00 | പൂർത്തീകരിച്ചു |
| | ആകെ | 30.00 | |

**വണ്ടൂർ മണ്ഡലത്തിലെ വനം വകുപ്പ് പ്രവൃത്തികൾ**

137(865) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-6-2016 മുതൽ 31-12-2020 വരെ വനം വകുപ്പിൽനിന്ന് വണ്ടൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ?

1-6-2016 മുതൽ 31-12-2020 വരെ വനം വകുപ്പിൽനിന്ന് വണ്ടൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | ജോലിയുടെ വിവരം | അടങ്കൽ തുക(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2015 | പുറ്റമണ്ണ ഡോർമിറ്ററി കെട്ടിടം | 57.00 |
| | 2016 | ഹാന്റ് റെയിൽ | |
| 2 | 2016-17 | കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷന്റെ ചുറ്റുമതിൽ | 5.00 |
| | | ഫെൻസിംഗ് (കളിമുറ്റം-ഉമ്മച്ചൻകാട്) | 9.77 |
| | | പുറ്റമണ്ണയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിട നിർമ്മാണം | 29.32 |
| 3 | 2017-18 | എമങ്ങാടിൽ ഔട്ട് പോസ്റ്റ് കെട്ടിടത്തിന്റെ നിർമ്മാണം | 10.00 |
| 4 | 2018-19 | വണ്ടൂർ റെയിഞ്ച് ആഫീസിന് ചുറ്റുമതിൽ | 2.00 |
| | | വണ്ടൂരിൽ ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സിന്റെ നവീകരണം | 3.00 |
| | | കരുവാരക്കുണ്ട് പുറ്റമണ്ണ ഫോറസ്റ്റ് സ്റ്റേഷന്റെ ചുറ്റുമതിൽ | 4.98 |
| 5 | 2020-21 | ചോക്കാടിൽ ആനപ്രതിരോധ മതിലിന്റെ അറ്റകുറ്റപ്പണികൾ | 1.41 |

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വാർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | ജോലിയുടെ വിവരം | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1 | 2015 | പുറ്റമണ്ണ ഡോർമിറ്ററി കെട്ടിടം | പൂർത്തീകരിച്ചു |
| | | കരുവാരക്കുണ്ടു ഫോറസ്റ്റ് സ്റ്റേഷന്റെ ചുറ്റുമതിൽ | |
| | | ഫെൻസിംഗ് (കളിമുറ്റം-ഉമ്മച്ചൻകാട്) | |
| 2 | 2016-17 | പുറ്റമണ്ണയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിട നിർമ്മാണം | പൂർത്തീകരിച്ചു |
| 3 | 2017-18 | എമങ്ങാടിൽ ഔട്ട് പോസ്റ്റ് കെട്ടിടത്തിന്റെ നിർമ്മാണം | പൂർത്തീകരിച്ചു |
| 4 | | വണ്ടൂർ റെയിഞ്ച് ആഫീസിന് ചുറ്റുമതിൽ | പൂർത്തീകരിച്ചു |
| | | വണ്ടൂരിൽ ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സിന്റെ നവീകരണം | |
| | 2018-19 | കരുവാരക്കുണ്ട് പുറ്റമണ്ണ ഫോറസ്റ്റ് സ്റ്റേഷന്റെ ചുറ്റുമതിൽ | |
| 5 | 2020-21 | ചോക്കാടിൽ ആനപ്രതിരോധ മതിലിന്റെ അറ്റകുറ്റപ്പണികൾ | അന്തിമ ഘട്ടത്തിലാണ് |

**വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

138(866) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വനം വകുപ്പ് മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ വനം വകുപ്പ് മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

*2016-17 വർഷത്തിൽ മാലിപ്പുറം കണ്ടൽ പാർക്ക് നിർമ്മിച്ചു. കൂടാതെ ഞാറയ്ക്കൽ ഫിഷ് ഫാമിൽ 1000 കണ്ടൽ തൈകളും മാലിപ്പുറം ഫിഷ് ഫാമിൽ 1000 കണ്ടൽ തൈകളും അഴീക്കൽ ശ്രീവരാഹം ഫിഷ് ഫാമിൽ 2400 കണ്ടൽ തൈകളും വച്ചു പിടിപ്പിച്ചു. കുഴുപ്പിള്ളിയിൽ 5000 കണ്ടൽ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു. മാലിപ്പുറം കണ്ടൽ പാർക്ക് ഇക്കോ ടൂറിസം പദ്ധതി പ്രകാരം സൗന്ദര്യവൽക്കരണം നടത്തി.

*2017-18 വർഷത്തിൽ ഞാറയ്ക്കൽ ഫിഷ് ഫാമിൽ 1100 കണ്ടൽ തൈകളും വളപ്പ് ബീച്ചിൽ 1350 തൈകളും ചാപ്പ ബീച്ചിൽ 1300 പുന്ന തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. മാലിപ്പുറം പാർക്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനായി പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തി. തീര സംരക്ഷണ പദ്ധതി പ്രകാരം പുതുവൈപ്പിലെ വളപ്പ് ബീച്ചിൽ 10000 കാറ്റാടി തൈകളും, ചാപ്പ ബീച്ചിൽ 10000 കാറ്റാടി തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

*2018-19 വർഷത്തിൽ പള്ളത്താംകുളങ്ങര ബീച്ച് റോഡ്, ചെറായി ബീച്ച് റോഡ് എന്നിവിടങ്ങളിൽ 250 തൈകൾ നട്ടുപിടിപ്പിച്ചു. വഴിയോരത്തണൽ പദ്ധതി പ്രകാരം ഹെർബെർട്ട് ബ്രിഡ്ജ് റോഡിൽ 50 തൈകളും അണിയിൽ നെടുങ്ങാടി റോഡിൽ 80 തൈകളും നെടുങ്ങാട് ബോട്ട് ജെട്ടി റോഡിൽ 130 തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

*തണ്ണീർത്തട സംരക്ഷണ പദ്ധതി പ്രകാരം അർഹരായവർക്ക് 10 ബയോഗ്യാസ് പ്ലാന്റ്, വാട്ടർ ടാങ്ക്, 5 പേർക്ക് ഗ്യാസ് കണക്ഷൻ, തണ്ണീർത്തടം കൂടുതൽ ഉള്ള പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്ക് മീൻകുഞ്ഞുങ്ങൾ തുടങ്ങിയവ നൽകി.

*സെന്റ് മേരീസ് എച്ച്.എസ്.എസ്. പള്ളിപ്പുറം, പുതുവൈപ്പ് എൽ.പി.എസ്, മാലിപ്പുറം എൽ.പി.എസ്. എന്നിവിടങ്ങളിൽ 160 തൈകൾ ബ്ലോക്ക് പ്ലാന്റിംഗ് പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ചു.

**ഫോറസ്റ്റ് ഡിപ്പോ വാച്ചർ**

139(867) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 354/2016) നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനം വകുപ്പിൽ ഡിപ്പോ വാച്ചർ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 354/2016 പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | നിയമനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 28 |
| പത്തനംതിട്ട | 7 |
| കോട്ടയം | 5 |
| ഇടുക്കി | 24 |
| എറണാകുളം | 6 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 39 |
| മലപ്പുറം | 3 |
| ആകെ | 125 |

(ബി) ഈ തസ്തികയിൽ വരുന്ന ഒഴിവുകൾ മുഴുവനും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ടി തസ്തികയിൽ വരുന്ന ഒഴിവുകൾ മുഴുവനും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തസ്തികമാറ്റം വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസറായി നിയമനം നൽകുന്നുണ്ട്.

## വനം വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

140(868) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്ന വനം വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വനം വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് ആക്സിഡന്റ് പരിരക്ഷ നൽകുന്നതിനായി യൂണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ വനം വകുപ്പിലെ 5183 സംരക്ഷണ വിഭാഗം ജീവനക്കാർക്ക് രണ്ട് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയുള്ള പോളിസി എടുത്തിട്ടുണ്ട്. 50,000 രൂപയുടെ ചികിത്സാ ചെലവുകളും എർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ ജീവനക്കാർക്കും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ എത്ര വനം വകുപ്പ് ജിവനക്കാർക്ക് ജീവഹാനി സംഭവിച്ചു; അതിൽ സ്ഥിരം/താല്ക്കാലിക ജീവനക്കാരെത്ര എന്നറിയിക്കാമോ?

വനം വകുപ്പിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അഞ്ച് സ്ഥിരം ജീവനക്കാർക്കും, മൂന്ന് താൽക്കാലിക ജീവനക്കാർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(സി) ക്ലേശകരമായ സാഹചര്യത്തിലും, അപകട സാധ്യത കൂടിയ വനം സംരക്ഷണ പ്രവത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാർക്ക് ജീവഹാനി സംഭവിച്ചാൽ അവർക്ക് യാതൊരു സംരക്ഷണവും ലഭിക്കാത്ത സാഹചര്യമുണ്ടോ?

താൽക്കാലിക വാച്ചർമാർക്കായി യൂണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖാന്തരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ജോലിക്കിടയിൽ അപകടമരണം സംഭവിക്കുകയാണെങ്കിൽ 2,00,000 രൂപയും പരിക്കേൽക്കുകയാണെങ്കിൽ 50,000 രൂപയും വരെ ലഭിക്കുന്ന വിധത്തിലാണ് പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) എങ്കിൽ താല്ക്കാലിക ജിവനക്കാർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

മേൽ ഇൻഷ്വറൻസ് പരിരക്ഷ 2021 വർഷം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഫോറസ്റ്റ് ഡിപ്പോ വാച്ചർ നിയമനം

141(869) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലെ പി.എസ്. സി. റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 354/2016)നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനം വകുപ്പിൽ ഡിപ്പോ വാച്ചർ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 354/2016 പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 28 |
| പത്തനംതിട്ട | 7 |
| കോട്ടയം | 5 |
| ഇടുക്കി | 24 |
| എറണാകുളം | 6 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 39 |
| മലപ്പുറം | 3 |
| ആകെ | 125 |

(ബി) ഈ തസ്തികയിലെ ഒഴിവുകൾ മുഴുവനും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തസ്തികയിൽ വരുന്ന ഒഴിവുകൾ മുഴുവനും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തസ്തികമാറ്റം വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസറായി നിയമനം നൽകുന്നുണ്ട്.

## നൈറ്റ് വാച്ച്മാൻ തസ്തിക

142(870) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകളിലെ നൈറ്റ് വാച്ച്മാൻ തസ്തികയിലും ട്രൈബൽ ഫോറസ്റ്റ് വാച്ച്മാൻ തസ്തികയിലും ജോലി ചെയ്യുന്നവരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്താനുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/03/17 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ ജോലി സമയം നിജപ്പെടുത്തുന്നതും, ടി ജീവനക്കാരുടെ ആവലാതികൾ പരിഹരിക്കുന്നതുമായ വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22-3-2017-ലെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര (റൂൾസ്) വകുപ്പിൽ പരിശോധിച്ചു വരുന്നു. ഫയലിലെ നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കിവരുന്നുണ്ട്.

## വംശനാശം നേരിടുന്ന വൃക്ഷങ്ങളുടെ സംരക്ഷണം

143(871) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വംശനാശം നേരിടുന്ന വൃക്ഷങ്ങൾ കണ്ടെത്തി അത് സംരക്ഷിക്കുന്നതിന് വനം വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ വനം വകുപ്പും, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (കെ.എഫ്.ആർ. ഐ), സംയുക്തമായി, വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളെ കണ്ടെത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വംശനാശം നേരിടുന്നത് ഏതൊക്കെ വൃക്ഷങ്ങളാണ്; വിശദാംശം നൽകുമോ?

International Union for Conservation of Nature (IUCN) red data list- ന്റെ അടിസ്ഥാനത്തിൽ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ പുഷ്പിത സസ്യങ്ങളുടെ ഗണത്തിൽപ്പെട്ട (Angiosperm) വിഭാഗത്തിൽപ്പെട്ട 89 സ്പീഷീസുകൾ വംശനാശ ഭീഷണി നേരിടുന്നവയാണെന്നും അതിൽ 23 സ്പീഷീസുകൾ വൃക്ഷങ്ങളാണെന്നും കണ്ടെത്തിയിട്ടുണ്ട്. (വൃക്ഷങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു)*. വംശനാശ ഭീഷണി നേരിടുന്നവയും അമിത ചൂഷണം നേരിടുന്നതുമായ 5 സ്പീഷീസുകൾ സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ വനം വകുപ്പും കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി തുടങ്ങികഴിഞ്ഞു. ബാക്കിയുള്ളവയെ സംരക്ഷിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ലോകത്ത് നിന്നുതന്നെ അപ്രത്യക്ഷമായി എന്ന് കരുതിയ 'മലമാവ്' എന്ന വൃക്ഷം പാലോട് ബൊട്ടാണിക്കൽ ഗാർഡനിലെ ശാസ്ത്രജ്ഞർ കണ്ടെത്തി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത വൃക്ഷത്തെ സംരക്ഷിക്കുന്നതിന് വനം വകുപ്പ് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ?

പാലോട് റെയിഞ്ചിലെ ഭരതന്നൂർ സെക്ഷനിലെ റിസർവ് വനമേഖലയിലെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നിൽക്കുന്ന മലമാവ് മരത്തെ പൊതുജനങ്ങളുടെ ശല്യമോ, മറ്റ് രീതിയിലുള്ള നാശമോ ഉണ്ടാകാതെ കൃത്യമായ ഇടവേളകളിൽ വനപാലകർ നിരീക്ഷണം നടത്തിവരുന്നുണ്ട്. കൂടാതെ പാലോട് ട്രോപ്പിക്കൽ ബോട്ടോണിക്കൽ ഗാർഡനിലെ ബന്ധപ്പെട്ട ശാസ്ത്രജ്ഞൻമാരുടെ സാങ്കേതിക സഹായത്തോടെ ടി മരത്തിന്റെ തൈകൾ വളർത്തി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### മാനന്തവാടി മണ്ഡലത്തിലെ ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതിയുടെ പുരോഗതി

144(872) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കൂടൽക്കടവ്, നീർവാരം ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ആയത് ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുമോ?

നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ മാനന്തവാടി മണ്ഡലത്തിലെ പാൽവെളിച്ചം കൂടൽക്കടവ് 6 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിങിന് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വന്യമൃഗപ്രതിരോധത്തിനായി വയനാട്ടിൽ കൂടുതൽ ഭാഗത്ത് ക്രാഷ് ഗാർഡ് ഫെൻസിംഗ് അനുവദിക്കുമോ; വിശദമാക്കുമോ?

വയനാട് ജില്ലയിൽ സൗത്ത് വയനാട് ഡിവിഷന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ കിഫ്ബി മുഖേന അംഗീകരിച്ച് നടപ്പാക്കിവരുന്നു:

1. നെയ്ക്കുപ്പ -ദാസനക്കര - 15 കി.മീ

2. കുടല്ലൂർ-കൊമ്മൻചേരി - 3 കി.മീ

3. പത്താംമൈൽ- കുന്നംപുറം - 3 കിമീ

4. വേങ്ങാക്കോട്-ചെംമ്പ്ര - 5 കിമീ.

സൗത്ത് വയനാട് ഡിവിഷനിലെ താഴെപറയുന്ന സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ് ഫെൻസിങ്ങ് നടത്തുന്നതിനുള്ള പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്:

<u>കൽപ്പറ്റ</u>

1. പത്താംമൈൽ - പാറത്തോട് - 3 കി.മീ

2. പാറത്തോട് - സേട്ട്കുന്ന് - 3 കി.മീ

3. സേട്ട്കുന്ന് - മേൽമുറി - 4 കി.മീ

4. 30 ഏക്കർ-കറുവൻതോട് - 3 കിമീ

5. 30 ഏക്കർ- അംബ - 5 കി.മീ

6. അംബ- 50 ഏക്കർ - 5 കിമി.

7. മീൻമുട്ടി - ബപ്പണമല - 3 കിമീ

<u>മേപ്പാടി</u>

1. മുള്ളൻപാറ ലക്കിടി - 3 കി.മീ

2. വേങ്ങക്കോട് - മുള്ളൻപാറ - 3 കി.മീ

3. ചെമ്പ്ര - സ്കൂൾകുന്ന് - 3 കി.മീ

4. ചേലാടി - മീൻമുട്ടി - 2 കി.മീ

<u>ചെതലത്ത്</u>

1. കൊളവള്ളി - ചെത്തിമറ്റം - 10 കി.മീ.

2 ഭൂതാനം - പെരിക്കല്ലൂർ- 12 കി.മീ.

3. കുറിച്ചിപറ്റ - കേളമംഗലം- 20 കി.മീ.

വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ റെയിഞ്ചിലെ തൊട്ടാമൂല ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലെ കനാൽ മുതൽ പഴൂർ വരെ 6.5 കി.മീ. നീളത്തിലും, കുറിച്യാട് റെയിഞ്ചിൽ പഴയമ്പലം മുതൽ വെള്ളക്കെട്ട് വരെ 4.5 കി.മീ. നീളത്തിലും ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് കിഫ്ബി ഫേസ് 2-ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 5.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കാട്ടുപന്നിയെ നിർമ്മാർജ്ജനം ചെയ്യാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കാൻ 11-1-2021 ലെ G.O (Rt) No. 05/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) വർദ്ധിച്ചുവരുന്ന കടുവശല്യം പ്രതിരോധിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

കടുവശല്യം പ്രതിരോധിക്കാൻ പട്രോളിംഗുകളും ക്യാമറാട്രാപ്പ് നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ, റെയിഞ്ച് തലത്തിൽ നിയോഗിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പരിശോധനയും നടത്തുന്നുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ കാട്ടിക്കുളം-പനവല്ലി മേഖലയിൽ ജനവാസകേന്ദ്രത്തിൽ ഇറങ്ങിയ കടുവയെ പിടികൂടുന്നതിന് കൂട് സ്ഥാപിച്ചിട്ടുണ്ട്.

(ഇ) 20 വർഷം പൂർത്തീകരിച്ച വാച്ചർമാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വന്യമൃഗപ്രതിരോധത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വാച്ചർമാരായി നിയമനം നൽകുന്നത് പരിഗണനയിലുണ്ടോ?

20 വർഷം പൂർത്തീകരിച്ച വനം വകുപ്പ് വാച്ചർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽനിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി, 500 പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയവും പരിഗണനയിലുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് വാച്ചർമാരായി നിയമനം നൽകുന്ന പ്രൊപ്പോസൽ നിലവിലില്ല.

## ചിറ്റാറിൽ കർഷകനെ കസ്റ്റഡിയിലെടുത്ത സംഭവം

145(873) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റാറിൽ മത്തായി എന്ന യുവകർഷകനെ വനപാലകർ കസ്റ്റഡിയിലെടുത്തിരുന്നോ; എങ്കിൽ ഏത് കേസിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ കസ്റ്റഡിയിലെടുത്തത്?

ചിറ്റാറിൽ മത്തായി എന്ന യുവകർഷകനെ വനപാലകർ കസ്റ്റഡിയിലെടുത്തിരുന്നു. അനധികൃതമായി സർക്കാർ റിസർവ്വിൽ നായാട്ടു നടത്തുന്നതിനായി പ്രവേശിക്കുകയും, ടൈഗർ സെൻസസിനായി സ്ഥാപിച്ച ക്യാമറ ട്രാപ്പ് തകർക്കുകയും ചെയ്തു എന്ന കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.6/2020 നമ്പർ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് മത്തായിയെ കസ്റ്റഡിയിലെടുത്തത്.

(ബി) പ്രസ്തുത കേസ് ഒതുക്കുവാൻ വനപാലകർ എഴുപത്തായ്യായിരം രൂപ കൈക്കൂലി ചോദിച്ചുവെന്ന് മത്തായിയുടെ ഭാര്യ മൊഴി നൽകിയിട്ടുണ്ടോ?

മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായ തെളിവെടുപ്പിൽ പരേതനായ മത്തായിയുടെ ഭാര്യ ശ്രീമതി.ഷീബ, ഫോറസ്റ്റ് ഉദ്യോഗസ്ഥൻ എന്ന് പരിചയപ്പെടുത്തിയ ഒരാൾ കേസ് ഒഴിവാക്കാനായി 75,000 രൂപ കൈക്കൂലി ചോദിച്ചതായി മൊഴി നൽകിയിട്ടുണ്ട്.

(സി) ഈ മൊഴിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ വെളിവായ കാര്യം എന്താണ്; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേസ് ഒത്തുതീർപ്പിനായി കൈക്കൂലി ആവശ്യപ്പെട്ടുവെന്ന ടി മൊഴിയടക്കം മത്തായിയുടെ മരണത്തിലേയ്ക്കു നയിച്ച സാഹചര്യം സംബന്ധിച്ച് വിശദമായ പോലീസ് അന്വേഷണം നടക്കുന്നതിനാൽ ഇതുസംബന്ധിച്ച് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല. മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ 2 പേരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ടിയാൻമാർക്കെതിരെ കഠിന ശിക്ഷയുള്ള വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

## മുത്തപ്പൻപുഴ-ജോയിന്റ് വെരിഫിക്കേഷൻ

146(874) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മുത്തപ്പൻപുഴയിലെ കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി വനം, റവന്യൂ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്തപരിശോധന നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ സംയുക്തപരിശോധന നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

നോർത്തേൺ സർക്കിൾ കണ്ണൂരിന് കീഴിലെ കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റെയ്ഞ്ചിലെ എടത്തറ സെക്ഷനിലെ മുത്തപ്പൻപുഴ ഭാഗത്ത് സർവ്വേ നമ്പർ 163 പാർട്ടിൽ ഉൾപ്പെടുന്ന വനഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ട്. നിരവധി തവണ അതിർത്തി പുനർനിർണ്ണയിച്ച് ജണ്ട കെട്ടാൻ ശ്രമിച്ചെങ്കിലും പ്രാദേശികമായ എതിർപ്പ് കാരണം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല. രാഷ്ട്രീയ കക്ഷികളുടെയും മറ്റ് സംഘടനകളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ 4-8-2017-ന് ഒരു യോഗം ചേരുകയും തർക്കമില്ലാത്ത സ്ഥലത്ത് ജണ്ട നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിനുശേഷവും പ്രധിഷേധങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ മേൽ പ്രദേശത്ത് സംയുക്തപരിശോധന നടത്തിയശേഷം തുടർനടപടികൾ സ്വീകരിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. 21-3-2018 ന് വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പങ്കെടുത്ത കൂരാച്ചുണ്ട് കാന്തലാട് വില്ലേജുകളുടെ ഭൂനികുതി പ്രശ്നം സംബന്ധിച്ച യോഗത്തിൽ പുതിയ സംയുക്ത പരിശോധനയ്ക്കായി ജനപ്രതിനിധികളും മലയോര കർഷക ആക്ഷൻ കമ്മിറ്റിയുടെ പ്രതിനിധികളും ആവശ്യപ്പെട്ടെങ്കിലും പുതിയൊരു സംയുക്ത പരിശോധന നടത്താൻ കഴിയുകയില്ല എന്നാണ് ടി യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു പി. (സി.) നമ്പർ 4501/2018-ൽ 8-11-2018-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരവും, ആയതിന്മേൽ നൽകിയ റിട്ട് അപ്പീൽ നമ്പർ 694/2019 പ്രകാരവും 1-1-1977-ന് മുൻപുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള സംയുക്ത പരിശോധന വെസ്റ്റഡ് ഫോറസ്റ്റിലും, ഇ.എഫ്.എൽ-ലും നടത്തുന്നതിന് സാധിക്കില്ല. ആയതിനാൽ, വെസ്റ്റഡ് ഫോറസ്റ്റ് ആയ മുത്തപ്പൻപുഴ ഭാഗത്ത് പുതിയതായി സംയുക്ത പരിശോധന നടത്തണമെന്ന ആവശ്യം പ്രായോഗികമല്ല.

## വന്യമൃഗശല്യം

147(875) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വന്യമൃഗശല്യം വളരെ രൂക്ഷമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിലെ ചില പ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനങ്ങളുടെ സ്വത്തിന് മാത്രമല്ല ജീവനുപോലും ഭീഷണിയാവുന്ന തരത്തിൽ രൂക്ഷമായ വന്യമൃഗശല്യം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ വനം വകുപ്പ് ജീവനക്കാർ, താൽക്കാലിക ജീവനക്കാർ എന്നിവരടങ്ങുന്ന 150 ഓളം ജീവനക്കാരെ പ്രത്യേക സ്ക്വാഡുകളായി തിരിച്ച് " ഓപ്പറേഷൻ ഗജ"എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി ഈ സ്ഥലങ്ങളിൽ നിയോഗിച്ച് ഒരു പരിധിവരെ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമേ റാപ്പിഡ് റസ്പോൺസ് ടീമിനേയും, അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് പ്രത്യേക ഉപകരണങ്ങൾ, വാഹനം എന്നിവയോടുകൂടി, ഈ മേഖലകളിൽ വിന്യസിച്ചിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ മതിൽ, ട്രഞ്ചുകൾ, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് അറ്റകുറ്റപണികൾ നടത്തി പ്രവർത്തന സജ്ജമാക്കി നിർത്തിയിട്ടുണ്ട്. ഇവ കൂടുതൽ സ്ഥലങ്ങളിൽ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## കൃഷിനാശം

148(876) ശ്രീ. എം. രാജഗോപാലൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണം നിമിത്തം വ്യാപകമായ തോതിൽ കൃഷിനാശം സംഭവിച്ച കാസർഗോഡ് ജില്ലയിലെ കർണ്ണാടക ഫോറസ്റ്റ് അതിർത്തികളിൽ താമസിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടികളുണ്ടാകുമോ?

വന്യജീവി ആക്രമണം നിമിത്തം കൃഷിനാശം സംഭവിക്കുന്നവർക്ക്, ഇ-ഡിസ്ട്രിക്ട് മുഖേന നൽകുന്ന പരാതികളിൽ അന്വേഷണം നടത്തി, 8-1-2015-ലെ ജി. ഒ. (എംഎസ്.) നമ്പർ 2/2015/വനം ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ഇതിനായി നീക്കിവച്ച ഫണ്ടിൽ നിന്ന് നഷ്ടപരിഹാരം അനുവദിച്ച് വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിനാശം സംഭവിച്ചവർക്ക് എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി കാസർഗോഡ് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് 63,36,593 രൂപ (അറുപത്തിമൂന്ന് ലക്ഷത്തി മുപ്പത്താറായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുണ്ട്.

## ചിറ്റാറിലെ കസ്റ്റഡി മരണം

149(877) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:

<u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:

<u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിലിരിക്കെ ചിറ്റാറിലെ യുവകർഷകനായ മത്തായി ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞിട്ടുണ്ടോ?

വനം കുറ്റകൃത്യവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത് തെളിവു ശേഖരണത്തിന്റെ നടപടിക്രമത്തിനിടെ പി. പി. മത്തായി എന്ന പ്രതി കിണറ്റിൽ ചാടി മരണപ്പെട്ടിട്ടുണ്ട്.

(ബി) ഏത് കുറ്റത്തിന്റെ അടിസ്ഥാനത്തിലാണ് മത്തായിയെ വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്തതെന്ന് വ്യക്തമാക്കാമോ?

അനധികൃതമായി സർക്കാർ റിസർവ്വിൽ നായാട്ട് നടത്തുന്നതിനായി പ്രവേശിക്കുകയും ടൈഗർ സെൻസസിനായി സ്ഥാപിച്ച ക്യാമറ ട്രാപ്പ് തകർക്കുകയും ചെയ്തു എന്ന കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത ഒ.ആർ.6/2020 നമ്പർ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് മത്തായിയെ കസ്റ്റഡിയിലെടുത്തത്.

(സി) അദ്ദേഹത്തെ വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുക്കുന്നതിന് മുമ്പ് അദ്ദേഹം ചെയ്തതായി പറയപ്പെടുന്ന കുറ്റത്തിന് കേസ് ചാർജ്ജ് ചെയ്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

പി.പി.മത്തായിയെ കസ്റ്റഡിയിൽ എടുത്ത് മഹസ്സർ തയ്യാറാക്കിയിരുന്നു. ടി കുറ്റകൃത്യവുമായി ബന്ധപ്പെട്ട് തയാറാക്കിയ മഹസ്സർ 28-7-2020-ന് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം പൂർത്തിയാകാത്തതിനാൽ ചാർജ്ജ് ചെയ്തിട്ടില്ല.

(ഡി) കസ്റ്റഡിയിലെടുത്ത മത്തായിയുടെ അറസ്റ്റ് രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ എന്നാണ് അറസ്റ്റ് രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

ഇല്ല. കേസിന്റെ തെളിവ് ശേഖരണവുമായി ബന്ധപ്പെട്ട നടപടിക്രമത്തിനിടയിലാണ് ടിയാൻ കിണറ്റിൽ ചാടി മരണപ്പെട്ടത്.

(ഇ) മത്തായിയുടെ മരണശേഷം ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിലെ ജനറൽ ഡയറി കടത്തിക്കൊണ്ടുപോയി വനം വകുപ്പ് ഉദ്യോഗസ്ഥർ കൃത്രിമം കാണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

പി.പി.മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിലെ ജനറൽ ഡയറി കടത്തിക്കൊണ്ട് പോയതായോ, കൃത്രിമം കാണിച്ചതായോ കണ്ടെത്തിയിട്ടില്ല.

(എഫ്) കുറ്റക്കാരായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളാണ് അവർക്കെതിരെ ചുമത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

പി.പി.മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് ചിറ്റാർ പോലീസ് സ്റ്റേഷനിൽ 28-7-2020-ൽ ക്രൈം നമ്പർ 685/2020 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുള്ളതും അന്വേഷണം നടന്നു വരുന്നതുമാണ്. കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥരെ 3-8-2020-ൽ സസ്പെന്റ് ചെയ്ത് അവർക്കെതിരെ വകുപ്പുതലത്തിൽ കഠിനശിക്ഷയുള്ള അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു.

## പാമ്പ് പിടിത്തത്തിൽ പരിശീലനം

150(878) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാമ്പിനെ ഉപയോഗിച്ച് കൊലപാതകങ്ങൾ വരെ ആസൂത്രണം ചെയ്യുന്ന സാഹചര്യത്തിൽ പാമ്പ് പിടിക്കുന്നതിനും പരിശീലനത്തിനും ലൈസൻസ് നൽകുവാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്. അവയിൽ ജനവാസ മേഖലയിൽ എത്തുന്ന പാമ്പ്കടിയേറ്റുള്ള മരണവും പരിക്കുകളും ആണ് പ്രധാനമായും കണ്ടുവരുന്നത്. കഴിഞ്ഞ 3 വർഷത്തിനിടയിൽ ഇതുമായി ബന്ധപ്പെട്ട് മനുഷ്യരിൽ 1860 പേർക്ക് പരിക്കും 334 പേർക്ക് ജീവഹാനിയും സംഭവിച്ചതായി കാണുന്നു. ജനവാസ മേഖലകളിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ ആവാസ വ്യവസ്ഥയിലേയ്ക്ക് തുറന്നു വിടുന്നതിന് പ്രാവീണ്യം ലഭിച്ച സ്റ്റാഫുകളുടെ അഭാവം ഉണ്ട്. പാമ്പുകളെ പിടിക്കുന്ന ചിലവ്യക്തികൾ അവയെ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതും, പൊതുജന മധ്യത്തിലും, മാധ്യമങ്ങളിലും പ്രദർശനം നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസമേഖലയിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്ന പ്രക്രിയ കൃത്യവും ഉത്തരവാദിത്വപരമായ ഒന്നാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി മാർഗ്ഗനിർദ്ദേശങ്ങൾ കേരള വനം വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം കേരള വനം വകുപ്പ് നൽകുന്ന പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പാമ്പു പിടുത്തക്കാർക്ക് മാത്രമേ ജനവാസ മേഖലയിൽ പാമ്പു പിടിത്തത്തിനുള്ള അനുവാദം ഉള്ളൂ. പാമ്പുകളെ പിടികൂടുന്നതിൽ പരിചയവും താത്പര്യവുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്ക് പരിശീലനം നൽകി ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിങ്ങനെ ഇരുവിഭാഗങ്ങളിലായി 2 ഘട്ടങ്ങളിലായാണ് പരിശീലനം പൂർത്തിയാക്കിയത്. തെരഞ്ഞെടുക്കപ്പെട്ട 539 വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകിയതിൽ 318 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അപ്രകാരം അപേക്ഷ സമർപ്പിച്ച 614 പേർക്ക് പരിശീലനം നൽകുകയും പരിശീലനാനന്തരം നടത്തിയ പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ 506

പേർക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇവർക്കുള്ള സർട്ടിഫിക്കറ്റ് അതത് ജില്ലയിലെ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ (സാമൂഹ്യ വനവത്കരണം) നൽകുന്നതാണ്. പാമ്പുപിടുത്തത്തിന്റെ വിവരം ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും " SARPA" എന്നൊരു മൊബൈൽ ആപ്ളിക്കേഷൻ നിർമ്മിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; അപേക്ഷിച്ചവരിൽ എത്രപേരെ പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഇതിനായി പൊതുജനങ്ങളിൽനിന്നും അപേക്ഷ ക്ഷണിക്കുകയും അപേക്ഷിച്ചവരിൽ തെരഞ്ഞെടുക്കപ്പെട്ട 614 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.

(സി) ലൈസൻസ് നൽകുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനകം എത്ര പേർക്ക് ലൈസൻസ് നൽകിയെന്ന് വിശദമാക്കുമോ?

പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് 2 ദിവസത്തെ പരിശീലനം നൽകുന്നതാണ്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമേ സർട്ടിഫൈഡ് പാമ്പു പിടുത്തക്കാരായി 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 പ്രകാരം സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഈ സർട്ടിഫിക്കറ്റ് 5 വർഷത്തേയ്ക്ക് കാലാവധി ഉള്ളതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച പാമ്പുപിടുത്തക്കാർ ഏതെങ്കിലും നിയമ വിരുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടുകയോ, സ്വയം പിൻമാറുന്നതിന് അപേക്ഷിക്കുകയോ ചെയ്യുന്ന പക്ഷം, അവരുടെ സർട്ടിഫിക്കറ്റ് റദ്ദാക്കാൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (സാമൂഹ്യ വനവത്കരണവിഭാഗം) അധികാരം ഉണ്ടായിരിക്കുന്നതാണ്. 21 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രാമയുള്ളവർക്ക് മാത്രമേ പാമ്പുപിടുത്തക്കാരാകുന്നതിന് അർഹതയുള്ളൂ. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 824 പേർ സർട്ടിഫിക്കറ്റിന് അർഹത നേടിയിട്ടുണ്ട്.

**ചന്ദനമര ലേലം**

151(879) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളക്കടത്ത് സംഘങ്ങളിൽനിന്നും മോഷ്ടാക്കളിൽനിന്നും പിടിച്ചെടുക്കുന്ന ചന്ദനമരം കോടതി അനുമതിയോടെ ലേലം ചെയ്ത് വിൽക്കാറുണ്ടോ?

ഉണ്ട്. കേരളത്തിലെ വനം ഡിവിഷനുകളിൽ വിവിധ കേസുകളിൽ പിടിച്ചെടുത്തതും കണ്ടുകെട്ടിയവയുമായ ചന്ദനം ബഹു. മാനപ്പെട്ട കോടതി അനുമതിയോടെ മറയൂർ ചന്ദന ഡിവിഷനിലെത്തിച്ച് ലേലം ചെയ്തു വിൽക്കുകയാണ് ചെയ്തുവരുന്നത്.

(ബി) നിലവിൽ എത്ര ടൺ ചന്ദനമാണ് ഇപ്രകാരം കോടതി വിധി കാത്ത് സ്റ്റോങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ളത്?

വിവിധ വനം ഡിവിഷനുകളിൽ 29.181 ടൺ ചന്ദനം, 2.62185 ടൺ പുറംവെട്ടും ചന്ദനചീളും, ഭാരം തിട്ടപ്പെടുത്താത്ത 12 ചന്ദനകഷണങ്ങൾ, 1/4 മെട്രിക് ടൺ ചന്ദനവിറക് എന്നിവ കോടതി ഉത്തരവ് കാത്ത് സൂക്ഷിച്ചിട്ടുണ്ട്.

(സി) ചന്ദനം സൂക്ഷിക്കുന്നതിന് വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റോംഗ് റൂം നിർമ്മിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

നിലവിൽ വനം വകുപ്പ് ആസ്ഥാനത്തുള്ള സ്റ്റോംഗ് റൂമിൽ സ്ഥലസൗകര്യങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ സുരക്ഷാ സംവിധാനങ്ങളും, സ്ഥലസൗകര്യവുമുള്ള ഒരു സ്റ്റോംഗ് റൂമിന്റെ നിർമ്മാണം വനം വകുപ്പാസ്ഥാനത്ത് നടന്നുവരുന്നുണ്ട്. ചന്ദനം സൂക്ഷിക്കുന്നതിനും വിൽപന നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ മറയൂർ ചന്ദന ഡിപ്പോയിൽ നിലവിൽ ലഭ്യമാണ്.

**തട്ടേക്കാട് ഡോ. സലീം അലി പക്ഷിസങ്കേതം**

152(880) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ തന്നെ പ്രധാന പക്ഷി സങ്കേതമായ കോതമംഗലം മണ്ഡലത്തിലെ തട്ടേക്കാട് സ്ഥിതി ചെയ്യുന്ന പക്ഷിസങ്കേതത്തെ 1983-ൽ ഡോ.സലീം അലി പക്ഷിസങ്കേതമായി പ്രഖ്യാപിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തിയാണ് അതിർത്തി നിശ്ചയിച്ചിട്ടുള്ളത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ വിജ്ഞാപന പ്രകാരം, 9 ച.കി.മീ. ഏരിയ ജനവാസകേന്ദ്രം കൂടി പക്ഷി സങ്കേതത്തിന്റെ അതിർത്തിയിൽ വന്നിട്ടുണ്ട്.

(ബി) ഇത്തരത്തിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി നിശ്ചയിച്ചപ്പോൾ കുട്ടമ്പുഴ, കീരംപാറ പഞ്ചായത്തുകളിൽപ്പെട്ട ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടെ പക്ഷി സങ്കേതത്തിന്റെ അതിർത്തിക്കുള്ളിലായതിനാൽ പ്രദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പക്ഷിസങ്കേതത്തിന്റെ അതിർത്തിക്കുള്ളിൽ വരുന്ന ജനവാസമേഖലകളിലെ ജനങ്ങളുടെ സുഗമമായ ജീവിതത്തിന് വനം വകുപ്പ് നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിൽ നൂറ്കണക്കിന് ആളുകൾ താമസിക്കുന്ന പ്രദേശങ്ങൾ പക്ഷിസങ്കേതത്തിന്റെ അതിർത്തിയിലായതിനാൽ പക്ഷിസങ്കേതത്തിന്റെ നിയമങ്ങളും നിയന്ത്രണങ്ങളുംമൂലം ഇവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ ജനവാസ മേഖല പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ ഉൾപ്പെട്ടതിനാൽ ഇവിടെ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി പകരം കൂടുതൽ വന പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ ജനവാസമേഖലകൾ ഉൾപ്പെടുന്നതിനാൽ, ആ ഭാഗങ്ങളിൽ നിയമം നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും ജനങ്ങളുടെ ആശങ്കകളും പരിഗണിച്ച് പ്രസ്തുത മേഖല ഒഴിവാക്കി അതിന് തുല്യമായ വനമേഖല മൂന്നാർ വനം ഡിവിഷനിൽനിന്നും കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതി**

153(881) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും വന്യജീവി ശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നിലവിൽഎത്ര തുക ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ?

വനത്തിനുള്ളിലും, വനാതിർത്തിയോട് ചേർന്നും മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്നതുമായ പ്രദേശങ്ങളിൽ നിന്നും പട്ടികേതര വിഭാഗക്കാരെ അവരുടെ സമ്മതത്തോടെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. 6570 ലക്ഷം രൂപയാണ് ടി പദ്ധതി നടത്തിപ്പിനായി അംഗീകരിച്ചിട്ടുള്ളത്. കൂടാതെ പ്രളയാനന്തര കേരളത്തിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വനത്തിനുള്ളിലും, വനാതിർത്തിയോട്

ചേർന്നും മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്നതുമായ പ്രദേശങ്ങളിൽനിന്നും പട്ടികേതര വിഭാഗക്കാരെ അവരുടെ സമ്മതത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിക്കായി 10591.76 ലക്ഷം രൂപയാണ് ആകെ അംഗീകരിച്ചിട്ടുള്ള തുക. ഇതിൽ തൻ വർഷത്തെ പ്രവർത്തനങ്ങൾക്കായി 24.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്ര സർക്കാർ സഹായം ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(സി) എത്ര ആളുകളുടെ എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് പദ്ധതി നിർദ്ദേശിച്ചിട്ടുള്ളത്?

കിഫ്ബി പദ്ധതി പ്രകാരം 168.23 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 438 കുടുംബങ്ങളെയും, പ്രളയാനന്തര കേരള പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 218.37 ഹെക്ടർ സ്ഥലത്തിൽനിന്നും അർഹരായ 677 കുടുംബങ്ങളെയുമാണ് മേൽ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC), വനം വകുപ്പാസ്ഥാനത്ത് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (PMU) സർക്കിൾ/ഡിവിഷൻ തലത്തിൽ റീജിയണൽ കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വന്യമൃഗങ്ങളുടെ ആക്രമണംമൂലമുള്ള കൃഷിനാശവും ജീവഹാനിയും**

154(882) <u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങി വ്യാപകമായ കൃഷിനാശം ഉണ്ടാക്കുന്നതും ആളുകൾക്ക് ജീവഹാനിയും ഗുരുതര പരിക്കുകളും സംഭവിക്കുന്നതും സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് വിവിധ മേഖലകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പരാതികളും നിർദ്ദേശങ്ങളും സജീവമായി പരിഗണിച്ച് കർഷകർ നേരിടുന്ന ഈ പ്രതിസന്ധിയിൽനിന്നും അവരെ രക്ഷിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കൃഷിക്കും നാശനഷ്ടം ഉണ്ടാക്കുന്ന വന്യജിവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.-

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം;

2. വനത്തിന് പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളെ സജ്ജമാക്കൽ;

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം;

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ;

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ;

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ;

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ;

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ;

9. മനുഷ്യ-വന്യജിവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ; കൂടാതെ, കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കാൻ പുതിയ മാർഗ്ഗനിർദ്ദേശം പ്രഖ്യാപിച്ച് 11-1-2021-ൽ സ.ഉ. (സാധാ) 05/2021/വനം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധമാർഗ്ഗങ്ങൾ സജ്ജീകരിച്ച് ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുവാൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ വിഷയം സംബന്ധിച്ച് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിവരുകയാണ്. ടി പഠന റിപ്പോർട്ട് കിട്ടിയതിനുശേഷം പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുന്നതാണ്.

### മനുഷ്യ വന്യജീവി സംഘട്ടനങ്ങൾ

155(883) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ വന്യജീവി സംഘട്ടനങ്ങൾ വർദ്ധിക്കുന്നതുമൂലം ജനജീവിതം ദുരിതത്തിലായി എന്നത് വസ്തുതയല്ലേ?

കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സംഭവങ്ങൾ നിരന്തരം ഉണ്ടാകാറുണ്ട്. ഇത് പ്രതിരോധിക്കുന്നതിനായി വനം വകുപ്പ് വനാതിർത്തിയിൽ സൗരോർജ്ജ കമ്പിവേലികൾ, ആനകിടങ്ങുകൾ, മതിലുകൾ എന്നിവ നിർമ്മിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവ

നിർമിച്ചും/നവീകരിച്ചും ജലത്തിന്റേയും ഭക്ഷണത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനവും, ജനജാഗ്രതാ സമിതികളുടെയും, ദ്രുതകർമ്മസേന (റാപ്പിഡ് റസ്പോൺസ് ടീം)കളുടെയും സേവനം ഈ പ്രദേശങ്ങളിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി ജൈവവേലിയും, ക്രാഷ്ഗാർഡ്, റോപ്പ്/റെയിൽ ഫെൻസിംഗ് എന്നിവയും പുതുതായി നിർമ്മിച്ചുവരുന്നുണ്ട്.

(ബി) മനുഷ്യ വന്യജീവി സംഘട്ടനങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്?

യഥാകാലങ്ങളിൽ ആവാസ വ്യവസ്ഥയുടെ വിസ്തൃതിക്ക് ഉണ്ടാകുന്ന കുറവ്, വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കത്തക്ക രീതിയിലുള്ള കൃഷികൾ, കാട്ടുതീ, വന്യമൃഗങ്ങളുടെ സഞ്ചാരപാത തടസ്സപ്പെടുത്തുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ എന്നിവയാണ് വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്ന സാഹചര്യം ഉണ്ടാകുന്നതിന് കാരണമാകുന്നത്.

(സി) വന്യജീവികൾക്ക് സ്വൈരവിഹാരം നടത്തുന്നതിനായി ചിന്നാർ വന്യജീവി കേന്ദ്രവും, പെരിയാർ കടുവാ സങ്കേതവും ബന്ധിപ്പിക്കുന്ന നീണ്ട ഒരു ആനത്താര ഉണ്ടാകണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത ആനത്താര ജനവാസകേന്ദ്രങ്ങളിലൂടെ കടന്ന് പോവുന്നുണ്ടോ; ഇത് കടന്ന് പോവുന്ന മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശമുണ്ടോ;

(ഇ) ഇതിനായി വിദേശ ഫണ്ടിംഗ് ഏജൻസികളുടെ ധനസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

(സി-ഇ) വന്യജീവികൾക്ക് സ്വൈരവിഹാരം നടത്തുന്നതിനായി ചിന്നാർ വന്യജീവി കേന്ദ്രവും പെരിയാർ കടുവാ സങ്കേതവും ബന്ധിപ്പിക്കുന്ന ഒരു ആനത്താര നിലവിലില്ല.

**കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം**

156(884) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുകയും കൂടുതൽ ജീവനക്കാരെ നിയമിച്ച് ശക്തമായ പട്രോളിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ, 2020 നവംബർ, ഡിസംബർ മാസങ്ങളിൽ കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ 150-ഓളം ജീവനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട്, കാട്ടാനകളെ തുരത്തുന്നതിനായി, 'ഓപ്പറേഷൻ ഗജ' എന്ന പേരിൽ ഒരു നടപടി സ്വീകരിക്കുകയും ആയത് വിജയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നാട്ടുകാരുടെ സഹകരണത്തോടെ, പടക്കങ്ങൾ പൊട്ടിക്കുന്നതുപോലുള്ള മാർഗ്ഗങ്ങളിലൂടെ കാട്ടാനകളെ തുരത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ മതിൽ, ട്രഞ്ച് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി ആയത് ആവശ്യാനുസരണം നിർമ്മിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ വർഷവും കൂടുതൽ സ്ഥലങ്ങളിൽ കാട്ടാനശല്യം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാട്ടാനകളുടെ ആക്രമണംമൂലം കാസർഗോഡ് ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കാട്ടാനകളുടെ അക്രമണംമൂലം സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | മണ്ഡലം | നാശനഷ്ടം (തുക രൂപയിൽ) |
|---|---|---|
| 1 | മഞ്ചേശ്വരം | 13,44,527 |
| 2 | കാസർഗോഡ് | 18,53,724 |
| 3 | കാഞ്ഞങ്ങാട് | 4,26,718 |
| 4 | തൃക്കരിപ്പൂർ | 1,22,275 |
| 5 | ഉദുമ | 7,84,801 |

(സി) ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരമായി എത്ര തുക നൽകിയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

നഷ്ട പരിഹാരമായി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മണ്ഡലം | നാശനഷ്ടം തുക (രൂപയിൽ) |
|---|---|---|
| 1 | മഞ്ചേശ്വരം | 17,23,727 |
| 2 | കാസർഗോഡ് | 20,56,327 |
| 3 | കാഞ്ഞങ്ങാട് | 14,28,735 |
| 4 | തൃക്കരിപ്പൂർ | 3,10,634 |
| 5 | ഉദുമ | 8,71,104 |

(ഡി) കാട്ടാനശല്യം ശാശ്വതമായി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റാപിഡ് റെസ്പോൺസ് ടീമിന്റെയും, "ഓപ്പറേഷൻ ഗജ" യുടെയും നടപടികൾ വിജയപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. കൂടാതെ, കർണ്ണാടക വനങ്ങളിൽനിന്നും എല്ലാ വർഷവും സ്ഥിരമായി കാട്ടാനകൾ പ്രവേശിക്കാറുള്ള വഴികൾ കണ്ടെത്തി ടി സ്ഥലങ്ങളിൽ ആനപ്രതിരോധ മതിലും, ട്രഞ്ചുകളും ഈ വർഷവും, വരും വർഷങ്ങളിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് വഴി കാട്ടാനശല്യം പരിഹരിക്കാൻ കഴിയും.

**കാട്ടുപന്നികളുടെ ആക്രമണം**

157(885) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യജീവനതന്നെയും ഭീഷണിയുയർത്തുന്ന കാട്ടുപന്നികൾ പോലെയുള്ളവയെ കൊല്ലുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കൃഷിക്കും നാശനഷ്ടം ഉണ്ടാക്കുന്ന വന്യജീവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനമനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.-

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം;

2. വനത്തിനു പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ സജ്ജമാക്കൽ;

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം;

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക വെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസക്രകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ;

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ;

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ;

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ;

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ;

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത-ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ 11-1-2021 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 05/2021/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വന്യജീവി ആക്രമണത്തിൽ കാർഷിക വിളകൾ നഷ്ടപ്പെടുന്ന കർഷകർക്ക് ആശ്വാസ ധനം നൽകാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ജനവാസ മേഖലയിൽ കാർഷിക വിളകൾക്കും മറ്റും നാശനഷ്ടമുണ്ടാകുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ പുതിയ പദ്ധതി നടപ്പിലാക്കുമോ?

വന്യജീവികളുടെ ആക്രമണത്തിൽ കാർഷിക വിളകൾ നഷ്ടപ്പെടുന്ന കർഷകർക്ക് നിലവിൽ 8-1-2015 ലെ ജി.ഒ. (എം.എസ്.) നമ്പർ 02/2015/വനം ഉത്തരവ് പ്രകാരമുള്ള ധനസഹായം നൽകിവരുന്നു.

**മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണവും കൃഷിനാശവും**

158(886) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയും സൈലന്റ്‌വാലിയും ഉൾപ്പെടെ മണ്ണാർക്കാട് മണ്ഡലത്തിൽ വനവുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ തുടർച്ചയായി കൃഷിനാശവും വന്യജീവി ആക്രമണവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അട്ടപ്പാടിയും സൈലന്റ് വാലിയും ഉൾപ്പെടെ മണ്ണാർക്കാട് മണ്ഡലത്തിൽ വനവുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ തുടർച്ചയായി കൃഷിനാശവും വന്യജീവി ആക്രമണവും നടക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യജീവി അക്രമങ്ങളിൽനിന്നും കൃഷിനാശത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമായതിനാൽ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

വന്യജീവി ആക്രമണവും കൃഷിനാശവും തടയാൻ മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു ദ്രുതകർമ്മസേനയും അഗളി കേന്ദ്രീകരിച്ച് ഒരു താൽക്കാലിക ദ്രുതകർമ്മസേനയും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ദ്രുതകർമ്മസേനയുടെ ശാക്തീകരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമഗ്രികളും യഥാസമയങ്ങളിൽ നൽകിവരുന്നുണ്ട്. ഇത് കൂടാതെ, പ്രശ്ന ബാധിത പ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരെ കൂടാതെ, വന്യജീവികളെ തിരികെ വനത്തിലേക്ക് അയയ്ക്കുന്നതിന് മാത്രം പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. വന്യജീവികൾ വനത്തിന് പുറത്ത് വരുന്നത് തടയാനായി 67.45 കിലോമീറ്റർ സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്. 114 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മാണത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബി പദ്ധതിയിൽ അംഗീകരിച്ചിട്ടുണ്ട്. ആയതു നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ 6 വർഷങ്ങളിലായി 3.55 കോടി രൂപ കൃഷിനാശത്തിന്റെ വകയിൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇത് കൂടാതെ, അഗളി കേന്ദ്രീകരിച്ച് ഒരു പുതിയ ദ്രുതകർമ്മസേന രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്. വന്യമൃഗങ്ങൾ ജനവാസ

കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുമ്പോൾ പ്രദേശവാസികളെ അറിയിക്കുന്നതിന് നിലവിൽ 7-2-2017 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 51/2017/വനം പ്രകാരം രൂപീകരിച്ച ജനജാഗ്രതാ സമിതിയുടെ യോഗം, യഥാസമയങ്ങളിൽ വന്യമൃഗ ആക്രമണപ്രദേശമായ സൈലന്റ്വാലി റെയിഞ്ചിലെ നീലിക്കൽ സെക്ഷനിലെ ഉപ്പുകുളം കേന്ദ്രീകരിച്ച് ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## കാട്ടുപന്നിയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്

159(887) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിശല്യംമൂലം പൊറുതിമുട്ടിയ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കൃഷിയ്ക്കും നാശനഷ്ടം ഉണ്ടാക്കുന്ന കാട്ടുപന്നികളിൽനിന്നും, വന്യജീവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനമനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.-

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുക;

2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ സജ്ജമാക്കുക;

3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ;

4. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ. സ്വീകരിക്കൽ;

5. വന്യജീവി ശല്യം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ;

6. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസസംഭരണികളും ചെക്കുഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കൽ;

7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ. കൂടാതെ, കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന എല്ലാ കാട്ടുപന്നികളെയും നശിപ്പിക്കാൻ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചും 11-1-2021-ൽ സ.ഉ. (സാധാ) 05/2021/വനം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കാട്ടുപന്നിയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാട്ടുപന്നികളെ ശല്യ വനജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 11(1) (b) വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ കേന്ദ്രസർക്കാർ മടക്കുകയുണ്ടായി. എന്നാൽ 21-12-2020-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് ടി തീരുമാനം പുനഃപരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന് വീണ്ടും കത്തയച്ചിട്ടുണ്ട്.

(സി) ആയതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

**ചാലക്കുടി മണ്ഡലത്തിലെ വന്യജീവി ആക്രമണം**

160(888) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തുടർച്ചയായി ഉണ്ടാകുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ സംരക്ഷണ വേലി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും റാപ്പിഡ് ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിനായും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

അതിരപ്പിള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനായി സംരക്ഷണ വേലി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് പ്രവൃത്തികൾ പൂർത്തിയായിവരുന്നു. റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരണം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആയതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് മേഖലയിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

വന്യജീവി ആക്രമണം തുടർച്ചയായി ഉണ്ടാകുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ഡിവിഷനിലെ അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം എന്നീ സ്ഥലങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ തടയുന്നതിന് സോളാർ ഫെൻസിംഗ് നടത്തിയിട്ടുണ്ട്. മൃഗങ്ങൾക്ക് കുടിവെള്ളം കാട്ടിൽ തന്നെ ലഭ്യമാക്കുവാൻ കുളങ്ങൾ, ചെക്കാഡാമുകൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ഭക്ഷ്യ ലഭ്യത ഉറപ്പ് വരുത്തുന്ന രീതിയിലുള്ള പരിപാലന പ്രവൃത്തികളും നടപ്പിലാക്കിവരുന്നുണ്ട്. വന്യജീവി ആക്രണം തടയുന്നതിന് വാഴച്ചാൽ ഡിവിഷന് കീഴിൽ വരുന്ന അതിരപ്പിള്ളി പഞ്ചായത്ത് ഏരിയയിൽ 2.205 കിലോമീറ്റർ ട്രഞ്ചും, 24.43 കിലോമീറ്റർ ചുറ്റളവിൽ സോളാർഫെൻസിംഗും നടത്തിയിട്ടുണ്ട്. വനത്തിനോടടുത്തുള്ള കൃഷിസ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഫലങ്ങൾ കൃഷി ചെയ്യാതിരിക്കുന്നതിനുള്ള ബോധവൽക്കരണം പ്രസ്തുത മേഖലകളിൽ കർഷകർക്ക് നൽകിവരുന്നുണ്ട്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം**

161(889) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സംഭവങ്ങൾ കൂടിവരുന്ന സാഹചര്യം പ്രതിരോധിക്കുന്നതിനായി എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സംഭവങ്ങൾ പ്രതിരോധിക്കുന്നതിനായി വനാതിർത്തിയിൽ സൗരോർജ്ജ കമ്പിവേലികൾ, ആനകിടങ്ങുകൾ, മതിലുകൾ എന്നിവ നിർമ്മിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവ നിർമ്മിച്ചും/ നവീകരിച്ചും ജലത്തിന്റേയും ഭക്ഷണത്തിന്റെയും

ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനവും, ജനജാഗ്രതാ സമിതികളുടെയും ദ്രുതകർമ്മ സേന (റാപ്പിഡ് റസ്പോൺസ് ടീം)കളുടെയും സേവനം ഈ പ്രദേശങ്ങളിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി ജൈവവേലിയും, ക്രാഷ്ഗാർഡ് റോപ്പ്/റെയിൽ ഫെൻസിംഗ് എന്നിവയും പുതുതായി നിർമ്മിച്ചുവരുന്നുണ്ട്.

(ബി) ഇതിന് ശാശ്വതപരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

ഈ വിഷയത്തിൽ ശാശ്വത പരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട്, ഡെറാഡൂണും, കേരള വനം വകുപ്പും സംയുക്തമായി പഠനം നടത്തി വരികയാണ്. ഇതിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

**കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടവർ**

162(890) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട കർഷകരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

5-4-2018-ലെ സ.ഉ.(കൈ.) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം, വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ തുകയും ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം ഉടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

(ബി) ഈ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(സി) ആക്രമണത്തിൽ മരണമടയുന്ന കർഷകരുടെ കുടുംബാംഗത്തിന് സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

**വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോൺ**

163(891) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോൺ ഒരുക്കുന്നതിനുള്ള (ഇ.എസ്.ഇസഡ്) വിജ്ഞാപനവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇ.എസ്.ഇസഡ് പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകർക്ക് ചില ആശങ്കകൾ ഉണ്ടാകുകയും ചില സ്ഥലങ്ങളിൽ അത് പ്രത്യക്ഷ സമരങ്ങളായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇത്തരം ആശങ്കകൾ അടിസ്ഥാനമില്ലാത്തതാണ്. പാരിസ്ഥിതിക സംവേദകമേഖലയിൽ (ഇ.എസ്.ഇസഡ്)വാണിജ്യഖനനം, മരങ്ങൾ വെട്ടിമാറ്റുക, തടിമില്ലുകൾ സ്ഥാപിക്കുക, മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക എന്നിവയ്ക്കാണ് നിയന്ത്രണമുണ്ടാകുന്നത്. ടി പ്രദേശത്തെ ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ, മഴവെള്ളസംഭരണം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിന് നിർദ്ദേശമുള്ളതാണ്. പരിസ്ഥിതിമലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽനിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം, വനനശീകരണം തടയൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ എന്നിവയാണ് പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ. പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതുമൂലം ടി മേഖലയിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാകാൻ സാദ്ധ്യതയില്ല.

(ബി) നിലവിൽ ഏതെല്ലാം വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമാണ് ബഫർ സോൺ ഒരുക്കുന്നത്; പരിസ്ഥിതി ലോല മേഖലയായി മാറ്റുന്നതിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നെയ്യാർ-പേപ്പാറ, ശെന്തുരുണി, പെരിയാർ ടൈഗർ റിസർവ് ഇടുക്കി, തട്ടേക്കാട്, ഇരവികുളം, ചിന്നാർ, ആനമുടി ഷോല, കുറിഞ്ഞിമല, പാമ്പാടുംഷോല, മതികെട്ടാൻ ഷോല, മംഗളവനം, പീച്ചി-വാഴാനി, ചിമ്മിണി, ചൂലന്നൂർ,

പറമ്പിക്കുളം, സൈലന്റ്‌വാലി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമാണ് പാരിസ്ഥിതിക സംവേദക മേഖല (ഇ.എസ്.ഇസഡ്)രൂപീകരിക്കുന്നത്. ശെന്തുരുണി, ഇടുക്കി, മതികെട്ടാൻ ഷോല, മംഗളവനം, മലബാർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കർഷകർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഇത് സംബന്ധിച്ച് കർഷകർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾക്ക് പരിഹാരം കാണുന്നതിനായി 28-9-2020-ൽ യോഗം ചേരുകയും സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കുചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, ശെന്തുരുണി, ഇടുക്കി, തട്ടേക്കാട്, പീച്ചി-വാഴാനി, ചൂലന്നൂർ, മലബാർ, ആറളം, കൊട്ടിയൂർ, എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

164(892) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പ് മാവേലിക്കര നിയമസഭ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള ഫീഡ്സിലെ ഓഡിറ്റ് നടപടികൾ

165(893) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സിലെ സ്ഥിരം ജീവനക്കാരുടെ പ്രൊമോഷൻ ചട്ടങ്ങളും, ശമ്പള പരിഷ്കരണവും യഥാസമയം നടപ്പിലാക്കുന്നുണ്ടോ; ഇല്ലായെങ്കിൽ ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള ഫീഡ്സിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടി നടന്നുവരികയാണ്. വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ ചട്ടങ്ങൾ അംഗീകരിച്ച് നേരത്തെ നടപ്പിലാക്കിയിട്ടുണ്ട്. അതിന്മേലുള്ള ഭേദഗതികൾ പരിശോധിച്ചുവരികയാണ്. കമ്പനിയിലെ ഓഫീസർ വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം പരിഗണിക്കാനാവില്ലെന്ന് കമ്പനിയെ അറിയിച്ചിട്ടുണ്ട്. അവരുടെ പ്രൊമോഷൻ ചട്ടങ്ങൾ പരിശോധിച്ചുവരികയാണ്.

(ബി) കേരള ഫീഡ്സിൽ യഥാസമയം ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഇല്ല. അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കേരള ഫീഡ്സ് സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ

166(894) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.*

(ബി) കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിയിൽ ഉൾപ്പെടുത്തി 2016-ന് ശേഷം ഇവിടെ ഏതെല്ലാം സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം നടത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട് *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2016-ന് ശേഷം കെപ്‌കോ വഴി ഏതെല്ലാം പദ്ധതികൾ ഇവിടെ നടപ്പിലാക്കിയെന്ന വിശദീകരിക്കുമോ?

കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ 2016-ന് ശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവ ഗ്രാമ പഞ്ചായത്തിൽ "കോഴി വളർത്തൽ ഗ്രാമങ്ങൾ" എന്ന പദ്ധതിയും അനുബന്ധം ബി-യുടെ രണ്ടാം പിരിവിൽ സൂചിപ്പിച്ചിരിക്കുന്ന വിദ്യാലയങ്ങളിൽ "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്" പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, മൃഗസംരക്ഷണവകുപ്പിന്റെ "കോഴിയും കൂട്ടും പദ്ധതി" കെപ്‌കോ മുഖേന കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2018 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പദ്ധതികൾ

167(895) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന് നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്; ആകെ എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

2. സ്കൂൾ പൗൾട്ടി

3. വളക്കുഴി നിർമ്മാണം

4. താറാവ് വളർത്തൽ പദ്ധതി

5. കമേഴ്സ്യൽ ഗോട്ടറി

6. വന്ധ്യതാനിവാരണ ക്യാമ്പ്

7. രാത്രികാല സർവ്വീസ്

8. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി

9. ബാക്ക്യാർഡ് പൗൾട്ടി ഫോർ എസ് സി ഫാമിലീസ്

10. വെള്ളപ്പൊക്ക ദുരന്തം

11. പലിശ രഹിത വായ്പ

ആകെ തുക - 87,32,500.

(ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ ഏതെല്ലാമാണ് പൂർത്തീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

ശ്രീകൃഷ്ണപുരം മൃഗാശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് AHD/3733/2017/M3 Dated, 22-10-2019 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 6250000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല.

(സി) പൂർത്തീകരിക്കപ്പെടാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

മേൽ പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 14-10-2020-ന നിർവ്വഹിക്കുകയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയും ആണ്.

**മൃഗങ്ങളുടെ ജനനനിയന്ത്രണ പരിപാടി**

168(896) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള അനിമൽ ബർത്ത് കൺട്രോൾ എന്ന പരിപാടി നിലവിൽ ഫലപ്രദമായി നടത്തുന്നുണ്ടോ;

(ബി) പദ്ധതി എത്രമാത്രം ഫലപ്രാപ്തിയിലെത്തിയെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്, നിലവിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 5-5-2017 ലെ 1450/2017 ഉത്തരവ് പ്രകാരമാണ്. ഇതുപ്രകാരം എ ബി സി പ്രോഗ്രാമിന് വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പാണ് നൽകുന്നത്. ആയതിനു വേണ്ട തുക നീക്കിവയ്ക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും കുടുംബശ്രീ യൂണിറ്റുകൾവഴി നടത്തുന്ന എ ബി സി പദ്ധതിയുടെ ജില്ലാതല നിർവ്വഹണ വിലയിരുത്തൽ കുടുംബശ്രീ സംസ്ഥാന മിഷൻ മുഖേന നടത്താറുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ?

കുടുംബശ്രീ മിഷന് പദ്ധതി നടത്തിപ്പിനായി ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 67,034 നായ്ക്കളുടെ വന്ധ്യംകരണം നാളിതുവരെ കുടുംബശ്രീ യൂണിറ്റുകൾ വഴി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 13,01,58,909 രൂപ വിനിയോഗിച്ചിട്ടുണ്ട്.

**അടൂർ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

169(897) ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് അടൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ പദ്ധതി തിരിച്ച് അടങ്കൽ തുക സഹിതം ലഭ്യമാക്കുമോ?

നടപ്പു സാമ്പത്തിക വർഷം അടൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ പദ്ധതി തിരിച്ച് അടങ്കൽ തുക സഹിതം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**മൃഗസംരക്ഷണ മേഖലയിൽ സുഭിക്ഷ കേരളം പദ്ധതി**

170(898) ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനവും ആവർത്തിച്ചുണ്ടായ പ്രളയവും വരൾച്ചയും മൃഗസംരക്ഷണ ക്ഷീരോല്പാദന മേഖലയിൽ ഏറെ പ്രതിസന്ധി സൃഷ്ടിച്ചതു മറികടക്കാൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്.

മൃഗസംരക്ഷണ വകുപ്പ് :

> കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള ലോക്ഡൗൺ കാലയളവിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും അനുവദിച്ച 5 കോടി രൂപ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ നൽകുന്നതിനും കോവിഡ്മൂലം നിരീക്ഷണത്തിൽ കഴിയുന്ന കർഷകരുടെ പശുക്കൾക്ക് തീറ്റ നൽകുന്നതിനുമായി വിനിയോഗിച്ചു. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ₹ 21,99,47,640 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ₹ 2,68,13,400 രൂപയുടെ കാലിത്തീറ്റ പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹ 65,80,000 രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിച്ചു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-ലെ പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാന- ത്തൊട്ടാകെ 22 ലക്ഷം രൂപ ചെലവഴിച്ച് 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രളയ ബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. കൂടാതെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു.

ക്ഷീരവികസന വകുപ്പ് :

പ്രളയദുരിതാശ്വാസം എന്ന നിലയിൽ 44 കോടി രൂപയുടെ വിവിധ പദ്ധതികളും കോവിഡ് സഹായം എന്ന നിലയിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ ധനസഹായവും നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ പാൽ സംഭരണത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയെങ്കിലും ഇപ്പോൾ സഹകരണ മേഖലയിലെ പാൽ സംഭരണം സർവ്വകാല റെക്കോഡായ പ്രതിദിന ശരാശരി 20.83 ലക്ഷം ലിറ്റർ എന്ന നിലയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രളയകാലത്ത് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം ₹ 21,99,47,640 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ₹ 2,68,13,400 രൂപയുടെ കാലിത്തീറ്റ പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹ 65,80,000 രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിച്ചു. 2019-ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം മൃഗസംരക്ഷണ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 22 ലക്ഷം രൂപ ചെലവഴിച്ച് 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു. ക്ഷീരവികസന വകുപ്പ് പ്രളയകാലത്ത് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് ഒരു പശു, രണ്ട് പശു,. അഞ്ച് പശു, പശുവും കിടാരിയും അടങ്ങിയ കോമ്പോസിറ്റ് ഡയറി യൂണിറ്റ്, കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ശാസ്ത്രീയ കാലിത്തൊഴുത്തിന്റെ

നിർമ്മാണം, കാലിത്തൊഴുത്തിന്റെ അറ്റകുറ്റപ്പണികൾ, ധാതുലവണ മിശ്രിതം, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്ക് നാശനഷ്ടം നികത്തുന്നതിനുള്ള പ്രത്യേക സഹായം, കണ്ടിജൻസി ഫണ്ട് എന്നിങ്ങനെ വിവിധ സഹായങ്ങൾ നൽകിയിട്ടുണ്ട്.

(സി) കോവിഡ് സൃഷ്ടിച്ച സാമ്പത്തിക ആഘാതം തരണം ചെയ്യുന്നതിന്റെ ഭാഗമായുള്ള സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു;

സംസ്ഥാന പദ്ധതിയിൽ നിന്ന് 154.15 കോടി രൂപയും റീബിൽഡ് കേരള പദ്ധതിയിൽ നിന്ന് 77 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ നിന്ന് 409.44 കോടി രൂപയുമാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സുഭിക്ഷ കേരളം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. താഴെ പറയുന്ന സംസ്ഥാന പദ്ധതികളാണ് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

1. ഗോവർദ്ധിനി
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്
3. കമേഴ്സ്യൽ ഗോട്ടറി
4. മെയിൽ കാഫ് ഫാറ്റനിംഗ്
5. NLM ഗോട്ട് സ്കീം

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ (RKI) മൃഗസംരക്ഷണ മേഖലയിൽ നഷ്ടങ്ങൾ സംഭവിച്ച കർഷകർക്ക് ജീവനോപാധികൾ നൽകുന്നതിനായി 77 കോടിയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു;

1. പശുവളർത്തൽ
2. കിടാരി വളർത്തൽ
3. തൊഴുത്ത് നിർമ്മാണം
4. കാലിത്തീറ്റ സബ്സിഡി
5. കന്നുകാലി ഫാമുകളുടെ ആധുനികവത്കരണം
6. തീറ്റപ്പുൽ ഉല്പാദനം പദ്ധതി
7. ആട് വളർത്തൽ പദ്ധതി
8. വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി

9. പന്നി വളർത്തൽ പദ്ധതി

10. താറാവ് വളർത്തൽ പദ്ധതി

11. കന്നുകുട്ടികൾക്ക് പരിരക്ഷ ഉറപ്പാക്കാൻ തീറ്റ സബ്സിഡി.

ക്ഷീരവികസന വകുപ്പ് സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി കറവപ്പശുക്കൾ, കിടാരികൾ എന്നിവയെ വാങ്ങുന്നതിനും, തീറ്റപ്പുൽകൃഷിയ്ക്കുമുള്ള ധനസഹായം, കറവപ്പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനും, കാലിത്തൊഴുത്ത് പുതിയതായി നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള സഹായം, മിൽക്ക് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി എന്നിവ നടപ്പിലാക്കുന്നു.

**ചെങ്ങന്നൂർ മണ്ഡലത്തിൽ നൽകിയ നഷ്ടപരിഹാരം**

171(899) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019-ൽ ഉണ്ടായ മഹാപ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച മൃഗസംരക്ഷണ കർഷകർക്ക് (പശു, ആട്, കോഴി, താറാവ്, എരുമ മുതലായവ) ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര തുകയാണ് ആകെ നഷ്ട പരിഹാരമായി നൽകിയെന്നത് അറിയിക്കാമോ?

1,62,66,790 രൂപ.

(ബി) നൽകിയ നഷ്ടപരിഹാരത്തുക പഞ്ചായത്ത് തലത്തിൽ എത്രയാണെന്നത് വിവരിക്കാമോ?

| ക്രമ നമ്പർ | പഞ്ചായത്ത് | തുക |
|---|---|---|
| 1 | ആല | 469090 |
| 2 | ബുധനൂർ | 3431500 |
| 3 | ചെറിയനാട് | 571600 |
| 4 | പുലിയൂർ | 1902350 |
| 5 | പാണ്ടനാട് | 2490050 |
| 6 | തിരുവൻവണ്ടൂർ | 4195100 |
| 7 | മുളക്കുഴ | 168650 |
| 8 | വെൺമണി | 1163300 |
| 9 | ചെങ്ങന്നൂർ നഗരസഭ | 924250 |
| 10 | മാന്നാർ | 950900 |
| ആകെ തുക | | 16266790 |

(സി) ഇനിയും നഷ്ടപരിഹാരത്തുക നൽകുവാൻ ബാക്കിയുണ്ടോ; വിശദീകരിക്കാമോ?

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ 9 കർഷകർക്ക് കൂടി ധനസഹായം നൽകുവാനുണ്ട്. അതിനുള്ള നടപടികൾ മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**കൽപ്പറ്റ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

172(900) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ആയതിനായി ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) ഈ സർക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*

(സി) മണ്ഡലത്തിൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെ ഭാഗമായി വകുപ്പ് എത്ര രൂപയുടെ നഷ്ടപരിഹാരം നൽകിയെന്ന് അറിയിക്കുമോ; ഇനി ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

2018 പ്രളയ നഷ്ട പരിഹാര തുക - 4099600

2019 പ്രളയ നഷ്ട പരിഹാരതുക -1323450

**ക്ഷീരവികസനം**

173(901) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന മേഖലയിൽ ദൈനംദിന പാൽ ഉല്പാദനത്തിൽ എത്ര ലിറ്ററിന്റെ അധിക ഉല്പാദനം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന സമയം സഹകരണ മേഖലയിലെ പ്രതിദിന പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നു. നിലവിൽ പ്രതിദിന പാൽ സംഭരണം 20.83 ലക്ഷം ലിറ്ററായി ഉയർന്നിട്ടുണ്ട്.

(ബി) മിൽമ വഴി ഒരു ലിറ്റർ പാൽ അളക്കുന്ന കർഷകന് എത്ര രൂപ അനുവദിക്കുന്നുണ്ടെന്നും കർഷകന് മറ്റെന്തെല്ലാം സഹായമാണ് വിതരണം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

ക്ഷീരസംഘം വഴി പാലളക്കുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ മിൽക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്. ഒരു രൂപ വകുപ്പിന്റെ സഹായമായും, മൂന്ന് രൂപ തദ്ദേശസ്വയംഭരണ വകുപ്പ് വഴിയുമാണ് നൽകുന്നത്. കൂടാതെ, ക്ഷീരവികസന വകുപ്പിലൂടെ ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽകൃഷി പദ്ധതി തുടങ്ങിയ സഹായപദ്ധതികളും ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ലഭിക്കുന്നതാണ്.

**ക്ഷീരകാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

174(902) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയും പ്രതികൂലകാലാവസ്ഥയും സംസ്ഥാനത്ത് ക്ഷീരോല്പാദനമേഖലയിൽ എന്തെല്ലാം പ്രതിസന്ധികളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിമൂലമുണ്ടായ ലോക്ഡൗൺ കാലയളവിൽ പാൽ യഥാസമയം സംഘങ്ങളിൽ എത്തിക്കുന്നതിന് തടസ്സം നേരിട്ടു. കടകൾ അടഞ്ഞ് കിടന്നത് പാൽ വിൽപ്പനയെ പ്രതികൂലമായി ബാധിച്ചു. ക്ഷീര കർഷകർ, കറവക്കാർ എന്നിവർക്ക് കോവിഡ് ബാധിച്ചതും ക്ഷീര മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പ്രതികൂല കാലാവസ്ഥയും, കോവിഡ് വ്യാപനവും കാലിത്തീറ്റ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതയേയും പ്രതികൂലമായി ബാധിച്ചു.

(ബി) പ്രസ്തുത കാലയളവിൽ പാൽ ഉല്പാദനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ?

ഏപ്രിൽ 2020-ൽ പാലുല്പാദനം പ്രതിദിനം 16.8 ലക്ഷം ലിറ്ററായി കുറഞ്ഞിരുന്നു. ഇത് പരിഹരിക്കുന്നതിന് തീറ്റവസ്തുക്കളുടെ ലഭ്യതയും പാൽ

സംഭരണവും ഉറപ്പാക്കുകയും ലോക്ഡൗൺ കാലഘട്ടത്തിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകുകയും ചെയ്തു. കൂടാതെ 2.95 ലക്ഷം ചാക്ക് കാലിത്തീറ്റ ക്ഷീര കർഷകർക്ക് വിതരണം ചെയ്യുകയുമുണ്ടായി.

(സി) പ്രസ്തുത പ്രതിസന്ധികളുടെ കാലയളവിൽ ക്ഷീരകാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകരെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തീറ്റവസ്തുക്കളുടെ ലഭ്യതയും പാൽ സംഭരണവും ഉറപ്പാക്കി. കൂടാതെ ഈ കാലഘട്ടത്തിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകി. 2.95 ലക്ഷം ചാക്ക് കാലിത്തീറ്റയും നൽകി. ക്ഷീര സഹകരണ സംഘം ജീവനക്കാർക്ക് കോവിഡ് ബാധിച്ച് പാൽ സംഭരണം നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ ബദൽ സംവിധാനങ്ങളിലൂടെ പാൽ സംഭരണം തടസ്സം കൂടാതെ നിർവ്വഹിച്ചു. ക്ഷീര സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും പാൽ സംഘത്തിലെത്തിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തി. മിൽമയടക്കമുള്ള സഹകരണ സ്ഥാപനങ്ങളുടെ പാൽ വില്പനയിൽ കുറവുണ്ടായ സ്ഥലങ്ങളിൽ അതത് ജില്ലാ കളക്ടർമാരുടെ സഹകരണത്തോടെ പാൽ വിപണന ബൂത്തുകൾ തുറന്നു പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചു. 1-3-2020 മുതൽ 20-3-2020 വരെയുള്ള കാലയളവിൽ ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങൾ അളന്ന ഓരോ ലിറ്റർ പാലിനും 1 രൂപ ആശ്വാസ ധനസഹായമായി നൽകിയിരുന്നു (പരമാവധി 1000 രൂപ). കോവിഡ് രോഗ ബാധിതരായ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും ധന സഹായമായി അനുവദിക്കുന്നുണ്ട്. തീറ്റ വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കാൻ സംഘങ്ങളിലൂടെ 10 ലക്ഷം രൂപ സബ്സിഡിയോടെ വൈക്കോൽ വിതരണം ചെയ്തു.

**ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത**

175(903) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഉല്പാദനശേഷിയുള്ള കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനും ഫാമുകളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ട് എം.എസ്.ഡി.പി. പദ്ധതി, പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും തീറ്റപ്പുൽകൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ടുള്ള തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ശാസ്ത്രീയമായ പശുപരിപാലനം ലക്ഷ്യം വച്ചുകൊണ്ടുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുകുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ 1 ½ വർഷക്കാലത്തേയ്ക്ക് നൽകിക്കൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ചുവരുന്നു. കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുപരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷുറൻസ് എന്നിവ സൗജന്യമായി നൽകിവരുന്നു. 5 ഏക്കർ സ്ഥലത്ത് വ്യാവസായിക പുൽകൃഷി നടത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകിവരുന്നു. ക്ഷീര കർഷകർക്ക് ആവശ്യമായ പച്ചപ്പുല്ലിനു പുറമെ ചോള സൈലേജ്, വൈക്കോൽ എന്നിവ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് സബ്സിഡി നിരക്കിൽ എത്തിച്ചു നൽകുന്നു. കന്നുകാലികൾക്ക് ആവശ്യമുള്ള ഗുണമേന്മയുള്ള വിവിധ തരം പിണ്ണാക്കുകൾ, ചോളപ്പൊടി, തവിടുകൾ ഇവയെല്ലാം ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. കുത്തിവയ്പ്പിനാവശ്യമായ കൃത്രിമ ബീജാധാന സെന്ററുകൾ സംഘങ്ങൾ വഴി നടത്തുകയും കർഷകരുടെ വീട്ടിലെത്തി കുത്തിവെപ്പ് സൗകര്യങ്ങൾ നൽകി വരികയും, ബീജമാത്രകളുടെ വില കർഷകർക്ക് തിരികെ നൽകുകയും ചെയ്യുന്നു. എറണാകുളം മേഖല യൂണിയൻ വേനൽക്കാല ഇൻസെൻറീവ്, വായ്പ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി വായ്പ പലിശ സബ്സിഡി, ഫാമുകളുടെ യന്ത്രവൽക്കരണത്തിന് നൽകുന്ന ധനസഹായം, 50 ലിറ്ററിൽ കൂടുതൽ പാൽ നൽകുന്ന കർഷകർക്ക് ഫാം ഇൻസെന്റീവ് എന്നിവ നൽകിവരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവപശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷുറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗ ചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്നതിന് കടത്ത് കൂലി, മരണാനന്തര

ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം എന്നീ ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കിവരുന്നു.

(ബി) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനോടൊപ്പം ക്ഷീരകർഷകരുടെ സാമൂഹ്യ, സാമ്പത്തിക ഉന്നമനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ക്ഷീരകർഷകരുടെ സാമൂഹ്യ ഉന്നമനത്തിനായി ക്ഷീരകർഷക പെൻഷൻ, കുടുംബപെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാധനസഹായം, വിവാഹധനസഹായം, കൂടാതെ, ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷുറൻസ്) എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക്ഷെഡ് ഡെവലപ്മെന്റ്, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി എന്നിവയും നടപ്പാക്കുന്നു. ഇതിന് പുറമേ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) സംയോജിത ക്ഷീരവികസന പദ്ധതിയായ ക്ഷീരഗ്രാമം പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് ലഭ്യമാകുന്ന ഗുണഫലങ്ങൾ എന്തൊക്കെയാണെന്നും ഇത് കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ സംരംഭകർക്കും നിലവിലുള്ള ക്ഷീരകർഷകർക്കും പ്രയോജനകരമായ വിവിധ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സംരംഭകർക്ക് 2 പശു, 5 പശു ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പശുക്കളെ വളർത്തുന്നവർക്ക് സാഹചര്യങ്ങൾ അനുസരിച്ച് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവയന്ത്രം വാങ്ങുന്നതിനും ധാതുലവണ മിശ്രിതം വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. കൂടാതെ, പശുക്കൾക്കൊപ്പം കിടാരികളെക്കൂടി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് കോമ്പോസിറ്റ് ഡെയറി യൂണിറ്റ് പദ്ധതിയും ക്ഷീരഗ്രാമം പദ്ധതിയുടെ ഒരു ഘടകമാണ്. ക്ഷീരവൃത്തിക്ക് അനുയോജ്യമായ കൂടുതൽ പഞ്ചായത്തുകളെ കണ്ടെത്തുന്ന മുറയ്ക്ക് ക്ഷീരഗ്രാമ പദ്ധതി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

## വള്ളിക്കുന്ന് മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

176(904) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകൾ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി സർക്കാരിന് ലഭിച്ച നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2020-21 വർഷത്തെ ക്ഷീരഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിന് വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിനെ തെരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

## പാലുല്പാദനത്തിലെ വർദ്ധനവ്

177(905) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഓരോ വർഷവും പാൽ ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഉണ്ടായ വർദ്ധനവിന്റെ കണക്ക് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രതിദിനം 2 ലക്ഷം ലിറ്റർ പാൽ അധികമായി സംഭരിച്ചു വരുന്നുണ്ട്. പാലുല്പാദനത്തിൽ സഹകരണ മേഖലയിലൂടെ ഉണ്ടായ വർദ്ധനവിന്റെ കണക്കും, സംസ്ഥാനത്തെ മൊത്തം പാൽ ഉൽപാദനത്തിലും, ഉൽപാദനക്ഷമതയിലും ഉണ്ടായ വർദ്ധനവിന്റെ കണക്കും അനുബന്ധം-1 ൽ ചേർക്കുന്നു*.

(ബി) പാൽ ഉൽപാദന വർദ്ധനവിനും പാൽ ഉൽപാദനക്ഷമതാ വർദ്ധനവിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് പാലുല്പാദന വർദ്ധനവ് ലക്ഷ്യം വച്ചാണ് കറവപ്പശുക്കളെ വിതരണം ചെയ്യുന്നതിനുള്ള എം.എസ്.ഡി.പി. പദ്ധതി, തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ഫാമുകളുടെയും തീറ്റപ്പുൽ കൃഷിത്തോട്ടങ്ങളുടെയും യന്ത്രവൽക്കരണം എന്നീ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. മൃഗ സംരക്ഷണ വകുപ്പ് സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നുണ്ട്. ഒരു പശുക്കുട്ടിക്ക് നിലവിൽ 12500 രൂപ സബ്സിഡി നൽകിവരുന്നു. ഇരു പദ്ധതികളിലുമായി കഴിഞ്ഞ 3 വർഷങ്ങളിലായി 1,98,162 പശുക്കുട്ടികളെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയ പരിരക്ഷ ലഭ്യമാക്കി. 2019-2020 ൽ കാഫ് അഡോപ്ഷൻ പദ്ധതിയിൽ 20878 കന്നുകുട്ടികളെയും, ഗോവർദ്ധിനി പദ്ധതിയിൽ 14448 കന്നുകുട്ടികളെയും ഉൾപ്പെടുത്തി. സംസ്ഥാനത്ത് പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കന്നു കാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതികൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ക്ഷീര കർഷകരുടെയും ഉരുകൾക്കും സൗജന്യമായി ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ, വിര മരുന്ന്, ധാധു ലവണ മിശ്രിതം, വാക്സിനേഷൻ എന്നിവ നൽകിവരുന്നു.

(സി) പാലുൽപാദനത്തിനും ഉൽപാദനക്ഷമതയ്ക്കുമായി എത്ര തുക വകയിരുത്തിയെന്ന് വിശദമാക്കാമോ?

ക്ഷീര വികസന വകുപ്പ് തൻവർഷം 103.71 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. മൃഗ സംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന ഗോവർദ്ധനി പദ്ധതിക്ക് 40 കോടി രൂപയും, കന്നുകുട്ടി പരിപാലന പദ്ധതിക്ക് 10 കോടി രൂപയും ഉൾപ്പെടെ രണ്ട് പദ്ധതികൾക്കുമായി ഈ സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### പയ്യന്നൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

178(906) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ 2016-17 മുതൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. രാത്രികാല മൃഗചികിത്സാ സേവനം
2. സ്കൂൾ പൗൾട്രി ക്ലബ്
3. മിൽക്കിംഗ് മെഷീൻ സ്ഥാപിക്കൽ
4. എക്സ്പാൻഷൻ ഓഫ് ക്രോസ് ബ്രീഡിംഗ്-ഇൻഫെർട്ടിലിറ്റി ക്യാമ്പുകൾ
5. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറി
6. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്
7. മൃഗക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച ബോധവൽക്കരണ സെമിനാർ
8. സ്കൂളുകളിലുള്ള മൃഗക്ഷേമ പ്രവർത്തനങ്ങൾ
9. വായ്പ പലിശ സബ്സിഡി പദ്ധതി

10. കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം
11. കന്നുകാലി ഇൻഷുറൻസ്
12. 24 മണിക്കൂർ മൃഗാശുപത്രി (വിളക്കണയാത്ത മൃഗാശുപത്രി)
13. പ്രത്യേക കന്നുകുട്ടി പരിപാലനം
14. ജന്തുരോഗ നിയന്ത്രണ പദ്ധതികൾ
15. വിവിധ ജനകീയാസൂത്രണ പദ്ധതികൾ
16. റീബിൽഡ് കേരള ഇനീഷ്യേറ്റീവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണ പദ്ധതികൾ

(ബി) ക്ഷീരഗ്രാമം പദ്ധതി പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇല്ല, ഈ വർഷം ക്ഷീരഗ്രാമം പദ്ധതി അനുവദിക്കാനായി ഫണ്ട് ലഭ്യമല്ല.

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

179(907) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ പാലിന്റെ അളവ് എത്ര?

സംസ്ഥാനത്ത് പ്രതിദിനം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്.

(ബി) ഇതിൽ ഇതരസംസ്ഥാനങ്ങളിൽനിന്നും ദൈനംദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നത്; ഏതൊക്കെ സംസ്ഥാനങ്ങളിൽനിന്നും എത്ര ലിറ്റർ വീതം; വ്യക്തമാക്കുമോ?

ഏകദേശം 5 ലക്ഷം ലിറ്റർ പാൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തുന്നുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്നും യഥാക്രമം 3.5 ലക്ഷം ലിറ്റർ, 1.5 ലക്ഷം ലിറ്റർ പാൽ എത്തുന്നുണ്ട്.

(സി) ഇവയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ?

പാലക്കാട് മീനാക്ഷിപുരത്തും കൊല്ലം ആര്യങ്കാവിലും ക്ഷീരവികസന വകുപ്പിന്റെ ഗുണനിയന്ത്രണ ലാബ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അതിർത്തി കടന്നുവരുന്ന എല്ലാ പാലും ഇവിടെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

കൂടാതെ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല പാൽ പരിശോധനാ ലാബിൽ അതത് ജില്ലകളിൽ വില്പന നടത്തുന്ന കുറഞ്ഞത് 25 വ്യത്യസ്ത ബ്രാന്റുകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാസർഗോഡ്, ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിലെ റീജ്യണൽ ലാബുകളിലും പാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള തിരുവനന്തപുരത്തെ സ്റ്റേറ്റ് ഡയറി ലാബിൽ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL Accreditated ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു.

(ഡി) സംസ്ഥാനത്തിന് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ഈ സർക്കാർ കാലയളവിനുള്ളിൽ സാധിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. മലബാർ മേഖലായൂണിയൻ പ്രതിദിനം 2 ലക്ഷം ലിറ്റർ പാൽ അധികമായി സംഭരിക്കുന്നുണ്ട്. ഇങ്ങനെ അധികമായി സംഭരിക്കുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾക്ക് നൽകുകയും ഏകദേശം 90000 ലിറ്റർ പാൽ തമിഴ്നാട്ടിൽ അയച്ച് പാൽപ്പൊടിയായി സൂക്ഷിക്കുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സമ്പൂർണ്ണ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

**കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

180(908) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ ക്ഷീരമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും എത്ര രൂപ പ്രസ്തുത മേഖലയിൽ ചെലവാക്കിയിട്ടുണ്ട് എന്നും വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ ക്ഷീരമേഖലയിൽ തീറ്റപ്പുൽ വികസന പദ്ധതി, മിൽക്ക്ഷെഡ് വികസന പദ്ധതി, ക്ഷീരസംഘങ്ങളുടെ നവീകരണം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

181(909) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരഗ്രാമം പദ്ധതിയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആവശ്യപ്പെട്ട് സർക്കാറിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2020-21 വർഷത്തെ ക്ഷീരഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിന് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിനെ തെരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

**ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നവീന പദ്ധതി**

182(910) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. 1. ഗുണമേന്മയുള്ള വർഗ്ഗഗുണമുള്ള ഉരുക്കളെ ലഭ്യമാക്കുക. 2. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക 3. കാലിത്തീറ്റ ധനസഹായം 4. പാലിന് ഇൻസെന്റീവ് 5. ഫാം യന്ത്രവൽക്കരണം സാധ്യമാക്കുക 6. പാൽ സംഭരണ, സംസ്കരണ, വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക 7. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. കൂടാതെ മിൽമ മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുകുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ ഒന്നര വർഷക്കാലത്തേക്ക് നൽകികൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ചുവരുന്നു. കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുപരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷുറൻസ് എന്നിവ സൗജന്യമായി നൽകിവരുന്നു. ക്ഷീര സംഘങ്ങൾ വഴി 2019-20 വർഷം 4018 മെട്രിക് ടൺ പച്ചപ്പുല്ല് സബ്സിഡിയോടുകൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 'ഫാം സപ്പോർട്ട്' സബ്സിഡി വഴി കൂടുതൽ പശുക്കളുള്ള ആധുനിക ഡെയറി ഫാമുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു.

(ബി) കൃഷി ഒരു സംസ്കാരമായി കണ്ടിരുന്ന കേരള ജനതയെ കാലിവളർത്തൽ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി എന്നിവയാണ് കേരള ജനതയെ കാലിവളർത്തൽ രംഗത്തേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ. കൂടാതെ മിൽമ എറണാകുളം മേഖല യൂണിയൻ അകിടുവീക്ക നിയന്ത്രണത്തിലുള്ള പ്രത്യേക പദ്ധതി, വൈക്കോൽ വിതരണത്തിനും കറവയന്ത്രത്തിന് സബ്സിഡി, 50 ലിറ്ററോ അതിലധികമോ പാൽ സംഘങ്ങളിൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെൻറീവ്, സംഘങ്ങളിൽ പാൽ നൽകുന്ന കർഷകരുടെയും മുഴുവൻ കറവപ്പശുക്കളെയും വിരവിമുക്തമാക്കുന്നതിനുള്ള പദ്ധതി, ലോൺ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി ലോൺ പലിശ സബ്സിഡി, റബർമാറ്റുകൾ വാങ്ങുന്നതിന് സബ്സിഡി, പാൽ ക്യാനുകൾ വാങ്ങുന്നതിന് സബ്സിഡി തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(സി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നവീനമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ്, കണ്ടിജൻസി ഫണ്ട്, ഫാമുകളുടെയും തീറ്റപ്പുൽ കൃഷിത്തോട്ടങ്ങളുടെയും യന്ത്രവൽക്കരണം, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി, ഗ്രാമ പഞ്ചായത്തുകളെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പാലുല്പാദനം

183(911) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ പാലിന്റെ ആവശ്യകത സംബന്ധിച്ചും പാലുല്പാദനം സംബന്ധിച്ചുമുള്ള സ്ഥിതി വിവരക്കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

## ക്ഷീരമേഖലയുടെ പുനർനിർമ്മാണം

184(912) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ വിദഗ്ദ്ധ തൊഴിൽ പരിശീലനം, കമ്പ്യൂട്ടർ വൽക്കരണം, അക്കൗണ്ടിംഗ് സംവിധാനം, ഇന്റർനെറ്റ് സംവിധാനം മുതലായവയോട് കൂടിയ ഇൻഫർമേഷൻ ഹബ്ബായി പ്രവർത്തിക്കുന്ന ക്ഷീരവിജ്ഞാന കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും അക്കൗണ്ടിംഗ് കുറ്റമറ്റതാക്കുന്നതിനും പാൽ സംഭരണം, ഗുണനിലവാര നിർണ്ണയം, പാൽ വില നിശ്ചയിക്കൽ എന്നിവ സുതാര്യമാക്കുന്നതിനും ക്ഷീര സംഘങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും വെബ് അധിഷ്ഠിത യൂണിഫൈഡ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സമീപ ഭാവിയിൽ തന്നെ ക്ഷീര സഹകരണ സംഘങ്ങൾ, ക്ഷീര വികസന വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ, മേഖലാ യൂണിയനുകൾ, സഹകരണ ഓഡിറ്റ് വിഭാഗം എന്നിവ ഈ സോഫ്റ്റ്‌വെയറിലൂടെ സംയോജിപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ, വിജ്ഞാന വ്യാപന പ്രവർത്തനത്തിനുള്ള ഒരു ഹബ്ബായും ക്ഷീരസഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ പുനർനിർമ്മാണത്തിനായി ക്ഷീരനവോത്ഥാനം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ക്ഷീര കർഷകർക്കുണ്ടായ നാശനഷ്ടത്തിൽനിന്നും കരകയറ്റുന്നതിന് വേണ്ടിയാണ് ഇങ്ങനെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്. 44 കോടി രൂപയാണ് 2 വർഷങ്ങളിലായി ഈ പദ്ധതിക്കായി ചെലവഴിച്ചത്.

(സി) നൂറ് കിടാരികൾ ഉൾപ്പെടുന്ന കിടാരി പാർക്കുകൾ ക്ഷീര സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ കറവപ്പശുക്കളെ അന്യ സംസ്ഥാനത്തു നിന്നാണ് വാങ്ങി വരുന്നത്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഗുണമേന്മയുള്ള പുതുതലമുറ പശുക്കളെ പ്രാദേശികമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിടാരി പാർക്ക് പദ്ധതി വകുപ്പ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടത്. സംസ്ഥാനത്ത് 4 കിടാരി പാർക്കുകൾ സ്ഥാപിച്ച് ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

## വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദവിവരം

185(913) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും ആരംഭിക്കാനുള്ളതുമായ പ്രവൃത്തികൾ തരംതിരിച്ച് വിശദമാക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) എല്ലാ പ്രവൃത്തികളും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പിറവം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

186(914) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവം നിയോജകമണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2016 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളം മുഖേന പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു*.

പിറവം നിയോജകമണ്ഡലത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് എന്നീ പദ്ധതികളിലായി 2016-17, 17-18, 18-19, 19-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.*

കെ.ആർ.ഡബ്ല്യു.എസ്.എ. (ജലനിധി) യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 850 ഗുണഭോക്താക്കളുടെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന പദ്ധതി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതിനോടകം 250 കുടുംബങ്ങളിൽ പദ്ധതി നടപ്പിലാക്കി. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മഴവെള്ളം കടത്തിവിടുന്നതിലൂടെ കിണറുകളിൽ സ്ഥായിയായി ജലം ലഭ്യമാക്കുന്നതിന് സഹായകരമാകുന്നതാണ്.

കൊനോത്തുപുഴയ്ക്ക് കുറുകെ ലോകോട്ടു കൂടിയ റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 25.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി KIIDC മുഖേന ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## രാജാ രവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ഭൂമി വിട്ടുനൽകുന്നതിന് നടപടി

187(915) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മാവേലിക്കര ഓഫീസ് നിലനിന്നിരുന്നതിനോടനുബന്ധിച്ചുള്ള സ്ഥലം രാജാ രവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനും എൻ.ഒ.സി. നല്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

31-5-2020-ലെ സർക്കാർ കത്ത് നമ്പർ ഐആർ1/ 179/2019-ജ.വി.വ. പ്രകാരം പമ്പ ജലസേചന പദ്ധതി വക 66 സെന്റ് സ്ഥലം നിലവിലെ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി വിട്ടു നൽകുവാൻ അനുമതി നൽകിയിരുന്നു. അതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഇത് സംബന്ധിച്ച ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## കൊല്ലം നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

188(916) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

(എ&ബി) സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ നടപ്പിലാക്കിവരുന്ന ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

(1) കൊല്ലം ആശ്രാമം ചിൽഡ്രൻസ് പാർക്കിന് മുൻവശത്ത് ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ നിർമ്മാണവും പാർക്കിംഗ് ഏരിയായുടെ വികസനവും - ഭരണാനുമതി നൽകി പ്രവൃത്തി 84 % പൂർത്തീകരിച്ചു.

താഴെ പറയുന്ന 2 മുതൽ 6 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു:

(2) കൊല്ലം തോടിന്റെ സംരക്ഷണത്തിനു വേണ്ടി കൊച്ചുപിലാമൂട് പാലം മുതൽ പള്ളിത്തോട്ടം പാലം ചെയിനേജ് 71.33 കി.മീ. - നം 72.250 കി.മീ. മധ്യേ ചെയിൻ ലിങ്ക് ഫെൻസിംഗ്.

(3) കൊല്ലം തോടിന്റെ സംരക്ഷണത്തിന് വേണ്ടി പള്ളിത്തോട്ടം മുതൽ കല്ലുപാലം വരെ ചെയിനേജ് 72.250 കി.മീ.-നം 72.950 കി.മീ. മധ്യേ ചെയിൻ ലിങ്ക് ഫെൻസിംഗ്.

(4) കൊല്ലം തോടിന്റെ സംരക്ഷണത്തിന് വേണ്ടി കല്ലുപാലം മുതൽ ഇരുമ്പ് പാലം വരെ ചെയിനേജ് 72.950 കി.മീ.-നം 73.650 കി.മീ. മധ്യേ ചെയിൻ ലിങ്ക് ഫെൻസിംഗ്.

(5) കൊല്ലം കോർപ്പറേഷനിൽ തേവള്ളി എൻ.സി.സി. ഹെഡ്ക്വാർട്ടേഴ്സ് ബോട്ട് ജെട്ടി യുടെ അറ്റകുറ്റപ്പണികൾ.

(6) കൊല്ലം കോർപ്പറേഷനിൽ വഞ്ചിപ്പുഴ – ബോട്ട് ജെട്ടിയുടെ അറ്റകുറ്റപ്പണികൾ.

**മാവേലിക്കര നിയമസഭ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

189(917) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭ മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, പമ്പ ഇറിഗേഷൻ, കല്ലട ഇറിഗേഷൻ തുടങ്ങിയ പദ്ധതികളിലൂടെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരവും ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ മേജർ, മൈനർ വിഭാഗങ്ങൾ മുഖാന്തിരം ജലസേചന വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അവയുടെ നിലവിലെ അവസ്ഥയും അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റ ശേഷം പദ്ധതി വിഭാഗം 2-നു കീഴിൽ മാവേലിക്കര നിയമസഭ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ വർക്കുകളുടെ തുക വർഷം തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിധിയിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു*.

## മാഞ്ഞൂരിലെ അങ്കണവാടികൾക്ക് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം

190(918) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ രണ്ട് അങ്കണവാടികൾക്ക് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം അനുവദിക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് തേടിയിട്ടുണ്ടെങ്കിലും ഇതുവരെ റിപ്പോർട്ട് നൽകാത്ത സാഹചര്യം വ്യക്തമാക്കാമോ;

(ബി) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ ഒരു വർഷമായിട്ടും പ്രസ്തുത ഫയലിൽ വീഴ്ച വരുത്തിയതിനെക്കുറിച്ച് വിശദീകരണം നൽകാമോ?

(എ&ബി) മാഞ്ഞൂർ പഞ്ചായത്തിൽ 2-ാം വാർഡിൽ അങ്കണവാടി കെട്ടിടം പണിയുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം എം.വി. ഐ.പി കുറുപ്പന്തറ ഉപകനാലിന്റെ ചെ.2060 മീറ്ററിന് സമീപമാണ്. ഈ ഭാഗത്ത് കനാൽ കട്ട് ആൻറ് കവർ ആയിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഇവിടെ കട്ട് ആന്റ് കവറിന്റെ സ്ലാബ് ഭൂനിരപ്പിൽനിന്നും 2.50 മീറ്റർ താഴ്ചയിലാണ്. ഈ ഭാഗത്ത് കനാൽ നിർമ്മാണത്തിന് ശേഷം ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് അങ്കണവാടി കെട്ടിടം പണിതാൽ ഭാവിയിൽ കനാലിന്റെ ഈ ഭാഗത്ത് എന്തെങ്കിലും അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നാൽ അത് സാധ്യമാകുമോയെന്ന് പരിശോധിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിനായി പണിയാൻ ഉദ്ദേശിക്കുന്ന അങ്കണവാടി കെട്ടിടത്തിന്റെ പ്ലാൻ മാഞ്ഞൂർ പഞ്ചായത്തിൽനിന്നും ആവശ്യപ്പെട്ടിട്ടും യഥാസമയം ലഭ്യമാകാത്തതിനാലാണ് കാലതാമസമുണ്ടായത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഒഴിഞ്ഞു കിടക്കുന്ന ഉപയോഗശൂന്യമായ ഭൂമി സാമൂഹ്യക്ഷേമവകുപ്പിന് വിട്ടുനൽകി പഞ്ചായത്ത് മുഖേന അങ്കണവാടി പണിയുന്നതിന് വേണ്ട സഹായം നൽകുമോ?

നിർദ്ദിഷ്ട അങ്കണവാടി കെട്ടിടത്തിന്റെ അളവുകൾ ലഭ്യമായാൽ ഉടൻ തന്നെ പരിശോധിച്ച് സ്ഥലം വിട്ടു നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

**ഇറിഗേഷൻ വകുപ്പുകൾ വഴി നടപ്പിലാക്കിയ പദ്ധതികൾ**

191(919) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇനിയും പൂർത്തിയാകാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചനവും ഭരണവും കാര്യാലയത്തിന്റെ അധീനതയിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കിഫ്ബി മുഖാന്തരമുള്ള ജലവിഭവ പദ്ധതികൾ**

192(920) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം സംസ്ഥാനത്ത് വിഭാവന ചെയ്തിട്ടുള്ള ജലവിഭവ പദ്ധതികൾ എത്രയെണ്ണമാണ്; ഇതിനായി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

ജലസേചന വകുപ്പ് മുഖേന നടപ്പാക്കുന്ന കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപസ് വെഹിക്കിൾ ആയ കെ.ഐ.ഐ.ഡി.സി. ഏകദേശം 33 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി തത്വത്തിലുള്ള അംഗീകാരം നൽകുകയും 31 പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 15 പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും ഇതിനകം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ കീഴിൽ കിഫ്ബി മുഖാന്തരം വിഭാവന ചെയ്തിട്ടുള്ള 75 കുടിവെള്ള പദ്ധതികളിൽ 70 കുടിവെള്ള പദ്ധതികൾക്ക് 4428.769 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിൽ കിഫ്ബി മുഖാന്തിരം മൂന്ന് പദ്ധതികളാണ് നടപ്പാക്കാൻ വിഭാവന ചെയ്തിട്ടുള്ളത്. ഇതിനായി നീക്കിവച്ചിട്ടുള്ള തുക 43.90 കോടി രൂപയാണ്. ഈ പ്രവൃത്തികൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) കിഫ്ബി മുഖാന്തരം നടപ്പാക്കാനുദ്ദേശിക്കുന്ന ജലവിഭവ പദ്ധതികൾ ഏതൊക്കെയാണ്; ജില്ലതിരിച്ച് വിശദീകരിക്കാമോ;

(സി) ഓരോ ജലവിഭവ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

(ബി&സി) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും കിഫ്ബിയിൽ ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം 1*)

കേരള ജല അതോറിറ്റി മുഖേന കിഫ്ബിയുടെ അനുമതി ലഭിച്ച 70 കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -2 ആയി ചേർക്കുന്നു* കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും കിഫ്ബിയുടെ അനുമതി ലഭ്യമാകേണ്ടതുമായ ബാക്കി 5 പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -3 ആയി ചേർക്കുന്നു*.

(1) ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2 മുഖേന തൃശ്ശൂർ ജില്ലയിൽ പുതുക്കാട് പഞ്ചായത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കാനത്തോട് റഗുലേറ്റർ കം ബ്രിഡ്ജ് - 22 കോടി.

(2) കോട്ടയം ജില്ലയിൽ കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പിലാവ് ഭാഗത്ത് മീനച്ചിലാറിനു കുറുകെ നടപ്പാലത്തോടുകൂടിയ റഗുലേറ്ററിന്റെയും മിനിഡാമിന്റെയും നിർമ്മാണം - 10.10 കോടി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(3) കോട്ടയം ജില്ലയിലെ ഭരണങ്ങാനം പഞ്ചായത്തിലെ കുറ്റനാൽക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം - 11.80 കോടി എന്നിങ്ങനെ തുക വകയിരുത്തിയ പദ്ധതികൾ ഉണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

193(921) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബാലുശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ മൈനർ ഇറിഗേഷൻ വഴി നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മൈനർ ഇറിഗേഷൻ വഴി ബാലുശ്ശേരി മണ്ഡലത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.*

**ഒറ്റപ്പാലം മണ്ഡലത്തിലെ വികസന പ്രവൃത്തികൾ**

194(922) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തിരം എത്ര രൂപയുടെ വികസന പ്രവൃത്തികളാണ് നടപ്പിലാക്കിയത്? ഓരോ പദ്ധതിയുടേയും വിശദാംശം, അനുവദിക്കപ്പെട്ട തുക, പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശം, ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതി എന്നിവ പ്രത്യേകം പ്രത്യേകം നല്കാമോ;

(ബി) ഓരോ പദ്ധതിയുടേയും വിശദാംശം, അനുവദിക്കപ്പെട്ട തുക, പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശം, ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതി എന്നിവ പ്രത്യേകം പ്രത്യേകം നല്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിൽ ജലഅതോറിറ്റി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കിഫ്ബി 2016-17 - അമ്പലപ്പാറ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം 1000 ലക്ഷം - 5-3-2019 ന് പ്രവൃത്തി പൂർത്തീകരിച്ചു - നിലവിലുള്ള അമ്പലപ്പാറ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖലയുമായി ബന്ധിപ്പിച്ച് ഭാഗികമായി കമ്മീഷൻ ചെയ്ത് കുടിവെള്ള വിതരണം നടത്തിവരുന്നു.

2. കിഫ്ബി- അമ്പലപ്പാറ രണ്ടാംഘട്ടം പദ്ധതി - 1114 ലക്ഷം - 17-10-2019 ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു. 24-3-2021- ന് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

3. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - അമ്പലപ്പാറ പഞ്ചായത്ത് - മൂന്നാംഘട്ടം - 3728 ലക്ഷം - പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട് - മൂന്നാംഘട്ട പ്രവൃത്തി നടപ്പിലാക്കിയാൽ മാത്രമേ അമ്പലപ്പാറ പഞ്ചായത്തിൽ പൂർണ്ണതോതിലുള്ള ജലവിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ.

4. കിഫ്ബി 2016-17 - തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം കുടിവെള്ള പദ്ധതി- 2200 ലക്ഷം – പ്രവൃത്തികൾ പൂർത്തീകരിച്ചു കമ്മീഷൻ ചെയ്തു.

5. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - തച്ചനാട്ടുകര പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ 4733.33 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

6. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - കരിമ്പുഴ പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ 1409.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി ടെണ്ടർ ചെയ്തു.

7. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - അമ്പലപ്പാറ പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ 41.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി അറേഞ്ച് ചെയ്തു.

8. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - ലക്കിടി-പേരൂർ പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ - 16.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി അറേഞ്ച് ചെയ്തു.

9. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ 47.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി അറേഞ്ച് ചെയ്തു.

10. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - പൂക്കോട്ടുകാവ് പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ - 37.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി അറേഞ്ച് ചെയ്തു.

11. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - കടമ്പഴിപ്പുറം പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ 56.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി അറേഞ്ച് ചെയ്തു.

12. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - കരിമ്പുഴ പഞ്ചായത്തിലെ ടാങ്കുകളും വിതരണശൃംഖലകളുടെ കണക്ഷനുകളും നൽകുന്നതിനായി 24-12-2020-ൽ 51.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി അറേഞ്ച് ചെയ്തു.

13. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - അമ്പലപ്പാറ പഞ്ചായത്തിലെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 21-8-2020- 263.20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

14. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - കടമ്പഴിപ്പുറം പഞ്ചായത്തിലെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 21-8-2020-ൽ 188.23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

15. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - കരിമ്പുഴ പഞ്ചായത്തിലെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 21-8-2020-ൽ 182.86 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

16. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 21-8-2020-ൽ 123.84 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

17. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 21-8-2020-ൽ 118.57 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

18. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി - തച്ചനാട്ടുകര പഞ്ചായത്തിലെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 21-8-2020-ൽ 51.60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

19. സ്റ്റേറ്റ് പ്ലാൻ 2015-16-ഒറ്റപ്പാലം കുടിവെള്ള പദ്ധതി - മീറ്റിനെയിലും തോട്ടക്കരയിലും AC പൈപ്പ് മാറ്റി സ്ഥാപിക്കൽ -50 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

20. സ്റ്റേറ്റ് പ്ലാൻ 2016-17- ഒറ്റപ്പാലം കുടിവെള്ള പദ്ധതി- കുട്ടിലമുക്ക് പമ്പ്ഹൗസിനടുത്തു ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുന്നതിന്-1.25 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

21. സ്റ്റേറ്റ് പ്ലാൻ 2016-17-കുട്ടിലമുക്ക് പമ്പ്ഹൗസിനടുത്തും കായംപാറ KWA ഓഫീസിനടുത്തും ഫാബ്രിക്കേറ്റഡ് ക്യാബിൻ/ ഷെൽട്ടർ സ്ഥാപിക്കുന്നതിന് - 1 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

22. സ്റ്റേറ്റ് പ്ലാൻ 2016-17-കായംപാറ KWA ഓഫീസിനു മുന്നിൽ റാംപ് കെട്ടുന്നതിനും ഓഫീസിൽ കോമ്പൗണ്ട് ലെവെലിങ് ചെയ്യുന്നതിനും-1 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

23. സ്റ്റേറ്റ് പ്ലാൻ 2018-19-ഒറ്റപ്പാലം കുടിവെള്ള പദ്ധതിയിലെ പല സ്ഥലങ്ങളിലും - കേടായ AC/ GI 80mm- 300mm പൈപ്പുകൾ മാറ്റി 300mm DI, 160mm PVC & 150mm GI പൈപ്പുകൾ സ്ഥാപിക്കുന്നതിന്-605 ലക്ഷം രൂപ: പ്രവൃത്തി പുരോഗമിക്കുന്നു.

24. സ്റ്റേറ്റ് പ്ലാൻ 2018-19-ഒറ്റപ്പാലം കുടിവെള്ളപദ്ധതി- കായംപാറ 13 MLD-യിൽ നിന്നും മലിനജലം കൊണ്ടുപോകുന്നതിനായി കാന നിർമ്മിക്കുന്നതിന്- 16 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

25. സ്റ്റേറ്റ് പ്ലാൻ 2018-19-കരിമ്പുഴ കുടിവെള്ള പദ്ധതി- നെട്ടരകടവിൽ ശൗചാലയം നിർമിക്കുന്നതിന്- 1.15 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

26. സ്റ്റേറ്റ് പ്ലാൻ 2018-19-ഒറ്റപ്പാലം കുടിവെള്ളപദ്ധതി-ജല ശുദ്ധീകരണശാലയുടെ അടുത്തുള്ള ജീവനക്കാരുടെ ക്വാർട്ടേഴ്‌സ് പുനരുദ്ധാരണ പ്രവർത്തികൾക്ക്- 7 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

27. സ്റ്റേറ്റ് പ്ലാൻ 2018-19-കരിമ്പുഴ കുടിവെള്ള പദ്ധതി- കവുണ്ടയിലുള്ള ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷനിൽ ശൗചാലയം നിർമിക്കുന്നതിന്- 1.15 ലക്ഷം രൂപ: പ്രവൃത്തി പൂർത്തീകരിച്ചു.

28. സ്റ്റേറ്റ് പ്ലാൻ 2020-21-പി എച്ച് ഡിവിഷൻ ഷൊർണ്ണൂരിനു കീഴിലുള്ള പമ്പ്ഹൗസുകൾ (കുഴൽകിണർ പദ്ധതി) യന്ത്രവത്കരിക്കുന്നതിനു- 2.4 ലക്ഷം രൂപ: പ്രവൃത്തി പുരോഗമിക്കുന്നു.

29. സ്റ്റേറ്റ് പ്ലാൻ 2020-21- ഭാരതപ്പുഴയിൽ മീറ്റിന തടയണയിൽ MS ഷട്ടർ സ്ഥാപിക്കുന്നതിന്- 19.5 ലക്ഷം രൂപ: പ്രവൃത്തി പുരോഗമിക്കുന്നു.

30. സ്റ്റേറ്റ് പ്ലാൻ 2020-21 – പത്താൻകുളം കിണർ വൃത്തിയാക്കുന്നതിന് 0.5 ലക്ഷം രൂപ: പ്രവൃത്തി പുരോഗമിക്കുന്നു.

31. MLA/SDF/2016-17 – ലക്കിടി പേരൂർ പഞ്ചായത്തിൽ കൊട്ടേക്കാട് കുടിവെള്ള പദ്ധതിക്ക് കിണർ നിർമ്മിക്കുന്നതിന് 6.25 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം 3,089,565 രൂപയുടെ വികസന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടത്തിയ വികസന പ്രവൃത്തികളുടെ വിശദാംശം താഴെ പറയുന്നവയാണ്:

ഇറിഗേഷൻ ഡിവിഷൻ മലമ്പുഴയുടെ കീഴിൽ 53.95 ലക്ഷം രൂപയുടെ പ്രവൃത്തികളും കാഞ്ഞിരപ്പുഴ ഡിവിഷനുകീഴിൽ 231.61 ലക്ഷം രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖാന്തരം 1,53,19,000 രൂപയുടെ വികസന പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ജലനിധി മുഖാന്തരം നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.*

**കൊല്ലം നിയോജകമണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ**

195(923) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ കാലയളവിൽ കൊല്ലം നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് മുഖാന്തരം ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ അവസ്ഥയും അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**വർക്കല മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

196(924) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ജല അതോറിറ്റി മുഖേന വർക്കല മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്:

1. എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഇലകമൺ പഞ്ചായത്തിൽ വലിയവിള എസ്.സി. സങ്കേതത്തിലും, വാർഡ് നമ്പർ XVI-ലെ എസ്.സി. സങ്കേതങ്ങളിലുമായി 10.2 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർക്കല മുനിസിപ്പാലിറ്റിയിലെ വിവിധ കോളനികളിലെ 9 വർക്കുകളിലായി 23.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി 11 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

3. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 32 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

4. ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾക്കായി 2568.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിനു കീഴിൽ വർക്കല മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

(ബി) വർക്കല മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി 133 കോടി രൂപയുടെ പ്രൊപ്പോസൽ കേരള ജല അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. വർക്കല മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്താനായി ഉൽപാദന ഘടകങ്ങൾക്കായി 31 കോടി രൂപയുടെയും, വിതരണഘടകങ്ങൾക്കായി 39 കോടി രൂപയുടെയും ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വർക്കല ഓഗ്മെന്റേഷൻ പദ്ധതിയുടെയും, പള്ളിക്കൽ കുടിവെള്ള പദ്ധതിയുടെയും ഡി.ഇ.ആർ. തയ്യാറാക്കിവരുന്നു.

ജലസേചന വകുപ്പിനു കീഴിൽ വർക്കല മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വർക്കല മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിലേക്ക് എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 205 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിന്റെ ബിൽ തയ്യാറാക്കിവരുന്നു.

**ചേലക്കരയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

197(925) <u>ശ്രീ യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം ഇതേവരെ ജലവിഭവ വകുപ്പ് മൈനർ ഇറിഗേഷൻ വിഭാഗം മുഖേന ചേലക്കര നിയോജകമണ്ഡലത്തിൽ ചേലക്കര, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ ആഫീസ് പരിധിക്കുള്ളിൽ വിവിധ പദ്ധതികൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരുവിവരവും അനുവദിച്ച തുകയും പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ജലവിഭവവകുപ്പ് മൈനർ ഇറിഗേഷൻ വിഭാഗം മുഖേന ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് പരിധിക്കുള്ളിൽ വിവിധ പദ്ധതികൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരുവിവരവും അനുവദിച്ച തുകയും പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**അങ്കമാലി നിയോജകമണ്ഡലത്തിൽ ഇടമലയാർ പ്രോജക്ട്**

198(926) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനർ, മേജർ ഇറിഗേഷൻ വിഭാഗത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ അവസ്ഥ എന്തെന്നും ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾക്കുകീഴിൽ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പ് അങ്കമാലി നിയോജകമണ്ഡലത്തിൽ ഇടമലയാർ പ്രോജക്ടിന് കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ചീഫ് എഞ്ചിനീയർ പദ്ധതിവിഭാഗം 2-നു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനു കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റും ഓരോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അനുബന്ധം(2) ആയി ഉൾപ്പെടുത്തിയിരിക്കുന്നു. *

### കൊയിലാണ്ടിയിൽ മൈനർ ഇറിഗേഷൻ വകുപ്പ് വഴിയുള്ള പ്രവൃത്തികൾ

199(927) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനർ ഇറിഗേഷൻ വകുപ്പ് വഴി കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ എം.എൽ.എ. ഫണ്ട്, സർക്കാർ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചതും നടന്നുവരുന്നതും ഭരണാനുമതി കിട്ടിയതുമായ ആകെ പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ പട്ടികപ്പെടുത്തി നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.*

### കൊല്ലം മണ്ഡലത്തിൽ വൻകിട ജലസേചന വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾ

200(928) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ വൻകിട ജലസേചന വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം നിയോജകമണ്ഡല പരിധിയിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടേയും ടൂറിസം, MLA-ADF എന്നിവ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വണ്ടൂർ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

201(929) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ ജലവിഭവ വകുപ്പിൽനിന്നും അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ?

ജലഅതോറിറ്റിക്ക് കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.*

ഭൂജല വകുപ്പിനു കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.*

വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ 2 കുടിവെള്ള പദ്ധതികളാണ് കെ. ആർ. ഡബ്ല്യൂ. എസ്സ്. എ (ജലനിധി) രണ്ടാം ഘട്ട പദ്ധതി വഴി പൂർത്തീകരിച്ചത്. ആയത് തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

ജലസേചന വകുപ്പിനു കീഴിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ജലനിധി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

202(930) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും, ഇതിനായി അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവയും വിശദമാക്കാമോ ?

ഈ സർക്കാർ കാലയളവിൽ കായംകുളം നിയോജകമണ്ഡലത്തിൽ മേജർ, മൈനർ വിഭാഗങ്ങൾ മുഖാന്തരമുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അവയുടെ നിലവിലെ അവസ്ഥയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പദ്ധതികൾ

203(931) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും ആരംഭിക്കാനുള്ളതുമായ പ്രവൃത്തികൾ തരംതിരിച്ച് വിശദമാക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എല്ലാ പ്രവൃത്തികളും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

204(932) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾക്ക് കീഴിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിൽ നടന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് തുക സഹിതം അറിയിക്കാമോ;

(ബി) തുക അനുവദിച്ചതിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വിഭാഗങ്ങൾ മുഖേന മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിൽ നടന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *തുടങ്ങിയതും പൂർത്തിയാക്കാനുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

**വൻകിട ജലസേചന പദ്ധതികളുടെ പൂർത്തീകരണം**

205(933) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തി അനിവാര്യമായവ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങിയിരുന്ന ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ ഇതിനകം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതെന്ന് വെളിപ്പെടുത്താമോ?

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയിലെ കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10-ന് കമ്മീഷൻ ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ശേഷിക്കുന്ന പദ്ധതികൾ ഏത് ഘട്ടത്തിലാണ്; അവ പൂർത്തീകരിക്കുന്നതിനായി ഇനി എന്ത് തുകയാണ് ആവശ്യമായി വരുന്നത്; അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കാരാപ്പുഴ പദ്ധതിയുടെ ഹെഡ് വർക്ക്, ഇടതുകര, വലതുകര കനാലുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബ്രാഞ്ച് കനാലുകൾ 47.50 ശതമാനവും ഡിസ്ട്രിബ്യൂട്ടറികൾ 3.50 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 221.10 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. ബാണാസുരസാഗർ പദ്ധതിയിൽ മെയിൻ കനാൽ 84 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി 103.61 കോടി രൂപ ആവശ്യമാണ്. പദ്ധതികളുടെ ത്വരിതഗതിയിലുള്ള പൂർത്തീകരണത്തിനായി ആക്ഷൻപ്ലാൻ അംഗീകരിച്ച പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിവരുന്നു. ഇടമലയാർ ജലസേചന പദ്ധതിയിൽ കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. സ്ഥലമെടുപ്പിനും കനാലിന്റെ നിർമ്മാണത്തിനുമായിട്ട് ഏകദേശം 110 കോടി രൂപ ആവശ്യമായി വരും. ആകെയുള്ള 7575 മീറ്റർ ലിങ്ക് കനാലിൽ 2000 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തിൽ 4025 മീറ്റർ വരെയുള്ള ഭാഗത്തിന്റെ സ്ഥലമേറ്റെടുപ്പിനും നിർമ്മാണത്തിനും, പൂതംകുറ്റി ബ്രാഞ്ച് കനാലിന്റെ നവീകരണത്തിനും ഇടതുകര കനാലിന്റെ 9/900 കി.മീ. മുതൽ 4.10 കി.മീ. റീമോഡലിംഗിനും കൂടി 98 കോടി രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്.

**മൈനർ ഇറിഗേഷൻ മുഖേന കൂടുതൽ പദ്ധതി**

206(934) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള തോടിന് സംരക്ഷണഭിത്തി നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനർ ഇറിഗേഷൻ മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിടജലസേചന വിഭാഗം ഇടുക്കി മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ ആകെ 357.75 ലക്ഷം രൂപയുടെ പദ്ധതികളാണ് വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്.

(സി) കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ടോ?

കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

## പാറശ്ശാല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

207(935) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അതിനുവേണ്ടി അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ പദ്ധതി വിഭാഗം 2 മുഖേന നെയ്യാർ ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി 68 പ്രവൃത്തികൾക്കായി 10,77,31,479 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് *. ജല അതോറിറ്റി, ജലനിധി, ജലസേചന വകുപ്പ്, ഭൂജലവകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ, അനുവദിച്ച തുക, അവയുടെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 2, 3, 4, 5 എന്നിവയായി ഉള്ളടക്കം ചെയ്യുന്നു*.

## മലിനീകരണ ഭീഷണി നേരിടുന്ന നദികൾ

208(936) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല നദികളും കനത്ത മലിനീകരണ ഭീഷണി നേരിടുന്നുവെന്ന് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ കീഴിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ നദികൾ നേരിടുന്ന മലിനീകരണത്തെക്കുറിച്ച് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ കീഴിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന "ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM)" പഠനം നടത്തുകയും, നദീഭാഗങ്ങൾ/നദികൾ മലിനീകരണ ഭീഷണി നേരിടുന്നുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഏതൊക്കെ നദികളിലാണ് ഇത്തരത്തിൽ മലിനീകരണ ഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ളത്?

മലിനീകരിക്കപ്പെട്ട നദികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഏറ്റവും കൂടുതൽ മലിനീകരണം നേരിടുന്ന നദി ഏതാണ്; അതിനുള്ള കാരണമെന്താണ്?

ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) നടത്തിയ പഠനങ്ങളിൽ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയത് പെരിയാറും പമ്പാ നദിയുമാണ്. വ്യവസായശാലകളിൽനിന്നും കൃഷിയിടങ്ങളിൽനിന്നും സംസ്കരിക്കാതെ ഒഴുകിവരുന്ന മലിന ജലം നദികളിൽ കലരുന്നതാണ് മലിനീകരണത്തിന് കാരണം. കൂടാതെ പമ്പാ നദിയിൽ സമീപത്തുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽനിന്ന് വരുന്ന അവശിഷ്ടങ്ങളും നദിയിൽ എത്തിച്ചേരുന്നത് മലിനീകരണത്തിന് കാരണമാകുന്നു.

(ഡി) പ്രസ്തുത നദികളുടെ പുനരുജ്ജീവനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി വിശദ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കൺസൽട്ടൻസികളെ നിയോഗിച്ചിട്ടുണ്ടോ; അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ ഏന്തൊക്കെയാണ്?

കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന്റെ കീഴിൽ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി വോയന്റസ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് കരാർ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തോട്ടുകളുടെയും പുഴകളുടെയും സൈഡ്ഭിത്തി നിർമ്മാണം

209(937) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി 2018 മുതൽ നാളിതുവരെ നടത്തിയതും നടന്നു വരുന്നതുമായ തോടുകളുടെയും പുഴകളുടെയും സൈഡ്ഭിത്തി കെട്ടലിന്റെ വിവരങ്ങൾ നൽകാമോ?

വേങ്ങര നിയോജകമണ്ഡലത്തിൽ 2018 മുതൽ അനുവദിച്ച പ്രവർത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) അപകടകരമായ സ്ഥലങ്ങളിലെല്ലാം പുഴയുടെ സൈഡ്ഭിത്തി കെട്ടൽ പൂർത്തിയായിട്ടുണ്ടോ; ഇനി ഏതെങ്കിലും കെട്ടുന്നതിന് ഫണ്ട് അനുവദിക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കുമോ?

അപകടകരമായ സ്ഥലങ്ങളിൽ പുഴയുടെ സൈഡ് ഭിത്തി കെട്ടുന്ന പ്രവൃത്തികൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

## കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ബിലാത്തിക്കുളം നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

210(938) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ബിലാത്തിക്കുളം നവീകരിക്കുന്നതിന് ജലസേചന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ബിലാത്തിക്കുളം നവീകരണ പ്രവൃത്തി 3 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തിരുന്നില്ല. തുടർന്ന് പ്രവൃത്തിക്ക് ക്വട്ടേഷൻ വിളിക്കുകയും, അപ്രകാരം ഒരു കരാറുകാരൻ പ്രവൃത്തി ഏറ്റടുക്കുകയും ചെയ്തു. തുടർന്ന് 16MD/2020-21 dtd 28-9-2020 പ്രകാരം പ്രവൃത്തിയുടെ എഗ്രിമെന്റ് വയ്ക്കുകയും 7-10-2020-ാം തീയതി കരാറുകാരന് സൈറ്റ് കൈമാറുകയും, പ്രവൃത്തിയുടെ ഇനിഷ്യൽ ലെവൽസ് എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ കാലാവധി എഗ്രിമെന്റ് പ്രകാരം 9 മാസമാണ്. 31-5-2021 തീയതിക്ക് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വടക്കാഞ്ചേരി ദേവിച്ചിറകുളം നവീകരണം**

211(939) ശ്രീ യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരി മാസം ഭരണാനുമതി നൽകിയതും, മൈനർ ഇറിഗേഷൻ തൃശ്ശൂർ ഡിവിഷൻ വടക്കാഞ്ചേരി സബ് ഡിവിഷൻ വടക്കാഞ്ചേരി സെക്ഷൻ പരിധിയിലെ ദേവിച്ചിറകുളം നവീകരണത്തിനുള്ള 4 കോടി രൂപയുടെ പ്രവൃത്തിക്ക് ഇനിയും സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതിക അനുമതി നൽകി പ്രവൃത്തി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാൻ കഴിയും; വിശദാംശം നൽകുമോ?

(എ-സി) വരവൂർ പഞ്ചായത്തിലെ ദേവിച്ചിറകുളം നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി പരിശോധിച്ചപ്പോൾ കുളത്തിന്റെ നവീകരണ പ്രവൃത്തികൾക്കു പുറമേ റോഡിന്റെ സംരക്ഷണ പണികൾ തുടങ്ങി മറ്റുപണികൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് ജലസേചനാവശ്യങ്ങൾക്ക് അനുസൃതമായി പുതുക്കുവാൻ തീരുമാനിക്കുകയും ചെയ്തു.പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണം**

212(940) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി, തൈക്കാട്, കണ്ടാണശ്ശേരി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി, തൈക്കാട്, കണ്ടാണശ്ശേരി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണപ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി

ലഭിക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 'Site clearing and boundary stone fixing works for land surveying of Kochin Frontier thodu in Kunnamkulam and Chavakkad taluk under land Records Tahasildar Chavakkad' എന്ന പ്രവൃത്തിയ്ക്ക് 6.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.ഈ പ്രവൃത്തി മൂന്നു തവണ ദർഘാസും തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ, ഒരിക്കൽ കൂടി ക്വട്ടേഷൻ ക്ഷണിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്.

(സി) 2018-19-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II Vol. II-ലെ ക്രമനമ്പർ 4917-ാം നമ്പരായി ഉൾപ്പെടുത്തിയ ഈ പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പദ്ധതി ഉടൻ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(സി&ഡി) അതിർത്തി നിർണ്ണയിച്ചു ലഭിക്കേണ്ടതുണ്ട്. അതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കല്ലട ഇറിഗേഷൻ പദ്ധതി കനാലുകളുടെ പുനരുദ്ധാരണം

213(941) ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡല പരിധിയിലുള്ള 'കല്ലട ഇറിഗേഷൻ പദ്ധതി'യുടെ കനാലുകൾ/ചാനലുകൾ പുനരുദ്ധാരണമില്ലാതെ വശഭിത്തികൾ തകർന്നും മാലിന്യങ്ങൾ അടിഞ്ഞും തികച്ചും പരിതാപകരമായ സ്ഥിതിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ശോച്യാവസ്ഥയ്ക്ക് സമയബന്ധിത പരിഹാരം കാണുന്നതിന് അടൂർ മണ്ഡലത്തിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

മാലിന്യങ്ങൾ തള്ളാനുള്ള എളുപ്പ മാർഗ്ഗമായി സാമൂഹ്യവിരുദ്ധർ കനാലുകളെ ഉപയോഗിക്കാറുണ്ട്. അറവുമാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, കൃഷി

സംബന്ധമായി ഉപയോഗിക്കപ്പെടുന്ന വാഴപ്പിണ്ടിപോലുള്ള വസ്തുക്കൾ, ശുചിമുറി മാലിന്യങ്ങൾ തുടങ്ങിയവ കനാലിലേയ്ക്ക് തള്ളി കനാൽ ജലം മലിനപ്പെടുത്തുന്ന പ്രവണത നിരവധി മുന്നറിയിപ്പുകൾ നൽകിയിട്ടും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. അടൂർ മണ്ഡലം ഉൾപ്പെടെയുള്ള കെ.ഐ.പി. കനാലുകളിൽ എല്ലാ വർഷവും ജല വിതരണത്തിനു മുൻപേ ഒരു പരിധിവരെ മാലിന്യങ്ങൾ നീക്കം ചെയ്യാറുണ്ട്. കൂടാതെ കനാലുകളിലെ വശഭിത്തികൾ തകർന്നതുൾപ്പെടെയുള്ള അറ്റകുറ്റ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവുമനുസരിച്ച് നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ അടൂർ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ 20 വാർഷിക അറ്റകുറ്റപണികളും 12 പുനരുദ്ധാരണ പ്രവൃത്തികളും SDRF-ൽ ഉൾപ്പെടുത്തി 23 പുനരുദ്ധാരണ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ 25 വാർഷിക അറ്റകുറ്റ പണികളും 2 പുനരുദ്ധാരണ പ്രവൃത്തികളും SDRF-ൽ 34 പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു സമയബന്ധിത പരിശോധന അടൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട സത്വര നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് സമയബന്ധിത പരിശോധന നടത്താറുണ്ട്. ആയതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്.

## മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം

214(942) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കണക്കിലെടുത്തും സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനും മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

നിലവിലെ മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി, മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിക്കായുള്ള നടപടികൾ കേരളം സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാർ പുതിയ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, പെരിയാർ കടുവ സങ്കേത മേഖലയിൽ ആയതിനാൽ പാരിസ്ഥിതികാനുമതി, ഫോറസ്റ്റ് ക്ലിയറൻസ്, വൈൽഡ് ലൈഫ്

ക്ലിയറൻസ് എന്നിവയും ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യപടിയായി പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ അണക്കെട്ടിനായുള്ള പരിസ്ഥിതി ആഘാതപഠനത്തിനായി കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും നിബന്ധനയുടെ അടിസ്ഥാനത്തിലാണോ അനുമതി ലഭിച്ചത്; വിശദാംശം നൽകുമോ?

(ബി&സി) പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാതപഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് (TOR) കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ചില നിബന്ധനകളോടെ 14-9-2018 ന് നൽകുകയുണ്ടായി. പ്രസ്തുത നിബന്ധന അനുബന്ധം ആയി ചേർക്കുന്നു*

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എൻവയോൺമെന്റൽ ഇമ്പാക്ട് അസെസ്സ്മെന്റ് പഠനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ?

പരിസ്ഥിതി ആഘാത പഠനത്തിന് ആവശ്യമായി അടിസ്ഥാന വിവര ശേഖരണത്തിനായുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. അടിസ്ഥാന വിവര ശേഖരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഹൈദ്രാബാദിലെ പ്രഗതി ലാബ്സ് ആന്റ് കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പഠനം പുരോഗമിക്കുന്നു.

**ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ**

215(943) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലും, റിസർവ്വോയറുകളിലും അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സംസ്ഥാനത്തെ ഡാമുകളിലും, റിസർവ്വോയറുകളിലും അടിഞ്ഞു കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊസീജിയർ (SOP) തയ്യാറാക്കുകയും 26-9-2017-ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) 79/2017/ജ.വി.വ., 14-5-2019 ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) നമ്പർ 14/2019/ജ.വി.വ. എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതിയായ മംഗലം ഡാമിന്റെ ഡിസിൽറ്റേഷൻ പ്രവൃത്തികളുടെ കരാർ 'Dharti Dredging & Infrastructure Limited' എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ചുള്ളിയാറിന്റെ പ്രവൃത്തി 'Kerala Irrigation Infrastructure Development Corporation Ltd (KIIDC)'-നും മീൻകര, വാളയാർ എന്നിവയുടെ പ്രവൃത്തികൾ 'Kerala Mineral Development Corporation Ltd (KEMDEL)'-നും നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഏതൊക്കെ ഡാമുകളിലെയും, റിസർവ്വോയറുകളിലെയും ചെളിയും മണലുമാണ് നീക്കം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്; അതിനായുള്ള പരിസ്ഥിതി ആഘാതപഠനം നടത്തിയിട്ടുണ്ടോ?

മംഗലം, അരുവിക്കര, ചുള്ളിയാർ, മീൻകര, വാളയാർ, മലങ്കര, പഴശ്ശി, കാരാപ്പുഴ, മണിയാർ, മലമ്പുഴ എന്നീ ഡാം/ റിസർവോയറുകളിലെയും കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരികളിലെയും ചെളിയും മണലും നീക്കം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയത്തിന്റെ 15 ജനവരി 2016 ലെ നോട്ടിഫിക്കേഷൻ S.O141(E) അനുച്ഛേദം (9) ഖണ്ഡിക 7(i)(B) പ്രകാരം റെഗുലേറ്ററുകൾ, റിസർവോയറുകൾ, അണക്കെട്ടുകൾ എന്നിവയിൽ അടിഞ്ഞുകൂടുന്ന മണൽ, ചെളി എന്നിവ നീക്കം ചെയ്യുവാനും പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കാനുള്ള പ്രവൃത്തികൾക്ക് മുൻകൂർ പരിസ്ഥിതി ആഘാതപഠനമോ പരിസ്ഥിതി അനുമതിയോ ആവശ്യമില്ലാത്തതിനാൽ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടില്ല.

(സി) ഇതിന്റെ പൈലറ്റ് പദ്ധതി ഏതൊക്കെ ഡാമുകളിലാണ് നടപ്പിലാക്കിയത്; അത് വിജയപ്രദമാണോ; ഏത് ഏജൻസിയെയാണ് ഇതിന്റെ ചുമതല ഏല്പിച്ചതെന്നും അതിൽനിന്നും എന്ത് വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

പൈലറ്റ് പദ്ധതിയായ മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ 'Dharti Dredging & Infrastructure Limited' എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളതാണ്. 17.70 കോടി രൂപയ്ക്കാണ് (ജി.എസ്.ടി. അടക്കം) ഈ പ്രവർത്തി കരാറായിട്ടുള്ളത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കരാറുകാരൻ 35,40,000 രൂപ അടച്ചിട്ടുണ്ട്.

**മാവുള്ള പൊയിൽ വി.സി.ബി.-ക്ക് ഭരണാനുമതി**

216(944) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിൽ വരുന്ന മാവുള്ള പൊയിൽ വി.സി.ബി.ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

എരമം-കുറ്റൂർ പഞ്ചായത്തിൽ പാച്ചാനി മാവുള്ളി പൊയിൽ തോടിന് കുറുകെ പെരുമ്പടവ് വെസ്റ്റ് (എച്ചിക്കുന്ന്) എന്ന സ്ഥലത്ത് ഒരു വി.സി.ബി. കം ട്രാക്ടർവെയുടെ നിർമ്മാണ പ്രവൃത്തിക്ക് എം.ഐ. പ്രയോറിറ്റിയിൽ ഉൾപ്പെടുത്തി 96.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ള പൊയിൽ എന്ന സ്ഥലത്ത് ഒരു വി.സി ബി.-ക്കുവേണ്ടി 92.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ പരിശോധിച്ച് സ്വീകരിക്കാവുന്നതാണ്.

(ബി) അതിനുശേഷം സമർപ്പിച്ച എസ്റ്റിമേറ്റുകൾക്കും ഭരണാനുമതി നൽകി എങ്കിലും മേൽപറഞ്ഞ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തികവർഷം തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുമോ?

(ബി&സി) ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും മുൻഗണനയും പരിഗണിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്

**മങ്കട നിയോജകമണ്ഡലത്തിലെ ചെക്ക് ഡാം നിർമ്മാണം**

217(945) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലുള്ള കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മാണത്തിന് അനുവദിച്ച തുകയുമായി ബന്ധപ്പെട്ട പുരോഗതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച് വരുന്ന തുടർപ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ മങ്കട നിയോജകമണ്ഡലത്തിലുള്ള കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനുസമീപം കടലുണ്ടിപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് പ്രവൃത്തിയുടെ 60 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021 മെയ് അവസാനത്തോടുകൂടി പ്രവൃത്തി പൂർണ്ണമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാനന്തവാടി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

218(946) <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പൂർത്തീകരിക്കാനുള്ള ജലസേചന തടയണകൾ ഏതൊക്കെയാണ്; അവ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

മാനന്തവാടി മണ്ഡലത്തിൽ പൂർത്തീകരിക്കാനുള്ള ജലസേചന പദ്ധതികളുടെ പേരുകൾ താഴെ കൊടുക്കുന്നു:

1. എടവക പഞ്ചായത്തിൽ അഗ്രഹാരത്ത് (പായോട് നോർത്ത്) മാനന്തവാടി പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം. (പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്.)
2. മാനന്തവാടി മുനിസിപ്പാലിറ്റിയിൽ കൊയിലുമുക്കടവിൽ പാലാക്കുളി തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം. (പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്.)
3. വെള്ളമുണ്ട പഞ്ചായത്തിൽ കരമാൻ തോടിനു കുറുകെ വാരാമ്പുഴ റെഗുലേറ്റർ (വിസിബി കം ബ്രിഡ്ജ്) നിർമ്മാണം. (പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.)
4. മാനന്തവാടി മുനിസിപ്പാലിറ്റിയിൽ വിൻസെന്റ്ഗിരിയിൽ വിസിബി നിർമ്മാണം. ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.)

(ബി) മാനന്തവാടി മണ്ഡലത്തിൽ തൊണ്ടാർ ജലസേചന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

കാവേരി ജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമവിധിയും, 16-2-2018-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയും പ്രകാരം, കബനി നദീതടത്തിൽ അനുവദിക്കപ്പെട്ട 21 TMCft ജലം ഉപയോഗപ്പെടുത്തുന്നതിനായി വിഭാവന ചെയ്ത ഏഴ് ജലസേചന പദ്ധതികളിൽ 0.30 TMCft ജലം സംഭരിക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് തൊണ്ടാർ ജലസേചന പദ്ധതി. 1411 ഹെക്ടർ സ്ഥലത്ത് ജലസേചനം, കുടിവെള്ളം എന്നിവ ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് പ്രാഥമികമായി ലക്ഷ്യമിടുന്നത്. മാനന്തവാടി മണ്ഡലത്തിലെ തൊണ്ടാർ ജലസേചന പദ്ധതിയുടെ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് (Prefeasibility Report) തയ്യാറാക്കുന്നതിനായുള്ള പ്രാരംഭ ഭൂതല സർവ്വേ (Topographical Survey) പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഇതിൽ പ്രാരംഭ ഭൂഗർഭശാസ്ത്രപര്യവേക്ഷണം (Geological Investigation) ഇതിനോടകം പൂർത്തിയായിട്ടുണ്ട്.

(സി) എല്ലാവർക്കും കുടിവെള്ളം എന്ന ജലജീവൻ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മാനന്തവാടി നിയോജകമണ്ഡല പരിധിയിൽ കെ.ആർ.ഡബ്ല്യു.എസ്.എ (ജലനിധി) മുഖാന്തരം 3 ഗ്രാമ പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടമെന്ന നിലയിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്ന് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തികളുടെ നിർവ്വഹണത്തിന് വേണ്ടിയുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മാനന്തവാടി നിയോജകമണ്ഡലത്തിൽ തിരുനെല്ലി, എടവക എന്നീ പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതികളുടെ ആദ്യ ഘട്ടം കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നു. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 150 കണക്ഷനുകളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. ഇവയിൽ 120 കണക്ഷനുകൾ നൽകിക്കഴിഞ്ഞു (11-1-2021). എടവക ഗ്രാമപഞ്ചായത്തിൽ 475 കണക്ഷനുകളാണ് ആദ്യഘട്ടത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നത്, ഇവയിൽ 200 കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി എടവക ഗ്രാമപഞ്ചായത്തിൽ 3825 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്കുള്ള പ്രാരംഭ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ 6074 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്കായി സമഗ്രകുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തൊണ്ടർനാട്, വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ളകണക്ഷൻ നൽകുന്നതിന് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) ബാണാസുര പദ്ധതി ജലജീവൻ വിഷൻ പദ്ധതിക്കായി പ്രയോജനപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

NRDWP-യിൽ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകൾക്കായി നടപ്പിലാക്കിവരുന്ന പുതിയ കുടിവെള്ള പദ്ധതിയിൽനിന്നും ജലജീവൻ പദ്ധതിയിൽ കണക്ഷൻ നൽകുന്നുണ്ട്. മേൽപദ്ധതിയുടെ സ്രോതസ്സ് ബാണാസുര സാഗർ ഡാം ആയതിനാൽ ബാണാസുര പദ്ധതി ജലജീവൻമിഷൻ പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതാണ്. ബാണാസുര ഡാമിന്റെ സമീപത്തുള്ള അഞ്ച് പഞ്ചായത്തുകളിലേയ്ക്ക് (തരിയോട്, പൊഴുതന, കോട്ടത്തറ, പടിഞ്ഞാറത്തറ,വേങ്ങപ്പള്ളി) ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

ബാണാസുര സാഗർ ജലസേചന പദ്ധതി നിർമ്മാണ ഘട്ടത്തിലാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) മാനന്തവാടി മണ്ഡലത്തിലെ മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മിഷൻ ചെയ്യുന്നതിന് നടപടി വേഗത്തിലാക്കുമോയെന്ന് അറിയിക്കാമോ?

മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) വയനാട്ടിലെ കാപ്പി കർഷകർക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പിനു കീഴിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കാപ്പി കർഷകർക്കുകൂടി ഉപകാരപ്രദമാകുന്നുണ്ട്.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിലെ കാവേരി ഡിവിഷന് കീഴിൽ കബനി സബ് ബേസിനിലെ എഴ് ഇടത്തരം ജലസേചന പദ്ധതികളുടെ പര്യവേക്ഷണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ജലസേചന പദ്ധതി പ്രാവർത്തികമാകുമ്പോൾ കാപ്പി കൃഷി ഉൾപ്പെടെ എല്ലാ കൃഷിക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കുന്നതാണ്.

**തൃപ്പൂണിത്തുറയിലെ തടയണ നിർമ്മാണം**

219(947) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണത്തിന് സഹായകമാകുന്നതിലേയ്ക്കായി ചൂണ്ടിയിൽ ജലസേചന വകുപ്പ് മുഖേന നിർമ്മിക്കുന്ന തടയണയുടെ വിശദാംശങ്ങൾ (ഭരണാനുമതി ലഭിച്ച തീയതി ഉൾപ്പെടെ) അറിയിക്കുമോ?

തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണത്തിന് സഹായകമാകുന്നതിലേയ്ക്കായി ജലസേചന വകുപ്പ് മുഖേന ചൂണ്ടിയിൽ നിർമ്മിച്ച രാമമംഗലം ചെക്ക് ഡാമിന്റെ നിർമ്മാണത്തിന് കേരള വാട്ടർ അതോറിറ്റിയുടെ ഉത്തരവ് നമ്പർ KWA/JB/P&M/2/331/2015/Vol.II തീയതി 1-3-2016 പ്രകാരം 11 കോടി രൂപയുടെ ഭരണാനുമതിയും ഉത്തരവ് നമ്പർ IDEKM/2016-2017/2016/2378/IA തീയതി 10-2-2017 പ്രകാരം 7.84 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്.

(ബി) തടയണ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തി 30-3-2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

**ജല സംരക്ഷണ പദ്ധതികൾ**

220(948) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകളും, റെഗുലേറ്ററുകളും നിർമ്മിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ?

മഴക്കാലത്ത് സംസ്ഥാനത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകളും റഗുലേറ്ററുകളും, വെന്റഡ് ക്രോസ് ബാറുകളും നിർമ്മിക്കുന്ന പ്രവൃത്തി ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. പ്രാദേശികമായ

സാഹചര്യം അനുസരിച്ച് ജലസംരക്ഷണത്തിനായി തടയണയകൾ കേരള ജല അതോറിറ്റി നിർമ്മിക്കാറുണ്ട്. ഭൂജലവകുപ്പ് ' ഭൂജലസംരക്ഷണവും, സംപോഷണവും' പദ്ധതിയിൽ ഉൾപ്പെടുത്തി മൈക്രോവാട്ടർഷെഡ് അടിസ്ഥാനത്തിൽ ഭൂജലസംരക്ഷണത്തിനായി ചെറിയ തടയണകളുടെ നിർമ്മാണം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

ലോക ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ ജലനിധി പദ്ധതിയിൽ സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയുടെ (ബാക്കിക്കയം) കുറുകെ ചെക്ക് ഡാം കം റെഗുലേറ്റർ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ചെറിയ തടയണകൾ (184 എണ്ണം) നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു*.

KIIDC മുഖേന ഇത്തരം 21 പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 16 റെഗുലേറ്റർ പദ്ധതികളും 5 നദികൾക്ക് കുറുകെ ബൻധാരകൾ നിർമ്മിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്?

ജലവിഭവ സംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ. ഇത് കണക്കിലെടുത്ത് നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും പ്രസ്തുത പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ളതിനനുസരിച്ച് തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും കൂടാതെ, നിലവിലുള്ള ജലസേചന നിർമ്മിതികൾ പുനരുദ്ധരിക്കുക, നിർമ്മിതികൾക്കടുത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് ജലസംരക്ഷണം സുഗമമാക്കുക തുടങ്ങിയ പദ്ധതികൾ നിർവ്വഹിക്കാൻ കഴിഞ്ഞു. കൂടാതെ, ഡാമുകൾ, വലിയ ജലസംഭരണികളായ ഏരികൾ തുടങ്ങിയവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഡീസിൽറ്റിംഗ് നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധ(2) മായി ചേർക്കുന്നു*.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഇടമലയാർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട ദീർഘകാലമായി മുടങ്ങിക്കിടന്ന ലോ ലെവൽ കനാലിന്റെ ചെ.10599 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള ഭാഗത്തെ (എം.സി റോഡ് ക്രോസിംഗ്) കനാലിന്റെ നിർമ്മാണം 2020 ൽ പൂർത്തീകരിച്ചു.

2. പട്ടിശേരി ഡാമിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി, കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10-ാം തീയതി കമ്മീഷൻ ചെയ്തിട്ടുണ്ട്.

4. ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂരിനു കീഴിൽ അഞ്ച് റെഗുലേറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധം (3) ആയി ഉള്ളടക്കം ചെയ്യുന്നു*. ജലദൗർലഭ്യം മുന്നിൽ കണ്ടുകൊണ്ട് ഉള്ള ജലം പരമാവധി കൃഷി സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കനാലിലൂടെയുള്ള ജലനിർഗ്ഗമനം കാര്യക്ഷമമാക്കുന്നതിനുമായി ടി കാര്യാലയത്തിനു കീഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ കനാലുകളിൽ എല്ലാ വർഷവും അറ്റകുറ്റ പ്രവൃത്തിക്കായി വകയിരുത്തുന്ന ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ കാര്യാലയത്തിൻ കീഴിൽ കനാൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. ഭൂജലവകുപ്പ് 2019-20 സാമ്പത്തിക വർഷം 5 ചെറിയ തടയണകൾ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ നടപ്പിലാക്കുന്നതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. KIIDC മുഖേന 7 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു, പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധം (4) ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു*

(സി) ഐ.ഡി.ആർ.ബി.യുടെ കീഴിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ? വിശദാംശം നൽകുമോ?

ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) കാര്യാലയത്തിൽ ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ രൂപകൽപ്പനയാണ് ചെയ്തുവരുന്നത്. പദ്ധതികളുടെ ആവശ്യകതയും മുൻഗണനയും കണക്കിലെടുത്ത്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇവ പൂർത്തീകരിച്ച് നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 24 പ്രവൃത്തികളുടെ ഡിസൈൻ ഐ.ഡി.ആർ.ബി. പൂർത്തിയാക്കി നൽകിയിട്ടുണ്ട്.

(ഡി) വെള്ളപ്പൊക്കം തടയുന്നതിന് പുതുതായി ഡാമുകൾ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) എവിടെയൊക്കെയാണ് പുതിയതായി ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്?

(ഡി&ഇ) ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1) കാര്യാലയത്തിനു കീഴിൽ നിർമ്മിക്കുവാനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികളായ പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി (SAKKP), ഭവാനി ലൂ ബേസിനിൽ അട്ടപ്പാടി ജലസേചന പദ്ധതി, വയനാട് ജില്ലയിലെ കബനി ബേസിനിൽ കടമാൻ തോട് പദ്ധതി എന്നിവയ്ക്കായുള്ള അണക്കെട്ടുകൾ പ്രളയം നിയന്ത്രിക്കുന്നതിന് കൂടി ഉദ്ദേശിച്ചിട്ടുള്ളവയാണ്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനായി M/s TATA Consulting Engineers Limited, Matulya Centre, Senapati Bapat Marg, Mumbai എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന അട്ടപ്പാടി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്ര ജലക്കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തെ സംബന്ധിച്ച് കേന്ദ്ര ഏജൻസിയായ ക്രേന്ദ്ര ജലക്കമ്മീഷൻ ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിൽ പമ്പ, പെരിയാർ, അച്ചൻകോവിൽ ബേസിനുകളിൽ പ്രളയ നിയന്ത്രണത്തിനും മറ്റാവശ്യങ്ങൾക്കുമായി മൾട്ടിപർപ്പസ് ഡാമുകൾ നടപ്പിലാക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ജലവിഭവ വകുപ്പ് പെരിയാർ, മണിമല,മീനച്ചിൽ, ചാലിയാർ, ചാലക്കുടി എന്നീ നദികളിൽ പ്രളയ നിയന്ത്രിത ഡാമുകളുടെ സാധ്യതാപഠനം വിശകലനം ചെയ്തുവരുന്നു.

**ചെല്ലാനത്തെ കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും നിർമ്മാണം**

221(949) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കടലാക്രമണം രൂക്ഷമായ തീരദേശ പഞ്ചായത്തായ ചെല്ലാനത്തെ കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ ഏറ്റവും രൂക്ഷമായ കടലാക്രമണം നേരിടുന്ന പഞ്ചായത്താണ് ചെല്ലാനം. ചെല്ലാനം പഞ്ചായത്തിലെ തീരപ്രദേശങ്ങളായ കടലാക്രമണം ഏറ്റവും രൂക്ഷമായ വാച്ചാക്കൽ, കമ്പനിപ്പടി, ബസ്സാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ അഞ്ചിടങ്ങളിലായി നിർമ്മിക്കുവാൻ (1000 മീ.) ഉദ്ദേശിക്കുന്ന ജിയോ ട്യൂബ് ഉൾപ്പെടുത്തിയിട്ടുള്ള കടൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. 22-7-2020-ൽ സ.ഉ.(സാധാ നമ്പർ 476/2020/ജ.വി.വ പ്രകാരം അനുവദിച്ച തുക ഉൾപ്പെടുത്തി ബസാർ പ്രദേശത്ത് പേരുമാറ്റി ചെയ്യേണ്ട ഒരുകോടി രൂപയുടെ കടൽഭിത്തിയുടെ പുനർനിർമ്മാണം, ചെല്ലാനം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനായുള്ള 15 കോടി രൂപയുടെ പ്രവൃത്തികൾ എന്നിവയാണ് ചെല്ലാനം പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ.

(സി) ഇതു സംബന്ധിച്ച ചെന്നൈ ഐ.ഐ.ടി. ഓഷ്യൻ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പഠന റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ചെല്ലാനത്തെ കണ്ടേക്കടവ്, മാലാഖപ്പടി, കണ്ണമാലി ഉൾക്കൊള്ളിച്ചുകൊണ്ട് പഠന റിപ്പോർട്ട് 2009-ൽ ചെന്നൈ ഐ.ഐ.ടി. തന്നിട്ടുള്ളതും അതനുസരിച്ച് കണ്ടേക്കടവ്, മാലാഖപ്പടിയിലെ ഗ്രോയിൻസ് ഫീൽഡിന്റെ (4 എണ്ണം) പ്രവൃത്തികൾ ഭാഗികമായും (2 എണ്ണം) കണ്ണമാലിയിലെ ഗ്രോയിൻസ് പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു. ചെല്ലാനം ഫിഷിംഗ് ഹാർബറും വല്ലാർപാടം കണ്ടെയ്നർ ടെർമിനലും തുടർന്നുള്ള ഡ്രെഡ്ജിംഗുംമൂലം അന്നത്തെ പരിതസ്ഥിതികൾക്ക് മാറ്റം വരുത്തിയിരിക്കാമെന്നതിനാൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ടെക്നോളജി ഓഫ് ഓഷ്യൻ (എൻ.ഐ.ഒ.ടി.) എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുക്കുന്ന കേരളത്തിലെ 10 ഹോട്ട്സ്പോട്ടുകളിൽ ചെല്ലാനം പ്രദേശം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഏതെല്ലാം ഭാഗത്താണ് കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചെല്ലാനം പഞ്ചായത്തിലെ കടലാക്രമണം ഏറ്റവും രൂക്ഷമായ തീരപ്രദേശങ്ങളായ വാച്ചാക്കൽ, കമ്പനിപ്പടി, ബസ്സാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ അഞ്ചിടങ്ങളിലായാണ് ജിയോ ട്യൂബ് ഉൾപ്പെടുത്തിയിട്ടുള്ള കടൽ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

222(950) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കടൽഭിത്തി നിർമ്മിക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 16 കോടി രൂപയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ, വാവുവളപ്പിൽ തോട്, കക്കാടൻചാൽ എന്നിവിടങ്ങളിലും മാടായി പഞ്ചായത്തിലെ നീരൊഴുക്കുംചാൽ, പുതിയങ്ങാടി എന്നീ മേഖലകളിലും (ആകെ 2820 മി. ദൈർഘ്യത്തിൽ) കടൽഭിത്തി പുനരുദ്ധാരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 16 കോടി രൂപയുടെ പ്രവൃത്തിക്ക് 15.70 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ടെണ്ടർ നടപടി സ്വീകരിക്കുകയും, കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ആയതിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നിലവിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന വിശദാംശം നൽകാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ, വാവുവളപ്പിൽ തോട്, കക്കാടൻചാൽ എന്നിവിടങ്ങളിലും മാടായി പഞ്ചായത്തിലെ നീരൊഴുക്കുംചാൽ, പുതിയങ്ങാടി മേഖലകളിലുമായി ആകെ 2820 മീ. ദൈർഘ്യത്തിൽ കരിങ്കൽ ഉപയോഗിച്ച് കടൽഭിത്തി പുനരുദ്ധാരണത്തിനാണ് പ്രവൃത്തി വിഭാവന ചെയ്തിരിക്കുന്നത്.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

223(951) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-ന് ശേഷം ജലവിഭവ വകുപ്പുവഴി തീര സംരക്ഷണ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

(എ&ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുവഴി ഭരണാനുമതി ലഭിച്ച തീര സംരക്ഷണ പ്രവൃത്തികൾ, അവയുടെ പ്രവർത്തന പുരോഗതി എന്നിവ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*

(സി) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പുലിമുട്ട് സ്ഥാപിക്കുന്നതിനു പഠനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

കേരളത്തിലെ തീര സംരക്ഷണം സംബന്ധിച്ച് പഠനം നടത്തുവാൻ National Institute of Ocean Technology/National Centre for Ocean Research (NIOT/NCCR)-യുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. പഠനത്തിന് തെരഞ്ഞെടുത്ത 10 വൾനറബിൾ പ്രദേശങ്ങളിൽ ആലപ്പാടും ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നിരന്തരമായ കടലാക്രമണംമൂലം സംരക്ഷണ ഭിത്തി തകർന്ന പ്രദേശങ്ങളിൽ അറ്റകുറ്റപണികൾ പൂർത്തീകരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുമോ; വിശദീകരിക്കാമോ?

ആലപ്പാട് പഞ്ചായത്തിലെ ശ്രായിക്കാട്, ചെറിയഴിക്കൽ എന്നീ ഭാഗങ്ങളിലായി 62.95 ലക്ഷം രൂപയുടെ 8 പ്രവൃത്തികളിലായി 905 മീറ്റർ ദൂരം ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ 88 ലക്ഷം രൂപയുടെ 2 പ്രവൃത്തികളിലായി 450 മീറ്റർ കോർവാൾ കെട്ടി സംരക്ഷിച്ചു. 58 ലക്ഷം രൂപയുടെ 330 മീറ്റർ കോർവാൾ സംരക്ഷണം നടന്നുവരുന്നു. ചെറിയഴീക്കൽ ക്ഷേത്രത്തിന് സമീപം 3 പ്രവൃത്തികളിലായി 225 മീറ്റർ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. കൂടാതെ ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ പണിക്കരുകടവിൽ 8 ലക്ഷം രൂപയുടെ 75 മീറ്റർ തീര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ ഭരണാനുമതി നൽകിയ 18 ലക്ഷം രൂപയുടെ 200 മീറ്റർ തീര സംരക്ഷണ പ്രവൃത്തി ആലപ്പാട് പൂർത്തീകരിച്ചു. കാക്കത്തുരുത്ത് ഭാഗത്ത് 38 ലക്ഷം രൂപയുടെ പ്രവൃത്തി ടെൻഡർ ചെയ്തു എങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ പുനർക്വട്ടേഷൻ ക്ഷണിച്ചിരിക്കുകയാണ്.

ഇതിനുപുറമേ ആലപ്പാട് പഞ്ചായത്തിന്റെ തീര സംരക്ഷണത്തിനായി 150 ലക്ഷം രൂപയുടെ 2 പ്രവൃത്തികളുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ആലപ്പാട് ഗ്രാമപഞ്ചായത്തിനെ കടലാക്രമണ ഭീഷണിയിൽനിന്നും സംരക്ഷിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കടലാക്രമണം നേരിടുന്നതിനുള്ള നടപടികൾ

224(952) ശ്രീ. കെ. രാജൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 576 കിലോമീറ്റർ നീളമുള്ള കടൽത്തീരത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരങ്ങളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ 9 തീരദേശ ജില്ലകളിലായി രൂക്ഷമായ കടലാക്രമണം നേരിടുന്നതിനുവേണ്ടി ആകെ 34830.25 ലക്ഷം രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതുവഴി 44.946 കി.മീ. നീളത്തിൽ തീരദേശം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) ജിയോ ട്യൂബ് ഉപയോഗിച്ചുള്ള കടൽ ഭിത്തി നിർമ്മാണത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ?

പ്രാദേശികമായി ലഭ്യമാകുന്ന മണൽ (സ്ലറി) ജിയോ ടെക്സ്റ്റൈൽ ട്യൂബുകളിൽ നിറച്ചാണ് ഇത്തരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിച്ചുവരുന്നത്. 25 മീറ്റർ നീളവും 5.00 മീറ്റർ വ്യാസവുമുള്ള ട്യൂബുകളാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. പ്രസ്തുത രീതിയിലുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുന്നു.

(സി) രൂക്ഷമായ കടലാക്രമണം നേരിടുന്ന ചെല്ലാനം പോലെയുള്ള പ്രദേശങ്ങളിൽ ഇതിന് ശാശ്വതപരിഹാരം കാണുന്നതിന് നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ചെല്ലാനം പഞ്ചായത്തിലെ തീരപ്രദേശങ്ങളായ കടലാക്രമണം ഏറ്റവും രൂക്ഷമായ വാച്ചാക്കൽ,കമ്പനിപ്പടി, ബസ്സാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ അഞ്ചിടങ്ങളിലായി നിർമ്മിക്കുവാൻ (1000 മീറ്റർ) ഉദ്ദേശിക്കുന്ന ജിയോ ട്യൂബ് ഉൾപ്പെടുത്തിയിട്ടുള്ള 8 കോടി രൂപയുടെ കടൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ബസാർ പ്രദേശത്ത് ഒരു കോടി രൂപയുടെ കടൽഭിത്തിയുടെ പുനർനിർമ്മാണം, ചെല്ലാനം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി കടൽഭിത്തിയുടെ 15 കോടി രൂപയുടെ 9 പുനരുദ്ധാരണ

പ്രവൃത്തികൾ എന്നിവയാണ് ചെല്ലാനം പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ. ഇതുകൂടാതെ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടേയും പുലിമുട്ടുകളുടേയും പുതുക്കിയ ഡിസൈനു വേണ്ടി NIOT എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുക്കുന്ന കേരളത്തിലെ 10 ഹോട്ട്സ്പോട്ടുകളിൽ ചെല്ലാനം പ്രദേശം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) രൂക്ഷമായ കടലാക്രമണം നേരിടുന്ന അഞ്ചുതെങ്ങ്, മുതലപ്പൊഴി മുതലായ തീരങ്ങളിൽ ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിനുശേഷം ഹാർബറിന്റെ വടക്ക് ഭാഗങ്ങളായ താഴംപള്ളി, മുതലപ്പൊഴി, അഞ്ച്തെങ്ങ് ഭാഗങ്ങളിൽ ഹാർബർ നിർമ്മാണത്തിന് മുമ്പ് ഇല്ലാതിരുന്ന വിധത്തിലുള്ള കടലാക്രമണങ്ങൾ പല സമയങ്ങളിലും കാണപ്പെടുന്നു. ആയതിന്റെ ശാശ്വത പരിഹാരത്തിന് അനുയോജ്യമായ സാങ്കേതിക ഏജൻസിയെകൊണ്ട് വിശദമായ പഠനം നടത്തേണ്ടത് അത്യാവശ്യമാണ്. നിലവിലെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽ ഭിത്തിയുടേയും പുലിമുട്ടുകളുടേയും പുതുക്കിയ ഡിസൈനുവേണ്ടി NIOT എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ പ്രദേശങ്ങളിൽ കടലാക്രമണം നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ കുറെ വർഷങ്ങളായി രൂക്ഷമായ കടലാക്രമണം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ് ആലപ്പുഴ നിയോജകമണ്ഡലത്തിലെ കാട്ടൂർ മുതൽ ഓമനപുഴ വരെയും, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാക്കാഴം മുതൽ പുന്നപ്ര വരെയും, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങൾ. കഴിഞ്ഞ കുറെ വർഷങ്ങളിലായി നിരവധി വീടുകൾക്കും വസ്തുവകകൾക്കും സമീപ റോഡുകൾക്കും നാശനഷ്ടം സംഭവിക്കുകയും നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഈ പ്രദേശത്തുനിന്ന് പുനരധിവസിപ്പിക്കുകയും ചെയ്യേണ്ടിവന്നിട്ടുണ്ട്. ഈ പ്രവർത്തികൾ ചെയ്യുന്നതിനായി സംസ്ഥാന സർക്കാരിന്റെ തന്നെ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കെ.ഐ.ഐ.ഡി.സി.)-നെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിൽ അമ്പലപ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ 5.40 കി.മീ. നീളത്തിലുള്ള കടൽത്തീരത്ത് 30 പുലിമുട്ടുകളുടെയും 345 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെയും

നിർമ്മാണത്തിനായി 54 കോടി രൂപയും ആലപ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂർ ഭാഗത്ത് 3.2 കി.മീ. നീളത്തിലുള്ള കടൽത്തീരത്ത് 34 പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 50 കോടി രൂപയും ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടു പുഴയിൽ 1.4 കി.മീ. നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകൾക്ക് 29 കോടി രൂപയും വട്ടച്ചാലിൽ 1.80 കി.മീ. നീളത്തിൽ 16 പുലിമുട്ടുകൾക്ക് 31 കോടി രൂപയും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 കി.മീ. നീളത്തിൽ 13 പുലിമുട്ടുകൾക്ക് 22 കോടി രൂപയുമാണ് അനുമതി നൽകിയത്. പ്രസ്തുത പദ്ധതികൾ ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമിതമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. പുലിമുട്ടിൽ ഇരുവശത്തും 2 ടൺ ഭാരമുള്ള ടെട്രാപോഡുകളും, പുലിമുട്ടിന്റെ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള 2 ലെയർ ടെട്രാപോഡുമാണ് കവചമായി സ്ഥാപിക്കുന്നത്. ഇതിൽ ടെട്രാപോഡുകളുടെ നിർമ്മാണം, കല്ലുകൾ തൂക്കുവാനുള്ള വെയ്‌യ് ബ്രിഡ്ജുകളുടെ നിർമ്മാണവും സ്ഥാപിക്കലും, മണ്ണിന്റെ ഉത്ഖനനം എന്നിവ പുരോഗമിച്ചുവരുന്നു.

**ഇറിഗേഷൻ സ്ട്രക്ചറുകളുടെ അറ്റകുറ്റപ്പണി**

225(953) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചനത്തിനായി സ്ഥാപിച്ച പല പദ്ധതികളും കാലാകാലങ്ങളിൽ യന്ത്രത്തകരാർ പരിഹരിക്കാത്തതുമൂലം നാശോന്മുഖമായ അവസ്ഥയിലാണോ; എങ്കിൽ അവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിലുള്ള കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട പരവൂർ ഡിസ്ട്രിബ്യൂട്ടറിയിൽ പ്രവർത്തന രഹിതമായ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പണി പൂർത്തീകരിക്കുന്നതിനായി 13.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു.

തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിൽ കോൾ നിലങ്ങളിൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ RKI പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിൽ ചമ്രവട്ടം ഡിവിഷനിൽ ഉൾപ്പെടുന്ന വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ ഷട്ടറുകൾക്ക് മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. പഴശ്ശി ബാരേജിലെ ഷട്ടറുകളുടെ പ്രവൃത്തിയും കുറ്റ്യാടി ജലസേചനപദ്ധതിയുടെ പെരുവണ്ണാമൂഴി ഡാം ഷട്ടറുകളുടെ മെയിന്റനൻസ് പ്രവൃത്തികളും DPR ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. കാര്യാലയത്തിനു കീഴിൽ പീച്ചി ജലസേചന പദ്ധതിയുടെ വലതുകര കനാൽ വാൽവിന് 21-9-2020-ന് തകരാർ സംഭവിച്ചിരുന്നു. അത് താത്ക്കാലികമായി പരിഹരിച്ച് ജലവിതരണം നടത്തി വരുന്നുണ്ട്. സ്ഥിര സംവിധാനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കുട്ടനാട് പാക്കേജിനു കീഴിലുള്ള കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ, ചെങ്ങന്നൂരിന്റെ പരിധിയിലുള്ള ചില ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേഷനുകളിലെ മോട്ടോറുകൾക്ക് തകരാറുകൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ഇവ പരിഹരിച്ച് ഈ സീസണിൽ ജലവിതരണം നടത്തുന്നുണ്ട്.

(ബി) 2018-ലും 2019-ലും ഉണ്ടായ പ്രളയത്തിൽ തകർന്ന ഇറിഗേഷൻ സ്ട്രക്ച്ചറുകളുടെ അറ്റകുറ്റപ്പണിക്ക് ഭരണാനുമതി നൽകി നാളുകൾ കഴിഞ്ഞിട്ടും പല പദ്ധതികളും ഇനിയും ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ എത്ര പ്രവർത്തികൾ; വ്യക്തമാക്കുമോ?

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കിവരുന്നു.

കല്ലട ജലസേചന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 'RKI - KIP(RB) മെയിൻ കനാൽ Earth Slippage at ch.17000 മീ.' എന്ന പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. ആയത് പൂർത്തീകരിച്ചതിനുശേഷമേ തുടർപ്രവൃത്തികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 40 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

പമ്പ ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെട്ട കാർത്തികപ്പള്ളി ഡിസ്ട്രിബ്യൂട്ടറിയുടെ പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കുന്ന ഭാഗത്ത് അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ അധികൃതരെ അറിയിച്ചെങ്കിലും അതിർത്തി നിർണ്ണയിച്ച് ലഭിക്കാത്തതിനാൽ പണി ഇതുവരെയായി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

പഴശ്ശി ജലസേചനപദ്ധതിക്ക് കീഴിൽ 93 പ്രവൃത്തികളിൽ 43 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാരാപ്പുഴ ജലസേചനപദ്ധതിയുടെ കീഴിൽ 7 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 പ്രവൃത്തികളുടെ റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2019 ലെ പ്രളയത്തിൽ തകർന്ന 2 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂരിന് കിഴിൽ 41 പ്രവൃത്തികൾക്ക് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കുകീഴിൽ ഉൾപ്പെടുന്ന തകർന്നുപോയ ശ്ലളിക്കടവ് -ചിറ്റൂർ റോഡിന്റെ പ്രവൃത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-യിൽ ഉൾപ്പെടുത്തി പുരോഗിച്ചുവരുന്നു. ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴയ്ക്ക് കീഴിലുള്ള പ്രവൃത്തികൾ മിക്കവാറും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.

2018-ലെ പ്രളയത്തിൽ പീച്ചി ഇടതുകര കനാൽ 19/600 കി. മീറ്റർ ഭാഗത്ത് തകർന്നുപോയിരുന്നു. ഇത് താത്ക്കാലികമായി പരിഹരിച്ച് 3 വർഷമായി ജലവിതരണം നടത്തിവരുന്നു. ഇതിനായി സ്ഥിര സംവിധാനമായ അക്വഡക്ട് സ്ഥാപിക്കുന്നതിന് റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 3-3-2020-ന് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവർത്തി ടെണ്ടർ ചെയ്ത് 8-12-2020-ന് എഗ്രിമെന്റ് വെച്ച് 17-12-2020-ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. പ്രവർത്തി പുരോഗമിച്ചുവരുന്നു. കൂടാതെ പീച്ചി പദ്ധതിയിൽ പ്രളയ കെടുതിയിൽ നാശനഷ്ടം സംഭവിച്ച ഭാഗങ്ങൾ പുതുക്കിപണിയാൻ SDRF-ൽ ഉൾപ്പെടുത്തി 1267.37 ലക്ഷം രൂപയുടെ 122 പദ്ധതികൾ തയ്യാറാക്കി നടന്നുവരുന്നു. അതിൽ 886.522 ലക്ഷം രൂപയുടെ 97 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചന വകുപ്പിനു കീഴിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന ഇറിഗേഷൻ നിർമ്മിതികളുടെ അറകുറ്റപ്പണികൾക്കായി അംഗീകാരം നൽകിയ പ്രവൃത്തികൾ വിവിധ നിർവഹണ ഘട്ടങ്ങളിലാണ്. അവയുൾപ്പെടെ ജലസേചന വകുപ്പിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

**നടുവത്തിത്തോട് നവീകരണ പദ്ധതി**

226(954) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ നടുവത്തിത്തോട് നവീകരണം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

താനൂർ മുനിസിപ്പാലിറ്റിയിലെ പൂരപ്പുഴ അഴിമുഖത്തു നടുവത്തിത്തോട്ടിൽ SWE VCB-യുടെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി.

(ബി) പ്രളയകാലത്ത് ഈ പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ദുരിതത്തിന് പരിഹാരമാകുന്നതിന് പ്രഖ്യാപിച്ച നടുവത്തിത്തോട് പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

തടസ്സം നിലവിലില്ല.

(സി) നടുവത്തിത്തോട് പദ്ധതി അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കാവുന്നതാണ്.

## ആലുവയിലെ പുതിയ ജലശുദ്ധീകരണ പ്ലാന്റും പമ്പ് ഹൗസും

227(955) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലേയും ആലുവ, കളമശ്ശേരി, തൃക്കാക്കര, ഏലൂർ, മരട് തുടങ്ങിയ മുൻസിപ്പാലിറ്റികളിലേയും കുമ്പളം, കുമ്പളങ്ങി, ചെല്ലാനം വാരാപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, കീഴ്മാട്, എടത്തല, ചൂർണ്ണിക്കര തുടങ്ങിയ പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമത്തിന് പരിഹാരമായി ആലുവയിൽ പുതിയ ജലശുദ്ധീകരണ പ്ലാന്റും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനായി അർബൻ വാട്ടർ സപ്ലൈ സ്കീമിൽ അടങ്കൽ തുക 300 കോടി രൂപയുടെ പദ്ധതിയിൽ 5-10-2019-ലെ ജലവിഭവവകുപ്പിന്റെ 710/2019 ഉത്തരവ് പ്രകാരം 50 കോടി രൂപ അനുമതി നൽകിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ തൽസ്ഥിതി വിശദമാക്കാമോ?

കൊച്ചി കോർപ്പറേഷൻ, 5 സമീപ മുനിസിപ്പാലിറ്റികൾക്കും 13 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി പുനരുദ്ധാരണത്തിനായി ജി.ഒ. (ആർ.ടി.) നമ്പർ 710/2019/WRD പ്രകാരം 5-10-2019-ന് 50 കോടി രൂപ അനുവദിക്കുകയുണ്ടായി. പുതിയ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലത്തെ 1050 എം.എം.-ന്റെയും 900 എം.എം.-ന്റെയും ജലവിതരണ കുഴലുകൾ മാറ്റിയിടുന്നതിനും പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്റ്റാഫ് ക്വാർട്ടേഴ്സ് മാറ്റി പണിയുന്നതിനുമാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. ഈ രണ്ടു പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിച്ചതിനെ തുടർന്ന് ലഭ്യമായ ടെണ്ടറുകൾക്ക് അംഗീകാരം നൽകി പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(ബി) ഈ പദ്ധതിയുടെയും ശുദ്ധീകരണശാലയുടേയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 250 കോടി രൂപ കൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. 267.30 കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത് .

(സി) ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ആലുവ കേന്ദ്രമാക്കി സ്റ്റാഫുകളെ റീഡിപ്ലോയ്മെന്റ് ചെയ്ത് പ്രോജക്റ്റ് ഡിവിഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം ആവശ്യപ്പെട്ട് 3-8-2020-ന് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പെരുമ്പാവൂർ പ്രോജക്ട് ഡിവിഷനാണ് ഈ പദ്ധതിയ്ക്കുള്ള നടത്തിപ്പ് ചുമതല ഇപ്പോൾ നിർവ്വഹിക്കുന്നത് . നിലവിൽ പ്രോജക്ട് ഡിവിഷൻ പെരുമ്പാവൂരിന്റെ കീഴിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഒന്നും ഇല്ലാത്തതിനാൽ ഈ പദ്ധതിയുടെ പ്രാഥമിക ഘട്ടമായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 50 കോടി രൂപയുടെ ഭരണാനുമതി നൽകി ക്രമീകരിക്കുന്ന പ്രവൃത്തികൾ മേൽ ഡിവിഷനെ ഏൽപ്പിക്കുകയും ചെയ്തു. മറ്റു പ്രവൃത്തികൾ ഇല്ലാത്തതിനാൽ പ്രോജക്ട് ഡിവിഷൻ പെരുമ്പാവൂരിന്റെ നിലവിലെ മാനവശേഷി ഉപയോഗിച്ചുതന്നെ ഈ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കും. സർക്കാരിൽ ലഭിച്ച 3-8-2020 തീയതിയിലെ കത്ത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

## തലശ്ശേരി നിയോജകമണ്ഡലത്തിൽ ഒളവിലം പാത്തിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്

228(956) <u>ശ്രീ എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലും ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിലും ഉപ്പുവെള്ളം കയറുന്നത് പരിഹരിക്കുന്നതിന് ഈ സർക്കാർ ബജറ്റിൽ തുക നീക്കിവച്ച ഒളവിലം പാത്തിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്ന പ്രവർത്തി നടപ്പിലാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിലെ ഒളവിലം പാത്തിക്കലിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് 4.33 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഐ.ഡി.ആർ.ബി.-യിൽ നിന്നും റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഡിസൈൻ ലഭിക്കുകയും 9.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കീം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിനുള്ള ആയക്കട്ട് ലിസ്റ്റ് ലഭിക്കുന്നതിനു വേണ്ടി ചൊക്ലി, ന്യൂമാഹി എന്നീ വില്ലേജ് ഓഫീസർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായ ഉടൻ തന്നെ മറ്റ് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

229(957) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട് ആലിപ്പറമ്പ് പഞ്ചായത്ത് കുടിവെള്ള പദ്ധതിയ്ക്ക് സമീപം തൂതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം 2020-21-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നാളിതുവരെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) നിലവിലെ പാലത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് ഇത്തരത്തിൽ ഒരു പ്രവൃത്തി സമീപത്തെ കുടിവെള്ള പദ്ധതിയ്ക്ക് കൂടി പ്രയോജനപ്പെടുന്ന തരത്തിൽ നടപ്പിലാക്കുന്നത് ഈ പ്രദേശത്തെ ജനങ്ങൾക്ക് ഉപകാരമായിരിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉപകാരപ്രദമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) എങ്കിൽ അടിയന്തരമായി പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ പര്യവേക്ഷണം കഴിയുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണം

230(958) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും അധികജലം ഒഴുക്കി വിടാനും വേണ്ടി നിർമ്മിച്ച മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ ഷട്ടറുകൾക്ക് കാലപ്പഴക്കത്താൽ കേടുപാട് സംഭവിച്ചിട്ടുള്ളതും തന്മൂലം നെൽകൃഷിക്ക് നാശനഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനു പരിഹാരമായി താല്ക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിന്റെ ആവർത്തന ചെലവ് ഒഴിവാക്കുന്നതിനായി മേൽപറഞ്ഞ റെഗുലേറ്ററുകളുടെ നവീകരണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. താല്ക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിന്റെ ആവർത്തന ചെലവ് ഒഴിവാക്കുന്നതിനും ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI)-ൽ ഉൾപ്പെടുത്തി യഥാക്രമം 732 ലക്ഷം, 446 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഏനാമാവ് റെഗുലേറ്ററിന്റെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ മെക്കാനിക്കൽ വിഭാഗം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. റെഗുലേറ്റർ സ്ട്രക്ച്ചറിന്റെ സ്റ്റെബിലിറ്റി ഉറപ്പുവരുത്തിയശേഷം സിവിൽ വിഭാഗം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ്

231(959) ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പയസ്വിനിപ്പുഴയിൽ ആലൂർ മുനമ്പത്ത് നിർമ്മിക്കുന്ന സ്ഥിരം തടയണ (ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ്)-യുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ബാവിക്കരയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെ സിവിൽ മെക്കാനിക്കൽ പ്രവൃത്തികളുടെ നിർമ്മാണം 2021 ഫെബ്രുവരി 15-നകം പൂർത്തിയാകും.

(ബി) ഈ തടയണയുടെ നിർമ്മാണം തുടങ്ങിയത് എപ്പോഴാണെന്നും തുടക്കത്തിൽ ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ആദ്യത്തെ കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ?

തടയണയുടെ നിർമ്മാണം 11-7-2005-നാണ് ആരംഭിച്ചത്. ഇതിന്റെ എസ്റ്റിമേറ്റ് തുക 260.89 ലക്ഷം രൂപയാണ്. ആദ്യത്തെ കരാറുകാരൻ ശ്രീ.എം.എ. ഹാരിസ് ആയിരുന്നു.

(സി) എത്ര കരാറുകാർ വഴിയാണ് ഈ തടയണയുടെ പ്രവൃത്തി മുന്നോട്ടു പോയതെന്നും ഇടയ്ക്കുവച്ച് കരാറുകാർ പണി ഉപേക്ഷിക്കാൻ കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

മൂന്ന് കരാറുകാരാണ് ഈ തടയണയുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി ഏറ്റെടുത്ത് നടപ്പിലാക്കിയത്. ബാവിക്കര RCB പ്രവർത്തി 2005-ൽ ആരംഭിക്കുകയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പ്രവൃത്തിയിൽ മാറ്റം അനിവാര്യമായി വരികയും എന്നാൽ അത് പ്രകാരം പ്രവൃത്തി ഏറ്റെടുത്തു ചെയ്യാൻ ആദ്യം പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തയ്യാറാവാതെ വന്നതിനാൽ അദ്ദേഹത്തെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുകയും എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി വീണ്ടും റീ ടെൻഡർ ചെയ്യുകയും ശ്രീ. മൊയ്ദീൻകുട്ടി ഹാജി എന്ന കരാറുകാരൻ 82 ശതമാനം അധിക നിരക്കിൽ 2012-ൽ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ബാക്കി പ്രവൃത്തി പുരോഗമിക്കുമ്പോൾ പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതായി കാണുകയും, നിലവിലെ ഡിസൈൻ അപ്രായോഗികമായി വരികയും എസ്റ്റിമേറ്റ് വീണ്ടും പുതുക്കുകയും എന്നാൽ എക്സ്ട്രാ ഐറ്റംസിനു കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെട്ടതിനാൽ അദ്ദേഹത്തിനെ നിരുപാധികം കരാർ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. മൂന്നാമത്തെ കരാറുകാരനായ ശ്രീ. ടി. എ. അബ്ദുറഹിമാൻ ആണ് നിലവിൽ പ്രവൃത്തി നടപ്പിലാക്കുന്നത്

(ഡി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈ തടയണയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും പ്രസ്തുത സർക്കാർ തുക വർദ്ധിപ്പിച്ചു നൽകിയോയെന്നും എങ്കിൽ വർദ്ധിപ്പിച്ചു നൽകിയ തുക എത്രയാണെന്നും ഈ തടയണയുടെ കാര്യത്തിൽ കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഈ തടയണയുടെ എസ്റ്റിമേറ്റ് തുക 785.55 ലക്ഷം രൂപയായിരുന്നു. പ്രസ്തുത സർക്കാർ ഈ തുക വർദ്ധിപ്പിച്ച് 1283.20 ലക്ഷം രൂപയാക്കിയെങ്കിലും അന്നത്തെ കരാറുകാരൻ

പ്രവൃത്തി തുടർന്ന് ചെയ്യാൻ തയ്യാറായില്ല. ആയതിനാൽ പ്രസ്തുത കരാർ റദ്ദാക്കപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതിയുടെ ഡിസൈൻ പുതുക്കുകയും അത് പ്രകാരം പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു, ഈ കരാർ പ്രകാരമുള്ള പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

(ഇ) ഈ തടയണയുടെ മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ ഇതുവരെ ചെലവഴിച്ച തുക 17,62,24,212 രൂപയാണ്. Pending Bill 6,00,80,962 രൂപയാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഈ തടയണയുടെ മൊത്തം ചെലവ് എത്രയാണെന്ന് കണക്കാക്കുവാൻ സാധിക്കില്ല.

(എഫ്) നിയമസഭയിലെ ചോദ്യങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധ ക്ഷണിക്കൽ എന്നിവ മുഖേന ഈ തടയണക്കുവേണ്ടി സർക്കാരിലേക്ക് എത്ര ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്നും ആരൊക്കെയായിരുന്നു ഇവയത്രയും ഉന്നയിച്ചതെന്നും വ്യക്തമാക്കാമോ ?

ലഭ്യമായ രേഖകൾ പ്രകാരം ശ്രീ. കെ. കുഞ്ഞിരാമൻ (എം.എൽ.എ. ഉദുമ) -11 പ്രാവശ്യം, ശ്രീ. എൻ. എ. നെല്ലിക്കുന്ന് (എം.എൽ.എ. കാസർഗോഡ്) -13 പ്രാവശ്യം ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹുമാനപ്പെട്ട റവന്യൂ ഹൗസിങ് മിനിസ്റ്റർ) - 2 പ്രാവശ്യവും ഈ തടയണയ്ക്കുവേണ്ടി ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

## കാലടികുന്ന് റെഗുലേറ്റർ പദ്ധതിയുടെ സ്റ്റാറ്റസ്

232(960) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുറ പഞ്ചായത്തിൽ നിർമ്മിക്കുന്ന കാലടികുന്ന് റെഗുലേറ്റർ പദ്ധതിയുടെ സ്റ്റാറ്റസ് വ്യക്തമാക്കാമോ?

കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ മാനദണ്ഡപ്രകാരം 10 മീറ്റർ വീതിയുള്ള അപ്രോച്ച് റോഡും അനുബന്ധമായ സൗകര്യങ്ങളും പ്രസ്തുത പദ്ധതിക്ക് ആവശ്യമാണ്. ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ ബുദ്ധിമുട്ട് ആയതിനാൽ റെഗുലേറ്റർ കം ബ്രിഡ്ജിനു പകരം റെഗുലേറ്റർ കം ഫൂട് ബ്രിഡ്ജ് എന്ന ഭേദഗതി വരുത്തുന്നതിന് ബഹുമാനപ്പെട്ട പട്ടാമ്പി എം.എൽ.എ.-യും കിഫ്ബി അധികൃതർ, കെ.ഐ.ഐ.ഡി.സി. ഉദ്യോഗസ്ഥരും ഇറിഗേഷൻ ഉദ്യോഗസ്ഥരും 3-2-2020-ന് പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡിസൈൻ ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഐ.&എ. 30-10-2020-ന് ലഭ്യമാക്കുകയും അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## പൂരപ്പുഴ റെഗുലേറ്റർ പദ്ധതി

233(961) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ ആദ്യ മന്ത്രിസഭയുടെ കാലത്തുതന്നെ കർഷകർ ആവശ്യപ്പെട്ടിരുന്നതും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതുമായ താനൂരിലെ പൂരപ്പുഴ റെഗുലേറ്റർ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പൂരപ്പുഴ റെഗുലേറ്റർ പദ്ധതി ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

2017-18 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട റെഗുലേറ്ററുകളുടെ പട്ടികയിലുൾപ്പെട്ട താനൂരിലെ പൂരപ്പുഴ റെഗുലേറ്റർ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുകയും എസ്റ്റിമേറ്റ് പ്രകാരം ബോർഹോൾ എടുക്കുകയും ആയതുപ്രകാരമുള്ള റിപ്പോർട്ട് ഡിസൈനുവേണ്ടി സമർപ്പിച്ചുവെങ്കിലും നിർദ്ദേശിക്കപ്പെട്ട സ്ഥാനം സാങ്കേതിക കാരണങ്ങളാൽ അനുയോജ്യമല്ല എന്ന് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. അറിയിച്ചതിനാൽ പുതിയ സ്ഥലം തീരുമാനിക്കുകയും അതിനനുസരണമായി ഇൻവെസ്റ്റിഗേഷന് 12.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീനീയർ, ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നതാണ്.

(സി) പതിനായിരക്കണക്കിന് കർഷകർക്ക് പ്രയോജനപ്പെടുന്ന പൂരപ്പുഴ റെഗുലേറ്റർ നിർമ്മാണം എപ്പോൾ ആരംഭിക്കാനും എന്നേയ്ക്ക് കമ്മീഷൻ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ടി പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറിലേർപ്പെട്ടശേഷം കമ്മീഷൻ തീയതി നിശ്ചയിക്കുന്നതാണ്.

## കൊണ്ടോട്ടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതി

234(962) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊണ്ടോട്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് കൊണ്ടോട്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഏതെങ്കിലും പദ്ധതി തടസ്സപ്പെട്ട് കിടക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

മേജർ വിഭാഗത്തിനു കീഴിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ആമക്കോട് ഭാഗത്ത് റീ സർവ്വേ നം. 23/1 ചാലിയാറിന്റെ ഇടതുകര സംരക്ഷണത്തിനായി ആർ.എം.എഫ്. ശീർഷകത്തിൽ 52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. മലപ്പുറം ഡിവിഷൻ കാര്യാലയത്തിൽനിന്നും ടെണ്ടറുകളും ക്വട്ടേഷനുകളും നടത്തിയെങ്കിലും കരാറുകാരിൽനിന്നും പ്രതികരണം ലഭിച്ചിട്ടില്ല. മൈനർ വിഭാഗത്തിനു കീഴിൽ തടസ്സപ്പെട്ട പ്രവൃത്തികളൊന്നും ഇല്ല.

(ഡി) ഇറിഗേഷൻ വകുപ്പിന് കീഴിൽ ഊർക്കടവ് പാലത്തിന് സമീപമുള്ള കരയിടിച്ചിൽ ഭീഷണിയുള്ള സ്ഥലം ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

മേജർ വിഭാഗത്തിനു കീഴിൽ ഊർക്കടവ് പാലത്തിന് താഴെ ഇടതുകരയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഏകദേശം 62 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മൈനർ വിഭാഗത്തിനു കീഴിൽ ഊർക്കടവ് പാലത്തിന് സമീപമുള്ള കരയിടിച്ചിൽ ഭീഷണിയുള്ള സ്ഥലം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു:

(1) ചാലിയാർ പുഴയുടെ ഇടതുകരയിൽ വണക്കല്ല് ആർ.സി.ബി.-ക്ക് മുകൾഭാഗത്തായി സംരക്ഷണ പ്രവൃത്തി.

(2) കവണക്കല്ല് ആർ.സി.ബി,-യുടെ താഴ്ഭാഗത്ത് ഇടതുകരയിൽ തകർന്ന ഭിത്തി പുനർനിർമ്മാണം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എറണാകുളം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

235(963) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിവിഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം, വർഷം അടിസ്ഥാനത്തിൽ പേരുകൾ ഉൾപ്പെടെ വിശദമാക്കുമോ?

എറണാകുളം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിവിഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 43 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും എത്ര എണ്ണം ടെൻഡർ നടപടികൾ പൂർത്തികരിച്ചുവെന്നും എത്ര പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ 43 പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. "FD- 2019-20 ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ ലക്ഷം വീട് രാജീവ് നഗറിനു സമീപമുള്ള തോടിന്റെ പാർശ്വ സംരക്ഷണ പ്രവൃത്തികൾ" എന്ന പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാരനിൽ നിന്ന് പ്രതികരണങ്ങളൊന്നും ലഭിക്കാത്തതിനാൽ നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. ടെണ്ടർ ചെയ്ത 42 പ്രവൃത്തികളിൽ 32 എണ്ണം പൂർത്തിയായിട്ടുണ്ട്. ഒരെണ്ണം നടന്നുകൊണ്ടിരിക്കുന്നു. 7 എണ്ണം വിവിധ കാരണങ്ങളാൽ ഡ്രോപ്പ് ചെയ്തു. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

## വള്ളക്കാവ് തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം

236(964) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പഞ്ചായത്തിലെ വള്ളക്കാവ് തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പെറ്റീഷൻ നമ്പർ 2134/20 പ്രകാരം 2-3-2020-ൽ ജലവിഭവ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സി.ഇ.(ഐ ആന്റ് എ) ഇതു സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ ഫിനാൻഷ്യൽ സാംഗ്ഷൻ നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ വർക്കിന് സി.ഇ.-ക്ക് ഫിനാൻഷ്യൽ സാംഗ്ഷൻ നൽകുന്നതിന് ഭരണപരമോ സങ്കേതികമോ ആയ തടസ്സമുണ്ടോ; ഇല്ലായെങ്കിൽ എന്നേയ്ക്ക് സാംഗ്ഷൻ നൽകാൻ കഴിയും എന്നറിയിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിരുന്നു. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ മരങ്ങാട്ടുപള്ളി പഞ്ചായത്തിലെ വള്ളക്കാവ് തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണത്തിന് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

237(965) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ജലവിഭവ വകുപ്പ് കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എന്നിവ ഏതെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലഅതോറിറ്റി, ജലസേചന വകുപ്പ് എന്നിവ മുഖേന കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള പട്ടിക, അനുവദിച്ച തുക, പൂർത്തീകരിക്കുന്നതു സംബന്ധിച്ചുള്ള അവസ്ഥ എന്നീ വിശദാംശങ്ങൾ അടങ്ങിയ പട്ടികകൾ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു*

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഈ സർക്കാർ അനുവദിച്ച ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജിയോ ട്യൂബ് ഉപയോഗിച്ചുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള കടൽഭിത്തിയുടെ നിർമ്മാണത്തിന് കരാർ എടുത്ത ആദ്യത്തെ കരാറുകാരനെ പ്രവൃത്തികളിൽനിന്നും നീക്കം ചെയ്യുകയും (പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാഞ്ഞതിന്റെ അടിസ്ഥാനത്തിൽ) പുതിയ കരാറുകാരൻ ലെനിമോൻ. പി.എ., ഗ്രീൻവേ സൊല്യൂഷൻസ് പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുകയും പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുമ്പളങ്ങി പഞ്ചായത്തിലെ പടന്നകരി പാടശേഖരത്തിൽ സ്ലൂയിസിന്റെ നിർമ്മാണ പ്രവൃത്തി പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും കരാർ ഏറ്റെടുക്കാത്തതുകൊണ്ട് പ്രവൃത്തി ചെയ്യുവാൻ സാധിച്ചിട്ടില്ല.

**മങ്കട മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

238(966) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിൽ അനുവദിച്ച ജലസേചന പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രവൃത്തിയുടെ പേര്, ഭരണാനുമതി ഉത്തരവ്, തുക, നിലവിലെ പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കീഴിൽ മങ്കട നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു*

(ബി) 2020-21 സാമ്പത്തികവർഷം വകുപ്പ് തലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രത്യേകം നൽകാമോ?

കേരള വാട്ടർ അതോറിറ്റി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. അങ്ങാടിപ്പുറം ശുദ്ധജല വിതരണ പദ്ധതിക്ക് 165 എച്ച്. പി. പമ്പ് സെറ്റ് സ്ഥാപിക്കൽ-40 ലക്ഷം രൂപ.
2. വരൾച്ച ദുരിതാശ്വാസ പദ്ധതി- തൂതപ്പുഴയിൽ മൂർക്കനാട് ഭാഗത്ത് താൽക്കാലിക തടയണ നിർമ്മിക്കൽ - 14.10 ലക്ഷം രൂപ.

ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിൽ 2020-21 വർഷത്തിൽ മങ്കട, മക്കരപ്പറമ്പ്, കുറുവ, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മൂർക്കനാട്, പുഴക്കാട്ടിരി പഞ്ചായത്തുകളിലായി 9503 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട് .

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായൽ വെള്ളം ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കയറുന്നത് തടയാനുള്ള നടപടികൾ

239(967) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ ഭാഗം രണ്ട് റീച്ചായി മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനും പ്രസ്തുത പ്രദേശത്തെ ജനജീവിതം സുഗമമാക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കായൽ വെള്ളം ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കയറുന്നത് രൂക്ഷമാവുന്ന സാഹചര്യവും മത്സ്യബന്ധനത്തിന് തടസ്സം സൃഷ്ടിക്കപ്പെടുന്നതും കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) സി.എസ്.ഐ.എൻ.ഡി. 21-6-2018-ൽ ഇറക്കിയിട്ടുള്ള 2/2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷന്റെയോ കൊച്ചി പോർട്ട് ട്രസ്റ്റിന്റെയോ കൈവശമുള്ള സ്ഥലങ്ങൾ കളക്ടർ മുഖാന്തിരം ലഭ്യമാക്കി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) കണ്ണങ്ങാട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, (ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും)-യുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും 16-ാം ഡിവിഷനിൽ പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 11/66-ലെ താഴ്ന്നുകിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്. മേൽ വിവരങ്ങൾ എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതുമാണ്.

## കോഴിക്കോട് നോർത്തിൽ ജലസേചന വകുപ്പ് നടത്തിയ പ്രവൃത്തികൾ

240(968) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് നടത്തിയ പ്രവൃത്തികളുടെ പേരും ചെലവഴിച്ച തുകയും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചനവും ഭരണവും വകുപ്പിനു കീഴിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി നടപ്പിലാക്കിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു*.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇറിഗേഷൻ പ്രോജക്ട് 1 വിഭാഗത്തിന് കീഴിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി നടപ്പിലാക്കിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു*.

(ബി) ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെങ്കിൽ അവ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചനവും ഭരണവും വകുപ്പിനുകീഴിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഭരണാനുമതി നൽകി പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധം III ആയി ചേർക്കുന്നു*.

## തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

241(969) ശ്രീ എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

ഭൂജല വകുപ്പിനു കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു*.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന കേരള ജല അതോറിറ്റി നടപ്പിലാക്കിയ പദ്ധതികളിൽ 10 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 2 എണ്ണം പ്രവൃത്തികൾ പൂർത്തീകരിക്കുകയും 8 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

<u>പൂർത്തീകരിച്ച പദ്ധതികൾ</u>- (2 എണ്ണം)

1. സ്റ്റേറ്റ് പ്ലാൻ 2019-20 - അഞ്ചരക്കണ്ടി പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി- കതിരൂർ പഞ്ചായത്തിൽ പരാംകുന്ന് ഭാഗത്ത് പഴയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 26.50 ലക്ഷം.
2. സ്റ്റേറ്റ് പ്ലാൻ 2019-20 - അഞ്ചരക്കണ്ടി പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി- എരഞ്ഞോളി പഞ്ചായത്തിൽ വടക്കനാട് മുതൽ കുറുപ്പാടി സ്കൂൾ വരെ പഴയ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 15 ലക്ഷം.

<u>പ്രവൃത്തികൾ പുരോഗമിക്കുന്ന പദ്ധതികൾ</u>- (8 എണ്ണം)

1. സ്റ്റേറ്റ് പ്ലാൻ 2019-20 - തലശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി- മോറക്കുന്ന് സോൺ- തലശ്ശേരി താലൂക്കിൽ കോടിയേരി റോഡിൽ പഴയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 125 ലക്ഷം.
2. ജലജീവൻ മിഷൻ- പന്ന്യന്നൂർ പഞ്ചായത്ത്- പന്ന്യന്നൂർ, പാനൂർ- മൊകേരി കുടിവെള്ളപദ്ധതി ഫേസ് 2 - 39 ലക്ഷം.
3. ജലജീവൻ മിഷൻ- എരഞ്ഞോളി പഞ്ചായത്ത്- അഞ്ചരക്കണ്ടി, പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി ഫേസ്-2 - 899 ലക്ഷം.
4. ജലജീവൻ മിഷൻ- കതിരൂർ പഞ്ചായത്ത്- അഞ്ചരക്കണ്ടി പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി ഫേസ്-2 - 1092.09 ലക്ഷം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

5. സ്റ്റേറ്റ് പ്ലാൻ 2020-21- തലശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി- തലശ്ശേരി ഗുഡ്ഷെഡ് റോഡിൽ പഴയ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 10 ലക്ഷം.
6. സ്റ്റേറ്റ് പ്ലാൻ 2020-21- തലശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി- തലശ്ശേരി ഗേൾസ് സ്കൂൾ മുതൽ ഫോറസ്റ്റ് ഓഫീസ് വരെ- എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 12 ലക്ഷം.
7. സ്റ്റേറ്റ് പ്ലാൻ 2020-21 - തലശ്ശേരി കുടിവെള്ളപദ്ധതി- എടത്തിലമ്പലം മുതൽ കുയ്യാളി വരെ എ.സി. ഡിസ്ട്രിബ്യൂഷൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 10 ലക്ഷം.
8. കിഫ്ബി 2017-18 - തലശ്ശേരി കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി - 8586 ലക്ഷം.

ജലനിധി മുഖേന നടപ്പിലാക്കിയ പദ്ധതികൾ

തലശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കതിരൂർ ഗ്രാമപഞ്ചായത്തിലെ വണ്ണാത്തിക്കുളം ബൃഹത് കുടിവെള്ള പദ്ധതി.

17-10-2017-ൽ പ്രവൃത്തി ആരംഭിച്ചു.

30-7-2018-ൽ പദ്ധതി 13,74,800 രൂപ ചെലവ് ചെയ്ത് പൂർത്തീകരിച്ചു

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി വിഭാഗം 1-നു കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ പറയുന്നു:

PyIP- Flood damages 2018-19- Urgent rectification of breached canal near 4/000 Km in Pannyannur distributory of Mahi branch canal for the year 2018-19 for Rs.9,50,000 project is completed.

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് അറിയിക്കുമോ; ആയത് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരള ജല അതോറിറ്റി- തലശ്ശേരി കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്കാവശ്യമായ ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് 4 സ്വകാര്യ വ്യക്തികളുടേയും ഒരു സർക്കാർ ഭൂമിയും ആവശ്യമാണ്. സ്വകാര്യ ഭൂമിയിന്മേലുള്ള ലാന്റ് അക്വിസിഷൻ നടപടി

പുരോഗമിച്ചുവരുന്നു. തലശ്ശേരി ഗവ. കോളേജ് വക ഭൂമിയിൽ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടി പുരോഗമിച്ചുവരുന്നു. ആവശ്യമായ ഭൂമി വിട്ടുകിട്ടിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി സ്വകാര്യ ഭൂമിക്ക് പകരം മറ്റ് സ്ഥലം കണ്ടെത്തുന്നതിനായി ശ്രമിക്കുന്നു. ബാക്കിയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ദർഘാസ് നടപടി സ്വീകരിച്ചിരുന്നു. റോഡ് കട്ടിംഗ് ആവശ്യമായ പ്രദേശങ്ങളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കരാറുകാർക്ക് കർശന നിർദ്ദേശങ്ങളും നൽകി വരുന്നു.

## മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

242(970) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ബ്ലോക്കിലെ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി, വെണ്ടല്ലൂർ, കോട്ടപ്പുറം പുഞ്ചപ്പാടങ്ങളിലെ ജലക്ഷാമം പരിഹരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഇരിമ്പിളിയം പദ്ധതി പുനരുദ്ധാരണത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാക്കുന്ന മുറക്ക് മങ്കേരി, വെണ്ടല്ലൂർ, കോട്ടപ്പുറം പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

(ബി) ഭാരതപ്പുഴയിലെ ഏറ്റവും താഴ്ന്ന പ്രദേശമായ മങ്കേരി പേരശ്ശന്നൂർ ഭാഗത്ത് തടയണ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ഇതിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സ്ഥലം സന്ദർശിച്ച് പ്രാഥമിക പരിശോധന നടത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വെണ്ടല്ലൂർ പ്രദേശത്തേക്കുകൂടി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ വെണ്ടല്ലൂർ പ്രദേശത്തേക്ക് ദീർഘിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഇരിമ്പിളിയം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറക്ക് ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ

243(971) ശ്രീ പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജലസേചനം, ചെറുകിട ജലസേചനം വകുപ്പുകൾ മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ജലസേചനം, ചെറുകിട ജലസേചനം വകുപ്പുകൾ മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും താഴെപ്പറയുന്നു:

മേജർ ഇറിഗേഷൻ പദ്ധതികൾ

1. എഫ്.സി. - പെരുമണ്ണ പഞ്ചായത്തിലെ വാർഡ് നം. 9-ൽ പെരിഞ്ചീരിയിൽ ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം -ഈ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
2. എഫ്.സി. - ചാത്തമംഗലം പഞ്ചായത്തിലെ വാർഡ് നം. 9-ൽ അടുക്കത്തിൽ തോട്ടമുറി പറമ്പയിൽ ഇരുവഞ്ഞി പുഴയുടെ വലതുകര സംരക്ഷണം-സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. ആർ.എം.എഫ്. - കുന്ദമംഗലം പഞ്ചായത്തിലെ പാറക്കടവ് പാലത്തിന് മുകൾഭാഗത്തായി പുതുശ്ശേരികണ്ടി പറമ്പിൽ പൂനൂർപുഴയുടെ ഇടതുകര സംരക്ഷണം- സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൈനർ ഇറിഗേഷൻ പദ്ധതികൾ

1. എസ്.ഡി.ആർ.എഫ്. - ഒളവണ്ണ പഞ്ചായത്തിലെ കുന്നത്തുപാലം എസ്.ഡബ്ല്യൂ.ഇ/വി.സി.ബി.യുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തി-പ്രവൃത്തിയുടെ 60 ശതമാനം പൂർത്തിയായി.
2. കുന്ദമംഗലം പഞ്ചായത്തിലെ വേള്ളൂർ വയൽ പാടശേഖരത്തിന്റെ വികസന പ്രവൃത്തി -പ്രവൃത്തിസ്ഥലം 25-8-2020-ന് കരാറുകാരന് കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

3. ചാത്തമംഗലം പഞ്ചായത്തിലെ എറഞ്ഞിപറമ്പ് എൽ. ഐ. സ്കീം നിർമ്മാണം- പ്രവൃത്തി ആരംഭിച്ചു. പ്രസ്തുത പ്രവൃത്തിയുടെ പമ്പ് ഹൗസ് നിർമ്മിക്കുവാനുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ഒളവണ്ണ പഞ്ചായത്തിലെ പൂളേങ്കര ചാലിയുടെ അഭിവൃദ്ധിപ്പെടുത്തൽ- പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**എറണാകുളം മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

244(972) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ ഡിവിഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം, വർഷം അടിസ്ഥാനത്തിൽ പേരുകൾ ഉൾപ്പെടെ വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും എത്ര എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്നും എത്ര പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ ഇറിഗേഷൻ വകുപ്പുകൾ വഴി എറണാകുളം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

245(973) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്, ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്. മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ ജലജീവൻ മിഷൻ എന്നിവയിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റും ആകെ തുകയും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ ലിസ്റ്റും തുകയും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിനു കീഴിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നിവ മുഖാന്തിരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രവർത്തികളെ സംബന്ധിച്ച വിശദാംശങ്ങളും പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്, ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്. എന്നിവയിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടികയും ആകെ തുകയും പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ പട്ടികയും ബന്ധപ്പെട്ട തുകയും അനുബന്ധം I, II എന്നിവയായി ചേർക്കുന്നു*. ജലജീവൻ മിഷൻ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാത്തതുമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊയിലാണ്ടിയിലെ മേജർ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ**

246(974) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ ഇറിഗേഷൻ വകുപ്പുവഴി കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ എം.എൽ.എ. ഫണ്ട്, സർക്കാർ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചതും നടന്നുവരുന്നതും, ഭരണാനുമതിയായതുമായ ആകെ പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ പട്ടികപ്പെടുത്തി നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേജർ ഇറിഗേഷൻ വകുപ്പുവഴി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിലായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ നിലവിലുള്ള അവസ്ഥയും അനുബന്ധമായി ചേർക്കുന്നു*.

**വാടാനപ്പള്ളി പഞ്ചായത്തിലെ ഷട്ടർ സ്ലൂയിസ് നിർമ്മാണം**

247(975) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി. കെട്ടിൽ ഉപ്പുവെള്ളം തടയുന്നതിനുള്ള മെക്കാനിക്കൽ ഷട്ടർ സ്ലൂയിസിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണത്തിനായി 2020-21-ലെ ബഡ്ജറ്റിൽ ഇരുപത് ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഈ പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ഡിസൈൻ തയ്യാറാക്കിവരുന്നു.

(ബി) ഉദ്ദേശം 150 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് ഉപകാരപ്രദമായ ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമായതിനുശേഷം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ DPR സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

248(976) ശ്രീ എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ ഇറിഗേഷൻ വകുപ്പ്, മൈനർ ഇറിഗേഷൻ വകുപ്പ് എന്നിവ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുകയടക്കം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ് മുഖേന തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബാവിക്കര തടയണ**

249(977) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര തടയണയോട് ചേർന്ന് പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പ്രവൃത്തിയുടെ ഡിസൈൻ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് തയ്യാറാകും; വ്യക്തമാക്കാമോ?

പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡിസൈനും ഡ്രോയിംഗും ഫെബ്രുവരി ആദ്യവാരം പൂർത്തീകരിക്കാനുള്ള നടപടികൾ ഐ.ഡി.ആർ.ബി.-യിൽ സ്വീകരിച്ചുവരുന്നു.

(സി) ഈ പ്രവൃത്തിക്ക് 2021-22-ലെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്ന കാര്യം വകുപ്പ് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലം**

250(978) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ കേരളാ വാട്ടർ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുണ്ട് .

1. ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിൽ ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾ.
2. വാമനപുരം പേഴുംമൂട് പമ്പ് ഹൗസിൽ പുതിയ 25 HP പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.
3. നെല്ലനാട് പമ്പ് ഹൗസിൽ 250 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.
4. വാമനപുരം പഞ്ചായത്തിലെ വിവിധ മേഖലകളിൽ കുടിവെള്ള ശൃംഖല ദീർഘിപ്പിക്കുന്നതിനായി MLA-യുടെ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 26.59 ലക്ഷം രൂപയുടെ പ്രവൃത്തി.
5. നെല്ലനാട് പമ്പ് ഹൗസിൽ 80 HP VT പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.
6. ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്ക് വേണ്ടിയുള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തിക്കായി 16 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

7. പൊന്മുടി SSF(Slow Sand Filter) ന്റെ നവീകരണം - 6 ലക്ഷം.

8. ഇടിഞ്ഞാർ ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി- ഇടിഞ്ഞാർ പമ്പ് ഹൗസിലെ Retaining wall നിർമ്മാണം - 32 ലക്ഷം.

9. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി- പുല്ലമ്പാറ പഞ്ചായത്ത് ചെമ്മനാംകുന്ന് കോളനിയിലെ 75mm PVC (6Kg) പഴകിയ distribution main മാറ്റി 75mm PVC (10 Kg) സ്ഥാപിക്കൽ- 2.56 ലക്ഷം.

10. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി-750m തേമ്പാമൂട് മുതൽ പുല്ലമ്പാറ പാലം വരെയുള്ള 75mm PVC (6Kg) പഴകിയ distribution main മാറ്റി 75mm PVC (10 Kg) സ്ഥാപിക്കൽ- 5.59 ലക്ഷം.

11. കല്ലറ, പാങ്ങോട്,പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്രശുദ്ധ ജലവിതരണപദ്ധതി- തെങ്ങുംകോട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം-6.52 ലക്ഷം.

12. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണപദ്ധതി- കടുവാക്കുഴി പമ്പ് ഹൗസിൽ CF പമ്പും മോട്ടോറും വിതരണവും സ്ഥാപിക്കലും- 5.5 ലക്ഷം.

13. LAC-ADF-വാമനപുരം- പാലംകോണം, പിച്ചിമംഗലം - പൈപ്പ് ലൈൻ നീട്ടൽ- 15 ലക്ഷം.

14. LAC-SDF- ആനാട് പഞ്ചായത്തിൽ ഇരിഞ്ഞയം ക്ഷേത്രത്തിൽ നിന്നും കൈരളി നഗർ ഏരിയയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ-3.90 ലക്ഷം.

15. MLA-SDF- ആനാട് ഗ്രാമീണ ശുദ്ധ ജലവിതരണപദ്ധതി- ആനാട് ഗ്രാമപഞ്ചായത്തിൽ കല്ലിയോട്നിന്നും വട്ടറത്തലയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ- 12.18 ലക്ഷം.

16. MLA-SDF- ആനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ആനാട് ഗ്രാമപഞ്ചായത്തിൽ മീൻമൂട് നിന്നും കൈരളി നഗറിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ- 2.66 ലക്ഷം.

17. KIIFB- കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി- ഇയ്യേമുക്ക്-ഭരതന്നൂർ, കോട്ടയപ്പക്കാവ് റോഡിൽ 200mm AC പൈപ്പ് മാറ്റി 200mm DI K9 പൈപ്പ് സ്ഥാപിക്കൽ- 128.88 ലക്ഷം.

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ടി പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

1. ജലജീവൻ മിഷനിൽ ഉൾപ്പെട്ട പ്രവൃത്തികൾ- വാമനപുരം പഞ്ചായത്തിൽ 450 ഗാർഹിക കണക്ഷനുകൾ നൽകി പദ്ധതി പുരോഗമിക്കുന്നു. നെല്ലനാട് പഞ്ചായത്തിൽ 390 ഗാർഹിക കണക്ഷനുകളും, നെല്ലനാട് പമ്പ് ഹൗസിൽ പുതിയ 80 HP മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.

2. പേഴുംമൂട് പമ്പ് ഹൗസിൽ 25 HP പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി work award ചെയ്തിട്ടുണ്ട്.

3. നെല്ലനാട് പമ്പ് ഹൗസിൽ 250 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി 9.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിലേയ്ക്കായുള്ള സ്ഥലം ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

4. 4. MLA ഫണ്ടിൽ ഉൾപ്പെടുത്തി വാമനപുരം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

5. നെല്ലനാട് പമ്പ് ഹൗസിൽ 80 HP VT പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് ജലവിതരണം സുഗമമാക്കി.

6. ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി work order നൽകിയിട്ടുണ്ട്.

7. പൊന്മുടി SSF-ന്റെ നവീകരണം - പ്രവൃത്തി പുരോഗമിക്കുന്നു.

8. ഇടിഞ്ഞാർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ഇടിഞ്ഞാർ പമ്പ് ഹൗസിലെ Retaining wall നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു

9. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി- പുല്ലമ്പാറ പഞ്ചായത്ത് ചെമ്മനാംകുന്ന് കോളനിയിലെ 75mm PVC (6Kg) പഴകിയ distribution main മാറ്റി 75mm PVC (10 Kg) സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്രശുദ്ധജല വിതരണ പദ്ധതി-750m തേമ്പാമൂട് മുതൽ പുല്ലമ്പാറ പാലം വരെയുള്ള 75mm PVC (6Kg) പഴകിയ distribution main മാറ്റി 75mm PVC (10 Kg) സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചു.

11. കല്ലറ, പാങ്ങോട്,പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി-തെങ്ങുംകോട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം- പ്രവൃത്തി പൂർത്തീകരിച്ചു.

12. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി- കടുവാക്കുഴി പമ്പ് ഹൗസിൽ CF പമ്പും മോട്ടോറും വിതരണവും സ്ഥാപിക്കലും- പ്രവൃത്തി പൂർത്തീകരിച്ചു.

13. LAC-ADF-വാമനപുരം- പാലംകോണം, പിച്ചിമംഗലം – പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചു.

14. LAC-ADF- ആനാട് പഞ്ചായത്തിൽ ഇരിഞ്ഞയം ക്ഷേത്രത്തിൽ നിന്നും കൈരളി നഗർ ഏരിയയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചു.

15. 15. MLA-SDF- ആനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ആനാട് ഗ്രാമപഞ്ചായത്തിൽ കല്ലിയോട് നിന്നും വട്ടറത്തലയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചു.

16. MLA-SDF- ആനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ആനാട് ഗ്രാമ പഞ്ചായത്തിൽ മീൻമൂട് നിന്നും കൈരളി നഗറിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പുരോഗമിക്കുന്നു.

17. KIIFB- കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര ശുദ്ധജല വിതരണ പദ്ധതി- ഇയ്യേമുക്ക്- ഭരതന്നൂർ, കോട്ടയപ്പക്കാവ് റോഡിൽ 200mm AC പൈപ്പ് മാറ്റി 200mm DI K9 പൈപ്പ് സ്ഥാപിക്കൽ- പ്രവൃത്തി പുരോഗമിക്കുന്നു.

## കൊല്ലം നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

251(979) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഭൂജലവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഭൂജലവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവർത്തികളുടെ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം - 1*)

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

പൂർത്തീകരിച്ച പ്രവൃത്തികൾ തുടർപരിപാലനത്തിനായി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

**ഭൂഗർഭ ജലത്തിന്റെ അളവ്**

252(980) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭൂജല വകുപ്പിന്റെ നിരീക്ഷണ കിണറുകളിൽനിന്നും പ്രതിമാസം ശേഖരിക്കുന്ന ഭൂജല വിതാന ഡേറ്റ വിശകലനം ചെയ്യുന്നതിൽനിന്നും ഭൂജല വിതാനത്തിൽ ഗണ്യമായ/സ്ഥിരമായ കുറവ് രേഖപ്പെടുത്തുന്നില്ല. 50 ശതമാനം നിരീക്ഷണ കിണറുകളിൽ വേനൽകാലത്ത് ഭൂജലവിതാനം താഴുന്നതായും തുടർന്നുള്ള മഴക്കാലത്ത് ഭൂജലവിതാനം പൂർവ്വ സ്ഥിതിയിൽ ആകുന്നതായും ആണ് മനസിലാക്കുന്നത്.

(ബി) ഭൂഗർഭ ജലത്തിന്റെ അളവ് കൂട്ടുന്നതിന് ഭൂഗർഭജലവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് സുസ്ഥിര ഭൂജല വികസനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഭൂജല വിതാനം ഉയർത്തുന്നതിനായി ' ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. തുറന്നകിണർ/റീചാർജ്ജ് പിറ്റ്/കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻ കീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തിക വർഷം 350 ലക്ഷം രൂപ വകുപ്പിന് ബഡ്ജറ്റ് വിഹിതമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. കൂടാതെ ‘ Additional’ authorisation മുഖേന 900 ലക്ഷം രൂപ കൂടി പ്രസ്തുത ഹെഡിൽ G.O (Rt) No. 7306/2020/ Fin dtd:16-12-2020 പ്രകാരം വകുപ്പിന് ലഭ്യമായിട്ടുണ്ട്. ജില്ലകളിൽ നിന്നും ലഭ്യമായ 700 ലക്ഷം രൂപയുടെ വിവിധ റീചാർജ്ജ് പദ്ധതികളുടെ പ്രൊപ്പോസലുകളിൽ നിന്നും 400 ലക്ഷം രൂപയുള്ള വിവിധ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പ്രൊപ്പോസലുകളുടെ സൂക്ഷ്മ പരിശോധന പുരോഗമിച്ചുവരുന്നു. 122 എണ്ണം തുറന്ന കിണർ /റീചാർജ്ജ് പിറ്റ് പദ്ധതികളും, 8 എണ്ണം ബോർവെൽ റീചാർജ്ജ് പദ്ധതികളും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കുഴൽകിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ മാർഗങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിൽ എത്ര പദ്ധതികൾക്ക് ഇതിനകം അനുമതി നൽകിയെന്ന് വിശദമാക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്. ഭൂജലവകുപ്പ് 2019-20 സാമ്പത്തിക വർഷം മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ‘ കുഴൽകിണർ’ റീ ചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 81 കുഴൽ കിണറുകളിൽ സ്ലഗ് ടെസ്റ്റ് (ഭൂജല സംപോഷണത്തിനായി കുഴൽ കിണറുകളിൽ നടത്തുന്ന പ്രാഥമിക ശാസ്ത്രീയ പരിശോധന) നടത്തുകയും, അനുയോജ്യമായ 21 പദ്ധതികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ 10 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പൂർത്തീകരിച്ച ബോർവെൽ റീചാർജ്ജ് പദ്ധതികളുടെ ജലഗുണനിലവാര പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സംപോഷണത്തിന് അനുയോജ്യമായ കുഴൽ കിണർ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുഴൽക്കിണർ നിർമ്മാണത്തിന് സബ്സിഡി**

253(981) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലദൗർലഭ്യ മേഖലകളിൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള കുഴൽക്കിണർ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഗാർഹിക ആവശ്യങ്ങൾക്കുള്ള കുഴൽക്കിണർ നിർമ്മാണത്തിന് സബ്സിഡി നൽകുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ കൃഷി ആവശ്യങ്ങൾക്കായി കുഴൽകിണർ നിർമ്മിക്കുന്നതിന് ചെറുകിട കർഷകൻ ആണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്രില്ലിംഗ് ചാർജ്ജിന് 50 ശതമാനം സബ്സിഡി നൽകുന്നുണ്ട്.

## ഒളവണ്ണ കൊളത്തറ ചുങ്കത്ത് ഫ്ലഡ് ലോക്ക്

254(982) ശ്രീ പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ കൊളത്തറ ചുങ്കത്ത് ഫ്ലഡ് ലോക്ക് നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഒളവണ്ണ കൊളത്തറ ചുങ്കത്ത് ഫ്ലഡ് ലോക്ക് സ്ഥാപിക്കുവാനുള്ള ഒരു ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട് (IWT) ഫണ്ടിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്. ഫ്ലഡ് ലോക്ക് നിർമ്മിക്കുന്നതിനുവേണ്ട ഡിസൈൻ തയ്യാറാക്കാനായി വേണ്ട റിപ്പോർട്ടുകളും ഡേറ്റകളും സമർപ്പിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇല്ല; ഡിസൈൻ ലഭിച്ചതിനുശേഷം മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## കാട്ടാക്കട മണ്ഡലത്തിൽ ഭൂജലവകുപ്പിന് കീഴിലെ പ്രവൃത്തികൾ

255(983) ശ്രീ ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ, വിളപ്പിൽ, മലയിൻകീഴ്, കാട്ടാക്കട, പള്ളിച്ചൽ, മാറനല്ലൂർ എന്നീ പഞ്ചായത്തുകളിലായി ഭൂജലവകുപ്പിന് കീഴിൽ അനുമതി ലഭ്യമായി ആരംഭിച്ച പ്രവൃത്തികൾ, അവയുടെ തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പദ്ധതികളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു ( അനുബന്ധം -1)*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

256(984) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ ഭൂജലവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ ഭൂജലവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം - 1)*

(ബി) പ്രസ്തുത പദ്ധതികൾക്ക് നൽകിയ ഭരണാനുമതികളുടെ പകർപ്പ് ലഭ്യമാക്കാമോ?

പദ്ധതികൾക്ക് നൽകിയ ഭരണാനുമതികളുടെ പകർപ്പ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജലവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

## കുട്ടനാട്ടിലെ വെള്ളപ്പൊക്കക്കെടുതിയും ജലക്ഷാമവും

257(985) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ആർ. രാജേഷ്:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതി ഇല്ലാതാക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; രണ്ടാം ഘട്ടത്തിൽ വിവിധ ഘടക പദ്ധതിക്കൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടനാട്ടിൽ ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതി ഇല്ലാതാക്കുന്നതിന് റീബിൾഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി റൂം ഫോർ റിവർ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക കെടുതി ലഘൂകരിക്കുന്നതിനായി എ.സി. കനാൽ ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെ നീട്ടുന്ന പ്രവൃത്തി, തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 32 കോടി രൂപയും 2020-21-ൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 17.4 കോടി രൂപയും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 29.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി കായലും ജലാശയങ്ങളും ശുചീകരിക്കാൻ പരിപാടിയുണ്ടോ?

പദ്ധതികളുടെ ഭാഗമായി പുറംബണ്ടിലെ നിർമ്മാണം നടത്തുമ്പോൾ കായലിൽനിന്നും ജലാശയങ്ങളിൽനിന്നും ലഭിക്കുന്ന ചെളിയും മണ്ണുമാണ് ഉപയോഗിക്കുന്നത്. ഇപ്രകാരം ആഴം കൂട്ടി ഇവയുടെ ആവാഹനശേഷി വർദ്ധിപ്പിക്കുന്നതിനും ശുചീകരിക്കുന്നതിനും കഴിയും.

(സി) കുട്ടനാട് പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ?

കുട്ടനാട്ടിലെ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ 3 പാക്കേജുകളിലായി നടപ്പിലാക്കി.

<u>പാക്കേജ്-1</u>: ഈ പ്രവൃത്തിയിൽ രണ്ട് റീച്ചുകളായി ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു. റീച്ച് 1 - ജല ശുദ്ധീകരണശാല - മൂട്ടാർ വെളിയനാട് നീലംപേരൂർ സോണിലെ വെളിയനാട്ടു മുതൽ പേരൂർ വരെ - 11400 മീറ്റർ. റീച്ച് - 2 : ജല ശുദ്ധീകരണശാല - തലവടി-എടത്വ-വീയപുരം സോണിൽ എടത്വ മുതൽ വീയപുരം വരെ - 6500 മീറ്റർ. ഈ പാക്കേജിൽ 6 കി.മീ. വിതരണശൃംഖല രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കിഫ്ബി അനുമതി നൽകിയ കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഇതിന്റെ പ്രയോജനം ലഭ്യമാകുകയുള്ളൂ.

പാക്കേജ്-2: രണ്ട് റീച്ചുകളായി പ്രവൃത്തി പൂർത്തീകരിച്ചു. ജല ശുദ്ധീകരണശാല മുതൽ രാമങ്കരിവരെ - (12328 മീ.) പള്ളിക്കൂട്ടുമ്മ മുതൽ പുളിങ്കുന്ന് കാവാലം വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു - (5880 മീ.) 800 എം.എം. പൈപ്പ് നിലവിലെ പമ്പിംഗ് മെയിനുമായി കണക്ട് ചെയ്ത് രാമങ്കരി, ചമ്പക്കുളം ഭാഗത്ത് കുടിവെള്ള വിതരണം മെച്ചപ്പെടുത്തി.

പാക്കേജ്-3: 4.50 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഉന്നതതല ജലസംഭരണിയിലേക്ക് പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, പമ്പ് സെറ്റ് എന്നിവയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. 46 കി. മീറ്ററിൽ 36 കി.മീ. വിതരണശൃംഖല പൂർത്തിയായി. മുട്ടാർ സെൻട്രൽ, അമ്പലപ്പുഴ-തിരുവല്ല, നെടുമുടി-കരുവാറ്റ എന്നീ പ്രധാന റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള അനുമതി നൽകുന്ന കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടത്തിന് 289 കോടി രൂപയുടെ ധനസഹായം കിഫ്ബി മുഖേന നൽകിയിട്ടുണ്ട്. നീരേറ്റുപുറത്ത് നിലവിലുള്ള ജലശുദ്ധീകരണശാലയ്ക്ക് സമീപം 30 എംഎൽ.ഡി. ജല ശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളും 39 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ നടന്നുവരുന്നു. ജല ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം ലഭിച്ചാലുടൻ നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതാണ്.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

258(986) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചിയിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തൽസ്ഥിതി.

1. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ അരൂർ-പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ-ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെയുള്ള ഭാഗത്തെ 500 എം.എം.

വ്യാസമുള്ള പൈപ്പ് 1500 മീറ്റർ സ്ഥാപിക്കുന്നതിന് LAC ADS 2015-16 ൽ ഉൾപ്പെടുത്തി 3 കോടി ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

2. സ്റ്റേറ്റ് പ്ലാൻ 2015-16 ൽ ഉൾപ്പെടുത്തി അരൂർ-ഇടക്കൊച്ചി പാലത്തിനടിയിലൂടെ 500mm വ്യാസമുള്ള HDPE pipe 650 മീറ്ററും തുടർന്ന് പാലത്തിന്റെ വടക്കേ അറ്റംമുതൽ ചാക്കോളാസ് ഫ്ലാറ്റ് വരെ പഴയ നാഷണൽ ഹൈവേയിലൂടെ 1050 മീറ്റർ, 450 മി.മീ., വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുന്നതിനുമായി 495 ലക്ഷം രൂപ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു .

3. അമൃത് 2016-17-ൽ ഉൾപ്പെടുത്തി ചാക്കോളാസ് ഫ്ലാറ്റ് മുതൽ പാമ്പായിമൂല വാട്ടർ അതോറിറ്റി ടാങ്ക് സൈറ്റ് വരെയുള്ള റോഡിൽ 450 എംഎം DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി (1.52 കോടി) ജൻറം പ്രൊജക്ട് ഡിവിഷൻ പൂർത്തീകരിച്ചു.

4. എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിൽ ഉൾപ്പെട്ട പഴയ ഡിവിഷൻ 13,14,15,16 എന്നീ ഡിവിഷനുകളിലെ ശുദ്ധജല വിതരണ വിപുലീകരണ പദ്ധതിയുടെ ഭാഗമായ 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല സംഭരണിയുടെ നിർമ്മാണം (LAC-ADS (NP) 2015-16) പ്രവൃത്തികൾക്കായി 27-5-2019-ൽ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ ഉടമ്പടി വച്ചിട്ടുള്ളതും ആയതിന്റെ പൂർത്തീകരണ കാലാവധി 10 മാസവുമായിരുന്നു. എന്നാൽ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കേസ് തീർപ്പാക്കുന്ന മുറക്കേ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

5. അമൃത് 2015-16 - 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതലജലസംഭരണി (OH Tank) യുടെ പൈലിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൈൽ ക്യാപ്പിന്റെ റീ ഇൻ ഫോഴ്സ്മെന്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു .

6. LAC ADS- 2017-18 ഉൾപ്പെടുത്തി, പമ്പ്ഹൗസും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനുവേണ്ടി 70 ലക്ഷംരൂപ ഭരണാനുമതി നൽകുകയും മേൽ പ്രവൃത്തി 22-5-2020-ൽ കരാർ ഉടമ്പടി ആവുകയും ചെയ്തിട്ടുണ്ട്

(ബി) പദ്ധതി പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്നും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(ബി&സി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളിൽ

1. 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2. 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലസംഭരണിയുടെ (Ground Level Tank) നിർമ്മാണം സംബന്ധിച്ച് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് 12-3-2020-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഇതുനാളും പ്രവൃത്തി തുടങ്ങുവാൻ തയ്യാറാകാത്തതുകൊണ്ട് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ, കോടതിയുടെ അനുമതിയോടെ മാത്രമേ പുനഃക്രമീകരണ നടപടികളുമായി മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. പ്രവൃത്തിയിൽനിന്നും ഒഴിവാക്കി കരാറുകാരനായ ശ്രീ. അനിൽ കുമാറിന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനെതിരായി സമർപ്പിച്ച ഹർജിയിൻമേൽ ഹൈക്കോടതിയിൽ നിയോഗിച്ച കമ്മീഷൻ 18-12-2020-ൽ സ്ഥലം സന്ദർശിച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള വാദം കേൾക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് മാറ്റിവെച്ചിട്ടുണ്ട്. ഇത് തീർപ്പാകുന്ന മുറയ്ക്ക് ഹൈക്കോടതി വിധി പ്രകാരം നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കും

3. 3. LAC ADS- 2017-18 ഉൾപ്പെടുത്തി, പമ്പ്ഹൗസും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനുവേണ്ടി 70 ലക്ഷം രൂപ ഭരണാനുമതി നൽകുകയും മേൽ പ്രവൃത്തി 22-5-2020-ൽ കരാർ ഉടമ്പടി ആവുകയും ചെയ്തിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ**

259(987) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി അനുവദിച്ച തുകയും പദ്ധതി വിനിയോഗവും ചുവടെ ചേർക്കുന്നു:

1. സ്റ്റേറ്റ് പ്ലാൻ- ഗ്രീൻ ബുക്ക്- 17-18 - ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിക്കും വടവന്നൂർ ഗ്രാമപഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി - 1500 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.
2. സ്റ്റേറ്റ് പ്ലാൻ 2018-19- നെന്മാറ, അയിലൂർ, മേലാർകോട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി- 1460 ലക്ഷം അനുവദിച്ചു- ടി പദ്ധതി പുരോഗമിച്ചുവരുന്നു.
3. സ്റ്റേറ്റ് പ്ലാൻ 2018-19- നെന്മാറ ഗ്രാമപഞ്ചായത്തിലെ വാർഡ് 12, 13 & 14 - 45 ലക്ഷം രൂപ അനുവദിച്ചു- ടി പദ്ധതി പൂർത്തീകരിച്ചു.
4. കിഫ്ബി -എലവഞ്ചേരി, പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി - 1758 ലക്ഷം അനുവദിച്ചു. -ടി പദ്ധതി പുരോഗമിച്ചുവരുന്നു.
5. കിഫ്ബി -കൊല്ലങ്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - മീങ്കര കാളികാവ് ഉന്നതതല സംഭരണി മുതൽ കൊല്ലങ്കോട് ഉന്നതതല സംഭരണി വരെ 300 എം.എം. എ.. ഗ്രാവിറ്റി മെയിൻ മാറ്റി 300 എം.എം. ഡി.ഐ. സ്ഥാപിക്കുന്ന പ്രവ്യത്തി -898 ലക്ഷം അനുവദിച്ചു.-എഗ്രിമെന്റ് വെച്ചു.
6. കിഫ്ബി- നെന്മാറ, അയിലൂർ, മേലാർകോട് സമഗ്ര കുടിവെള്ള പദ്ധതി- രണ്ടാംഘട്ടം പാക്കേജ്- 1 & 2- 2450 ലക്ഷം അനുവദിച്ചു -ടി പദ്ധതി പുരോഗമിച്ചുവരുന്നു.
7. ജലജീവൻ മിഷൻ 2020-21 നെന്മാറ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (3143 എണ്ണം) നൽകുന്ന പ്രവൃത്തിയും -300.86 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 24-12-2020) - ടി പദ്ധതി ടെണ്ടർ ചെയ്തു.

8. ജലജീവൻ മിഷൻ 2020-21 നെന്മാറ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (400 എണ്ണം)നൽകുന്ന പ്രവൃത്തിയും. - 26 ലക്ഷം അനുവദിച്ചു- ടി പദ്ധതി പൂർത്തീകരിച്ചു. (ഭരണാനുമതി തീയതി 21-8-2020)

9. ജലജീവൻ മിഷൻ 2020-21 അയിലൂർ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (4146 എണ്ണം)നൽകുന്ന പ്രവൃത്തിയും - 337.20 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 24-12-2020) - ടി പദ്ധതി ടെണ്ടർ ചെയ്തു.

10. ജലജീവൻ മിഷൻ 2020-21 അയിലൂർ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (900 എണ്ണം) നൽകുന്ന പ്രവൃത്തിയും - 58.50 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 21-8-2020) - ടി പദ്ധതിക്ക് വർക്ക് ഓർഡർ നൽകി.

11. ജലജീവൻ മിഷൻ പദ്ധതി 2020-21 മേലാർകോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (3731 എണ്ണം) നൽകുന്ന പ്രവൃത്തിയും.- 300.86 ലക്ഷംഅനുവദിച്ചു (ഭരണാനുമതി തീയതി 24-12-2020) - ടി പദ്ധതി ടെണ്ടർ ചെയ്തു.

12. ജലജീവൻ മിഷൻ 2020-21 മേലാർകോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (1250 എണ്ണം) നൽകുന്ന പ്രവൃത്തിയും- 81.25 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 21-8-2020) - ടി പദ്ധതിക്ക് വർക്ക് ഓർഡർ നൽകി.

13. ജലജീവൻ മിഷൻ 2020-21 കൊടുവായൂർ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (2000 എണ്ണം) നൽകുന്ന പ്രവൃത്തിയും - 190.30 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 21-8-2020)- ടി പദ്ധതി പുരോഗമിച്ചുവരുന്നു.

14. ജലജീവൻ മിഷൻ 2020-21 പുതുനഗരം പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (2500 എണ്ണം) നൽകുന്ന പ്രവൃത്തിയും - ടി പദ്ധതി 260.50 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 21-8-2020) - ടി പദ്ധതി പുരോഗമിച്ചുവരുന്നു.

15. ജലജീവൻ മിഷൻ 2020-21 കൊല്ലങ്കോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (600 എണ്ണം) നൽകുന്ന പ്രവൃത്തിയും - 39 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 21-8-2020) - ടി പദ്ധതി പുരോഗമിച്ചുവരുന്നു.

16. ജലജീവൻ മിഷൻ 2020-21 വടവന്നൂർ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (3096 എണ്ണം) നൽകുന്ന പ്രവൃത്തിയും - 1650 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 24-12-2020)- ടി പദ്ധതി ടെണ്ടർ ചെയ്തു.

17. ജലജീവൻ മിഷൻ 2020-21 കൊല്ലങ്കോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (1988 എണ്ണം)നൽകുന്ന പ്രവൃത്തിയും - 159 ലക്ഷം അനുവദിച്ചു(ഭരണാനുമതി തീയതി 24-12-2020) - ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

18. ജലജീവൻ മിഷൻ 2020-21 എലവഞ്ചേരി പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ (610 എണ്ണം)നൽകുന്ന പ്രവൃത്തിയും - 48.8 ലക്ഷം അനുവദിച്ചു (ഭരണാനുമതി തീയതി 24-12-2020) - ടി പദ്ധതി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

19. ഡെപ്പോസിറ്റ് വർക്ക് - നെന്മാറ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി . - 10 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

20. ഡെപ്പോസിറ്റ് വർക്ക്- കണ്ണങ്കുളം ലക്ഷം വീട് കോളനി (കൊല്ലങ്കോട് പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - 10 ലക്ഷം അനുവദിച്ചു - ടി പദ്ധതി പുരോഗമിച്ചുവരുന്നു.

21. ഡെപ്പോസിറ്റ് വർക്ക് - അയിലൂർ പഞ്ചായത്തിലെ അയിലൂർ മൂല & ഗോമതി - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-12.43 ലക്ഷം അനുവദിച്ചു- ടി പദ്ധതി പൂർത്തീകരിച്ചു.

22. പല്ലശ്ശന പഞ്ചായത്തിലെ കരിങ്കുളം, തോട്ടാംകുളമ്പ് വാർഡ് - 11 ലേയ്ക്കുള്ള കുടിവെള്ള പദ്ധതി - 10 ലക്ഷം അനുവദിച്ചു-ടി പദ്ധതി പൂർത്തീകരിച്ചു.

23. നെല്ലിയാമ്പതി പഞ്ചായത്തിലെ കൈകാട്ടി ബാങ്ക് പടിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി -20 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

24. എ.ഡി.എഫ്- എം.എൽ.എ - വടവന്നൂർ പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - വിതരണം ശൃംഖല സ്ഥാപിക്കൽ - 98 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

25. കൊല്ലങ്കോട് കുടിവെള്ള പദ്ധതിയുടെ മീങ്കര ഡാമിൽ നിന്നും പമ്പ് ചെയ്യുന്നതിനുള്ള സെൻട്രിഫ്യൂഗൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ- 24 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

26. കൊല്ലങ്കോട് കുടിവെള്ള പദ്ധതിയുടെ മീങ്കര ശുദ്ധീകരണശാലയിൽ നിലവിലെ ഫിൽറ്റർ മീഡിയ മാറ്റി ആന്ത്രസൈറ്റ് ഉപയോഗിച്ചുള്ള ഫിൽറ്റർ മീഡിയ സ്ഥാപിക്കൽ- 45 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

27. കൊല്ലങ്കോടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ശുദ്ധജല പമ്പിംഗിനുള്ള മോട്ടോർ മാറ്റി സ്ഥാപിക്കൽ- 25 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

28. ആസ്തി വികസന ഫണ്ട് - പുതുനഗരം പഞ്ചായത്തിലെ 1 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി പൊളിച്ചുമാറ്റലും 1.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മാണവും - 45.5 ലക്ഷം അനുവദിച്ചു - ടി പദ്ധതി പൂർത്തീകരിച്ചു.

29. മുതലമട പഞ്ചായത്തിലെ കാമ്പ്രത്തുചള്ള മുതൽ പുളിയംതോണി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- 6 ലക്ഷം അനുവദിച്ചു- ടി പദ്ധതി പൂർത്തീകരിച്ചു. പ്രസ്തുത നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലനിധി വഴി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**ചെങ്ങന്നൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

260(988) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഇതുസംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ പദ്ധതിയുടെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(1) <u>ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതി</u>

പ്രസ്തുത പദ്ധതിയിലെ ആദ്യ പാക്കേജ് 25-8-2022-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് 2, 3, 4 പാക്കേജുകൾ എഗ്രിമെന്റ് വയ്ക്കുന്ന ദിവസം മുതൽ ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.

(2) <u>തിരുവല്ല - ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി</u>

പ്രസ്തുത പദ്ധതി ജനുവരിയിൽ കരാർ ഉറപ്പിച്ച് 18 മാസംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ട എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിവരിക്കാമോ?

(1) <u>ചെങ്ങന്നൂർ സമഗ്ര കുടിവെള്ളപദ്ധതി</u>

ഈ പദ്ധതിയുടെ ഒന്നാം പാക്കേജിൽ പമ്പാ നദിയിലുള്ള പമ്പ് ഹൗസിന്റെ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനായി റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടു കിട്ടുന്നതിനായി 9-12-2020-ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പാക്കേജ് 2, 4-ൽ RUB ചെങ്ങന്നൂർ, കുളിക്കപാലം എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ റയിൽവേ ട്രാക്ക് ക്രോസ് ചെയ്യുവാനുള്ള അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. ഇതിനായി 21-7-2020-ൽ പ്രോജക്ട് മാനേജർ പ്രോജക്ട് ഡിവിഷൻ ആലപ്പുഴയും, 17-9-2020-ൽ മധ്യ മേഖല ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽനിന്നും ഡിവിഷണൽ റെയിൽവേ മാനേജർ എസ്.ആർ.-ന് കത്ത് നൽകിയിട്ടുണ്ട്. മുളക്കുഴ പഞ്ചായത്തിൽ കളരിത്തറയിൽ ജലസംഭരണിക്കുവേണ്ടി പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് തരേണ്ടതായിട്ടുണ്ട്. ഇതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

2) <u>തിരുവല്ല -ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി</u>

ഈ പദ്ധതിയുടെ ഉപരിതല സംഭരണിക്കായി പറയാംകുഴിയിൽ പാലത്തിന് സമീപം 20 സെന്റ് സ്ഥലം വിട്ടുനൽകുന്നതിനായി പഞ്ചായത്ത് സമിതി തീരുമാനം അറിയിച്ചു. എന്നാൽ നിർമ്മാണത്തിനായി ആവശ്യമായ സ്ഥലം പഞ്ചായത്ത് കൈമാറിയിട്ടില്ല. ഇത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ.

**തിരുവമ്പാടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ**

261(989) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെ ഭാഗമായി തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി, തിരുവമ്പാടി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്കാണ് ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളുടെ മുൻഗണനാക്രമവും പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവും വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

## തൃശ്ശൂരിലെ കുടിവെള്ള പദ്ധതികൾ

262(990) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2019-20, 2020-21 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ?

തൃശ്ശൂർ ജില്ലയിൽ 2019-20 വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുടിവെള്ള പദ്ധതികൾ ഇല്ല. എന്നാൽ 2020-21-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തൃശ്ശൂർ ജില്ലയിലെ കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മുരിയാട് വേളൂക്കര കുടിവെള്ള പദ്ധതി അടങ്കൽ തുക- 8500 ലക്ഷം

2. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി , അടങ്കൽ തുക- 7500 ലക്ഷം.

3. ആളൂർ പഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി, അടങ്കൽ തുക-5000 ലക്ഷം.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ നടപ്പിലാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

ഉണ്ട്. മുരിയാട്, വേളൂക്കര കുടിവെള്ള പദ്ധതിയുടെ ഡിസൈൻ പൂർത്തിയാക്കി, എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണം

263(991) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിലെ ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും:

1. അഗളിയിൽ നീതി ആയോഗ് വഴി ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങളായ നരസിമുക്ക്, വടക്കോട്ടുതറ കോളനികളിൽ ശുദ്ധജലം എത്തിക്കുന്ന പ്രവൃത്തി. 119.29 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
2. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലേക്കുള്ള സ്രാമ്പി കുടിവെള്ള പദ്ധതി - 33.13 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
3. വടകരപ്പതി പഞ്ചായത്ത് – മല്ലമ്പതി കുടിവെള്ള പദ്ധതി -10.54 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
4. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലേയ്ക്കുള്ള നെഹ്റു കുടിവെള്ള പദ്ധതി -9.51 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
5. മുതലമട പഞ്ചായത്ത് – അല്ലിമൂപ്പൻ കുടിവെള്ള പദ്ധതി-22.5 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
6. പെരുമാട്ടി പഞ്ചായത്ത് – എള്ളകാട് കുടിവെള്ള പദ്ധതി -4.47 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
7. മുതലമട പഞ്ചായത്ത് – സുങ്കം പറമ്പിക്കുളം കുടിവെള്ള പദ്ധതി -3.23 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
8. വടകരപ്പതി പഞ്ചായത്ത് – ആട്ടയാമ്പതി കുടിവെള്ള പദ്ധതി -3.98 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.
9. വടകരപ്പതി പഞ്ചായത്ത് – വാർഡ് ചെട്ടിയാർക്കളം പിരിവ്, കിണർപ്പള്ളം പിരിവ്, കിണർപ്പള്ളം, പൊലിപ്പാറ കുടിവെള്ള പദ്ധതി - 0.67 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.

10. മുതലമട പഞ്ചായത്ത് – അംബേദ്കർ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി - 5.32 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.

11. കിഴക്കഞ്ചേരി കൊട്ടമ്പാല കുടിവെള്ള പദ്ധതി - 3.25 ലക്ഷം ചെലവഴിച്ച് ടി പദ്ധതി പൂർത്തീകരിച്ചു.

(ബി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

1. നബാർഡ് – RIDF-XXIII - അഗളിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം: 50 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു.

2. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി അഗളി പഞ്ചായത്തിലെ 7 വാർഡുകളിൽ മൂവായിരത്തോളം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള (1350 ലക്ഷം രൂപയുടെ ഭരണാനുമതി ) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സൗജന്യ കുടിവെള്ളം

264(992) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15000 ലിറ്ററിൽ താഴെ പ്രതിമാസ ഉപഭോഗമുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റി സൗജന്യ കുടിവെള്ളം നൽകുന്നുണ്ടോ?

നൽകുന്നുണ്ട്.

(ബി) കുടിവെള്ള കണക്ഷന് പുതിയതായി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം ബി.പി.എൽ ഉപഭോക്താക്കൾ ആധാർ നമ്പർകൂടി നൽകണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. ഇ-അബാക്കസ് എന്ന സോഫ്റ്റ്‌വെയർ പരിഷ്കരിക്കുമ്പോൾ ബി.പി.എൽ. ഉപഭോക്താക്കളെ വേഗത്തിൽ തിരിച്ചറിയുന്നതിന് വേണ്ടിയാണ് ആധാർ നമ്പർ നിർബന്ധമാക്കിയിട്ടുള്ളത്.

(സി) നിലവിൽ ആനുകൂല്യം ലഭിക്കുന്ന ഉപഭോക്താക്കൾ ജനുവരി 30-ന് മുമ്പ് പുതുക്കിയ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; കോവിഡ് പശ്ചാത്തലത്തിൽ ഇതിനുള്ള സമയം നീട്ടി നൽകുമോ?

നിലവിൽ ആനുകൂല്യം ലഭിക്കുന്ന ഉപഭോക്താക്കൾക്ക് 30-6-2021 വരെ അപേക്ഷ നൽകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

265(993) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും എത്ര തുകയുടെ വീതം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|
| ചാത്തമംഗലം | 241.70 |
| കുന്ദമംഗലം | 3082.64 |
| മാവൂർ | 145.57 |
| പെരുമണ്ണ | 1431.00 |
| പെരുവയൽ | 2892.00 |

(ബി) ഓരോ ഗ്രാമപഞ്ചായത്തിലും എത്ര കണക്ഷനുകൾ വീതം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

| പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം |
|---|---|
| ചാത്തമംഗലം | 752 |
| കുന്ദമംഗലം | 8504 |
| മാവൂർ | 500 |
| പെരുമണ്ണ | 7668 |
| പെരുവയൽ | 10456 |

(സി) ഏതെല്ലാം പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളതെന്നും ഇവ ഓരോന്നും എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

മേൽ പരാമർശിച്ച എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്. ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും ഇതുവരെ (11-1-2021) നൽകിയ കണക്ഷനുകളുടെ എണ്ണം ചുവടെചേർക്കുന്നു.

ചാത്തമംഗലം പഞ്ചായത്തിൽ ഇതുവരെ 101 പുതിയ കണക്ഷനുകൾ നൽകി. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മാവൂർ പഞ്ചായത്തിലെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. നിലവിൽ 360 കണക്ഷനുകൾ നൽകി. മാർച്ച് മാസത്തോടുകൂടി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. കുന്ദമംഗലം പഞ്ചായത്തിൽ നിലവിൽ 629 കണക്ഷനുകൾ നൽകി. മാർച്ച് മാസത്തോടുകൂടി ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. പെരുവയൽ പഞ്ചായത്തിൽ പ്രവൃത്തി ടെൻഡർ ചെയ്തു. പെരുമണ്ണ പഞ്ചായത്തിലെ പ്രവൃത്തിക്ക് 1-1-2021-ന് വർക്ക് ഓർഡർ കൊടുത്തു. പൂർത്തീകരണ കാലാവധി 6 മാസമാണ്.

**കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതി**

266(994) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്?

കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം ARP ഹെഡിൽ 15-12-2011ൽ 1336 ലക്ഷം രൂപയ്ക്ക് അനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും, നബാർഡിൽ ഉൾപ്പെടുത്തി കുളക്കട-പവിത്രേശ്വരം കുടിവെള്ളപദ്ധതി രണ്ടാം ഘട്ടം 31-12-2019-ൽ 2931.98 ലക്ഷം രൂപയ്ക്ക് അനുമതി ലഭിക്കുകയുംചെയ്തു. ടി പദ്ധതി മൂന്നു പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് I, II പ്രകാരമുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തി കരാറാക്കുകയും ഇതിനാവശ്യമായ പൈപ്പുകളുടെ വിതരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പാക്കേജ് III-ലെ വിതരണശൃംഖലയും, 2LL സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി ഉൾപ്പെടുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 8299 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാം; അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്?

പ്രസ്തുത പദ്ധതിയിൽ 91 കി.മീ. ദൈർഘ്യമുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ, 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതലസംഭരണിയുടെ നിർമ്മാണം, പമ്പ് ഹൗസിന്റെ നിർമ്മാണം, പമ്പ് സെറ്റിന്റെ സ്ഥാപനവും കമ്മീഷനിംഗും എന്നീ പ്രവൃത്തികളാണ് പൂർത്തീകരിക്കാനായിട്ടുള്ളത്. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള 8299 ഗാർഹിക കുടിവെള്ള കണക്ഷനുകളുടേയും അനുബന്ധ പ്രവൃത്തികളുടെയും പണികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. നബാർഡിൽ

പൂർത്തീകരിക്കേണ്ട പദ്ധതികൾ, 2022 ഡിസംബർ മാസത്തോടുകൂടിയും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തികൾ 2022 ജനുവരി മാസത്തോടുകൂടിയും പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ കുളക്കട പഞ്ചായത്തിലെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും കുടിവെള്ളം ലഭ്യമാകുമോ; ടി പദ്ധതി പ്രകാരം കുളക്കട പഞ്ചായത്തിൽ നൽകാൻ കഴിയുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണം എത്രയാണ്?

ലഭ്യമാകും; ഈ പദ്ധതി പ്രകാരം 8299 കണക്ഷനുകൾ നൽകാൻ സാധിക്കും.

## ഏറനാട് മണ്ഡലത്തിൽ ജലവിഭവവകുപ്പ് മുഖേന ഭരണാനുമതി നൽകിയ പദ്ധതികൾ

267(995) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന ഭരണാനുമതി നൽകി പൂർത്തീകരിച്ചതും വിവിധ ഘട്ടങ്ങളിൽ ഉള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) മുഖേന ഭരണാനുമതി നല്കിയ പദ്ധതികൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഭരണാനുമതി നല്കിയ പദ്ധതികൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*. ഏറനാട് മണ്ഡലത്തിൽ കുഴിമണ്ണ പഞ്ചായത്തിലെ ജി.എൽ.പി. സ്കൂൾ, മേൽമുറി (ബാദൽ സ്കൂൾ), ചാലിയാർ പഞ്ചായത്തിലെ കണ്ണംകുണ്ട് എസ്. ടി. കോളനി, കീഴുപറമ്പ് പഞ്ചായത്തിലെ തടപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ഭൂജലവകുപ്പ് മുഖേന കുഴൽ കിണർ കുഴിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകി പൂർത്തീകരിച്ചതും വിവിധ ഘട്ടങ്ങളിൽ ഉള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങളും ഉത്തരവുകളുടെ പകർപ്പും അനുബന്ധം (3)ൽ ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജലവിഭവ വകുപ്പ് മുഖേന ഈ സർക്കാർ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലനിധി മുഖേന ജലജീവൻ മിഷൻ പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 4 ആയി ഉള്ളടക്കം ചെയ്യുന്നു*. ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പദ്ധതിയുടെ നിയോജക മണ്ഡലം തിരിച്ചുള്ള അനുവദിച്ചിട്ടുള്ള തുകയുടെ പട്ടിക അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു*. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും ജലനിധി ചെയ്ത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 6-ഉം 7-ഉം ആയും ഉള്ളടക്കം ചെയ്യുന്നു*. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും ഭൂജലവകുപ്പ് ചെയ്ത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ അനുബന്ധം 8 ആയി ഉള്ളടക്കം ചെയ്യുന്നു*. ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും ) വകുപ്പിന്റെ ഓഫീസിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണ്.

## ജൽജീവൻ മിഷൻ പദ്ധതിപ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

268(996) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യകതമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഷൊർണൂർ നിയോജകമണ്ഡലത്തിലെ അനങ്ങനാടി, ചളവറ, നെല്ലായ, ത്രികടീരി, വാണിയംകുളം, വെള്ളിനേഴി പഞ്ചായത്തുകളിലായി 28,470 കുടിവെള്ള കണക്ഷൻ നൽകുന്നതിലേക്കായി 19916.77 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിലെ ഓരോ പഞ്ചായത്തുകൾക്കും എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാകുക എന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനാടി പഞ്ചായത്തിൽ 4223 എണ്ണം, ചളവറ പഞ്ചായത്തിൽ 5412 എണ്ണം, നെല്ലായ പഞ്ചായത്തിൽ 4167 എണ്ണം, ത്രികടീരി പഞ്ചായത്തിൽ 6229 എണ്ണം, വാണിയംകുളം പഞ്ചായത്തിൽ 7541 എണ്ണം, വെള്ളിനേഴി പഞ്ചായത്തിൽ 898 എണ്ണം എന്ന രീതിയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാൻ കഴിയും.

**കൊഴിച്ചാമുറി കുടിവെള്ള പദ്ധതി**

269(997) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള കൊഴിച്ചാമുറി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; പദ്ധതി ഏറ്റവും അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2016-17 വർഷത്തിൽ പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള കൊഴിച്ചാമുറി കുടിവെള്ള പദ്ധതിയ്ക്ക് 7-6-2017-ലെ സ.ഉ.(സാധാ)നമ്പർ 494/2017/ജ.വി.വ. പ്രകാരം 28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെത്തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്തു. നിലവിലുള്ള കിണറിൽനിന്നും പുതിയ മോട്ടോർ പമ്പ് സെറ്റ് ഉപയോഗിച്ച് വെള്ളം ഉന്നതതല ജലസംഭരണിയിലേയ്ക്ക് പമ്പ് ചെയ്ത് അതിൽനിന്നും വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയാണിത്. പമ്പ് ഹൗസ് നിർമ്മാണം, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ഉന്നതതല ജലസംഭരണി നിർമ്മാണം, പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ എന്നിവ സ്ഥാപിക്കൽ എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചതിനുശേഷം പ്രസ്തുത പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മാണം, മോട്ടോർ പമ്പ് സ്ഥാപിക്കൽ, ഭാഗികമായി പമ്പിംഗ് മെയിൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ കേരള വാട്ടർ

അതോറിറ്റിയുടെ അറിവോടെയല്ലാതെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ചെയ്യുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് തലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ വച്ച് ബാക്കി പ്രവൃത്തികൾ ചെയ്യുവാൻ വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി. ഉന്നതതല ജലസംഭരണി നിർമ്മിക്കുവാൻ അനുവദിച്ച സ്ഥലം ഇതിനിടെ മാറ്റുകയുണ്ടായി. തുടർന്ന് ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചു. 2019-ലെ പ്രളയത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച പമ്പ് ഹൗസ് പൂർണ്ണമായി വെള്ളം കയറുകയും അതിലെ ഉപകരണങ്ങൾക്ക് കേടുപാട് സംഭവിക്കുകയുംചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് സ്ഥാപിച്ച വലിപ്പം കുറഞ്ഞ പമ്പിംഗ് മെയിനിന്റെ പ്രവർത്തനക്ഷമത പരിശോധിച്ച് പഞ്ചായത്ത് റിപ്പോർട്ട് നൽകിയിട്ടില്ല. വാട്ടർ അതോറിറ്റി സ്ഥാപിച്ചിരിക്കുന്ന പമ്പിംഗ് മെയിൻ പി.ഡബ്ല്യു.ഡി. റോഡിന്റെ ഇരുവശങ്ങളിലായാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതുകൂട്ടി യോജിപ്പിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ആവശ്യമായതിനാൽ നിരവധി തവണ അപേക്ഷിച്ചിരുന്നെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. തുടർന്ന് ടാർ കട്ടിംഗ് പെർമിഷനായി അടുത്തകാലത്ത് ഏർപ്പെടുത്തിയ ഓൺലൈൻ പോർട്ടലിൽ അപേക്ഷിക്കുകയും ഡിമാൻഡ് നോട്ടീസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക അടച്ച് പ്രസ്തുത പദ്ധതി ഏറ്റവും അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

270(998) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാട്ടർ അതോറിറ്റി വഴി കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ എം.എൽ.എ. ഫണ്ട്, സർക്കാർ ഫണ്ട്, വാട്ടർ അതോറിറ്റി ഫണ്ട് എന്നിവ വിനിയോഗിച്ച് പൂർത്തീകരിച്ചതും, നടന്നു വരുന്നതും ഭരണാനുമതിയുള്ളതുമായ പ്രവൃത്തികളുടെ വിശദമായ വിവരം പട്ടികയായി നൽകാമോ ?

കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ എം. എൽ. എ ഫണ്ട്, സർക്കാർ ഫണ്ട്, വാട്ടർ അതോറിറ്റി ഫണ്ട് എന്നിവ വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ, പ്രവൃത്തി നടന്നുവരുന്ന പദ്ധതികൾ, ഭരണാനുമതി ലഭിച്ചതും ആരംഭിക്കേണ്ടതുമായ പദ്ധതികൾ എന്നിവയുടെ വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ വരൾച്ച നേരിടുന്നതിനുള്ള സംവിധാനങ്ങൾ

271(999) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വരൾച്ച നേരിടുന്നതിന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു*. ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ, വരുന്ന വേനൽക്കാലത്ത് സ്രോതസ്സുകളിലെ ജലവിതാനത്തിന്റെ അടിസ്ഥാനത്തിൽ ജലവിതരണം പ്രത്യേകം ക്രമീകരിക്കുന്നതിനും പദ്ധതി ഘടകങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ അവ മുൻകൂട്ടി ചെയ്യുന്നതിനും കുടിവെള്ള സമിതികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പം വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തിയും ദുരുപയോഗം ഇല്ലാതാക്കിയും കുടിവെള്ളക്ഷാമം നേരിടുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി സമിതികൾക്ക് നിർദ്ദേശം കൊടുക്കുന്നു. മാത്രവുമല്ല വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ അണുനശീകരണ പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യാൻ എല്ലാ സമിതികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലും പുലാമന്തോൾ, ഏലംകുളം, താഴേക്കോട്, പഞ്ചായത്തുകളിലുമാണ് വാട്ടർ അതോറിറ്റി മുഖേന ശുദ്ധജല വിതരണം നടത്തിവരുന്നത്. ഇതിൽ വരൾച്ച കാലത്തേയ്ക്ക് ആവശ്യമായ ജലം സംഭരിക്കുന്നതിന് ഭൂതപുഴയിൽ കട്ടുപ്പാറ സ്ഥിരം തടയണയിൽ ഷട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ജലം നൽകുന്നതിനാവശ്യമായ ഫില്ലിംഗ് സ്റ്റേഷൻ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ഈ മണ്ഡലത്തിൽ രൂക്ഷമായ വരൾച്ചബാധിത പ്രദേശങ്ങളായി കണക്കാക്കപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്;

(സി) ഈ സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനും കൃഷിക്കും ജലമെത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ ഏതൊക്കെയാണ്; ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷന് കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകൾ നവീകരിച്ചിട്ടുണ്ട്. വി.സി.ബി.കളുടെ അറ്റകുറ്റപ്പണികൾ എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്. കൂടാതെ പുലമാന്തോൾ പഞ്ചായത്തിൽ മങ്ങാട്ടുകുളത്തിന്റെ നവീകരണം പുരോഗമിച്ചു വരുന്നു. മേജർ ഇറിഗേഷന് കീഴിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുഴകളിൽ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെക്ക് ഡാമുകളിൽ വെള്ളം സംഭരിക്കുകയും ചെയ്യാറുണ്ട്. ജലസംരക്ഷണത്തിനായി ഹരിതകേരള മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട് എന്നീ പഞ്ചായത്തുകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിൽ വരൾച്ചാ ബാധിത പ്രദേശങ്ങൾ പ്രത്യേകമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 500 കുടുംബങ്ങൾക്ക് ജല ജീവൻ മിഷൻ പദ്ധതിയിൽ കണക്ഷൻ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആകെ അടങ്കൽ തുക 58,38,222 രൂപയാണ്. ഭൂജലവകുപ്പ് മുഖേന ജലമെത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II-ൽ ഉള്ളടക്കം ചെയ്യുന്നു.*

**റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതി**

272(1000) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ അങ്ങാടി-കൊറ്റനാട്, എഴുമറ്റൂർ, അയിരൂർ-കാണിറ്റുകം, കോട്ടാങ്ങൽ, നാരങ്ങാനം-ചെറുകോൽ-റാന്നി, കൊല്ലമുള, അത്തിക്കയം-പെരുനാട്, നിലയ്ക്കൽ എന്നീ കുടിവെള്ള പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ, നിർമ്മാണ പുരോഗതി എന്നിവ തുക സഹിതം ഇനം തിരിച്ച് ലഭ്യമാക്കാമോ?

<u>അങ്ങാടി-കൊറ്റനാട് പദ്ധതി</u> -112 കോടി രൂപയുടെ പ്രോജക്ട് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>എഴുമറ്റൂർ കുടിവെള്ളപദ്ധതി</u> -എഴുമറ്റൂർ കുടിവെള്ളപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 2.5 MLD ജലശുദ്ധീകരണശാല, ഗ്രാവിറ്റി മെയിൻ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതിൽ റോ വാട്ടർ പമ്പിംഗ് മെയിൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കി രണ്ടിലധികം തവണ ജലശുദ്ധീകരണശാലയ്ക്ക് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് പുറമറ്റം, കല്ലൂപ്പാറ, കുന്നംതാനം, എഴുമറ്റൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം, ഇരവിപേരൂർ ഉൾപ്പെടെ 7 പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്രപദ്ധതിയുടെ ഭരണാനുമതി 2017-ൽ 42.35 കോടി രൂപക്ക് ഗ്രീൻ ബുക്കിൽ നൽകിയതിനാൽ, NRDWP-യിൽ നൽകിയ പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചു. ഗ്രീൻ ബുക്കിൽ കിട്ടിയ പ്രവൃത്തിയുടെ സ്ഥലലഭ്യതക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടെ പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

<u>അയിരൂർ കാഞ്ഞേറ്റുകര പദ്ധതി</u> - അയിരൂർ കാഞ്ഞേറ്റുകര പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി, ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നിവ ഉൾക്കൊള്ളിച്ചിരുന്നു. ടി പ്രവൃത്തിയുടെ വിതരണശൃംഖല പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. കൂടാതെ ജലസംഭരണിയുടേയും പമ്പ് ഹൗസുകളുടേയും അറ്റകുറ്റപ്പണികളുടെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

<u>മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗികം)</u> - ഒന്നാം ഘട്ടം പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെട്ട 6 ഉപരിതല ടാങ്കുകളുടേയും 2 ഭൂതല സംഭരണികളുടേയും 1 പമ്പ് ഹൗസിന്റേയും പണി പൂർത്തിയാക്കി. പദ്ധതിയിലുൾപ്പെട്ട റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയ്ക്കാവശ്യമായ പൈപ്പ് ഉടനേ സപ്ലൈ ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയുടെ സപ്ലൈയും സ്ഥാപിക്കലും ഉൾപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതിയുടെ വിതരണശൃംഖല മൂന്നാം ഘട്ടമായാണ് വിഭാവന ചെയ്തിട്ടുള്ളത്. ടി പദ്ധതി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>നാരങ്ങാനം-ചെറുകോൽ-റാന്നി പദ്ധതി</u> - ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കൊല്ലമുള കുടിവെള്ളപദ്ധതി</u> - ഓലിക്കൽ, തലമുട്ടിയാനി, പാമ്പിരിക്കാംപാറ എന്നിവിടങ്ങളിലുള്ള സമ്പ്, ഉപരിതല ടാങ്ക്, പമ്പ് ഹൗസ് എന്നിവയും ഇവിടേക്കുള്ള പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെട്ട ഈ പദ്ധതിയുടെ പ്രവൃത്തികൾ 3 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാൽ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി - പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം അവശേഷിച്ച പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പെരുനാട്, അത്തിക്കയം വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി രണ്ടാം ഘട്ടത്തിന് KIIFB-ൽ 41.4 കോടി രൂപയുടെ ഭരണാനുമതി 2017-ൽ ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി 3 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്.

പാക്കേജ് 1- പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. സോൺ 1 മുതൽ 7 വരെയുള്ള കുടിവെള്ള വിതരണശൃംഖല
2. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (i) ശുദ്ധീകരണശാല മുതൽ മന്നമ്പുഴ ലോ ലെവൽ സമ്പ് വരെ (ii) മന്നമ്പുഴ ലോ ലെവൽ സമ്പ് മുതൽ മന്നമ്പുഴ ഹൈ ലെവൽ വരെ.
3. ഗാർഹിക കണക്ഷൻ മാറ്റുന്ന പ്രവൃത്തി.

പാക്കേജ് 2- 70% പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ- ശുദ്ധീകരണശാലയുടെ അടുത്തുള്ള സമ്പ് മുതൽ പഞ്ചാരമുക്ക് സമ്പ് കം പമ്പ് ഹൗസ് വരെ, ശുദ്ധീകരണശാല മുതൽ മുണ്ടമല ലോ ലെവൽ സമ്പ് വരെ, മുണ്ടമല ലോ ലെവൽ സമ്പ് മുതൽ മുണ്ടമല ഹൈ ലെവലിലെ ഭൂതല സംഭരണി വരെ
2. 0.5 ലക്ഷം ലിറ്ററിന്റെ ഭൂതലസംഭരണി- മുണ്ടമല ഹൈ ലെവൽ
3. മുണ്ടമല ലോ ലെവൽ പമ്പ് ഹൗസ്
4. സോൺ 8 മുതൽ സോൺ 11 വരെയുള്ള കുടിവെള്ള വിതരണശൃംഖല
5. ഗ്രാവിറ്റി മെയിൻ- കോട്ടുപ്പാറ ഭൂതലസംഭരണി മുതൽ മാമ്പാറ ഭൂതലസംഭരണി വരെ, പഞ്ചാരമുക്ക് മുതൽ ചെമ്പൻമുടി ഭൂതലസംഭരണി വരെ.

പാക്കേജ് 3 – പമ്പ് സെറ്റ് സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും- ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

സീതത്തോട്-നിലയ്ക്കൽ കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളായ ഇൻടേക് കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ പ്രവൃത്തികൾ 4 പാക്കേജുകളായാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാം പാക്കേജിലുൾപ്പെട്ട 6 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 സമ്പ്, 20 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 ഉപരിതലസംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിനായി സ്റ്റീൽ ബ്രിഡ്ജുകളുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ,

ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ (4 എണ്ണം), നിലയ്ക്കൽ ജലസംഭരണിയിൽനിന്നും വിതരണശൃംഖല സ്ഥാപിക്കൽ, 3 സമ്പുകൾക്കും ചുറ്റുമതിൽ, റീറ്റെയ്നിംഗ് വാൾ നിർമ്മാണം, പമ്പിംഗ് സ്റ്റേഷനുകളുടെയും ശുദ്ധീകരണശാലയുടേയും ഓട്ടോമേഷൻ തുടങ്ങിയ പ്രവൃത്തികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പാക്കേജ് 2-ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികളുടെ നിർമ്മാണം, 3 ലക്ഷം ലിറ്റർ, 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള 2 സമ്പ് കം പമ്പ് ഹൗസ് നിർമ്മാണം, 4 ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വിവിധ ജലസംഭരണികളിൽനിന്നും സീതത്തോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധന നടന്നുവരുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട 0.6 ലക്ഷം, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകളുടെ നിർമ്മാണം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, പവർ ലൈൻ എക്സ്റ്റെൻഷൻ, വനം വകുപ്പിനുള്ള നഷ്ടപരിഹാരം, സർവ്വേ ഇൻവെസ്റ്റിഗേഷൻ എന്നിവയാണ് പാക്കേജ് 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കേജ് 2-ൽ 5 ജലസംഭരണിക്കും പാക്കേജ് -3 ൽ ഒരു ജല സംഭരണിക്കുമുള്ള സ്ഥലം ലഭ്യമാകേണ്ടതായിട്ടുണ്ട് . ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത അങ്ങാടി-കൊറ്റനാട് പദ്ധതി, നാരങ്ങാനം-ചെറുകോൽ-റാന്നി പദ്ധതിയുടെ നിർമ്മാണം എന്നിവ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നിർമ്മാണമാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ഗ്രാമീണ മേഖലയിൽ ശുദ്ധജല വിതരണ പദ്ധതി

273(1001) ശ്രീ. എസ്. ശർമ്മ:
ശ്രീ . പി . കെ . ശശി:
ശ്രീ ഐ. ബി. സതീഷ്:
ശ്രീ വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ നിലവിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം ലഭ്യമാണെന്നും ഈ സർക്കാർ എത്ര പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയെന്നും അറിയിക്കാമോ?

ഗ്രാമീണ മേഖലയിൽ നിലവിൽ 33% കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം ലഭ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11.33 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) 2024-ഓടെ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശമാക്കാമോ; എത്ര കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായിട്ടുണ്ടോ?

2024-ഓടെ രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകളിലൂടെ കുടിവെള്ളം ലഭ്യമാക്കാനായുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തും എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2024-ഓടെ ഏകദേശം 50 ലക്ഷത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ മാർഗരേഖ പ്രകാരം പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 21.64 ലക്ഷം കണക്ഷനുകൾ നൽകാനുള്ള 6765.25 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതിയുടെ നിർവ്വഹണ മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ; ആദ്യഘട്ടത്തിൽ എത്ര പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്?

പദ്ധതിയുടെ നിർവ്വഹണ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 716 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) ഓരോ പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും ആവശ്യകതയും നിർണയിച്ച് ആസൂത്രണം ശാസ്ത്രീയമാക്കാൻ ജലബജറ്റ് എന്ന രീതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

**ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണം**

274(1002) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ മേഖലകളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടിവെള്ള വിതരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ മേഖലയിലെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടിവെള്ള വിതരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന് 6765.25 കോടി രൂപയുടെ കുടിവെള്ള വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ 21,64,801 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിശദാംശം അനുബന്ധം 1-* ൽ ചേർക്കുന്നു. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 31/12/2020 വരെ 1017 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും അതുവഴി 1.76 ലക്ഷം കുടുംബങ്ങളിലെ 7.76 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. ഇതിനായി 799.24 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളിൽ 804 ചെറുകിട കുടിവെള്ള പദ്ധതികളും 187 ഏകപഞ്ചായത്ത് വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)/ പദ്ധതികളുടെ പുനരുദ്ധാരണവും 3 മൾട്ടി ജി പി പദ്ധതിയും 23 ബൃഹദ് പദ്ധതികളും ഉൾപ്പെടുന്നു. 574 ഭൂജല സംവർദ്ധന യൂണിറ്റുകളും (ജി.ഡബ്ല്യൂ.ആർ) ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു. 54,500 ഓളം ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനുള്ള പരിശീലനം നല്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 2*-ൽ ചേർക്കുന്നു. സംസ്ഥാനത്ത് ഗ്രാമീണ മേഖലകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടിവെള്ള വിതരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ് പമ്പ് കുടിവെള്ള പദ്ധതികളും 604 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3*-ൽ ചേർത്തിരിക്കുന്നു.

(ബി) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

2012-2019 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഏറ്റെടുത്ത 115 ഗ്രാമപഞ്ചായത്തുകളിലെ 2176 പദ്ധതികളിൽ 2173 എണ്ണം പൂർത്തിയാക്കുകയും, അതുവഴി 2.54 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ള

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യം എത്തിക്കുവാനും സാധിച്ചു. ഇനിയും പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 3 സ്കീമുകളുടെ പ്രവൃത്തികൾ സംസ്ഥാന പ്ലാൻ ഫണ്ടുപയോഗിച്ച് നടന്നുവരുന്നു. ഇതിലൂടെ 6108 ഓളം കുടുംബങ്ങൾക്ക് പുതുതായി കുടിവെള്ളം നൽകുവാൻ കഴിയും. ഇവ 2021 മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി 73 ഗ്രാമപഞ്ചായത്തുകളിൽ 1899 ഭൂജല സംരക്ഷണ പരിപോഷണ പ്രവൃത്തികളും പൂർത്തീകരിച്ചു.

(സി) ഗ്രാമീണ ജനതയ്ക്ക് കുടിവെള്ള, ശുചിത്വ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലോകബാങ്ക് എന്തെല്ലാം ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

2012-ൽ ആരംഭിച്ച് 2019-ൽ ക്രഡിറ്റ് കാലാവധി അവസാനിച്ച ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് ലോകബാങ്കിൽനിന്നും 884.28 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

(ഡി) ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

2012-2019 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ തലത്തിലും പദ്ധതി നടത്തിപ്പ് ഏജൻസിയായ കെ.ആർ.ഡബ്ല്യു.എസ്സ്.എ-യുടെ തലത്തിലും തുടർച്ചയായി അവലോകനം നടന്നുവരുന്നുണ്ട്. ആയതിന്റെ ഫലമായി ഏറ്റെടുത്ത 2176 കുടിവെള്ള പദ്ധതികളിൽ 2173 പദ്ധതികൾ ഇതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 പദ്ധതികൾ 2021 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ഗ്രാമപഞ്ചായത്ത് തലത്തിലും മേഖലാ ഓഫീസ് തലത്തിലും സംസ്ഥാന തലത്തിലും തുടർച്ചയായി പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

275(1003) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ?

1. കരുനാഗപ്പള്ളി മുനസിപ്പാലിറ്റിയിലെ മൂത്തേത്ത് കടവിൽ നിലവിലുള്ള കുഴൽ കിണർ കാലപ്പഴക്കം കാരണം ജലത്തിന്റെ ലഭ്യത കുറഞ്ഞതിനാൽ എം.എൽ.എ. ഫണ്ടിൽ നിന്നും പുതിയ കുഴൽ കിണർ സ്ഥാപിക്കുന്ന പ്രവൃത്തി ഭൂജല വകുപ്പിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു. അനുബന്ധ പ്രവൃത്തികൾക്കുള്ള ദർഘാസ് ക്ഷണിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ തുടർ നടപടി സ്വീകരിച്ചുവരുന്നു.

2. കരുനാഗപ്പള്ളിയിലെ ആലുംകടവിൽ മുനസിപ്പാലിറ്റിയുടെ ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ പുതിയ കുഴൽ കിണർ സ്ഥാപിച്ചു. പമ്പ് സെറ്റ് സ്ഥാപിച്ച് പമ്പിംഗ് ആരംഭിച്ചു. എങ്കിലും വെള്ളത്തിൽ ചെളിയുടെ അംശം കാരണം പമ്പിംഗ് തുടരാൻ കഴിഞ്ഞില്ല. ടി പ്രശ്നം പരിഹരിക്കുന്നതിന് ഭൂജല വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

3. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ എസ്.വി മാർക്കറ്റ്, കോഴിക്കോട് എന്ന സ്ഥലത്തു പുതിയ കുഴൽ കിണറിന്റെയും അനുബന്ധ പ്രവൃത്തികളുടെയും പണി പുരോഗമിക്കുന്നു. ഇവിടെയും കുഴൽ കിണറിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ കലക്കൽ മാറ്റുന്നതിന് ഭൂജല വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

4. തൊടിയൂർ പഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി കല്ലേലി ഭാഗത്ത് പുതിയ കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. തഴവ പഞ്ചായത്തിലെ ആലുംമൂട് പുതിയ കുഴൽ കിണർ സ്ഥാപിക്കുന്ന പ്രവൃത്തി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ദർഘാസ് നൽകിയിട്ടുണ്ട്.

6. കെ.എസ് പുരം പഞ്ചായത്തിലെ തുറയിൽകടവ് കൊപ്ര സംഭരണ കേന്ദ്രത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുതിയ കുഴൽ കിണർ നിർമ്മിച്ചു. അനുബന്ധ പ്രവൃത്തികൾ പഞ്ചായത്ത് ഡെപ്പോസിറ്റായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

7. പുതിയകാവ്, ഭീംനഗർ, വള്ളിക്കാവ് മണ്ണടിശ്ശേരി എന്നീ സ്ഥലങ്ങളിൽ പുതിയ കുഴൽ കിണറുകൾ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ആയതിന്റെ പുരോഗതിയും വിശദീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഓച്ചിറ, കെ.എസ് പുരം, ക്ലാപ്പന, ആലപ്പാട്, തൊടിയൂർ, തഴവ എന്നീ പഞ്ചായത്തുകളിലേയ്ക്ക് പുതിയ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കുലശേഖരപുരം പഞ്ചായത്ത് പ്രവൃത്തികൾ:പുതിയകാവ്, മണ്ണടിശ്ശേരി, ഭീം നഗർ, വള്ളിക്കാവ് എന്നിവിടങ്ങളിൽ കുഴൽ കിണറും അനുബന്ധ പ്രവൃത്തികളും,7500m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 3000 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ക്ലാപ്പന പഞ്ചായത്ത് പ്രവൃത്തികൾ: 5000m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 2057 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഓച്ചിറ പഞ്ചായത്ത് പ്രവൃത്തികൾ: 10000m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 6547 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. കണ്ടിയൂർ കടവിലെ റോ വാട്ടർ പമ്പ്ഹൗസിൽ 300 HP VT പമ്പ്സെറ്റും, 630 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതും അനുബന്ധ പ്രവൃത്തികളും. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ആലപ്പാട് പഞ്ചായത്ത് പ്രവൃത്തികൾ: 1050m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 100 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. തൊടിയൂർ പഞ്ചായത്ത് പ്രവൃത്തികൾ: മാലുമേൽ പ്രദേശത്ത് കുഴൽ കിണറും അനുബന്ധ പ്രവൃത്തികളും, 20000m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 3400 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. തഴവ പഞ്ചായത്ത് പ്രവൃത്തികൾ: ആലുംമൂട് പ്രദേശത്ത് കുഴൽ കിണറും അനുബന്ധ പ്രവൃത്തികളും, 21700m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 2900 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) രൂക്ഷമായ കുടിവെള്ളക്ഷാമം നിലവിലുള്ള കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദീകരിക്കുമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളും കുന്നത്തൂർ നിയോജകമണ്ഡലത്തിലെ പോരുവഴി, കുന്നത്തൂർ, ശൂരനാട് വടക്ക് എന്നീ പഞ്ചായത്തുകളും ചേർത്ത് ഒരു സംയോജിത കുടിവെള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(ഡി) ഓച്ചിറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടിയൂർ കടവിലെ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏതെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ?

കണ്ടിയൂർ കടവിലുള്ള റാ വാട്ടർ പമ്പ്ഹൗസിൽ വൈദ്യുതിതടസ്സം പരിഹരിക്കുന്നതിനായി Alternate feeder/exclusive feeder സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ടി ആവശ്യത്തിലേയ്ക്കായി 80.85 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ.-ന് അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇൻടേക്ക് വെൽ-കം പമ്പ് ഹൗസിലെ കാലപ്പഴക്കം ചെന്ന പമ്പ് സെറ്റ് മാറ്റി പുതിയ 2 എണ്ണം [300 എച്ച്.പി പമ്പ് സെറ്റും 630 KVA ട്രാൻസ്ഫോർമറും] സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**ജലസേചന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്താൻ നടപടി**

276(1004) ശ്രീ. എം. സ്വരാജ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്ക് ലഭ്യമാക്കാമോ?

ഉണ്ട്. 58,712.68 ഹെക്ടർ പ്രദേശത്ത് അധിക ജലസേചന സൗകര്യം ഒരുക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ദീർഘകാലമായി പൂർത്തിയാകാതെ കിടന്നിരുന്ന വൻകിട ജലസേചന പദ്ധതികളിലൊന്നായ മൂവാറ്റുപുഴ ജലസേചന പദ്ധതി പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി കൊണ്ടുള്ള ജലസേചന സൗകര്യം ഏതൊക്കെ പ്രദേശങ്ങളിൽ ലഭ്യമാണ്?

ഉണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയിലെ കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10-ന് കമ്മീഷൻ ചെയ്തിട്ടുണ്ട്. എം.വി.ഐ.പി. പദ്ധതി വഴി കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലായി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം, പിറവം എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്ന തൊടുപുഴ മുനിസിപ്പാലിറ്റിയിലും മുട്ടം, കരിങ്കുന്നം, മണക്കാട്, ഇടവെട്ടി, കുമാരമംഗലം, ആരക്കുഴ, മഞ്ഞള്ളൂർ, ആവോലി, മാറാടി, പാലക്കുഴ, തിരുമാറാടി, രാമമംഗലം, പാമ്പാക്കുട, കല്ലൂർക്കാട്, ആയവന, പോത്താനിക്കാട്, പൈങ്ങോട്ടൂർ, പല്ലാരിമംഗലം, വാരപ്പെട്ടി, ഉഴവൂർ, വെളിയന്നൂർ, മുളക്കുളം, ഞീഴൂർ, കടുത്തുരുത്തി, മാഞ്ഞൂർ, കടപ്ലൂർ, കടപ്ലാമറ്റം, കിടങ്ങൂർ, കാണക്കാരി എന്നീ പഞ്ചായത്തുകളിലും പിറവം, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികളിലും ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) പൂർത്തിയാകാത്ത മറ്റു വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ?

ഉണ്ട്.

(ഡി) ഡാമുകളിലെ മണൽ നീക്കി സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഡാമുകളിലും, റിസർവ്വോയറുകളിലും അടിഞ്ഞു കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കുകയും 26-9-2017-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം.79/2017/ജവിവ, 14-5-2019-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നമ്പർ 14/2019/ജവിവ എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതിയായ മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ചുമതല 'Dharti Dredging & Infrastructure Limited' എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്. ചുള്ളിയാറിന്റേത് 'Kerala Irrigation Infrastructure Development Corporation Ltd (KIIDC)'-നും മീൻകര, വാളയാർ എന്നീ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി 'Kerala Mineral Development Corporation Ltd (KEMDEL)'-നും നൽകുവാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**ശുദ്ധജല വിതരണം**

277(1005) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ശുദ്ധജലവിതരണത്തിനായി ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയ സ്റ്റേറ്റ് പ്ലാൻ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ താഴെ ചേർക്കുന്നു:

1. 2017-18 RWSS to അയ്യമ്പുഴ - മഞ്ഞപ്ര-നീലീശ്വരം RWPH-ൽ ടോയ്‌ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 2.00 ലക്ഷം രൂപ.
2. 2017-18 RWSS to അയ്യമ്പുഴ -നീലീശ്വരം CWPH-ൽ ടോയ്‌ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 2.00 ലക്ഷം രൂപ.
3. 2016-17 അങ്കമാലി- അങ്കമാലി ട്രീറ്റ്മെന്റ് പ്ലാന്റിൽ 50 എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 9.00 ലക്ഷം രൂപ.
4. 2018-19 - അങ്കമാലി അങ്ങാടിക്കടവ് മുതൽ മങ്ങാട്ടുകര വരെ പഴയ 100 എ.സി., ജി.ഐ. പൈപ്പ് മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തി- 32.99 ലക്ഷം രൂപ.
5. 2019-20 - കറുകുറ്റി മൂക്കന്നൂർ സ്കീം - ഏഴാറ്റുമുഖം പ്ലാന്റ് മുതൽ വെള്ളപ്പാറ ടെമ്പിൽ വരെ 80 സെ.മീ. ജി.ഐ. ഡിസ്ട്രിബ്യൂഷൻ സ്ഥാപിക്കുന്ന പ്രവൃത്തി- 8.1 ലക്ഷം രൂപ.
6. 2019-20 - വിവിധ പ്ലാന്റുകളിൽ ലാബ് ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി- 2.00 ലക്ഷം രൂപ.
7. 2016-17 ARWSS to കോതകുളങ്ങര സൗത്ത് മാണിക്യമംഗലം വില്ലേജ് - കാലടി പമ്പ് ഹൗസിൽ 40 എച്ച്.പി, വി.റ്റി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി - 9 ലക്ഷം രൂപ.
8. 2017-18 UWSS to അങ്കമാലി - കാലടി പമ്പ് ഹൗസിൽ ടോയ്‌ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 2.00 ലക്ഷം രൂപ.
9. 2016-17 UWSS to അങ്കമാലി - കാലടി പമ്പ് ഹൗസിൽ 110 HP VT പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി - 19 ലക്ഷം രൂപ.

(ബി) നിലവിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തവ ഏതെല്ലാമെന്നും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാലതാമസം എന്താണെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനശേഷം അങ്കമാലി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഭരണാനമതി നൽകിയിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ താഴെ പറയുന്നു.

<u>സ്റ്റേറ്റ്പ്ലാൻ</u>

1. 2018-19 - RWSS to അയ്യമ്പുഴ - നീലീശ്വരം പമ്പ് ഹൗസിൽ 40 എച്ച്.പി, വി.റ്റി. പമ്പ് സെറ്റിനു വേണ്ടി – 9.50 ലക്ഷം രൂപ.
2. 2018-19 -RWSS to മഞ്ഞപ്ര - മഞ്ഞപ്ര സ്കീമിനു വേണ്ടി നീലീശ്വരം പമ്പ് ഹൗസിൽ 40 എച്ച്.പി, വി.റ്റി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി -9.50 ലക്ഷം രൂപ.
3. 2019-20 - കറുകുറ്റി പമ്പ് ഹൗസിൽ 25 എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 4.5 ലക്ഷം രൂപ.
4. 2019-20 - RWSS to അയ്യമ്പുഴ-തന്നിത്തോട് പമ്പ് ഹൗസിൽ 20 എച്ച്.പി, സി.എഫ്. പമ്പ് സെറ്റും, ഉപ്പുകൾ പമ്പ് ഹൗസിൽ 40 എച്ച്.പി. പമ്പ് സെറ്റും സ്ഥാപിക്കുന്ന പ്രവൃത്തി- 10.68 ലക്ഷം രൂപ.
5. 2019-20 പൂതാംകുട്ടി ജംഗ്ഷൻ കാരാമറ്റം റോഡ്, കോഴിക്കുളം ജംഗ്ഷൻ, എസ് എൻ. ഡി. പി. ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ പഴയ ജി.ഐ. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി- 19.00 ലക്ഷം രൂപ.
6. 2019-20 - അങ്കമാലി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ 300 എം.എം. എം.എസ്. ഹെഡർ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി- 3.00 ലക്ഷം രൂപ.
7. 2019-20 - RWSS to ചീത്തപ്പാറ-ചീത്തപ്പാറ പമ്പ് ഹൗസിൽ 20 എച്ച്.പി. വി.റ്റി.പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 4 ലക്ഷം രൂപ.
8. 2020-21 UWSS to Angamaly- ഗ്രീൻ വാലി കല്ലുപാലം റോഡിൽ 100 എം.എം. AC പൈപ്പ് മാറ്റി 110 എം. എം പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി -8 ലക്ഷം രൂപ.
9. 2020-21 UWSS to Angamaly-അങ്കമാലി മുനിസിപ്പാലിറ്റിയിലെ കോതകുളങ്ങര ഏരിയയിൽ 100 എം.എം. AC പൈപ്പ് മാറ്റി 110 എം.എം പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി -8 ലക്ഷം രൂപ.
10. 2020-21 RWSS to Thabore-താബൂർ പമ്പ് ഹൗസിൽ 40 എച്ച്.പി., വി.റ്റി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി - 10 ലക്ഷം രൂപ 2020-21 - ഭരണാനമതി നൽകിയ സ്റ്റേറ്റ് പ്ലാൻ പ്രവൃത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കി

ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ബാക്കി പൂർത്തീകരിക്കാത്ത വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും ക്വാട്ട് ചെയ്യാത്തതിനാൽ വർക്ക് തുടങ്ങാനായില്ല. നിലവിൽ എല്ലാ വർക്കുകളും റീ ടെണ്ടർ ചെയ്തിട്ടുണ്ട്. കരാർ ഉറപ്പിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ തുടങ്ങി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

<u>കിഫ്ബി</u> - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ളവിതരണ വിപുലീകരണ പദ്ധതി എന്ന പേരിൽ 2018-19 സാമ്പത്തിക വർഷത്തിൽ 115.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ളവിതരണ വിപുലീകരണ പ്രവൃത്തി 2 ഭാഗങ്ങളായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ഇതിൽ പാർട്ട് 1 അങ്കമാലി മുനിസിപ്പാലിറ്റി, തുറവൂർ മഞ്ഞപ്ര പഞ്ചായത്തുകളിലെ കുടിവെള്ള വിതരണ വിപുലീകരണം, പാർട്ട് ബി മലയാറ്റൂർ, നീലീശ്വരം പഞ്ചായത്തിലേയ്ക്കും അയ്യമ്പുഴ പഞ്ചായത്തിലേയ്ക്കുമുള്ള കുടിവെള്ള വിതരണം.

ഇതിൽ പാർട്ട്-2 (പാക്കേജ് 1)-ൽ ഉൾപ്പെടുന്ന 8 എം.എൽ.ഡി. യുടെ ഡബ്ല്യൂ.റ്റി.പി. 9.74 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

പാർട്ട് 2 (പാക്കേജ് 2)-ൽ ഉൾപ്പെടുന്ന ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും ഒ.എച്ച് ടാങ്ക് നിർമ്മിക്കുന്ന പ്രവൃത്തി, ഒ.എച്ച്. ടാങ്കിനുള്ള (ചുള്ളി ഒ. എച്ച് .എസ് .ആർ.) 7.5 സെന്റ് സ്ഥലം വിദ്യാഭ്യാസ വകുപ്പിൽനിന്നും വിട്ടുകിട്ടേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ട റോഡ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലായതിനാൽ ഇക്കാര്യത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാർട്ട് 1, പാക്കേജ് 1 കിണർ നിർമ്മിക്കുന്ന 10 സെന്റ് സ്ഥലവും പാക്കേജ് 2-ൽ ഒ.എച്ച് ടാങ്ക് നിർമ്മിക്കുന്നതിന് തുറവൂർ വില്ലേജിൽ 20 സെന്റ് സ്ഥലവും, റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും വിട്ടുകിട്ടേണ്ടതുണ്ട്. ഇതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

278(1006) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള ജല അതോറിറ്റിയുടെ കീഴിൽ കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ പട്ടിക അനുബന്ധം 1 * ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലനിധി രണ്ടാംഘട്ട പദ്ധതി വഴി 31-12-2020 വരെ 1017 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും അതുവഴി 1.76 ലക്ഷം കുടുംബങ്ങളിലെ 7.76 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. ഇതിനായി 799.24 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളിൽ 187 എണ്ണം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെയും വിവിധ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെയും പുനരുദ്ധാരണവും 3 മൾട്ടി ജി പി പദ്ധതിയും 23 ബൃഹത് പദ്ധതികളും ഉൾപ്പെടുന്നു. 574 ഭൂജലസംവർദ്ധന യൂണിറ്റുകളും (ജി.ഡബ്ല്യു.ആർ.) ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്കായി 12.05 കോടി രൂപ ഗുണഭോക്താക്കളിൽ നിന്നും 48.94 കോടി രൂപ ഗ്രാമപഞ്ചായത്തുകളിൽനിന്നും ഈ കാലയളവിൽ സ്വരൂപിച്ചു. 54,500 ഓളം ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനുള്ള പരിശീലനം നൽകി.

KRWSA-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'മഴ കേന്ദ്രം സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന മഴവെള്ള സംഭരണം - ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി 29 ഗ്രാമപഞ്ചായത്തുകളിലെ 4101 വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ ജലസംഭരണികൾ നിർമ്മിച്ചു നൽകുകയുണ്ടായി. പദ്ധതിയുടെ ആനുകൂല്യം കൂടുതലായും മലയോര/ തീരഗ്രാമപഞ്ചായത്തുകൾക്കും ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുമാണ് ലഭ്യമാക്കുന്നത്.

ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സാമ്പത്തിക വർഷത്തിൽ 5 ഗ്രാമപഞ്ചായത്തുകളിലെ 750 കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ശേഷിയുള്ള സംഭരണികളും പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച് നൽകുവാൻ ലക്ഷ്യമിടുന്നു.

കൂടാതെ സംസ്ഥാനത്തെ 6 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ച് 8500 കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഭൂജലവകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ്പൈപ്പ് കുടിവെള്ളപദ്ധതികളും 604 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്.

(ബി) ജല അതോറിറ്റി, ജലനിധി, ഭൂജലവകുപ്പ് എന്നീ ഏജൻസികളിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(സി) ജലജീവൻ മിഷനിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 11.33 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ജലജീവൻ പദ്ധതിയുടെ ഭാഗമായി 2020-21 കാലയളവിൽ നാളിതുവരെ (11-1-2021) 166064 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

2020-21 കാലയളവിൽ KRWSA വഴി ജലജീവൻ മിഷൻ പദ്ധതി പ്രകാരം 37,096 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് സർക്കാരിൽനിന്നും ഭരണാനുമതി നൽകിയത്. ആയതിനാൽ 7-1-2020 വരെ 950 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗാർഹിക കണക്ഷനുകൾ 2021 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കുടിവെള്ള വിതരണ മേഖലയിൽ കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കുടിവെള്ള വിതരണ മേഖലയിൽ കേരള ജല അതോറിറ്റി മുഖേന കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II * ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഇ) ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ കാലയളവിൽ 216 കുഴൽ കിണർ നിർമ്മാണവും 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ് പൈപ്പ് പദ്ധതികളും 8458 ഹാൻഡ് പൈപ്പ് റിപ്പയറുകളും 604 ചെറുകിട പദ്ധതികളുടെ പുനരുദ്ധാരണവും നടപ്പിലാക്കിയിട്ടുണ്ട്. 1874 ലക്ഷം രൂപ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഈ കാലയളവിൽ ചെലവായിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന 1,57,097 കുടുംബങ്ങൾക്ക് പ്രത്യക്ഷമായി പ്രയോജനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം III* ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.

## മലപ്പുറത്തെ പൂക്കോട്ടൂർ, പുൽപ്പറ്റ, മൊറയൂർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

279(1007) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ, പുൽപ്പറ്റ, മൊറയൂർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; പുരോഗതികൾ വിശദീകരിക്കാമോ?

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മൂന്ന് പഞ്ചായത്തുകളിലെയും ജനങ്ങളുടെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മുൻഗണന നൽകി എത്രയും വേഗം ഭരണാനുമതിയും ഫണ്ടും അനുവദിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

## വേങ്ങര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

280(1008) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനു കീഴിലെ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കലും മറ്റ് അറ്റകുറ്റപ്പണികളും പൊതുമരാമത്ത് വകുപ്പിൽനിന്നും അതുപോലെ കിഫ്ബി മുഖേന നിർവ്വഹിക്കപ്പെട്ട റോഡ്/പാലങ്ങളുടെ പ്രവൃത്തികളിൽ കിഫ്ബി അധികാരികളിൽനിന്നും അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ഈ പദ്ധതികളുടെ പൂർത്തീകരണം അനന്തമായി നീളുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഡി.എൽ.പി-ഉള്ള റോഡുകളിൽ അനുമതി ലഭിക്കുന്നില്ല. ഇതിനുവേണ്ടി സെക്യൂരിറ്റി തുക മുഴുവൻ അടവാക്കി റോഡിന്റെ മുഴുവൻ ഡിഫക്ട് ലയബിലിറ്റിയും വാട്ടർ അതോറിറ്റി ഏറ്റെടുക്കണമെന്നാണ് ആവശ്യപ്പെടാറുള്ളത്. വേങ്ങര മണ്ഡലത്തിലെ കണ്ണമംഗലം കുടിവെള്ള പദ്ധതിയിൽ ഈ കാരണം കൊണ്ടാണ് ജലവിതരണം തടസ്സപ്പെട്ടിരിക്കുന്നത്. അതുപോലെതന്നെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി റോഡ് മുറിക്കുന്നതിന് അനുമതി ലഭിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി PWD ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്താത്തതിനാൽ പെട്ടെന്ന് തുക അടയ്ക്കുവാൻ കഴിയാറില്ല. കൂടാതെ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ഫണ്ട് ലഭിക്കുവാൻ കാലതാമസം നേരിടുന്നതുമൂലം പ്രവൃത്തികൾ വൈകാറുണ്ടെങ്കിലും ചർച്ചകൾ നടത്തി പരിഹാരം കണ്ടെത്തി പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നുണ്ട്. എന്നിരുന്നാലും കോട്ടയം സർക്കിളിനു കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. സ്റ്റേറ്റ്പ്ലാൻ : എരുമേലി പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി, കരിങ്കല്ലുമൂഴി ജലസംഭരണിയിൽനിന്നുള്ള വിതരണ ശൃംഖല. നബാർഡ് : എരുമേലി പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി- ശുദ്ധീകരണ ശാലയിലെ ഉന്നതതല സംഭരണി, പള്ളിക്കുന്ന് ടാങ്ക് എന്നിവയിൽ നിന്നുള്ള വിതരണശൃംഖല. ആർ.കെ.ഐ :- എരുമേലി പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി- കനകപ്പലം ശുദ്ധീകരണ ശാലയിലെ സംഭരണി, നേർച്ചപ്പാറ, കരിങ്കല്ലുമൂഴി, കനകപ്പലം സംഭരണി എന്നിവയിൽനിന്നുള്ള വിതരണശൃംഖല, അയർകുന്നം-കുരോപ്പട. പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി, പാമ്പാടി ഉന്നതതല സംഭരണിയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ. എൻ.ആർ.ഡി.ഡബ്ല്യു.പി:- ഏറ്റുമാനൂരും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി. കിഫ്ബി2017-18 :- ഏറ്റുമാനൂർ മുൻസിപ്പാലിറ്റിക്കു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി.

ആലപ്പുഴ സർക്കിളിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ അമ്പലപ്പുഴ-തിരുവല്ല റോഡിൽ കേടുപാട് സംഭവിച്ച 1524 മീ. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് റോഡ് മുറിക്കുന്നതിന് ഉത്തരവ് ലഭിച്ചെങ്കിലും റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് വെറ്റ് ചെയ്തത് കെ.ആർ.എഫ്.ബി. ചീഫ് എഞ്ചിനീയർ ഓഫീസിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പൈപ്പ് മാറ്റിയിടുന്ന ജോലി ആരംഭിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ ഭരണാനുമതി ലഭിച്ച കുട്ടനാട് കുടിവെള്ള പദ്ധതിക്ക് റോഡ് മുറിക്കുന്നതിന് അനുമതി ലഭിക്കാനുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭിച്ച നൂറനാട് പഞ്ചായത്ത്-എടപ്പോൺ പാറ റോഡിൽ 6

കി.മീ. റോഡ് മുറിക്കുന്നതിന് അനുമതി ലഭിച്ചിട്ടില്ല. കൂടാതെ തീരവികസന വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ച തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരദേശറോഡിൽ റോഡ് കട്ടിംഗ് പെർമിഷൻ ലഭിക്കാത്തതിനാൽ പണികൾ പൂർത്തിയായിട്ടില്ല. കൊച്ചി സർക്കിളിനു കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

1. പട്ടിമറ്റം നെല്ലാട്, പട്ടിമറ്റം കിഴക്കമ്പലം, വളയൻ ചിറങ്ങര വെങ്ങോല റോഡുകളിലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുവേണ്ടി പി.ഡബ്ല്യൂ.ഡി., കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത് വർക്കിൽ പി.ഡബ്ല്യൂ.ഡി. നിർദ്ദേശിച്ച ഭാഗങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു. എന്നാൽ രേഖാമൂലം അറിയിച്ചതനുസരിച്ച് 5.5m വീതി കഴിഞ്ഞ് മാത്രമേ പൈപ്പുകൾ സ്ഥാപിക്കാവൂയെന്നും ഒരു കാരണവശാലും നിലവിലെ ടാർ പോർഷനിൽ പൈപ്പുകൾ സ്ഥാപിക്കരുതെന്നുമുള്ള കാരണത്താൽ വർക്കുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇനി പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റ് രേഖാമൂലം പി.ഡബ്ല്യൂ.ഡി. നൽകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് പദ്ധതി പൂർത്തിയാക്കുന്നതാണ്.

2. WSS വരാപ്പുഴ സ്കീമിന് കിഫ്ബി ഫണ്ടിൽനിന്ന് PWD റോഡ് റെസ്റ്റോറേഷൻ ചാർജ്ജായ 422.87 ലക്ഷം രൂപ PWD യിൽ ഒടുക്കേണ്ടതുണ്ട്. ഇത് കിഫ്ബി പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വേങ്ങര നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ കാലതാമസം നേരിടുന്ന പ്രവൃത്തികൾ ഏവ; ഇവയുടെ നിലവിലെ സ്ഥിതി എപ്രകാരമാണ്?

വേങ്ങര മണ്ഡലത്തിലെ കണ്ണമംഗലം കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി വേങ്ങര - കുന്നിൻപുറം റോഡിലും ചിന്നമ്മപ്പടി - കിളിനാക്കോടു റോഡിലും അനുമതി ലഭ്യമാക്കാനുണ്ട്. കൂടാതെ ഊക്കങ്ങൽ - പുന്നമല കുടിവെള്ള പദ്ധതിയുടെ പമ്പിലെ മെയിനിൽ മുനമ്പം - പള്ളിപ്പടിയിലെ അറ്റകുറ്റപ്പണി, പുത്തൂർ പാലത്തിന് ഇരുവശവും പൈപ്പ് ലൈൻ കണക്ട് ചെയ്യുന്ന പ്രവൃത്തി, പൊന്മള പള്ളിപ്പടിയിലെ ഇന്റർകണക്ഷൻ പ്രവൃത്തി എന്നിവയും പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

(സി) ഇവ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ട ഇടപെടലുകൾ നടത്താമോ; വിശദമാക്കുമോ?

ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

**ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

281(1009) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉദയംപേരൂർ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി 76 കോടി രൂപയുടെ DER തയ്യാറാക്കി RKI-ൽ സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല. എന്നാൽ JJM പദ്ധതിയിൽ ഉൾപ്പെടുത്തി 1000 FHTC നൽകുന്നതിനായി 239 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

പദ്ധതി പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 4382 കണക്ഷനുകൾക്കൂടി നൽകുന്നതിനായി 76 കോടി രൂപയുടെ DER തയ്യാറാക്കി DWSM-ൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി**

282(1010) ശ്രീ വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പെരിങ്ങാല - പുത്തൻകുരിശ് റോഡിൽ പോത്തനാംപറമ്പ് ഭാഗത്ത് നിരന്തരം കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഇവിടെ അടിയന്തരമായി പൈപ്പുകൾ മാറ്റിയിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പെരിങ്ങാല - പോത്തനാംപറമ്പ് റോഡിൽ ജലവിതരണ പൈപ്പുകൾ പൊട്ടുന്നതുമൂലം ഉണ്ടാകുന്ന ജലവിതരണ തടസ്സം ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി ക്രമീകരിക്കുവാൻ സാധിക്കും.

## ജൽജീവൻ മിഷൻ പദ്ധതി

283(1011) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിലെ കുടിവെള്ള കണക്ഷൻ നല്കുന്നതിനായുള്ള പ്രവൃത്തികളിൽ കരീപ്ര, എഴുകോൺ എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് ഭാഗികമായി (ഒന്നാം ഘട്ടം) ടെണ്ടർ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. ബാക്കി പഞ്ചായത്തുകളിൽ കരാർ നല്കി കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ ശേഷിക്കുന്ന പ്രവൃത്തികളുടെ (രണ്ടാം ഘട്ടം) ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഓരോ തദ്ദേശസ്ഥാപനത്തിലും നിലവിലുള്ള ഗാർഹിക കണക്ഷനുകളുടെ എണ്ണവും ഇപ്പോൾ ജലജീവൻ മിഷൻ വഴി നൽകാൻ നിശ്ചയിച്ചിട്ടുള്ള കണക്ഷനുകളുടെ എണ്ണവും അതിനുവേണ്ടി അനുമതി ലഭിച്ചിട്ടുള്ള തുകയുടെ വിവരവും പ്രത്യേകമായി വെളിപ്പെടുത്തുമോ?

ഓരോ തദ്ദേശസ്ഥാപനത്തിലും നിലവിലുള്ള ഗാർഹിക കണക്ഷനുകളുടെ എണ്ണവും ഇപ്പോൾ ജൽജീവൻ മിഷൻ വഴി നൽകാൻ നിശ്ചയിച്ചിട്ടുള്ള കണക്ഷനുകളുടെ എണ്ണവും അതിന് വേണ്ടി അനുമതി ലഭിച്ച തുകയുടെ വിവരവും അനുബന്ധമായി* ചേർക്കുന്നു.

(സി) നിലവിലെ പദ്ധതിക്ക് പുറമേ ഓരോ തദ്ദേശസ്ഥാപനത്തിലും ഇനിയും ആവശ്യമായ ഗാർഹിക കണക്ഷനുകളുടെ എണ്ണം പ്രത്യേകമായി വെളിപ്പെടുത്തുമോ; അവിടെ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് പദ്ധതി നിർദ്ദേശം തയ്യാർ ചെയ്തിട്ടുണ്ടെങ്കിൽ വിവരങ്ങൾ നൽകുമോ?

ഇതിലേക്കാവശ്യമായ സമഗ്ര പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

284(1012) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി 75% പൂർത്തീകരിച്ചു. ഈ പ്രവൃത്തി 31-3-2021-നോട് കൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, നബാർഡ്, ജൽജീവൻ മിഷൻ എന്നീ പദ്ധതികൾ വഴി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചു; എത്ര ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകാൻ കഴിഞ്ഞു; ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി ഒന്നാംഘട്ടം, രണ്ടാം ഘട്ടം, നബാർഡ്, ജലജീവൻ മിഷൻ എന്നീ പദ്ധതികൾ വഴി കല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സ്ഥാപിച്ച പൈപ്പ് ലൈനുകൾ, ആയതിലേയ്ക്ക് ചെലവഴിച്ച തുക, നൽകിയ കണക്ഷനുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു. കല്യാശ്ശേരി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജലജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും നബാർഡ് ഫണ്ട് ഉപയോഗിച്ച് മാട്ടൂൽ, പട്ടുവം, കണ്ണപുരം പഞ്ചായത്തുകളിൽ നടന്നുവരുന്ന പ്രവൃത്തികളും 2021 മാർച്ച് 31-നുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പുഴ പുനരുജ്ജീവന പദ്ധതി

285(1013) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പുഴ പുനരുജ്ജീവന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പുഴ പുനരുജ്ജീവന പദ്ധതിയുടെ പ്രവർത്തനവും ഗുണഫലങ്ങളും വിലയിരുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ നീരൊഴുക്ക് പുനഃസ്ഥാപനം, മാലിന്യലഘൂകരണം, ജലസേചന നിർമ്മിതികൾക്ക് സമീപം അടിഞ്ഞുകൂടിയിരുന്ന എക്കലും മാലിന്യങ്ങളും നീക്കംചെയ്യൽ, പുഴയിലേയ്ക്ക് വന്നുചേരുന്ന തോടുകളിലെ ആഴം വർദ്ധിപ്പിച്ച് ജലസംരക്ഷണ നിർമ്മിതികളായ തടയണ/വി.സി.ബി എന്നിവയുടെ നിർമ്മാണം, തോടുകളുടെ വൃഷ്ടി പ്രദേശത്തുള്ള കുളങ്ങളുടെ ശുചീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും തുടങ്ങിയ പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, ജലസംരക്ഷണത്തിന്റെയും പുഴകളും തോടുകളും മാലിന്യമുക്തമാക്കി സൂക്ഷിക്കേണ്ടതിന്റേയും പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ ഈ പ്രവർത്തനം വഴി സാധ്യമായിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രവർത്തനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ എന്നിവയുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയുമാണ് നിലവിൽ ഈ പ്രവർത്തനം നിർവ്വഹിച്ചുവരുന്നത്. പുതുതായി അധികാരത്തിൽ വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

(സി) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവരെ കണ്ടെത്തുന്നതിനും മലിനീകരണം തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും, പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇതിനുപരിയായി കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയ തോതിൽ മലിനീകരിക്കപ്പെട്ടതാണെന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണ്ടെത്തലിനെ തുടർന്ന്, ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ

സ്വമേധയാ എടുത്ത കേസിന്റെ തുടർ നടപടിയുടെ ഭാഗമായി ജലമലിനീകരണം കുറയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുടെ സഹകരണത്തോടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയൺമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി കരാർ M/s. വോയന്റ്സ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിക്കുന്നു.

**ജലഅതോറിറ്റിയുടെ വരുമാനം**

286(1014) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം ഉപഭോക്താക്കൾ വെള്ളക്കരം ഒടുക്കാത്തത് ജല അതോറിറ്റിയുടെ വരുമാനത്തിൽ വൻ ഇടിവ് ഉണ്ടാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ജല അതോറിറ്റി ലക്ഷ്യമിട്ടത് എത്ര കോടി രൂപയാണ്; 31-12-2020 വരെ എന്ത് തുക പിരിഞ്ഞ് കിട്ടിയെന്ന് അറിയിക്കാമോ?

734 കോടി രൂപയാണ് റവന്യൂ ടാർജറ്റായി ഈ സാമ്പത്തിക വർഷം ജലഅതോറിറ്റി ലക്ഷ്യമിട്ടത്. 31-12-2020 വരെ 365.50 കോടി രൂപയാണ് പിരിഞ്ഞ് കിട്ടിയിട്ടുള്ളത് .

(സി) കുടിശ്ശിക അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ളവരുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആറ് മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ കണക്ഷനുകൾ പ്രത്യേകിച്ചും ഗാർഹികേതര കണക്ഷനുകൾ നിയമാനുസൃതമായ നോട്ടീസുകൾ നൽകി വിച്ഛേദന നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

287(1015) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി വാട്ടർ അതോറിറ്റിക്ക് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ഇതിനായുള്ള തുക എത്രയെന്നും വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി വാട്ടർ അതോറിറ്റിക്ക് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ MLA ഫണ്ട് പ്രയോജനപ്പെടുത്തി ചൂണ്ടുപലക മുതൽ മുണ്ടപലിക്കോണം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി. തുക- 3.70 ലക്ഷം - പ്രവൃത്തികൾ പൂർത്തീകരിച്ചു.

2. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ MLA ഫണ്ട് പ്രയോജനപ്പെടുത്തി പേയാട്, കാരംകോട്ടുകോണം മുതൽ ചാമവിള വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി- തുക- 3.20 ലക്ഷം- പ്രവൃത്തി പൂർത്തീകരിച്ചു.

3. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ MLA ഫണ്ട് പ്രയോജനപ്പെടുത്തി മൂഴിനട പുകവല്ലിലൂർക്കോണം-ആലുകോട് പൈപ്പ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി- തുക- 2.7 ലക്ഷം- പ്രവൃത്തി പൂർത്തീകരിച്ചു.

4. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ സൗപർണ്ണിക-കോണറത്തലക്കൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-തുക-2.70 ലക്ഷം-പ്രവൃത്തി പൂർത്തീകരിച്ചു.

5. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിലേയ്ക്കായി 22.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് ഘട്ടങ്ങളിലായുള്ള പ്രവൃത്തികളിൽ ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

6. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിലേയ്ക്കായി 7.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് ഘട്ടങ്ങളിലായി 11 പ്രവൃത്തികളിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

7. കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള വിതരണ പദ്ധതിയുടെ മൊത്തം ഭരണാനുമതി 16 കോടി രൂപയുടേതാണ്. എല്ലാ പാക്കേജുകളുടെ കരാർ നൽകുകയും പണികൾ പുരോഗമിച്ചും വരുന്നു.

8. പള്ളിച്ചൽ, ബാലരാമപുരം, വിളവൂർക്കൽ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ളപദ്ധതി- ഇതിന് 10.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ പിടാരത്ത് 4.30 ലക്ഷം ലിറ്ററിന്റെയും 4.00 ലക്ഷം ലിറ്ററിന്റെയും ഉന്നതതല ജലസംഭരണിയുടെയും വിതരണശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 8.70 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂവടയിൽ പൂർത്തീകരിച്ചു. പൈപ്പ് ലൈൻ ജോലികൾ പുരോഗമിക്കുന്നു. ഈ പദ്ധതിയുടെ പണികൾ നിലവിൽ 95% പൂർത്തീകരിച്ചിട്ടുണ്ട്.

9. നെയ്യാറിൽ പുതിയതായി സ്ഥാപിക്കുന്ന 120 MLD ജലശുദ്ധീകരണശാലയിൽ നിന്നും പി.റ്റി.പി. നഗറിലേയ്ക്കുള്ള 1422 mm MS pipe ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 206.962 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ നിന്നും 100 MLD ശുദ്ധജലം തിരുവനന്തപുരം നഗരത്തിലും 20 MLD ശുദ്ധജലം സമീപ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതാണ്.

10. RWSS to തേവുപറ 140 എംഎം, 110 എംഎം, പി.വി.സി പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 103 .7 ലക്ഷം - പണി പുരോഗമിച്ചുവരുന്നു.

11. RWSS to കുളത്തുമാല 150 എംഎം AC പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 19.25 ലക്ഷം. ദർഘാസ് നടപടി പുരോഗമിക്കുന്നു.

12. CWSS to കാട്ടാക്കട - കാട്ടാക്കട മിനിസിവിൽസ്റ്റേഷൻ കാര്യാലയത്തിലേയ്ക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി - 35.8 ലക്ഷം -ദർഘാസ് നടപടി പുരോഗമിക്കുന്നു.

13. CWSS to അമ്പൂരി - 65 എംഎം GI പൈപ്പുകൾ മാറ്റി 65 mm GI പൈപ്പുകൾ പുന:സ്ഥാപിക്കുന്ന പ്രവൃത്തി - 22.87 ലക്ഷം -ദർഘാസ് നടപടി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത 6 പഞ്ചായത്തുകളിലായി മൈനർ, മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭ്യമായ പ്രവൃത്തികളുടെ പേരും തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-മായി ബന്ധപ്പെട്ട് അനുമതി ലഭ്യമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

**ചുനക്കര സി.എച്ച്.സി.-യിലെ വാട്ടർ അതോറിറ്റിയുടെ ടാങ്ക്**

288(1016) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ചുനക്കര സി.എച്ച്.സി. വളപ്പിൽ നിലകൊള്ളുന്ന വാട്ടർ അതോറിറ്റിയുടെ ടാങ്ക് ഉപയോഗശൂന്യമായതും അപകടാവസ്ഥയിലായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാട്ടർ ടാങ്ക് പൊളിച്ചുനീക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ.-യും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തും നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ടാങ്ക് പൊളിച്ചു നീക്കിയശേഷം പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിന് തിരിച്ചു നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് ചുനക്കര സി.എച്ച്.സി.-ക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് അനുസൃതമായി വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-ഡി) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ചുനക്കര സി.എച്ച്.സി. വളപ്പിൽ നിലകൊള്ളുന്ന വാട്ടർ ടാങ്ക് പൊളിച്ചുനീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജേഷ് എം.എൽ.എ. മുഖേന ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജനി ജയദേവ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ തീയതി വയ്ക്കാത്ത കത്തിന്മേലുള്ള മറുപടി ഈ വകുപ്പിലെ 6-1-2020-ലെ ഡബ്ല്യൂ. എസ്. സി2/9/2020/ജവിവ നമ്പർ കത്ത് പ്രകാരം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി*ചേർക്കുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ**

289(1017) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദവിവരം അനുബന്ധമായി* ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2020 ഡിസംബർ 31 വരെയുള്ള ഗാർഹിക കണക്ഷനുകളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ; വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2020 ഡിസംബർ 31 വരെ 3300 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

1. മുന്നിയൂർ -938
2. തേഞ്ഞിപ്പലം -1444
3. ചേലേമ്പ്ര -166
4. പെരുവള്ളൂർ -47
5. പള്ളിക്കൽ -94
6. വള്ളിക്കുന്ന് -611

**മൈലം-തലവൂർ കുടിവെള്ള പദ്ധതി**

290(1018) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈലം-തലവൂർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മൈലം പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 5 കി.മീ. വിതരണശൃംഖല സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2018-ൽ 65 ലക്ഷം രൂപയുടെ അനുമതി നൽകുകയും ടി പദ്ധതി 18-6-2019-ൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയുണ്ടായി. മൈലം പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിനായി 76 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി KIIFB-യിൽ ഉൾപ്പെടുത്തി 2018-ൽ 6013 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 33 km ഓളം വിതരണശൃംഖല സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതിയിൽ 43 കിലോമീറ്ററോളം വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് അവശേഷിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി 16-9-2021 വരെയാണ്. എന്നാൽ വിതരണശൃംഖല കടന്നുപോകുന്ന മൈലം-പട്ടാഴി പൊതുമരാമത്ത് റോഡിൽ കൂടെയും മറ്റ് പൊതുമരാമത്ത് റോഡിൽ കൂടിയുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്കേ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ മൈലം പഞ്ചായത്തിലെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുമോ; നൽകാൻ കഴിയുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണം എത്രയാണ്; അറിയിക്കാമോ?

സാധിക്കും; ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുമ്പോൾ മൈലം പഞ്ചായത്തിൽ 9102 ഗാർഹിക കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### വാട്ടർ അതോറിറ്റിയിൽ സർവ്വെയർമാരുടെ നിയമനം

291(1019) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ സെക്കന്റ് ഗ്രേഡ് സർവ്വെയർമാരുടെ എത്ര തസ്തിക നിലവിലുണ്ട്?

സെക്കന്റ് ഗ്രേഡ് സർവ്വെയർമാരുടെ 70 തസ്തികകൾ നിലവിലുണ്ട്.

(ബി) വാട്ടർ അതോറിറ്റിയിൽ ഫസ്റ്റ് ഗ്രേഡ് സർവ്വെയർമാരുടെ എത്ര തസ്തിക നിലവിലുണ്ട്; നിയമനത്തിന് എന്തെങ്കിലും നിയമപരമായ കാലതാമസമുണ്ടോ?

ഫസ്റ്റ് ഗ്രേഡ് സർവ്വെയർമാരുടെ 69 തസ്തികകൾ നിലവിലുണ്ട്. നിയമനത്തിന് നിയമപരമായ കാലതാമസമില്ല.

(സി) 19-11-2020-ന് പി.എസ്.സി. അഡ്വൈസ് ചെയ്ത വാട്ടർ അതോറിറ്റി സർവ്വെയർ രണ്ടാം ഗ്രേഡ്-ന്റെ ഇരുപത് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയോ; ഇല്ലെങ്കിൽ എന്ന് നൽകാനാണ് സാധ്യതയെന്ന് അറിയിക്കാമോ?

19-11-2020-ന് പി.എസ്.സി. അഡ്വൈസ് ചെയ്ത വാട്ടർ അതോറിറ്റി സർവ്വെയർ രണ്ടാം ഗ്രേഡ്-ന്റെ ഇരുപത് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. 2 ആഴ്ചയ്ക്കുള്ളിൽ നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2021-ലെ വേക്കൻസി ആന്റിസിപ്പേറ്ററി ആയി റിപ്പോർട്ട് ചെയ്യാൻ സാധ്യതയുണ്ടോ; എങ്കിൽ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനിയും റിപ്പോർട്ട് ചെയ്യാൻ ബാക്കി എത്രയുണ്ട്; അറിയിക്കാമോ?

പി.എസ്.സി. ശിപാർശ ചെയ്ത നിയമനം പൂർത്തീകരിച്ചതിനുശേഷമേ ആന്റിസിപ്പേറ്ററി വേക്കൻസി കണക്കാക്കി റിപ്പോർട്ട് ചെയ്യാനാകൂ.

**മരട് നഗരസഭയിലെ കുടിവെള്ള വിതരണം**

292(1020) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ കുടിവെള്ള വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശം (ഭരണാനുമതി ലഭിച്ച തീയതി ഉൾപ്പെടെ) അറിയിക്കുമോ?

തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2316 ലക്ഷം രൂപയുടെ ഭരണാനുമതി 17-11-2017-ലെ G.O.(Rt.)No.934/2017/WRD പ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

മേൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 6 പാക്കേജുകളായി പ്രവൃത്തി ക്രമീകരിക്കുകയും 1, 2, 4 പാക്കേജുകൾ മുഴുവനായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പാക്കേജ് 3,95% പൂർത്തീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

NHAI (National Highways Authority of India)-യുടെ റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പദ്ധതികൾ**

293(1021) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ വാട്ടർ അതോറിറ്റി വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും എത്ര രൂപ ഇതിനായി വിനിയോഗിച്ചുവെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള ഗ്രാമീണകുടിവെള്ള കണക്ഷൻ നൽകുന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| പത്തിയൂർ | 258.00 ലക്ഷം |
| കൃഷ്ണപുരം | 2889.69 ലക്ഷം |
| കണ്ടല്ലൂർ | 115.00 ലക്ഷം |
| ഭരണിക്കാവ് | 4084.36 ലക്ഷം |
| ദേവികുളങ്ങര | 134.50 ലക്ഷം |
| ചെട്ടികുളങ്ങര | 61.10 ലക്ഷം |
| ആകെ | 7542.65 ലക്ഷം രൂപ |

JJM കൂടാതെ ഭരണാനുമതിലഭിച്ച മറ്റു പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ കാലയളവിൽ എത്ര പുതിയ വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

6578 കുടിവെള്ള കണക്ഷനുകൾ.

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

294(1022) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടേയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടേയും നിർമ്മാണപ്രവൃത്തികളുടെ തൽസ്ഥിതി വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പൈലിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൈൽ ക്യാപ്പിന്റെ റീ-ഇൻഫോഴ്സ്മെന്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണം കരാറുകാരനായ ശ്രീ. അനിൽകുമാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന കേസ് തീർപ്പാകുന്ന മുറയ്ക്ക് ആരംഭിക്കാൻ സാധിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജൂലൈ 2021-ഓടെ 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ ഉണ്ടാകുന്ന തീരുമാനങ്ങൾക്കനുസൃതമായി 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതിന് 10 മാസം സമയം ആവശ്യമാണ്.

(സി) ഭൂതല സംഭരണിയുടെ പ്രവൃത്തി കരാർ എടുത്തയാൾ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ മുടങ്ങിക്കിടക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത കേസ് തീർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

12-3-2020-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഇതുവരെ പ്രവൃത്തി തുടങ്ങുവാൻ തയ്യാറാകാത്തതുകൊണ്ട് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനർക്രമീകരിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ, കോടതിയുടെ അനുമതിയോടെ മാത്രമേ പുനഃക്രമീകരണ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. പ്രവൃത്തിയിൽനിന്നും ഒഴിവാക്കി കരാറുകാരനായ ശ്രീ.അനിൽ കുമാറിന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനെതിരായി സമർപ്പിച്ച ഹർജിയിന്മേൽ ഹൈക്കോടതിയൽ നിയോഗിച്ച കമ്മീഷൻ 18-12-2020-ൽ സ്ഥലം സന്ദർശിച്ചു. റിപ്പോർട്ട് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള വാദം കേൾക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് മാറ്റിവെച്ചിട്ടുണ്ട്. ഇത് തീർപ്പാക്കുന്ന മുറയ്ക്ക് ഹൈക്കോടതി വിധി പ്രകാരം നിർമ്മാണ പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

### കിഴക്കമ്പലം-നെല്ലാട് പൈപ്പ് മാറ്റുന്ന പ്രവൃത്തി

295(1023) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഴക്കമ്പലം - നെല്ലാട് പൈപ്പ് മാറ്റുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുവേണ്ടി പൊതുമരാമത്ത് വകുപ്പ്, കിഫ്ബി മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്ന പ്രവൃത്തിയാണ്. കിഴക്കമ്പലം പട്ടിമറ്റം റോഡിൽ പൊതുമരാമത്ത് വകുപ്പും കിഫ്ബിയുടെ ഉദ്യോഗസ്ഥരും നിർദ്ദേശിച്ച ഭാഗങ്ങളിൽ തടസ്സങ്ങൾ കൂടാതെ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. വീതിയില്ലാത്ത ഭാഗങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. നിലവിലെ റോഡിന് 5.50 മീറ്റർ വീതിയുണ്ടെങ്കിൽ അത് കഴിഞ്ഞുമാത്രം സ്ഥലം ഉണ്ടെങ്കിൽ പൈപ്പുകൾ സ്ഥാപിക്കാമെന്നും ഒരു കാരണവശാലും നിലവിലെ ടാറിൽ പൈപ്പുകൾ സ്ഥാപിക്കുവാൻ പാടില്ലായെന്നും പൊതുമരാമത്ത് വകുപ്പ് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അവസ്ഥയിൽ കിഴക്കമ്പലം - പട്ടിമറ്റം റോഡിലും പട്ടിമറ്റം - നെല്ലാട് റോഡിലും ഇനി പൈപ്പുകൾ സ്ഥാപിക്കുവാൻ വളരെ കുറച്ച് സ്ഥലമേയുള്ളൂ. ടാർ റോഡിൽ നിലവിൽ കിടക്കുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്ഥലം ഇല്ലാത്തതുകൊണ്ട് ആ ലൈനിലേയ്ക്ക് പുതിയതായി സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈൻ കണക്ട് ചെയ്തിട്ടില്ല.

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

ഉദ്യാഗസ്ഥതലത്തിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രവൃത്തി പൂർത്തീകരണത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.

(സി) ടി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പൈപ്പുകൾ ഇനി സ്ഥാപിക്കേണ്ട അലൈൻമെന്റ് സംബന്ധിച്ച് നിർദ്ദേശം രേഖാമൂലം പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

### പിഴ ചുമത്തിയത് തിരിച്ച് നൽകണമെന്നത് സംബന്ധിച്ച്

296(1024) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാൾ തന്റെ വീട് പണിക്ക് കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചില്ലെങ്കിലും ടി വിവരം സെക്ഷൻ ഓഫീസിൽ രേഖാമൂലം അറിയിക്കാത്തതിനാൽ നിലവിൽ കരം ഒടുക്കി വന്ന ഗാർഹിക താരിഫ് മുൻകാല പ്രാബല്യം വച്ച് മാറ്റി നോൺ ഡൊമസ്റ്റിക് താരിഫ് ആക്കി മാറ്റുന്നതിന് മീറ്റർ റീഡർക്ക് അധികാരമുണ്ടോ?

മീറ്റർ റീഡർക്ക് അധികാരമില്ല. എന്നാൽ 1991-ലെ വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട്, 16(a), 16(b) പ്രകാരം ഒരു ഗാർഹിക കണക്ഷൻ നില നിൽക്കുന്ന വീട്ടിലോ വീട് നിൽക്കുന്ന സ്ഥലപരിസരത്തോ ഒരു ഗാർഹികേതര ഉപയോഗം നടത്തണമെങ്കിൽ ഉപഭോക്താവ് രേഖാമൂലം കേരള വാട്ടർ അതോറിറ്റിയിൽ അറിയിച്ച് അനുമതി നേടേണ്ടതാണ്. രേഖാമൂലം അറിയിക്കാതെ കണക്ഷൻ നിലനിൽക്കുന്ന വീട് പൊളിക്കുകയോ പുതിയ നിർമ്മാണ പ്രവൃത്തികൾ നടത്തുകയോ ചെയ്യുന്നത് മീറ്റർ റീഡർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ഗാർഹികേതര ഉപയോഗം ശ്രദ്ധയിൽപ്പെട്ടത് മുതൽ നിലവിലെ താരിഫ് മാറ്റി ഗാർഹികേതര ഉപയോഗത്തിന്റെ താരിഫിലേയ്ക്ക് മാറ്റുന്നതിനുള്ള അധികാരമുണ്ട്.

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ അധികാര ദുർവിനിയോഗം നടത്തി ഭീമമായ പിഴ ചുമത്തിയത് തിരിച്ച് നൽകണമെന്ന് കാണിച്ച് വകുപ്പ് മന്ത്രിക്ക് 2535/എം(ഡബ്ല്യു.ആർ.)വി.ഐ.പി/2020 നമ്പരായി 30-6-2020-ൽ നൽകിയ അപേക്ഷയിന്മേൽ ആറ് മാസമായി സ്വീകരിച്ച നടപടികൾ തീയതി സഹിതം വ്യക്തമാക്കുമോ?

പിഴയൊന്നും ചുമത്തിയിട്ടില്ല. കാറ്റഗറി മാറ്റംമൂലം വെള്ളക്കരത്തിൽ വന്ന വർദ്ധനവ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിക്ക് ഉപഭോക്താവ് പരാതി നൽകുന്നതിന് മുൻപ് തന്നെ ഗാർഹിക വിഭാഗത്തിലേയ്ക്ക് തിരികെ മാറ്റുന്നതിനുള്ള അപേക്ഷ ടി ഉപഭോക്താവ് ബന്ധപ്പെട്ട ഓഫീസിൽ നൽകുകയും അതിൻപ്രകാരം 20-5-2020-ൽ സ്ഥലപരിശോധന നടത്തി ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർക്ക് മറ്റ് ഇളവുകളൊന്നും അനുവദനീയമല്ലാത്തതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ടി അപേക്ഷകന്റെ മേൽ പിഴ ചുമത്തപ്പെട്ട മുൻ മാസത്തെ ദ്വൈമാസ ജല ഉപയോഗത്തിൽ നിന്ന് പിഴ ചുമത്തിയ മാസത്തിൽ എത്ര യൂണിറ്റാണ് അധികം ഉപയോഗിച്ചതായാണ് കേരള വാട്ടർ അതോറിറ്റി കണ്ടെത്തിയത്; പ്രസ്തുത അപേക്ഷകൻ നിരവധി തവണ മണക്കാട് കുര്യാത്തി സെക്ഷൻ ഓഫീസിൽ തന്റെ നിരപരാധിത്വം ബോധിപ്പിച്ചെങ്കിലും ടി മീറ്റർ റീഡർ റിപ്പോർട്ട് ചെയ്തതിനാൽ പിഴ ഒടുക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

ഈ കാലയളവിൽ മുൻ മാസങ്ങളിലേക്കാൾ കൂടുതൽ ഉപയോഗം വന്നിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതിനാൽ ഗാർഹികേതര വിഭാഗത്തിലേയ്ക്ക് മാറ്റുക മാത്രമാണ് ചെയ്തത്. അതിനുശേഷം ഉപഭോക്താവിന്റെ അപേക്ഷ പ്രകാരം ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഗാർഹികേതര നിരക്കിൽ ചാർജ്ജ് ഈടാക്കിയതൊഴികെ മറ്റ് പിഴകളൊന്നും ഈടാക്കിയിട്ടില്ല.

(ഡി) കുറ്റക്കാരനല്ലെങ്കിൽ പിഴ ഒടുക്കേണ്ടി വന്നതുമൂലമുള്ള തുകയുടെ സാമ്പത്തിക നഷ്ടം തിരികെ അപേക്ഷകന് ലഭിക്കുന്നതിന് അർഹതയുണ്ടോ; എങ്കിൽ ഉടൻ പ്രാബല്യത്തോടെ അത് നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; എങ്കിൽ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഗാർഹികേതര ഉപയോഗം കണ്ടെത്തിയ കാലഘട്ടത്തിൽ കണക്ഷൻ കാറ്റഗറി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കാറ്റഗറി മാറ്റംമൂലം വെള്ളക്കരത്തിൽ വന്ന വർദ്ധനവ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പിഴയൊന്നും ഈടാക്കിയിട്ടില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

297(1025) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ജലനിധി, ജലസേചന വകുപ്പ്, പദ്ധതി വിഭാഗം 1, കേരള ജല അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പ്രവൃത്തികളും അവയ്ക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1, 2, 3, 4* ആയി ചേർത്തിരിക്കുന്നു.

## ബാവിക്കര കുടിവെള്ള പദ്ധതി

298(1026) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കാമോ?

ബാവിക്കര റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ സിവിൽ മെക്കാനിക്കൽ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പ്രവൃത്തിയിൽ അവശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രവൃത്തിയുടെ 95% പൂർത്തിയായി. പുഴയുടെ ഇടതുകരയിലെ മേൽഭാഗത്തെ 115 മീറ്റർ നീളത്തിലുള്ള സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി നടന്നുവരുന്നു. ഇടതു കരയുടെ താഴെഭാഗത്തുള്ള 60 മീറ്റർ നീളത്തിലുള്ള പ്രവൃത്തി പൂർത്തീകരിക്കാനുമുണ്ട്. കൂടാതെ മെക്കാനിക്കൽ ഷട്ടറിന്റെ അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു

(സി) ആയതിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾകൂടി അടിയന്തരമായി പൂർത്തിയാക്കി സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇലക്ട്രിക്കൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഡിവിഷൻ ഓഫീസിൽ നടന്നുവരുന്നു. 2021 ഫെബ്രുവരി 15-നുശേഷം ഉദ്ഘാടനം നിർവ്വഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖാന്തരമുള്ള വിവിധ പദ്ധതികൾ

299(1027) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖാന്തരം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു .

## ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതി

300(1028) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടേയും അനുബന്ധ ജലവിതരണ സംവിധാനങ്ങളുടേയും പ്രവർത്തന മേൽനോട്ടം വഹിക്കേണ്ട തൈക്കാട്ടുശ്ശേരി സബ് ഡിവിഷൻ, ജല ശുദ്ധീകരണശാലയോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ചേർത്തല താലൂക്ക് ആശുപത്രിക്ക് സമീപമാണ് ഇപ്പോൾ തൈക്കാട്ടുശ്ശേരി സബ്ഡിവിഷൻ പ്രവർത്തിക്കുന്നത്. എന്നാൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് മാത്രമായി നിലവിലെ ചട്ടങ്ങൾക്കനുസൃതമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതുമൂലം ഉദ്യോഗസ്ഥ മേൽനോട്ടക്കുറവിനാൽ ജല ശുദ്ധീകരണശാലയുടെ പ്രവർത്തനങ്ങളും അനുബന്ധ പഞ്ചായത്തുകളിലെ ജലവിതരണവും താറുമാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ജലശുദ്ധീകരണശാലയുടെ പ്രവർത്തനങ്ങളും അനുബന്ധ പഞ്ചായത്തുകളിലെ ജലവിതരണവും യഥാവിധിയാണ് നടക്കുന്നത്.

(സി) തൈക്കാട്ടുശ്ശേരി ജലശുദ്ധീകരണശാലയോടു ചേർന്ന് സബ്ഡിവിഷൻ സെക്ഷൻ കാര്യാലയങ്ങൾ പ്രവർത്തിക്കുന്നതിന് പദ്ധതി ആരംഭിച്ച കാലം മുതൽ മാറ്റിയിട്ടിരിക്കുന്ന ഓഫീസ് ക്വാർട്ടേഴ്സുകൾ നശിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിൽ ഓഫീസ് സംബന്ധമായ വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നതിനാൽ നിലവിൽ ജീവനക്കാർക്കായി അനുവദിക്കാൻ സാധിച്ചിട്ടില്ല. ടി സാധനങ്ങൾ മാറ്റുന്ന മുറയ്ക്ക് ക്വാർട്ടേഴ്സ് ജീവനക്കാർക്ക് അനുവദിക്കുന്നതാണ്.

(ഡി) ജലശുദ്ധീകരണശാലയുടെ മേൽനോട്ടത്തിന് ചുമതലപ്പെട്ട തൈക്കാട്ടുശ്ശേരി സബ്ഡിവിഷൻ ഓഫീസും സെക്ഷൻ ഓഫീസും ശുദ്ധീകരണശാലയോട് അനുബന്ധിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസ് ജലശുദ്ധീകരണശാലയോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. സബ് ഡിവിഷൻ കാര്യാലയം ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനത്തിന് മാത്രമായുള്ളതല്ല. അനുബന്ധ പഞ്ചായത്തിലെ കുടിവെള്ള വിതരണവും റവന്യൂ സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യവുംകൂടി കണക്കിലെടുത്താണ് പ്രവർത്തിക്കുന്നത്.

(ഇ) അരൂർ നിയോജകമണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളിലെ ജലവിതരണ മേൽനോട്ടം വഹിക്കുന്ന ചേർത്തല എക്സ്റേ കവലയിലെ സബ്ഡിവിഷൻ ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും സെക്ഷൻ ഓഫീസുകൾ കുത്തിയതോട് പഞ്ചായത്തിലെ ജലസംഭരണിയോട് ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കേന്ദ്രസർക്കാരിന്റെ ലേബർ കോഡ്

301(1029) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും പന്ത്രണ്ട് നിയമങ്ങൾ റദ്ദാക്കിയും കേന്ദ്രം കൊണ്ടുവന്ന ലേബർ കോഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും പരിമിതപ്പെടുത്തുന്ന ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) പ്രസ്തുത നിയമം തൊഴിലാളി ചൂഷണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

(എ &ബി) കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ്-വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും 4 നിയമങ്ങളായി ക്രോഡീകരിച്ചിരിക്കുകയാണ്.

1. ദി കോഡ് ഓൺ വേജസ് 2019
2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്
3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി.
4. ദി ഒക്കുപേഷണൽ സേഫ്റ്റി, ഹെൽത്ത് &വർക്കിംഗ് കണ്ടീഷൻസ് കോഡ്.

നാലു കോഡുകൾക്കും കേന്ദ്ര ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കോഡ് ഓൺ വേജസ് ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ തൊഴിൽ മേഖലകളെ Unskilled, Skilled, Semi-skilled, Highly skilled എന്നിങ്ങനെ 4 മേഖലകളായി തരംതിരിച്ചാണ് മിനിമം വേജസ് കണക്കാക്കാൻ ഉദ്ദേശിക്കുന്നത്. എന്നാൽ 1948-ലെ ലെ മിനിമം വേജസ് നിയമപ്രകാരം കേരളത്തിൽ 87 തൊഴിൽ മേഖലകളെ മിനിമം വേജസിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി കേരള സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. കേന്ദ്ര ചട്ടം നിലവിൽ വരുമ്പോൾ കേരളത്തിലെ ഓരോ തൊഴിലിനേയും ഈ 4 വിഭാഗത്തിൽ Map ചെയ്താണ് മിനിമം വേജസ് നിശ്ചയിക്കേണ്ടി വരുന്നത്. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂറായും സ്പ്രെഡ് ഓവർ 12 മണിക്കൂറായും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂറായും കോഡിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയമായും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10 1/2 മണിക്കൂറായും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ഇതുവരെ പത്തുപേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ ഫാക്ടറിയുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പുതിയ കോഡ് പ്രകാരം ഇത് ഇരുപത് തൊഴിലാളികൾ എന്നാക്കിയത് പാറമടകളിലും, ക്രഷർ യൂണിറ്റുകളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും സുരക്ഷിതത്വവും നഷ്ടപ്പെടുത്തിയിട്ടുണ്ടോ?

പ്രസ്തുത ഭേദഗതി ടി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും സുരക്ഷിതത്വവും നഷ്ടപ്പെടുത്തും. എന്നിരുന്നാലും OSHW 2020 കോഡിലെ സെക്ഷൻ 81 പ്രകാരം തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് പരിധിയില്ലാതെ ഏതു നിർമ്മാണ പ്രക്രിയയും ഫാക്ടറിയായി നോട്ടിഫൈ ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര നിയമം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണ്ടാക്കുന്ന ഗുരുതരമായ പ്രതിസന്ധി സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

നിലവിൽ പഠനം നടത്തിയിട്ടില്ല.

(ഇ) തൊഴിലാളികൾക്ക് ദോഷകരമായി കേന്ദ്രകോഡിൽ വരുത്തിയിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടംരൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലാളികൾക്ക് ദോഷകരമായി കേന്ദ്ര കോഡിൽ വരുത്തിയിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടം രൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കേരള കോഡ് ഓൺ വേജസ് റൂൾസ് 2020 കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി സംബന്ധിച്ചുള്ള ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ ആയത് പരിശോധിക്കുന്നതാണ്.

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിടം

302(1030) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പുതിയ കെട്ടിടം നിർമ്മിക്കണമെന്നത് സംബന്ധിച്ച വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ചങ്കുവെട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിക്ക് അനുയോജ്യമായ മറ്റൊരു വാടക കെട്ടിടം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജീവനക്കാരുടെയും ഡോക്ടർമാരുടെയും തസ്തികകൾ നികത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഒഴിഞ്ഞ തസ്തികകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ജീവനക്കാരുടെയും ഡോക്ടർമാരുടെയും ഒഴിവുകൾ നിലവിലില്ല.

(സി) ഇ.എസ്.ഐ. ചങ്കുവെട്ടി ഡിസ്പെൻസറിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലിന്റെ വിവരങ്ങളും ലഭ്യമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ ശോചനീയാവസ്ഥയും ജീവനക്കാരുടെ കുറവും പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട എം.എൽ.എ (കോട്ടയ്ക്കൽ) സമർപ്പിച്ച നിവേദനം എഫ്2/87/18/തൊഴിൽ നമ്പർ ഫയലായി സർക്കാരിൽ പരിശോധിച്ചുവരുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിക്ക് അനുയോജ്യമായൊരു വാടക കെട്ടിടം കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്കും ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടർക്കും സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്. അനുയോജ്യമായൊരു കെട്ടിടം നാളിതുവരെ ലഭ്യമായിട്ടില്ല.

**സംസ്ഥാനത്തെ മിനിമം വേതനം**

303(1031) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതനം എത്ര രൂപയായിട്ടാണ് പുതുക്കി നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

മിനിമം വേതനനിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തൊഴിൽ മേഖലകളിലെ വ്യത്യസ്ത വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകം പ്രത്യേകം നിരക്കിലുള്ള മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഏതെല്ലാം തൊഴിൽ മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ 87 തൊഴിൽ മേഖലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ആയതിന്റെ വിവരം അനുബന്ധം 1* -ആയി ചേർക്കുന്നു.

(സി) ഇതിൽ ഏതെല്ലാം തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുവെന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതിയതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം 2*-ആയി ചേർത്തിരിക്കുന്നു.

**നോക്കുകൂലിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

304(1032) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നോക്കുകൂലി ഈടാക്കിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടയിൽ അനർഹമായ കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 10 കേസുകളും കോട്ടയം ജില്ലയിൽ 2 കേസുകളും പാലക്കാട് ജില്ലയിൽ 1 കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ഏത് തൊഴിലാളി സംഘടനയിൽപ്പെട്ടവരാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ അനർഹമായ-അമിതമായ കൂലി ഈടാക്കിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ അന്വേഷണം നടത്തി ഇപ്രകാരം കൂലി വാങ്ങിയെന്ന് ബോദ്ധ്യപ്പെട്ടതായി തെളിഞ്ഞിട്ടുള്ള പരാതികളിന്മേൽ പരാതിക്കാരന് തുക തിരികെ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതിയിന്മേൽ പരിഹാരം ഉണ്ടാകുമ്പോൾ പരാതി നൽകിയവർതന്നെ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് അറിയിക്കുന്നതിനാൽ തൊഴിലാളികൾക്കെതിരെ പല ഘട്ടത്തിലും മേൽനടപടികൾ സ്വീകരിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ, യൂണിയനുകൾ അമിത കൂലിയും അനർഹമായ കൂലിയും ആവശ്യപ്പെട്ടുവെന്ന ഒരു പരാതിയിൽ വൈക്കം അസിസ്റ്റന്റ് ലേബർ ഓഫീസർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടപെടുകയും തർക്കം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു പരാതിയിൽ ഇപ്രകാരം അനർഹമായ കൂലി ആവശ്യപ്പെട്ട തൊഴിലാളികളുടേയോ യൂണിയന്റെയോ വിവരങ്ങൾ ഇല്ലാതിരുന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

പാലക്കാട് ജില്ലയിൽ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ പരിധിയിൽ എ.ഡി. അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ സാധനങ്ങൾ ഇറക്കിയതുമായി ബന്ധപ്പെട്ട് ചുമട്ടു തൊഴിലാളികൾ അനർഹമായ കൂലി ആവശ്യപ്പെട്ടുവെന്ന പരാതിയിൽ ഉൾപ്പെട്ട 13 തൊഴിലാളികളുടെയും (ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു) ജോലി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ആലത്തൂർ ഉപകാര്യാലയം ചെയർമാൻ ഒരു മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്തിരുന്നു. ടി വിഷയത്തിൽ കാർഡ് റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഡെപ്യൂട്ടി ലേബർ ഓഫീസർ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) നോക്കുകൂലി നിർത്തലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെന്ററിൽ പരാതി വിളിച്ചറിയിക്കാവുന്നതാണ് (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി- അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ അനർഹമായ കൂലി/അമിത കൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രശ്നത്തിൽ ഇടപെട്ട് ഇപ്രകാരം വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുന്നുണ്ട്. മാത്രമല്ല, തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള

നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചുമട്ടുതൊഴിൽ മേഖലയിലെ കയറ്റിറക്ക് കൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുകയും ആയത് 14 ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**നോക്കുകൂലി സമ്പ്രദായം**

305(1033) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകരമായ തൊഴിലാളി തൊഴിലുടമ ബന്ധം സ്ഥാപിക്കുന്നതിനായി നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ഇത്തരം പ്രവണതകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

അമിത കൂലിയും ചെയ്യാത്ത ജോലിക്ക് കൂലിയും കൈപ്പറ്റുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിച്ച ശേഷവും സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇപ്രകാരമുള്ള കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അടിയന്തരമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുകയും ശക്തമായ നിയമ നപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ നിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സർക്കാർ നിയമവിരുദ്ധമായി പ്രഖ്യാപിച്ച കൂലി സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെന്ററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതാണ്. (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി- അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അനർഹ-അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബന്ധപ്പെട്ട

തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

**യുവജനങ്ങൾക്ക് തൊഴിൽ ലഭ്യതയ്ക്കുള്ള പദ്ധതികൾ**

306(1034) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽലഭ്യത ഉറപ്പ് വരുത്തുന്നതിന് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണിത്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുത്തൻ പ്രവണതകളെക്കുറിച്ചും കാലാനുസൃതമായിയുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും

പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

(ബി) തൊഴിൽ മേഖലയിൽ തുടരെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ തൊഴിൽ സാധ്യതകൾക്കനുസരിച്ച് തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിൽ മേഖലയിൽ തുടരെത്തുടരെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ തൊഴിൽ സാധ്യതകൾക്കനുസരിച്ച് തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകളും യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകളോടൊപ്പം മോഡൽ കരിയർ സെന്ററും ആരംഭിച്ചിട്ടുണ്ട്.

<u>എംപ്ലോയബിലിറ്റി സെന്റർ</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം

ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

മോഡൽ കരിയർ സെന്റർ

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ്പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടൽ ആയി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്.

പുതിയ തൊഴിൽ സാധ്യതകൾക്കനുസരിച്ച് തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നത് ലക്ഷ്യമാക്കി വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ISTEP (International Skill Training and Employability Programme) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ഓയിൽ & റിഗ്, നഴ്സിംഗ്, അദ്ധ്യാപനം, വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, സംരംഭകത്വം, വിദേശഭാഷ പരിശീലനം, കായികം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങളുടെ തിരഞ്ഞെടുത്ത കോഴ്സുകൾക്ക് KASE-ന്റെ

അക്രഡിറ്റേഷനും ലഭ്യമാക്കുന്നു. കൂടാതെ പുതിയ തൊഴിൽ സാധ്യതകൾക്കനുസൃതമായി റിന്യൂവബിൾ എനർജി, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിലും ഭിന്നശേഷിക്കാർക്ക് മാത്രമായും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) തൊഴിലന്വേഷകരെയും തൊഴിൽദായകരെയും ഒറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനായി ഈ സർക്കാർ സ്റ്റേറ്റ് ജോബ് പോർട്ടലിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായി "സ്റ്റേറ്റ് ജോബ് പോർട്ടൽ" (www.statejobportal.kerala.gov.in) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. തൊഴിൽ അന്വേഷകർക്ക് സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്ത് തങ്ങൾക്കനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുവാനും തൊഴിൽ ദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്കനുയോജ്യമായ ഉദ്യോഗാർഥിയെ കണ്ടെത്തുവാനും സാധിക്കും. തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും രജിസ്ട്രേഷൻ, ഡാറ്റാ അനാലിസിസ്, തൊഴിലന്വേഷണം, ലേർണിംഗ് മാനേജ്മെന്റ് സംവിധാനം, ജോബ് ബ്ലോഗ്, ജോബ് ഫെയർ, മറ്റു പോർട്ടലുകളുമായുള്ള സംയോജനം, ബയോഡാറ്റ തയ്യാറാക്കൽ, വീഡിയോ റെസ്യൂമെ എന്നീ സൗകര്യങ്ങൾ ഈ പോർട്ടലിൽ ലഭ്യമാണ്. പ്ലെയ്സ്മെന്റ് ഡ്രൈവുകൾ, ക്യാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവുകൾ, ജോബ് മേളകൾ മുതലായവ സ്റ്റേറ്റ് ജോബ് പോർട്ടലിലൂടെ നടത്തുവാൻ സാധിക്കും. ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രാജ്യാന്തര പ്രൊഫഷണൽ നെറ്റ്വർക്കായ ലിങ്ക്ഡ്-ന്റെ സേവനം ലഭ്യമാകുന്നതാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ലിങ്ക്ഡ് ഇൻ പ്രൊഫൈൽ സ്വന്തമാക്കാൻ സാധിക്കും. ലിങ്ക്ഡ് ഇൻ പ്രൊഫൈൽ ഉള്ളവർക്ക് അതുവഴി ജോബ് പോർട്ടലിലെ സേവനം ലഭ്യമാക്കാനും സാധിക്കും. യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഡാറ്റാബേസ് സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. അതിലൂടെ കേരളത്തിലുടനീളമുള്ള വിവിധ സർവ്വകലാശാലകളിൽ പാസ്സാകുന്ന വിദ്യാർത്ഥികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യും. കേരളത്തിലുടനീളം യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ഡാറ്റാബാങ്ക് നിർമ്മിക്കാൻ ഇത് സഹായിക്കും. നിലവിൽ 241 തൊഴിൽദാതാക്കളും 95,344 തൊഴിൽ അന്വേഷകരും, 102 വിദ്യാഭ്യാസസ്ഥാപനങ്ങളും പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്കനുയോജ്യമായ ഏതെല്ലാം നൈപുണ്യവികസന കോഴ്സുകളാണ് ഈ സർക്കാർ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴ്സുകളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

**തൊഴിലാളി ക്ഷേമനിധി ബോർഡുകൾ**

307(1035) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുവെന്നും വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലായി എത്ര തൊഴിലാളികൾ അംശദായം അടച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ ?

വിവരങ്ങൾ അനുബന്ധം-1*ആയി ചേർക്കുന്നു.

(ബി) ക്ഷേമനിധി ബോർഡുകളുടെ ഭരണ ചെലവ് കുറയ്ക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുമോ?

വിവരങ്ങൾ അനുബന്ധം -2*ആയി ചേർക്കുന്നു.

**തോട്ടം തൊഴിലാളി മേഖല**

308(1036) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം തോട്ടം തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തോട്ടം മേഖലയിൽ നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ വകുപ്പ് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികൾക്കും വീട് നിർമ്മിച്ചു നൽകുക എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാഥമിക സർവ്വേ നടത്തി, 32,452 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്.
- റിട്ട: ജസ്റ്റീസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഭൂരിഭാഗം പരിഹാര നിർദ്ദേശങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിന്മേൽ വിവിധ സർക്കാർ വകുപ്പുകളിൽ നിയമഭേദഗതി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടഭൂമിയിലെ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

- തോട്ടഭൂമികളിലെ തൊഴിലാളികളുടെ വാസസ്ഥലങ്ങളായ ലയങ്ങളെ കെട്ടിടനികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

- തോട്ടം തൊഴിലാളികളുടെ അടിസ്ഥാന ദിവസവേതനത്തിൽ 52 രൂപയുടെ വർദ്ധനവ് വരുത്തി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

- മൂന്നാർ മേഖലയിൽ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികളുടെ വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 5 വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചിട്ടുള്ളതുമാണ്.

- തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

- ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, പുനലൂരിലുള്ള തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുവാനുള്ള സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ കുളത്തുപ്പുഴ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം വിട്ട് നൽകുകയും വീടൊന്നിന് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- വയനാട് ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു.

- സംസ്ഥാനത്തെ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് ഇടുക്കി ജില്ലയിലെ പീരുമേട്, ബൊണാമി, കോട്ടമല എന്നീ എസ്റ്റേറ്റുകളിലും, തിരുവനന്തപുരം ജില്ലയിലെ ബോണക്കാട് എസ്റ്റേറ്റിലും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഗ്രാറ്റുവിറ്റി ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ആകെ 1623 തൊഴിലാളികളിൽ നിന്നായി 15,08,47,590 രൂപയുടെ (പതിനഞ്ച് കോടി എട്ട് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ബന്ധപ്പെട്ട അതോറിറ്റിയുടെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്.

ആയവ അതിവേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വയനാട് ജില്ലയിലെ എൽസ്റ്റൺ എസ്റ്റേറ്റ് എന്ന സ്ഥാപനത്തിൽനിന്നും പിരിഞ്ഞ 87 തൊഴിലാളികൾക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാറ്റുവിറ്റി ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ടി സ്ഥാപനത്തിലെ തൊഴിലാളികളുടെ ഒരു ക്യാമ്പ് 5-9-2018-ന് വയനാട് ജില്ലാ ലേബർ ഓഫീസിൽ സംഘടിപ്പിക്കുകയും തൊഴിലാളികളിൽനിന്ന് ഗ്രാറ്റുവിറ്റി ക്ലെയിം അപേക്ഷകൾ പൂരിപ്പിച്ച് വാങ്ങി ഗ്രാറ്റുവിറ്റി അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ ക്ലെയിം ഫയൽ ചെയ്ത് തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു.

- പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ പൂർണ്ണ അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് ഒരു ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് കുറഞ്ഞത് 50,000 രൂപയും നൽകുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- തൊഴിലാളികൾ മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം 10,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ സേവനത്തിലിരിക്കെ മരണപ്പെടുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് 25,000 രൂപ വീതം 323 തൊഴിലാളികൾക്കായി ആകെ 80,75,000 രൂപ നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തെത്തുടർന്ന് കേരളത്തിലെ 75480 തോട്ടം തൊഴിലാളി കുടുംബാംഗങ്ങൾക്ക് 15 കി.ഗ്രാം. അരിവീതം സൗജന്യ റേഷൻ നൽകിയിട്ടുണ്ട്.

- ഈ സർക്കാർ അധികാരമേറ്റശേഷം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഇനത്തിൽ 1,61,86,700 രൂപ (ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി എഴുന്നൂറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

- കോവിഡ്-19-മായി ബന്ധപ്പെട്ട് ലോക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്ന് പ്രവർത്തിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000 രൂപ വീതം ധനസഹായം

നൽകുകയുണ്ടായി. 55,880 തോട്ടം തൊഴിലാളികൾക്ക് 1,000 രൂപ വീതം ആകെ 5,58,80,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

- ഈ സർക്കാർ അധികാരമേറ്റശേഷം കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നിരക്ക് 5/2016 വരെ 600 രൂപയും 6/2016 മുതൽ 3/2017 വരെ 1,000 രൂപയും 4/2017 മുതൽ 3/2019 വരെ 1,100 രൂപയും 4/2019 മുതൽ 3/2020 വരെ 1,200 രൂപയും 4/2020 മുതൽ 8/2020 വരെ 1,30 രൂപയും 9/2020 മുതൽ 12/2020 വരെ 1,400 രൂപയും 1/2021 മുതൽ 1,500 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ തോട്ടം തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കൽപ്പറ്റ മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

വയനാട് പുത്തുമല എച്ച്.എം.എൽ. സെന്റിനൽ റോക്ക് എസ്റ്റേറ്റ് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട തൊഴിലാളികളെ പുരധിവസിപ്പിക്കുന്നതിന് ചൂണ്ട വില്ലേജിലെ ജില്ലാകളക്ടറുടെ ദാനാധാരം ചെയ്യപ്പെട്ടിട്ടുള്ള .4047 ഹെക്ടർ സ്ഥലം ഭവനനിർമ്മാണം നടത്തുന്നതിനായി വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ അനുയോജ്യമാക്കി ഭവനം ഫൗണ്ടേഷന് നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിൽ ചെമ്പ്ര എസ്റ്റേറ്റ് മാനേജ്മെന്റ് മേപ്പാടിയിൽ 1 ഏക്കർ സ്ഥലം സർക്കാരിന് വിട്ടുനൽകിയിട്ടുണ്ട്. ഇവിടെ ഭവനനിർമ്മാണത്തിനാവശ്യമായ 4 കോടി രൂപ ബിവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ടിൽ നിന്നുമാണ് നൽകുന്നത്. ആയത് ലഭിക്കുന്നതനുസരിച്ച് ഭവനനിർമ്മാണം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോവിഡ്-19-മായി ബന്ധപ്പെട്ട് കൽപ്പറ്റ മണ്ഡലത്തിലും തോട്ടം തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം നൽകിയിട്ടുള്ളതാണ്.

**മിനിമം വേതനം**

309(1037) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നിശ്ചിത ഇടവേളകളിൽ ശമ്പളപരിഷ്കരണമുള്ളപ്പോൾ സംസ്ഥാനത്തെ ഒന്നര കോടി വരുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കാനോ നിശ്ചയിച്ച വേതനം കാലോചിതമായി പുതുക്കാനോ സർക്കാർ തയ്യാറാകാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മുന്നൂറോളം തൊഴിൽമേഖലകളുള്ള സംസ്ഥാനത്ത് മൂന്നിലൊന്ന് പേർക്ക് പോലും മിനിമം വേതനം നിശ്ചയിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്ത് എൺപത്തിയൊന്ന് തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനമിറക്കിയതിൽ അറുപതെണ്ണവും കാലഹരണപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(എ-സി) മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 87 തൊഴിൽ മേഖലകളിൽ, കാലാവധി പൂർത്തിയാക്കിയ തൊഴിൽ മേഖലകളിലെല്ലാം തന്നെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി പൂർത്തിയായ 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും പുതിയതായി ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയാക്കിയ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും പുതിയതായി മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ ഉപസമിതികൾക്ക് രൂപം നല്കിയിട്ടുണ്ട്.

**തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടികൾ**

310(1038) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കങ്ങൾക്കെതിരെ തൊഴിലാളി സംഘടനകൾ സംയുക്തമായി രാജ്യവ്യാപക പണിമുടക്കുൾപ്പെടെയുള്ള സമരപരിപാടികൾക്ക് നിർബന്ധിതരായ സാഹചര്യം സർക്കാരിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന തൊഴിൽനിയമങ്ങൾക്ക് പകരം കൊണ്ടുവന്ന തൊഴിൽ കോഡുകൾ അനിശ്ചിതാവസ്ഥ സൃഷ്ടിക്കുമെന്ന ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) പുതിയ കോഡുകളിൽ നിയമവിധേയ പണിമുടക്ക് അസാധ്യമാകുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് തൊഴിലാളി താല്പര്യം ഹനിക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന തൊഴിൽ കോഡിൽ ലേ ഓഫ്, ലോക്കൗട്ട് തുടങ്ങിയവ 300 തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങൾക്കാണ് സർക്കാർ അനുമതി ബാധകമെന്ന് വ്യക്തമാക്കുന്നു. എന്നാലിത് കേരളത്തിൽ നിലവിൽ എങ്ങനെയോ അതുപോലെതന്നെ തുടരണമെന്ന ശിപാർശ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ വിവിധ തൊഴിലാളിവിരുദ്ധ നടപടികളുടെ ആഘാതം സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങളെയും ക്ഷേമകാര്യങ്ങളെയും പ്രതികൂലമായി ബാധിക്കാതിരിക്കാൻ സംസ്ഥാനസർക്കാർ നടത്തിവരുന്ന തൊഴിലാളിക്ഷേമ നടപടികൾ വിശദമാക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന തൊഴിൽ കോഡുകൾക്ക് ചട്ടങ്ങൾ തയ്യാറാക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിനായി കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കേരള കോഡ് ഓൺ വേജസ് റൂൾ 2020-ന്റെ കരട് സർക്കാർ പരിശോധിച്ചുവരികയാണ്.

കോഡ് ഓൺ വേജസ് പ്രകാരം കേന്ദ്ര സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത് ഒരു സാധാരണ പ്രവൃത്തി ദിനമായി കണക്കാക്കുന്ന ഒരു മണിക്കൂർ വിശ്രമസമയം ഉൾപ്പെടെ 9 മണിക്കൂറും സ്പ്രെഡ് ഓവർ 12 മണിക്കൂർ അധികരിക്കരുതെന്നുമാണ്. എന്നാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച ശിപാർശയിൽ കേരളത്തിൽ പ്രവൃത്തി ദിനമായി കണക്കാക്കുന്നത് വിശ്രമസമയം ഒരു മണിക്കൂർ ഉൾപ്പെടെ 9 മണിക്കൂർ, സ്പ്രെഡ് ഓവർ 10 1/2 മണിക്കൂർ എന്നാണ്. ഇത് ഇപ്രകാരം തന്നെ തുടരണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. മറ്റ് മൂന്ന് കോഡുകളിലും സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിന് അനുസൃതമായ അനുയോജ്യ നടപടികൾ സ്വീകരിക്കുന്നതാണ്.

**അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം**

311(1039) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇരുപത് ലക്ഷം സ്ഥാപനങ്ങളിലെ തൊഴിലുടമ-തൊഴിലാളി ബന്ധം പരിശോധിക്കുന്നതിനും അവിടുത്തെ ഏകദേശം ഒന്നര കോടി തൊഴിലാളികൾക്ക് ക്ഷേമവും കൂലിയും ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് ആകെയുള്ളത് 102 അസിസ്റ്റന്റ് ലേബർ ഓഫീസർമാരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ ഈ രംഗത്ത് നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

(ബി & സി) തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## തൊഴിൽ വകുപ്പിന്റെ അടിസ്ഥാന സംവിധാനത്തിൽ മാറ്റം

312(1040) ശ്രീ.പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇരുപത്തിയഞ്ച് ലക്ഷത്തോളം വരുന്ന മറുനാടൻ തൊഴിലാളികളുടെ ക്ഷേമകാര്യം, തൊഴിൽ, ഇൻഷ്വറൻസ്, വിവരശേഖരണം എന്നിവയ്ക്കായി വകുപ്പിനു കീഴിൽ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് സെല്ലിന് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ജില്ലാതല ലീഗൽ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തൊഴിൽ വകുപ്പിന്റെ അടിസ്ഥാന സംവിധാനത്തിലും സമീപനത്തിലും മാറ്റം വരുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണം

313(1041) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യ സംരക്ഷണവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യ സംരക്ഷണവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു.

(ബി) ഈ ഉത്തരവുകളുടെ മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയെന്ന് വ്യക്തമാക്കാമോ?

1979-ലെ ഇതരസംസ്ഥാന തൊഴിലാളിനിയമം പ്രാവർത്തികമാക്കുന്നതിനായി തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണർ മുതൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) വരെയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വൃത്തിയും സുരക്ഷിതവുമായ ഭവന സൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള അപ്നാഘർ പദ്ധതി, ഭവനം ഫൗണ്ടേഷൻ, കേരള മുഖേന നടപ്പിലാക്കിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് രൂപം നൽകിയ ആവാസ് പദ്ധതിയുടെ നോഡൽ ഓഫീസറായി അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫെയർ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആവാസ് പദ്ധതിയുടെ നിർവ്വഹണം ജില്ലാ ലേബർ ഓഫീസർ മുഖേനയാണ്. ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് മുഖേനയാണ്.

## അതിഥി തൊഴിലാളികളുടെ സംരക്ഷണം

314(1042) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലഘട്ടത്തിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

കോവിഡ്-19 ഭീതിവിതച്ച ആദ്യനാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 11/2020 സർക്കുലറിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം, ശമ്പളം എന്നിവയ്ക്കുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും കർശനനിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യതയില്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന ബൃഹത്തായ കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായുള്ള പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും തൊഴിലാളികൾക്ക് താമസസൗകര്യം ഭക്ഷണം, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു.

കൂടാതെ, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹായത്തോടെ തൊഴിലാളികളെ കണ്ടെത്തി താമസവും ഭക്ഷണവും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആയതിന്റെ പുരോഗതി സംസ്ഥാന തലത്തിൽ ദൈനംദിനം വിലയിരുത്തുകയും ചെയ്തു. സംസ്ഥാനത്താകെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി 21,586 ക്യാമ്പുകൾ സജ്ജീകരിച്ച് 4,34,280 പേർക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച ക്യാമ്പുകളിൽ കമ്മ്യൂണിറ്റി കിച്ചൺ മുഖേനയുള്ള ആഹാരക്രമീകരണത്തിന് പുറമേ ചപ്പാത്തി, ദാൽ, സബ്ജി തുടങ്ങിയ ഇവരുടെ ഇഷ്ടഭക്ഷണവും കൂടാതെ, പാചകം ചെയ്ത് കഴിക്കുവാൻ താൽപര്യമുള്ളവർക്കായി ഭക്ഷ്യധാന്യങ്ങളും വിതരണം ചെയ്തു. കുടുംബമായി താമസിക്കുന്ന തൊഴിലാളികൾക്ക് പാൽ, ബിസ്കറ്റ് മുതലായവ വിവിധ ജില്ലകളിൽ വിതരണം ചെയ്തുകൊണ്ട് കുഞ്ഞുങ്ങളുടെ പോഷകാഹാര ലഭ്യതയിലും ശ്രദ്ധ പുലർത്തി. ക്യാമ്പുകളിൽ ടെലിവിഷൻ, കാരംബോർഡ്, ചെസ്ബോർഡ് തുടങ്ങിയ വിനോദോപാധികൾ നൽകിയും മൊബൈൽ റീചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്തു. മെഡിക്കൽ ടീം സംസ്ഥാനത്ത് ഒട്ടാകെ വിവിധ ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുകയും ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കി അവരുടെ ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധയൂന്നിക്കൊണ്ട് രോഗവ്യാപനം തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചു.

കോവിഡ്-19 രോഗവ്യാപ്തി, രോഗവ്യാപനം, ശുചിത്വം, സാമൂഹിക അകലം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെ സംബന്ധിച്ച അവബോധം തൊഴിലാളികൾക്ക് നൽകിക്കൊണ്ട് ക്യാമ്പുകളിൽ കഴിയേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി ഒഡിയ, ബംഗാളി, ആസാമീസ്, ഹിന്ദി ഭാഷകളിൽ അനൗൺസ്മെന്റ് നൽകിയും പോസ്റ്ററുകൾ തയ്യാറാക്കി ക്യാമ്പുകളിൽ പതിപ്പിച്ചും ഫോൺ മുഖേന മെസേജുകൾ നൽകിയും നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തുക വഴി ഉടനടി സ്വദേശത്തേയ്ക്ക് മടങ്ങിപ്പോകണമെന്ന അവരുടെ ആവശ്യത്തെ ലഘൂകരിക്കുവാൻ കഴിഞ്ഞു.

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ സജ്ജീകരിച്ച വാർറൂമിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകം സംവിധാനം സജ്ജമാക്കുകയുണ്ടായി. തുടർന്ന് ലേബർ കമ്മീഷണറേറ്റിലും 14 ജില്ലകളിലും അസാമീസ്, ബംഗാളി, ഒഡിയ, ഹിന്ദി തുടങ്ങിയ വടക്കേന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാവുന്ന ആൾക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സജ്ജമാക്കിക്കൊണ്ട് തൊഴിലാളികൾ, തൊഴിലാളികളുടെ കുടുംബാംഗങ്ങൾ എന്നിവർ നൽകുന്ന പരാതികളും അഭ്യർത്ഥനകളും സമയബന്ധിതമായി പരിഹരിച്ച് അവരുടെ ആശങ്കയകറ്റുന്നതിനും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കഴിഞ്ഞു.

ലോക്ഡൗണിന്റെ മൂന്നാം ഘട്ടത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്വദേശത്തേയ്ക്ക് മടങ്ങുവാൻ ശ്രമിക് ട്രെയിനുകൾ സജ്ജീകരിച്ചു. തൊഴിലാളികളെ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് 216 ട്രെയിനുകളിലായി 3,07,138 തൊഴിലാളികളെ സ്വദേശത്തേയ്ക്ക് മടക്കി അയയ്ക്കുന്നതിനുള്ള നടപടി വിജയകരമായി പൂർത്തീകരിച്ചു. മേൽ നടപടികളെല്ലാം വളരെ ഫലപ്രദമായിരുന്നു.

(ബി) അൺലോക്ക് ഒന്നാം ഘട്ടത്തിൽ അതിഥി തൊഴിലാളികൾ തങ്ങളുടെ സംസ്ഥാനങ്ങളിലേയ്ക്ക് കൂട്ടത്തോടെ മടങ്ങിയത് സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിച്ചത്; എത്രപേർ ഇപ്രകാരം മടങ്ങിയെന്ന് കണക്കാക്കിയിട്ടുണ്ടോ?

കോവിഡ്-19 പശ്ചാത്തലത്തിൽ അതിഥി തൊഴിലാളികൾ തങ്ങളുടെ സംസ്ഥാനങ്ങളിലേയ്ക്ക് കൂട്ടത്തോടെ മടങ്ങിയത് നിർമ്മാണമേഖല ഉൾപ്പെടെ പല തൊഴിൽ മേഖലകളെയും സാരമായി ബാധിച്ചു. 216 ട്രെയിനുകളിലായി 3,07,138 തൊഴിലാളികൾ സ്വദേശത്തേയ്ക്ക് മടങ്ങുകയുണ്ടായി.

(സി) മടങ്ങിപ്പോയ തൊഴിലാളികൾ തിരികെ സംസ്ഥാനത്ത് എത്തി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ അവരിൽനിന്നും കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുവാനായി ഏർപ്പെടുത്തിയ പ്രത്യേക സംവിധാനങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. അതിഥിതൊഴിലാളികളുടെ രജിസ്ട്രേഷൻ, ക്വാറന്റൈൻ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 846/2020/തൊഴിൽ നമ്പരായി ഉത്തരവായിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തൊഴിൽ/പഞ്ചായത്ത്/റവന്യൂ/പോലീസ്/

ആഭ്യന്തര വകുപ്പുകളുടെ സഹായത്തോടെ റെയിൽവെസ്റ്റേഷൻ, എയർപോർട്ട് എന്നിവിടങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് ക്വാറന്റൈൻ സെന്ററുകളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**മിനിമം വേതനം**

315(1043) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത 3 മേഖലകളായ എയർപോർട്ട്, സ്റ്റീൽ കാസ്റ്റിംഗ്, ആയുർവേദം തുടങ്ങിയ മേഖലകളെ മിനിമം വേതന നിയമനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത (1) എയർപോർട്ട്, (2) സ്റ്റീൽ കാസ്റ്റിംഗ് ഫാക്ടറി (റ്റി.എം.റ്റി.കമ്പി നിർമ്മാണം), (3) ആയുർവേദം, ഹോമിയോ, ദന്തൽ, പാരമ്പര്യ ചികിൽസ, സിദ്ധ, യൂനാനി, മർമ്മ, സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകൾ, ലബോറട്ടറികൾ, ഫാർമസികൾ, ബ്ലഡ്ബാങ്കുകൾ, കാത്ത് ലാബുകൾ എന്നീ 3 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തൊഴിൽ മേഖല | അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് |
|---|---|---|
| 1. | എയർപോർട്ട് | G.O.(P)No. 96/2020/LBR dated, 18-12-2020 |
| 2. | സ്റ്റീൽ കാസ്റ്റിംഗ് (റ്റി.എം.റ്റി. കമ്പി നിർമ്മാണം) | G.O.(P)No.102/2020/LBR dated, 23-12-2020 |
| 3. | ആയുർവേദം, ഹോമിയോ, ദന്തൽ, പാരമ്പര്യ ചികിൽസ, സിദ്ധ, യൂനാനി, മർമ്മ, സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകൾ, ലബോറട്ടറികൾ, ഫാർമസികൾ, ബ്ലഡ്ബാങ്കുകൾ, കാത്ത് ലാബുകൾ. | G.O.(P)No. 29/2020/LBR dated, 27-2-2020 |

(ബി) അടിസ്ഥാന വേതനം ഉറപ്പുവരുത്തുവാൻ മിനിമം വേതന നിയമത്തിൽ ഭേദഗതി ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

## വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി

316(1044) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതിയുടെ തൽസ്ഥിതി വ്യക്തമാക്കുമോ?

(എ & ബി) വ്യാവസായിക പരിശീലന വകുപ്പ് തയ്യാറാക്കിയ കേരളാ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് പരിഷ്കരണത്തിനുള്ള കരടിന്മേൽ ബന്ധപ്പെട്ട സർവീസ് സംഘടനകളുമായി ചർച്ച നടത്തുകയും ടി ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ, വിശദമായ പരിശോധന നടത്തിയശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി, ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി കരട് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ച ശേഷം ഭേദഗതികൾ നിർദ്ദേശിച്ച് വ്യാവസായിക പരിശീലന വകുപ്പിലേയ്ക്ക് തിരികെ നല്കിയിരുന്നു. ആയതിൻപ്രകാരം ഭേദഗതികൾ വരുത്തി 17-6-2020-ൽ സർക്കാരിലേയ്ക്ക് സമർപ്പിക്കപ്പെട്ട കരട് സ്പെഷ്യൽ റൂളിലെ Annexure A1-ൽ ഉൾപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

317(1045) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച അടിസ്ഥാനസൗകര്യം ലഭ്യമായ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതിയതായി ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) മാടായി സർക്കാർ ഐ.ടി.ഐ.-യിൽ മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ്, ഫാഷൻ ഡിസൈൻ ടെക്നോളജി എന്നീ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**പെരിങ്ങോം ഗവ. ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം**

318(1046) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 51 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

പെരിങ്ങോം ഗവ.ഐ.ടി.ഐ.-യുടെ കെട്ടിട പൂർത്തീകരണത്തിനായി 51.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. തയ്യാറാക്കി ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തികവർഷം ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുകയിൽനിന്നും വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് നിയമാനുസൃതം അനുവദിച്ച് നൽകാൻ സാധിക്കുന്ന 150%-ഓളം തുകയ്ക്കുള്ള ഭരണാനുമതി ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മതിയായ തുക ശേഷിക്കാത്തതിനാൽ റീ-അപ്രോപ്രിയേഷൻ, അഡീഷണൽ ഓതറൈസേഷൻ നടപടികളിലൂടെ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുമോ?

റീ-അപ്രോപ്രിയേഷൻ, അഡീഷണൽ ഓതറൈസേഷൻ നടപടികളിലൂടെ തുക ലഭ്യമായാൽ ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നൈപുണ്യ വികസന പദ്ധതികൾ**

319(1047) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാവസായിക പരിശീലന മേഖലയിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ള നൈപുണ്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം വ്യാവസായിക പരിശീലന മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. പുതുതായി 22 ഐ.ടി.ഐ.-കൾ ആരംഭിച്ചു.
2. ഐ.ടി.ഐ.-കളിൽ നിർമ്മിക്കുന്ന ഉല്പന്ന വിപണനത്തിനും ലഭ്യമായ സേവനങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുമായി ഇതിനകം മൂന്ന് പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.
3. ട്രെയിനികൾക്ക് നൂതനമായി സാങ്കേതികജ്ഞാനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ സാംസങ്ങ്, മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ്, FACT എന്നീ സ്ഥാപനങ്ങളുമായി കളമശ്ശേരി ഐ.ടി.ഐ. കരാറിൽ ഏർപ്പെട്ടു.
4. ട്രെയിനികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അർഹമായ അംഗീകാരങ്ങൾ നൽകുന്നതിനുമായി ഇന്ത്യാ സ്കിൽസ് മത്സരങ്ങൾ സംഘടിപ്പിച്ചു.
5. ഐ.ടി.ഐ. വിദ്യാർത്ഥികളിൽ സംരഭകത്വം വളർത്തുന്നതിനായി ഉദ്യം ലേണിംഗ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി ചേർന്ന് 30 ഐ.ടി.ഐ.-കളിൽ സംരംഭകത്വ വികസന പരിശീലന പരിപാടി നടത്തി.
6. ക്വസ്റ്റ് അലയൻസ് എന്ന സ്ഥാപനവുമായി ചേർന്ന് 5 വനിത ഐ.ടി.ഐ.-കളിൽ കരിയർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടത്തി.

(ബി) ഈ സർക്കാർ കാലയളവിൽ എത്ര ഐ.ടി.ഐ.-കൾ പുതുതായി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലുള്ള ട്രേഡുകളിൽ എത്ര യൂണിറ്റുകൾ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി 22 ഐ.ടി.ഐ-കൾ ആരംഭിച്ചു. നിലവിലുള്ള ട്രേഡുകളിൽ യൂണിറ്റുകൾ വർദ്ധിപ്പിച്ചിട്ടില്ല.

**തിരുവമ്പാടി ഗവ. ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം**

320(1048) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവ. ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

തിരുവമ്പാടി ഗവ. ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് 6.75 കോടി രൂപയുടെ ഭരണാനുമതി 2018-19 സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ പൂർത്തീകരിക്കുകയും ടെക്നിക്കൽ ബിഡ് അംഗീകാരത്തിനായി

പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**ആരക്കുഴ ഗവ. ഐ.ടി.ഐ.-യിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

321(1049) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആരക്കുഴ ഗവ. ഐ.ടി.ഐ.-യിൽ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ആരക്കുഴ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം മൂന്ന് ഘട്ടമായിട്ടാണ് പൂർത്തീകരിക്കുന്നത്. ഒന്നാം ഘട്ട കെട്ടിടനിർമ്മാണം (ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില) 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾക്ക് അധികമായി 72 ലക്ഷം രൂപ കൂടി പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ ചുറ്റുമതിൽ നിർമ്മാണമാണ്. പ്രസ്തുത നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. വഴിത്തർക്കംമൂലം ചുറ്റുമതിൽ നിർമ്മാണം നടത്തേണ്ട കുറച്ചു ഭാഗം മുവാറ്റുപുഴ മുൻസിഫ് കോടതി സ്റ്റേ ചെയ്തിരിക്കുന്നു. മൂന്നാം ഘട്ടം, രണ്ടാംനിലയുടെ നിർമ്മാണമാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 22-9-2020-ൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇവിടെ പുതിയ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരക്കുഴ ഐടിഐ-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ നിലവിൽ പരിഗണനയിലില്ല.

**എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ.**

322(1050) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ. മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(ബി) ഓരോ സ്ഥാപനത്തിന്റെയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എത്ര തുക അനുവദിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ.-യുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ടി ഐ.ടി.ഐ.-യിൽ അനുവദിച്ച ഡ്രാഫ്റ്റ്സ്മാൻ സിവിൽ (2 യൂണിറ്റ്) പ്ലംബർ (2 യൂണിറ്റ്) എന്നീ രണ്ട് ട്രേഡുകളിലുമായി 60 സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഈ രണ്ടു ട്രേഡുകൾക്കും ഡി.ജി.റ്റി.-യുടെ അഫിലിയേഷൻ ലഭ്യമായിട്ടുമുണ്ട്. ഐ.ടി.ഐ.-യ്ക്ക് സ്ഥലം കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

### പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം

323(1051) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് നൽകിയ സ്ഥലത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഇല്ല. കെട്ടിട നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) അനുവദിച്ച സ്ഥലം ഐ.ടി.ഐ.-ക്ക് കൈമാറി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നടപടികൾ ത്വരിതപ്പെടുത്തുമോ?

അനുവദിച്ച സ്ഥലം ഐ.ടി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്.

### വർക്കല ഗവണ്മെന്റ് ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം

324(1052) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ പുതുതായി അനുവദിച്ച ഗവണ്മെന്റ് ഐ.ടി.ഐ.-യിൽ ഏതെല്ലാം ട്രേഡുകളാണ് അനുവദിച്ചതെന്നും ഓരോ ട്രേഡിലും എത്ര സീറ്റുകളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

വർക്കല ഐ.ടി.ഐ.-യിൽ അനുവദിച്ചിട്ടുള്ള ട്രേഡുകളും ഓരോ ട്രേഡിലുമുള്ള സീറ്റുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഡ്രാഫ്റ്റ്സ്മാൻ സിവിൽ (രണ്ട് വർഷം) | - 24 |
| ഇലക്ട്രീഷ്യൻ (രണ്ട് വർഷം) | - 20 |
| ഫുഡ് ബെവറേജസ് സർവ്വീസ് അസിസ്റ്റന്റ് (ഒരു വർഷം) | - 40 |
| മെക്കാനിക് ഡീസൽ (ഒരു വർഷം) | - 48 |

(ബി) വർക്കല ഗവണ്മെന്റ് ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വർക്കല ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 113.67 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്.

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വർക്കല ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 5.5 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുകയും ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

**പന്ന്യന്നൂർ ഗവണ്മെന്റ് ഐ.ടി.ഐ.**

325(1053) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ സുഗമമായ നടത്തിപ്പിനും ആയതിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ സുഗമമായ നടത്തിപ്പിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പ്രാദേശികമായി രൂപീകരിച്ച ജനകീയ സമിതി 1.86 ഏക്കർ ഭൂമി വിലക്കുവാങ്ങി ഐ.ടി.ഐ.-ക്കായി കൈമാറി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

1.86 ഏക്കർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി 6.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ ഐ.ടി.ഐ.**

326(1054) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആയതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; അതിന്റെ റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബാധകമല്ല.

(സി) അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ബാധകമല്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനം**

327(1055) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 51,707 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 36,18,084 (മുപ്പത്തിയാറ് ലക്ഷത്തി പതിനെട്ടായിരത്തി എൺപതിനാല്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

328(1056) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആധുനികവത്കരണത്തിന്റെയും വൈവിധ്യവത്കരണത്തിന്റെയും പാതയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിലും പരിശീലനവും വ്യക്തിത്വവികാസവും പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളാക്കി മാറ്റുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽരഹിതർക്ക് ഒഴിവുകൾ അനുസരിച്ച് തൊഴിൽ നൽകുന്നതിനോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മികച്ച പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും അവയെ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി ഉയർത്തുവാനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവയും സംഘടിപ്പിച്ച് വരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ?

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആകെ 51,707 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഈ സർക്കാർ നടപ്പാക്കുന്ന ശരണ്യ, കൈവല്യ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകാമോ?

ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ കൈവല്യ പദ്ധതി പ്രകാരം നാളിതുവരെ ആകെ 3,844 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശരണ്യ പദ്ധതിയിലൂടെ സ്വയംതൊഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായം (വായ്പ) നല്കിയിട്ടുള്ളതിന്റെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുനരുജ്ജീവിപ്പിക്കൽ നടപടികൾ

329(1057) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുനരുജ്ജീവിപ്പിക്കാനും പിൻവാതിൽ നിയമനം അവസാനിപ്പിക്കാനും താത്കാലിക നിയമനങ്ങൾ കാലദൈർഘ്യം കണക്കാക്കാതെ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകാൻ സർക്കാർ തയ്യാറാകുമോ?

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 9 (a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണ്. 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 9(a)(i) അടിസ്ഥാനമാക്കിയാണ് താൽക്കാലിക നിയമനങ്ങൾ നടത്തിവരുന്നത് (Temporary appointments, അദ്ധ്യാപക തസ്തികകളൊഴികെയുള്ള). ഇത്തരം നിയമനങ്ങൾ 180 ദിവസത്തിലധികരിക്കരുതെന്ന് മേൽ ചട്ടത്തിന്റെ രണ്ടാം പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുമേധാവികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുകയും ടി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, പ്രായം, സംവരണം എന്നിവ മുൻഗണനാ ക്രമത്തിൽ കണക്കാക്കി ഉദ്യോഗാർത്ഥികളുടെ പട്ടിക ഉദ്യോഗദായകർക്ക് യഥാസമയം നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗദായകർ സമയബന്ധിതമായി ഇന്റർവ്യൂ നടത്തി അതാത് താൽക്കാലിക ഒഴിവുകളിൽ നിയമനം നടത്തി വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

330(1058) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണമെത്ര?

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 36,18,084 (മുപ്പത്തിയാറ് ലക്ഷത്തി പതിനെട്ടായിരത്തി എൺപത്തിനാല്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര; ആയത് ഡോക്ടർ, എഞ്ചിനീയർ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1,58,243 (ഒരു ലക്ഷത്തി അൻപത്തിയെട്ടായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിമൂന്ന്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇതിൽ 11,445 പേർ മെഡിക്കൽ ബിരുദധാരികളും 52,473 പേർ എഞ്ചിനീയറിംഗ് ബിരുദധാരികളുമാണ്.

(സി) നിലവിൽ തൊഴിൽരഹിതവേതനം പ്രതിമാസം എത്ര രൂപ വീതം എത്രപേർക്ക് നൽകി വരുന്നു; ആയതിന് പ്രതിവർഷം ചെലവഴിക്കുന്ന തുക എത്ര; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ തൊഴിൽരഹിതവേതനം പ്രതിമാസം 120 (നൂറ്റി ഇരുപത് രൂപ മാത്രം) നിരക്കിലാണ് നൽകിവരുന്നത്.

തൊഴിൽരഹിതവേതന വിതരണത്തിന് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം ചെലവഴിച്ച തുകയും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരവും അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ഇത്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും എത്ര പേർക്ക് ജോലി നൽകാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ കാലയളവിൽ ആകെ 51,707 പേർക്ക് ജോലി നൽകാൻ കഴിഞ്ഞു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

331(1059) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിലെ ജീവനക്കാർക്ക് പൊതുജനങ്ങളോടുള്ള സമീപനത്തിൽ കൂടുതൽ സൗഹാർദ്ദപരവും ഗുണപരവുമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയും സ്വന്തം ജോലികൾ കൂടുതൽ കാര്യക്ഷമതയോടെ ചെയ്യുന്നതിനുവേണ്ടിയും ഐ.എം.ജി., കിലെ എന്നീ സ്ഥാപനങ്ങൾ വഴി നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികളും ആവലാതികളും പരിഹരിക്കുന്നതിന് കൂടുതൽ മാന്യമായും കാര്യക്ഷമമായും ജനോപകാരപ്രദമായും വകുപ്പിലെ ജീവനക്കാർ കൂടുതൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (KSWAN) മുഖാന്തരം നെറ്റ്വർക്ക് കണക്ഷനും ലഭ്യമാക്കുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ആയതിന്റെ സേവനം 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും നിലവിൽ www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റ് മുഖാന്തരം രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതുവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 100 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള 9 ഓഫീസുകളിൽകൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതികസൗകര്യങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി www.jobfest.kerala.gov.in എന്ന ഒരു വെബ്സൈറ്റ് വികസിപ്പിച്ച് അത് മുഖാന്തരം മെഗാ ജോബ് ഫെയറുകളും മിനി ജോബ് ഫെയറുകളും മേഖലാ തലത്തിലും ജില്ലാതലത്തിലും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോകൾ മുഖാന്തരവും സംഘടിപ്പിക്കുന്നുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി അട്ടിമറിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സീനിയോറിറ്റി അട്ടിമറിച്ചതായുള്ള പരാതികൾ പരിശോധിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ സീനിയോറിറ്റി അട്ടിമറിച്ചതായി കണ്ടെത്തിയിട്ടില്ല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ

രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ആയതിന്റെ സേവനം 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും നിലവിൽ www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റ് മുഖാന്തരം രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 100 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള 9 ഓഫീസുകളിൽകൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്.

## താത്കാലിക-സ്ഥിര നിയമനങ്ങൾ

332(1060) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, മാവേലിക്കര എംപ്ലോയ്മെന്റ് ഓഫീസ് എന്നിവ മുഖാന്തിരം നടത്തിയ താത്ക്കാലിക-സ്ഥിര നിയമനങ്ങളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 156 സ്ഥിരം നിയമനങ്ങളും 1441 താൽക്കാലിക നിയമനങ്ങളും നടന്നിട്ടുണ്ട്. ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള സ്വയംതൊഴിൽ പദ്ധതിയായ 'ശരണ്യ' പദ്ധതി പ്രകാരം 1409 ഉപഭോക്താക്കൾക്കായി ആകെ 7,05,24,479 (ഏഴ് കോടി അഞ്ച് ലക്ഷത്തി ഇരുപത്തി നാലായിരത്തി നാന്നൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) രൂപയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന

'കൈവല്യ' പദ്ധതി പ്രകാരം 45 ഉപഭോക്താക്കൾക്കായി ആകെ 22,50,000 (ഇരുപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയായ 'കെസ്റ്റു' പദ്ധതി പ്രകാരം 192 ഉപഭോക്താക്കൾക്കായി ആകെ 32,54,390 (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയും മൾട്ടിപർപ്പസ്/ജോബ് ക്ലബ് പദ്ധതി പ്രകാരം 11 ഉപഭോക്താക്കൾക്കായി ആകെ 14,17,106(പതിനാല് ലക്ഷത്തി പതിനേഴായിരത്തി നൂറ്റി ആറ് രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണ പ്രവർത്തനങ്ങൾക്കായി ആകെ 10,05,500 (പത്ത് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് അനുവദിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കുമായി വിവിധ സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, കരിയർ ടാക്ക്, മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയവ ഈ കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ ഉദ്യോഗാർത്ഥികളിൽ നേരിട്ട് എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം PSC ഫെസിലിറ്റേഷൻ സെന്ററും ആലപ്പുഴ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 96 സ്ഥിരം നിയമനങ്ങളും 329 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 'ശരണ്യ' പദ്ധതി പ്രകാരം 153 ഗുണഭോക്താക്കൾക്കായി ആകെ 76,50,000 (എഴുപത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും, 'കൈവല്യ' പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്കായി ആകെ 6,00,000 (ആറ് ലക്ഷം രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ ഇ-ഓഫീസ് പദ്ധതി ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,

മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഭിന്നശേഷിക്കാർക്കായി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ALIMCO യുമായി സഹകരിച്ച് ADIP സ്കീം മുഖേന എംപ്ലോയ്മെന്റ് വകുപ്പും VRC (വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ) സംയുക്തമായി ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വച്ച് അസ്സസ്സ്മെന്റ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി തെരെഞ്ഞെടുത്ത 574 ഗുണഭോക്താക്കൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ആയതിൽ കാർത്തികപ്പള്ളി താലൂക്കിന്റെ ഭാഗമായ കായംകുളം, കൂടാതെ മാവേലിക്കര, അടൂർ, കരുനാഗപ്പള്ളി എന്നീ താലൂക്കുകളിലായി പൊതുവായി നടത്തിയ അസ്സസ്സ്മെന്റ് ക്യമ്പ് വഴി തെരെഞ്ഞെടുത്ത 147 ഗുണഭോക്താക്കൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു.

**തൊഴിൽ പരിശീലനം**

333(1061) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം അവസാനിപ്പിക്കുകയും തൊഴിലുകൾ ലഭിക്കാതിരിക്കുകയും മറ്റൊരുവിധ തൊഴിൽ സംരംഭങ്ങൾ ഉപയോഗപ്പെടുത്താതെയിരിക്കുന്നതുമായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ മേഖലയിലേയ്ക്കു നയിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന നൈപുണ്യ വികസനമിഷനായ KASE-ന്റെ നൈപുണ്യ വികസന സംരംഭങ്ങളായ വിവിധ സെന്റർ ഓഫ് എക്സലൻസുകൾ, കൗശൽ കേന്ദ്രകൾ, KASE-ന്റെയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പിന്റെയും സംയുക്ത നൈപുണ്യ വികസന സംരംഭമായ എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ തുടങ്ങിയവയിലൂടെ ഏതൊരു ഉദ്യോഗാർത്ഥിക്കും പ്രയോജനപ്പെടുത്താവുന്ന

വിധത്തിലുള്ള വിവിധ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും തൊഴിൽ പരിശീലനങ്ങളും നൽകിവരുന്നു. കൂടാതെ വിവിധ വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ രീതിയിലുള്ള നൈപുണ്യ പരിശീലനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) മുഖേനയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) സമഗ്രവും ശാസ്ത്രീയവുമായ സ്കിൽ മാപ്പിംഗ് നടത്തി ആവശ്യാനുസരണം മനുഷ്യവിഭവശേഷി വർദ്ധിപ്പിച്ച് വേണ്ട തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ ശ്രമങ്ങൾ നടത്തുന്നുണ്ടോ?

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് സംസ്ഥാനത്ത് ഒരു സ്കിൽ ഗ്യാപ് സ്റ്റഡി നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ സാദ്ധ്യതയേറിയ മേഖലകളെ തിരിച്ചറിഞ്ഞു നൈപുണ്യ വികസന പദ്ധതികൾ വിഭാവന ചെയ്യാനാകും. നിലവിൽ എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന സൈക്കോമെട്രിക് ടൂളുകൾ ഉപയോഗിച്ച് സ്കിൽ ഗ്യാപ് അനാലിസിസ് നടത്തി ആവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകിവരുന്നു.

(സി) ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിലവിൽ തൊഴിൽ അന്വേഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ വഴി തൊഴിലന്വേഷകർക്ക് വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ക്ലാസുകൾ, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ എന്നിവ കൂടാതെ മൽസരപരീക്ഷാ പരിശീലനം, മോക്ക് ഇന്റർവ്യൂ എന്നിവയും ലഭ്യമാക്കുന്നുണ്ട്. തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ച് അറിവും പരിശീലനവും നൽകി അനുയോജ്യമായ തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സഹായിക്കുന്നു. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ജോബ് ഫെയറുകൾ മേഖലാതലത്തിലും ജില്ലാതലത്തിലും സംഘടിപ്പിക്കുന്നുണ്ട്.

### പട്ടാമ്പിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപനം

334(1062) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെയും തൃത്താല മണ്ഡലത്തിലെയും തൊഴിൽ അന്വേഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സേവനങ്ങൾക്കായി വളരെയധികം ദൂരെയുള്ള ഷൊർണ്ണൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പട്ടാമ്പിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

### ഉദുമ മണ്ഡലത്തിലെ കൗശൽ കേന്ദ്ര പദ്ധതി

335(1063) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട "കൗശൽ കേന്ദ്ര" സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ഉദുമ നിയോജകമണ്ഡലത്തിൽ "കൗശൽ കേന്ദ്ര" ആരംഭിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ബേഡഡുക്ക പഞ്ചായത്തിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

### കോന്നി നിയോജകമണ്ഡലത്തിലെ കൗശൽ കേന്ദ്ര

336(1064) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കൗശൽ കേന്ദ്ര എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിൽ കൗശൽ കേന്ദ്ര ആരംഭിക്കുന്നതിനുവേണ്ടി കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതോടൊപ്പം ട്രെയിനിംഗ് പാർട്ട്ണറെ തിരഞ്ഞെടുക്കുന്ന നടപടിയും പൂർത്തിയാവുന്ന മുറയ്ക്ക് പ്രസ്തുത കൗശൽ കേന്ദ്രയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഡ്രൈവർ തസ്തികയിലെ പ്രൊമോഷനുകൾ

337(1065) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ യൂണിഫോം ഫോഴ്സ് ഒഴികെ വിവിധ വകുപ്പുകളിൽ ഡ്രൈവർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പ്രമോഷനുകൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

ഡ്രൈവർ തസ്തികയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഡ്രൈവർ ഗ്രേഡ്-II, ഡ്രൈവർ ഗ്രേഡ്-I, ഡ്രൈവർ സീനിയർ ഗ്രേഡ് എന്നീ ഗ്രേഡുകളിലേയ്ക്ക് 1:1:1 എന്ന അനുപാതത്തിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഗ്രേഡ് പ്രൊമോഷന് അർഹതയുണ്ട്. സീനിയർ ഗ്രേഡ് തസ്തികകളുടെ 10% സെലക്ഷൻ ഗ്രേഡ് തസ്തികകളാണ്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് റിട്ടയർമെന്റ് വരെ എത്ര പ്രൊമോഷൻ ലഭിക്കാറുണ്ട്; വ്യക്തമാക്കുമോ?

ഡ്രൈവർ ഗ്രേഡ്-I, ഡ്രൈവർ സീനിയർ ഗ്രേഡ്, ഡ്രൈവർ സെലക്ഷൻ ഗ്രേഡ് എന്നീ ഗ്രേഡുകളിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഗ്രേഡ് പ്രൊമോഷൻ വകുപ്പിൽ നിലനിൽക്കുന്ന പ്രൊമോഷൻ സാധ്യതയനുസരിച്ച് ലഭിക്കുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം എത്രപേർക്ക് സ്ഥിരനിയമനം ലഭിച്ചിട്ടുണ്ട്; തസ്തികയുടെ പേര്, വകുപ്പ്, ശമ്പളസ്കെയിൽ എന്നിവ വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 31-12-2020 വരെ ആകെ 10,460 ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്. (വിശദമായ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു).

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്

338(1066) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൻ കീഴിൽ പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ കാലയളവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൻ കീഴിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 166 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

1. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ - 18
2. സ്റ്റാഫ് നഴ്സ് ഗ്രേഡ് - II - 18
3. ഫാർമസിസ്റ്റ് ഗ്രേഡ് II - 18
4. ആക്സിലറി നഴ്സ് മിഡ് വൈഫ് - 18
5. ക്ലാർക്ക് - 18
6. നഴ്സിംഗ് അസിസ്റ്റന്റ് - 18
7. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II - 18
8. ഓഫീസ് അറ്റൻഡന്റ് - 18
9. പാർട്ട് ടൈം സ്വീപ്പർ - 19
10. ലാബ് ടെക്നീഷ്യൻ - 3

(ബി) ഈ വകുപ്പിൻ കീഴിൽ പുതുതായി ആരംഭിച്ച ഡിസ്പെൻസറികളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം സ.ഉ.(കൈ)നമ്പർ 75/2017/തൊഴിൽ തീയതി 15-9-2017 ഉത്തരവ് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ പ്രവർത്തനാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കട്ടപ്പനയിലും, കോഴിക്കോട് ജില്ലയിലെ മുക്കത്തുമായി 2 ഡിസ്പെൻസറികൾ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കേരളത്തിലെ ഇ.എസ്.ഐ. ആശുപത്രികൾ

339(1067) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഇ.എസ്.ഐ. ആശുപത്രികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിൽ 12 ഇ.എസ്.ഐ. ആശുപത്രികൾ നിലവിലുണ്ട്. ഇതിൽ 9 എണ്ണം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലും 3 എണ്ണം ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിലുമാണ്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇ.എസ്.ഐ. ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുള്ള ബദൽ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇ.എസ്.ഐ. ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികൾ നിലവിലില്ലാത്ത ഇടുക്കി, വയനാട് ജില്ലകളിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ സമീപ ജില്ലകളിലെ എംപാനൽഡ് ആശുപത്രികൾ വഴി ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ അടിയന്തരഘട്ടങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ട് സമർപ്പിക്കുന്ന ബില്ലുകളിൽ ചട്ടപ്രകാരം അനുവദനീയമായ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്.

(സി) ഇ.എസ്.ഐ. ആശുപത്രികളിൽനിന്ന് ലഭ്യമാകുന്ന ചികിത്സകൾ എന്തൊക്കെയാണെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

പ്രൈമറി തലത്തിലുള്ള ചികിത്സ ലഭ്യമാകുന്ന ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്നും തുടർ ചികിത്സയ്ക്ക് റഫർ ചെയ്തുവരുന്ന സെക്കൻഡറി തലത്തിലുള്ള ചികിത്സകളാണ് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നത്. ഡിസ്പെൻസറിയിൽനിന്നുള്ള റഫറൻസും ഇ.എസ്.ഐ. കോർപ്പറേഷൻ നൽകുന്ന ഇ-പെഹ്ചാൻ കാർഡുമാണ് ആശുപത്രി ചികിത്സയ്ക്ക് ആവശ്യമായത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇ.എസ്.ഐ. ആശുപത്രികളില്ലാത്ത എല്ലാ ജില്ലകളിലും ബദൽ സംവിധാനങ്ങൾ ഉണ്ടോ എന്നും ആശുപത്രികളിൽനിന്ന് കിട്ടുന്ന ചികിത്സകൾ ബദൽ സംവിധാനങ്ങൾ വഴിയും ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഇ.എസ്.ഐ. ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികൾ നിലവിലില്ലാത്ത ഇടുക്കി, വയനാട് ഒഴികെ ബാക്കി ജില്ലകളിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ സമീപ ജില്ലകളിലെ എംപാനൽഡ് ആശുപത്രികൾ വഴി ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ അടിയന്തരഘട്ടങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ട് സമർപ്പിക്കുന്ന ബില്ലുകളിൽ ചട്ടപ്രകാരം അനുവദനീയമായ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്. നിലവിലുള്ള ബദൽ സംവിധാനങ്ങൾ കാര്യക്ഷമമാണ്.

**ഇ.എസ്.ഐ. ആശുപത്രികളുടെ സേവനം**

340(1068) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇ.എസ്.ഐ. ആശുപത്രികളുടെ സേവനം ലഭ്യമാണോ; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ 9-ഉം ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിൽ 3-ഉം ഉൾപ്പെടെ ആകെ 12 ഇ.എസ്.ഐ. ആശുപത്രികൾ സംസ്ഥാനത്തുണ്ട്. വിശദാംശങ്ങൾ അനുബന്ധം - I* ആയി ചേർക്കുന്നു. ഇ.എസ്.ഐ. ആശുപത്രിയുടെ സൗകര്യം ലഭിക്കാത്ത ജില്ലകളിൽ ഇടുക്കി, വയനാട് ജില്ലകൾ ഒഴിച്ച് ബാക്കി ജില്ലകളിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ സമീപ ജില്ലകളിലെ എംപാനൽഡ് ആശുപത്രികൾ വഴി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ പ്രധാനപ്പെട്ട പരിഹാര നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇതിനകം നടപ്പിൽ വരുത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(ബി & സി) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധം - II* ആയി ചേർക്കുന്നു.

**കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം**

341(1069) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ സ്വന്തമായി സ്ഥലം ലഭ്യമായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ- സി) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 10 സെന്റ് സ്ഥലം കോഴിക്കോട് ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. ആയത് അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ലഹരി വസ്തുക്കളുടെ ഉപഭോഗവും വ്യാപാരവും**

342(1070) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബാറുകൾ, വൈൻ പാർലറുകൾ, ബിവറേജ് ഔട്ട്ലെറ്റുകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ബാറുകൾ - 619

വൈൻ പാർലറുകൾ - 318

ബീവറേജ് ഔട്ട്ലെറ്റുകൾ - 265 (270-ന് അനുമതിയുണ്ട്)
കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ - 36

കള്ളുഷാപ്പുകൾ - 5170

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവ പ്രവർത്തിക്കുമ്പോൾ കഞ്ചാവ് പോലുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗവും വ്യാപാരവും വർദ്ധിക്കുന്നത് സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; ഇത് തടയുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പഠനവിധേയമാക്കിയിട്ടില്ല. സംസ്ഥാനത്ത് മദ്യഷാപ്പുകൾ പൂട്ടിയിട്ടിരുന്ന കാലത്ത് കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗവും വ്യാപാരവും ധാരാളമായി വർദ്ധിച്ചിരുന്നു. ആയതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും വൻതോതിൽ മയക്കുമരുന്ന് ഇനത്തിൽപ്പെട്ട ലഹരി വസ്തുക്കൾ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ വിമുക്തി മിഷന്റെ ഭാഗമായി മദ്യ മയക്കുമരുന്ന് ലഹരിക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മയക്കുമരുന്ന് വിഭാഗത്തിൽപ്പെട്ട ലഹരി വസ്തുക്കൾ പരിശോധിച്ച് കണ്ടെത്തുന്നതിനുവേണ്ടി ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

## ഡ്രൈവർ തസ്തിക

343(1071) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന് എത്ര വാഹനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| ഫോർ വീലറുകൾ | - 362 |
| ടു വീലറുകൾ | - 388 |
| ബസ് | - 5 |
| ആകെ | 755 |

(ബി) പ്രസ്തുത വാഹനങ്ങൾക്കാവശ്യമായ ഡ്രൈവർ തസ്തിക നിലവിലുണ്ടോ; നിലവിൽ എത്ര ഡ്രൈവർ തസ്തികകളാണ് എക്സൈസ് വകുപ്പിൽ നിലവിലുള്ളതെന്നറിയിക്കാമോ?

എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തികയുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നിലവിൽ എക്സൈസ് വകുപ്പിൽ 277 ഡ്രൈവർ തസ്തികകൾ നിലവിലുണ്ട്.

(സി) പുതുതായി ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) വകുപ്പിലെ വാഹനങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പുതുതായി ഡ്രൈവർ തസ്തിക അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി & ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**അമ്പൂരി കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് ഓഫീസ്**

344(1072) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ അമ്പൂരി കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ലഹരിവിരുദ്ധ ബോധവൽക്കരണം**

345(1073) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായി ഓരോ സാമ്പത്തികവർഷവും അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതെ പാഴാക്കിക്കളയുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബെവ്ക്യൂ ആപ് വഴിയുള്ള മദ്യവില്പന**

346(1074) ശ്രീ. പി. ടി. തോമസ്:
ശ്രീ. അനിൽ അക്കര:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബെവ്ക്യൂ ആപ് വഴിയുള്ള മദ്യവില്പന ബെവ്കോയ്ക്ക് കനത്ത നഷ്ടം ഉണ്ടാക്കിയിട്ടുണ്ടോ; ഈ ആപ് വഴി 2020 ജൂൺ മുതൽ ഡിസംബർ വരെ വിറ്റഴിച്ച മദ്യത്തിലൂടെ ബെവ്കോയ്ക്ക് ലഭിച്ച വരുമാനം എത്രയാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19 കാലയളവിൽ പൊതുവിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി മദ്യവില്പനയിലും പുതിയ ക്രമീകരണം ഏർപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായാണ് ബിവറേജസ്/കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾക്കു പുറമെ ബാർ/ബിയർ-വൈൻ പാർലറുകൾ തുടങ്ങിയവ മുഖേനയും മദ്യവില്പനയ്ക്ക് അനുമതി നൽകിയത് ഇപ്രകാരം മദ്യം പാർസലായി നൽകാൻ അനുമതി നൽകിയതുമൂലം കോർപ്പറേഷന്റെ ചില്ലറ വിൽപ്പന ശാലകൾ വഴിയുള്ള മദ്യ വിൽപനയിൽ കുറവുണ്ടാകുകയും എന്നാൽ വെയർഹൗസുകൾ വഴിയുള്ള മദ്യവിൽപ്പന കൂടുകയും ചെയ്തു. ചില്ലറവിൽപ്പനശാലകൾ വഴിയുള്ള മദ്യവിൽപ്പന വെയർഹൗസുകൾ വഴിയുള്ള മദ്യവിൽപ്പനയെ അപേക്ഷിച്ച് അധികലാഭം ഉണ്ടാക്കുന്നതിനാൽ കോർപ്പറേഷന്റെ ലാഭത്തിലും ആനുപാതികമായ കുറവുണ്ടായിട്ടുണ്ട്. ബെവ്ക്യൂ ആപ്പ് വഴി 2020 ജൂൺ മുതൽ ഡിസംബർ വരെ 8861 കോടി രൂപയുടെ മദ്യവിൽപ്പന നടത്തിയിട്ടുണ്ട്. ഇതിൽ 7947 കോടി രൂപ വിവിധ നികുതിയിനങ്ങളിലായി സർക്കാരിന് നൽകിയിട്ടുണ്ട്.

(ബി) ബെവ്ക്യൂ ആപ് വഴി ബാറുകൾക്ക് നൽകുന്ന ടോക്കണിന്റെ കൃത്യമായ കണക്ക് വെയർഹൗസുകൾക്ക് അറിയാമെങ്കിലും അതിന് ആനുപാതികമായ മദ്യമല്ല സ്വകാര്യ ബാറുകൾ വാങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് ഇടപെടലാണ് നടത്തിയതെന്ന് വിശദമാക്കുമോ?

ബെവ്ക്യൂ ആപ്പ് വഴി ബാറുകൾക്കും മറ്റുലൈസൻസികൾക്കും ലഭിക്കുന്ന ടോക്കണിന്റെ എണ്ണത്തിന് ആനുപാതികമായി, ഉപഭോക്താക്കളുടെ ആവശ്യകതയനുസരിച്ച് മദ്യം വിതരണം ചെയ്യണമെന്ന് എല്ലാ വെയർഹൗസ് മാനേജർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന് വ്യത്യാസം ഉണ്ടാകുകയാണെങ്കിൽ ആയത് പരിശോധിച്ച് തിരുത്തൽ നടപടികൾ എടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന് വിരുദ്ധമായി ടോക്കൺ നൽകിയിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ ഓണക്കാലത്ത് ബെവ്കോ ഔട്ട്ലെറ്റുകളിൽ കച്ചവടം കുത്തനെ കുറയുകയുണ്ടായോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2020 വർഷത്തെ ഓണക്കാലത്ത് ബെവ്കോ ഔട്ട്ലെറ്റുകൾ വഴിയുള്ള മദ്യവിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾക്കൊപ്പം, എഫ്. എൽ - 3, എഫ്. എൽ - 11 ലൈസൻസികൾക്കും മദ്യം പാഴ്സലായി നൽകാൻ അനുമതി നൽകിയതും കോവിഡ്മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയുമാണ് ഇതിനു കാരണങ്ങൾ. എന്നാൽ ബെവ്കോ വെയർഹൗസ് മുഖേനയുള്ള കച്ചവടത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

**വിമുക്തി മിഷൻ നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

347(1075) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിമുക്തി മിഷൻ നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

1,03,636 (ഒരു ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി മുപ്പത്താറ്) ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി) ലഹരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും വിമുക്തി മിഷൻ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ, വിവിധങ്ങളായ ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 37,52,74,635 (മുപ്പത്തിയേഴ് കോടി അൻപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി അറൂന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

**മദ്യ വിൽപ്പന**

348(1076) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും മദ്യവില്പനയിലൂടെ ലഭിക്കുന്ന വരുമാനം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) 2019-2020 സാമ്പത്തിക വർഷം സംസ്ഥാനം മദ്യവില്പനയിലൂടെ നേടിയത് എത്ര കോടി രൂപയാണ്; അത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കോടി അധികമാണ്?

2019-20 സാമ്പത്തിക വർഷം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 14,707 കോടി രൂപയുടെ മദ്യ വിൽപനയാണ് നടത്തിയിട്ടുള്ളത്. ഇത് മുൻവർഷത്തെ വിറ്റുവരവായ 14,508 കോടി രൂപയിൽനിന്നും 199 കോടി രൂപയുടെ അധിക വിൽപനയാണ്.

(സി) മദ്യപാനംമൂലമുണ്ടാകുന്ന ശാരീരിക രോഗ ചികിത്സക്ക് വേണ്ടിവരുന്ന ചെലവ്, മദ്യംമൂലം രോഗിയുടെ കാര്യക്ഷമതയിൽ ഉണ്ടാകുന്ന കുറവ് എന്നിവമൂലം സമൂഹത്തിലുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ഡി) ആരോഗ്യ വിദഗ്ദ്ധരുമായും സാമ്പത്തിക വിദഗ്ദ്ധരുമായും ആലോചിച്ച് മദ്യത്തിന്റെ ലാഭനഷ്ടം തിരിച്ചുള്ള ഒരു പുതിയ മദ്യനയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## മദ്യവിതരണത്തിനുള്ള ആപ്ലിക്കേഷൻ

349(1077) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിതരണത്തിന് ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് കമ്പനികളെ സെലക്ട് ചെയ്തത് എപ്രകാരമാണെന്ന് അറിയിക്കാമോ?

ബെവ്ക്യൂ ആപ്പ് തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനായി സർക്കാർ സ്ഥാപനമായ Kerala Start up Mission-നെയാണ് ചുമതലപ്പെടുത്തിയത്. ഏജൻസിയെ കണ്ടെത്തുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ചാണ് കമ്പനിയെ സെലക്ട് ചെയ്തിട്ടുള്ളത്.

(ബി) ടെക്നിക്കൽ ബിഡ്ഡിൽ 70-ൽ കൂടുതൽ മാർക്ക് നേടിയത് ഏതൊക്കെ കമ്പനികളായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

1. സ്മാർട്ട് ഇ 3 സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.

2. ഫെയർകോഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്.

3. കൊളാബറേറ്റീവ് ലേർണിംഗ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ്.

4. അഗ്രിഫെയി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്.

5. നിയൊകാഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്.

(സി) ഏത് കമ്പനിക്കാണ് കരാർ നൽകിയത്; അവർക്ക് ഈ മേഖലയിൽ ഉണ്ടായിരുന്ന മുൻപരിചയം വിശദമാക്കുമോ?

കൊച്ചി ആസ്ഥാനമായിട്ടുള്ള ഫെയർകോഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്. കെ.എസ്.ബി.സി. നിഷ്കർഷിച്ച ടെണ്ടർ കണ്ടീഷൻസ് ടി ഏജൻസിക്കുള്ളതിനാലാണ് ഇവർക്ക് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള കരാർ നൽകിയത്.

(ഡി) ഫെയർകോഡ് എന്ന കമ്പനി എസ്.എം.എസ്. ചാർജ്ജായി എത്ര പൈസയാണ് ആവശ്യപ്പെട്ടതെന്നും എത്രയാണ് അനുവദിച്ച് നൽകിയതെന്നും അറിയിക്കാമോ?

1. Mobile App വഴി Smart Phone ഉപയോഗിച്ച് OTP ലഭിക്കുന്നതിന് ഓരോ SMS-നും 12 പൈസ വീതം ആവശ്യപ്പെടുകയും പ്രസ്തുതതുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
2. SMS വഴി ഇ-ടോക്കൺ ലഭിക്കുന്നതിന് ഓരോ ടോക്കണിനും 3 പൈസ വീതവും കൂടാതെ e-token SMS ആയി അയയ്ക്കുന്നതിന് ഓരോ SMS-നും 12 പൈസ വീതവും ആവശ്യപ്പെടുകയും പ്രസ്തുത തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കമ്പനി ആവശ്യപ്പെട്ടതിൽ കൂടുതൽ തുക ഇപ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ?

അധികതുക അനുവദിച്ചിട്ടില്ല.

## ബിവറേജസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ച വരുമാനം

350(1078) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2020 ഡിസംബർ വരെയുള്ള വർഷങ്ങളിൽ പ്രതി വർഷം ബിവറേജസ് കോർപ്പറേഷനിൽനിന്ന് ലഭിച്ച വരുമാനം എത്രയാണെന്ന വിവരം അറിയിക്കുമോ?

| വർഷം | ആകെ വിറ്റുവരവ് (തുക കോടിയിൽ) |
|---|---|
| 2016 -17 | 12,134 |
| 2017-18 | 12,937 |
| 2018-19 | 14,508 |
| 2019-20 | 14,707 |
| 2020-21 (2020 ഡിസംബർ വരെ) | 8,861 |

## ബാർ ലൈസൻസ്

351(1079) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ സംസ്ഥാനത്ത് കേവലം ഇരുപത്തി ഒൻപത് ബാറുകൾ മാത്രം ഉണ്ടായിരുന്നിടത്ത് ഇപ്പോൾ ബാറുകളുടെയെണ്ണം അഞ്ഞൂറ്റി അറുപത്തിയഞ്ച് ആയി വർദ്ധിച്ചിട്ടുണ്ടോ?

മുൻ സർക്കാരിന്റെ ഭരണകാലത്ത് 2014-15 വർഷം സംസ്ഥാനത്ത് 748 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 29 ബാർ ലൈസൻസ് ഒഴികെയുള്ളവ റദ്ദ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ലൈസൻസ് റദ്ദ് ചെയ്തതായി പറയുന്ന ഹോട്ടലുകൾക്ക് ബിയർ & വൈൻ പാർലർ ലൈസൻസ് അനുവദിച്ച് നൽകുകയാണുണ്ടായത്. ഇത്തരത്തിൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ/വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ ബിയർ/വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 407 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലേയും വിദേശമദ്യ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. ഇവയിൽ നിലവിൽ പ്രവർത്തിക്കാത്ത അഞ്ച് ലൈസൻസുകളുണ്ട്. ഇവയൊഴികെ സംസ്ഥാനത്ത് നിലവിൽ ആകെ 619 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മുന്നൂറ്റി എൺപത്തിമൂന്ന് ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഇതിന് പുറമേ ഇരുന്നൂറ്റി എഴുപത്തിയേഴ് ബെവ്കോ ഔട്ട്ലെറ്റുകൾ സർക്കാർ തന്നെ നേരിട്ട് നടത്തുന്നതായും സംസ്ഥാനത്തുണ്ടോ; എത്ര ബിയർ പാർലറുകൾക്കാണ് ഈ സർക്കാർ അനുമതി നൽകിയത് എന്നറിയിക്കുമോ?

ഈ സർക്കാർ വന്നശേഷം 188 പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ മുൻ സർക്കാരിന്റെ കാലയളവിൽ ബിയർ/വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 407 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലേയും വിദേശമദ്യ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന് കീഴിൽ 270 ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുവാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 46 പുതിയ ബിയർ & വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതെന്ന് കണക്കാക്കി അവിടെ മദ്യശാലകൾ തുറക്കാൻ അനുമതി നൽകിയത് ഈ സർക്കാരിന്റെ കാലത്താണോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ C.A.No.12164-12166-ലെ 23-2-2018-ലെ ഉത്തരവനുസരിച്ച്, 16-3-2018-ലെ ജി.ഒ (എം.എസ്) നമ്പർ 23/2018/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ദേശീയ/സംസ്ഥാന

പാതയോരത്തിന് സമീപം മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി പരിഗണിക്കുന്നതിന്, നിലവിലുള്ള സെൻസസ്/ പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കിയിട്ടുള്ളതും അവിടെ നിയമാനുസൃതമായി മദ്യശാലകൾ തുറക്കാൻ ഈ സർക്കാരിന്റെ കാലത്ത് അനുമതി നല്കിയിട്ടുള്ളതുമാണ്.

(ഡി) ജനസംഖ്യ പതിനായിരത്തിൽ താഴെയാണെങ്കിലും അവിടെ വിനോദസഞ്ചാര മേഖലയുണ്ടെങ്കിൽ മദ്യശാലകൾ തുറക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ C.A.No.12164-12166-ലെ 23-2-2018-ലെ ഉത്തരവനുസരിച്ച് 16-3-2018 തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 23/2018/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ദേശീയ/സംസ്ഥാന പാതയോരത്തിന് സമീപം മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി പരിഗണിക്കുന്നതിനും വിനോദ സഞ്ചാരമേഖലകളായി നികുതി വകുപ്പോ വിനോദ സഞ്ചാര വകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാനസൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവമുള്ള മേഖലയായി കണക്കാക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതും നികുതി വകുപ്പ് വിനോദ സഞ്ചാരമേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിയമാനുസരണം മദ്യശാലകൾ തുറക്കാൻ അനുമതി നല്കിയിട്ടുള്ളതുമാണ്.

(ഇ) മദ്യശാലകൾ തുറക്കാൻ ഗ്രാമപഞ്ചായത്തിന്റെ അനുമതി വേണമെന്ന പഞ്ചായത്ത് രാജ് ആക്ടിലെ 232(2) പ്രകാരമുള്ള വ്യവസ്ഥയും ആരാധനാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മദ്യശാലകൾ നിശ്ചിത അകലം പാലിക്കണമെന്ന 232(3) പ്രകാരമുള്ള വ്യവസ്ഥയും ഈ സർക്കാർ റദ്ദ് ചെയ്യുകയുണ്ടായോ?

മദ്യശാലകൾ തുറക്കാൻ ഗ്രാമപഞ്ചായത്തിന്റെ അനുമതി വേണമെന്നതുമായി ബന്ധപ്പെട്ട പഞ്ചായത്ത് രാജ് ആക്ടിലെ 232(2), 232(3) വ്യവസ്ഥകൾ 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. നിലവിലെ അബ്കാരി നിയമപ്രകാരം 3 സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ബാർ ഹോട്ടലുകളും ബിയർ & വൈൻ പാർലറുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ആരാധനാലയങ്ങളിൽ നിന്നും SC/ST കോളനികളിൽനിന്നും, ശ്മശാനങ്ങളിൽ നിന്നും 200 മീറ്റർ ചുറ്റളവിൽനിന്നും പുറത്തായിരിക്കണമെന്നും 3 സ്റ്റാറിന് മുകളിൽ

ക്ലാസിഫിക്കേഷനുള്ള ബാർ ഹോട്ടലുകളും ബിയർ & വൈൻ പാർലറുകളും വിദ്യഭ്യാസ സ്ഥാപനങ്ങളിൽനിന്നും ആരാധനാലയങ്ങളിൽനിന്നും SC/ST കോളനികളിൽനിന്നും, ശ്മശാനങ്ങളിൽനിന്നും 50 മീറ്റർ ചുറ്റളവിൽനിന്നും പുറത്തായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

(എഫ്) എങ്കിൽ ഇത് സംസ്ഥാനത്ത് മദ്യശാലകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഒരുക്കുകയുണ്ടായോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്തൊട്ടാകെ സമാനമായ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം ഒഴിവാക്കുന്നതിന്റെയും ഭാഗമായാണ് പഞ്ചായത്ത് രാജ് ആക്ടിലെ 232(2) പ്രകാരമുള്ള വ്യവസ്ഥയും 232(3) പ്രകാരമുള്ള വ്യവസ്ഥയും 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് പ്രകാരം ഈ സർക്കാർ റദ്ദ് ചെയ്തിട്ടുള്ളത്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് മദ്യശാലകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള വിദേശമദ്യ ചട്ടം അനുശാസിക്കുന്ന യോഗ്യതയുള്ള ഹോട്ടലുകൾക്ക് മാത്രമാണ് ഈ സർക്കാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

**സംസ്ഥാനത്തെ ബാറുകളുടെ കണക്ക്**

352(1080) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകളാണ് നിലവിൽ ഉണ്ടായിരുന്നത് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

29

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നിലവിൽ 619 ബാറുകൾ (FL3) പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച ബാറുകളുടെയും വൈൻ ഷോപ്പുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ വന്നതിനുശേഷം 188 പുതിയ ബാർ (FL3) ലൈസൻസുകളും 46 ബിയർ & വൈൻ (FL-11) ലൈസൻസുകളും അനുവദിച്ചിട്ടുണ്ട്.

**ബാറുകൾ തുറക്കുന്നതിനുള്ള അനുമതി**

353(1081) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം പൂട്ടിയിട്ടിരുന്ന ബാറുകളും ബിയർ & വൈൻ പാർലറുകളും തുറക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ജി.ഒ. (എം. എസ്.)നമ്പർ 43/2020/നി.വ തീയതി 22-5-20 നമ്പർ ഉത്തരവ് പ്രകാരം സ.ഉ(കൈ) നമ്പർ 41/2020/നി.വ തീയതി 18-5-20 നമ്പർ സർക്കാർ ഉത്തരവിലെ പരാമർശങ്ങൾക്ക് വിധേയമായി ബാർ (FL3), ബിയർ വൈൻ പാർലർ (FL11) എന്നിവിടങ്ങളിൽ നിന്നും പ്രത്യേക കൗണ്ടർ വഴി മദ്യം പാഴ്സലായി വിൽപന നടത്തുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് 21-12-20-ലെ G.O(Rt) No.95/2020/TD ഉത്തരവിൻ പ്രകാരം ബാർ ഹോട്ടലുകളും ബിയർ പാർലറുകളും കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് സാധാരണ നിലയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് കോവിഡ് വ്യാപനം പത്ത് ശതമാനത്തിൽ അധികമായി തുടരുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ബാറുകളും ബിയർ പാർലറുകളും തുറക്കുന്നത് കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് ഇടയാക്കില്ലേയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 29-8-20-ലെ 40-3/2020-DM-1(A) നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ബാർ ഹോട്ടലുകൾ തുറന്ന് പ്രവർത്തിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ സംസ്ഥാനത്ത് 21-12-20-ലെ G.O.(Rt) No.95/2020/TD ഉത്തരവിൻ പ്രകാരം മാത്രമാണ് ബാർ ഹോട്ടലുകളും ബിയർ പാർലറുകളും സാധാരണ നിലയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത്. എന്നാൽ ഇതിനു മുമ്പേ തന്നെ ഭക്ഷണശാലകൾ അടക്കമുള്ള വ്യാപാരസ്ഥാപനങ്ങൾ കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് തുറന്ന് പ്രവർത്തിക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. മേൽ വ്യാപാരസ്ഥാപനങ്ങൾക്കും ഭക്ഷണശാലകൾക്കും സമാനമായി കർശനമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുമാത്രം പ്രവർത്തിക്കാനാണ് ബാർ ഹോട്ടലുകൾക്കും ബിയർ പാർലറുകൾക്കും അനുമതി നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിലവിൽ എഫ്.എൽ3 ലൈസൻസ് ഉള്ള എത്ര ബാറുകളും ബിയർ & വൈൻ പാർലറുകളുമാണ് നിലവിലുള്ളത്?

സംസ്ഥാനത്ത് 619 FL3 ലൈസൻസുള്ള ബാറുകളും 318 FL 11 ബിയർ & വൈൻ പാർലറുകളുമാണ് നിലവിലുള്ളത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന എഫ്.എൽ3 ലൈസൻസുള്ള എത്ര ബാറുകൾ വീണ്ടും തുറക്കുന്നതിന് അനുമതി നൽകി; പുതുതായി എത്ര ബാറുകൾക്ക് എഫ്.എൽ3 ലൈസൻസ് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന FL3 ലൈസൻസുള്ള 407 ബാറുകൾ വീണ്ടും തുറക്കുന്നതിന് അനുമതി നൽകി.

ഈ സർക്കാർ വന്നശേഷം 188 പുതിയ ഹോട്ടലുകൾക്ക് ബാർ ( FL3) ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ ഭരണകാലത്ത് 2014-15 വർഷം സംസ്ഥാനത്ത് 748 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 29 ബാർ ലൈസൻസ് ഒഴികെയുള്ളവ റദ്ദ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ലൈസൻസ് റദ്ദ് ചെയ്തതായി പറയുന്ന ഹോട്ടലുകൾക്ക് ബിയർ & വൈൻ പാർലർ ലൈസൻസ് അനുവദിച്ച് നൽകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ/വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ ബിയർ/വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 407 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലേയും വിദേശമദ്യ ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതാണ്. ഇവയിൽ നിലവിൽ പ്രവർത്തിക്കാത്ത അഞ്ച് ലൈസൻസുകളുണ്ട്. ഇവയൊഴികെ സംസ്ഥാനത്ത് നിലവിൽ ആകെ 619 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.

**മയക്കുമരുന്ന് വിപണനം തടയുന്നതിനുള്ള നടപടികൾ**

354(1082) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യാജ മദ്യ-മയക്കുമരുന്നുകളുടെ വിപണനം തടയാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ

സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള എല്ലാ സ്ഥലങ്ങളും കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി തിരക്കേറിയ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും 20 ചെക്ക് പോസ്റ്റുകളിലേയ്ക്ക് ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും എൽ.ഇ.ഡി. സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിക്കുകയും 6 താലൂക്കുകളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫീൽഡ് ഓഫീസുകളിൽ പഴക്കമുള്ള വാഹനങ്ങൾക്ക് പകരമായും, ഹൈവേ പട്രോളിംഗിനായും 278 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി 381 കമ്പ്യൂട്ടറുകളും പ്രിന്ററും സ്കാനറുകളും 30 ലാപ് ടോപ്പുകളും 40 ഫോട്ടോകോപ്പിയറുകളും വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളിലുൾപ്പെടെ 177 ഓഫീസുകളിൽ ഇൻവെർട്ടർ സംവിധാനം ഏർപ്പെടുത്തുകയും 25 സോളാർ ലൈറ്റുകൾ വിവിധ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുകയും ചെയ്തു. എറണാകുളം, പാലക്കാട് ജില്ലകളിൽ ഡിജിറ്റൽ വയർലസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**ബെവ്കോ ആപ്**

355(1083) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക മികവില്ലാത്ത കമ്പനിക്ക് ബെവ്കോ ആപ് നിർമ്മിക്കുന്നതിന് കരാർ നൽകിയതുമൂലം ഉണ്ടായ പിഴവ് കാരണം ബിവറേജസ് കോർപ്പറേഷന്റെ വില്പന വൻതോതിൽ ഇടിയുകയും കോർപ്പറേഷന് വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ?

Kerala start Up Mission തിരഞ്ഞെടുത്ത ഫെയർകോഡ് എന്ന സ്ഥാപനത്തിനാണ് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള കരാർ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നൽകിയത്. ബെവ്ക്യൂ ആപ്പ് വഴി മദ്യ വിൽപ്പന പുനരാരംഭിച്ചതിലൂടെ സംസ്ഥാന സർക്കാറിന് എക്സൈസ് ഡ്യൂട്ടി, വിൽപ്പന നികുതി മുതലായ ഇനങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്ന റവന്യൂ വരുമാനം

ലഭ്യമാക്കുന്നതിന് സാധിച്ചു. ബെവ്ക്യൂ ആപ്പ് വഴി 2020 ജൂൺ മുതൽ ഡിസംബർ വരെ 8861 കോടി രൂപയുടെ മദ്യവിൽപ്പന നടത്തുകയുണ്ടായി. ഇക്കാരണത്താൽ കെ.എസ്.ബി.സി.-ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടില്ല.

(ബി) ആപ്പിലെ അപാകതമൂലം ടോക്കണുകളെല്ലാം ബാറുകളിലേയ്ക്കാണ് പോകുന്നതെന്നും നേട്ടം അവർക്കാണെന്നും ബെവ്കോ എം.ഡി. സർക്കാരിനെ അറിയിച്ചിരുന്നോ?

ഇല്ല.

(സി) ആപ്പിന്റെ പേര് ബെവ്ക്യൂ എന്നതിന് പകരം ബാർക്യൂ എന്നാക്കണമെന്നും ഈ അവസ്ഥ തുടർന്നാൽ ബെവ്കോ ഔട്ട്ലെറ്റുകൾ പൂട്ടേണ്ടി വരുമെന്നും ബെവ്കോയിലെ ജീവനക്കാരുടെ സംഘടന മാനേജിംഗ് ഡയറക്ടർക്ക് നിവേദനം നൽകിയിരുന്നോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആപ്പിലെ അപാകതകൾ പിന്നീട് പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബെവ്ക്യൂ ആപ്പിൽ കാര്യമായ അപാകതകളൊന്നും ഇല്ലാത്തതിനാൽ ആപ്പിൽ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നിട്ടില്ല. എന്നാൽ ഉപഭോക്താവ് നൽകുന്ന പിൻകോഡ് അനുസരിച്ച് ആപ്പ് തന്നെ നിശ്ചയിക്കുന്ന വിൽപ്പന ശാലകൾക്ക് ടോക്കൺ നൽകുന്നതു ഒഴിവാക്കി ഉപഭോക്താവിന് ഇഷ്ടമുള്ള വിൽപ്പന ശാല തെരെഞ്ഞെടുക്കുന്നതിനുള്ള ഭേദഗതി ആപ്പിൽ വരുത്തിയിട്ടുണ്ട്.

## ബെവ്ക്യൂ ആപ്

356(1084) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യശാലകളിലെ തിരക്ക് കുറയ്ക്കുന്നതിനായി ഏർപ്പെടുത്തിയ ബെവ്ക്യൂ ആപ് ബാറുടമകൾക്കാണ് കൂടുതൽ സഹായകമായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ബി) ബാറുകളിലേയ്ക്ക് കൂടുതൽ ടോക്കൺ പോകുന്ന തരത്തിലാണ് ആപ് ക്രമീകരിച്ചിരുന്നതെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ?

ബാറുകളിലേയ്ക്ക് കൂടുതൽ ടോക്കൺ പോകുന്ന തരത്തിലാണ് ആപ് ക്രമീകരിച്ചിരുന്നതെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. മദ്യവില്പന കേന്ദ്രങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചില്ലറ വില്പനശാലകൾക്കാണ് കൂടുതൽ ടോക്കൺ ലഭിച്ചിട്ടുള്ളത്.

(സി) ആപ് പൂർണ്ണമായും പ്രവർത്തനസജ്ജമായ മേയ് 28 മുതൽ ഉള്ള ഒരു മാസക്കാലയളവിൽ ബെവ്കോ മദ്യശാല, കൺസ്യൂമർ മദ്യശാല, കെ.റ്റി.ഡി.സി. ബിയർ പാർലർ എന്നിവയ്ക്കും സ്വകാര്യ ബാർ, ബിയർ പാർലർ എന്നിവയ്ക്കും ലഭിച്ച ടോക്കൺ വിഹിതം എത്ര വീതം ആയിരുന്നു; വിശദാംശം നൽകുമോ?

2020 മേയ് 28 മുതൽ ജൂൺ 27 വരെയുള്ള ഒരുമാസ കാലയളവിലെ ബെവ്ക്യൂ ആപ്പ് വഴി വിവിധ ലൈസൻസികൾക്ക് ലഭ്യമാക്കിയ ടോക്കണുകളുടെ വിവരം.

| ലൈസൻസികൾ | നൽകിയടോക്കണുകളുടെ എണ്ണം |
|---|---|
| കെ.എസ്.ബി.സി. ചില്ലറവിൽപ്പനശാലകൾ | 2218451 |
| കൺസ്യൂമർഫെഡ് ചില്ലറവിൽപ്പനശാലകൾ | 262815 |
| കൺസ്യൂമർഫെഡ് ബിയർ ആന്റ് വൈൻ | 4647 |
| കെ.റ്റി.ഡി.സി. | 178066 |
| ബാർ | 3580708 |
| ബിയർ ആന്റ് വൈൻ പാർലറുകൾ | 531276 |

**ബെവ്ക്യൂ ആപ്പിലെ ടോക്കൺ ക്രമീകരണം**

357(1085) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യശാലകളിലെ തിരക്ക് കുറയ്ക്കുന്നതിനായി ഏർപ്പെടുത്തിയ ബെവ്ക്യൂ ആപ് ബാറുടമകൾക്കാണ് കൂടുതൽ സഹായകമായതെന്നത് വസ്തുതയാണോ?

വസ്തുതയല്ല.

(ബി) ബാറുകളിലേയ്ക്ക് കൂടുതൽ ടോക്കൺ പോകുന്ന തരത്തിലാണ് ആപ് ക്രമീകരിച്ചിരുന്നതെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ?

ബാറുകളിലേയ്ക്ക് കൂടുതൽ ടോക്കൺ പോകുന്ന തരത്തിലാണ് ആപ് ക്രമീകരിച്ചിരുന്നതെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. മദ്യവില്പന കേന്ദ്രങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചില്ലറ വില്പനശാലകൾക്കാണ് കൂടുതൽ ടോക്കൺ ലഭിച്ചിട്ടുള്ളത്.

(സി) ആപ് പൂർണ്ണമായും പ്രവർത്തന സജ്ജമായ 2020 മേയ് 28 മുതലുള്ള ഒരു മാസക്കാലയളവിൽ ബെവ്കോ മദ്യശാല, കൺസ്യൂമർ മദ്യശാല, കെ.റ്റി.ഡി.സി. ബിയർ പാർലർ എന്നിവയ്ക്കും സ്വകാര്യ ബാർ, ബിയർ പാർലർ എന്നിവയ്ക്കും ലഭിച്ച ടോക്കൺ വിഹിതം എത്ര വീതം ആയിരുന്നു; വിശദാംശം നൽകുമോ?

2020 മേയ് 28 മുതൽ ജൂൺ 27 വരെയുള്ള ഒരുമാസ കാലയളവിലെ ബെവ്ക്യൂ ആപ്പ് വഴി വിവിധ ലൈസൻസികൾക്ക് ലഭ്യമാക്കിയ ടോക്കണുകളുടെ വിവരം.

| ലൈസൻസികൾ | നൽകിയടോക്കണുകളുടെ എണ്ണം |
|---|---|
| കെ.എസ്.ബിസി ചില്ലറവിൽപ്പനശാലകൾ | 2218451 |
| കൺസ്യൂമർഫെഡ്ചില്ലറവിൽപ്പനശാലകൾ | 262815 |
| കൺസ്യൂമർഫെഡ് ബിയർ ആന്റ് വൈൻ | 4647 |
| കെ.റ്റി.ഡി.സി | 178066 |
| ബാർ | 3580708 |
| ബിയർ ആന്റ് വൈൻ പാർലറുകൾ | 531276 |

**ലോക്ഡൗൺ കാലത്തെ മദ്യ ഉപഭോഗം**

358(1086) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനം ഒരു നയമായി ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാനായി എന്ന് വെളിപ്പെടുത്തുമോ?

മദ്യവർജ്ജനം ഒരു നയമായി ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജമദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം, ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ട് വരുന്നതിനുതകുന്ന തരത്തിലുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

മദ്യത്തോടും മയക്ക് മരുന്നുകളോടുമുള്ള ആസക്തി കുറയ്ക്കുന്നതിനും മദ്യത്തിനും മയക്ക് മരുന്നുകൾക്കും അടിമപ്പെട്ടവരുടെ ക്ഷേമവും മുൻനിർത്തി സർക്കാർ 'വിമുക്തി' എന്ന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ഊർജ്ജിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ എന്നീ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും സഹകരണത്തോടെ നടത്തിവരുന്നു.

(ബി) ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപർ ഉൾപ്പെടെ മദ്യം വർജ്ജിക്കുവാൻ തയ്യാറായിയെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപർ താത്ക്കാലികമായി മദ്യം ഉപയോഗിക്കാതിരുന്നെങ്കിലും തുടർന്ന് അവർ വ്യാജമദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിലേയ്ക്ക് പോയതായാണ് ടി കാലഘട്ടത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മനസ്സിലായിട്ടുള്ളത്.

(സി) ഇക്കാലത്ത് ഡ്രോൺ ഉൾപ്പെടെയുള്ള സംവിധാനങ്ങളോടെയുള്ള പരിശോധന കർശനമായിരുന്നതുകൊണ്ട് വ്യാജമദ്യവും മയക്കമരുന്നുകളും ദുർലഭമായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ഡ്രോൺ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പരിശോധന വ്യാജമദ്യസങ്കേതങ്ങൾ കണ്ടെത്തുവാനും അതുവഴി കേസുകൾ കണ്ടെടുക്കുവാനും സഹായകരമായിട്ടുണ്ട്.

(ഡി) ലോക്ഡൗൺ കാലത്തെ വ്യാജമദ്യ-മയക്കമരുന്ന് കേസുകളുടെ എണ്ണവും നിയന്ത്രണം നീക്കിയശേഷമുള്ള എണ്ണവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ രണ്ട് കണക്കുകളും വ്യക്തമാക്കുമോ?

താരതമ്യം ചെയ്തിട്ടില്ല.

### കായംകുളത്ത് എക്സ്സൈസ് ടവർ സ്ഥാപിക്കുവാൻ നടപടി

359(1087) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തും പരിസരപ്രദേശങ്ങളിലുമായി ലഹരി ഉത്പന്നങ്ങളുടെ വിപണനം നടക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് തടയിടുവാൻ കായംകുളം കേന്ദ്രീകരിച്ച് ഒരു എക്സ്സൈസ് ടവർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

കായംകുളത്തും പരിസരപ്രദേശങ്ങളിലും ലഹരി ഉത്പന്നങ്ങളുടെ വിപണനം നടക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിപ്പോഴും ശക്തമായി തുടരുകയും ചെയ്യുന്നു. 2020-ൽ കായംകുളം റേഞ്ച് പരിധിയിൽ 108 ലിറ്റർ സ്പിരിറ്റ്, 26.3 ലിറ്റർ ചാരായം, 14 ലിറ്റർ വ്യാജമദ്യം, 660 ലിറ്റർ സ്പിരിറ്റ് ചേർത്ത കള്ള്, 111.11 ലിറ്റർ IMFL, 7545 ലിറ്റർ വാഷ്, 31.5 ലിറ്റർ ബിയർ, 180 ഗ്രാം ഗഞ്ചാവ്, 33 kg പുകയില ഉത്പന്നങ്ങൾ എന്നിവ പിടികൂടിയിട്ടുണ്ട്.

(ബി) കായംകുളം താലൂക്കാശുപത്രിയിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## കഞ്ചിക്കോട് ചെല്ലംകാവ് കോളനിയിലെ വ്യാജമദ്യ ദുരന്തം

360(1088) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി. ടി. ബൽറാം:

ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് ചെല്ലംകാവ് കോളനിയിൽ അഞ്ച് പേരുടെ മരണത്തിനിടയാക്കിയ വ്യാജമദ്യദുരന്തം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കോളനി നിവാസികളായ സ്ത്രീകൾ ഉൾപ്പെടെ ഉപയോഗിച്ച വ്യാജമദ്യം എവിടെനിന്നാണ് എത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

(എ & ബി) ക്രൈം നമ്പർ. 210/20, 211/20, 212/20, 213/20, 214/20 u/s 304 IPC 3(2)(5) of SC/ST (Prevention of atrocities Act) പ്രകാരം പാലക്കാട് പോലീസ് ക്രൈംബ്രാഞ്ച് പ്രസ്തുത കേസിൽ വിശദമായ അന്വേഷണം നടത്തിവരുകയാണ്. ഇതുമായി ബന്ധപ്പെട്ട് പാലക്കാട് കഞ്ചിക്കോട് സ്വദേശി ധനരാജിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഈ മേഖലയിൽ കോവിഡ് അടച്ചിടൽ കാലത്ത് പതിവായി വാറ്റ് നടന്നിരുന്നതായി വിവരം ലഭിച്ചിട്ടും അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് പരാതിയൊന്നും എക്സൈസ് വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) ഇത്തരം വ്യാജമദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ചെല്ലംകാവ്, എസ്.ടി.കോളനി ഉൾപ്പെടെ ജില്ലയിലെ എല്ലാ പട്ടികജാതി/ പട്ടിക വർഗ്ഗ കോളനികളിലും വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ടി കോളനികളിൽ നിരന്തരം

റെയ്ഡുകളും, പരിശോധനകളും നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ ചെല്ലംകാവ് കോളനിയിൽ എക്സൈസ് വകുപ്പ്, പോലീസ്, ഫോറസ്റ്റ് ട്രൈബൽ ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിവരുന്നു. ചെല്ലംകാവ് കോളനി നിവാസികളെ സംഘടിപ്പിച്ച് കൗൺസിലിംഗും, ബോധവത്കരണ ക്ലാസ്സും പ്രത്യേകമായി നടത്തുന്നുണ്ട്. കൂടാതെ എല്ലാ ഞായറാഴ്ചകളിലും ചെല്ലംകാവ് അങ്കണവാടി കേന്ദ്രീകരിച്ച് കോളനി നിവാസികൾക്കായി വ്യക്തിത്വ വികസനവും പി.എസ്.സി. പരിശീലന ക്ലാസ്സും എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്.

## ലഹരി മാഫിയയെ അമർച്ചചെയ്യുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ

361(1089) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തും സംസ്ഥാനത്ത് സജീവമായ ലഹരി മാഫിയയെ അമർച്ചചെയ്യുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിതരണം, വിൽപ്പന എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതുസമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ

പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ ബോധവൽക്കരണപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) ലഹരി മാഫിയയെ സംസ്ഥാനത്തു നിന്നും പൂർണ്ണമായി തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട് -കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി ലഹരി വസ്തുക്കളുടെ ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ ലഹരി മാഫിയകളുടെ വലയിൽനിന്നും കുട്ടികളെയും വിദ്യാലയങ്ങളെയും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഓരോ എക്സൈസ് ഉദ്യോഗസ്ഥർക്ക് വീതം ചുമതല നൽകിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയുമായി എല്ലാ ജില്ലകളിലും ബോധവത്കരണവുമായി ബന്ധപ്പെട്ട് സെമിനാറുകളും ക്ലാസുകളും സംഘടിപ്പിച്ച് വരുന്നു.

**നിരോധിത ലഹരി വസ്തുക്കളുടെ ഉപയോഗം**

362(1090) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷം ഡി.ജെ.പാർട്ടികളിലും നിശാപാർട്ടികളിലും നിരോധിത ലഹരിവസ്തുക്കൾ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയെന്നറിയിക്കുമോ?

എക്സൈസ് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഇത്തരം പാർട്ടികൾ നടന്ന ഹോട്ടൽ/ഹോളിഡേ ഹോം എന്നിവയുടെ അധികാരികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ബാധകമല്ല.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ?

ഡി.ജെ.പാർട്ടികളിലും നിശാപാർട്ടികളിലും ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യ വിവരങ്ങൾ ശേഖരിച്ച്, അത്തരം സ്ഥലങ്ങളിൽ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. വിനോദസഞ്ചാര മേഖലകൾ, ഫ്ലാറ്റുകൾ, ഐ.റ്റി.മേഖലകൾ, ഹോളിഡേ ഹോമുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ തുടർച്ചയായ രഹസ്യ നിരീക്ഷണവും പട്രോളിംഗും നടത്തി കർശനനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

363(1091) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്യാമ്പസ്സുകളിലും സ്കൂളുകളിലും ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള പദ്ധതികളും നടപടികളും വിശദമാക്കാമോ?

വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്യാമ്പസ്സുകളിലും സ്കൂളുകളിലും ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒരു എക്സൈസ് ഉദ്യോഗസ്ഥനെ വീതം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ സ്കൂളുകളും കോളേജുകളും സന്ദർശിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ സംരക്ഷണ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും നിയമ നടപടികളും സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവട സ്ഥാപനങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഇല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തിവരുന്നു. സ്കൂൾ/കോളേജ് പരിസരങ്ങളിൽ പട്രോളിംഗ് നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ലഹരി വിരുദ്ധ ക്ലബ്ബുകളുമായി സഹകരിച്ച് പരിശീലനം

ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയും എല്ലാ ജില്ലകളിലും ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വെബിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു.

**ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകൾ**

364(1092) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് എടുത്ത കേസുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട് 2019, 2020 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം, വർഷം, ജില്ല എന്നിവ തിരിച്ച് നൽകാമോ?

(എ&ബി) ഉണ്ട്. എന്നാൽ ഇക്കാലയളവിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കൾ കൂടുതലാണ്. 2019, 2020 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം, ജില്ല തിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

(സി) ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിന് സർക്കാർ സ്വീകരിച്ച ആധുനികരീതികളും സംവിധാനങ്ങളും എന്തൊക്കെയെന്ന് അറിയിക്കാമോ?

എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി തിരക്കേറിയ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും 20 ചെക്ക് പോസ്റ്റുകളിലേയ്ക്ക് ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും എൽ.ഇ.ഡി. സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിക്കുകയും 6 താലൂക്കുകളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ചെയ്തു. ഫീൽഡ് ഓഫീസുകളിൽ കാലപ്പഴക്കമുള്ള വാഹനങ്ങൾക്ക് പകരമായും ഹൈവേ പട്രോളിംഗിനായും 278 വാഹനങ്ങൾ വാങ്ങിയതിനു പുറമെ, കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി 381 കമ്പ്യൂട്ടറുകളും പ്രിന്ററും സ്കാനറുകളും 30 ലാപ്ടോപ്പുകളും 40 ഫോട്ടോകോപ്പിയറുകളും വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളിലുൾപ്പെടെ 177 ഓഫീസുകളിൽ ഇൻവെർട്ടർ സംവിധാനം ഏർപ്പെടുത്തുകയും 25 സോളാർ ലൈറ്റുകൾ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുകയും ചെയ്തു. എറണാകുളം, പാലക്കാട് ജില്ലകളിൽ ഡിജിറ്റൽ വയർലസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10.00 AM]

## II അടിയന്തരപ്രമേയം

### സ്വർണ്ണക്കടത്ത് കേസ്

മി. സ്പീക്കർ: സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലാവുകയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സംശയത്തിന്റെ നിഴലിൽ നിൽക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾത്തന്നെ ശക്തമായ നടപടി വേണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. രാജ്യത്തിന്റെ സമ്പദ്ഘടനയെയും സാമ്പത്തിക ഭദ്രതയെയും തകർക്കുന്ന സ്വർണ്ണ കള്ളക്കടത്തിന്റെ അടിവേരുകൾ കണ്ടെത്തണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. കള്ളക്കടത്തിലൂടെ രാജ്യാതിർത്തി കടന്നുവരുന്ന സ്വർണ്ണം എത്തിച്ചേരുന്ന സ്ഥലം കണ്ടുപിടിക്കുകയും ചെയ്യാം. അതുകൊണ്ടാണ് കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയോട് 2020 ജൂലൈ 8-ന് കത്തിലൂടെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. കസ്റ്റംസ് പ്രിവെന്റീവ് തിരുവനന്തപുരം യൂണിറ്റ് അന്വേഷിച്ചുവന്ന സ്വർണ്ണക്കടത്ത് കേസ്സിൽ ദേശീയ അന്വേഷണ ഏജൻസികൂടി അന്വേഷണം ആരംഭിച്ചപ്പോൾ അതിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്തു. യു.എ.ഇ. കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർക്ക് നയതന്ത്ര ബാഗേജുവഴി സ്വർണ്ണം രാജ്യത്തിനുള്ളിലേയ്ക്ക് കൊണ്ടുവരുന്നതിൽ പങ്കുണ്ടെന്ന് കസ്റ്റംസ് പ്രാഥമികമായി കണ്ടെത്തിയെന്നാണ് പൊതുമണ്ഡലത്തിൽ ലഭ്യമായ വിവരം.

ഈ കേസ്സിലെ ചില പ്രതികളുമായി ബന്ധമുണ്ടെന്ന വാർത്തകൾ വന്നതിനെത്തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. ശിവശങ്കറിനെ തൽസ്ഥാനത്തുനിന്നും അദ്ദേഹം വഹിച്ചിരുന്ന ഐ.റ്റി. വകുപ്പിന്റെ സെക്രട്ടറി ചുമതലയിൽനിന്നും ഉടൻ ഒഴിവാക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണം നടന്നുവരികയുമാണ്.

മുഖ്യമന്ത്രിയുടെ ഓഫീസിലെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. സി. എം. രവീന്ദ്രനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തുവെന്നാണ് മറ്റൊരു ആരോപണമായി പറയുന്നത്. നിലവിൽ അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലുമൊരു കുറ്റം കണ്ടെത്തിയിട്ടുണ്ടോ? ഏതാനും ചില പരാതികളുടെ അടിസ്ഥാനത്തിൽ വ്യക്തത വരുത്തുന്നതിനായി അദ്ദേഹത്തിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് സ്വർണ്ണക്കടത്തുമായും രാജ്യദ്രോഹമായുമൊക്കെ ബന്ധപ്പെട്ടതാണെന്ന് പറയുന്നത് വികലമായ മനസ്സുകളുടെ വ്യാമോഹം മാത്രമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് രാജ്യദ്രോഹ പ്രവർത്തനത്തിൽ പങ്കെടുത്തുവെന്നാണ് പറയുന്നത്. ദേശീയ അന്വേഷണ ഏജൻസി കോടതിയിൽ ഒരു കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഒന്ന് കണ്ണുതുറന്ന് കാണണം. ആ ഏജൻസി മുഖ്യമന്ത്രിയുടെ ഓഫീസ് ഇങ്ങനെ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടോ? എല്ലാ അന്വേഷണ ഏജൻസികൾക്കും മുകളിൽ തങ്ങളുടെ ആരോപണമാണ് ആത്യന്തികമായ സത്യമെന്ന് കരുതി നുണകൾ വീണ്ടും വീണ്ടും ആവർത്തിക്കുന്ന ഗീബൽസിയന്റെ ശിഷ്യന്മാരെ കാര്യങ്ങൾ ബോധിപ്പിക്കാമെന്ന വ്യാമോഹം ഞങ്ങൾക്കില്ല. ആവർത്തിക്കപ്പെടുന്ന വ്യാജ ആരോപണങ്ങൾ ഈ നാട്ടിലെ ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. കോടതികളുടെ പരിഗണനയിലുള്ള വിഷയത്തെപ്പറ്റി ഇതിലധികം പറയുന്നത് ഉചിതമല്ലെന്നാണ് കരുതുന്നത്. അതുകൊണ്ടുതന്നെ ഇത്തരമൊരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, "എന്റെ അടുത്തയാളാണെന്ന് പറഞ്ഞ് ആരെങ്കിലും രംഗപ്രവേശം ചെയ്താൽ അത് അഴിമതിയാണ്, ഇത്തരം അവതാരങ്ങളെ സൂക്ഷിക്കണം" എന്ന അങ്ങയുടെ ഈ മുന്നറിയിപ്പാണ് ഈ അടിയന്തരപ്രമേയത്തിനാധാരം. അങ്ങനെ കുറെ അവതാരങ്ങൾ അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായും പത്താം ക്ലാസ്സുപോലും പാസ്സാകാത്തത് ഒരു കുറ്റമാണെന്ന് വിശ്വസിക്കാത്ത ആളായതുകൊണ്ട് കൂടെ നടക്കുന്ന ഒരു പെൺകുട്ടി നയതന്ത്ര ബാഗ് ദുരുപയോഗം ചെയ്ത് സ്വർണ്ണ കള്ളക്കടത്ത്, ഡോളർ കടത്ത്, ഹവാല, റിവേഴ്സ് ഹവാല, കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങിയ പരിപാടികൾ നടത്തിയതിനെത്തുടർന്ന് കസ്റ്റംസ് ഇത് കണ്ടുപിടിക്കുമെന്ന് കണ്ടപ്പോൾ അങ്ങ് കേന്ദ്ര ഏജൻസികളോട് അന്വേഷിക്കാൻ പറഞ്ഞു. കസ്റ്റംസ് മാത്രമേ അന്വേഷിക്കുവെന്ന് വിചാരിച്ചാണ് അങ്ങ് കത്തയച്ചത്. പക്ഷേ ഇ.ഡി.-യും എൻ.ഐ.എ.-യും ഒരു പടതന്നെ അവിടെനിന്ന് ഇങ്ങോട്ടുവന്നപ്പോൾ അങ്ങ് ഞെട്ടിപ്പോയി. അവസാനം ദൈവത്തെയോർത്ത് ഉപദ്രവിക്കരുത് എന്നുപറഞ്ഞ് അങ്ങ് വീണ്ടും കത്തയച്ചു. ഇതാണ് ഈ അടിയന്തരപ്രമേയത്തിനാധാരം.

ഞാൻ ചോദിക്കുന്നു, അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണ കള്ളക്കടത്തിന് കൂട്ടുപിടിച്ചത് ബഹുമാനപ്പെട്ട അങ്ങ് അറിഞ്ഞില്ലേ? 14 തവണ സ്വകാര്യ പാസ്പോർട്ടിലും ഔദ്യോഗിക പാസ്പോർട്ടിലും വിദേശത്ത്, അതിൽ എട്ടുപത്ത് തവണ സ്വപ്നസുന്ദരിയോടൊപ്പവും പോയപ്പോൾ പച്ചക്കറി വാങ്ങാൻ പോയതാണോയെന്ന് ചോദിക്കാൻ അങ്ങേയ്ക്ക് ഉളുപ്പില്ലായിരുന്നോ; കഴിഞ്ഞ ദിവസം അങ്ങ് ചോദിച്ചതല്ലേ; ചോദിച്ചോ? നിങ്ങളുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നടപടിയിൽ നിങ്ങളാണ് ഒന്നാംപ്രതി. ആ ഒന്നാംപ്രതി സ്ഥാനത്തുനിന്നും നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കില്ല. നിങ്ങളും ശിവശങ്കറും തമ്മിലുള്ള ബന്ധം ലാവ്‌ലിൻ കേസ്സിലാണ് തുടങ്ങുന്നത്. നിങ്ങൾ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ പോയപ്പോൾ നിങ്ങളുടെ പാർട്ടി നേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനെയും ശ്രീ. വൈക്കം വിശ്വനെയും കൊണ്ടുപോയില്ല. അന്ന് നിങ്ങൾ ശ്രീ. എം. ശിവശങ്കറെ കൂട്ടിക്കൊണ്ടുപോയി. അന്ന് അദ്ദേഹം നിങ്ങളുടെ സ്റ്റാഫല്ല. ലാവ്‌ലിൻ കാലത്ത് ശ്രീ. എം. ശിവശങ്കർ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെയർമാനും സി.എം.ഡി.-യുമാണ്. ചീഫ് വിജിലൻസ് ഓഫീസറുടെ കയ്യിലിരിക്കേണ്ട ഫയൽ ശ്രീ. എം. ശിവശങ്കർ രഹസ്യമായി ചോർത്തിത്തന്നതിന്റെ 'ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ, അൽഫോൺസാമ്മയ്ക്ക് സ്തുതി' അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. എം. ശിവശങ്കറുമായുള്ള നിങ്ങളുടെ ബന്ധം നിങ്ങൾക്ക് ഒഴിവാക്കാൻ കഴിയാത്തതാണ്. ശ്രീ. എം. ശിവശങ്കർ അന്വേഷണ ഏജൻസിയോട് പറഞ്ഞുവെന്നുപറഞ്ഞ് പുറത്തുവന്ന ഒരു മൊഴി, അങ്ങയെപ്പറ്റി പറയാൻ എനിക്ക് വളരെ ദു:ഖമുണ്ടെങ്കിലും ഒന്നും ഒളിച്ചുവയ്ക്കാൻ കഴിയാത്തതുകൊണ്ട് പറയാതിരിക്കാൻ കഴിയില്ല; ഞാനൊരു ടിഷ്യൂ പേപ്പർ കാണിച്ചാലും ഒപ്പിട്ട് തരുന്ന മരമണ്ടനാണ് കേരളത്തിലെ മുഖ്യമന്ത്രിയെന്ന് പറഞ്ഞെന്നാണ്. അങ്ങനെയൊരു മരമണ്ടനാണ് അങ്ങെന്ന് വിശ്വസിക്കാൻ ഇപ്പോഴും എനിക്ക് തോന്നുന്നില്ല, പക്ഷേ 'കൂട്ടത്തിൽ കിടന്നവനേ രാപ്പനി അറിയൂ' എന്നുപറയുമ്പോൾ ശ്രീ. എം. ശിവശങ്കർ പറഞ്ഞത് സത്യമാകാൻ സാധ്യതയുണ്ട്. ഈ ശിവശങ്കറിനെ നിങ്ങൾക്ക് അറിയില്ലേ; ദുബായിൽപ്പോയി 2018-ലെയും 2019-ലെയും പ്രളയത്തിന്റെ പേരിൽ 'അമ്മാ രക്ഷിക്കണേ, അമ്മാ രക്ഷിക്കണേ, കേരളം പ്രളയത്തിലാണ് എന്നുപറഞ്ഞ് പിരിച്ച നൂറുകണക്കിന് കോടി രൂപ എവിടെ? കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു, ആ പണം എവിടെ? ഈ സ്വർണ്ണ കള്ളക്കടത്തുകാരുടെ പങ്കാളിത്തം എന്ത്; ഈ സ്വപ്നസുന്ദരി ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് പോകാൻ പാസ്സെടുക്കേണ്ട കോവിഡ് ലോക്ക്ഡൗൺ കാലത്ത്, തിരുവനന്തപുരത്തു

നിന്നും എറണാകുളത്തുവന്ന് താമസിച്ച് ബാംഗ്ലൂരിലെത്തിയതെങ്ങനെ; അതിന് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തിട്ടുണ്ടോ; എൻ.ഐ.എ. കള്ളക്കളി നടത്തുകയല്ലേ? ആ ഉദ്യോഗസ്ഥർ യു.എ.പി.എ. 13, 19 വകുപ്പുപ്രകാരം ജയിലിലാകേണ്ടവരല്ലേ; എന്താ നിങ്ങൾ മിണ്ടാത്തത്; നിങ്ങളുടെ പോലീസ് ഇതൊന്നും അറിയുന്നില്ലേ? നിങ്ങൾക്കെതിരെ മൊഴി നൽകിയപ്പോൾ നിങ്ങളുടെ പോലീസ് അസോസിയേഷനിലെ ഒരു നേതാവിനെ ജയിലിൽ വിട്ട് നിങ്ങൾ ഭീഷണിപ്പെടുത്തി. അക്കാര്യം അന്വേഷിക്കേണ്ടത് ജയിൽ ഡി.ഐ.ജി. ആണോ; ഏത് ചട്ടമനുസരിച്ചാണ് ജയിൽ ഡി.ഐ.ജി.-ക്ക് ഒരു ക്രിമിനൽ കുറ്റം അന്വേഷിക്കാൻ സാധിക്കുന്നത്? ഞങ്ങളെല്ലാം പൊട്ടൻമാരാണെന്നാണോ നിങ്ങൾ വിചാരിക്കുന്നത്; ഇക്കാര്യം ആരും അറിയില്ലെന്നാണോ കരുതുന്നത്? സ്വർണ്ണ കള്ളക്കടത്ത്, കള്ളപ്പണം വെളുപ്പിക്കൽ, ഡോളർ കടത്ത്, നയതന്ത്ര ബാഗിൽ സ്വർണ്ണവും കറൻസികളും കടത്തൽ, ഗവൺമെന്റ് പദ്ധതികളുടെ രഹസ്യം ചോർത്തി വിദേശരാജ്യങ്ങൾക്കും ദേശദ്രോഹികൾക്കും കൊടുക്കൽ, കൺസൾട്ടൻസിയുടെ മറവിൽ തട്ടിപ്പ് ഇവയെല്ലാം നടത്തിയത് യു.എ.പി.എ. അനുസരിച്ച് അക്രമരഹിതമായ സാമ്പത്തിക കുറ്റകൃത്യമെന്നതിന്റെ പരിധിയിൽ വരുന്നതാണ്. ഇവരതിന് ഉത്തരവാദിയാണെങ്കിൽ കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയിൽ അങ്ങും അതിന് ഉത്തരവാദിയാണ്. ലൈഫ് മിഷന്റെ സി.ഇ.ഒ., ശ്രീ. യു. വി. ജോസ് ദുബായിൽ റെഡ് ക്രെസന്റിന്റെ ഉദ്യോഗസ്ഥരുമായി കരാർ ഒപ്പിടുമ്പോൾ അങ്ങയുടെ സാന്നിധ്യമില്ലായിരുന്നോ? ശ്രീ. യു. വി. ജോസ് പ്രതിയാണെങ്കിൽ ലൈഫ് മിഷന്റെ ചെയർമാനായ അങ്ങയെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുമോ? അങ്ങ് മുഖ്യമന്ത്രിയായതിനാൽ ചിലപ്പോൾ തൽക്കാലത്തേയ്ക്ക് രക്ഷപ്പെട്ടേയ്ക്കാം. ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് ആയിരുന്നെങ്കിൽ, ആദ്യം ജയിലിൽ കിടന്ന കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണെന്ന് ചരിത്രം രേഖപ്പെടുത്തുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എം. ശിവശങ്കറിന് ഐ.ടി.-യുടെ ചാർജ് കൊടുത്തു. അതിന്റെ മറവിൽ ഉലകംചുറ്റും വാലിബനായി നടന്നു. ഐ.ഐ.ടി.-യിൽനിന്ന് പാസ്സായ യുവ ഐ.എ.എസ്.-കാരടക്കമുള്ളപ്പോൾ പ്രൊഡക്ഷൻ എഞ്ചിനീയറായ ശിവശങ്കറിന് അവിഹിതമായി നിങ്ങൾ പ്രൊമോഷൻ നൽകി. ആ ശിവശങ്കർ സ്വപ്നസുന്ദരികളുമായി ലോകം ചുറ്റി. അങ്ങ് അറിഞ്ഞില്ലപോലും. ശിവശങ്കറിനെ പരിചയപ്പെടുത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് സ്വപ്ന പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ സത്യം പറയുമെങ്കിൽ ഞാൻ ചോദിക്കുന്നു, അങ്ങയെ സ്വപ്നയ്ക്ക് പരിചയപ്പെടുത്തിയത് ആരാണ്?

ഞാൻ രണ്ടാമതായി ചോദിക്കുന്നത് മാധ്യമങ്ങളിൽ വന്ന വാർത്തയെപ്പറ്റിയാണ്. അങ്ങയുടെ വീട്ടിൽ ഒരു വിവാഹ തലേന്ന് സ്വപ്നസുന്ദരി വന്നോ, ഇല്ലയോ? ഒറ്റ ചോദ്യം, ഉണ്ടെങ്കിൽ ഉണ്ട് ഇല്ലെങ്കിൽ ഇല്ല എന്നുപറയണം. ഞങ്ങൾ വിശ്വസിച്ചുകൊള്ളാം. അങ്ങയുടെ കുടുംബാംഗങ്ങളിൽ ആരെയെങ്കിലും ഇ.ഡി.-യോ ഏതെങ്കിലും കേന്ദ്ര ഏജൻസികളോ ഇതുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഞങ്ങൾക്ക് ഉത്തരം ആവശ്യമുണ്ട്.

അങ്ങ് ദുബായിൽ എത്തുന്നതിന് നാല് ദിവസം മുമ്പ് സ്വപ്നസുന്ദരിയും ശിവശങ്കറും അവിടെ പറന്നിറങ്ങി. ഞങ്ങളുടെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറഴിക്കാൻപോലും ഞങ്ങൾ യോഗ്യരല്ലെന്ന് അവർ മരുഭൂമിയിലൂടെ നടന്ന് പറഞ്ഞു. മരുഭൂമിയിൽ ആ വാക്കുകളിങ്ങനെ നിറഞ്ഞ് നിന്നു. അങ്ങ് പറന്നിറങ്ങി. കോടികളുടെ കരാറുകളിൽ അങ്ങ് ഒപ്പുവച്ചു. അവിടെ നിന്ന് പണം പിരിച്ചു. നിങ്ങളുടെ അനുമതിയില്ലാതെ സ്വപ്നയും ശിവശങ്കറും ചെന്നാൽ ആരെങ്കിലും കാശ് നൽകുമോ; നിങ്ങൾക്ക് ഉത്തരവാദിത്വമില്ലേ? എന്നിട്ട് ഞെളിഞ്ഞിരുന്ന് ഉളുപ്പില്ലേ എന്ന് ഞങ്ങളോട് ചോദിക്കുകയാണ്. ഈ ചോദ്യങ്ങളോടൊപ്പം ഞങ്ങൾക്കറിയേണ്ട ഒരു കാര്യമുണ്ട്. പരസ്യവും പാരിതോഷികവും നൽകി നിങ്ങൾക്ക് ജനങ്ങളെ കബളിപ്പിക്കാൻ സാധിക്കും. പരസ്യവും പാരിതോഷികവും ശാശ്വതമായി നിൽക്കുന്നതല്ല. സ്വർണ്ണ കള്ളക്കടത്തിനും ഡോളർ കടത്തിനും കള്ളക്കടത്തിനും കണ്ണടച്ച് കൂട്ടുനിൽക്കുന്ന നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റാണോ? കേന്ദ്ര ഏജൻസികൾ സത്യസന്ധമായി അന്വേഷിച്ചാൽ കേരളചരിത്രത്തിൽ നിങ്ങളുടെ സ്ഥാനം ചവറ്റുകുട്ടയിലായിരിക്കും. ഭരണപക്ഷത്ത് മോഹമുക്തരായി ആരെങ്കിലുമുണ്ടെങ്കിൽ 'അരുത് മുഖ്യമന്ത്രി' എന്നു പറയുമെന്ന് ഞങ്ങൾക്കിപ്പോൾ കരുതാനാകുന്നില്ല. ആയിരക്കണക്കിന് പാവപ്പെട്ട കമ്മ്യൂണിസ്റ്റുകാർ പടവെട്ടിയതിന്റെ ഗുണഭോക്താവായി തലപ്പത്തിരിക്കുന്ന താങ്കൾ സ്വർണ്ണ കള്ളക്കടത്തുകാരെ താലോലിക്കുന്നു. കമ്മ്യൂണിസ്റ്റുകാർക്ക് ആനന്ദലബ്ധിക്കിനിയെന്തുവേണം?

60 വർഷംകൊണ്ട് 1,60,000 കോടി രൂപ കേരളത്തിലെ മുഖ്യമന്ത്രിമാർ കടമെടുത്തുവെങ്കിൽ നാലര വർഷംകൊണ്ട് 1,62,000 കോടി രൂപ കടമെടുത്തുവെന്ന് മാത്രമല്ല, അതിൽ നല്ലൊരുതുക വിദേശത്തേയ്ക്ക് റിവേഴ്സ് ഹവാലയായിപ്പോയിയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: യെസ്.. യെസ്... പ്ലീസ്... കൺക്ലൂഡ് ....

ശ്രീ. പി. ടി. തോമസ്: സർ, സ്പെയ്സ് കോൺക്ലേവിലും ലോക കേരള സഭയിലും നടന്നിട്ടുള്ള വരവുമായി ബന്ധപ്പെട്ട് സ്വർണ്ണ കള്ളക്കടത്ത് നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കണം. പ്രളയം കേരളീയർക്ക് നരകമായിരുന്നുവെങ്കിൽ സ്വർണ്ണ കള്ളക്കടത്തുകാർക്ക് അതൊരു കൊയ്ത്തുകാലമായിരുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെപ്പറ്റി കോടതി പറയുന്നത് അദ്ദേഹം ഒരു കിംഗ്പിൻ ആണെന്നാണ്. പ്രിൻസിപ്പൽ സെക്രട്ടറി കിംഗ്പിൻ ആണെങ്കിൽ അങ്ങയെ എന്താണ് വിളിക്കേണ്ടത്? എംപറർ പിൻ എന്നൊരു പ്രയോഗമില്ലല്ലോ; ഞങ്ങൾ ഏത് പ്രയോഗം നടത്തും? കള്ളക്കടത്ത് കേസ്സിലെ പ്രതി സ്വപ്ന സുരേഷ് അങ്ങയുടെ ഓഫീസിലോ ഔദ്യോഗിക വസതിയിലോ വന്നിട്ടുണ്ടോ? CCTV footage ഇടിമിന്നലുണ്ടായി തീപിടിച്ചു. ഇടി സെക്രട്ടേറിയറ്റിൽനിന്ന് ഇറങ്ങി യൂണിവേഴ്സിറ്റി കോളേജ് വഴി നന്തൻകോട് വഴി നടന്ന് അങ്ങയുടെ ഔദ്യോഗിക വസതിയിൽ കയറി ഒരൊറ്റവെട്ട്, അവിടെയും പോയി. തെളിവ് നശിപ്പിക്കുന്ന താക്കോൽ സ്ഥാനത്ത് ഇരുന്നുകൊണ്ട് കേന്ദ്ര ഏജൻസികളെ നിലയ്ക്കുനിർത്താനാണ് അങ്ങ് ശ്രമിക്കുന്നത്. ഈ നടപടിയൊന്നും കേരളത്തിൽ വിലപ്പോകില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ടി. തോമസ്: സർ, സീതാദേവി പൊട്ടിമുളച്ച് വന്നതുപോലെ "കൊല്ലനുമറിഞ്ഞില്ല, കൊല്ലത്തിയുമറിഞ്ഞില്ല, തിത്തൈ എന്നൊരു കൊച്ചരിവാൾ" എന്നപോലെ ഈ സ്വപ്ന സുരേഷ് എവിടെ നിന്നുവന്നു; എങ്ങനെ വന്നു; ആര് കൊണ്ടുവന്നു; ആര് നിയമിച്ചു; ആര് ശമ്പളം കൊടുത്തു; ആരാണ് മറുപടി പറയുന്നത്?

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ടി. തോമസ്: സർ, ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. .................(മൈക്ക് ഓഫ്)..........പുത്രവാത്സല്യത്താൽ അന്ധനായിത്തീർന്ന (....ബഹളം......)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ...(മൈക്ക് ഓഫ്).... സീതാദേവിയെ സ്വപ്ന സുരേഷുമായി താരതമ്യം ചെയ്തത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. പി. ടി. തോമസ്: സർ, നിങ്ങൾക്ക് നീക്കം ചെയ്യാനുള്ളതൊക്കെ ചെയ്തോളൂ. അവശേഷിക്കുന്നത് വല്ലതുമുണ്ടെങ്കിൽ തന്നാൽ മതി. നിങ്ങൾ അവിടെയിരിക്കുമ്പോൾ എല്ലാം മാറ്റുമെന്ന് എനിക്കറിയാം. (...ബഹളം...) പുത്രവാത്സല്യത്താൽ അന്ധനായിത്തീർന്ന ധൃതരാഷ്ട്രരെപ്പോലെ ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് പുത്രീവാത്സല്യത്താൽ കേരളത്തെ നശിപ്പിക്കരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. (....ബഹളം...........)

മി. സ്പീക്കർ: ചെയറിലിരിക്കുന്നയാൾ എല്ലാം മാറ്റാനിരിക്കുന്ന ആളാണെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ല. ശ്രീ. പി. ടി. തോമസ് 'അങ്ങവിടെയിരിക്കുമ്പോൾ എല്ലാം മാറ്റും' എന്നാണ് പറഞ്ഞത്. ഇവിടെ എല്ലാം മാറ്റാൻവേണ്ടി ഇരിക്കുകയല്ല. അങ്ങ് അങ്ങനെ പറഞ്ഞത് ശരിയായില്ല. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ടി. തോമസ്: സർ, അൺപാർലമെന്ററിയായ ഒരു വാക്കും ഞാൻ പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കം ചെയ്യുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. രണ്ടാം നവോത്ഥാന നായകാ, അങ്ങ് അധോലോക നായകനായി മാറാതിരിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് എൻ.ഐ.എ.-യെ ഉദ്ധരിച്ചു. ഗുരുതരമായ അധോലോക ഓപ്പറേഷനെന്നാണ് സ്വർണ്ണ കള്ളക്കടത്തിനെ സംബന്ധിച്ച് സി.ബി.ഐ. ഇന്നലെ കോടതിയിൽ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേരളത്തിലെ മൂന്നരക്കോടിയോളം വരുന്ന ജനങ്ങൾ ജനാധിപത്യത്തിന്റെ ശ്രീകോവിലായി കാണുന്നിടത്ത് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെയും പോലെയുള്ള ആളുകൾ മുഖ്യമന്ത്രിയെ മറയാക്കി നടത്തിയിട്ടുള്ള തട്ടിപ്പ് നീളുന്നത് പല പല സംശയങ്ങളിലേയ്ക്കാണ്, അതിന് മറുപടി പറയണം. ഈ സ്വർണ്ണ കള്ളക്കടത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും നിങ്ങൾക്കാണ്; യു.എ.പി.എ. അനുസരിച്ച് രാജ്യദ്രോഹ സാമ്പത്തിക കുറ്റമാണ്; അതിന് മറുപടി പറയണം. ഇക്കാര്യം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ നിയമസഭ സാധാരണ നിലയിൽ അടിയന്തരപ്രമേയങ്ങൾ ധാരാളം കൈകാര്യം ചെയ്തിട്ടുള്ളൊരു സഭയാണ്. പ്രമേയാവതാരകർ അവതരിപ്പിക്കുന്നത് ഈ സഭ തുടങ്ങിയ കാലം മുതൽക്കേ കേട്ടിട്ടുണ്ട്. പക്ഷേ, ഇതുപോലൊരെണ്ണം കുറിക്ക് കൊണ്ടതായിട്ടാണ് ശ്രീ. കെ. സി. ജോസഫിന് തോന്നിയത്. ബഹുമാന്യനായ പ്രമേയാവതാരകനെ നിയന്ത്രിക്കാൻ അവരുടെ ഗ്രൂപ്പ് സമവായംവച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവിന് സാധിക്കില്ലെന്ന് എനിക്കറിയാം. പക്ഷേ, ഈ പറഞ്ഞയാൾ ശ്രീ. കെ. സി. ജോസഫിന്റെ ഗ്രൂപ്പിലാണല്ലോ; അതിന്റെ യഥാർത്ഥ തലവൻ അനങ്ങാതെ ഇരിക്കുന്നുണ്ടല്ലോ. ഇത് പൂരപ്പാട്ടിന്റെ സ്ഥലമാണോ? എന്തും പറയാമെന്നാണോ? 'എന്തും പറയാം വഷളാ' എന്ന് സാധാരണ പറയാറുണ്ട്. അത് നമ്മുടെ നിയമസഭയിൽ ഉപയോഗിക്കാൻ പാടില്ല. എന്താണിവിടെ കേട്ടത്? ഇവിടെ ഒരു മോഹം, അത് പ്രമേയാവതാരകന് മാത്രമുള്ളതായിരിക്കുകയില്ല;

ആ മാനസികഘടന അവിടെ പലർക്കുമുണ്ടാകാം. ഇങ്ങനെ ഒരവസരം കിട്ടിയപ്പോൾ ഏതെങ്കിലും തരത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്ത് ഇപ്പോൾ ഇരിക്കുന്നയാളെ ഇതിന്റെ ഭാഗമാക്കാൻ കഴിയും, അതിൽ പ്രതിയാക്കാൻ പറ്റും; ആ മോഹം ഇതുവരെ പൂവണിഞ്ഞില്ല. ധാരാളം ശ്രമം ഇതിനുവേണ്ടി നടന്നിട്ടുണ്ടാകും. അതു വേറെ. സ്വാഭാവികമായും പല നീക്കങ്ങളും നടത്തുമല്ലോ. ആദ്യം പറഞ്ഞത് എന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. എം. ശിവശങ്കറിനെക്കുറിച്ചാണ്. ശ്രീ. എം. ശിവശങ്കറിന് ഐ.എ.എസ്. ലഭിക്കുന്നത് 1995-ലാണ്. ....(ബഹളം)....പ്രതിപക്ഷം എന്തുകൊണ്ടാണ് ഒച്ചയുണ്ടാക്കുന്നതെന്ന് മനസ്സിലായോ? അന്ന് ശ്രീ. എ. കെ. ആന്റണി ആയിരുന്നു മുഖ്യമന്ത്രി. ഒച്ചയുണ്ടാക്കിയ ആളെ നോക്കിയാലറിയാം ശ്രീ. എ. കെ ആന്റണിയുടെ ഇപ്പോഴത്തെ അനുയായിയാണോ എന്നറിയില്ല, അന്നത്തെ അനുയായി ആയിരുന്നു. ആ വകയിലാണ് ആ ശബ്ദമുണ്ടാക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അദ്ദേഹം ഡി.പി.ഐ. ആയിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുമായിരുന്നു. കെ.എസ്.ഇ.ബി.എൽ. ചെയർമാനും ഊർജ്ജ വകുപ്പുസെക്രട്ടറിയും ഒന്നിച്ച് ശ്രീ. എം. ശിവശങ്കർ ആയത് ഏത് ഭരണ കാലത്താണ്? പ്രമേയാവതാരകൻ എന്തോ ഞാനുമായി ബന്ധപ്പെടുത്തി പറയുന്നത് കേട്ടു. അന്ന് ആരായിരുന്നു കേരളത്തിന്റെ വൈദ്യുതി വകുപ്പുമന്ത്രി? അന്നത്തെ മുഖ്യമന്ത്രി ഈ സഭയിൽത്തന്നെ ഇരിക്കുന്നില്ലേ? ഇതാണ് ഞാൻ പറഞ്ഞത്, എന്തും വിളിച്ചുപറയാം എന്നുള്ളതാണ്. അദ്ദേഹം ദേശീയ ഗെയിംസിന്റെ ചുമതലക്കാരനും സ്പോർട്സിന്റെ സെക്രട്ടറി സ്ഥാനവും വഹിച്ചില്ലേ? ഇതൊക്കെ ഒരു ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തതല്ലല്ലോ. യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ നിയമിച്ചില്ലേ? അപ്പോൾ വിവിധ ചുമതലകൾ വഹിക്കാൻ പ്രാപ്തനാണെന്നുള്ളതുകൊണ്ട് തന്നെയാണ് ആ ചുമതലകൾ ഗവൺമെന്റ് അദ്ദേഹത്തെ ഏൽപ്പിച്ചത്. നടക്കാൻ പാടില്ലാത്തൊരു സംഭവമുണ്ടായി. അങ്ങനെ ഒരു പ്രശ്നം വന്നാൽ സ്വാഭാവികമായി അതിൽ സ്വീകരിക്കേണ്ട നടപടി ഇന്നത്തെ ഗവൺമെന്റും മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഞാനും സ്വീകരിച്ചു. അതിന്റെ ഭാഗമായി എന്താണ് വിളിച്ചുപറഞ്ഞത്? ഇവിടെ ഏജൻസികൾ വന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്, ഇതിന്റെ ഉറവിടവും ഇത് എവിടെയെത്തി എന്നതടക്കവുമുള്ളത് കണ്ടെത്തണം, അതിന് സമഗ്രാന്വേഷണം വേണമെന്നാണ്. അതിന്റെ ഭാഗമായി ഒരു ഘട്ടം കഴിഞ്ഞപ്പോൾ പിന്നെ എങ്ങോട്ടാണ് മാറിയത്? അക്കാര്യങ്ങൾ സംസ്ഥാന സർക്കാർ എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണ്ടേ; കേന്ദ്ര അന്വേഷണ ഏജൻസികൾ ചെയ്യുന്ന കാര്യം എന്താണെന്നുള്ളത് നമ്മൾ ഉദ്ദേശിച്ച നിലയിൽനിന്നും മാറി

രാഷ്ട്രീയമായി കൈകാര്യം ചെയ്യുന്ന അവസ്ഥയിലേയ്ക്ക് വരുമ്പോൾ സ്വാഭാവികമായി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണ്ടേ? അന്വേഷണ ഏജൻസിയുടെ സാധാരണ ധർമ്മത്തിൽനിന്നും മാറിപ്പോകുന്നുവെന്ന് തോന്നിയാൽ അറിയിക്കേണ്ട ബാധ്യത സംസ്ഥാന സർക്കാരിനില്ലേ; അതല്ലേ അറിയിച്ചത്? ശ്രീ. എം. ശിവശങ്കർ നടത്തിയ വിദേശ യാത്രയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചത്, എനിക്ക് ഉള്ളുപ്പുണ്ടോ എന്നാണ്. ഞാൻ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് എന്തിനാണ്? അദ്ദേഹം വിദേശയാത്ര നടത്തിയതെന്തിനാണെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയതാണ്. പ്രമേയാവതാരകന് എന്നെ കുറച്ച് വഴക്ക് പറയണമെന്നുള്ളതുകൊണ്ട് അതിനുവേണ്ടി കുറേ വാക്കുകളെടുത്ത് പ്രയോഗിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു, നിങ്ങളാണ് ഒന്നാം പ്രതിയെന്ന്. ശ്രീ. പി. ടി. തോമസിന് പിണറായി വിജയനെ മനസ്സിലായിട്ടില്ല, അതുകൊണ്ടാണ്. കുറേക്കാലം നിങ്ങളെല്ലാവരുംകൂടി പ്രതിയാക്കാനായി നടന്നില്ലേ; ആ പ്രതിയല്ലെന്ന് പറഞ്ഞത് ആരാണ്? ഈ കേസ് നിലനിൽക്കുന്നതല്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കോടതി അത് വലിച്ചെറിയുകയാണ് ചെയ്തത്. മറന്നുപോയോ അത്? കഴിഞ്ഞ ദിവസവും ഈ സഭയിൽ ലാവ്ലിൻ കേസ്സിനെക്കുറിച്ച് നിങ്ങൾ പറഞ്ഞില്ലേ? അതെല്ലാം മോഹങ്ങളാണ്. അതിനെല്ലാം വ്യക്തമായ ചില രാഷ്ട്രീയ ഉദ്ദേശങ്ങളുണ്ടായിരുന്നു. ഞാൻ ഇതുവരെ അതിലേയ്ക്ക് പോയിട്ടില്ല. ഇപ്പോഴും പോകുന്നില്ല, ആരും ശങ്കിക്കേണ്ട, അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. പക്ഷേ, വ്യക്തമായ രാഷ്ട്രീയ ഉദ്ദേശത്തോടെ നടന്നൊരു ഗൂഢാലോചനയുടെ ഫലമായിരുന്നു അത്. അത് നിലനിന്നോ; എന്തുകൊണ്ടാണ്? ഈ കൈകൾ ശുദ്ധമാണെന്ന് പറയുന്നത് ശുദ്ധമായതുകൊണ്ടാണ്, വെറുതെ പറയുന്നതല്ല. ആരുടെയും മുന്നിൽ തല ഉയർത്തിപ്പിടിച്ച് പറയാൻ കഴിയും. അത് പറയാനുള്ള കരുത്ത് ഈ നെഞ്ചിനുണ്ട്. അത് മനസ്സിലാക്കണം.

ലാവ്ലിൻ കേസ്സിനുവേണ്ട ഒത്താശകൾ ചെയ്തുതന്നത് ശ്രീ. എം. ശിവശങ്കർ ആണെന്നാണ് ഇപ്പോഴത്തെ കണ്ടുപിടിത്തം. ലാവ്ലിൻ കേസ് പൂർണ്ണമായും ഫ്രെയിം ചെയ്തുകഴിഞ്ഞു. കോടതിയിൽ അതുമായി ബന്ധപ്പെട്ട വാദങ്ങൾ നടന്നു. അതിൽ എവിടെയാണ് ശ്രീ. എം. ശിവശങ്കറിന്റെ സഹായം ആ കേസിലെ പ്രതിയായിരുന്ന പിണറായി വിജയന് ലഭിച്ചത്? ആ കേസ്സിൽ പറഞ്ഞ കാര്യങ്ങൾ വച്ചുകൊണ്ടാണ് വാദം നടന്നത്. അതിൽ യാതൊരു കാര്യവുമില്ല, ഈ കേസ് തന്നെ നിലനിൽക്കുന്നതല്ലെന്ന് കോടതി പറയുകയുണ്ടായി. അപ്പീലിന് പോയപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇതുതന്നെയാണ് പറഞ്ഞത്. ഇതല്ലേ വസ്തുത? ശ്രീ. എം. ശിവശങ്കർ എന്തോ എനിക്ക് ചോർത്തിതന്നുവെന്നാണ്

പറയുന്നത്. സാധാരണ തെറിപറയാൻ ഉപയോഗിക്കുന്ന ചില മാർഗ്ഗങ്ങളുണ്ട്. നമ്മുടെ ചില സുഹൃത്തുക്കൾ സാധാരണ ചെയ്യുന്നൊരു രീതിയാണത്. ഒരാൾ നിങ്ങളുടെ അടുത്തുണ്ട്, അയാളോട് നേരിട്ട് തെറിപറയണം, പക്ഷെ നേരിട്ട് പറയാനൊരു വൈഷമ്യം. അതുകൊണ്ട് ഫോണിലൂടെയാണ് തെറി പറയുക. ഫോണിലൂടെ ആരെയും വിളിക്കുന്നതല്ല, ഇയാളോട് പറയുകയാണ്. പക്ഷെ അയാളോട് നേരിട്ട് പറയാതെ തെറി ഇങ്ങനെ ഫോണിലൂടെ പറയുകയാണ് ചെയ്യുന്നത്. അതുപോലെയല്ലേ ഇപ്പോൾ ഇവിടെ കണ്ടത്? ഏത് ടിഷ്യൂ പേപ്പർ കാണിച്ചാലും ഒപ്പിട്ട് കൊടുക്കുന്ന ആളാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന് ശ്രീ. എം. ശിവശങ്കർ പറഞ്ഞുവെന്നാണ് ഇവിടെ ബഹുമാന്യനായ പ്രമേയാവതാരകൻ പറഞ്ഞത്. അദ്ദേഹം വേറൊരു കാര്യം പറഞ്ഞല്ലോ; ആ പറഞ്ഞ കാര്യം വസ്തുതയും ഇത് ശുദ്ധ നുണയുമല്ലേ? ഇല്ലാത്തൊരു കാര്യം കെട്ടിച്ചമച്ച് പറഞ്ഞതല്ലേ; എന്നോടൊപ്പം പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് ഇത്തരത്തിലൊരു അഭിപ്രായമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ആ ഉദ്യോഗസ്ഥരിൽ ഇവർക്കെല്ലാം വളരെ അടുത്ത ബന്ധമുള്ള ധാരാളം ആൾക്കാരും കാണുമല്ലോ? അത് സ്വാഭാവികമല്ലേ; ഇവരെല്ലാം ഒരുപാടുകാലം ഭരണം കൈകാര്യം ചെയ്തവരല്ലേ? കാര്യങ്ങൾ മനസ്സിലാക്കാനാണെങ്കിൽ അവരോട് ചോദിക്കണം. എന്തും പറയാൻ മിടുക്കുള്ളവരാണല്ലോ? പത്രസമ്മേളനം ഞാൻ നടത്തുന്ന ഘട്ടത്തിൽ, നേരത്തെ പത്രസമ്മേളനം നടത്താത്തതിനെ പറ്റിയായിരുന്നു വർത്തമാനം. ഒരാവശ്യം വന്നാൽ പത്രസമ്മേളനം നടത്തണമല്ലോ? അങ്ങനെ പത്രസമ്മേളനം നടത്തിയപ്പോൾ എന്തായിരുന്നു നമ്മുടെ ഉത്തരവാദപ്പെട്ട ചിലർ പറഞ്ഞത്? പി. ആർ. ഏജൻസി പറഞ്ഞതിന്റെ ഭാഗമായി ചിരിക്കേണ്ടപ്പോൾ ചിരിക്കുന്നു, പറയേണ്ട കാര്യങ്ങൾ പറയുന്നു എന്നാണ്. പി.ആർ. ഏജൻസിയാണോ പിണറായി വിജയനെ മുഖ്യമന്ത്രിയാക്കിയത്?....... (മൈക്ക് ഓഫ്) .....അവിടെനിന്നും പറയുന്നതെന്താണെന്ന് കേൾക്കുന്നില്ല, എന്താണ് പറയുന്നതെന്ന് മനസ്സിലാകാത്തതുകൊണ്ടാണ് ഞാൻ ചെവികൂർപ്പിച്ച് നിൽക്കുന്നത്. അവിടെ നിന്നും മെല്ലെ മെല്ലെ പറയുകയാണ്. കുറച്ചൊരു ശങ്കയുണ്ട്. ശങ്കയുണ്ടാകില്ല, ശങ്കയുണ്ടാകണമെങ്കിൽ അതിനുമാത്രം വിവേകം വേണം. വിവേകമുള്ളവർക്കേ ശങ്കയുണ്ടാകൂ. വിവേകമുള്ളവർ ശരിയല്ലാത്ത കാര്യങ്ങൾ പറയാൻ പാടുണ്ടോയെന്ന് എപ്പോഴും ചിന്തിക്കും. വിവേകമില്ലെങ്കിൽ ഞാൻ എന്ത് ചെയ്യാനാണ്? അതാണ് ഞാൻ പറഞ്ഞത്, ഓരോന്നിന്റെ ഓരവും ഗ്രൂപ്പും ചാരിക്കൊണ്ടാണല്ലോ, രക്ഷിച്ച് പോകുകയല്ലേ; അപ്പോൾ അവർ ആലോചിക്കണം അത് ശരിയാണോയെന്ന്. ഇവിടെ പിരിച്ച പണം എവിടെയെന്ന് ചോദിച്ചു, ഞങ്ങളാരും നേരിട്ട് പണം

വാങ്ങുകയല്ല, അത് ഗവൺമെന്റിലേയ്ക്ക് വരികയാണ് ചെയ്യുന്നത്. പണം വന്നിട്ടുണ്ടെങ്കിൽ അവിടെ കാണും. ഈ ലോക്ക്ഡൗൺ സമയത്ത് സ്വപ്ന സുരേഷ് എങ്ങനെ ബാംഗ്ലൂരിലെത്തി എന്നൊരു ചോദ്യം പ്രമേയാവതാരകൻ ചോദിച്ചു. അത് അന്വേഷിക്കേണ്ടത് കേന്ദ്ര ഏജൻസിയല്ലേ? അവരത് അന്വേഷിക്കട്ടെ; എങ്ങനെയാണ് എത്തിയത്, ആരാണ് സഹായിച്ചത് തുടങ്ങിയ കാര്യങ്ങളിലേയ്ക്ക് അവർ കടക്കണ്ടേ; അവർ ഒരുപാട് കാര്യങ്ങൾ അന്വേഷിക്കുന്നില്ലേ; അവർക്ക് അതും അന്വേഷിക്കാമല്ലോ; ജയിലിലെ കാര്യങ്ങൾ അന്വേഷിക്കാൻ ഡി.ഐ.ജി.-ക്ക് അർഹതയില്ലെന്ന് എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്? ജയിലിന്റെ കാര്യം ജയിൽ ഡി.ഐ.ജി.യാണ് അന്വേഷിക്കുന്നത്. ജയിലുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഉന്നയിക്കപ്പെട്ടാൽ ആ പ്രശ്നത്തിന്റെ യഥാർത്ഥ വസ്തുത മനസ്സിലാക്കുന്നതിനുവേണ്ടി സ്വാഭാവികമായും ഡി.ഐ.ജി. അന്വേഷിക്കും. യു.എ.പി.എ.-കേസ്സിൽ പ്രതിയായിരിക്കുന്നു, അതുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയും അതിന്റെ ഭാഗമായി യു.എ.പി.എ. പ്രകാരം പ്രതിയാകേണ്ടതാണെന്നും പറഞ്ഞുവച്ചു. അതാണ് ഞാൻ പറഞ്ഞത് മോഹം, ആഗ്രഹങ്ങൾ എന്നൊക്കെ. അതിനുള്ള ഒരു പറച്ചിൽ കേന്ദ്രമാക്കി നിയമസഭയെയും എടുത്തതാണ്.

ലൈഫ് മിഷന്റെ തലപ്പത്തിരിക്കുന്ന ശ്രീ. യു. വി. ജോസ് ഏത് കേസ്സിലാണ് പ്രതി? എന്ത് കണക്കിലാണ് അത് പറഞ്ഞത്? അതും ഒരു പൂതിയുടെ ഭാഗമായി പറയുകയാണ്. ആദ്യം ജയിലിൽ കിടന്ന ആൾ എന്ന് പ്രമേയാവതാരകൻ പറയുകയുണ്ടായി. ഞാൻ ഒന്നേ പറയുന്നുള്ളൂ, കമ്മ്യൂണിസ്റ്റുകാരെ ജയിൽ കാണിച്ച് പേടിപ്പിക്കരുത്. അതൊന്ന് ഓർമ്മ വച്ചാൽമതി. .. . . . (ബഹളം). . . . .നട്ടുവേദനയ്ക്കുവേണ്ടി നിങ്ങളുടെയെല്ലാം വലിയ നേതാവിന്റെ കാലത്ത് പലതും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ നട്ടെല്ല് നിവർന്നുതന്നെയാണ് നിൽക്കുന്നത്. നട്ടെല്ല് ഒടിക്കാൻ നേതൃത്വം കൊടുത്ത പോലീസ് ഉദ്യോഗസ്ഥനെ ഒരു തവണ കാണാൻ അവസരം കിട്ടിയപ്പോൾ ഞാൻ ചോദിച്ചിരുന്നു. അയാൾ അന്നത്തെ ഐ.ജി. അലക്സാണ്ടർ ജേക്കബിനോടൊപ്പം ജയിൽ സന്ദർശനത്തിന് വന്നിരുന്നു. അന്ന് എന്റെ കാല് പൊക്കിക്കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു.... അയാളുടെ പേര് ഞാനിവിടെ പറയുന്നില്ല. അയാളുടെ പേരുവിളിച്ചുകൊണ്ട് ഞാൻ പറഞ്ഞു, മിസ്റ്റർ,...... കാലൊക്കെ ശരിയായി കേട്ടോ, ഇതൊക്കെ ഞങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണ് എന്ന്. നട്ടെല്ല് ഒടിക്കാനൊക്കെ വലിയ ശ്രമം നടന്നിരുന്നു. അതുകൊണ്ടൊന്നും നട്ടെല്ല് ഒടിഞ്ഞുപോയിട്ടില്ല.

ശ്രീ. എം. ശിവശങ്കറിന് അവിഹിത പ്രൊമോഷൻ കൊടുത്തുവെന്ന് അംഗം പറയുകയുണ്ടായി. ഏതു പ്രൊമോഷനാണ് അവിഹിതമായി കൊടുത്തത്? അപ്പോൾ എന്തും പറയാമെന്നുള്ളതാണ്. പിന്നെ ഭയങ്കരമായ ചോദ്യം, കെട്ടിപൊക്കിയ

നണയല്ലേ; എന്റെ മകളുടെ വിവാഹച്ചടങ്ങ് നടന്നത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന ക്ലിഫ് ഹൗസിലെ ആ പഴയ റൂമിലായിരുന്നു. ആ റൂം അറിയാത്തവരാരും ഉണ്ടാകില്ലല്ലോ, അവിടത്തെ ഏറ്റവും വലിയ റൂമില്ലേ, ആ മഹാറൂമിൽ വച്ചാണ് കല്യാണം നടന്നത്. എന്നിട്ട് എന്താണ് ചെയ്തത്? വ്യവസായ വകുപ്പമന്ത്രിയായ ശ്രീ. ഇ. പി. ജയരാജന്റെ ഭാര്യയുടെ തല ആ ഫോട്ടോയിൽനിന്നും വെട്ടിമാറ്റി ഈ സ്ത്രീയുടെ തലയുടെ ഫോട്ടോ വച്ചുകൊടുത്തു. അവിടെയാണ് ഉളുപ്പ് വേണ്ടത്. എന്നിട്ട് അത് ഏറ്റെടുത്ത് വരികയാണ്, തലേദിവസം വന്നിരുന്നോ; ഈ പറയുന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് പറയുകയാണ്, വിവാഹത്തലേന്ന് സ്വപ്ന സുരേഷ് വന്നോ? വന്നില്ല. ഇതല്ലേ ചോദ്യം. കുടുംബാംഗങ്ങളെ ആരെയെങ്കിലും ഏജൻസി ചോദ്യം ചെയ്തോ; നിങ്ങളിൽ പലർക്കും ചോദ്യം ചെയ്യണമെന്ന് മോഹമുണ്ടായിരുന്നു. അതിനുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് എനിക്കറിയാം. പ്രമേയാവതാരകൻതന്നെ അതിനുവേണ്ടി കുറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ടാകും. പക്ഷേ, ഒരു ചോദ്യം ചെയ്യലും ഉണ്ടായിട്ടില്ല. നിരാശപ്പെടേണ്ട, ഇനിയും ശ്രമം നടത്തിക്കൊള്ളൂ. അത് സ്വാഭാവികമല്ലേ? ഇവിടെ ഞെളിഞ്ഞിരുന്ന് ചോദിക്കുന്നുവെന്നാണ് പറയുന്നത്; ഞങ്ങൾക്ക് അഭിമാനിക്കാൻ വകയുള്ളതുകൊണ്ടാണ് നിങ്ങൾ കാണുന്ന ആ ഞെളിഞ്ഞിരിക്കൽ വരുന്നത്. ഇവിടെ ആർക്കും ഒന്നും ആശങ്കപ്പെടാനില്ല. ഒരുപാട് കെട്ടുകഥകൾ, അതിന്റെ ഭാഗമായി ഭാവനയിൽ സൃഷ്ടിക്കപ്പെടുന്ന സൃഷ്ടികൾ, അന്വേഷണ ഏജൻസികൾക്ക് അയച്ചു കൊടുക്കുന്നുണ്ടല്ലോ? എന്തെല്ലാമായിരുന്നു വന്നത്; ഏതെല്ലാം തരത്തിലുള്ളതാണ്; സകല ആളുകളെയും പിടിക്കാൻ പറ്റുമോയെന്നല്ലേ വല വീശിക്കൊണ്ടു നോക്കുന്നത്; എന്തേ, ആ വലയിൽ ഒരു ചെറിയ പരലുപോലും പെടാത്തത്? ഇതൊരു പ്രത്യേക ജനുസ്സാണ്, അത് നിങ്ങൾക്ക് മനസ്സിലാകില്ല. അതിന്റെ പ്രത്യേകത മനസ്സിലാക്കണമെങ്കിൽ ആ വഴിക്ക് സഞ്ചരിക്കണം. പണം കാണുമ്പോൾ ഇങ്ങ് പോരട്ടെ, പോരട്ടെ എന്നു വിചാരിക്കലല്ല; അവിടെ ആർത്തിപ്പണ്ടാരമായി മാറുകയല്ല വേണ്ടത്. സർക്കാരിന്റെ പണം; അത് വിവിധ പ്രോജക്ടുകളായി വരുന്നു. ആ പ്രോജക്ടുകൾ നടപ്പാക്കുന്നു. അതിൽ നമുക്കാർക്കും വിഹിതം പറ്റാൻ അവകാശമില്ല. അത് അതിന്റെ വഴിക്ക് നടന്നുകൊള്ളണം. ആ വിഹിതം പറ്റാത്തതുകൊണ്ടാണ് ഈ ഇരിക്കുന്നവരെല്ലാം ഇപ്പോഴും തല ഉയർത്തിയിരിക്കുന്നത്. എല്ലാവരുടെ നേരെയും വല വീശാൻ നോക്കിയില്ലേ? ഈ പറഞ്ഞ എല്ലാ ഏജൻസികളും വന്നിട്ട് പരതിയില്ലേ? ഈ അവസാനഘട്ടം തെരഞ്ഞെടുപ്പിന്റെ സമയം എങ്ങനെയെങ്കിലും കുടുക്കിക്കളയാം എന്നാലോചിച്ചില്ലേ? എന്തെങ്കിലും കിട്ടിയോ? ഇല്ലാത്ത പല പരാതികളും അയച്ചപ്പോൾ ആ പരാതികളെക്കുറിച്ച് അന്വേഷിച്ചില്ലേ? കമ്മ്യൂണിസ്റ്റ് ആണോ എന്ന് ഇവിടെ ചോദിച്ചു; കമ്മ്യൂണിസ്റ്റ് ആയതുകൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയായതുകൊണ്ടാണ് ഞങ്ങളെല്ലാവരുംകൂടി

ഇതെല്ലാം ചെയ്യുന്നത്. ഇവിടെ നിങ്ങളുടെ സ്ഥാനം ചവറ്റുകുട്ടയിലായിരിക്കുമെന്ന് പറഞ്ഞു. അത് പ്രവചനമാണ്. അത് നമുക്ക് കാണാം; ആ പ്രവചനം ജനങ്ങൾ ഏറ്റെടുക്കേണ്ടതാണല്ലോ; ജനങ്ങളാണല്ലോ വിധികർത്താക്കൾ; ജനങ്ങളുടെ ഒരു വിധി വന്നുകഴിഞ്ഞു. അടുത്തതും നമുക്കുനോക്കാം.

ഇവിടെ കടമെടുത്തതിനെപ്പറ്റിയാണ് വലിയ തോതിൽ പറഞ്ഞത്. കടമെടുക്കണ്ടേ? നമ്മുടെ നാട് മുന്നോട്ടു പോകണമെങ്കിൽ കടമെടുക്കണ്ടേ; കടം ഏതെങ്കിലും തരത്തിൽ ദുർവ്യയപ്പെടുത്താനല്ല. ഈ നാടിന്റെ അഭിവൃദ്ധിക്കാണ്. കടമെടുത്ത് നാടിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആ വികസനം എല്ലാ ഭാഗത്തും കാണാനില്ലേ?

ഇവിടെ പറഞ്ഞ ഏറ്റവും വലിയ രസകരമായ ഒരു സംഭവം, ഇടിവെട്ടിന്റെ ഭാഗമായി എന്റെ വീട്ടിലെന്തോ രേഖ നശിച്ചുപോയി എന്നതാണ്. അതാരാണ് പറഞ്ഞത്? എന്റെ ഓർമ്മ ശരിയാണെങ്കിൽ സെക്രട്ടേറിയറ്റിലെ ഇടിവെട്ടിനെക്കുറിച്ച് പത്രസമ്മേളനത്തിൽ പറഞ്ഞതായി ഓർക്കുന്നു. ഇടിവെട്ട് പലയിടത്തും സംഭവിക്കാറില്ലേ? ഒരു ദിവസം ക്ലിഫ് ഹൗസിൽ ഇടിവെട്ടിയതിന്റെ ഭാഗമായി അവിടത്തെ ടി.വി. നശിച്ചുപോയി; ഏത് രേഖ നശിച്ചുവെന്നാണ് ഞാൻ പറഞ്ഞത്? അവിടത്തെ കമ്പ്യൂട്ടർ നശിച്ചുപോയിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. കമ്പ്യൂട്ടർ അതേപോലെയിരിക്കുകയാണ്. അവിടെ ഇടിവെട്ടിയിരുന്നുവെന്ന് കേട്ടപ്പോൾ എന്നാൽ പിന്നെ ആ ഇടിവെട്ടും ഈ ഇടിവെട്ടും എല്ലാംകൂടി ചേർത്തുകൊണ്ട് അതിനെ ന്യായീകരിക്കാൻവേണ്ടി പറഞ്ഞതാണ് എന്നായി വാദം. അത് വാദത്തിനുവേണ്ടി ഉന്നയിച്ചതാണെന്ന് കണക്കാക്കാം. ഇപ്പോൾ അത് പ്രമേയാവതാരകൻ ഇവിടെക്കൊണ്ടുവന്ന് ഉന്നയിക്കുകയാണ്. ഇവിടെ ആ നവോത്ഥാനഘട്ടത്തിലുള്ള പ്രശ്നം ഇപ്പോഴും വിട്ടുപോയിട്ടില്ലെന്നാണ് തോന്നുന്നത്. അതിന്റെ കുറച്ച് മാനസിക വിഷമമുണ്ടെന്നാണ് തോന്നുന്നത്. നവോത്ഥാന ആശയങ്ങൾക്കെതിരെയുള്ള കാര്യങ്ങൾ വരുമ്പോൾ സ്വാഭാവികമായും നവോത്ഥാനത്തിനുവേണ്ടി നിൽക്കേണ്ടതായിവരും. അത് നിൽക്കുന്നുണ്ട്. അധോലോക നായകനാകണമെങ്കിൽ അധോലോക സ്വഭാവം വേണം; അധോലോകബന്ധം വേണം. ശപിച്ചുകൊണ്ടുമാത്രം അധോലോക നായകനാവില്ല, അത് മനസ്സിലാക്കണം. ആ വാചകം നിങ്ങൾ പറഞ്ഞതിനുശേഷമാണ് സി.ബി.ഐ. കോടതിയിൽ പറഞ്ഞതിനെപ്പറ്റി നിങ്ങൾ പറഞ്ഞത്. ആദ്യം നിങ്ങളുടെ പ്രമേയാവതാരകൻ എന്നോടാണ് പറഞ്ഞത്, നവോത്ഥാന നായകനായി, പിന്നീട് അധോലോക നായകനായി മാറരുതെന്ന്. അതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്.

ഇവിടെ ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് വിശദീകരിക്കേണ്ടതുണ്ട്. ഞാൻ അതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. സ്വർണ്ണക്കടത്ത് എന്താണെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിലല്ലേ പരിശോധിക്കേണ്ടത്? നയതന്ത്ര ബാഗേജ് വഴി യു.എ.ഇ. കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർ ഇത് കടത്തിയെന്ന് വിവരം കിട്ടിയപ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ പരിരക്ഷ ദുരുപയോഗപ്പെടുത്തി സ്വർണ്ണക്കടത്ത് നടത്തിയതിന് മുഖ്യമന്ത്രിയുടെ ഓഫീസിന് പങ്കുണ്ടെന്ന് പറഞ്ഞ് ദുരാരോപണം ഉന്നയിക്കുന്നത് ഒരു വൃഥാ വ്യായാമം മാത്രമാണ്. എന്നാൽ വസ്തുതകൾ ശരിയായി നേരിടാൻ പ്രമേയാവതാരകനും അദ്ദേഹത്തിന്റെ പാർട്ടിയും തയ്യാറാകുന്നില്ല എന്നതാണ് നാം കാണേണ്ട മറ്റൊരു കാര്യം. എന്തുകൊണ്ടാണ് കേന്ദ്ര ഏജൻസിയുടെ പ്രവർത്തനത്തെ വിമർശിക്കേണ്ടിവന്നതെന്ന് ഇവിടെ ഞാൻ പറഞ്ഞു. 21 തവണ നയതന്ത്ര ബാഗേജിലൂടെ സ്വർണ്ണം നയതന്ത്ര പരിരക്ഷ ദുരുപയോഗപ്പെടുത്തി സംസ്ഥാനത്ത് വന്നിട്ടുണ്ട്. അത് സംസ്ഥാനത്തെ സംവിധാനങ്ങളുടെയോ, മുഖ്യമന്ത്രിയുടെയോ, മുഖ്യമന്ത്രിയുടെ ഓഫീസിന്റെയോ വീഴ്ച കൊണ്ടാണോ; ഇത് പരിശോധിക്കാൻ നിയോഗിക്കപ്പെട്ട വകുപ്പും ഉദ്യോഗസ്ഥരുമില്ലേ? കസ്റ്റംസ് ഡ്യൂട്ടി വെട്ടിച്ച് കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണം കണ്ടുകെട്ടേണ്ടത് കേന്ദ്ര സർക്കാരിന്റെ ഭാഗമായ കസ്റ്റംസ് വകുപ്പിന്റെ ചുമതലയാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലെ ഇനമാണ് കസ്റ്റംസ്. സംസ്ഥാന സർക്കാരിനെ ബാധിക്കുന്ന വളരെ ഗൗരവമായ ഒരു വിഷയം ഇതിലടങ്ങിയിട്ടുണ്ട്. തീരുവ അടയ്ക്കാതെ കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണം സംസ്ഥാനത്തിനുള്ളിലെ പല സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾക്കും വിറ്റഴിക്കപ്പെടുകയാണ്. ഇത്തരം കണക്കിൽപ്പെടാത്ത സ്വർണ്ണം വാങ്ങൽ കണക്കിൽപ്പെടാത്ത സ്വർണ്ണ വിൽപ്പനയിലേയ്ക്കും നയിക്കും. അതിന്റെ ഫലമായുണ്ടാകുന്ന നികുതി വെട്ടിപ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട വരുമാനത്തിൽ നല്ല രീതിയിൽ ചോർച്ചയുണ്ടാക്കും. ഈ കാരണം മുൻനിർത്തിയാണ് സ്വർണ്ണ കള്ളക്കടത്ത് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന നടപടിയാണെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടത്. സ്വർണ്ണ കള്ളക്കടത്തിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പും അതിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന കള്ളപ്പണവും സ്വർണ്ണ വ്യാപാരത്തിൽ മാത്രമല്ല ഒതുങ്ങി നിൽക്കുന്നത്. അത് ഗണ്യമായി വിന്യസിക്കപ്പെടുന്നത് റിയൽ എസ്റ്റേറ്റ് ഇടപാടുകളിലാണെന്നത് പരക്കെ അറിയപ്പെടുന്ന വസ്തുതയാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരത്തിൽ കാണിക്കുന്ന ഭൂമി വിലയേക്കാൾ വളരെ കൂടുതൽ തുക കൈമാറ്റം ചെയ്യപ്പെടുകയാണ്. ഇതുകൊണ്ട് എന്തുസംഭവിക്കുന്നു? സർക്കാരിന് കിട്ടേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ചോർച്ചയുണ്ടാകുന്നു. ഇത്തരത്തിലുള്ള കള്ളപ്പണ ഇടപാടുകൾ നടന്നാൽ അത് ബന്ധപ്പെട്ട അധികാരികളെ

അറിയിക്കേണ്ട ഉത്തരവാദിത്വം ഏതൊരു പൗരനുമുണ്ട്. നിയമസഭാ സാമാജികർക്ക് ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വം തന്നെയുണ്ട്. ഇത്തരം കള്ളപ്പണം എണ്ണി തിട്ടപ്പെടുത്തുന്നതിന് മേൽനോട്ടം വഹിക്കുകയും കേന്ദ്ര അന്വേഷണ ഏജൻസികൾ എത്തുന്നുവെന്ന് അറിഞ്ഞപ്പോൾ അവിടെനിന്നും ശരവേഗത്തിൽ പാഞ്ഞുപോകുകയും ചെയ്തത് മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള ആളുകളല്ല.

ഇനി കേന്ദ്ര അന്വേഷണ ഏജൻസികളുടെ നടപടികളെക്കുറിച്ച് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗപ്പെടുത്തി, പ്രതിപക്ഷനേതാക്കളെയും ഭരണസംവിധാനങ്ങളെയും തകർക്കാൻ ഈ ഏജൻസികൾ ശ്രമിക്കുന്നുവെന്ന് പറഞ്ഞത് കോൺഗ്രസ് അദ്ധ്യക്ഷ ശ്രീമതി സോണിയ ഗാന്ധിയാണ്. ഹിന്ദുസ്ഥാൻ ടൈംസിൽ 26-10-2020-ൽ അവർ എഴുതിയ ലേഖനത്തിൽ പറഞ്ഞ കാര്യങ്ങൾ ഇവിടത്തെ കോൺഗ്രസ് നേതാക്കളും വായിച്ചിട്ടുണ്ടാകുമല്ലോ. എന്നാൽ ആ ഭാഗം ഞാൻ ഉദ്ധരിക്കാം. 'ഭരണഘടനാപരമായ മാനദണ്ഡങ്ങളും ജനാധിപത്യതത്വങ്ങളും ലംഘിക്കപ്പെടുന്നു. പൗരന്മാരുടെ പൊതുതാല്പര്യങ്ങൾക്കുവേണ്ടി അധികാരം പ്രയോഗിക്കേണ്ട സർക്കാർ രാഷ്ട്രീയ എതിരാളികളെ തെരഞ്ഞുപിടിച്ച് വേട്ടയാടുന്നു. വിമർശിക്കുന്നവരെ നേരിടാൻ അന്വേഷണ ഏജൻസികളെ കെട്ടഴിച്ചുവിട്ടു. ഒരു വിഭാഗം മാധ്യമങ്ങളെയും ഓൺലൈൻ ട്രോൾ ഫാക്ടറികളെയും കൂട്ടുപിടിച്ചാണ് ബി.ജെ.പി.-യും കേന്ദ്ര സർക്കാരും ആക്രമണങ്ങൾക്ക് കളമൊരുക്കുന്നത്. എന്നാണ്.' അതിനും എന്തോ കമന്റടിച്ചു. തമിഴ്നാടിനെപ്പറ്റി എന്തോ പറയുന്നതുകേട്ടു. എന്താണെന്ന് ശരിക്കും കേട്ടില്ല. കോൺഗ്രസ്സിന്റെ നിരവധി നേതാക്കളെ കേന്ദ്ര ഏജൻസികൾ പീഡിപ്പിക്കുന്നുവെന്ന പ്രശ്നം കോൺഗ്രസ് തന്നെയാണ് പലവട്ടം ഉന്നയിച്ചത്. ആ കോൺഗ്രസ്സ് തന്നെയല്ലേ ഇവിടെയുമുള്ളത്. പക്ഷെ ഇവിടെ എത്തുമ്പോൾ അവരുടെ നിലപാട് മാറുകയാണ്. കേന്ദ്ര ഏജൻസികളുടെ തെറ്റായ ഇടപെടലുകളെക്കുറിച്ച് ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ വന്നപ്പോഴും പറഞ്ഞില്ലേ. സി.ബി.ഐ., ഇ.ഡി. തുടങ്ങിയ അന്വേഷണ ഏജൻസികളെ സമ്മർദ്ദമുണ്ടാക്കാനും ഭീഷണിപ്പെടുത്താനും വേട്ടയാടാനും ഉപയോഗിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. താനും വ്യക്തിപരമായി ഇത് നേരിടുന്നയാളാണെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. കേന്ദ്രം ഈ അന്വേഷണ ഏജൻസികളെ നശിപ്പിക്കുകയാണെന്നും ജനങ്ങൾക്ക് നീതി ലഭിക്കാൻ വേണ്ടിയാണ് ഇത്തരം സ്ഥാപനങ്ങൾ ഉണ്ടാക്കിയതെന്നും അവ രാഷ്ട്രീയ ഉപകരണങ്ങളായല്ല രൂപീകരിക്കപ്പെട്ടതെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ഈ നിലപാട് കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾക്ക് ഇല്ലാതെ പോകുന്നത് എന്തുകൊണ്ടാണ്? കോൺഗ്രസ്സിന്റെ പ്രവർത്തകസമിതി

അംഗമായ ശ്രീ. പി. ചിദംബരത്തിനും അദ്ദേഹത്തിന്റെ മകൻ കാർത്തി ചിദംബരത്തിനുമെതിരെ ഇ.ഡി. നടത്തിയ അന്വേഷണം ഇതേ രീതിയിൽ തന്നെയാണോ കോൺഗ്രസ്സ് വിലയിരുത്തുന്നത്? ഈയിടെ അന്തരിച്ച കോൺഗ്രസ്സ് നേതാവ് അഹമ്മദ് പട്ടേൽ, അദ്ദേഹത്തിന്റെ മകൻ ഫൈസൽ, മരുമകൻ ഇർഫാൻ സിദ്ദിഖ് ഇവരെയെല്ലാം ചോദ്യം ചെയ്ത കാര്യം മറന്നുപോകരുത്. ഈയിടെ അന്തരിച്ച മറ്റൊരു മുതിർന്ന കോൺഗ്രസ്സ് നേതാവായ മോത്തിലാൽ വോറ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഇരയായിരുന്നില്ലേ? കോൺഗ്രസ്സ് നേതാക്കളായ ഡി. കെ. ശിവകുമാർ കള്ളപ്പണം വെളുപ്പിച്ചു എന്ന പേരിൽ ഇ.ഡി. കേസ്സെടുത്തില്ലേ; മറ്റൊരു നേതാവ് ഭൂപീന്ദർസിംഗ് ഹൂഡക്കെതിരെയും കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്നില്ലേ? മുൻ മധ്യപ്രദേശ് മുഖ്യമന്ത്രി ശ്രീ. കമൽനാഥ്, രാജസ്ഥാൻ മുഖ്യമന്ത്രി ശ്രീ. അശോക് ഗലോട്ട് തുടങ്ങിയവരുടെ കുടുംബാംഗങ്ങളെയും ചോദ്യം ചെയ്തിട്ടുണ്ട്. മുതിർന്ന കോൺഗ്രസ്സ് നേതാവ് ശ്രീ. ഗുലാംനബി ആസാദിനെയും വെറുതെ വിട്ടില്ല. ഇത്തരത്തിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളവരെക്കുറിച്ച് കോൺഗ്രസ്സ് നേതാക്കന്മാരുടെയും പ്രമേയാവതാരകന്റെയും അഭിപ്രായമെന്താണ്? ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു ഇരട്ടത്താപ്പുമില്ല. ഒരു അന്വേഷണ ഏജൻസി തെളിവുകൾ ശേഖരിച്ച് വസ്തുതകൾ കണ്ടെത്തിവേണം നിഗമനത്തിലെത്താൻ. അങ്ങനെ എത്തിച്ചേർന്നതിനുശേഷം തെളിവുകൾ സൃഷ്ടിക്കുകയും വസ്തുതകൾ വളച്ചൊടിക്കുന്ന രീതിയും അന്വേഷണമല്ല. നിലവിലെ സാഹചര്യത്തിൽ കേന്ദ്ര അന്വേഷണ ഏജൻസികൾ ഇത് വളരെ വ്യാപകമായി ചെയ്യുന്നുവെന്ന ആക്ഷേപമാണ് ഉയർന്നുവന്നിട്ടുള്ളത്. ഈ ആക്ഷേപം ഞങ്ങൾക്ക് മാത്രമല്ല ഈ പ്രമേയാവതാരകന്റെ പാർട്ടിയുടെ അഖിലേന്ത്യാ നേതാക്കൾക്കും ശക്തമായി തന്നെയുണ്ട് എന്നുള്ളതാണ് വസ്തുത. ഞങ്ങളോട് മാത്രമല്ല, ഇവരുടെ സ്വന്തം നേതാക്കളോടുപോലും ഇവർക്ക് വിയോജിപ്പാണ്. നിങ്ങളുടെ നേതാക്കൾ പ്രതിരോധത്തിലായാലും വേണ്ടില്ല, ഇടതുപക്ഷ സർക്കാരിനെ കരിവാരിത്തേയ്ക്കാൻ കിട്ടുന്ന അവസരം പാഴാക്കില്ല എന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്. അതിന് ബി.ജെ.പി.-യുടെ കച്ചേരിക്ക് പക്കവാദ്യം വായിക്കാൻ നിങ്ങൾ സദാസന്നദ്ധരായി നിൽക്കുകയാണ്. സ്വർണ്ണം വന്നത് നയതന്ത്ര ബാഗേജിൽ അല്ലെന്ന് ഒരു കേന്ദ്രമന്ത്രി പറയുകയുണ്ടായി. അതിനെക്കുറിച്ച് ഇവർക്ക് ഇതേവരെ ഒന്നും പറയാനായിട്ടില്ല, ഒന്നും പറയുകയുമില്ല. ബി.ജെ.പി. നേതാവ് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ ആവർത്തിക്കുന്ന മെഗാഫോണായി പലപ്പോഴും മാറുന്നത് നമ്മൾ കാണുന്നില്ലേ, അങ്ങനെ ഒരു അവസ്ഥയുണ്ടാകാൻ പാടുണ്ടോ? ഇതൊക്കെ നാട് വിലയിരുത്തിക്കൊണ്ടിരിക്കുകയാണെന്ന് കാണണം. ഞങ്ങൾക്ക് ഇതിൽ ഒറ്റ നിലപാടേയുള്ളൂ. ആ നിലപാടിൽ കൃത്യമായ അന്വേഷണം നടക്കണം.

കുറ്റവാളികൾ ആരായാലും അവരെ കണ്ടെത്തണം. അതിൽ യാതൊരു തരത്തിലുള്ള ആശങ്കയുമില്ല. ഇതാണ് സർക്കാരിന്റെ നിലപാട്. അത് കേന്ദ്ര ഗവൺമെന്റിനെ വീണ്ടും അറിയിച്ചിട്ടുമുണ്ട്. പക്ഷേ തെറ്റായ വഴിയിലൂടെ കേരളത്തെയും കേരളത്തിലെ ഗവൺമെന്റിനെയും വല്ലാതെ ഞെക്കിക്കളയാം, ശ്വാസം മുട്ടിച്ചുകളയാം എന്ന് ധരിച്ചാൽ അതൊന്നും നടക്കുന്ന കാര്യമല്ല. കാരണം ഇത് കേരളമാണ്. ഇവിടെ ഇപ്പോഴുള്ളത് എൽ.ഡി.എഫ്. സർക്കാരാണ്. ഇവിടെ സുതാര്യമായാണ് കാര്യങ്ങളെല്ലാം നടത്തിയിട്ടുള്ളത്. ഒന്നിനെയും ഞങ്ങൾ ആശങ്കയോടെ കാണുന്നില്ല. എല്ലാ സുതാര്യമായ നടപടികളെയും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയം ഒരു തരത്തിലും ചർച്ച ചെയ്യേണ്ട ആവശ്യം വരുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ തോന്നിയത്, ഞാനൊരു ഭയങ്കര സംഭവമാണെന്ന് സ്വയം പറയുന്നതിനേക്കാൾ നല്ലത് പുറകിൽനിന്ന് ആരെയെങ്കിലും കൊണ്ട് പറയിക്കുന്നതായിരുന്നു എന്നാണ്. ഇപ്പോൾത്തന്നെ പി.ആർ. ഏജൻസി അദ്ദേഹത്തിനുവേണ്ടി പ്രവർത്തിക്കുന്നുണ്ടല്ലോ. ഇത്തിരി മയത്തിലൊക്കെ തള്ളണമായിരുന്നു എന്നാണ് അദ്ദേഹത്തോട് പറയാനുള്ളത്. കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്തിരുന്നുകൊണ്ട് ശ്രീ. പിണറായി വിജയൻ പറഞ്ഞ കാര്യങ്ങൾ ഓരോന്നോരോന്നായി എടുത്തുനോക്കാം. ആരാണ് എം. ശിവശങ്കറിനെ നിയോഗിച്ചത്? 1990-ലെ ലിസ്റ്റിലാണ് എം. ശിവശങ്കർ വന്നത്. അന്ന് ആരായിരുന്നു മുഖ്യമന്ത്രി? ഇ. കെ. നായനാരായിരുന്നു മുഖ്യമന്ത്രി. വസ്തുതാവിരുദ്ധമായി സംസാരിക്കുന്നത് എന്തിനാണ്? ശ്രീ. പി. ടി. തോമസിന്റെ ഗ്രൂപ്പിനെപ്പറ്റി പറഞ്ഞു. 18 വർഷം പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്ന വലിയ മനുഷ്യനെ ഇല്ലായ്മ ചെയ്ത ഗ്രൂപ്പിന്റെ നേതാവാണ് ശ്രീ. പിണറായി വിജയൻ. ആ പാവത്തിന്റെ പൊടിപോലും ഇപ്പോൾ കാണാനില്ല. അങ്ങനെ ഗ്രൂപ്പ് കളിച്ച് മുഴുവൻ സ്ഥാനവും പിടിച്ചടക്കിയ ആളുകളാണ് ഞങ്ങളെപ്പറ്റി പറയുന്നത്. അതൊക്കെ എല്ലാവർക്കുമറിയാം. ഗ്രൂപ്പുകളിയുടെ ആശാനാണ് ഇവിടെ ഗ്രൂപ്പുകളിയെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ലേ, ശ്രീ. പിണറായി വിജയനെ നന്നായി കേരളത്തിലെ ജനങ്ങൾക്കറിയാമെന്ന്. ഒരു സംശയവും വേണ്ട, കേരളത്തിലെ ജനങ്ങൾക്ക് ശ്രീ. പിണറായി വിജയനെ വളരെ നന്നായിട്ടറിയാം.

11.00 AM]

അദ്ദേഹം പറഞ്ഞു ലാവ്‌ലിൻ കേസ് തീർന്നുവെന്ന്. അത് എവിടെയാണ് തീർന്നത്. 374 കോടി രൂപയുടെ ഗുരുതരമായ അഴിമതി നടത്തിയ ലാവ്‌ലിൻ കേസ് സുപ്രീംകോടതിയിൽ അപ്പീലിൽ നിൽക്കുകയല്ലേ. ആ കേസ് 20 തവണ മാറ്റിവച്ചു. ബി.ജെ.പി.യും നിങ്ങളും തമ്മിലുള്ള അന്തർധാരയാണ് അതിലൂടെ തെളിഞ്ഞുവരുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, .....

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്താണ് നടക്കുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇവിടെ ആരെങ്കിലും സംസാരിച്ചോ; മര്യാദകേടല്ലേ കാണിക്കുന്നത്; അങ്ങ് നിയന്ത്രിക്കാത്തത് എന്തുകൊണ്ടാണ്? ലാവ്‌ലിൻ കേസ് തീർന്നിട്ടില്ല. സുപ്രീംകോടതിയിൽ നിൽക്കുന്ന കേസ്സാണ്. ആ കേസ് 20 തവണ മാറ്റിവച്ചതിന്റെ കാരണത്തെപ്പറ്റി കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾക്കറിയാം. ഇവിടെ ചെകുത്താൻ വേദം ഓതുകയാണ്. അദ്ദേഹം വിശുദ്ധനാകാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കുളിച്ച ഗവൺമെന്റാണ്. അദ്ദേഹം അവരെ നോക്കി പറഞ്ഞല്ലോ, ഞങ്ങളെക്കുറിച്ചൊന്നും ആരും പറയില്ലെന്ന്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഒരു കോടി രൂപ...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇയാൾക്ക് എന്തുപറ്റി? തനിക്ക് എന്താണ് വേണ്ടത്; മര്യാദ വേണ്ടേ? ...(ബഹളം)...എന്നാൽ ഇവിടെയാരും പ്രസംഗിക്കുന്നില്ല. ..(ബഹളം)...എന്റെ അച്ഛൻ, അമ്മ എന്ന് പറഞ്ഞ് ഞാൻ കരഞ്ഞിട്ടില്ല. അങ്ങനെയൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കണ്ട. അച്ഛൻ, അമ്മ, വീട്ടുകാർ......(ബഹളം)...അങ്ങനെയാണെങ്കിൽ ഇവിടെയാരും പ്രസംഗിക്കില്ല. നമുക്കത് കാണാം.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഇതൊന്നും കാണുന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനങ്ങുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ ആരും ഒരക്ഷരം മിണ്ടിയില്ലല്ലോ.

മി. സ്പീക്കർ: നിങ്ങളാണ് തുടർച്ചയായി കമന്റ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ കമന്റ് പറഞ്ഞില്ലേ ശ്രീ. കെ. സി. ജോസഫ്. മൂന്നാം നിരയിലും നാലാം നിരയിലും ഇരിക്കുന്ന അംഗങ്ങൾ എന്തെല്ലാം കമന്റുകളാണ് വിളിച്ചു പറഞ്ഞത്. കമന്റ് പറയുന്നതിൽ ആരും മോശമല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ അച്ഛനും അമ്മയും ഉണ്ടെന്ന് പറഞ്ഞ് ഞാൻ ഒരു ടെലിവിഷൻ ചാനലിന് മുന്നിലും കരഞ്ഞിട്ടില്ല രാജേഷേ? കരഞ്ഞത് ആരാണെന്ന് എല്ലാവർക്കുമറിയാം. അതൊന്നും പറയിക്കല്ലേ. ഇതൊരു പ്രത്യേക ജനുസ്സാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നിങ്ങളൊരു പ്രത്യേക ജനുസ്സാണെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ടാണ് ഇതെല്ലാം കാട്ടിക്കൂട്ടുന്നതെന്ന് എല്ലാവർക്കുമറിയാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 1991 മുതൽ 1996 വരെ ആദ്യം കരുണാകരനും പിന്നീട് ശ്രീ. എ. കെ. ആന്റണിയുമാണ് മുഖ്യമന്ത്രിയായിരുന്നത്. ആ ഭരണകാലത്താണ് ശ്രീ. എം. ശിവശങ്കറിനെ നിയമിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 1990-ലെ ലിസ്റ്റിലാണ് ശ്രീ. എം. ശിവശങ്കർ വന്നത്. 1990-ൽ ഇ. കെ. നായനാരായിരുന്നു മുഖ്യമന്ത്രി. അങ്ങ് ലിസ്റ്റ് പരിശോധിച്ചു നോക്കൂ. ഈ വിഷയം ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ചതാണ് മഹത്തായ കുറ്റമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇക്കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രീ. പി. ടി. തോമസിന് അധികാരമില്ലേ? അദ്ദേഹത്തിന് സംസാരിക്കാൻ അധികാരവും അവകാശവുമില്ലേ? അദ്ദേഹം എന്ത് തെറ്റാണ് പറഞ്ഞത്? കേരളത്തിന്റെ മുഖ്യമന്ത്രിയെ വിമർശിച്ചതിന് അവർക്കെതിരെ ഇത്രയും മോശമായ ഭാഷയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് തെറ്റായിപ്പോയി. ഒരംഗം എന്ന നിലയിൽ ശ്രീ. പി. ടി. തോമസിന് അധികാരവും അവകാശവുമുണ്ട്. അദ്ദേഹം ആരേയും തെറിയൊന്നും പറഞ്ഞിട്ടില്ല. ആരെയാണ് തെറി പറഞ്ഞത്. ഈ സംസ്ഥാനം നേരിട്ട സ്വർണ്ണ കള്ളകടത്തുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സഹായത്തോടുകൂടി നടന്ന സ്വർണ്ണ കള്ളക്കടത്തിന്റെ പ്രശ്നം ഉന്നയിക്കണ്ടേ; കേരളത്തിൽ നടന്ന ഏറ്റവും വലിയ അധോലോക ഇടപാടുകൾ ഉന്നയിക്കണ്ടേ; സംസ്ഥാന മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കറിന്റെ സഹായത്തോടുകൂടി നടന്ന സ്വർണ്ണ കള്ളക്കടത്തിനെപ്പറ്റി ഉന്നയിക്കണ്ടേ; അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. സി. എം. രവീന്ദ്രൻ ഉൾപ്പെടെയുള്ളവരുടെ പിന്തുണ ഇതിനുണ്ടായിരുന്നുവെന്നുള്ളത് സത്യമല്ലേ; അത് ഞങ്ങൾ ഉന്നയിക്കണ്ടേ? ......... (ബഹളം).......... കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞത് ഭരണഘടനയുടെ 164-ാം അനുച്ഛേദമനുസരിച്ച് സംസ്ഥാന മുഖ്യമന്ത്രിയെന്നാൽ സ്റ്റേറ്റിന്റെ പൊളിറ്റിക്കൽ ഹെഡ്ഡാണെന്നാണ്. എന്നുവച്ചാൽ, Chief Minister's office is the highest political office of the State. അത്രയ്ക്ക് ഔന്നത്യം പുലർത്തേണ്ട ഓഫീസാണ്

ശ്രീ. പിണറായി വിജയന്റെ ഭരണത്തിൽ അന്താരാഷ്ട്ര കള്ളക്കടത്ത് സംഘത്തിന്റെ വിഹാരരംഗവും താവളവുമായി മാറിയത്. അതിനെപ്പറ്റി പറയുമ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് പൊള്ളുന്നത് എന്തിനാണ്? ഓഫീസിനെ നിയന്ത്രിക്കാൻ കഴിയാത്ത അങ്ങേയ്ക്ക് കേരളത്തെ നിയന്ത്രിക്കാൻ കഴിയുമെന്നുള്ള തെറ്റിദ്ധാരണ ജനങ്ങൾക്കില്ല. സ്വന്തം ഓഫീസ് നിയന്ത്രിക്കാൻ കഴിയാത്തൊരാൾ കേരളത്തെ എങ്ങനെ നിയന്ത്രിക്കും? സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ ഓഫീസ് അന്താരാഷ്ട്ര കള്ളക്കടത്ത് സംഘത്തിന്റെ താവളമായി മാറുന്നതും തുടർന്ന് എൻ.ഐ.എ.-യുടെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അടക്കമുള്ള ദേശീയാന്വേഷണ ഏജൻസികളുടെയും അന്വേഷണത്തിന് വിധേയമാകുന്നതും സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. ഏതെങ്കിലുമൊരു മുഖ്യമന്ത്രിക്ക് ഇത്തരമൊരു അനുഭവമുണ്ടായിട്ടുണ്ടോ? അക്കാര്യമാണ് ശ്രീ. പി. ടി. തോമസ് ചോദിച്ചത്. ഏതെങ്കിലുമൊരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിക്കോ കോൺഗ്രസ്സ് മുഖ്യമന്ത്രിക്കോ ഇത്തരമൊരു അവസ്ഥ ഉണ്ടായിട്ടുണ്ടോ? സ്വർണ്ണ കള്ളക്കടത്ത് സംഘത്തിന് സംസ്ഥാനത്തെ ഏറ്റവും ഉന്നതമായ ഭരണനിർവ്വഹണ കേന്ദ്രത്തിൽ കയറിപ്പറ്റാനും തങ്ങളുടെ നിക്ഷിപ്ത താല്പര്യത്തിനുവേണ്ടി അതിനെ ഉപയോഗിക്കാനും കഴിഞ്ഞത് എങ്ങനെയാണ്? മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഈ കള്ളക്കടത്തിന് സഹായിയായി മാറി. 50 മാസത്തോളം മുഖ്യമന്ത്രിയുടെ ഓഫീസിനെ നിയന്ത്രിച്ച വ്യക്തിയായിരുന്നില്ലേ ശ്രീ. എം. ശിവശങ്കർ? ആ ഐ.എ.എസ്. ഉദ്യോഗസ്ഥനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയാത്തത് എന്തുകൊണ്ടാണ്? ഇതൊക്കെ അറിഞ്ഞില്ലെന്ന് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കണമെന്നാണോ അങ്ങ് പറയുന്നത്. ഇവിടെ നടക്കുന്നത് എന്താണ്? 2020 ജൂൺ 30-നാണ് യു.എ.ഇ. കോൺസുലേറ്റ് നയതന്ത്ര ചാനലിലൂടെ തിരുവനന്തപുരം വിമാനത്താവളത്തിൽ വന്ന ബാഗേജിൽ 30 കിലോഗ്രാം സ്വർണ്ണം കസ്റ്റംസ് പിടിച്ചത്. ഇതേത്തുടർന്നുള്ള അന്വേഷണത്തിലാണ് യു.എ.ഇ. കോൺസുലേറ്റ് ജനറലിന്റെ സെക്രട്ടറിയായിരുന്ന ശ്രീമതി സ്വപ്ന സുരേഷ്, പി.ആർ.ഒ. ആയിരുന്ന സരിത്ത്, സന്ദീപ് നായർ എന്നിവർ അറസ്റ്റിലാകുന്നത്. 13 മാസംകൊണ്ട് 250 കിലോഗ്രാം സ്വർണ്ണം കള്ളക്കടത്ത് നടത്തി. ലോക്ഡൗൺ കാലത്തുമാത്രം 70 കിലോഗ്രാം സ്വർണ്ണമാണ് കടത്തിയത്. ഈ സഹായങ്ങൾ മുഴുവൻ ചെയ്തുകൊടുത്തത് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായ ശ്രീ. എം. ശിവശങ്കർ ആയിരുന്നു. ഈ കള്ളക്കടത്ത് സംഘവുമായി ബന്ധപ്പെട്ട സ്വപ്ന സുരേഷ് മുഖ്യമന്ത്രിയുടെ ഓഫീസിലെ നിത്യസന്ദർശകയായിരുന്നു. സെക്രട്ടേറിയറ്റിലെ നിത്യസന്ദർശകയായിരുന്നു. ഇതൊന്നും നിഷേധിക്കാനാവാത്ത സത്യമല്ലേ? ഇവിടെ തെളിവുകൾ നശിപ്പിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പറഞ്ഞു. തെളിവുകൾ നശിപ്പിക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമല്ലേ സെക്രട്ടേറിയറ്റിലെ സി.സി.ടി.വി. ദൃശ്യങ്ങൾ നഷ്ടപ്പെട്ടത്. അവിടെ മാത്രം തീപിടിത്തമുണ്ടായതെങ്ങനെയാണ്; ഫോറൻസിക് ലാബിന്റെ പരിശോധനാ റിപ്പോർട്ട് വന്നില്ലേ; വീണ്ടും പരിശോധനയ്ക്ക് അയച്ചില്ലേ; ആ റിപ്പോർട്ടും വന്നില്ലേ? ഒരു പ്രത്യേക സെക്ഷനിൽ മാത്രം തീപിടിത്തമുണ്ടാവുകയും പ്രോട്ടോകോൾ ഡിപ്പാർട്ടുമെന്റിലെ പ്രധാനപ്പെട്ട ഫയലുകൾ നശിക്കുകയും ചെയ്തത് തെളിവുകൾ നശിപ്പിക്കാനല്ലേ; അതിനു കൂട്ടുനിൽക്കുകയല്ലേ സർക്കാർ ചെയ്തത്. ഇന്ന് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ പുറത്തു വന്നിട്ടുണ്ട്. ശ്രീ. എം. ശിവശങ്കർ വഴിവിട്ട് പ്രവർത്തിച്ച, മുഖ്യമന്ത്രിക്ക് കൈമാറിയ റിപ്പോർട്ടിൽ ഇതുവരെ തീരുമാനമെടുത്തില്ല. പ്രതിപക്ഷമുന്നയിച്ച ഓരോ കാര്യങ്ങളും ശരിയാണെന്ന് തെളിയിക്കുന്ന വിധത്തിലുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് പുറത്തുവന്നു. നിശ്ചിത യോഗ്യതയില്ലാതെ ശ്രീമതി സ്വപ്ന സുരേഷിനെ സ്പെയ്സ് പാർക്കിൽ നിയമിക്കാൻ ശ്രീ. എം. ശിവശങ്കറിന്റെ നേതൃത്വത്തിൽ ഗൂഢാലോചന നടന്നു, ശിവശങ്കർ സ്വജനപക്ഷപാതം കാണിച്ചു, മറ്റൊരു വകുപ്പിൽ ക്രമക്കേട് നടത്തിയതിന് നടപടിക്ക് വിധേയനായ ഉദ്യോഗസ്ഥനെ ശിവശങ്കർ നിയമിച്ചു. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനെ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിച്ച വിവരം സർക്കാരിനെ അറിയിച്ചില്ല. കെ.എസ്.ഐ.ടി.ഐ.എൽ. (Kerala State Information Technology Infrastructure Limited)-ലെ എല്ലാ അനധികൃത നിയമനങ്ങളും റദ്ദാക്കി ജീവനക്കാരെ പിരിച്ചുവിടണം തുടങ്ങിയ ശിപാർശകളാണ് അതിലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിൽ നൂറ് കണക്കിന് അനധികൃത നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും നടന്നിട്ട് അങ്ങ് അത് അറിഞ്ഞില്ലെങ്കിൽ ആ സ്ഥാനത്തിരിക്കാൻ അങ്ങേയ്ക്ക് എന്ത് യോഗ്യതയാണുള്ളത്? ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ റിപ്പോർട്ട് അങ്ങയുടെ കയ്യിലുണ്ടല്ലോ? അങ്ങ് അത് പരിശോധിക്കണം. ഇത്രയും ഗുരുതരമായ തെറ്റുകളുണ്ടായിട്ടും ആ ഉദ്യോഗസ്ഥന് ഇപ്പോഴും Good Certificate കൊടുക്കുന്ന ജോലിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തത്. അദ്ദേഹം പ്രഗത്ഭനായ ഉദ്യോഗസ്ഥനാണെന്നാണ് അങ്ങ് പറഞ്ഞത്. ഇവിടെ ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത് ലോക്ഡൗൺ കാലത്ത് ശ്രീമതി സ്വപ്ന സുരേഷ് എങ്ങനെ ബാംഗ്ലൂരിലെത്തി എന്നുള്ള പ്രസക്തമായ ചോദ്യമല്ലേ? ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും അറിവോടെയും സഹായത്തോടെയുമല്ലേ അവർ ബാംഗ്ലൂരിലെത്തിയത്. ഒരു ജില്ല കടന്ന് മറ്റൊരു ജില്ലയിലേയ്ക്ക് പോകാൻ ആളുകൾക്ക് കഴിയാതിരുന്ന സാഹചര്യത്തിലാണ് അവർ സുഗമമായി ബാംഗ്ലൂരിലെത്തിയത്. എന്നിട്ട് അവർ ഒരു ശബ്ദസന്ദേശം കൂടി കൊടുത്തു. ഈ

മന്ത്രിസഭയ്ക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകരുതെന്നായിരുന്നു അവരുടെ ശബ്ദസന്ദേശം. അവരുടെ ബന്ധം എത്ര ആഴത്തിലുള്ളതാണെന്ന് ആ ശബ്ദ സന്ദേശത്തിൽനിന്നു തന്നെ ആളുകൾക്ക് മനസ്സിലായി. ഈ മന്ത്രിസഭയുടെ കാര്യത്തിൽ ഒരു കള്ളക്കടത്തുകാരിക്ക് ഇത്ര ആശങ്കയുണ്ടാകേണ്ട കാര്യമെന്താണ്; ഈ മന്ത്രിസഭയുടെ കാര്യത്തിൽ ആശങ്കപ്പെടാൻ ഇവർ ആരാണ്; ഈ ഗവൺമെന്റിന്റെ കാര്യങ്ങളിൽ താല്പര്യം പ്രകടിപ്പിക്കാനുള്ള എന്തധികാരമാണ് അവർക്കുള്ളത്? ഇവിടെ ലക്ഷക്കണക്കിന് ചെറുപ്പക്കാർ ജോലിയില്ലാതെ നട്ടംതിരിയുന്നു. അപ്പോഴാണ് എസ്.എസ്.എൽ.സി. പാസ്സാകാത്ത ഇവരെ 1,75,000 രൂപ ശമ്പളത്തിൽ സ്പെയ്സ് പാർക്കിൽ നിയമിക്കുന്നത്. ഇതുപോലെ എത്രയോ നിയമനങ്ങൾ അവിടെ നടന്നു. ഇവിടെ ഇന്റലിജൻസ് സംവിധാനമില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്റലിജൻസ് റിപ്പോർട്ട് ലഭിക്കാറില്ലേ? ഇവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഫെബ്രുവരി 20-ന് മുഖ്യമന്ത്രിക്ക് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നാണ് മാധ്യമങ്ങളിലൂടെ വാർത്തകൾ വന്നത്. അങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അദ്ദേഹം അത് കണ്ടില്ല; അല്ലെങ്കിൽ എന്തുകൊണ്ട് അത് ഗൗരവത്തിലെടുത്തില്ല? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നും ശ്രദ്ധിക്കുന്നില്ലെങ്കിൽ സംസ്ഥാനത്തിന്റെ സുരക്ഷിതത്വം തന്നെ അപകടത്തിലാകുന്ന നിലയല്ലേ? നാല് വർഷക്കാലം തന്റെ കണ്ണും കാതുമായി പ്രവർത്തിച്ച ശ്രീ. എം. ശിവശങ്കർ ചെയ്ത കുറ്റകൃത്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരക്ഷരം ഇവിടെ പറഞ്ഞില്ല. ശ്രീ. പി. ടി. തോമസിനെ വിമർശിക്കാൻവേണ്ടി എടുത്ത സമയത്തിന്റെ അഞ്ച് ശതമാനം സമയമെടുത്ത് ശ്രീ. എം. ശിവശങ്കറിനെ തള്ളിപ്പറയാമായിരുന്നല്ലോ? ശ്രീ. എം. ശിവശങ്കറിനേയും ശ്രീമതി സ്വപ്ന സുരേഷിനെയും ബന്ധപ്പെട്ട ആളുകളേയുംകുറിച്ച് ഒരക്ഷരം പറഞ്ഞില്ലല്ലോ? ശ്രീ. എം. ശിവശങ്കറിന്റെ അഴിഞ്ഞാട്ടങ്ങൾ വെളിപ്പെടുത്താനുള്ള ബാധ്യത കേരളത്തിന്റെ മുഖ്യമന്ത്രിക്കില്ലേ? അതിനെക്കുറിച്ച് അദ്ദേഹം ഇന്നിവിടെ പറയുമെന്ന് ഞാൻ വിചാരിച്ചു. അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല. തനിക്ക് മുഖ്യമന്ത്രിയുമായി അടുത്ത പരിചയമുണ്ടെന്ന് കള്ളക്കടത്ത് കേസ്സിലെ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷ് എൻ.ഐ.എ. -യുടെ ചോദ്യം ചെയ്യലിൽ സമ്മതിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസുമായി തനിക്ക് അടുത്ത ബന്ധമുണ്ടെന്നും മുഖ്യമന്ത്രിയുടെ മാർഗ്ഗനിർദ്ദേശിയാണെന്നും താൻ പലതവണ ക്ലിഫ് ഹൗസിൽ പോയിട്ടുണ്ടെന്നും സ്വപ്ന സുരേഷ് പറഞ്ഞു. ഇത്രയും നാൾ ശ്രീമതി സ്വപ്ന സുരേഷിനെ അറിയില്ലെന്നും വിവാദ സ്ത്രീയെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. വെളിപ്പെടുത്തലുകൾ വന്നപ്പോൾ അഭിപ്രായം മാറ്റിപ്പറഞ്ഞതാരാണ്? അവർ വന്നിട്ടുണ്ടാകും, കോൺസുലേറ്റ് ജനറലും അവിടെ

വന്നിട്ടുണ്ടാകും, പരിപാടിക്ക് ക്ഷണിച്ചിട്ടുണ്ടാകും എന്നൊക്കെ പറഞ്ഞതാരാണ്? മാറിമാറി അഭിപ്രായങ്ങൾ പറഞ്ഞത് ഞങ്ങളല്ലല്ലോ; അഭിപ്രായങ്ങൾ മാറ്റി പറഞ്ഞതാരാണ്; ഞങ്ങളാണോ? ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിയുടെ ഓഫീസിനെ ദുരുപയോഗപ്പെടുത്തി വ്യാജസർട്ടിഫിക്കറ്റ് തരപ്പെടുത്തി ജോലി നേടി. അതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്താൻ ഉത്തരവിട്ടു. അതെന്തായി? ക്രൈംബ്രാഞ്ച് അന്വേഷണം എവിടെ നിൽക്കുന്നു? ഇതാണോ പ്രത്യേക ജനുസ്സ്? ഇവിടെ എല്ലാം അട്ടിമറിക്കപ്പെടുകയാണ്. ഈ കേസ്സന്വേഷണം അട്ടിമറിക്കാൻ ഗവൺമെന്റ് ബോധപൂർവ്വം ശ്രമിക്കുന്നു. ക്രൈംബ്രാഞ്ച് അന്വേഷണം അട്ടിമറിച്ചിരിക്കുന്നു. വിമാനത്താവള റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ശ്രീമതി സ്വപ്ന സുരേഷിന്റെ പേരിൽ നേരത്തെ ഒരു കേസ്സുണ്ടായിരുന്നു. ആ കേസ് അട്ടിമറിക്കപ്പെട്ടു.

(ശ്രീ. ഇ. പി. ജയരാജൻ): സർ, സ്വപ്ന സുരേഷുമായി നിങ്ങൾക്ക് ബന്ധമില്ലേ? (....ബഹളം....)

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്പെയ്സ് പാർക്ക് കോവളത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര പരിപാടിയുടെ മുഖ്യസംഘാടകയും ആ പരിപാടി സംഘടിപ്പിച്ചതും ആരാണ്? സ്വർണ്ണക്കടത്ത് സംഘവുമായി തന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. ശിവശങ്കറിനുണ്ടായിരുന്ന ബന്ധത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു എന്നുള്ളതിന് ഇതിനേക്കാൾ വലിയ ഉദാഹരണം ആവശ്യമുണ്ടോ? വിദേശ യാത്രയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ശ്രീമതി സ്വപ്ന സുരേഷ് നടത്തിയ വിദേശ യാത്രകൾ ഒരു വ്യക്തിയെന്ന നിലയിൽ നടത്തിയതല്ല, പ്രിൻസിപ്പൽ സെക്രട്ടറിയോടൊപ്പം നടത്തിയ യാത്രകളാണ്. ഗൾഫിൽ പ്രളയാനന്തര സഹായത്തിനുവേണ്ടിയുള്ള കോൺഫറൻസ് നടത്തിയപ്പോൾ അവർ അവിടെയുണ്ടായിരുന്നു, അവരുടെ സഹായമുണ്ടായിരുന്നു. അതുകൊണ്ടാണ് ശ്രീ. പി. ടി. തോമസ് ഇക്കാര്യം ഉന്നയിച്ചത്. അല്ലാതെ ഒരാൾ ദുബായിൽ പോകുന്നതിനെക്കുറിച്ച് നമ്മൾ അന്വേഷിക്കേണ്ട കാര്യമെന്താണ്? കേന്ദ്ര ഏജൻസിയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. കേന്ദ്ര ഏജൻസിയെ ക്ഷണിച്ചതാരാണ്; അങ്ങല്ലേ കത്തെഴുതിയത്? അങ്ങനെയല്ലേ അവർ ഇവിടെ വരുന്നത്. അവർ വന്ന് അന്വേഷണം മുന്നോട്ട് കൊണ്ടുപോകുന്നു. ആ അന്വേഷണത്തെക്കുറിച്ച് അവർക്ക് സർട്ടിഫിക്കറ്റ് കൊടുത്തത് ഞങ്ങളാണോ? അവർ നല്ല നിലയിലാണ് അന്വേഷണം നടത്തുന്നതെന്നും അവരുടെ അന്വേഷണം നല്ലനിലയിൽ മുന്നോട്ട് പോകുന്നുവെന്നും എത്ര പത്രസമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങയുടെ ട്രാക്ക് തെറ്റിയതെവിടെയാണ്?

അങ്ങയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. സി. എം. രവീന്ദ്രനെ ചോദ്യം ചെയ്യാൻ വിളിക്കുന്നുവെന്ന് കണ്ടപ്പോഴാണ് അങ്ങയുടെ ട്രാക്ക് തെറ്റിയത്. അങ്ങയുടെ യഥാർത്ഥ രൂപം പുറത്തുവന്നു. അന്ന് അദ്ദേഹം നിലപാട് മാറ്റി. അതുവരെ അന്വേഷണ ഏജൻസികൾക്ക് ഗുഡ് സർട്ടിഫിക്കറ്റ് കൊടുത്ത മുഖ്യമന്ത്രി ശ്രീ. സി. എം. രവീന്ദ്രനെ ചോദ്യം ചെയ്യാൻ വിളിച്ചപ്പോഴാണ് നിലപാട് മാറ്റുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എ. പ്രദീപ്കുമാർ: സർ, അദ്ദേഹത്തെ പ്രതി ചേർത്തിട്ടില്ലല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അദ്ദേഹത്തെ പ്രതി ചേർത്തിട്ടില്ല. അതുവരെ അന്വേഷണ ഏജൻസികളിൽ ഒരു കുറ്റവും കണ്ടുപിടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അന്വേഷണം തന്നിലേയ്ക്ക് വരുമെന്നുള്ള ഭീതികൊണ്ടാണ് കേരളത്തിന്റെ മുഖ്യമന്ത്രി ഇതിനെ എതിർക്കാൻ മുന്നോട്ടുവന്നത്. ഞങ്ങൾക്കാർക്കും കേന്ദ്ര ഏജൻസികളുടെ വക്കാലത്തൊന്നുമില്ല, സംശയിക്കുകയും വേണ്ട. പ്രധാനമന്ത്രിക്ക് അങ്ങ് കത്തയച്ച് കൊണ്ടുവന്ന ഏജൻസി നടത്തുന്ന അന്വേഷണത്തെ പുകഴ്ത്താനോ ഇകഴ്ത്താനോ ഞങ്ങളില്ല. ഞങ്ങൾ അത് രണ്ടും ചെയ്തിട്ടില്ല. ഈ കള്ളക്കടത്ത് കേസുമായി ബന്ധപ്പെട്ട് വസ്തുതകൾ പുറത്തുവരണമെന്നുമാത്രമേ പ്രതിപക്ഷത്തിന് താല്പര്യമുള്ളൂ. ആ വസ്തുതകൾ പുറത്തുവരണം. അതുകൊണ്ടാണ് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ അന്വേഷണം മുന്നോട്ട് പോകണമെന്ന് ഞങ്ങൾ പറഞ്ഞത്. വിവിധ സംസ്ഥാനങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാർക്കെതിരായി അന്വേഷണ ഏജൻസികൾ നീങ്ങുന്ന കാര്യം അങ്ങിവിടെ പറഞ്ഞല്ലോ. അത് ശരിയാണ്. കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയ പ്രേരിതമായി ഗവൺമെന്റുകളെ അട്ടിമറിക്കാൻ നോക്കുന്നുവെന്നും അങ്ങിവിടെ പറഞ്ഞത് ശരിയാണ്. ആ നിലപാട് തന്നെയാണ് കേരളത്തിലെ കോൺഗ്രസ്സിനുമുള്ളത്. പക്ഷേ അതും ഇതും തമ്മിൽ വ്യത്യാസമുണ്ട്. കാരണം, ഇത് കേരളത്തിന്റെ മുഖ്യമന്ത്രിതന്നെ ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ച് ഒരു ഏജൻസി ഇവിടെ വന്ന് അന്വേഷണത്തിന് ആരംഭം കുറിച്ച ഒരു കേസ്സാണ്. ഇതൊരു രാജ്യദ്രോഹ കുറ്റമാണ്, സ്വർണ്ണ കള്ളക്കടത്താണ്, ഭരണഘടനാ വിരുദ്ധമായ കാര്യമാണ്, ദേശവിരുദ്ധമായ പ്രവർത്തനമാണ്. അത് കണ്ടെത്താൻവേണ്ടി അങ്ങ് കത്തയച്ചു, അവർ ഇവിടെ വന്നു. ആ അന്വേഷണം നടക്കുന്നു. അതും രാഷ്ട്രീയ വൈരാഗ്യം തീർക്കാൻവേണ്ടി നടക്കുന്ന കേസ്സുകളും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നുള്ള വസ്തുത കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി തിരിച്ചറിയണം. രണ്ടും രണ്ടാണ്. ഞങ്ങൾ ആരും കേന്ദ്ര ഏജൻസികളെ പുകഴ്ത്തിയിട്ടില്ല. ഞങ്ങൾക്ക് ആ ജോലിയില്ല.

അങ്ങ് വിളിച്ചുകൊണ്ടുവന്ന കേന്ദ്ര ഏജൻസികൾ ഈ രാജ്യദ്രോഹ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കുമ്പോൾ ആ അന്വേഷണം ശരിയായ നിലയിൽ നടക്കണമെന്ന് പ്രതിപക്ഷം പറഞ്ഞാൽ അതിലെന്ത് തെറ്റാണുള്ളത്; ഞങ്ങൾ എവിടെയാണ് തെറ്റ് പറഞ്ഞത്? ഈ അന്വേഷണ ഏജൻസികൾ സത്യം പുറത്തുകൊണ്ടുവരണം എന്നതന്നെയാണ് ഇപ്പോഴും ഞങ്ങൾ പറയുന്നത്. വസ്തുതകൾ പുറത്തുവരണം. ശ്രീ. എം. ശിവശങ്കറിൽ മാത്രം ഈ അന്വേഷണം ഒതുങ്ങിനിൽക്കില്ലെന്ന് ഞങ്ങൾ ഇപ്പോഴും ഉറച്ച് വിശ്വസിക്കുന്നു. ശരിയായ ദിശയിൽ അന്വേഷണം നടക്കുന്നില്ലെങ്കിൽ അവിടെയെത്തില്ല. ശ്രീ. നിതിൻ ഗഡ്കരിയും ശ്രീ. അമിത് ഷായുമായിട്ടുള്ള പലരുടെയും കൂട്ടുകെട്ടുകൾ ഒരുപക്ഷെ അന്വേഷണത്തെ വഴിതിരിച്ചുവിട്ടേക്കാം. അതും ഈ ഭരണത്തിന്റെ ഇടനാഴികളിലെ സംസാരമാണ്. ഏതായാലും പ്രതിപക്ഷത്തിന് ഇക്കാര്യത്തിൽ വളരെ ക്ലിയറായ നിലപാടാണുള്ളത്. ഈ സംസ്ഥാനത്തെ ഞെട്ടിച്ച, മുഖ്യമന്ത്രിയുടെ ഓഫീസ് പ്രതിസ്ഥാനത്ത് നിൽക്കുന്ന സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട അഴിമതികൾ അന്വേഷിക്കണം; സത്യം പുറത്തുകൊണ്ടുവരണം. യഥാർത്ഥ പ്രതികളെ മുഴുവൻ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. അതാണ് ഞങ്ങളുടെ ആവശ്യം. ആ ആവശ്യമാണ് ശ്രീ. പി. ടി. തോമസ്, എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. ഒരു കാര്യം കൂടി ഞാൻ പറയട്ടെ, കേരളത്തിലെ പ്രതിപക്ഷം ഇക്കാര്യം ജനങ്ങളുടെ മുന്നിൽ ഉന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു തെറ്റിദ്ധാരണയുണ്ട്, അദ്ദേഹം ഞെളിഞ്ഞിരിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് ആർക്കും പ്രയാസമില്ല; ഞെളിഞ്ഞുതന്നെ ഇരുന്നോട്ടെ. അദ്ദേഹം തെരഞ്ഞെടുപ്പ് വിജയത്തെപ്പറ്റിയാണ് പറഞ്ഞത്. ഞങ്ങൾ ലോക്സഭയിൽ 126 അസംബ്ലി സീറ്റുകളിൽ ജയിച്ചപ്പോൾ ഞങ്ങൾ ഞെളിഞ്ഞിരുന്ന് മറ്റുള്ളവരെ പുലഭ്യം പറഞ്ഞില്ലായെന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്. ആ സമയത്തും ഞങ്ങൾ അഹങ്കരിച്ചിട്ടില്ല; ഇപ്പോഴും അഹങ്കരിക്കുന്നില്ല. ജനങ്ങൾ നൽകിയ വിധി ഞങ്ങൾ അംഗീകരിക്കുന്നു. ഞങ്ങൾക്ക് തെറ്റുകളുണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ടുപോകും. ജനവിശ്വാസം ആർജ്ജിക്കും. അതാണ് ജനാധിപത്യം. അല്ലാതെ ഞങ്ങൾ ആരുടെയും നട്ടെല്ല് തകർക്കാൻ വന്നിട്ടില്ല. ആ സ്വഭാവം ഞങ്ങൾക്കില്ല. ആരുടെയും കഴുത്ത് വെട്ടുന്ന സ്വഭാവവും ഞങ്ങൾക്കില്ല; കൊലപാതകത്തിന്റെ രാഷ്ട്രീയം ഞങ്ങൾക്കുള്ളതല്ല; രാഷ്ട്രീയ എതിരാളികളെ കൊന്നൊടുക്കുന്ന സ്വഭാവവും ഞങ്ങൾക്കില്ല; ഞങ്ങളാരും മരണത്തിന്റെ വ്യാപാരികളല്ല; ഞങ്ങളാരും രാഷ്ട്രീയ പ്രതിയോഗികളെ ഇല്ലായ്മ ചെയ്യാറില്ല. (......ബഹളം.........) ജനാധിപത്യത്തിന്റെയും സമാധാനത്തിന്റെയും പാതയിലൂടെ മുന്നോട്ടുപോകുന്ന ഒരു പ്രസ്ഥാനമാണ് ഞങ്ങളുടേത്.

ടി. പി. ചന്ദ്രശേഖരനെ 52 വെട്ടുവെട്ടി കൊന്നതുപോലെ, ഷുഹൈബിനെ കൊന്നതുപോലെ, ശരത്‌ലാലിനെയും കൃപേഷിനെയും കൊന്നതുപോലെ ഞങ്ങളാരെയും കൊന്നിട്ടില്ല. ആ പ്രതികളെ രക്ഷിക്കാൻ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോയി എന്നിട്ടും നിയമം ആ പാവപ്പെട്ട ഇരകളോടൊപ്പമായിരുന്നു. ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയുള്ള പോരാട്ടവുമായി ഞങ്ങൾ മുന്നോട്ടുപോകും. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസ് ഒരു അധോലോക കേന്ദ്രമായി മാറിയപ്പോഴാണ് ഞങ്ങൾ ഈ പോരാട്ടം തുടരുന്നത്. ഈ പോരാട്ടം ഞങ്ങൾ തുടരും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഞങ്ങളുടെ വായ അടപ്പിക്കാമെന്ന് നിങ്ങൾ കരുതേണ്ട. ഈ ഗവൺമെന്റിനെതിരെ, ഗവൺമെന്റിന്റെ അഴിമതികൾക്കെതിരെ, കൊള്ളകൾക്കെതിരെ ഞങ്ങൾ പോരാടുക തന്നെ ചെയ്യും. ഇപ്പോൾ നേരിയ ഒരു വിജയമുണ്ടായപ്പോൾ ഞങ്ങളുടെ എല്ലാ പാപങ്ങളും കഴുകി കളയപ്പെട്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. (.......ബഹളം.....) ഞങ്ങളെ പഠിപ്പിക്കാനൊന്നും ശ്രീ. പിണറായി വിജയൻ വളർന്നിട്ടില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ജനാധിപത്യത്തിൽ ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന മഹത്തായ മൂല്യങ്ങൾ, ആ മൂല്യങ്ങൾക്ക് ജനങ്ങളുടെ അംഗീകാരമുണ്ടാകും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന അധോലോക പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നു പറയുമ്പോൾ അങ്ങ് എന്തിനാണ് ശ്രീ. പി. ടി. തോമസിന്റെ തലയിൽ കയറുന്നത്? ഇവിടെയിരിക്കുന്ന എം.എൽ.എ.-മാർക്കെതിരെ രണ്ടുമൂന്നു ദിവസമായി വ്യക്തിപരമായ ആക്ഷേപം ഉന്നയിക്കുകയാണ്. നാണമില്ലല്ലോ എന്നാണ് എനിക്ക് പറയാനുള്ളത്. ഏതെങ്കിലും ഒരു സഭയുടെ ചരിത്രത്തിൽ എം.എൽ.എ.-മാർ പരസ്പരം ആരോപണം ഉന്നയിച്ചിട്ടുണ്ടോ? ഞങ്ങൾക്ക് ശ്രീ. കാരാട്ട് റസാഖിന്റെയോ, ശ്രീ. പി. ടി. എ. റഹീമിന്റെയോ അതുപോലെ നിരവധിയാളുകളുടെ പേരിൽ ആരോപണം ഉന്നയിക്കാം. എന്നാൽ ഞങ്ങൾ ഉന്നയിക്കുന്നുണ്ടോ? മര്യാദ വേണം, സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് അതിനെ നിയന്ത്രിക്കേണ്ടതായിരുന്നു. അങ്ങ് അതിനെ നിയന്ത്രിച്ചിട്ടില്ല. എം.എൽഎ.-മാരെ പരസ്പരം ആരോപണം ഉന്നയിക്കാൻ വിടുന്ന ഒരു പ്രവണത ഈ നിയമസഭയുടെ കാലത്ത് മാത്രമേ ഉണ്ടായിട്ടുള്ളൂ.

ഒരു അന്വേഷണവും വേണ്ടായെന്നാണ് നിങ്ങളുടെ നിലപാട്. ലൈഫ് മിഷൻ പദ്ധതിയിലെ അന്വേഷണവുമായി സുപ്രീംകോടതിയിൽ ഇപ്പോൾ പോയിരിക്കുകയാണ്. സ്വപ്ന സുരേഷ് ഒൻപതരക്കോടി രൂപയുടെ അഴിമതി നടത്തിയ കേസ് അന്വേഷിക്കരുതെന്ന് പറഞ്ഞാണ് പോയിരിക്കുന്നത്. ഈ ജനസ്സാണ്

നിങ്ങൾക്കുള്ളതെങ്കിൽ ആ ജനുസ്സ് തുടരട്ടെ. ആ ജനുസ്സ് നല്ലതാണോയെന്ന് ജനങ്ങൾ മനസ്സിലാക്കും. ഏതായാലും സ്വർണ്ണ കള്ളക്കടത്ത് കേസ്സിലെ യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതുവരെ പ്രതിപക്ഷം അതിന്റെ പോരാട്ടം തുടരുമെന്ന് ഈ സഭയെ അറിയിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി).

ഡോ. എം. കെ. മുനീർ: സർ, കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിനകത്ത് നടക്കുന്ന കാര്യങ്ങളെക്കുറിച്ച് യാതൊന്നും അറിയാത്ത ഒരു വ്യക്തി മാത്രമേ ഇന്ന് കേരളത്തിലുള്ളൂ. അത് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ്. അതിനകത്തുള്ള എല്ലാ ആളുകളെക്കുറിച്ചുള്ള അന്വേഷണവും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. രാജേഷ്: സർ, ആദ്യം ശ്രീ. എം. സി. കമറുദ്ദീൻ എം.എൽ.എ-യുടെ കാര്യം പറയണം. (....... മൈക്ക് ഓഫ്.......)

ഡോ. എം. കെ. മുനീർ: സർ, നമുക്കെല്ലാം നിരന്നുനിന്ന് പറയാം. ആദ്യം ഇന്നുകൊണ്ടുവന്ന അടിയന്തരപ്രമേയത്തിനെക്കുറിച്ച് ചർച്ച ചെയ്യട്ടെ. പ്രിയപ്പെട്ട മുഖ്യമന്ത്രി, തുടക്കം മുതൽ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര ഏജൻസികൾ വരണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്ത് എഴുതിയത് അങ്ങാണ്. അതിന്റെ അടിസ്ഥാനത്തിൽ അവർ വരികയും എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോർട്ടിനുമുന്നിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കത്ത് കൊടുക്കുകയും ചെയ്തു. അതിൽ പറഞ്ഞിരിക്കുന്നത്, '....during the investigation conducted so far it was revealed that Sivasankar was involved in the commission of scheduled offence. WhatsApp chats between Sivasankar and A2 (Swapna Suresh) have revealed that she had requested Sivasankar to intervene with the Terminal Manager/Airport Authority/ Customs Authority for some work at the Airport clearance of diplomatic baggage without examination by the Customs' എന്നാണ്. ശിവശങ്കർ എന്ന വ്യക്തി ഈ വിഷയത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൃത്യമായി ഇടപെട്ടിട്ടുണ്ടെന്ന കാര്യം പറഞ്ഞിട്ടുണ്ട്. അതിനുപുറമേ, ഇതിൽ ആവർത്തിച്ചു പറയുന്നൊരു കാര്യം, ശിവശങ്കർ എന്ന വ്യക്തി വേറെയാണ് എന്ന രീതിയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പക്ഷേ എവിടെ പറയുമ്പോഴും അതിൽ ചേർത്തുപറയുന്നൊരു കാര്യം .....Sivasankar (A5) while

being the Principal Secretary to the Chief Minister, has been overseeing the execution of many important projects of Government of Kerala, which inter-alia, include Smart City, K-FON and LIFE Mission Projects. ശിവശങ്കർ ഒരു സാധാരണ വ്യക്തിയാണോ; മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായ അദ്ദേഹമാണ് എല്ലാ പ്രോജക്ടും നോക്കിക്കൊണ്ടിരുന്നത്. പല ഘട്ടങ്ങളിലും... He has shared crucial information with Mrs. Swapna Suresh relating to K-FON and LIFE Mission Projects. There could be possible kick-backs received from certain private parties in these projects as Sivasankar did make a mention of the same to her in whatsapp call. അതായത് മുഖ്യമന്ത്രിയുടെ ഓഫീസിലെ എല്ലാ പ്രോജക്ടുകളെക്കുറിച്ചുമുള്ള രഹസ്യ വിവരങ്ങളും സ്വപ്നയ്ക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞല്ലോ, എന്റെ കൈകൾ ശുദ്ധമാണ് എന്ന്; ഒരു മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കൈകൾ മാത്രം ശുദ്ധമാണെന്ന് നോക്കിയാൽ പോരാ; അദ്ദേഹത്തിന്റെ ചുറ്റുമുള്ളവർ വിശ്വസ്തരും നിസ്വാർത്ഥരുമായാണ് പ്രവർത്തിക്കുന്നതെന്നും അവരുടെമേൽ കളങ്കമില്ലെന്ന് നോക്കാനുള്ള ഉത്തരവാദിത്വം കൂടിയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ചെയർമാനായ എല്ലാ പ്രോജക്ടുകളുടെയും സി.ഇ.ഒ. ശ്രീ. എം. ശിവശങ്കറാണ്. ഇക്കാര്യങ്ങളൊന്നും അറിയില്ലെന്ന് എങ്ങനെയാണ് അങ്ങേയ്ക്ക് പറയാൻ കഴിയുന്നത്? ഉദാഹരണത്തിന്, സ്പ്രിംഗ്ളർ കരാറുമായി ബന്ധപ്പെട്ട വിഷയത്തിൽ പത്രക്കാർ ചോദിച്ച ചോദ്യത്തിന് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കർ പറയുമെന്നാണ് അങ്ങ് കൊടുത്ത മറുപടി. അങ്ങ് മറുപടി പറയേണ്ട കാര്യങ്ങൾ ശ്രീ. എം. ശിവശങ്കറാണ് പറയേണ്ടതെന്ന് അങ്ങ് തീരുമാനിച്ചിട്ടുണ്ടെങ്കിൽ, ആ വ്യക്തി വഴിതെറ്റിപ്പോകുമ്പോൾ 'ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണാ' എന്നുപറഞ്ഞ് കൈ കെട്ടിയിരിക്കാൻ അങ്ങേയ്ക്കെങ്ങനെ സാധിക്കും? നിങ്ങൾക്ക് ഓർമ്മയില്ലേ, സോളാർ കേസുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിലെ രണ്ടുപേർക്ക് ബന്ധമുണ്ടെന്ന കാരണത്താൽ അങ്ങ് സെക്രട്ടേറിയറ്റിന്റെ മുന്നിൽ വന്നുനിന്ന്, മുഖ്യമന്ത്രി സംശയത്തിന്റെ നിഴലിലാണ് നിൽക്കുന്നത്, ഉളുപ്പുണ്ടെങ്കിൽ ഇറങ്ങിപ്പോകണം എന്ന് പ്രസംഗിച്ചിരുന്നു. ഇപ്പോൾ അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമടക്കം അങ്ങയുടെ ഓഫീസിലെ ഒരു വലിയ ടീം ഇത്തരം കാര്യങ്ങളിൽ പങ്കാളിയായിട്ടും ഇതിലൊന്നും പങ്കില്ലെന്ന് അങ്ങ് പറയുന്നു. അതിനർത്ഥം ഞങ്ങളുടെ 5X3=15-ഉം നിങ്ങളുടെ 5X3=16-ഉം ആണെന്നാണോ; എങ്ങനെയാണ് നിങ്ങൾക്കെപ്പോഴും സത്യസന്ധമായി കാര്യങ്ങൾ ചെയ്യുന്നവരുടെ പരിവേഷം കിട്ടുന്നത്; നിങ്ങൾ ഏതെല്ലാം രീതിയിൽ അന്നത്തെ മുഖ്യമന്ത്രിയെ അപമാനിക്കാൻ ശ്രമിച്ചു? അദ്ദേഹത്തിന്റെ മേൽ ഒരു പോറൽ പോലുമുണ്ടാക്കാൻ നിങ്ങൾക്ക് സാധിച്ചോ? എന്തിനധികം, കെ. എം.

മാണിക്കെതിരെ നിങ്ങൾ ഇവിടെയുണ്ടാക്കിയ കോലാഹലങ്ങൾ അറിയാമല്ലോ; അവസാനം നിങ്ങളെന്താണ് പറഞ്ഞത്? അദ്ദേഹം കുറ്റക്കാരനല്ലെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നുവെന്നും ഒരു രാഷ്ട്രീയ നാടകമെന്ന നിലയിൽ കളിച്ചതാണെന്നുമാണ്. എന്നാലിപ്പോൾ, നിങ്ങളുടെ മുന്നിൽ വസ്തുനിഷ്ഠമായി കാര്യങ്ങൾ നിരത്തുമ്പോൾ നിങ്ങൾ പറയുന്നത് ഇത് ഞങ്ങൾ ബി.ജെ.പി.-യുമായി ചേർന്നുണ്ടാക്കുന്ന ഒരു നെക്സസിന്റെ ഭാഗമാണെന്നാണ്. ഞങ്ങൾക്കെങ്ങനെയാണ് ഇവരെയൊക്കെ സ്വാധീനിക്കാൻ സാധിക്കുന്നത്; മാത്രമല്ല, നിങ്ങൾ വിളിച്ചുവരുത്തിയ, സത്യസന്ധമായാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ പറഞ്ഞ ഏജൻസി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ നിങ്ങൾക്കെതിരായി മാറുന്നതെങ്ങനെയാണ്? ഞങ്ങൾ അവരെ പ്രകീർത്തിച്ചിട്ടുമില്ല, അവർക്കെതിരെ സംസാരിച്ചിട്ടുമില്ല. അങ്ങ് നൽകിയ മറുപടിയിൽനിന്നുതന്നെ ഇതിന് കൃത്യമായ മറുപടി പറയാൻ പറ്റാത്ത അവസ്ഥയുണ്ടെന്ന് മനസ്സിലായി. ശ്രീ. പി. ടി. തോമസ് പറഞ്ഞ ചില വാചകങ്ങൾക്ക്, അദ്ദേഹത്തിന്റെ പ്രയോഗങ്ങൾക്കുള്ള മറുപടിമാത്രമാണ് അങ്ങ് പറഞ്ഞത്. അതിന്റെ കാമ്പിലേയ്ക്ക് ഇറങ്ങിപ്പോയിട്ടില്ല. ഞങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് മറുപടി വന്നിട്ടില്ല. 'ഞാൻ ആരാ മോൻ' എന്ന് ചോദിക്കുന്ന ചോദ്യമല്ലാതെ വേറെയൊന്നും അങ്ങയിൽനിന്നുണ്ടായിട്ടില്ല. പക്ഷേ മറുപടി പറയുന്തോറും അങ്ങ് കൂടുതൽ പ്രതിരോധത്തിലായിട്ടുണ്ടെന്ന് ഇന്നത്തെ പ്രസംഗത്തോടുകൂടി ജനങ്ങൾക്ക് ബോധ്യമായിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, കേരള ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ അഴിമതിയുടെ സാഹചര്യങ്ങൾ സ്വർണ്ണകള്ളക്കടത്ത് ഉൾപ്പെടെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുണ്ട്. അതിൽ നീതിപൂർവ്വവും നിഷ്പക്ഷവുമായ അന്വേഷണത്തിന് കേന്ദ്ര ഏജൻസികൾ മുന്നോട്ടു വരുമ്പോൾ ഇത്തരം ഗുരുതരമായ ഒരു വിഷയത്തിന്റെ പശ്ചാത്തലത്തിലുള്ള വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ന്യായമായ ആവശ്യം പരിഗണിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായില്ലെന്നു മാത്രമല്ല, ഈ പ്രശ്നം ഉന്നയിച്ച പ്രതിപക്ഷത്തെ പരിഹസിക്കുംവിധമുള്ള നിലപാടെടുത്തത് നിർഭാഗ്യകരമാണ്. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ചർച്ച ചെയ്യപ്പെടുന്ന ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ കേസ്സിനുപിന്നിൽ വമ്പൻ സ്രാവുകളുണ്ടെന്നാണ് മൊഴികളിൽനിന്നുള്ള സൂചനയെന്ന് സാമ്പത്തിക കുറ്റവിചാരണ കോടതി പരാമർശിച്ചിരിക്കുകയാണ്. ഇന്നിവിടെ അടിയന്തരപ്രമേയമായി ഈ വിഷയം ഉന്നയിക്കപ്പെടുമ്പോൾ കേരളത്തിലെ പൊതുസമൂഹവും കോടതികളും ഉന്നയിക്കുന്ന അനവധി സംശയങ്ങൾക്കുള്ള മറുപടിയാണ് അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ആവശ്യപ്പെട്ടത്. സ്വർണ്ണക്കടത്തും, ഡോളർ കടത്തുമായും ബന്ധപ്പെട്ട വിഷയങ്ങൾ മുന്നോട്ടുവയ്ക്കുമ്പോൾ അതിനെ മറ്റൊരുതരത്തിൽ വ്യാഖ്യാനിച്ച് മറുപടി പറയുന്ന നിർഭാഗ്യകരമായ സാഹചര്യമാണ് ഇന്ന് നിയമസഭയിലുണ്ടായത്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസ് സംശയത്തിന്റെ നിഴലിലായിരിക്കുന്നുവെന്ന് കോടതികൾപോലും പരാമർശിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. സെക്രട്ടേറിയറ്റിലെ സി.സി.ടി.വി. ദൃശ്യങ്ങൾ നശിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് നടന്ന ഫോറൻസിക് എൻക്വയറിയടക്കം യാതൊരു സുതാര്യതയുമില്ലാത്ത അന്വേഷണമാണ് അവിടെ നടന്നത്. സെക്രട്ടേറിയറ്റിൽ തീപിടിത്തമുണ്ടായ ദിവസം അങ്ങോട്ടുകടന്നുചെന്ന എം.എൽ.എ.-മാരെ പോലും അകത്തേയ്ക്ക് കടത്തിവിടാതെ ഒന്നര മണിക്കൂർ ഗേറ്റിൽ തടഞ്ഞുവച്ചു. ആരും അങ്ങോട്ട് കയറരുത്, അവിടെ നടന്നത് എന്താണെന്ന് പുറത്തറിയരുതെന്നുള്ള വലിയൊരു ഗൂഢാലോചനയുടെ ഭാഗമായിത്തന്നെയാണ് ഇതിനെ കണക്കാക്കേണ്ടത്.

ശ്രീമതി സ്വപ്ന സുരേഷിന്റെ ബാംഗ്ലൂർ യാത്രയെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചു. ലോക്ഡൗൺ കാലഘട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ സഹായമില്ലാതെ എങ്ങനെ അവിടെ എത്തിച്ചേരാൻ സാധിക്കും? അതുമായി ബന്ധപ്പെട്ട് യാതൊരു മറുപടിയും ഈ സഭയിൽ കേട്ടില്ല. ഈ സംസ്ഥാനത്ത് ഒരു ഇന്റലിജൻസുണ്ടോയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. ഇന്റലിജൻസ് വിഭാഗത്തിന്റെ സമ്പൂർണ്ണ പരാജയം ഇവിടെ കാണാം. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന വ്യക്തിയുമായി ചുറ്റിപ്പറ്റി നിൽക്കുന്ന സ്വപ്ന സുരേഷ് അദ്ദേഹത്തിന്റെ ഓഫീസിൽ കയറിയിറങ്ങുമ്പോൾ, ഈ നാട്ടിൽ ഒരു ഇന്റലിജൻസ് സംവിധാനമില്ലേ? ഇന്റലിജൻസിന്റെ ബ്രീഫിംഗ് കേരളത്തിന്റെ ബഹുമാന്യരായ ആഭ്യന്തര വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും ലഭിക്കുന്നതല്ലേ? ഇന്റലിജൻസ് സംവിധാനത്തിന്റെ സമ്പൂർണ്ണ വീഴ്ച ഇവിടെയുണ്ടായിരിക്കുന്നു, അതല്ലെങ്കിൽ അവരുടെ മുന്നറിയിപ്പുകൾ അവഗണിക്കപ്പെട്ടിരിക്കുന്നു. ഇതൊരു ഓർഗനൈസ്ഡ് ക്രൈം ആയി മാറിയിരിക്കുന്നു. സ്വർണ്ണക്കടത്ത് കേരളത്തിനു തന്നെ വലിയ അപമാനമായിരിക്കുന്നുവെന്നത് വാസ്തവമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കുതിരാൻ തുരങ്കത്തിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണം

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, മണ്ണുത്തി-വടക്കഞ്ചേരി മേഖലയിലൂടെ കടന്നുപോകുന്ന, കേരളത്തിനുമാത്രമല്ല, രണ്ട് സംസ്ഥാനങ്ങൾക്കുതന്നെ ഏറ്റവും പ്രധാനപ്പെട്ട യാത്രാസൗകര്യം ഒരുക്കിക്കൊടുക്കേണ്ട ഒരു പാത, മരണപ്പാതയായി മാറിയതിന്റെ അപകടം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. 2009 ആഗസ്റ്റ് 24-ന് ദേശീയപാതാ അതോറിറ്റിയുമായുണ്ടാക്കിയ ആറു വരിപ്പാതയ്ക്കുള്ള കരാർ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ലെന്നു മാത്രമല്ല അപകടാവസ്ഥയിലൂടെ കടന്നുപോവുകയുമാണ്. ഈ കരാറിലെ 12(1) ക്ലോസ് പ്രകാരം 30 മാസം കൊണ്ട് പൂർത്തിയാകേണ്ട പദ്ധതിയാണിത്. 253 ദിവസംകൊണ്ട് ആദ്യത്തെ പത്ത് ശതമാനവും 513 ദിവസം കൊണ്ട് മുപ്പത്തിയഞ്ച് ശതമാനവും 773 ദിവസംകൊണ്ട് എഴുപത് ശതമാനവും 913 ദിവസംകൊണ്ട് പൂർണ്ണമായും പൂർത്തീകരിക്കുമെന്ന നിലവാരത്തിലാണ് ഇതിന്റെ കരാർ ഉണ്ടാക്കിയിട്ടുള്ളത്. 617 കോടി രൂപയ്ക്കാണ് ടെണ്ടർ നൽകിയത്. അതിൽ 243.99 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റാണ്. എന്നാൽ 2017 നവംബർ മാസത്തിൽ ആഡിറ്റ് തയ്യാറാക്കിയപ്പോൾ ഇപ്പോൾ അതിന് ആവശ്യമായിവരുന്ന ചെലവ് 1019 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അതിലേറ്റവും വലിയ അപകടം കരാർ കമ്പനി ബാങ്ക് കൺസോർഷ്യത്തിന് പലിശയായി കൊടുക്കാനുള്ള 149.80 കോടി രൂപകൂടി ഇതിന്റെ ചെലവിൽ കാണിച്ചിരിക്കുകയാണ് എന്നതാണ്. യഥാർത്ഥത്തിൽ ചരക്കുനീക്കത്തിന് രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പുതിയ ഇടനാഴിയെന്ന പേരിലാണ് ഈ വലിയ പ്രോജക്ട് കൊണ്ടുവന്നത്. ഇതിന്റെ ഭാഗമായി 2014-ൽ ദേശീയപാതയിൽ കുതിരാനിൽ ഇരട്ടക്കുഴൽ തുരങ്കത്തിന്റെ പ്രവൃത്തിയാരംഭിച്ചു. 200 കോടി രൂപയാണ് ഇതിന്റെ അടങ്കൽ തുക. 10 മീറ്റർ ഉയരവും 14 മീറ്റർ വീതിയും 945 മീറ്റർ നീളവുമുള്ള ഈ തുരങ്കത്തിന്റെ പണി ആരംഭിച്ച് ഇത്ര കാലമായിട്ടും അത് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ പലതവണ ഇടപെട്ടതാണ്. ദേശീയപാതയിൽ കേരള സംസ്ഥാന സർക്കാരിന്റെ ചുമതല ഭൂമി ഏറ്റെടുത്തു കൊടുക്കലാണെങ്കിലും ദേശീയപാതാ അതോറിറ്റിയും കരാർ കമ്പനിയും തമ്മിൽ നടത്തുന്ന അവിശുദ്ധ സഖ്യത്തിന്റെ അപകടകരമായ ഒരു കഥയാണ് മരണപ്പാതയായി മാറിയിട്ടുള്ള ദേശീയപാതയിൽ കാണാൻ കഴിയുന്നത്. 2017-ൽ തുരങ്കത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്ന് അവകാശപ്പെടുന്നുണ്ട് എങ്കിലും ഇതുവരെ തുറക്കാൻ

സാധിച്ചിട്ടില്ല. വകുപ്പ് 12 പ്രകാരം നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ നിലവിലെ റോഡിന്റെ പൂർണ്ണ അറ്റകുറ്റപ്പണി കരാർ കമ്പനിയുടെ ചുമതലയാണ്. വകുപ്പ് 18 പ്രകാരം സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിലാക്കേണ്ട ചുമതലയും കരാർ കമ്പനിക്കാണ്. എന്നാൽ ആ മേഖല ഒരു മരണപ്പാതയായി എന്നുമാത്രമല്ല 322 പേരാണ് ഇതിനകം അവിടെ മരിച്ചുവീണത്. സ്വാഭാവികമായ ജലനിർഗ്ഗമന മാർഗ്ഗങ്ങളെല്ലാം തടഞ്ഞു, ഏക്കറുകണക്കിന് കൃഷി നശിച്ചു, നൂറുകണക്കിനാളുകൾക്ക് അപകടമുണ്ടായി. അശാസ്ത്രീയമായ നിർമ്മാണംമൂലം 322 ആളുകളുടെ മരണത്തിലും കലാശിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കേരളത്തെ ലോകത്തിനു മുമ്പിൽ അടയാളപ്പെടുത്തിയ ഒരു കാലഘട്ടമാണിത്. കൃത്യസമയത്ത് നിർമ്മാണം പൂർത്തീകരിക്കുകയും കരാറിന്റെ അടങ്കൽ തുകയേക്കാൾ പതിനഞ്ചുകോടി രൂപ ലാഭമുണ്ടാക്കിയ കുണ്ടന്നൂരിലും വൈറ്റിലയിലും നിർമ്മിച്ച പുതിയ പാലങ്ങൾ ലോക ശ്രദ്ധയാകർഷിച്ച ഒന്നാണ്. പുതിയ കാലം, പുതിയ നിർമ്മാണം എന്ന പേരിൽ കേരളത്തിലെ പൊതുമരാമത്ത് വകുപ്പുണ്ടാക്കിയ ഈ നേട്ടം കേന്ദ്ര ഗവൺമെന്റും ദേശീയ പാതാ അതോറിറ്റിയും കണ്ടുപഠിക്കണ്ടേ? പതിനൊന്ന് വർഷമായി ദേശീയപാതാ അതോറിറ്റിയുടെ കീഴിലുള്ള ഈ പണി ഇഴഞ്ഞുപോകുന്നതിനുള്ള കാരണം ഇവരും കരാറുകാരും തമ്മിലുള്ള വളരെ ബോധപൂർവ്വമായ ഒരു കള്ളക്കളിയാണെന്ന് നാം കരുതണം. സാമ്പത്തിക പ്രതിസന്ധി, നിർമ്മാണത്തിലെ അപാകത എന്നിവമൂലം ഗുരുതരമായ വീഴ്ചയാണ് ഇക്കാര്യത്തിൽ സംഭവിച്ചിരിക്കുന്നത്. പണി നിർത്തിവയ്ക്കാൻ ടെർമിനേഷൻ നോട്ടീസ് കൊടുത്തിട്ടും അത് അങ്ങനെതന്നെ നിൽക്കുകയാണ്. കരാർ ലംഘിച്ച കമ്പനിക്ക് എങ്ങനെയാണ് കേന്ദ്ര ഗവൺമെന്റും ദേശീയപാതാ അതോറിറ്റിയും കാലാവധി നാല് തവണ വർദ്ധിപ്പിച്ചു നൽകിയത്? 2015 ഡിസംബർ 30-നാണ് ആദ്യമായി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയത്. തുടർന്ന് 2016 നവംബർ 23-നും 2017 സെപ്റ്റംബർ 12-നും 2017 ഡിസംബർ 31-നും ദീർഘിപ്പിച്ച് നൽകിയിരിക്കുന്നു. ഇത്തരത്തിൽ നാല് തവണ കരാർ ലംഘിക്കുന്ന കമ്പനിക്ക് പണിചെയ്യാൻ അവസരം നീട്ടിക്കൊടുത്തെന്നു മാത്രമല്ല അപ്പോഴെല്ലാം തുകയും വർദ്ധിപ്പിച്ചുനൽകിയിരിക്കുകയാണ്. അവർ എല്ലാവരേയും വഞ്ചിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന് പരിമിതികളുണ്ടെങ്കിലും പല തവണ ഇക്കാര്യത്തിൽ ഇടപെട്ടു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി നേരിട്ട് സന്ദർശനം നടത്തി ഒരു മാസംകൊണ്ട് പൂർത്തിയാക്കുമെന്ന് പ്രഖ്യാപനം നടത്തിയെങ്കിലും ഒരു കാര്യവുമുണ്ടായില്ല. പാലക്കാട്ടേയ്ക്ക് പോകുന്ന വഴിയിൽ, കുതിരാനിൽ മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. ഏറ്റവുമവസാനം നടന്ന ഒരു വാഹനാപകടത്തിൽ മൂന്ന് സാധാരണക്കാർ മരണപ്പെടുകയുണ്ടായി. ഇതുവരെ 322 പേരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. സ്വന്തമായുണ്ടാക്കിയ നാണയത്തുട്ടുകളു

പയോഗിച്ച് മനുഷ്യർ വാങ്ങിയ ഭൂമി പിടിച്ചെടുത്ത് ദേശീയ പാതാ അതോറിറ്റിക്ക് നൽകിയിട്ട് ഒരു പതിറ്റാണ്ട് കഴിഞ്ഞു. എന്തു തെറ്റാണ് ഈ നാട്ടിലെ സാധാരണക്കാരായ ആളുകൾ ചെയ്തത്? കുതിരാന്റെ ഒരു തുരങ്കം തുറന്നുകൊടുക്കാൻ അടിയന്തര നടപടിയുണ്ടാകണം. ആംബുലൻസുകൾക്കുപോലും കടന്നുപോകാൻ നിവൃത്തിയില്ലാതെ മണിക്കൂറുകളോളം കുടുങ്ങിക്കിടക്കുകയാണ്. ഇരുവശങ്ങളിലുമുള്ള റോഡിന്റെ ഭാഗം ഇടിഞ്ഞുവീഴുമ്പോഴും കരാർ കമ്പനി ഇടപെടുന്നതേയില്ല. തുടർച്ചയായി സമരങ്ങൾ ഇപ്പോൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചെറിയ ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ബഹുമാന്യനായ അങ്ങ് ഒരു വർഷം മുമ്പ് അവിടെ സന്ദർശിച്ച് കർശന നിർദ്ദേശം നൽകുകയും ഞങ്ങളുടെ ജില്ലയിലെ മൂന്ന് മന്ത്രിമാർകൂടി അക്കാര്യത്തിൽ ഇടപെടുകയും ചെയ്തപ്പോൾ കുറച്ച് ദിവസം മെയിന്റനൻസ് നടത്തി. പിന്നീട് ഒരു പണിയും നടക്കുന്നില്ല. സർവ്വീസ് റോഡുകളെല്ലാം താറുമാറായി കിടക്കുകയാണ്. കുതിരാനിലെ തുരങ്കം തുറക്കാൻ അടിയന്തര നടപടിക്ക് സർക്കാരിന്റെ ഇടപെടലുണ്ടാകണം. ഈ കരാർ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തി, നിർമ്മാണച്ചുമതല കേന്ദ്ര സർക്കാരും ദേശീയ പാതാ അതോറിറ്റിയും ഏറ്റെടുത്തുകൊണ്ട് ഈ പാതയിലൂടെ സഞ്ചരിക്കുന്ന ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ കടുത്ത സമ്മർദ്ദം ചെലുത്തണം. ദേശീയപാതാ അതോറിറ്റി ഇപ്പോൾ പറയുന്നത് 84.47 ശതമാനം ജോലിയും പൂർത്തിയായെന്നാണ്, ഇത് ശുദ്ധ നുണയാണ്. അങ്ങ് അവിടെ നേരിട്ട് സന്ദർശിച്ചിട്ടുള്ളതാണ്. ഞങ്ങൾക്കെല്ലാം സഹായകമായ തരത്തിൽ ചർച്ചകൾ നടത്തിയതാണ്. പക്ഷേ കേന്ദ്രസർക്കാരിന്റെയും ദേശീയപാതാ അതോറിറ്റിയുടെയും കരാർ കമ്പനിയുടെയും ഒത്തുകളി ഇതിലുണ്ടോയെന്ന സംശയമുണ്ട്. അതുകൊണ്ട്, ഏതെല്ലാം തരത്തിൽ ഇടപെടാൻ കഴിയുമോ, അത്തരത്തിൽ അടിയന്തരമായി ഇടപെട്ട് തുരങ്കത്തിന്റെ ഒരു കവാടമെങ്കിലും തുറക്കുന്നതിനുള്ള സംവിധാനവും യാത്ര സുഗമമാക്കാനുമുള്ള ഇടപെടലുമുണ്ടാകണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ദേശീയപാത അതോറിറ്റി നമ്മുടെ രാജ്യത്തിന്റെ ആകെ നിർമ്മാണ വ്യവസ്ഥയിൽ മാതൃകാപരമായി പ്രവർത്തിക്കേണ്ട ഒരു സ്ഥാപനമാണ്. പക്ഷെ, കേരളത്തെ സംബന്ധിച്ചിടത്തോളം ദേശീയപാതാ വികസനത്തിന് അവർ തടസ്സം നിൽക്കുകയും പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതാ വികസനത്തിന് കാണിച്ച കാലാനുസൃതമായ പ്രവർത്തനത്തെ പരമാവധി തടസ്സപ്പെടുത്തുകയും ഇപ്പോൾ മനസ്സില്ലാമനസ്സോടെ കാസർഗോഡ്, കണ്ണൂർ ഭാഗങ്ങളിൽ ടെണ്ടർ നടപടികളിലേർപ്പെടുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

എന്നാലും ബഹുമാന്യനായ മുഖ്യമന്ത്രി, പ്രധാനമന്ത്രി, ഉപരിതല ഗതാഗത വകുപ്പുമന്ത്രി തുടങ്ങിയ അധികാരികളുമായുള്ള നിരന്തരമായ ബന്ധപ്പെടലിന്റെയും കേരളത്തിലെ പൊതുമരാമത്തുവകുപ്പിന്റെ നിരന്തരമായ ശല്യപ്പെടുത്തലുകളുടെയും ഭാഗമായി ദേശീയപാതാ വികസനം ആരംഭിച്ചുവെന്ന് ന്യായമായി പറയാം, നമ്മുടെ വലിയൊരു സ്വപ്നമിപ്പോൾ സാക്ഷാത്കരിക്കാൻ പോകുകയാണ്. പക്ഷേ, 2016-ൽ ഈ ഗവൺമെന്റ് നടത്തിയ നീക്കങ്ങൾ അന്നവർ അംഗീകരിച്ചിരുന്നുവെങ്കിൽ ഇപ്പോൾ കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതാ സർവ്വീസ് റോഡടക്കം പത്തുവരി പാതയായി ഗതാഗത പദ്ധതികൾ സുഗമമാകുമായിരുന്നു. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. കെ. രാജൻ, കുണ്ടന്നൂർ-വൈറ്റില മേൽപ്പാലങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. അതിൽ ഒരു പാലത്തിന്റെ സ്ഥലത്ത് 12 വരി റോഡാണുള്ളത്. പാലത്തിന്റെമേൽ ആറുവരിപ്പാതയുമുണ്ട്. താഴെ ആറ് വരിയും ഒരിടത്ത് 11 വരിയുമുണ്ട്. ഇതെല്ലാം മൂന്ന് വർഷക്കാലംകൊണ്ട് സ്വന്തം ഖജനാവിലെ പരിമിതമായ പണമുപയോഗിച്ച് സംസ്ഥാന ഗവൺമെന്റ് ചെയ്തതാണ്. എന്നാൽ 617 കോടി രൂപയിൽ തുടങ്ങിയ ഒരു പദ്ധതി 1,019 കോടി രൂപയായി വർദ്ധിച്ചിട്ടും അതെന്ന് പൂർത്തിയാകുമെന്ന് പറയാൻ കഴിയാതെ, എല്ലാ അധികാരങ്ങളുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ ദേശീയപാത അതോറിറ്റി ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കുന്നതായാണ് നാം കാണുന്നത്. ഈ വിഷയം മൂന്നാം തവണയാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. രാജൻ സഭയിൽ ഉന്നയിക്കുന്നത്. 2017 അവസാനം ഞാൻ അവിടെ പോയിരുന്നു. ശ്രീ. കെ. രാജൻ ഉൾപ്പെടെയുള്ള എം.എൽ.എ.മാർ, എം.പി.മാർ, ജില്ലാകളക്ടർ എന്നിവരുമായി യോഗം ചേർന്നിരുന്നു. അന്ന് ഗതാഗതം തകർന്നുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം സന്ദർശനം നടത്തുകയും റോഡ് ടാറിംഗ് ജോലികൾ മാത്രം നടത്തുകയും ചെയ്തു. അതിനുശേഷം ഒരു പ്രവൃത്തിയും നടന്നിട്ടില്ല. അന്ന് കരാറുകാരൻ ഉറപ്പുനൽകിയത് 2018, ജനുവരിയിൽ ഇത് ഓപ്പൺ ചെയ്യുമെന്നാണ്. പിന്നെയും രണ്ടുവർഷം കഴിഞ്ഞു. ഇതാണ് ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വം. രാജ്യത്തെല്ലായിടത്തും അവർ ഇങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിൽ മാത്രം ഇങ്ങനെയാണ്. ഇവരുടെ അനാസ്ഥയുടെ മറ്റൊരു ഉദാഹരണമാണ് കാലിക്കറ്റ് ബൈപ്പാസ്. അതിന്റെ ജോലികൾ തുടങ്ങേണ്ടതായിരുന്നു, ഇപ്പോൾ തുടങ്ങിയിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. അന്ന് കരാറെടുത്ത കമ്പനിയുടെ കയ്യിലും ഇവരുടെ കയ്യിലും പണമില്ലായിരുന്നു. ചാലക്കുടിയിലെ അണ്ടർ പാസിന്റെ കാര്യം, അവിടത്തെ എം.എൽ.എ.-യായ ശ്രീ. ബി. ഡി. ദേവസ്സി പലതവണ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഞാൻ അവിടെ സന്ദർശിച്ചിട്ടുണ്ട്. ദേശീയപാത അതോറിറ്റി 6 മാസത്തിനകം പണി

പൂർത്തിയാക്കാമെന്ന് എനിക്ക് ഉറപ്പുനൽകിയിരുന്നു, ഇപ്പോൾ വർഷം രണ്ട് കഴിഞ്ഞു. കേരളത്തോടുള്ള അവഗണന, കേരളത്തിലെ ജനങ്ങളുടെ ജീവൻ വച്ച് പന്താടുന്ന സ്ഥിതിയാണ് ഇതുവരെ നടത്തിക്കൊണ്ടിരിക്കുന്നത്. അതേസമയം ദേശീയപാതാ അതോറിറ്റിയുടെ പണിയുടെ സ്പീഡ് കാണണമെങ്കിൽ കഴക്കൂട്ടത്തുപോയാൽ മതി. എത്ര വേഗത്തിലാണ് അവിടെ പണി നടക്കുന്നത്. ഇങ്ങനെ പല തരത്തിലാണ് പെരുമാറുന്നത്. കുതിരാൻ തുരങ്കവും ദേശീയ പാത 544-ലെ വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള പാത ആറ് വരിയാക്കുന്നതുമൊക്കെ, യഥാർത്ഥത്തിൽ ഇത്രയധികം പണം മുടക്കി എന്തിനാണ് ഇങ്ങനെയൊരു പദ്ധതി കൊണ്ടുവരുന്നതെന്ന് എനിക്ക് സംശയമുണ്ടായിരുന്നു. നിലവിലുള്ള പാത അഞ്ചോ ആറോ മീറ്റർകൂടി വീതി കൂട്ടി ചെറിയൊരു വളവെല്ലാം മാറ്റിയാൽ അതിമനോഹരമായ ദേശീയ പാതയുണ്ടാകും. പരമാവധി രണ്ട് വർഷം മതിയാകും. അതെന്തെങ്കിലുമാകട്ടെ, ആരുടെയോ വീക്ഷണത്തിലോ വീക്ഷണമില്ലായ്മയിലോ ഉണ്ടായ ഒരു പാതയാണ്. അതിന്റെ മുകളിൽക്കൂടി ആനകൾക്കെല്ലാം പോകാനുള്ള വഴിയുണ്ടെന്നാണ് പറയുന്നത്. അതിലൂടെ ആനകൾ അല്ലെങ്കിലും പോയിക്കൊണ്ടിരിക്കുകയാണ്. തുരങ്കത്തിന്റെ മുകളിൽ കുറെ മണ്ണ് നിൽപ്പുണ്ട്, അവിടെ വനപ്രദേശവുമുണ്ട്. ഇടയ്ക്ക് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നിർമ്മാണപ്രവൃത്തികളെ തടസ്സപ്പെടുത്തുന്നുണ്ട്. ഇങ്ങനെ പല തരത്തിലുള്ള പ്രശ്നങ്ങളാണ്. ഏതായാലും കാര്യങ്ങൾ അത്യന്തം ദൗർഭാഗ്യകരമാണ്. നമുക്ക് ചർച്ചകളിലൂടെ പറയാമെന്നല്ലാതെ യാതൊരു അധികാരവുമില്ല. പക്ഷെ സംസ്ഥാന ഗവൺമെന്റാണ് പണിയേണ്ടതെന്ന് ചില വ്യക്തികൾ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരുപാട് കാര്യങ്ങളിൽ അങ്ങനെയുണ്ട്. ഭരണഘടനയോ, രാജ്യത്തിന്റെ വ്യവസ്ഥിതിയോ എന്താണെന്നറിയാതെ വെറുതെയിങ്ങനെ അനാവശ്യം പറയുന്ന കുറെ ആളുകൾ ഈ കേരളത്തിലുണ്ട്. ദേശീയ പാതയെന്നാൽ അത് സംസ്ഥാന ഗവൺമെന്റിന്റെ വകയാണെന്ന് കരുതുന്ന ഒരു വിഭാഗം ആളുകളുണ്ട്. അതെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽ വരുന്ന പാതകളാണ്. ദേശീയ പാതകളിൽത്തന്നെ സംസ്ഥാന പൊതുമരാമത്ത് വിഭാഗത്തിന്റെ ദേശീയപാതാ വിഭാഗത്തെ ഏൽപ്പിച്ചതും ഏൽപ്പിക്കാത്തതുമായ സ്ഥലങ്ങളുണ്ട്. എൻ.എച്ച്.എ.ഐ. നേരിട്ട് ഏറ്റെടുക്കുന്ന സ്ഥലങ്ങളുമുണ്ട്. ഇവ മുഴുവനും തകർന്ന് കിടക്കുകയാണ്. നമ്മളെ ഏൽപ്പിച്ച സ്ഥലങ്ങളിലാണ് വാർഷിക മെയിന്റനൻസും മറ്റുമൊക്കെ നടത്തുന്നത്. ഇപ്പോൾ തിരുവനന്തപുരം മുതൽ പരിശോധിച്ചാൽ പ്രധാന റോഡുകൾക്കൊന്നും കേടുപാടുകളില്ല. കഴക്കൂട്ടത്ത് പണി പുരോഗമിക്കുന്നതുകൊണ്ടാണ് കുറച്ച് കേടുപാടുകളുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഒന്നരവർഷം മുമ്പ് ഒരു ദിവസം മുൻ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. സി. പി. നായർ എന്നെ വിളിച്ചുപറഞ്ഞു, "ഞാൻ ദേശീയപാത വഴി പോയി. പത്ത് വർഷത്തിനുശേഷം ആദ്യമായിട്ടാണ് സുഗമമായി യാത്ര ചെയ്യുന്നത്" എന്ന്. ഒരുപാടുപേർ അങ്ങനെ പറയുന്നുണ്ട്. കാരണം, റോഡിന് യാതൊരു കുഴപ്പവുമില്ല എന്നതുകൊണ്ടാണ്. നാലുവരിയാകുന്നതിനുമുമ്പ് നിലവിലുള്ള റോഡിന്റെ കാര്യമാണ് ഞാൻ പറയുന്നത്. എൻ.എച്ച്.എ.ഐ.-യുടെ കൈവശമുള്ള സ്ഥലം മുഴുവൻ കുഴപ്പമാണ്. ഇവിടെ മാത്രമല്ല സകല സ്ഥലത്തും പ്രശ്നമാണ്, യാതൊരു ഉത്തരവാദിത്വവുമില്ല. ഇവർക്ക് വടക്കേ ഇന്ത്യയിലെ കുറച്ച് കോൺട്രാക്ടേഴ്സുണ്ട്. ഇവരുടെ ആരുടെയും കയ്യിൽ പണമില്ലെന്നാണ് പറയുന്നത്. ഞാൻ മനസ്സിലാക്കിയത് രാജ്യഭരണം നടത്തിയവരും നടത്തിക്കൊണ്ടിരിക്കുന്നവരുമായ ഉന്നത അധികാര ശ്രേണികളിൽ ഇരിക്കുന്ന ചില രാഷ്ട്രീയ നേതാക്കന്മാരുടേതാണ് ഖജനാവ് ചോർത്തിയെടുക്കാനുള്ള ഈ കള്ളക്കമ്പനികൾ എന്നാണ്. ദേശീയപാതാ അതോറിറ്റിയുടെ അഴിമതിയെപ്പറ്റി അമേരിക്കൻ പാർലമെന്റിന്റെ ഒരു റിപ്പോർട്ടുണ്ട്. 2017-ൽ കെ.എസ്.റ്റി.പി. ഇഷ്യൂ അവതരിപ്പിച്ചപ്പോൾ അമേരിക്കൻ പാർലമെന്റിൽ വന്ന ആ രേഖ ഞാനിവിടെ അവതരിപ്പിച്ചതാണ്. ദേശീയപാതാ അതോറിറ്റിയെപ്പറ്റി വലിയ അഴിമതിയാണെന്നാണ് അവർ പറയുന്നത്. കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്വപ്പെട്ട ആളുകൾ ഈ ചർച്ചയെ ഗൗരവമായിട്ടെടുത്ത് തിരുത്താൻ ശ്രമിച്ചാൽ നന്നായിരുന്നു. ഏതായാലും സഭയിൽ വന്നിരിക്കുന്ന അതീവ ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്ത് അറിയിക്കാൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. എങ്കിലും നമ്മൾ അത് ഒരിക്കൽക്കൂടി ചർച്ച ചെയ്യുകയാണ്. ബഹുമാന്യനായ ചീഫ് വിപ്പ് കെ. രാജൻ ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം ഉൾപ്പെടെ മൂന്ന് തവണയാണ് ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് കേരളത്തിന്റെ പൗരജീവിതത്തെ പ്രതികൂലമായി ബാധിച്ചൊരു പാതയായി മാറിയിരിക്കുകയാണ്. സാധാരണയായി ന്യായമായ കാര്യങ്ങൾ പറഞ്ഞാൽ കേൾക്കുന്നതും കേരളത്തിന് ഒരുപാട് സഹായം ചെയ്തുകൊണ്ടിരിക്കുന്ന ആളുമാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരി എന്നതിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തെക്കുറിച്ച് എനിക്ക് നല്ലതല്ലാതെ ഒന്നും പറയാനില്ല. ആലപ്പുഴ ബൈപ്പാസ് പണി പൂർത്തിയായിട്ടൊരു മാസമായി. ഉദ്ഘാടനത്തിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രി വരുന്നതിനുവേണ്ടി ഞങ്ങൾ കാത്തിരിക്കുകയാണ്. അവിടെ എന്തായാലും 'വി ഫോർ'-നെയൊന്നും കണ്ടില്ല. അതിന്റെ മുകളിൽ കയറിയാൽ അവരുടെ കാൽ തല്ലിയൊടിക്കുമെന്ന കാര്യം ഉറപ്പായതുകൊണ്ടാണ് അവിടെ വരാത്തത്. എറണാകുളത്തും അവർക്കിനി കയറാനാവില്ല. ഇപ്പോൾ അവിടത്തുകാർക്ക് മനസ്സിലായി. പ്രസ്തുത റോഡ്

നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിന്റെ 50 ശതമാനം തുകയും സംസ്ഥാനത്തിന്റെ 50 ശതമാനം തുകയുമാണ് ചെലവഴിച്ചത്. കൊല്ലം ബൈപ്പാസ് ഒന്നേകാൽ വർഷം മുമ്പ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ തുറന്ന കൊടുത്തതാണ്. ആ ശുഷ്കാന്തി എന്തുകൊണ്ട് ഇക്കാര്യത്തിൽ കാണുന്നില്ല? 50:50 അനുപാതത്തിലാണ് അതും ചെയ്തത്. സംസ്ഥാനം 50 ശതമാനംവച്ച് പങ്ക് വച്ചിടത്തുപോലും ടോൾ പിരിക്കണമെന്നാണ് അവർ പറയുന്നത്. 200 കോടി രൂപ മുടക്കി നിർമ്മിച്ച വൈറ്റിലയിലും കുണ്ടന്നൂരും നമ്മൾ ടോൾ പിരിക്കുന്നതേയില്ല. അത് പി.ഡബ്ല്യൂ.ഡി.-യുടെ നയമാണ്; ഈ ഗവൺമെന്റിന്റെ നയമാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ക്യാബിനറ്റിന്റെയും അംഗീകാരത്തോടെ 24 സ്ഥലങ്ങളിലെ ടോൾ പിരിവ് ഞാൻ നിർത്തലാക്കി. പിരിച്ചെട്ടുക്കേണ്ട കോൺട്രാക്ടറുടെ പണം സംസ്ഥാനം കൊടുക്കുകയാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഒരു പാലത്തിനും ടോളില്ല. 172 കോടി രൂപ സംസ്ഥാനവും അത്രത്തോളം കേന്ദ്രവും വഹിച്ച് നിർമ്മിച്ച കൊല്ലം റോഡിന് ടോൾ പിരിക്കുകയാണ്. സംസ്ഥാനം മുടക്കിയ 172 കോടി രൂപയുടേതിനെങ്കിലും ടോൾ പിരിക്കാതിരിക്കാൻ ആവശ്യപ്പെട്ടെങ്കിലും അതിന് കഴിയില്ലെന്നാണ് അവരുടെ മറുപടി. ഇതുതന്നെയാണ് ആലപ്പുഴ ബൈപ്പാസിനും. ഇങ്ങനെയൊക്കെയാണെങ്കിലും കേന്ദ്രവുമായി നല്ല രീതിയിൽ സഹകരിച്ചുകൊണ്ടാണ് നമ്മൾ പ്രവൃത്തികൾ നടത്തുന്നത്. പക്ഷേ ഈ പാതയുടെ കാര്യത്തിൽ നമുക്ക് പ്രക്ഷോഭം നടത്താനേ പറ്റുകയുള്ളൂ, ഇത് അവരുടെ പൂർണ്ണ നിയന്ത്രണത്തിൽ നടക്കുന്നതാണ്. അടിയന്തരമായി പണി പൂർത്തീകരിക്കുന്നതിനുവേണ്ട ശക്തമായ പ്രമേയം നിയമസഭയിൽ പാസ്സാക്കിയശേഷം അവിടേയ്ക്ക് അയയ്ക്കാം. തുടർന്ന് നേരിട്ട് കേന്ദ്ര മന്ത്രിയെ ബന്ധപ്പെടാം. നമ്മുടെ എം.പി.മാരുടെയും സഹായം തേടാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി തവണ ബന്ധപ്പെട്ടതാണ്. അദ്ദേഹം നേരിട്ട് കോൺഫറൻസും വിളിച്ചിട്ടുള്ളതാണ്. അദ്ദേഹം വഴിയും ബന്ധപ്പെടാം. അങ്ങനെ നമുക്ക് ഈ ശാപം ഒരു അനുഗ്രഹമാക്കി മാറ്റാൻ കഴിയട്ടെ എന്നുമാത്രം പറയുകയാണ്. ഇത് എപ്പോഴും ഉന്നയിക്കുന്ന ശ്രീ. കെ. രാജൻ കേരളത്തിന്റെ മനഃസാക്ഷിയെയാണ് പ്രതിനിധീകരിക്കുന്നത് എന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. കെ. രാജൻ: സർ, താൽക്കാലികമായി തുരങ്കം തുറക്കുന്നതിനു വേണ്ടിയും റോഡ് പണി പൂർത്തിയാക്കാൻ വേണ്ടിയും ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര ഗവൺമെന്റുമായി സംസാരിക്കാം എന്നുപറഞ്ഞതിൽ സന്തോഷമുണ്ട്. പക്ഷേ ഇവിടെ കരാർ കമ്പനി കണക്ക് കൊടുക്കുമ്പോൾ, ദേശീയപാതാ അതോറിറ്റി 84.47 ശതമാനം പണി പൂർത്തിയായി എന്നുപറയുന്നത് റോഡിൽ ടാർ ഇടൽ

മാത്രമാണ് ചെയ്യുന്നത്. ശ്രീ. ബി. ഡി. ദേവസ്സി സൂചിപ്പിച്ചതു പോലെ, ചാലക്കുടിയിൽ നടത്തുന്ന കരാർലംഘനം പോലെ, ഇവിടെ കരാർ പൂർത്തീകരിക്കാതെ ടോൾ പിരിക്കാനുള്ളൊരു ലക്ഷ്യം ഇവർ നടത്തുന്നുണ്ട്. കരാർ പൂർത്തീകരിക്കാതെ ഒരു കാരണവശാലും ടോൾ പിരിക്കാൻ അനുവദിക്കില്ല എന്ന തരത്തിൽ കേരള ഗവൺമെന്റ് ഒരു തീരുമാനം എടുക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കുതിരാൻ തുരങ്കം പൂർണ്ണമായും കമ്മീഷൻ ചെയ്യാതെ ടോൾ പിരിക്കാൻ നിയമപരമായി കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. പണി പൂർത്തിയാക്കാതെ ടോൾ പിരിക്കാൻ നിയമവ്യവസ്ഥ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, ......(...മൈക്ക് ഓഫ്...)

മി. സ്പീക്കർ: അത് പിന്നീട് ചോദ്യമായി ചോദിച്ചുകൊള്ളൂ. ഇതിനൊക്കെ ചില ചട്ടവും റൂളുമൊക്കെയുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ,.....

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ട പ്രകാരമാണ് നമ്മുടെ സഭ നടന്നുപോകുന്നത്. സാധാരണ നിലയിൽ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചാൽ അത് അവതരിപ്പിച്ച അംഗത്തിനാണ് ചോദ്യം ചോദിക്കാനുള്ള അവകാശം. ഇതിലൊന്നും പെടാത്ത ഒരാൾ എഴുന്നേറ്റുനിന്ന് ഒരു ചോദ്യം ചോദിക്കുന്നത് ഓർഡറിലാണോ; ഓർഡറിലല്ലെങ്കിൽ അങ്ങ് റൂളിംഗ് നൽകുമോ?

മി. സ്പീക്കർ: ഓർഡറിലല്ല. അനുവദിച്ചിട്ടില്ല. മൈക്ക് കൊടുത്തിട്ടില്ല. ചോദ്യം അംഗീകരിച്ചിട്ടുമില്ല.

## (2) റബ്ബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കലും കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില പുനഃക്രമീകരിക്കലും

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് റബ്ബർ വിലസ്ഥിരതാ ഫണ്ട് പ്രകാരമുള്ള കുറഞ്ഞ വില 250 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതിന്റെയും വിവിധ കാർഷിക ഉൽപ്പന്നങ്ങൾക്കുള്ള താങ്ങുവില പുനഃക്രമീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്കാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്.

റബ്ബറിന്റെ ഉപയോഗം ഇതുവരെ ഒരു ലക്ഷം ടൺ കഴിഞ്ഞിട്ടും റബ്ബർ കർഷകന് ന്യായവില ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ടയർ വിൽപ്പനയും ആഗോള ഉപയോഗവും കുത്തനെ ഉയർന്നിട്ടും

റബ്ബർ വില കുത്തനെ താഴേയ്ക്ക് പോകുന്ന സ്ഥിതിവിശേഷം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. റബ്ബർ ഉല്പാദനത്തിന്റെ സാമ്പത്തിക നേട്ടം ഏതാനും ടയർ കമ്പനികൾക്ക് മാത്രമായി ചുരുങ്ങിയിരിക്കുന്നു എന്നതാണ് ഇന്നത്തെ അവസ്ഥ. ഇതിനെതിരെ പ്രതികരിക്കാൻ റബ്ബർ കൃഷിക്കാർക്ക് കഴിയുന്നില്ല. 10 ലക്ഷം ചെറുകിട കർഷകർ ഇന്ന് വൻ നഷ്ടം നേരിടുകയാണ്. റബ്ബർ കൃഷി ഉപേക്ഷിക്കാൻ ആളുകൾ നിർബന്ധിതമാകുന്ന ഒരു സാഹചര്യം ഇന്ന് നിലനിൽക്കുകയാണ്. റബ്ബർ ഉൽപ്പാദനം നവംബർ മാസം 90,000 ടണ്ണിലേയ്ക്ക് ഉയർന്നതായി റബ്ബർ ബോർഡിന്റെ കണക്കുകളിൽ പറയുന്നുണ്ട്. റബ്ബറിന്റെ ഉപയോഗം കഴിഞ്ഞ മാസങ്ങളിൽ ഒരു ലക്ഷം ടണ്ണിന് മുകളിലെത്തിയിരിക്കുകയാണ്, എന്നാൽ ആ കണക്ക് പുറത്ത് വിടുന്നില്ല. ഇത് രഹസ്യമായി വയ്ക്കുന്നത് ടയർ കമ്പനികൾക്കും വൻകിടക്കാർക്കും വേണ്ടിയാണ്. റബ്ബർ ഉപയോഗത്തിന്റെ നല്ലൊരു ശതമാനം ഇറക്കുമതി ചെയ്യു റബ്ബറാണെന്നുള്ളതാണ് മറ്റൊരു സത്യം. റബ്ബർ ഇറക്കുമതി വരുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് കൃഷിക്കാരുടെ നട്ടെല്ലൊടിക്കുകയാണ്. ഒരു കിലോ റബ്ബർ ഉൽപ്പാദിപ്പിക്കാൻ കർഷകർക്ക് 175 രൂപ ചെലവ് വരുമെന്നാണ് റബ്ബർ ബോർഡുതന്നെ കണക്കാക്കിയിട്ടുള്ളത്. ഇത് 8 വർഷം മുമ്പ് പുറത്തുവിട്ട റബ്ബർ ബോർഡിന്റെ കണക്കാണ്. റബ്ബർ കൃഷിക്കാർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച് സർക്കാർ വസ്തുതാപരമായി പരിഗണിക്കേണ്ടതുണ്ട്. റബ്ബർ കൃഷിക്കാർ പ്രതിസന്ധിയിലായ സാഹചര്യം കണക്കിലെടുത്താണ് 2015-16 കാലഘട്ടത്തിൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപയുടെ വിലസ്ഥിരതാ പദ്ധതി പ്രഖ്യാപിച്ചത്. ഇത്രയും വർഷം കഴിഞ്ഞിട്ടും ഇതിൽ യാതൊരുവിധ വർദ്ധന വരുത്താനും ഗവൺമെന്റ് തയ്യാറായിട്ടില്ല. കൃഷിക്കാരുടെ ഉൽപ്പാദനച്ചെലവുകൂടി കണക്കിലെടുത്ത് താങ്ങുവില നിശ്ചയിക്കാൻ തയ്യാറായാൽ 250 രൂപ റബ്ബർ വിലസ്ഥിരതാ ഫണ്ടായി ഉയർത്തപ്പെടേണ്ടതുണ്ടെന്നത് ന്യായമായൊരു ആവശ്യമാണ്. റബ്ബറിന് ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനംകൂടി കണക്കുകൂട്ടിവേണം തറവില നിശ്ചയിക്കാനെന്ന് ഡോ. സ്വാമിനാഥൻ കമ്മീഷൻ 2007-ൽ ശിപാർശ ചെയ്തിട്ടുണ്ട്. അതിനുശേഷം വർഷങ്ങൾ കഴിഞ്ഞ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണിയാണ് 150 രൂപയുടെ റബ്ബർ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിച്ചത്. അത് കർഷകർക്ക് വലിയൊരു ആശ്വാസമായിരുന്നു.

12.00 Noon]

കേരളത്തിൽ റബ്ബർ കൃഷി നിലനിർത്താനും റബ്ബർ കർഷകരെ സഹായിക്കാനും ഉൽപ്പാദനച്ചെലവുകൂടി കണക്കിലെടുക്കുമ്പോൾ 250 രൂപയുടെ

വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് വർദ്ധിപ്പിക്കുകയെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം ഒരു വർഷമായി 150 രൂപ കുടിശ്ശികയാണ്, കൊടുത്തുതീർത്തിട്ടില്ല. കൃഷിക്കാർ കൃത്യമായി ബിൽ സബ്മിറ്റ് ചെയ്തിട്ടും ഒരു വർഷത്തോളമായി കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇത് ഏറ്റവും വലിയ അനീതിയാണ്. കോവിഡ് പ്രതിസന്ധി നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ ഇത്രയും കുടിശ്ശിക വരുത്തിയത് അനീതിയും അന്യായവുമാണ്. അത് എത്രയുംവേഗം കൊടുത്തുതീർക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റബ്ബറിനെ കാർഷികോൽപ്പന്നമായി അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണമെന്ന് ദീർഘകാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് നിഷേധാത്മകമാണ്. കാർഷികവിളയായി പ്രഖ്യാപിക്കാൻ തയ്യാറാകാത്ത നിലപാട് കേന്ദ്രഗവൺമെന്റ് എടുത്തിരിക്കുന്നു. പലപ്രാവശ്യം ഞങ്ങൾ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള കാര്യമാണ്. ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഈ പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് റബ്ബറിനെ കാർഷികോൽപ്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന ആവശ്യം ഉന്നയിക്കുകയാണ്. നാളികേര കൃഷിക്കാരുടെ കാര്യവും പ്രധാനപ്പെട്ടതാണ്. നാളികേരത്തിന് താങ്ങുവില 40 രൂപയായെങ്കിലും വർദ്ധിപ്പിക്കണം. കഴിഞ്ഞദിവസം ബഹുമാന്യനായ പി. ജെ. ജോസഫ്, ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിശദാംശങ്ങൾ മുഴുവൻ അവതരിപ്പിച്ചതാണ്. ഇന്ന് താങ്ങുവില 30 രൂപയിൽ താഴെയെന്ന് പറയുമ്പോൾ നാളികേര കർഷകരും പ്രയാസപ്പെടുകയാണ്. ഡോ. സ്വാമിനാഥൻ കമ്മീഷൻ നാളികേരത്തിനെയും മിനിമം സപ്പോർട്ട് പ്രൈസിന്റെ പരിധിയിൽ കൊണ്ടുവന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും നാളികേര കർഷകർക്കാവശ്യമായ സംരക്ഷണം കൊടുക്കാനോ ആ കൃഷിയെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഒരു നിലപാടെടുക്കാനോ പല കാരണങ്ങൾകൊണ്ടും കഴിയുന്നില്ല. ഈ സ്ഥിതിവിശേഷവും തിരുത്തപ്പെടേണ്ടതാണ്. സംസ്ഥാന ഗവൺമെന്റ് നാളികേര കൃഷിക്ക് താങ്ങുവില പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നെല്ലിന്റെ താങ്ങുവില 3000 രൂപയാക്കണമെന്നുള്ളതാണ് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും മറ്റ് നെൽകൃഷി മേഖലയിലും ഉയർന്നുവന്നിരിക്കുന്ന ആവശ്യം. ഇപ്പോൾ 2748 രൂപയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്, ഇത് 3000

രൂപയാക്കുകയെന്നുള്ളത് ന്യായമായ ആവശ്യമാണ്. നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് എല്ലാവിധ ഇടപെടലുകളും നടത്തുമ്പോഴും അടിസ്ഥാന വിഷയങ്ങൾ പരിഹരിക്കപ്പെടുന്നില്ലെന്ന കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൊടുക്കുന്ന ഹാന്റ്ലിംഗ് ചാർജ്ജ് 100 രൂപയായെങ്കിലും വർദ്ധിപ്പിക്കേണ്ടത് ന്യായമായ കാര്യമാണ്. കാരണം ഇത് 12 രൂപയിലാണ് തുടങ്ങിയത്, വർഷങ്ങൾക്കുമുൻപ് തുടങ്ങുമ്പോൾ അന്നുണ്ടായിരുന്ന ധാരണ ഹാന്റ്ലിംഗ് ചാർജ്ജിൽ വരുന്ന നഷ്ടത്തിന്റെ പകുതി കൃഷിക്കാർക്ക് കൊടുക്കുമെന്നുള്ളതാണ്. പക്ഷെ ഇന്നുവരെ അത് കൊടുത്തിട്ടില്ല. തുടങ്ങിയ കാലത്തെ 12 രൂപയിൽനിന്ന് ഇപ്പോൾ വന്നിരിക്കുന്ന ചെലവ് ഒരു ക്വിന്റലിന് 150-160 രൂപവരെയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് അക്കാര്യം അടുത്തറിയാം. ഇത്രയും രൂപ ചെലവ് വരുമ്പോഴും ഹാന്റ്ലിംഗ് ചാർജ്ജ് 12 രൂപയിൽത്തന്നെ നിൽക്കുകയാണ്, പിന്നെയെങ്ങനെയാണ് നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നത്; എങ്ങനെയാണ് നെൽകർഷകർ പിടിച്ചുനിൽക്കുന്നത്? 100 രൂപയെങ്കിലുമായി ഹാന്റ്ലിംഗ് ചാർജ്ജ് ഉയർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. നഷ്ടം സഹിച്ചുകൊണ്ട് നെൽകർഷകർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത വലിയ പ്രതിസന്ധിയുണ്ട്, അത് പരിഹരിക്കണമെന്ന് സൂചിപ്പിക്കുന്നു.

വിത്ത് തെരഞ്ഞെടുക്കാനുള്ള അവകാശം കൃഷിക്കാരന് കൊടുക്കണം. ഇപ്പോൾ കേരള സീഡ്സ് കൊടുക്കുന്ന വിത്ത് കിളിർക്കുക പോലുമില്ല. പലസ്ഥലത്തും കൃഷിക്കാർക്ക് പരാതിയും വിഷമവുമാണ്, ആരും നോക്കാനില്ലാത്ത അവസ്ഥയുണ്ട്. കൃഷിക്കാരന് വിത്ത് തെരഞ്ഞെടുക്കാനുള്ള അവകാശം കൊടുക്കുക, അതിനുള്ള സബ്സിഡി കൃഷിക്കാർക്ക് നേരിട്ട് കൊടുക്കുക. ഇപ്പോൾ കൃഷിക്കാർക്കുള്ള സബ്സിഡി നേരിട്ടല്ല കിട്ടുന്നത്, അതുകൊണ്ട് കൃഷിക്കാരന് യാതൊരു ഗുണവുമില്ല. ഉൽപ്പാദന ബോണസ്, വളം/വിത്ത് സബ്സിഡി എന്നിവയൊന്നും സമയത്ത് കിട്ടാറില്ല. കൃഷിയും കഴിഞ്ഞ്, കാലവും കഴിഞ്ഞ് പോകുമ്പോൾ സബ്സിഡിയുടെ ആനുകൂല്യവും പറഞ്ഞുവരികയാണ്. ഇത്തരം കഷ്ടപ്പാടിനിടയിലാണ് നെൽകർഷകർ മുന്നോട്ടുപോകുന്നത്. നെൽകർഷകരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ വിവിധ സബ്സിഡികൾ സമയബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കോവിഡ് - 19-ന്റെ പശ്ചാത്തലത്തിൽ ചുക്ക്, മഞ്ഞൾ തുടങ്ങിയവയുടെ ഉപയോഗം വർദ്ധിച്ചിരിക്കുന്നു. ഇത് കൃഷിക്കാർതന്നെ മാനേജ് ചെയ്യുകയാണ്. ഇപ്പോൾ വന്നിരിക്കുന്ന ആവശ്യകത വളരെ വലുതാണ്. അത് കണക്കിലെടുത്തുകൊണ്ട് ചുക്കും, മഞ്ഞളും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടീൽ വസ്തുക്കൾ ഗവൺമെന്റുതന്നെ കൊടുക്കാൻ കഴിയുന്നൊരു സാഹചര്യമുണ്ടാ-

ക്കണം. കേരളത്തിന്റെ കറുത്തപൊന്നായ കുരുമുളകിന്റെ വിലയിടിവ് ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാടെടുത്തുകൊണ്ട് കോവിഡ് പശ്ചാത്തലത്തിൽ കർഷകർക്കുവേണ്ടി ഗവൺമെന്റിന് കൂടുതലായി ചെയ്യാൻ കഴിയുന്ന പദ്ധതികൾ ഗൗരവമായി ആലോചിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ്, റബ്ബറുമായി ബന്ധപ്പെട്ട വിഷയമാണ് പ്രധാനമായും ഉന്നയിച്ചതെങ്കിലും അദ്ദേഹം എല്ലാ വിളകളെ സംബന്ധിച്ചും ഇവിടെ വിശദമായി പറഞ്ഞിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം ഉന്നയിക്കുന്നത് ശരിയാണെങ്കിലും റബ്ബർ പോലുള്ള നാണ്യവിളകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തകർച്ചയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനാണെന്ന് അദ്ദേഹത്തിന് നന്നായി അറിയാം. അദ്ദേഹം പലതവണ ഈ വിഷയങ്ങൾ സഭയിൽ അവതരിപ്പിച്ച അംഗമായതുകൊണ്ട് പറയുകയാണ്. ഒരു തവണപോലും അദ്ദേഹം കേന്ദ്ര ഗവൺമെന്റിന്റെ പ്രശ്നങ്ങൾകൊണ്ടാണ് ഇതുപോലെയുള്ള സാഹചര്യങ്ങൾ വരുന്നതെന്ന കാര്യം ചൂണ്ടിക്കാണിക്കാതിരുന്നത് ശരിയായില്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട പ്രശ്നം വരുന്നത് കേന്ദ്ര ഗവൺമെന്റ് ആസിയാൻ കരാറുമായി അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളുടെ ഫലമാണ്. ഒരു ലക്ഷം ടൺ റബ്ബറിന്റെ പ്രൊഡക്ഷൻ സംബന്ധിച്ച് മറച്ചുവച്ചിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. റബ്ബറിനെ കാർഷികോൽപ്പന്നമായി കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും അംഗീകരിച്ചിട്ടില്ല എന്നതാണ് അദ്ദേഹം ആദ്യം മനസ്സിലാക്കേണ്ട കാര്യം. അത് ഇപ്പോഴും കോമേഴ്സ് ആന്റ് ഇൻഡസ്ട്രി ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യുന്നത്. കേന്ദ്ര കൃഷി മന്ത്രാലയവുമായി റബ്ബറിന് യാതൊരു ബന്ധവുമില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചതനുസരിച്ച് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കാർഷിക വിഭവങ്ങളെ സംബന്ധിച്ചുള്ളതാണ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന താങ്ങുവിലപോലും കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു കൊടുത്തിട്ടില്ല. കേന്ദ്ര സർക്കാർ താങ്ങുവില നിശ്ചയിച്ചിരിക്കുന്ന 25 വിളകളിൽ നെല്ലും മില്ലിംഗ്കൊപ്രയും മാത്രമാണ് കേരളത്തെ ബാധിക്കുന്നത്, റബ്ബർ ഒരിക്കലും വന്നിട്ടില്ല. 22-2-2018-ൽ സംസ്ഥാന ഗവൺമെന്റ് കൊടുത്ത കത്തിൽ ഇക്കാര്യങ്ങൾ വളരെ വിശദമായി പറഞ്ഞിരുന്നു. നാച്ചുറൽ റബ്ബറിനെ കാർഷിക ഉൽപ്പന്നമായി മാറ്റണം, കൃഷിയായി അംഗീകരിക്കണമെന്ന് 2018 മുതൽ

ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനുപുറമേ, "Government of India may take measures to safeguard the natural rubber farmers from the distress caused due to the steep fall in its price" എന്നുപറഞ്ഞ് ഞങ്ങൾ പലതവണ കേന്ദ്രത്തിന് കത്തയച്ചു. അതിന്റെ അടിസ്ഥാനത്തിൽ ടാസ്ക് ഫോഴ്സിനെ നിയോഗിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറിയെ ചെയർമാനാക്കി കേരളത്തിന്റേയും ത്രിപുരയുടേയും ചീഫ് സെക്രട്ടറിമാർ അംഗങ്ങളായിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി സംസ്ഥാനത്ത് വരികയും കെ. എം. മാണി അടക്കമുള്ള ആളുകളുമായി ചർച്ച നടത്തി 24 ഇനം ആവശ്യങ്ങൾ ഉന്നയിച്ചു. അതിൽ 22 കാര്യങ്ങൾ ടാസ്ക്ഫോഴ്സ് അംഗീകരിച്ചു. അതിൽ ഒരു പോയിന്റ് ഇത് കാർഷിക ഉൽപ്പന്നമായി അംഗീകരിക്കണമെന്നതാണ്. പ്രൊഡക്ഷൻ ഇൻസെന്റീവ് എന്തുകൊണ്ടാണ് ഇവിടെ കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട മോൻസ് ജോസഫിന് അറിയാമല്ലോ. ആസിയൻ കരാറനുസരിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി കൊടുക്കാൻ കേന്ദ്ര സർക്കാർ അംഗീകാരം കൊടുക്കില്ല. അതുകൊണ്ടാണ് 'പ്രൊഡക്ഷൻ ഇൻസെന്റീവ്' എന്ന് പേരുമാറ്റി 150 രൂപ തീരുമാനിച്ചിരിക്കുന്നത്. റബ്ബർ കർഷകർക്ക് വിരുദ്ധമായ ഒരു കരാറിന്റെ പേരിലാണ് ഇവർ ഈ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഈ സാഹചര്യത്തിൽ 150 രൂപവീതം കൊടുക്കാൻ തീരുമാനിച്ചു. ഈ വർഷം കൊടുക്കാനുള്ള കുറച്ച് തുക ബാക്കിയുണ്ട്, അത് റബ്ബർ ബോർഡ് തരുന്ന മുറയ്ക്കാണ് കർഷകർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ആർ.പി.എസ്. കൊടുക്കുന്ന കണക്കനുസരിച്ച് റബ്ബർ ബോർഡ് ലിസ്റ്റ് തന്നതെല്ലാം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിൽ കുടിശ്ശികയുണ്ടെങ്കിൽ കൊടുത്തു തീർക്കാൻ ഗവൺമെന്റ് തയ്യാറാണ്. 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 228 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. 2016-17-ൽ 300.64 കോടി രൂപയും 2017-18-ൽ 225.60 കോടി രൂപയും 2018-19-ൽ 358.93 കോടി രൂപയും 2019-20-ൽ 218.51 കോടി രൂപയും 2020-21ൽ ഇതുവരെ 228.56 കോടി രൂപയുമടക്കം 1331.4 കോടി രൂപ റബ്ബർ കൃഷിക്കാർക്കുമാത്രം പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ ഈ സർക്കാർ കൊടുത്തു. എൽ.ഡി.എഫ്. ഗവൺമെന്റ് റബ്ബർ കൃഷിക്കാർക്കുവേണ്ടി, നാമമാത്ര കൃഷിക്കാർക്ക് വേണ്ടി കൊടുത്ത കാര്യമാണ് ഞാൻ പറയുന്നത്, അതിനുപുറമെ സംസ്ഥാന കൃഷി ഡിപ്പാർട്ടുമെന്റ് റബ്ബർ കർഷകർക്കുവേണ്ടി ഇടവിള കൃഷി ചെയ്യുന്നതിനായി എല്ലാ വർഷവും പ്രത്യേക ഫണ്ട് മാറ്റിവയ്ക്കുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻവേണ്ടി എല്ലാ നടപടികളും സ്വീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത്

സിയാൽ മോഡൽ കമ്പനി രൂപീകരിക്കാനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. കൃഷിക്കാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നമ്മൾ ഉൽപ്പാദിപ്പിക്കുന്ന നാച്വറൽ റബ്ബറിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ കഴിയുന്ന കർഷകരുടെ കമ്പനി, സിയാൽ മോഡൽ കമ്പനി ഉണ്ടാക്കുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ഇതിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റാണ്, സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആ സ്ഥലത്ത് കമ്പനി ആരംഭിച്ചുകഴിഞ്ഞാൽ സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്ന റബ്ബറിൽനിന്നും നമ്മൾതന്നെ വാല്യൂ ആഡഡ് പ്രോഡക്ടുണ്ടാക്കി കൃഷിക്കാർക്ക് സസ്റ്റെയിനബിളായ വില ലഭിക്കാൻ ആവശ്യമായ നടപടി ആദ്യമായി ആരംഭിച്ചിരിക്കുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നെൽകൃഷി നഷ്ടമാണെന്ന് അങ്ങ് സൂചിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി നഷ്ടമാണെന്ന് ഒരു കൃഷിക്കാരനും പറയില്ലെന്ന് ഞാൻ ഉറച്ച വിശ്വാസത്തോടുകൂടി പറയുന്നു. അതുമാത്രമല്ല, ഇന്ന് ഏറ്റവും ലാഭകരമായ കൃഷിയായി നെൽകൃഷിയെ മാറ്റിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണെന്നതിൽ ശ്രീ. മോൻസ് ജോസഫിന് ഒരു സംശയവും വേണ്ട. കേന്ദ്ര ഗവൺമെന്റ് നെല്ലിന് കൊടുക്കുന്ന താങ്ങുവില കിലോയ്ക്ക് 18.48 രൂപയാണ്. കർണ്ണാടക സംസ്ഥാനത്ത് റിലയൻസ് കമ്പനി ഏറ്റവും മികച്ച നെല്ലിനുപോലും താങ്ങുവിലയായ 18.48 രൂപയ്ക്കുപുറമെ 80 പൈസ മാത്രം കൂട്ടിനൽകിയാണ് നെല്ല് വാങ്ങി സംഭരിച്ചത്. എന്നാൽ കേരളത്തിൽ താങ്ങുവിലയ്ക്ക് പുറമേ കിലോയ്ക്ക് 9 രൂപ അധികം നൽകി 27 രൂപ 48 പൈസ കൊടുത്താണ് നെല്ല് സംഭരിക്കുന്നത്. ഇത്രയും തുക താങ്ങുവിലയായി നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്.

അങ്ങ് വിത്തിന്റെ കാര്യത്തിലും തെറ്റിദ്ധാരണാജനകമായ ഒരു കാര്യം പറഞ്ഞു, 75 ശതമാനം സബ്സിഡി കൃഷിക്കാർക്ക് നേരിട്ടാണ് ലഭിക്കുന്നത്. കൃഷിക്കാർക്ക് അവർക്കിഷ്ടമുള്ള ഏത് വിത്തും വാങ്ങിക്കാം. എൻ.എസ്.സി. (National Seeds Corporation Limited)-യുടെ വിത്ത് വാങ്ങിക്കാം, കേരള സീഡ്സിന്റെ വിത്ത് വാങ്ങിക്കാം. കൃഷിക്കാർ എൻ.എസ്.സി.-യുടെ വിത്ത് വാങ്ങിക്കുന്നത് കൃഷിവകുപ്പ് മുഖാന്തിരമാണ്. ഇത്തവണ എൻ.എസ്.സി.-യിൽനിന്നും വാങ്ങിയ വിത്താണ് മുളയ്ക്കാതിരുന്നത്. ഗവൺമെന്റ് ഇടപെട്ട് അത് എൻ.എസ്.സി.-യെക്കൊണ്ടുതന്നെ മാറ്റി നൽകിച്ചു. Kerala State Seed Development Authority കൊടുത്തിരിക്കുന്ന വിത്ത് മുളയ്ക്കാതിരുന്നിട്ടില്ല.

എൻ.എസ്.സി. കൊടുത്തിരിക്കുന്ന വിത്ത് മുളയ്ക്കാതിരുന്നതിന് കാരണം വിത്തിന്റെ ജെർമിനേഷനുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്, മുളയ്ക്കാതിരുന്ന എല്ലാ വിത്തുകളും തിരിച്ചുവാങ്ങി പകരം വിത്ത് കൊടുത്തിട്ടുണ്ട്, അവിടങ്ങളിൽ കൃഷി പുനരാരംഭിച്ചിട്ടുമുണ്ട്. അങ്ങ് ആശങ്കപ്പെടുന്നതുപോലെ നെൽവിത്തുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രശ്നവും ഇവിടെ ഉണ്ടായിട്ടില്ലെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു കാര്യം പറഞ്ഞത്, ഹാൻഡ്‌ലിംഗ് ചാർജ്ജിനെക്കുറിച്ചാണ്. 1995 മുതൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് ഹാൻഡ്‌ലിംഗ് ചാർജ്ജ് നൽകുന്നത് കേന്ദ്ര ഗവൺമെന്റാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യത്തിൽനിന്നും ഒരു ക്വിന്റലിന് 2 രൂപ 40 പൈസ കുറച്ചിരിക്കുകയാണ്. 12 രൂപയാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന ഹാൻഡ്‌ലിംഗ് ചാർജ്ജ്. കേന്ദ്രം നൽകുന്ന ഹാൻഡ്‌ലിംഗ് ചാർജ്ജല്ലാതെ ഒരു കാലത്തും സംസ്ഥാന ഗവൺമെന്റ് ഹാൻഡ്‌ലിംഗ് ചാർജ്ജ് നൽകാറില്ല, അങ്ങനെ നൽകാൻ സാധിക്കില്ല. സംഭരണത്തിന്റെ ഉത്തരവാദിത്വം കേന്ദ്രത്തിനുള്ളതാണ്. നേരത്തെ നൽകിക്കൊണ്ടിരുന്ന ഹാൻഡ്‌ലിംഗ് ചാർജ്ജിൽനിന്നും വർദ്ധനവ് ഉണ്ടാകണമെന്ന് സംസ്ഥാന ഗവൺമെന്റ് നിരന്തരം ആവശ്യപ്പെട്ടിട്ടും അത് വർദ്ധിപ്പിക്കാതെ 2 രൂപ 40 പൈസ കുറയ്ക്കുകയാണുണ്ടായത്. അതിനുപുറമെ ഈ സംഭരണ സംവിധാനം കേന്ദ്രഗവൺമെന്റ് നിർത്തലാക്കാൻ പോകുകയാണ്. ഇത് വളരെ ഗൗരവമായ വിഷയമാണ്. കേരളത്തിലെ നെൽകൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് നെൽകൃഷി വിസ്തൃതിയുടെ ഭാഗമായി സബ്സിഡി വർദ്ധിപ്പിച്ചു. ഇപ്പോൾ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി 30,000 രൂപ സബ്സിഡിയുള്ളത് 40,000 രൂപയായി വർദ്ധിപ്പിച്ചു. പ്രൊഡക്ഷൻ ഇൻസെന്റീവുമായി ബന്ധപ്പെട്ട് ഇപ്പോൾ നൽകാനുള്ള ഒരു വർഷത്തെ പണം പൂർണ്ണമായും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്, അത് ഈ സാമ്പത്തിക വർഷംതന്നെ നൽകുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും.

അങ്ങ് സൂചിപ്പിച്ചതുപോലെ നടീൽ വസ്തുക്കൾ കൊടുക്കാനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. കിഴങ്ങുവർഗ്ഗങ്ങളും മറ്റ് നടീൽ വസ്തുക്കളും VFPCK (Vegetable and Fruit Promotion Council Kerala) സംഭരിച്ചുകൊടുക്കുന്നുണ്ട്. ഇതുവഴി വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന 2,22,000-ഓളം വരുന്ന കമേഴ്സ്യലായി കൃഷി ചെയ്യുന്ന കർഷകർക്ക് പതിനായിരത്തോളം വരുന്ന കർഷക ഗ്രൂപ്പുകൾ വഴി ആവശ്യമായ നടീൽ വസ്തുക്കൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതല്ലാത്ത കൃഷിക്കാർക്ക് പഞ്ചായത്തുകൾ തയ്യാറാക്കുന്ന സ്കീമുകൾവഴി

അവർക്കാവശ്യമായ നടീൽ വസ്തുക്കൾ എത്തിച്ചുകൊടുക്കാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ സംവിധാനത്തിൽ എന്തെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ അവ പരിഹരിക്കാനാവശ്യമായ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പ്രൊഡക്ഷൻ ഇൻസെന്റീവിന്റെ കാര്യത്തിലും അങ്ങനെതന്നെയാണ്. നാളികേരത്തിന്റ താങ്ങുവില 27 രൂപയാണ്. നമ്മൾ സംഭരിക്കുന്നത് പച്ചത്തേങ്ങയും കേന്ദ്രം സംഭരിക്കുന്നത് മില്ലിംഗ് കൊപ്രയുമാണ്. കേന്ദ്രം കൊടുക്കുന്ന മില്ലിംഗ് കൊപ്രയുടെ താങ്ങുവിലയേക്കാൾ ആനുപാതികമായി ഉയർന്നവിലയായ 27 രൂപയാണ് ഒരു കിലോ പച്ചത്തേങ്ങയ്ക്ക് നമ്മൾ നൽകുന്നത്. പച്ചത്തേങ്ങയ്ക്ക് പൊതുമാർക്കറ്റിൽ ഇപ്പോൾ 44 രൂപ വിലയുണ്ട്. 44 രൂപയുണ്ടെങ്കിലും അടിസ്ഥാന വിലയായി 27 രൂപ നിശ്ചയിച്ചിരിക്കുന്നത് കേരളത്തിൽ മാത്രമാണ്. പച്ചത്തേങ്ങ സംഭരിക്കാൻ കേരളത്തിന് അനുവാദം നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടും മിനിമം സപ്പോർട്ട് പ്രൈസിൽ പച്ചത്തേങ്ങയെ ഉൾപ്പെടുത്താൻ ഇതുവരെ കേന്ദ്രം സമ്മതിച്ചിട്ടില്ല. കേരളത്തിൽ ആരും കൊപ്ര ഉണക്കിയെടുക്കുന്നില്ല, പച്ചത്തേങ്ങയായി വിൽക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അനുവദിക്കാതിരുന്നിട്ടും 27 രൂപ നൽകി പച്ചത്തേങ്ങ നമ്മൾ സംഭരിക്കുകയാണ്, ഇതിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യം സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. നാളെ വരാൻ പോകുന്ന ബഡ്ജറ്റിൽ എങ്ങനെയായിരിക്കുമെന്ന് ഇപ്പോൾ പറയാൻ പറ്റില്ല, ഈ വിഷയം സജീവമായി പരിഗണിച്ചു കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ഇന്നലെ പറയുകയുണ്ടായി. ഇതിനുപുറമെ ഇന്ത്യയിൽ ആദ്യമായി 16 ഇനം പച്ചക്കറികൾക്ക് സംസ്ഥാന ഗവൺമെന്റ് തറവില നിശ്ചയിച്ചുകൊടുത്തു, അക്കാര്യം ശ്രീ. മോൻസ് ജോസഫ് പറഞ്ഞില്ല. Perishable Product-ന് ഇന്ത്യയിൽ എവിടെയെങ്കിലും താങ്ങുവില നിശ്ചയിച്ചതായി കേട്ടിട്ടുണ്ടോ? ഇന്ത്യയിൽ ആദ്യമായി 16 ഇനം പച്ചക്കറികൾക്ക് താങ്ങുവില നിശ്ചയിച്ച ഗവൺമെന്റാണിത്. ഇവിടെയുള്ള നെൽകർഷകർ, പച്ചക്കറി കൃഷിക്കാർ, റബ്ബർ കൃഷിക്കാർ, മറ്റ് നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന കൃഷിക്കാർ തുടങ്ങിയവരെയെല്ലാം സംരക്ഷിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും വളരെ നല്ലനിലയിൽ നിർവ്വഹിക്കുന്ന ഗവൺമെന്റായതുകൊണ്ടാണ് ഞാൻ ഇതെല്ലാം സൂചിപ്പിക്കുന്നത്. അങ്ങ് ആവശ്യപ്പെട്ടതുപോലെ കാലാനുസൃതമായി മാറ്റംവരുത്തേണ്ട താങ്ങുവിലയുടെ കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനെടുക്കുന്ന നല്ല നിലപാടുകളെ വളരെയധികം സ്വാഗതം ചെയ്യുന്നവരാണ് ഞങ്ങളെല്ലാവരും. അതിൽ രാഷ്ട്രീയമൊന്നുമില്ല, ആ നന്മ കാണുന്നുമുണ്ട്. പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ പരിഹരിച്ചുതന്നെ പോകണമെന്ന നല്ല ഉദ്ദേശ്യത്തോടെയാണ് ഞാൻ ഇവിടെ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചത്. കർഷകർ ഉന്നയിച്ച വിഷയങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ 16 ഇനം പച്ചക്കറികൾക്ക് താങ്ങുവില നിശ്ചയിച്ചത് വളരെ നല്ല കാര്യമാണ്. കേരളത്തിൽ അങ്ങനെ ചെയ്തത് കർഷകർക്ക് വളരെ ആശ്വാസവുമാണ്. ഇക്കാര്യത്തിൽ ഇവിടെ ഒരു പ്രശ്നമുണ്ട്, ഒരു പഞ്ചായത്തിൽ ഒരു കേന്ദ്രത്തിലാണ് സാധനങ്ങൾ വാങ്ങിക്കാൻ കഴിയുന്നത്. ഉദാഹരണത്തിന്, കോട്ടയം ജില്ലയിൽ അങ്ങുതന്നെ വന്ന് ഉദ്ഘാടനം ചെയ്ത 'സംഘമൈത്രി' എന്ന സൊസൈറ്റിയുണ്ട്. അത് ജില്ലയിലെ ഏറ്റവും നല്ല വിപണന കേന്ദ്രമാണെങ്കിലും അവിടെ സംഭരിക്കാൻ കഴിയുന്നില്ല. VFPCK, Horticorp, മറ്റു സെന്ററുകൾ തുടങ്ങിയവയുമുണ്ട്, എന്നാൽ ഒരു സ്ഥലത്തുമാത്രമേ സംഭരിക്കാൻ സാധിക്കുകയുള്ളൂ. കൃഷിക്കാരാണെങ്കിൽ പല സ്ഥലങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് നിർദ്ദേശം കൊടുത്താൽ ഒരു പഞ്ചായത്തിൽ മേൽ സൂചിപ്പിച്ച രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ സംഭരണം നടത്താൻ കഴിയുന്ന തരത്തിൽ നിലവിലുള്ള സാഹചര്യം തുടരുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അങ്ങനെ ചെയ്താൽ കൃഷിക്കാർക്ക് അത് ഏറ്റവും വലിയ ആശ്വാസമാകും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, താങ്ങുവില നിശ്ചയിച്ചിരിക്കുന്ന 16 ഇനം ഉത്പന്നങ്ങളും സംഭരിക്കണമെങ്കിൽ അവ ഉത്പാദിപ്പിക്കുന്ന കൃഷിക്കാർ എയിംസ് (Agriculture Information Management System) പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. 600 മാർക്കറ്റുകൾ ഇതിനായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതിൽ 300 മാർക്കറ്റുകൾ സഹകരണ സ്ഥാപനങ്ങളുടേതും 300 മാർക്കറ്റുകൾ VFPCK, Horticorp ഉൾപ്പെടെ കൃഷി വകുപ്പിന്റേതുമാണ്. ഇപ്പറഞ്ഞ 600 സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ സംഭരണം ഏർപ്പെടുത്തിയത്. ഇവയിൽ എവിടെ നൽകണമെന്നുള്ളത് കൃഷിക്കാർക്ക് തീരുമാനിക്കാൻ സാധിക്കും. ഇതിനേക്കാൾ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആവശ്യമുണ്ടെങ്കിൽ ആവശ്യകതയ്ക്കനുസരിച്ച് അത് വർദ്ധിപ്പിക്കണമെന്നുതന്നെയാണ് ബന്ധപ്പെട്ട ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. ആദ്യഘട്ടത്തിൽ 600 സംഭരണകേന്ദ്രങ്ങളാണുള്ളത്. ആറായിരത്തോളം പേർ എയിംസ് പോർട്ടലിൽ ഇപ്പോൾതന്നെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു, രജിസ്ട്രേഷൻ സമയം നീട്ടിനൽകിയിട്ടുണ്ട്. അഥവാ സംഭരണ കേന്ദ്രങ്ങളിൽ കുറവുണ്ടെങ്കിൽ കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

# IV സബ്മിഷൻ

## (1) തീരദേശ പരിപാലന പ്ലാൻ

ശ്രീ. റ്റി. വി. രാജേഷ്: സർ, സംസ്ഥാന തീരദേശ പരിപാലന പ്ലാനിന് അടിയന്തരമായി അംഗീകാരം ലഭ്യമാക്കേണ്ടതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. തീരദേശ മേഖലയ്ക്ക് വളരെയധികം ആശ്വാസം നൽകുന്ന ഒന്നാണിത്. ഇപ്പോൾ NCESS (National Centre for Earth Science Studies)-ന്റെ നേതൃത്വത്തിൽ സംസ്ഥാന തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണെന്ന് ഞാൻ മനസ്സിലാക്കുന്നു. തീരപ്രദേശങ്ങളിൽ താമസിക്കുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടിയാണിത്. എന്നാൽ അതോടൊപ്പംതന്നെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുകയും കയ്യേറ്റം തടയുകയും ചെയ്യണം. 2019-ലെ CRZ (Coastal Regulation Zone) വിജ്ഞാപനപ്രകാരം ഭൂപരിധി ഇളവുകൾ, അർഹരായവർക്ക് ലഭ്യമാക്കാനുള്ള നടപടി പരമാവധി വേഗത്തിലാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. തീരദേശ മേഖലയിലെ ജനങ്ങളെ സംബന്ധിച്ച് ഈ മാറ്റം വളരെ നിർണ്ണായകമായ പ്രാധാന്യമുള്ളവയാണ്. നമ്മുടെ കടൽത്തീരത്തെ CRZ-III വിഭാഗത്തിൽപ്പെടുന്ന ദ്വീപുകളിൽ, തീരത്തുനിന്നും 200 മീറ്റർ ദൂരപരിധിയിൽ നിർമ്മാണങ്ങൾ പാടില്ലെന്ന നിബന്ധന പുതിയ വിജ്ഞാപനത്തോടെ 20 മീറ്ററാക്കി ചുരുക്കുകയാണ്. 90 ശതമാനവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന നിരവധി പഞ്ചായത്തുകൾ കേരളത്തിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ 'മാട്ടൂൽ', പയ്യന്നൂരിലെ 'രാമന്തളി' ഉൾപ്പെടെയുള്ള കണ്ണൂർ ജില്ലയിലെ തൊണ്ണൂറ് ശതമാനം പഞ്ചായത്തുകളും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നവയാണ്. ഈ പഞ്ചായത്തുകൾക്കുകൂടി ദ്വീപിന്റെ പരിഗണന ലഭ്യമാക്കാൻ എന്തെങ്കിലും സാധ്യതകളുണ്ടോ? അക്കാര്യം ഗവൺമെന്റ് പരിഗണിക്കുമോ? തീരദേശ വില്ലേജുകളിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 2161-ന് മുകളിലുള്ള സ്ഥലങ്ങൾ CRZ-III A വിഭാഗത്തിലേക്ക് മാറുന്നതോടുകൂടി 200 മീറ്റർ ദൂരപരിധി 500 മീറ്ററിലേക്ക് മാറും. ജനസാന്ദ്രത കുറഞ്ഞ മേഖലയിൽ 200 മീറ്റർ പരിധി തുടരുകയും ചെയ്യും. ദൂരപരിധി ഇളവുകൾ ലഭ്യമാക്കുന്ന 2019-ലെ വിജ്ഞാപനത്തിന്റെ ഗുണങ്ങൾ ഉടൻ ലഭ്യമാകണമെങ്കിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അംഗീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഈ സഭയിൽ മുമ്പും ഈ വിഷയം ഉയർന്നുവന്നിട്ടുള്ളതാണ്. പത്ത് ജില്ലകളിൽ തീരദേശ മേഖല ചട്ടം ലംഘിച്ചുള്ള നിർമ്മാണത്തിന്റെ പേരിൽ ഇരുപത്തി ഏഴായിരത്തിലധികം കേസ്സുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതികൾ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബറിൽ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ അറിയിച്ചതാണിത്. 2011-ലെ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ചട്ടലംഘന നിർമ്മിതികളുടെ കണക്കെടുത്തിരിക്കുന്നത്. പുതിയ വിജ്ഞാപന പ്രകാരം നിർമ്മാണങ്ങൾക്ക് തീരത്തിൽനിന്നുള്ള ദൂരപരിധി കുറച്ചതിനാൽ പരാതികളിൽ പകുതിയിലേറെ കെട്ടിടമെങ്കിലും പട്ടികയിൽനിന്നും ഒഴിവാകും. പക്ഷേ അതിന് അന്തിമ പ്ലാൻ തയ്യാറാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ സമയോചിതമായി ഇടപെട്ടുകൊണ്ട് പ്രതികൂലമായി യാതൊരു നടപടിയും ഉണ്ടാകില്ലെന്നറിയിച്ചിട്ടുണ്ട്. ജില്ലകളിലെ പ്ലാൻ കിട്ടുന്ന മുറയ്ക്ക് അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഹിയറിംഗിനുള്ള അവസരമൊരുക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനം 6(1)-ൽ പറയുന്നതുപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൂടി ലഭ്യമാകേണ്ടതുണ്ട്. തീരദേശമേഖലയിലെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രതീക്ഷയാണുള്ളത്. നിരവധി കെട്ടിടങ്ങളുടെ നിർമ്മാണം പകുതി വഴിയിലാണ്; വീട് വയ്ക്കാൻകഴിയാത്ത സാഹചര്യമുണ്ട്. ടൂറിസം പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ എത്രയുംവേഗം ഈ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെയേറെ മുൻകയ്യെടുക്കുന്നുണ്ടെന്ന കാര്യം നിസ്തർക്കമാണ്. എന്നിരുന്നാലും ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സത്വര നടപടി വേണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 18-1-2019-ലെ G.S.R. 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. അതുവരെ 2011-ലെ വിജ്ഞാപനത്തിലെ വ്യവസ്ഥകളും തീരദേശ പരിപാലന പ്ലാനുമായിരിക്കും ബാധകമാകുന്നത്. 2019-ലെ വിജ്ഞാപനപ്രകാരം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ 20-8-2019-ന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിഡിനെ തുടർന്നുണ്ടായ ലോക്ക്ഡൗൺ കാരണം പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് സമയമെടുത്തെങ്കിലും തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കരട് തീരദേശ പരിപാലന പ്ലാൻ തീരദേശ പരിപാലന അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്

പബ്ലിക് ഹിയറിംഗ് നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് പ്ലാനിൽ ചില തിരുത്തലുകൾ വരുത്താൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന് നിർദ്ദേശം നൽകിയിരുന്നു. തിരുത്തലുകൾ ഉൾപ്പെടുത്തിയ കരട് തീരദേശ പരിപാലന പ്ലാൻ ഉടൻതന്നെ തീരദേശ പരിപാലന അതോറിറ്റിക്ക് ലഭ്യമാകും. പബ്ലിക് ഹിയറിംഗും നടപടിക്രമങ്ങളും പൂർത്തിയാക്കി തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് വൈകാതെ സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 2019-ലെ വിജ്ഞാപന പ്രകാരമുള്ള ഇളവുകൾ സംസ്ഥാനത്തിന് അനുഭവവേദ്യമാകും.

## (2) സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചില രക്ഷിതാക്കളും വിദ്യാർത്ഥികളും അഭിമുഖീകരിക്കുന്ന വലിയ ദുരിതവും പ്രയാസവും ബുദ്ധിമുട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. കർണ്ണാടക സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംസ്ഥാനത്തെ നിരവധി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അതിൽ അധികംപേരും മലബാർ ജില്ലകളിൽനിന്ന് പ്രൊഫഷണൽ കോഴ്സുകൾക്കുവേണ്ടിയാണ് മംഗലാപുരത്തുപോയി പഠിക്കുന്നത്. ഭൂരിഭാഗംപേരും നാലുവർഷത്തെ കോഴ്സുകൾ പൂർത്തിയാക്കും. എന്നാൽ ചില വിദ്യാർത്ഥികൾക്ക് സാമ്പത്തിക പരാധീനതമൂലമോ ആരോഗ്യപരമായ കാരണങ്ങൾകൊണ്ടോ കുടുംബത്തിലെ മറ്റു പ്രശ്നങ്ങൾകൊണ്ടോ പഠിത്തം തുടരുന്നതിനിടയിൽ വിദേശത്തോ മറ്റോ ജോലികൾ ലഭിക്കുകയാണെങ്കിലോ പഠിത്തം നിർത്തേണ്ടിവരും. അത്തരം അവസരങ്ങളിൽ കോളേജ് അധികൃതർ അവരുടെ സർട്ടിഫിക്കറ്റുകൾ തിരിച്ചുനൽകുന്നില്ല എന്നതാണ് ആ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ട്. മാത്രമല്ല, ഈ കോഴ്സുകൾ പഠിക്കണമെങ്കിൽ രണ്ടോ മൂന്നോ ലക്ഷം രൂപ ഫീസ് ഓരോ വർഷവും ഗഡുക്കളായി നൽകണം. ആദ്യവർഷം ഫീസ് നൽകി അഞ്ചുമാസംകഴിഞ്ഞ് course discontinue ചെയ്യുന്നവരോട് അവരുടെ സർട്ടിഫിക്കറ്റ് തിരിച്ചു നൽകണമെങ്കിൽ നാലുവർഷത്തെ ഫീസും നൽകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. കഴിഞ്ഞദിവസം നാലുവർഷത്തെ കോഴ്സിനായി ഒരു സ്ഥാപനത്തിൽ ചേർന്ന വിദ്യാർത്ഥി എന്നെ സമീപിച്ചു. ആ കോഴ്സിന് മൊത്തമായി നൽകേണ്ട 1,35,000 രൂപയിൽ 35,000 രൂപ വിദ്യാർത്ഥി നൽകിയിരുന്നു. എന്നാൽ മൂന്നുമാസം കഴിഞ്ഞപ്പോൾ ചില കാരണങ്ങൾ കൊണ്ട് ആ കുട്ടിക്ക് കോഴ്സ് നിർത്തേണ്ടിവന്നു. മുഴുവൻ ഫീസും നൽകിയാൽ മാത്രമേ സർട്ടിഫിക്കറ്റ് തിരിച്ചുനൽകാൻ സാധിക്കുകയുള്ളൂവെന്നാണ്

ആ സ്ഥാപനത്തിലെ അധികൃതർ പറയുന്നത്. ചില ഇടപെടലുകൾ നമ്മളെപോലെയുള്ള ആളുകൾ നടത്തുമ്പോൾ അവർക്ക് സർട്ടിഫിക്കറ്റുകൾ തിരിച്ച് നൽകുന്നുണ്ട്. ഇത്തരത്തിൽ എല്ലാ കുട്ടികൾക്കും ജനപ്രതിനിധികളെ സമീപിക്കാൻ പ്രയാസമുണ്ടാകാം. കുട്ടികൾ കോഴ്സ് നിർത്തുമ്പോൾ അവരുടെ പഠിത്തം തുടരാൻ അവർക്ക് ഉദ്ദേശമില്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ തിരിച്ചുനൽകണമെന്നും ഇങ്ങനെ ബുദ്ധിമുട്ടിക്കാനോ പീഡിപ്പിക്കാനോ പാടില്ലെന്നും മുഴുവൻ ഫീസും വാങ്ങാൻ പാടില്ലെന്നും കർണ്ണാടക ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. ഈ പ്രശ്നം കർണ്ണാടക ഗവൺമെന്റുമായി ടേക്കപ്പ് ചെയ്ത് ഇക്കാര്യത്തിൽ ശാശ്വതപരിഹാരം കാണാനും നമ്മുടെ കുട്ടികളും രക്ഷിതാക്കളും ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരിതത്തിനും പീഡനത്തിനും അറുതിവരുത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കർണ്ണാടക സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് മംഗലാപുരത്തെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലയാളികളായ ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിലധികവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവരാണ്. ആരോഗ്യപരമായ കാരണങ്ങളാലും അപ്രതീക്ഷിത പ്രതിസന്ധിമൂലവും പഠനം നിർത്തേണ്ടിവരുന്ന ഒരു വിദ്യാർത്ഥിയുടെയും സർട്ടിഫിക്കറ്റുകൾ കൈവശം വയ്ക്കാൻ ഒരു സ്ഥാപനത്തിനും അവകാശമില്ല. ഇത്തരത്തിൽ പരാതികളുയർന്ന സാഹചര്യത്തിൽ കോളേജ് അധികൃതരുമായി ബന്ധപ്പെട്ടുവെങ്കിലും സർട്ടിഫിക്കറ്റുകൾ നാളിതുവരെയും വിദ്യാർത്ഥികൾക്ക് തിരികെ ലഭിച്ചിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ന്യായമായ കാരണങ്ങളുള്ള പരാതികളിൽ കർണ്ണാടക സർക്കാരിനോട് പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്.

## (3) റോഡ് വികസനം

ശ്രീ. ഒ. രാജഗോപാൽ: സർ, നേമം നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുമല - തൃക്കണ്ണാപുരം റോഡിനെ സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയുന്ന സ്ഥലമാണിത്. കാരണം, ഈ വിഷയം സംബന്ധിച്ച് ഞാൻ നിരവധി തവണ അദ്ദേഹത്തെ കാണുകയും കാര്യങ്ങൾ വിശദീകരിക്കുകയുമുണ്ടായി. പക്ഷേ അദ്ദേഹം നിർദ്ദേശിച്ചാലും കാര്യങ്ങൾ നടക്കുന്നില്ല. അതിന് കാരണം, ഈ റോഡ്

നേരെയാക്കാൻ പാടില്ല, നേരെയാക്കികഴിഞ്ഞാൽ അതിന്റെ ക്രെഡിറ്റ് ഒ. രാജഗോപാലിനും ബി.ജെ.പി.-ക്കും പോകുമെന്ന് എന്റെ ചില രാഷ്ട്രീയപ്രതിയോഗികൾ കരുതുന്നതുകൊണ്ടാണെന്നാണ് ഞാൻ സംശയിക്കുന്നത്. കഴിഞ്ഞ അഞ്ചുകൊല്ലമായി ഞാൻ നിരന്തരം ശ്രമിച്ചിട്ടും നടക്കാത്തൊരു സാഹചര്യം ഇവിടെയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിന്റെ വസ്തുതകൾ നേരിട്ട് മനസ്സിലാക്കണം. അവിടെയുള്ള ഇലക്ട്രിക് പോസ്റ്റുകളടക്കം മാറ്റാൻ പണമില്ല, അതുകൊണ്ട് സാധ്യമല്ലെന്ന് ഒരിക്കൽ ഒബ്ജക്ഷൻ പറയുകയുണ്ടായി. എന്നാൽ ഞാൻ എം.എൽ.എ. ഫണ്ടുപയോഗിച്ച് എല്ലാ ഇലക്ട്രിക് പോസ്റ്റുകളും മാറ്റി, റോഡ് പണിയാൻവേണ്ടി വിട്ടുകൊടുത്തു; എന്നിട്ടും ചെയ്യുന്നില്ല. ഈയൊരു സാഹചര്യത്തിൽ, പതിനാലാം കേരള ലെജിസ്ലേറ്റീവ് അസംബ്ലിയുടെ കാലാവധി കഴിയുന്നതിനുമുമ്പെങ്കിലും ഞാൻ ഒന്നാമതായി മുൻഗണന കൊടുത്തിട്ടുള്ള ഈ റോഡ് നവീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാലിന്റെ നേമം മണ്ഡലത്തിൽ തിരുമല മുതൽ തൃക്കണ്ണാപുരം പാലം വരെയുള്ള റോഡ് വീതി കൂട്ടി നവീകരിക്കാൻ 274.91 ആർ സ്ഥലം ഏറ്റെടുക്കാൻ 76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റോഡിന്റെ നീളം 3 കിലോമീറ്ററും 300 മീറ്ററുമാണ്. നിലവിലുള്ള 8 മീറ്റർ റോഡിനെ 15 മീറ്ററാക്കി മാറ്റുന്നതാണ് നവീകരണ പദ്ധതി. കല്ലുകൾ സ്ഥാപിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലം 6 ഏക്കർ 79 സെന്റാണ്. ഇതുവരെ പൊതുമരാമത്ത് വകുപ്പിന് നൽകിയത് 5 ഏക്കർ 21 സെന്റാണ്. ബാക്കി 1 ഏക്കർ 56 സെന്റ് ഭൂമി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. മൊത്തത്തിൽ എൺപത് ശതമാനം ലാന്റ് അക്വിസിഷൻ റവന്യൂ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഇരുപത് ശതമാനം ഭൂമി ഏറ്റെടുക്കാൻ കഴിയാത്തത് കോടതിയിൽ തൽപ്പരകക്ഷികൾ കേസ്സിന് പോയതുകൊണ്ടാണ്. അക്വിസിഷൻ നടപടി പൂർത്തീകരിച്ച് റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറ്റം ചെയ്യുന്ന മുറയ്ക്ക് ബാക്കി കാര്യങ്ങളും ചെയ്യുന്നതാണ്. രണ്ട് കിലോമീറ്റർ ദൂരം 2020 ഡിസംബർ മാസം 47 ലക്ഷം രൂപ ഉപയോഗിച്ച് റിപ്പയറും മെയിന്റനൻസും നടത്തിയിട്ടുണ്ട്. ബാക്കി റോഡിന്റെ റിപ്പയർ ആന്റ് മെയിന്റനൻസ് നടത്തുന്നതിന് 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

ഡി.പി.ആർ. തയ്യാറാക്കുന്നതിനായി അഞ്ച് ലക്ഷം രൂപ അനുവദിച്ചു. ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. ഡി.പി.ആർ. കാലതാമസമില്ലാതെ തയ്യാറാക്കി ഭരണാനുമതിക്കായി ഗവൺമെന്റിലേയ്ക്ക് അയയ്ക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്. സ്ഥലമെടുപ്പിനുള്ള നടപടികളിലെ സ്വാഭാവിക കാലതാമസമാണ് പൊതുവിൽ കാണാവുന്നത്. അതും ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

### (4) പാലങ്ങളുടെ നിർമ്മാണം

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കോന്നി നിയോജകമണ്ഡലത്തിലെ മൂന്ന് പാലങ്ങളുടെ നിർമ്മാണം പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ്. ഇത് അടിയന്തരമായി പൂർത്തീകരിക്കാൻ ഇടപെടണമെന്നതാണ് എന്റെ ആവശ്യം. കോന്നി പഞ്ചായത്തിലെ ചിറ്റൂർക്കടവ്, വള്ളിക്കോട് പഞ്ചായത്തിലെ തൃപ്പാറ, മാത്തൂർ എന്നീ മൂന്ന് പാലങ്ങളുടെ നിർമ്മാണമാണ് മുടങ്ങിക്കിടക്കുന്നത്. റിവർ മാനേജ്മെന്റ് ഫണ്ട് (ആർ.എം.എഫ്.) ഉപയോഗിച്ചായിരുന്നു ഈ പാലങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. എന്നാൽ മതിയായ ആർ.എം.എഫ്. ഉറപ്പ് വരുത്താതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതുമൂലം കരാറുകാരൻ നിർമ്മാണം ഉപേക്ഷിച്ചുപോയി. കൂടാതെ പാലം നിർമ്മിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനമില്ലാത്ത ജില്ലാ നിർമ്മിതി കേന്ദ്രത്തെയായിരുന്നു നിർമ്മാണച്ചുമതല ഏൽപ്പിച്ചിരുന്നത്. ഇതും പ്രതിസന്ധിക്കിടയാക്കി. കൂടാതെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതുമെല്ലാം പാലം പുനർനിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുകയായിരുന്നു. ഈ വിഷയം പരിഹരിക്കുന്നതിന് ഞാനും ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.-യും ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് കത്ത് നൽകുകയും ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി രണ്ടുതവണ അദ്ദേഹം ഉന്നതതലയോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. 18-3-2020-ൽ ചേർന്ന യോഗത്തിൽ പി.ഡബ്ല്യൂ.ഡി. (ബ്രിഡ്ജസ്) ഡിവിഷനെക്കൊണ്ട് നിർമ്മാണം ഏറ്റെടുപ്പിക്കാനായി തത്വത്തിൽ തീരുമാനിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടു. പക്ഷേ അവരുടെ പരിശോധനയിൽ നിലവിലുള്ള ഡിസൈനിൽ ഈ പാലം നിർമ്മിക്കുക അസാധ്യമെന്നായിരുന്നു വിലയിരുത്തപ്പെട്ടിരുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22-10-2020-ൽ വീണ്ടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു യോഗം ചേരുകയും ഡിസൈൻ സ്ലാബിന്റെ ചെയ്ഞ്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ സാങ്കേതിക പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനുവേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ

ച്ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; അതോടൊപ്പം ഈ പാലത്തിന്റെ നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടിയെന്തായി? ആ നാട്ടിലെ ജനങ്ങൾ ഏറെ ആഗ്രഹിക്കുന്ന മൂന്ന് പാലങ്ങളാണിവ. ഇത് പൂർത്തീകരിക്കാൻ ഗവൺമെന്റ് ഇടപെടുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ. ഇവിടെ ഉന്നയിച്ച സബ്മിഷൻ വളരെയേറെ പ്രാധാന്യമുള്ള കാര്യമാണ്. പത്തനംതിട്ട ജില്ലയിൽ ഈ പാലങ്ങളുടെ പ്രവർത്തനമാരംഭിച്ചിട്ട് വർഷങ്ങളായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ചതാണെങ്കിലും ഒരുപാട് സാങ്കേതിക കാരണങ്ങൾകൊണ്ട് പൂർത്തീകരിക്കാനാകാതെ കിടക്കുകയാണ്. അതിനിടയിൽ വിവിധ സന്ദർഭങ്ങളിലായി യോഗങ്ങൾ വിളിച്ചുചേർക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല എന്നതാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടുള്ള ന്യായമായ വിഷയം.

റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പത്തനംതിട്ട ജില്ലയിൽ ആരംഭിച്ചിരുന്ന തൃപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നത് വസ്തുതയാണ്. പ്രസ്തുത പാലങ്ങളുൾപ്പെടെ നിർമ്മാണമാരംഭിച്ച ആകെ അഞ്ച് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിലും നാളിതുവരെ നിർവ്വഹിച്ച പ്രവൃത്തികളുടെ പാർട്ട് ബിൽ പേമെന്റ് ഇനത്തിലും കൺസൾട്ടൻസി ഫീസ് ഇനത്തിലുമായി ആകെ 7,81,21,954 രൂപ സർക്കാർ അനുമതിയോടുകൂടി ജില്ലാ നിർമ്മിതികേന്ദ്രം മുഖാന്തരം നിർമ്മാണ കമ്പനിക്കും കൺസൾട്ടൻസി കമ്പനിക്കും നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ പാലങ്ങളുടെ പണി പൂർത്തീകരിക്കാൻ കഴിയാത്തതു സംബന്ധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-2-2017-ന് യോഗം ചേരുകയും അഞ്ച് പാലങ്ങളുടെയും പണി അടിയന്തരമായി പൂർത്തിയാക്കുന്നതിന് തീരുമാനമെടുക്കുകയും അതനുസരിച്ച് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് 6-12-2017-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നിർമ്മാണ കമ്പനിയായ സേംസ് ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്, മേൽനോട്ടം വഹിക്കുന്ന നിർമ്മിതി കേന്ദ്രം എന്നിവരുടെ സംയുക്ത യോഗം വിളിച്ചുചേർത്തു. ഈ യോഗത്തിൽ നിർമ്മാണ കമ്പനി റേറ്റ് റിവിഷനുൾപ്പെടെ വിവിധ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്. കമ്പനിയുടെ ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച വിശദമായ പരിശോധനയിൽ പണി പൂർത്തിയാക്കുന്നതിലുണ്ടായ കാലതാമസം

കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. അതുകൊണ്ട് റേറ്റ് റിവിഷൻ പരിഗണിക്കേണ്ടതില്ലെന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് അതനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് നിർമ്മാണ കമ്പനി ഫയൽചെയ്ത ആർബിട്രേഷൻ കേസ്സിൽ നിർമ്മാണ കമ്പനിക്ക് 3,72,81,524 രൂപ പ്രതിവർഷം ഒൻപത് ശതമാനം പലിശയും ചേർത്ത് നൽകുന്നതിന് അവാർഡ് നൽകിയിട്ടുള്ളതാണ്. ആർബിട്രേഷൻ കോടതിയുടെ അവാർഡിനെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടി തുടർന്നുവരുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പാലങ്ങൾ പൂർത്തീകരിക്കുന്നതിനായി ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-3-2020-ന് വീണ്ടും യോഗം ചേരുകയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള പി.ഡബ്ല്യൂ.ഡി. (ബ്രിഡ്ജസ്) ഡിവിഷന് നിർമ്മാണ മേൽനോട്ടം കൈമാറാൻ തത്വത്തിൽ തീരുമാനിക്കുകയും സേംസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ഇതുവരെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ അസസ്സ്മെന്റും സാങ്കേതിക നിലവാരവും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ മറ്റ് ഏജൻസികൾ ചെയ്ത ഡിസൈനുകളുടെയും പ്രവൃത്തികളുടെയും പ്രൂഫ് ചെക്കിംഗും ചെയ്ത പ്രവൃത്തികളുടെ സാങ്കേതിക നിലവാരവും അസസ്സ്മെന്റും വിലയിരുത്തുന്നതിന് ആവശ്യമായ സംവിധാനവും പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ഡിസൈൻ) ഓഫീസിൽ നിലവിലില്ലെന്നും ഇതുപോലുള്ള സന്ദർഭങ്ങളിൽ ഐ.ഐ.ടി. മദ്രാസിന്റെയോ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെയോ സേവനമാണ് പൊതുമരാമത്ത് വകുപ്പ് തേടുന്നതെന്നും ചീഫ് എഞ്ചിനീയർ (ഡിസൈൻ) അറിയിച്ചിരിക്കുകയാണ്. മേൽവിഷയം ചർച്ചചെയ്യുന്നതിനായി 22-10-2020-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേരുകയുണ്ടായി. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച അഞ്ച് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈൻ സ്ലാബിന്റെ ചെയ്ഞ്ച് സംബന്ധിച്ച സാങ്കേതിക പഠനം നടത്തി രണ്ട് മാസത്തിനുള്ളിൽ വിശദമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്തെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അതനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതും പാലത്തിന്റെ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നതുമാണ്.

## (5) ദേശീയപാതയുടെ പുനരുദ്ധാരണ പ്രവൃത്തികൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ പറയുന്ന വിഷയം നാഷണൽ ഹൈവേയെക്കുറിച്ചാണ്. കൊല്ലം - തിരുമംഗലം പാതയുടെ കൊട്ടാരക്കര മുതൽ ഒല്ലൂർ വരെയുള്ള ഭാഗത്തിന്റെ നല്ലൊരു ശതമാനം കടന്നുപോകുന്നത് എന്റെ നിയോജകമണ്ഡലമായ പത്തനാപുരത്തു കൂടിയാണ്. ഇക്കാര്യത്തിൽ ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുകയാണ്. അങ്ങ് തന്നെ വളരെ താൽപ്പര്യമെടുത്ത് അമ്പത് കോടിയിലധികം തുക അനുവദിച്ച ആ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. നിർമ്മിക്കുന്ന റോഡുകളെല്ലാം തകർന്നുപോകുന്നതിന്റെ കാരണം ഓടയില്ലാത്തതാണ്. വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം അവിടെയില്ല. ഈ റോഡിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് മുമ്പും ഇപ്പോഴും നിർമ്മിച്ചിട്ടുള്ള ഓടകളുണ്ടെങ്കിലും ഇതിലൂടെയൊന്നും വെള്ളം ഒഴുകുന്നില്ല. കൊട്ടാരക്കര ടൗൺ മുതൽ പുനലൂർ ടൗൺ വരെ യാത്ര ചെയ്യുമ്പോൾ റോഡിൽ വെള്ളം കെട്ടിക്കിടക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കൊട്ടാരക്കര എം.എൽ.എ. ഇവിടെ ഇരിപ്പുണ്ട്. കൊട്ടാരക്കര ടൗൺ ചന്തമുക്കിലടക്കം വെള്ളം കെട്ടിനിൽക്കുന്നത് ഓടയിൽക്കൂടി വെള്ളം ഒഴുകാത്തതുകൊണ്ടാണ്. കൊട്ടാരക്കര ടൗൺ കഴിഞ്ഞ് ഇങ്ങോട്ടുവന്നാൽ കിഴക്കേത്തെരുവ്, ചെങ്ങമനാട് എന്നീ ഭാഗങ്ങളിലും വെള്ളം കെട്ടുകയാണ്. മുമ്പും ഇപ്പോഴും ധാരാളമായി ഓടകൾ നിർമ്മിക്കുന്നുണ്ട്. ഈ ഓടകളിലൂടെയൊന്നും വെള്ളം ഒഴുകുന്നില്ല. കൊട്ടാരക്കരയിൽ ഒരു ഓവർസീയറുണ്ട്, പേര് ഞാൻ പറയുന്നില്ല, അദ്ദേഹമാണ് എല്ലായിടത്തും ഓട ഡിസൈൻ ചെയ്തത്. ഈ പുതിയ പണി തുടങ്ങിയപ്പോൾ ഞാൻ കൂടെ നിന്ന് എല്ലാ വർക്കുകളും പരിശോധിച്ചതാണ്. അദ്ദേഹം ആവശ്യമില്ലാത്തിടത്തെല്ലാം ഓട വരച്ച് നമ്മൾ പറയുന്നതിനുമുമ്പുതന്നെ ഡിസൈനും സബ്മിറ്റ് ചെയ്തുകഴിഞ്ഞു. ഓടകളുണ്ടെങ്കിലും റോഡിൽ വീഴുന്ന വെള്ളം ഒഴുകി ഓടയിലൂടെ പോകാനുള്ള സംവിധാനം ഒരുക്കുന്നതിൽ പരാജയപ്പെട്ടു. അങ്ങയുടെ വിശ്വസ്തതയിലുള്ള മേലുദ്യോഗസ്ഥരുടെ ഒരു വിദഗ്ദ്ധ സംഘത്തെ അയച്ച് ഇത് പരിശോധിക്കണം. അവർ വരുന്ന സമയത്ത് സ്ഥലം എം.എൽ.എ. എന്നനിലയിൽ എന്നെ അറിയിച്ചാൽ ഇത്തരത്തിൽ ഓടയുണ്ടെങ്കിലും വെള്ളം ഒഴുകാത്തതായ പതിനഞ്ച് സ്ഥലമെങ്കിലും എനിക്ക് കാണിച്ചുകൊടുക്കാൻ സാധിക്കും. അതിനുള്ള അവസരമുണ്ടാക്കണം. ബഹുമാനപ്പെട്ട മന്ത്രി ചീഫ് ടെക്നിക്കൽ എക്സാമിനറേയോ അല്ലെങ്കിൽ ഉന്നത സാങ്കേതികവിദ്യ അറിയാവുന്ന വേറെ ഏതെങ്കിലും ഒരു വിദഗ്ദ്ധ സംഘത്തെയോ ഈ സ്ഥലത്തേയ്ക്ക് അയയ്ക്കണം. പണി മോശമാണെന്നോ ഉദ്യോഗസ്ഥർ മോശമാണെന്നോ ഞാൻ പറയുന്നില്ല. ആരുടെ പേരിലും ഒരു നടപടിയും സ്വീകരിക്കേണ്ട. അവർ ചെയ്യുന്ന പണിയൊന്നും മോശമല്ലെങ്കിലും പ്രായോഗികതയില്ലാത്ത പണികളാണ് നടത്തുന്നത്. കൊട്ടാരക്കര മുതൽ

പുനലൂർവരെ എല്ലാ ജംഗ്ഷനുകളിലും കൂടാതെ മറ്റു സ്ഥലങ്ങളിലും ഈ വിഷയമുണ്ട്. അതൊന്ന് പരിശോധിക്കാൻ ഒരു സംഘത്തെ അയയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. ബി. ഗണേഷ്കുമാർ പത്തനാപുരം മണ്ഡലത്തിലൂടെ കടന്നുപോകുന്ന കൊട്ടാരക്കര മുതൽ പുനലൂർ വരെയുള്ള ദേശീയപാതയുടെ പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകളെക്കുറിച്ചാണ് ഉന്നയിച്ചിരിക്കുന്നത്. Strengthening and Geometric Improvements from 20 km to 45 km, EPC (Engineering, Procurement and Construction) മോഡലിൽ അമ്പലത്തുംകാല മുതൽ പുനലൂർ വരെയുള്ള ഭാഗത്താണ് പണി പുരോഗമിക്കുന്നത്. അതിൽ ഉപരിതലം ബലപ്പെടുത്താൻ BMBC (Bituminous Macadam Bituminous Concrete) 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കുന്നിക്കോട് പച്ചിലവളവിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണം പുരോഗമിക്കുകയാണ്. അഞ്ച് കലുങ്കുകളിൽ ഒരെണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നാലെണ്ണത്തിന്റെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. 800 മീറ്റർ ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജംഗ്ഷനുകളിൽ ഇന്റർലോക്കിംഗ് ടൈൽ പാകൽ പുരോഗമിക്കുകയാണ്. കൃത്യമായ ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകൾ സൈറ്റിൽ നടത്തുന്നുണ്ട്. ഡിസ്ട്രിക്ട് ക്വാളിറ്റി ലാബിൽനിന്നും second tier ക്വാളിറ്റി ടെസ്റ്റുകളും നടത്തുന്നുണ്ട്. ഇതിനൊന്നും അപാകതയുണ്ടായിട്ടില്ല. എന്നാൽ ഓട നിർമ്മാണത്തെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. അത് നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർതന്നെ നേരിട്ട് വന്ന് പരിശോധിക്കാൻ ഉത്തരവ് നൽകുന്നതാണ്.

### (6) അരീക്കോട് സ്റ്റേഡിയം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു വിഷയം കഴിഞ്ഞ രണ്ട് സമ്മേളനങ്ങൾക്കുമുമ്പ് സഭയിൽ ഞാൻ അവതരിപ്പിച്ചിരുന്നു. പ്രസ്തുത സ്റ്റേഡിയത്തിന് 2013-ൽ പതിനൊന്നര കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിന്റെ ആദ്യ ഘട്ടത്തിൽ ആറര കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. 2016 മേയ് മാസത്തിൽ, രണ്ടാം ഘട്ടത്തിൽ 4,46,00,000 രൂപയ്ക്ക് കായിക യുവജനകാര്യ വകുപ്പിന്റെ എ.എസ്. ലഭിച്ചു. നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെയും സ്പോർട്സ് വകുപ്പിന്റെയും കീഴിൽ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോയപ്പോൾ ഇതുമായി ബന്ധപ്പെട്ട് ഒരാൾ കോടതിയെ സമീപിച്ചതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുകയും ശേഷം ടെണ്ടർ നടപടി റദ്ദാക്കുകയും ചെയ്തു. ആദ്യത്തെ എ.എസ്. ലഭിച്ച് മൂന്ന് വർഷം കഴിഞ്ഞതുകൊണ്ട് ഇനി പുതിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ

ഭരണാനുമതി ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ കാര്യങ്ങൾ വളരെ വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു. ആദ്യഘട്ടത്തിൽ സ്പോർട്സ് വകുപ്പ് അഞ്ചരക്കോടി രൂപ ചെലവഴിച്ച് അതിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചിരുന്നു. രണ്ടാംഘട്ടത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫാണ് നിർമ്മിക്കേണ്ടത്. അതിനാവശ്യമായ ഫണ്ട് അനുവദിച്ച് എത്രയും വേഗം പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട കായിക കേന്ദ്രത്തിന്റെ പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. അരീക്കോട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഒന്നാംഘട്ടത്തിൽ ഗ്യാലറി, ഫുട്ബോൾ ഗ്രൗണ്ട്, മറ്റനുബന്ധ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളെല്ലാം 2016-ൽ പൂർത്തീകരിച്ചിരുന്നു. കായിക യുവജന കാര്യാലയത്തിൻകീഴിലുള്ള നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ കൺസൾട്ടന്റായിരുന്ന കിഡ്കോ (Kerala Irrigation Infrastructure Development Corporation Ltd) മുഖാന്തരം ഏകദേശം 5.12 കോടി രൂപ ചെലവഴിച്ചാണ് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചത്. പ്രസ്തുത സ്റ്റേഡിയത്തിന് ഗ്രാമപഞ്ചായത്ത് നൽകേണ്ട കെട്ടിട നമ്പർ നൽകാത്തതുകാരണം ഇലക്ട്രിക് കണക്ഷൻ ഇപ്പോഴും ലഭ്യമായിട്ടില്ല. മാത്രമല്ല, പ്രസ്തുത സ്റ്റേഡിയം അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയോ കായിക പരിശീലനത്തിനോ മത്സരങ്ങൾക്കോ ഇതുവരെ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് 25-1-2016-ലെ ഉത്തരവ് പ്രകാരം സർക്കാർ 4.46 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക യുവജനകാര്യാലയം അക്രഡിറ്റഡ് ഏജൻസിയായിട്ടുള്ള സിൽക്ക് (സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള) ലിമിറ്റഡിനെ ചുമതലപ്പെടുത്തി. എന്നാൽ സിൽക്ക് ലിമിറ്റഡ് പ്രസ്തുത പ്രവൃത്തിക്കായി ആദ്യം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് റദ്ദ് ചെയ്ത് റീ-ടെണ്ടർ ചെയ്തിരുന്നു. റീ-ടെണ്ടർ നടപടികൾ പുരോഗമിക്കുമ്പോൾ പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ സംബന്ധിച്ച് ഒരു ബിഡ്ഡർ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ കോടതി ആൾ ഇന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ അഭിപ്രായം ആരായുകയും പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥ നിജപ്പെടുത്തണമെന്ന് ഉത്തരവിടുകയും ചെയ്തു. സിൽക്ക് ലിമിറ്റഡ് പ്രതിപാദിച്ചിരുന്ന രണ്ട് പ്രീ-ക്വാളിഫിക്കേഷൻ

വ്യവസ്ഥകളിൽ ഒന്ന് ഭേദഗതി വരുത്തണമെന്ന് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ അഭിപ്രായത്തിനുമുകളിൽ നിലവിലെ ടെണ്ടർ റദ്ദാക്കി വീണ്ടും ടെണ്ടർ ക്ഷണിക്കണമെന്നതായിരുന്നു നിയമപരമായിട്ടുള്ള അഭിപ്രായം. അപ്പോഴേയ്ക്കും ഭരണാനുമതിയുടെ കാലാവധി മൂന്ന് വർഷം കഴിഞ്ഞതിനാലും സംസ്ഥാന സർക്കാർ എസ്റ്റിമേറ്റുകൾക്ക് ഡി.എസ്.ആർ, PRICE (Project Information and Cost Estimation) സോഫ്റ്റ് വെയർ പ്രാവർത്തികമാക്കിയതിനാലും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് 19-11-2019-ൽ എം.എൽ.എ.യും അരീക്കോട് ഗ്രാമപഞ്ചായത്ത് ഭാരവാഹികളും കായിക യുവജനകാര്യാലയം, സിൽക്ക് എന്നിവരുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു യോഗം വിളിച്ചിരുന്നു. സ്റ്റേഡിയത്തിന്റെ ഗ്യാലറികളുടെ ചുവരുകളിൽ വിള്ളലുകളും ഡോറുകളിൽ കേടുപാടുകളും ഉണ്ടായതായി അവിടെ ആക്ഷേപമുയർന്നുവന്നു. അതുപോലെ പ്ലംബിംഗ് പ്രവൃത്തികളും ആക്ഷേപത്തിന് വിധേയമായി. സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരന്വേഷണം നടത്തേണ്ടതാണെന്ന് പ്രസ്തുത യോഗത്തിൽ ഗ്രാമപഞ്ചായത്ത് ഭാരവാഹികൾ അറിയിച്ചു. അതിനെത്തുടർന്ന് കായിക യുവജനകാര്യ ഡയറക്ടർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ശിപാർശകൾ ലഭ്യമായിട്ടുണ്ട്. അരീക്കോട് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച രണ്ടു നിലകളിൽ നിർമ്മിച്ച ഗ്യാലറി ബിൽഡിംഗും അനുബന്ധ ഫുട്ബോൾ ഗ്രൗണ്ടും ഏറ്റെടുത്ത് പരിപാലിക്കുന്നതിന് അരീക്കോട് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്താനാണ് അവർ നിർദ്ദേശിച്ചിരിക്കുന്നത്. രണ്ടാമതായി, സ്റ്റേഡിയത്തിനരികിലൂടെയാണ് ചാലിയാർ പുഴ ഒഴുകുന്നത്. 2019 ജൂലൈയിലെ പ്രളയത്തിൽ സ്റ്റേഡിയം കെട്ടിടത്തിന്റെ ഒന്നാംനില പൂർണമായും മുങ്ങിപ്പോയതുകാരണം ഏതാണ്ട് അഞ്ച് കോടി രൂപ വിലമതിക്കുന്ന സിന്തറ്റിക് ഫുട്ബോൾ ടർഫ് പദ്ധതി ഉപേക്ഷിക്കേണ്ട ഘട്ടത്തിലാണുള്ളത്. അതുകൊണ്ട് 1.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സ്വാഭാവിക പുൽത്തകിടിയും ജലസേചന സൗകര്യവും ഏർപ്പെടുത്തി അതിന്റെ രണ്ടാംഘട്ടം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെകൂടി അന്വേഷണ റിപ്പോർട്ട് ലഭ്യമായാലുടൻ പ്രസ്തുത റിപ്പോർട്ടിന്റെയും കായിക യുവജനകാര്യാലയം ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തരനടപടി സ്വീകരിച്ച് കാലതാമസം കൂടാതെ ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാൻ തയ്യാറാണ്.

## (7) അരുവിക്കര ഡാമിലെ മാലിന്യം

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഈ നിയമസഭയിൽ അഞ്ചാമത്തെ തവണയാണ് ഞാൻ അരുവിക്കര ഡാമിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് സംസാരിക്കുന്നത്. ശ്രദ്ധ ക്ഷണിക്കലുകളിലും സബ്മിഷനുകളിലും ബഡ്ജറ്റ് ചർച്ചയിലുമൊക്കെ ഉന്നയിക്കുന്നത് ഈയൊരു വിഷയമാണ്. വലിയ ജനകീയ സമരങ്ങൾ അവിടെ നടന്നതാണ്. രാഷ്ട്രീയ ഭേദമെന്യേ തൊഴിലാളി സംഘടനകൾ അവിടെ സമരം നടത്തുകയാണ്. പത്ര-ദൃശ്യ മാധ്യമങ്ങളിൾ ചർച്ചകൾ നടത്തിയിട്ടും തിരുവനന്തപുരത്തിനോടുള്ള അവഗണനയുടെ ഭാഗമായിട്ടാണോയെന്ന് അറിയില്ല കഴിഞ്ഞ അഞ്ച് വർഷമായി അരുവിക്കര ഡാമിന്റെ ശോചനീയാവസ്ഥ മാറ്റുവാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. സാധാരണ ഗതിയിൽ ഡാമിൽ എട്ടോ പത്തോ ദിവസത്തേയ്ക്കുള്ള ജലം സംഭരിക്കാൻ കഴിയും. പക്ഷെ ഇപ്പോഴത്തെ അവസ്ഥയിൽ അവിടെ ജൈവ-അജൈവ മാലിന്യങ്ങൾ തിങ്ങിനിറയുന്നതുകൊണ്ടും സ്ഥലത്തിന്റെ പ്രശ്നമുള്ളതുകൊണ്ടും മൂന്നോ നാലോ ദിവസത്തേയ്ക്കുള്ള ജലം മാത്രമാണ് സംഭരിക്കാൻ കഴിയുന്നത്. മാത്രമല്ല നല്ലൊരു മഴ പെയ്താൽ അപ്പോൾത്തന്നെ അരുവിക്കര ഡാം നിറഞ്ഞ് നഗരത്തിലേയ്ക്ക് വെള്ളം കയറുന്ന അവസ്ഥയാണുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ഈ കുടിവെള്ള സ്രോതസ്സിന്റെ പല പദ്ധതികളും നമ്മൾ ആവിഷ്കരിച്ചിരുന്നു. 2017-ൽ അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പങ്കെടുത്ത മീറ്റിംഗിന്റെ ഭാഗമായി അവിടെ ഡീസിൽറ്റേഷൻ നടത്താമെന്ന് തീരുമാനമെടുത്തു. അഞ്ച് കോടി രൂപയുടെ ഒരു പൈലറ്റ് പദ്ധതിക്കുള്ള അനുമതി നൽകിയിരുന്നെങ്കിലും നാല് വർഷം കഴിഞ്ഞിട്ടും അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അവിടത്തെ ജൈവ-അജൈവ മാലിന്യങ്ങൾ മാറ്റുക എന്നത് ഡീസിൽറ്റേഷനോടൊപ്പം വളരെ പ്രാധാന്യം നൽകേണ്ട മറ്റൊരു കാര്യമാണ്. ഒന്നുരണ്ട് പ്രാവശ്യം ചില പരീക്ഷണങ്ങൾ നടത്തി. Weed harvester ഉപയോഗിച്ച് അവിടെനിന്നും മാലിന്യങ്ങൾ മാറ്റുന്നത് ശാശ്വത പരിഹാരമല്ല. അപ്പോൾ ഡീസിൽറ്റേഷനും നടന്നിട്ടില്ല, ജൈവ-അജൈവ മാലിന്യങ്ങളും മാറ്റിയിട്ടില്ല. മറ്റന്നാൾ അങ്ങ് കുപ്പിവെള്ള പ്ലാന്റിന്റെ ഉദ്ഘാടനത്തിന് വരുമ്പോൾ ആ പ്രദേശംകൂടി വിസിറ്റ് ചെയ്യണം. തിരുവനന്തപുരം ജില്ലയിൽ നഗരത്തിൽ വെള്ളം കയറാതിരിക്കാനും ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ജല സ്രോതസ്സായ അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനും ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളുടെ സുരക്ഷിതത്വത്തിനും വേണ്ടി അടിയന്തര നടപടി സ്വീകരിക്കണം. അവിടെ ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു., ബി.എം.എസ്. ഉൾപ്പെടെയുള്ള സംഘടനകളെല്ലാവരും ഈ വിഷയത്തിന്മേൽ സമരം ചെയ്യുകയാണ്. ഞാനും ബഹുമാനപ്പെട്ട എം.പി. യുമൊക്കെ കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ സമരം ചെയ്തതാണ്. ആ സമരങ്ങൾക്കൊക്കെ വിരാമമിട്ടുകൊണ്ട് എത്രയും പെട്ടെന്ന് അരുവിക്കര ഡാമിന്റെ ജലസംഭരണി വൃത്തിയാക്കാനും എത്രയുംവേഗം ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് കാണുന്നത്. അടുത്ത ദിവസം തന്നെ താങ്കളെയും വിളിച്ച് ഒരു യോഗം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണം ലക്ഷ്യമാക്കി നിർമ്മിക്കപ്പെട്ടിരിക്കുന്ന ഡാം, കാലാന്തരത്തിൽ നിരന്തരമായ എക്കൽ നിക്ഷേപത്തെത്തുടർന്ന് സംഭരണശേഷി പകുതിയിലധികം കുറഞ്ഞതായി അടുത്ത കാലത്തെ പഠനങ്ങൾ വിലയിരുത്തുന്നു. നിലവിൽ അരുവിക്കരയിലെ മൂന്ന് വ്യത്യസ്ത ജല ശുദ്ധീകരണ ശാലകളിലേയ്ക്കും വെള്ളയമ്പലത്തെ ജല ശുദ്ധീകരണ ശാലയിലേയ്ക്കും നെടുമങ്ങാട്ടെ ഒരു ശുദ്ധീകരണശാലയിലേയ്ക്കും അരുവിക്കര റിസർവ്വോയറിൽനിന്ന് നേരിട്ടാണ് ജലം സ്വീകരിക്കുന്നത്. ഇതിനായി പ്രതിദിനം 283 ദശലക്ഷം ലിറ്റർ ജലം ഇവിടെനിന്നും ഉപയോഗപ്പെടുത്തുന്നു. ഇപ്പോഴത്തെ കണക്കിൽ ഏകദേശം നാല് ദിവസത്തേയ്ക്കുള്ള ജലം മാത്രമേ ഡാം റിസർവ്വോയറിൽ ശേഖരിക്കാൻ കഴിയുന്നുള്ളൂ. അരുവിക്കര ഡാമിലെ ചെളിയും മണലും നീക്കം ചെയ്താൽ ഏകദേശം എട്ട് മുതൽ പത്ത് ദിവസം വരെയുള്ള ജലം ഇവിടെ സംഭരിക്കാൻ കഴിയും. 48 ഹെക്ടർ ജലവ്യാപന പ്രദേശമുള്ള അരുവിക്കര ഡാമിന്റെ ഏറിയഭാഗവും എക്കൽ മണൽ നിക്ഷേപംവഴി കരഭൂമിയായി മാറിയിട്ടുണ്ട്. നദിയുടെ പ്രധാന പാതയിലൊഴികെയുള്ള പ്രദേശങ്ങളിലെ ആഴം ഒരു മീറ്ററിലും താഴെയാണ്. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷനുവേണ്ടി നാല് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 5 ഹെക്ടർ വരുന്ന ഒരു ഭാഗത്ത് പൈലറ്റ് സ്റ്റഡിയെന്ന രീതിയിൽ ചെളിയും മണലും നീക്കം ചെയ്യാനായിരുന്നു പദ്ധതി. അരുവിക്കര റിസർവ്വോയറിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളി നീക്കം ചെയ്യാനും ഇതിന്റെ ശേഷി പഴയ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരാനുംവേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ഡീസിൽറ്റേഷൻ ചെയ്യേണ്ട രീതി സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ആയത് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ കളിമണ്ണ് ചേർന്നിരിക്കുന്ന യന്ത്രസാമഗ്രികൾ അധികം വിലപിടിപ്പുള്ളതിനാൽ അഞ്ച് ഹെക്ടറിൽ മാത്രമായി ഡീസിൽറ്റേഷൻ പ്രായോഗികമല്ലെന്നും മുഴുവൻ സ്ഥലത്തേയ്ക്കും ഇതേരീതിയിൽ ചെയ്യാവുന്ന തരത്തിൽ ഭരണാനുമതി തിരുത്തി നൽകേണ്ടതാണെന്നും ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തി. ആയതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ empowered committee അനുവാദം നൽകിയിട്ടുണ്ട്. അജൈവ മാലിന്യമായ ചെളിയും മണ്ണും നീക്കംചെയ്യുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും തുക ക്വാട്ട് ചെയ്യുന്നതിനുമായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചിരുന്നു. മംഗലം ഡാം ഡീസിൽറ്റ് ചെയ്യുന്ന മാതൃകയിൽ കേരള വാട്ടർ അതോറിറ്റിക്ക് സാമ്പത്തിക ബാധ്യത വരാതെയും ചെളിയും മണ്ണും വിറ്റ് കിട്ടുന്ന തുക വാട്ടർ അതോറിറ്റിക്കുകൂടി ലഭ്യമാക്കുന്ന രീതിയിലുമാണ് നടപടിക്രമങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ടെണ്ടറിൽ രണ്ട് കമ്പനികൾ പങ്കെടുത്തു. ടെക്നിക്കൽ

കമ്മിറ്റി ശിപാർശ ചെയ്ത കമ്പനിക്ക് ഡി.പി.ആർ. തയ്യാറാക്കാനുള്ള അനുവാദവുമായി ബന്ധപ്പെട്ട വിഷയം ഹൈപവർ കമ്മിറ്റി പരിശോധിച്ചുവരുന്നു. മംഗലം ഡാമിലെ ഡീസിൽറ്റേഷൻ വർക്കുകൾ തുടങ്ങിയിട്ടുണ്ട്. ഒരു ചെലവുമില്ലാതെ 17 കോടി രൂപയ്ക്കാണ് ആ മണ്ണും ചെളിയും വിൽക്കാൻ കൊടുത്തത്. ഇതും ആ രീതിയിൽ ചെയ്യാനാണുദ്ദേശിക്കുന്നത്. ഡി.പി.ആർ. ലഭ്യമായാൽ ഉടൻതന്നെ അത് ടെണ്ടർ ചെയ്യും.

## (8) ആലുങ്കൽ കടവ്, പാറപ്പുറം, വല്ലംകടവ് പാലങ്ങളുടെ നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: സർ, സാധാരണ ഒരു വിഷയമാണ് സബ്മിഷനായി അവതരിപ്പിക്കാറുള്ളത്. ഞാൻ ഇന്ന് മൂന്ന് വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. സബ്മിഷൻ കൂടുതൽ കിട്ടാത്തതുകൊണ്ടും സമയക്കുറവുള്ളതുകൊണ്ടുമാണ് മൂന്ന് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ആലുങ്കൽ കടവ് പാലം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനുവദിച്ചതാണ്. അതിന്റെ നിർമ്മാണ പ്രവൃത്തികളെല്ലാം പൂർത്തിയാക്കി പാലം പണി പൂർത്തീകരിച്ചെങ്കിലും അതിന് അപ്രോച്ച് റോഡ് ഇല്ല. പാടമായി കിടക്കുന്നതുകൊണ്ട് സ്വാഭാവികമായും അതിന് എൻവയോൺമെന്റ് ക്ലിയറൻസ് ആവശ്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരന്തരം പരിശ്രമിച്ചതിന്റെ ഫലമായി എൻവയോൺമെന്റ് ക്ലിയറൻസ് മന്ത്രിസഭ അംഗീകരിച്ചു. ഈ ക്ലിയറൻസ് ലഭ്യമായി ഏകദേശം ഒരു വർഷത്തോളമായെന്നാണ് എനിക്ക് തോന്നുന്നത്. അപ്രോച്ച് റോഡിന്റെ നീളം ഒരു വശത്ത് 100 മീറ്ററും മറുവശത്ത് 80 മീറ്ററുമാണ് വേണ്ടത്. ആകെ 96 സെന്റ് സ്ഥലത്തിനാണ് എൻവയോൺമെന്റ് ക്ലിയറൻസ് ലഭിച്ചത്. അതിനുശേഷം ലാന്റ് അക്വിസിഷൻ നടപടിയിലേയ്ക്കാണ് പോകേണ്ടത്. ബഹുമാനപ്പെട്ട കളക്ടറുടെ സാന്നിദ്ധ്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട അധികാരികളുടെയും യോഗം പലവട്ടം കൂടിയെങ്കിലും റവന്യൂ ഉദ്യോഗസ്ഥർ ലാന്റ് അക്വിസിഷൻ നടപടിയുടെ പേപ്പറുകൾ ത്വരിതപ്പെടുത്താനുള്ള യാതൊരു ശ്രമവും നടത്തിയില്ല. ഇതുമായി ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർ അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. പാലം പണിയുടെ അപ്രോച്ച് റോഡിനുള്ള ലാന്റ് അക്വിസിഷൻ നടപടി ത്വരിതപ്പെടുത്തി ടെണ്ടർ നടപടിയിലേയ്ക്ക് വന്നാൽമാത്രമേ അപ്രോച്ച് റോഡുണ്ടാക്കാൻ സാധിക്കുകയുള്ളൂ. പക്ഷെ ഈ തഹസീൽദാരുടെ അനങ്ങാപ്പാറ നയമാണ് അപ്രോച്ച് റോഡ് പൂർത്തിയാകാതിരിക്കാനുള്ള സാഹചര്യമുണ്ടാക്കിയത്.

പിന്നെയുള്ളത് പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇൻകെൽ, സെഗോറാ എന്നീ കമ്പനികളാണ് വർക്ക് ഏറ്റെടുത്തിരുന്നതെങ്കിലും അവരുടെ പല പോരായ്മകളും ചൂണ്ടിക്കാണിച്ചുകൊണ്ട് അവരെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. വീണ്ടും

ഇത് റീ-ടെണ്ടർ ചെയ്തപ്പോൾ അതിൽ കുറേ പോരായ്മകൾ ചൂണ്ടിക്കാണിച്ചതിനാൽ അത് ക്യാൻസൽ ചെയ്യുകയും വീണ്ടും റീ-ടെണ്ടർ ചെയ്യുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഇതെല്ലാം വളരെ പതുക്കെയാണ് നീങ്ങുന്നത്. ഈ പാലത്തിന് ആകെ 9 സ്പാനാണുള്ളത്; അതിൽ മൂന്നെണ്ണം പൂർത്തിയായി. ഇനി 6 എണ്ണവും അപ്രോച്ച് റോഡും പൂർത്തിയാക്കാനുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നൂലാമാലകൾ ഇല്ലാതെതന്നെ എത്രയുംവേഗം പാലം പണി പൂർത്തിയാക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ പെരുമ്പാവൂർ മണ്ഡലത്തേയും ആലുവ നിയോജകമണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എയർപോർട്ട്-സീപോർട്ട് റോഡിന് 425 കോടി രൂപ കിഫ്ബി അനുവദിച്ചെങ്കിലും മൂന്ന് വർഷം കഴിഞ്ഞിട്ടും നടപടിക്രമങ്ങളിൽ ഇന്നും മെല്ലെപ്പോക്ക് സമീപനമാണ് നടന്നുകൊണ്ടിരിക്കുന്നത്. വർഷങ്ങളായി ആ സ്ഥലം നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. മറ്റൊരു പ്രശ്നം, ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചെങ്കിലും ആ പ്രദേശത്തുള്ള ആളുകൾ വലിയ പ്രതിസന്ധിയിലാണ് എന്നതാണ്. കാരണം അവർക്ക് പൈസ ലഭിക്കുന്നില്ല. സാധാരണക്കാരായ ആളുകൾക്ക് മക്കളുടെ വിവാഹം പോലെയുള്ള ആവശ്യങ്ങൾക്കുവേണ്ടി അവരുടെ സ്ഥലം വിൽക്കാൻ സാധിക്കുന്നില്ല, എന്നാൽ സർക്കാർ ഏറ്റെടുക്കുന്നുമില്ല. അതിനാൽ എയർപോർട്ട്-സീപോർട്ട് ഭാഗത്തുള്ള പ്രദേശവാസികൾ വലിയ പ്രതിസന്ധിയിലാണ്. ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാക്കി, എച്ച്.എം.ടി. മുതൽ മഹിളാലയം വരെയുള്ള എയർപോർട്ട്-സീപോർട്ട് റോഡ് യാഥാർത്ഥ്യമാക്കി ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ എത്രയും വേഗം പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. ഇതുമൂന്നും എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് ഉന്നയിച്ചത്. ബഹുമാനപ്പെട്ട മന്ത്രി വളരെ കാര്യക്ഷമമായിത്തന്നെ കാര്യങ്ങളിൽ ഇടപെടുന്നയാളാണ്. അതിനാൽ ഈ വിഷയങ്ങളിലും ഇടപെട്ട് ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കി മൂന്ന് പദ്ധതികളും പൂർത്തീകരിക്കുവാനും അതിനുവേണ്ട നടപടി ത്വരിതപ്പെടുത്താനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

1.00 PM]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മൂന്ന് സബ്മിഷനുകളാണ് ഒരുമിച്ച് അനുവദിച്ചിരിക്കുന്നത്. മൂന്ന് വിഷയത്തിനും മറുപടി പറയണമെങ്കിൽ അരമണിക്കൂർ സമയം വേണ്ടിവരും. എനിക്ക് ലഭിച്ച നോട്ടിൽത്തന്നെ പതിമൂന്ന് പേജുകളുണ്ട്. അതെല്ലാം ഞാൻ വായിക്കുന്നില്ല. ഇന്നലെയും ഇതുപോലെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും രണ്ട് സബ്മിഷനുകൾ

വന്നത് ആശയക്കുഴപ്പമുണ്ടാക്കി. അതുപോലെ ഇതും ആശയക്കുഴപ്പത്തിലാണ്. ഒരു പാലം പണിയണമെങ്കിൽ അതിന് നടപടിക്രമങ്ങളുണ്ട്. അപ്രോച്ച് റോഡിന് സ്ഥലമില്ലാതെ പാലം പണി ആരംഭിക്കുന്നത് എങ്ങനെയാണ്? അങ്ങനെ ഒരു പാലവും പൂർത്തിയാകുകയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരു പാലം വേണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ അവിടെ സ്ഥലമില്ല. പിന്നെ അത് ചെയ്തു. ഇതൊന്നും ചെയ്യാൻ പാടില്ലാത്തതാണ്. ശ്രീ. അൻവർ സാദത്ത് മനസ്സിലാക്കേണ്ടത്, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഗവൺമെന്റിന് പേരുദോഷമുണ്ടാക്കിയത് മുഴുവൻ എറണാകുളം ജില്ലയിലെ എഞ്ചിനീയർമാരാണ്. അത്തരക്കാരെ മാത്രം അവിടെ നിയമിച്ചതുകൊണ്ടാണ് ഈ കുഴപ്പങ്ങളെല്ലാമുണ്ടായത്. ശ്രീ. സുബിൻ ജോർജ് 120 വർക്കുകൾ ടെണ്ടറില്ലാതെ പിടിച്ചില്ലേ? പതിനേഴ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ പോകുകയാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേരിലും നടപടിയെടുക്കണം. അന്നവർ ഇ.ഇ.-ആയിരുന്നു. ആ വിഷയത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇതാണ് പ്രശ്നം. കാര്യങ്ങൾ ചെയ്യേണ്ടതു പോലെ ചെയ്താൽ ഒരു പ്രശ്നവുമുണ്ടാകില്ല. ഇപ്പോൾ നമ്മൾ ചെയ്യേണ്ടതുപോലെ ചെയ്യുകയാണ്. അല്ലാതെ നമ്മൾ ധൃതി പിടിച്ചിട്ടൊന്നും കാര്യമില്ല.

പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ കാര്യം ഞാൻ പറയാം, അതിന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത്, 27-1-2016-ൽ 26 കോടി രൂപയുടെ ഭരണാനുമതിയും 23 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു. ഇരുപത്തിയാറ് മാസത്തെ കാലതാമസമുണ്ടായി. 2018-ൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. രണ്ടുവർഷ സമയത്തിന്റെ സ്ഥാനത്തിപ്പോൾ നാല് വർഷമായി. അതിനുകാരണം സാങ്കേതിക പ്രശ്നങ്ങളാണ്. പ്രളയമുണ്ടായപ്പോൾ ചെറിയ കാലതാമസം നേരിട്ടെങ്കിലും വൈറ്റില, കുണ്ടന്നൂർ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയല്ലോ. എന്നാൽ പ്രധാനപ്പെട്ട പ്രശ്നം അതൊന്നുമല്ല. ഇതിന്റെ കാലാവധി മൂന്നുതവണ നീട്ടിയതാണ്. എന്നിട്ടും നിർമ്മാണം പൂർത്തിയായിട്ടില്ല. ഏകദേശം അറുപത് ശതമാനം മാത്രമാണ് പൂർത്തിയായത്. സ്തംഭനാവസ്ഥയിലായപ്പോൾ അങ്ങയുടെ ആവശ്യപ്രകാരം 4-11-2019-ന് യോഗം വിളിച്ച് റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ 18-11-2019-ൽ വീണ്ടും ചേർന്ന യോഗത്തിൽ അവർ കാലുപിടിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഞങ്ങൾ ചെയ്യാമെന്ന് പിന്നീടും പറഞ്ഞത്. ആരാണ് ഈ പാർട്ടി? കേരളത്തിലെ ഏറ്റവും വലിയ തട്ടിപ്പ് കമ്പനിയായ സെഗോറ-ഇൻകെൽ കൺസോർഷ്യം. തട്ടിപ്പല്ലാതെ, ഇന്നുവരെയും ഒന്നും അവർ നിർമ്മിച്ചിട്ടില്ല. കാരണം അവരുടെ കയ്യിൽ ഒരു മൺവെട്ടി പോലുമില്ല. വെറും കള്ളത്തരങ്ങളാണ് നടത്തുന്നത്. ടെണ്ടർ പിടിച്ച് കമ്മീഷനും വാങ്ങി വർക്കുകൾ മറിച്ചുകൊടുക്കുകയാണ്. ഞാൻ അവരെ

പുറത്താക്കിയിരിക്കുകയാണ്. അവർക്ക് ഇനി വർക്കുകളൊന്നുമില്ല. കുട്ടനാട്ടിലെ നാല് പാലങ്ങളുടെയും എറണാകുളത്തെ മൂന്ന് പാലങ്ങളുടെയും ടെണ്ടർ പിടിച്ചതും അവരാണ്. ആ ഏഴ് പാലങ്ങളുടെ നിർമ്മാണവും അവർ ചെയ്തില്ല. ഇതിനുപുറമെ 100 കോടി രൂപയുടെ പെരുമ്പളം പാലത്തിന്റെ വർക്കിന് ടെണ്ടർ പിടിച്ചു. ആ ടെണ്ടർ പിടിക്കരുതെന്ന് ഞാൻ അവരോട് പറഞ്ഞതാണ്. എന്നിട്ടും അവർ ടെണ്ടർ പിടിച്ചു. അതിന്റെ പണിയും ചെയ്തില്ല. ഒരു വർഷം കഴിഞ്ഞ്, കഴിഞ്ഞ ക്യാബിനറ്റിലാണ് പെരുമ്പളത്തിന്റെ വർക്ക് റീ-ടെണ്ടർ ചെയ്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയത്. രണ്ട് വർഷം നഷ്ടമായി. വല്ലവരുടെയും അദ്ധ്വാനത്തിന്റെ വിയർപ്പിൽനിന്നും പൈസയുണ്ടാക്കി തിന്നുമദിക്കുന്ന ഇത്തരം കള്ളപ്രൊഫഷണലുകളാൽ നിറഞ്ഞ ഒരു കമ്പനിയാണിത്. സെഗോറ ഒരു കമ്പനി, ഇൻകെൽ മറ്റൊരു കമ്പനി. ഇവരുടെ കൺസോർഷ്യമാണ് വാസ്തവത്തിൽ പ്രശ്നമുണ്ടാക്കിയിരിക്കുന്നത്. അവരെ ഒഴിവാക്കുന്നതിനായി വളരെയധികം കാലതാമസമുണ്ടായി. പിന്നെയും കാലുപിടിക്കും, വീണ്ടും അവർക്ക് വർക്ക് കൊടുക്കും. അവസാനം നമ്മൾ അവരുടെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി syama dynamic project developers private limited-ന് നൽകിയിരിക്കുകയാണ്. എന്നാൽ അവർക്കും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാൻ വയ്യ. അതിനാൽ ഇപ്പോൾ വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്. 22-1-2021-ന് ടെണ്ടർ തുറന്ന് ഭംഗിയായി തുടങ്ങാമെന്ന് പ്രതീക്ഷിക്കുകയാണ്. അതിനാൽ ടെണ്ടർ പിടിക്കുന്ന കരാറുകാരനോട് ഇതിന്റെ പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ആവശ്യപ്പെടണം. ഇപ്പോൾ അതിന്റെ കുരുക്കുകൾ അഴിച്ച് കൃത്യമായി പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

മറ്റൊന്ന്, ആലുങ്കൽ കടവ് പാലത്തെ സംബന്ധിച്ചാണ്. അതിനും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 14-1-2015-ന് 11 കോടി 22 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി. ഇതിന്റെ നിർമ്മാണ ചുമതല Sephora foundation -നാണ് ഏറ്റെടുത്തത്. അവരുടെ സ്വഭാവം ഞാൻ പറഞ്ഞല്ലോ; അവിടെയും ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതിനുമുമ്പാണ് ഇത് ചെയ്തത്. അങ്ങനെ ചെയ്യാൻ പാടില്ലാത്തതാണ്. അതിനാൽ ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭൂമി ഏറ്റെടുക്കാതെ ഒരു പാലവും നിർമ്മിക്കുന്നില്ല. കേരളത്തിൽ ഭൂമിയേറ്റെടുക്കാനുണ്ടാകുന്ന കാലതാമസത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാർക്കും അറിയാവുന്നതാണല്ലോ. എന്നാലും ധാരാളം പാലങ്ങൾ നമ്മൾ നിർമ്മിക്കുന്നുണ്ട്. സ്ഥലമുടമകളിൽനിന്നും മുൻകൂർ അനുവാദം ലഭിച്ചെന്ന് പറയുന്നുണ്ടെങ്കിലും പണി ആരംഭിച്ചപ്പോൾ അവർ തനിനിറം കാണിച്ചു. ബഹളമായി, കോടതിയിൽ പോയി പ്രശ്നമായി. അങ്ങനെയുള്ള പ്രശ്നങ്ങളാണ്

അതിന്റെ കാര്യത്തിലുമുണ്ടായത്. ആലുങ്കൽ കടവ് പാലത്തിന്റെ പൊന്നുംവില നടപടികൾ തുടരുകയാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ നിലവിലെ സ്ഥിതിയിൽ മാത്രം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും. വളരെ സമർത്ഥനായ ആളാണ് അവിടെ കളക്ടറായി വന്നിരിക്കുന്നത്. ആലപ്പുഴയിൽ സർവ്വീസിലിരുന്ന അസാമാന്യ കഴിവുള്ള നല്ലൊരു കളക്ടറാണ് അദ്ദേഹം. അദ്ദേഹവുമായി ബന്ധപ്പെട്ട് വേഗത്തിൽ ഭൂമിയേറ്റെടുക്കാനുള്ള നടപടി പൂർത്തിയാക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, അവിടത്തെ തഹസീൽദാരാണ് ഭൂമിയേറ്റെടുക്കുന്നതിന് തടസ്സം നിൽക്കുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, തഹസീൽദാരെ മാറ്റാം. അതിന് റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനോട് പറഞ്ഞാൽ മതിയാകും. കുഴപ്പക്കാരനാണെങ്കിൽ തഹസീൽദാരെ മാറ്റുന്നതിന് പ്രശ്നമില്ല. അത് സംബന്ധിച്ച് ഒരു പരാതി നൽകണം. നമുക്ക് ധാരാളം ഉദ്യോഗസ്ഥരുണ്ട്. കളക്ടറോട് പറഞ്ഞാൽ അദ്ദേഹം തഹസീൽദാരെ മാറ്റും.

മി. ചെയർമാൻ: യെസ്...

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. പതിമൂന്ന് പേജുള്ള സബ്മിഷനാണ് ചുരുക്കി മൂന്നുനാല് മിനിട്ടുകൊണ്ട് പറയുന്നത്. സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എച്ച്.എം.ടി. മുതൽ നാഡ് (NAD) റോഡ് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം നടന്നുവരികയാണ്. എച്ച്.എം.ടി. മുതൽ നാഡ് വരെയുള്ള ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഡ് മുതൽ മഹിളാലയം വരെയുള്ള പദ്ധതികൾക്ക് കിഫ്ബി 437.28 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹ്യാഘാതപഠനം പൂർത്തിയാക്കി ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. അതിന്റെ തുടർനടപടികൾ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള ഭാഗം 2017-ൽ പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള ഭാഗത്തിന്റെ ഭരണാനുമതിയായിട്ടുണ്ട്. ഇതാണ് അതിന്റെ പൊസിഷൻ. കുരുക്കുകളഴിഞ്ഞ് ആ സ്ഥലം ലഭിച്ചാൽ നിർമ്മാണം നടത്താനുള്ള സ്ഥിതിയിലാണിപ്പോൾ. അതിനാൽ ഉറച്ച തീരുമാനങ്ങളുമായി മുന്നോട്ടു പോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (9) മുദിയം പാലം

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി, തീരദേശപാതയുടെ ഭാഗമായതും വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ മുദിയം തോടിന് കുറുകെയുള്ള മുദിയം പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ രണ്ട് വില്ലേജുകളായ വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്നതും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി കടലിലേയ്ക്ക് പോകാൻ പ്രധാനമായും ആശ്രയിക്കുന്നതുമായ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തീരദേശ റോഡാണ് ടിപ്പുസുൽത്താൻ റോഡ്. പ്രസ്തുത റോഡിൽ രണ്ട് വില്ലേജുകളെ വേർതിരിക്കുന്ന മുദിയം തോട് മഴക്കാലമായാൽ മത്സ്യബന്ധനത്തിന് പോകുന്നവർക്കും തീരദേശ മേഖലകളിൽനിന്ന് സ്കൂളുകളിലും മദ്രസ്സകളിലും പോകുന്ന വിദ്യാർത്ഥികൾക്കും ഏറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. മുദിയം തോടിന് കുറുകെ പാലം വേണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ദേശീയപാതാ വിഭാഗം പദ്ധതിയുടെ ഭാഗമായി മണ്ണ് പരിശോധനയും വിദഗ്ദ്ധ പഠനവും പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കൽ ആരംഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഒച്ചിന്റെ വേഗതയിലാണ് ഫയൽ നീങ്ങുന്നത്. ആയതിനാൽ ഈ പദ്ധതി വേഗത്തിലാക്കാൻ അടിയന്തരമായി സർക്കാർ ഇടപെടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ റോഡ് തീരദേശ ഹൈവേയിലാണ്. അതിന്റെ അലൈൻമെന്റ് തയ്യാറാക്കണം. മുദിയം പാലത്തിനുവേണ്ട ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ചു, ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ തുകയും ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി അനുമതിക്കായി കിഫ്ബിയിൽ ഉടൻ സമർപ്പിക്കേണ്ടതാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

## (10) കോഴിക്കോട് ഫൈൻ ആർട്സ് കോളേജ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നിലവിൽ കേരളത്തിൽ ഗവൺമെന്റ് തലത്തിലുള്ള 5 ഫൈൻ ആർട്സ് സ്ഥാപനങ്ങളാണുള്ളത്. ഇവയെല്ലാം തൃശ്ശൂർ മുതൽ കേരളത്തിന്റെ തെക്ക് ഭാഗത്തുള്ള ജില്ലകളിലാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഫൈൻ ആർട്സ് കോളേജുകൾ തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലും കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പിന്റെ

കീഴിലുള്ള ഫൈൻ ആർട്സ് വിഭാഗങ്ങൾ, തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജ്, കാലടി ശ്രീ ശങ്കര ഡിപ്പാർട്ടുമെന്റ് എന്നിവയുമാണ്. തൃശ്ശൂരിന് വടക്കോട്ടുള്ള കേരളത്തിലെ ജില്ലകളിൽ ഈ വിദ്യാഭ്യാസ സൗകര്യമില്ല. എന്നാൽ ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ 50 ശതമാനത്തിലധികവും വടക്കൻ ജില്ലകളിൽ നിന്നുള്ളവരാണ്. സമീപകാലത്തായി ദൃശ്യകലാ കോഴ്സുകളും അതുമായി ബന്ധപ്പെട്ട പുതുതലമുറ തൊഴിലധിഷ്ഠിത കോഴ്സുകളും സ്വകാര്യ മേഖലയിൽ വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ ഈടാക്കുന്നത് ഭീമമായ ഫീസാണ്. ഇതുകാരണം, സാധാരണക്കാരുടെ മക്കൾക്ക് ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ സാധിക്കാത്ത സാഹചര്യവുമുണ്ട്. കൂടാതെ സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളുടെ നിലവാരക്കുറവും ഒരു പ്രശ്നമാണ്. ഫൈൻ ആർട്സ് പഠനം താൽപ്പര്യപ്പെടുന്ന ഒരു ചെറിയ വിഭാഗത്തിനുമാത്രമേ ഇപ്പോൾ പഠന സൗകര്യമുള്ളൂ. ആയതിനാൽ കേരളത്തിലെ വടക്കൻ ജില്ലകളിലുള്ള വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന തരത്തിൽ കോഴിക്കോട് ജില്ലയിൽ ഒരു ഫൈൻ ആർട്സ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ മൂന്ന് സർക്കാർ ഫൈൻ ആട്സ് കോളേജുകളും കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തൃപ്പൂണിത്തുറയിൽ ആർ.എൽ.വി. മ്യൂസിക് ആന്റ് ഫൈൻ ആർട്സ് കോളേജുമാണ് സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നത്. ഫൈൻ ആർട്സ് കോളേജുകളിൽ ബാച്ചിലർ ഓഫ് ഫൈൻ ആർട്സിന് ഒരു വർഷം പ്രവേശനം അനുവദിക്കുന്നത് ലക്ഷദ്വീപ് ക്വാട്ട ഉൾപ്പെടെ 133 വിദ്യാർത്ഥികൾക്കാണ്. ഓരോ വർഷവും പ്രവേശനത്തിനായി ആയിരത്തിലധികം അപേക്ഷകളാണ് ഇവിടെ ലഭിക്കുന്നത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ എവിടെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലോ, കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകൾക്കുകീഴിലോ ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. സി. മമ്മത് കോയ ഉന്നയിച്ച വിഷയം അതുകൊണ്ടുതന്നെ വളരെ പ്രാധാന്യമുള്ളതാണ്. കോഴിക്കോട് ആസ്ഥാനമായി ഒരു ഫൈൻ ആർട്സ് കോളേജ് തുടങ്ങുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 'സാമ്പത്തിക അവലോകനം-2020' ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

1. മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. സി. കൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിയൊന്ന് മുതൽ എഴുപത്തിയേഴുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എഴുപത്തിയൊന്ന് മുതൽ എഴുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. കെ. ശശി: സർ, ബഹുമാന്യനായ എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ മനസ്സാണ് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രകടിപ്പിച്ചത്. ഇന്ന് നിയമസഭയിൽ വിരോധം തീർക്കുന്ന മട്ടിലാണ് ബഹുമാന്യനായ പി. ടി. തോമസിന്റെ പ്രകടനമുണ്ടായത്. കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയെക്കുറിച്ച് നിയമസഭയ്ക്കകത്ത് സംസാരിക്കുമ്പോൾ വാക്കുകൾ പ്രയോഗിക്കുന്നത് കരുതലോടും മാന്യതയോടും കൂടിയായിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ ബുദ്ധി യു.ഡി.എഫ്. നേതാക്കൾ അദ്ദേഹത്തിന് ഉപദേശിച്ചുകൊടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സഖാവ് പിണറായി വിജയൻ ഉൾപ്പെടെയുള്ള ഞങ്ങളുടെ നേതാക്കളൊക്കെ ജീവിക്കുന്നത് അവരുടെ

സ്വന്തം തടിയിൽ മാത്രമല്ല, അനേകായിരങ്ങളുടെ ഹൃദയത്തിൽക്കൂടിയാണെന്ന് മനസ്സിലാക്കുന്നത് നല്ലതാണെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് നമ്മുടെ നാടിന്റെ ചരിത്രത്തിൽ ഒരു മഹാത്ഭുതമല്ലേ; എന്തെല്ലാം പ്രതിസന്ധികളാണ് നമ്മുടെ നാട് അഭിമുഖീകരിച്ചത്; ഓഖി, നിപ്പ, പ്രളയം, കോവിഡ് 19 അതൊന്നും ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റിന് ഒരു പതർച്ചയുമുണ്ടായില്ല. ഈ പ്രതിസന്ധികളെ നല്ല ഇച്ഛാശക്തിയോടെ മറികടന്നില്ലേ? കേരളം വീണതുമില്ല, പതറിയുമില്ല. നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ വലിയ തകർച്ചയുണ്ടായി, ഗവൺമെന്റിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി, എന്നിട്ടും സംസ്ഥാനത്ത് വിശക്കുന്ന ഒരു വയറുമുണ്ടാകരുതെന്ന് പ്രഖ്യാപിക്കുക മാത്രമല്ല, അത് യാഥാർത്ഥ്യമാക്കി മാറ്റുകയും ചെയ്തു. ആളുകൾ പട്ടിണി കിടക്കാതിരിക്കാൻ വേണ്ടി ഭക്ഷ്യ കിറ്റുകൾ, കമ്മ്യൂണിറ്റി കിച്ചൺ; ഇതൊക്കെ കേന്ദ്ര ഗവൺമെന്റ് നൽകിയതാണെന്നുപറഞ്ഞ് ബി.ജെ.പി.-യെ വെള്ളപൂശി കാണിക്കുന്ന നിലപാടാണ് യു.ഡി.എഫ്.-ലെ ചില അംഗങ്ങൾ പ്രകടിപ്പിച്ചത്. സാമൂഹ്യക്ഷേമ പെൻഷൻ നൽകിയതിലൂടെ പ്രയാസത്തിലും പ്രതിസന്ധിയിലും പാവപ്പെട്ടവനെ മറന്നില്ല ഈ സർക്കാർ. അതാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരന്റെ പ്രത്യേകത. അതാണ് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രത്യേകത. ഞങ്ങൾ നോക്കുന്നത് ഈ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരും ദുർബലരുമായ മനുഷ്യരെയാണ്. ദുർബലരും പാവപ്പെട്ടവരുമായവരുടെ ജീവിതത്തിൽ അവർക്കുകിട്ടേണ്ട സാമൂഹ്യനീതി ലഭിക്കുന്നുണ്ടോ എന്ന അന്വേഷണമാണ് കമ്മ്യൂണിസ്റ്റുകാരുടെ/ ഇടതുപക്ഷക്കാരുടെ രാഷ്ട്രീയ പ്രവർത്തനം. ആയ കാലത്ത് നാല് പുത്തൻ കാശ് ഉണ്ടാക്കാനുള്ള ഏർപ്പാടൊന്നും ഞങ്ങളുടെ കയ്യിലില്ല. അതിന്റെയൊക്കെ അവകാശികൾ അപ്പുറത്തുണ്ട്. മഞ്ചേശ്വരം എം.എൽ.എ. വരെ നീണ്ടുകിടക്കുന്ന പട്ടിക വിശദീകരിക്കാൻ ഞാനിപ്പോൾ മുതിരുന്നില്ല. മലയാളിയുടെ മനസ്സ് വളരെ ആഗ്രഹങ്ങളുള്ള മനസ്സാണ്. നമ്മുടെ നാടിന്റെ വികസനത്തെ സംബന്ധിച്ച് ഭാവനാപൂർണ്ണമായ ഒരുപാട് കാഴ്ചപ്പാടുകൾ മലയാളിക്കുണ്ട്. നാടിന്റെ വളർച്ചയെ സംബന്ധിച്ചുള്ള മലയാളിയുടെ ചിറകുവിരിച്ച് പായുന്ന ആഗ്രഹങ്ങളുടെ, ആ സ്വപ്നങ്ങളുടെ കൂടെ ഓടിയെത്താൻവേണ്ട പരിശ്രമമായിരുന്നു കഴിഞ്ഞ നാലര വർഷക്കാലം ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. "ഏത് കിഫ്ബി; എന്ത് കിഫ്ബി" എന്ന് ചോദിച്ച ആളുകളോട് ഞങ്ങൾക്ക് എണ്ണിയെണ്ണി മറുപടി പറയാനുണ്ട്. അറുപതിനായിരത്തിൽപ്പരം കോടി രൂപയുടെ ബൃഹത്തായ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുകയാണ്. യു.ഡി.എഫ്.-ന് സ്വപ്നം കാണാൻ സാധിക്കുമോ? സ്വന്തമായി വീടില്ലാത്ത 2,50,000 പേർക്ക് ലൈഫ് പദ്ധതിയിൽ വീട്. പാവപ്പെട്ടവന്റെ കുട്ടി പഠിക്കുന്ന പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ

ഹൈടെക് ആക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറി. വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങളെക്കുറിച്ചൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. നേരത്തെ ഉണ്ടായിരുന്ന അവസ്ഥ എന്തായിരുന്നു? ഇവിടെ യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാക്കൾ മന്ത്രിമാരായിരുന്ന കാലത്ത് എസ്.എസ്.എൽ.സി. പുസ്തകം തൂക്കിവിറ്റ് കാശ് പോക്കറ്റിലാക്കിയിട്ടുള്ള കഥയറിയില്ലേ? അത്തരം കഴിവ് പ്രകടിപ്പിച്ച ഒരുപാട് ആസ്ഥാനവിദ്വാന്മാർ ആ വകുപ്പിലുണ്ടായിരുന്നില്ലേ; ആ അവസ്ഥയല്ല ഇന്ന് കേരളത്തിലുള്ളത്. അതുപോലെ സർക്കാർ ആശുപത്രികൾ നല്ലരൂപത്തിൽ മെച്ചപ്പെട്ടു. കേരളത്തിന്റെ വ്യാവസായിക മേഖലയിലുണ്ടായിട്ടുള്ള കുതിപ്പ് ആർക്കും നിഷേധിക്കാനാകില്ല. നഷ്ടത്തിലായിരുന്ന ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് നീക്കം നടത്തുമ്പോൾ അത് സ്വകാര്യ മുതലാളിമാർക്ക് വിട്ടുകൊടുക്കില്ലെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ഫലപ്രദമായി ഈ സർക്കാർ ഇടപെടുകയാണ്. വൈദ്യുതി മേഖലയിൽ ഏറ്റവും കൂടുതൽ ഉണർവുണ്ടായ കാലമല്ലേ? പവർകട്ടും, ലോഡ്ഷെഡ്ഡിംഗും ഇല്ലാത്ത നാലരവർഷമാണ് പിന്നിട്ടത്. സഹകരണ മേഖലയിൽ കേരള ബാങ്ക് യാഥാർത്ഥ്യമായി മാറി. കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഷെഡ്യൂൾഡ് ബാങ്കായി കേരള ബാങ്ക് മാറി. പൊതുമരാമത്ത് വകുപ്പിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി, അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളായി നമ്മുടെ റോഡുകളെ മാറ്റി. പട്ടികജാതി / പട്ടികവർഗ്ഗ വികസനം, സാംസ്കാരികം, റവന്യൂ, കൃഷി, ജലവിഭവം ഈ മേഖലകളിലെല്ലാം കേരളത്തിലുണ്ടായിട്ടുള്ള മുന്നേറ്റം ആർക്കും നിസ്സാരവൽക്കരിക്കാനാവില്ല. ആഭ്യന്തര വകുപ്പ് പാടേ മാറ്റിമറിച്ചുകൊണ്ട് ജനസൗഹൃദ പോലീസ് എന്ന ആശയം യാഥാർത്ഥ്യമാക്കി. പാവപ്പെട്ടവന്റെ നെഞ്ചത്തുകയറുന്ന പോലീസ് കേരളത്തിൽ ഇപ്പോഴില്ല. അനാവശ്യമായി കേരളത്തിലെ പോലീസ് ആരെയും തല്ലുന്നില്ല. പക്ഷേ തല്ല് വാങ്ങിയേ അടങ്ങൂവെന്ന് വാശിപിടിക്കുന്ന ചില ആളുകളുണ്ട്. അവർക്ക് കിട്ടിയിട്ടുണ്ടാകാം. പണ്ടത്തെ സ്ഥിതി അതല്ല, ഏത് യു.ഡി.എഫ്. നേതാവിന്റെ ഭരണകാലത്താണെന്ന് എനിക്ക് ഓർമ്മയില്ല. കീഴ്മാട് എന്ന സ്ഥലത്ത് അന്ധരായ കുട്ടികളെ തല്ലിച്ചതച്ച ഒരു സംഭവമുണ്ട്. പോലീസിന്റെ വെരിഫിക്കേഷൻ പരേഡ് നടത്തിയ മാന്യന്മാരായിരുന്നു അന്ന് നാട് ഭരിച്ചിരുന്നത്. കണ്ണ് കാണാത്ത കുട്ടികളെ അപ്പുറത്ത് നിരത്തി നിർത്തി പോലീസുകാർ ചോദിക്കുകയാണ്, 'തല്ലിയ പോലീസുകാരെ കണ്ടാലറിയുമോ'യെന്ന്. ആ ഒരു ദുരവസ്ഥ കേരളത്തിലുണ്ടായില്ല. വലിയ മാറ്റമാണ് കേരളത്തിന്റെ പോലീസ് സംവിധാനത്തിലാകെവന്നത്. ഇത്തരമൊരു സാഹചര്യത്തിൽ, തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം

ജയിക്കുന്നത് വെറുതെയല്ല. എല്ലാ കാലത്തും ഈ നാട്ടിലെ സാധാരണക്കാരന്റെ കൂടെയായിരുന്നു ഞങ്ങൾ. ആ കാരണം കൊണ്ടാണ് ജയിക്കുന്നത്. ഞങ്ങൾ ജയിക്കും എന്നൊരവസ്ഥ വന്നപ്പോൾ യു.ഡി.എഫ്.-ന് ഞങ്ങളെ നേരിടാനുള്ള കരുത്തില്ല, അതു പരിഹരിക്കാൻവേണ്ടിയാണ് ജമാഅത്തെ ഇസ്ലാമിയെ കൂട്ടുപിടിച്ചത്. അബുൽ അഅ്ലാ മൗദൂദി മതരാഷ്ട്രവാദികളുമായി കൂട്ടുചേർന്നതിനെ മുസ്ലീം സമുദായം അംഗീകരിക്കുന്നുണ്ടോ; ഇതിനെ തെറ്റായി കുറെ ആളുകൾ വ്യാഖ്യാനിക്കുന്നുണ്ട്. സമസ്ത കേരളയുടെ അദ്ധ്യക്ഷൻ ബഹുമാന്യനായ സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങളുടെ പ്രസ്താവനയുടെ കാര്യത്തിൽ ലീഗിന്റെ ചില നേതാക്കൾ വല്ലാതെ ആഹ്ലാദം പ്രകടിപ്പിക്കുന്നുണ്ട്. ഞങ്ങളുടെ കാര്യം ഞങ്ങൾ പറയാം, ലീഗ് ലീഗിന്റെ കാര്യം പറയട്ടെയെന്നാണ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ ഇന്നലെ പറഞ്ഞത്. നിങ്ങൾ വിചാരിക്കുന്നിടത്ത് സമസ്തയും നിൽക്കാൻ പോകുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. സമസ്ത അവരുടെ നിലപാട് പ്രഖ്യാപിക്കും. ഇതിലാരും പരസ്പരം ഇടപെടേണ്ടെന്നാണ് പറഞ്ഞത്. ജമാഅത്തെ ഇസ്ലാമി എന്നുപറയുന്ന മതരാഷ്ട്രവാദികളുമായി, മൗദൂദികളുടെ അനുയായികളുമായി യോജിക്കുന്നത് നമ്മുടെ നാട്ടിലെ എത്ര മുസ്ലീങ്ങൾ അംഗീകരിക്കുന്നുണ്ട്? ഇതും പോരാഞ്ഞ് ഭാരതീയ ജനതാ പാർട്ടിയുമായി സ്വകാര്യമായ ബാന്ധവമുണ്ടാക്കിയില്ലേ? ചിലയിടത്ത് പരസ്യമായ മുന്നണിയാണ്. എന്റെ മണ്ഡലത്തിലെ വാണിയംകുളം, വെള്ളിനേഴി എന്നീ രണ്ട് പഞ്ചായത്തുകളിൽ open front ആണ്. ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീന്റെ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകൾ പരസ്പരധാരണയിലാണ്. നോമിനേഷൻ കൊടുക്കുമ്പോൾ ഒരു വാർഡിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി പേരെഴുതി ഒപ്പിടാൻ മറന്നുപോയി. അവിടെ ബി.ജെ.പി.-ക്ക് മാത്രം സ്ഥാനാർത്ഥിയുണ്ടായി. തൊട്ടടുത്ത വാർഡിൽ ബി.ജെ.പി. സ്ഥാനാർത്ഥി ഒപ്പിടാൻ മറന്നുപോയി. എന്തൊരു യോജിപ്പാണ്. മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ വാർഡ് 6, വാർഡ് 7 എന്നീ രണ്ട് വാർഡുകളിലെ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. അതെന്റെ നാട്ടുകൂടിയായതിനാൽ എനിക്കറിയാം. ഇവരൊക്കെ ഒന്നിച്ചപ്പോൾ ഞങ്ങളെ പപ്പടം പൊടിക്കുന്നപോലെ പൊടിച്ചുകളയാമെന്ന് തോന്നി. ചിലരുടെയൊക്കെ പ്രസംഗം വളരെ നീണ്ടതായിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കണക്കാകെ പാളിപ്പോയി. ഞങ്ങളുടെ മാത്രം വോട്ട് ലഭിച്ചിട്ടല്ല ഞങ്ങൾ ജയിച്ചത്. എല്ലാവരും ഞങ്ങളെ സഹായിച്ചിട്ടുണ്ട്. നല്ല കോൺഗ്രസ്സുകാരുടെയും നല്ല മുസ്ലീംലീഗുകാരുടെയും പിന്തുണ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അവരോട് ഞങ്ങൾക്ക് വലിയ കടപ്പാടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവും ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി ഞങ്ങൾ പുനഃപരിശോധിക്കുമെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഞങ്ങൾക്ക് ലഭിക്കാൻ

സാധ്യതയില്ലാത്ത അനേകം വോട്ടുകളും ഞങ്ങൾക്ക് ലഭിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ഇവിടെ മാധ്യമങ്ങൾ ഞങ്ങളെ വളഞ്ഞിട്ട് ആക്രമിക്കാൻ ശ്രമിച്ചു. കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിക്കെതിരായി എന്തെല്ലാം കള്ളക്കഥകളാണ് പറഞ്ഞുപരത്തിയത്. കഥാസരിത് സാഗരത്തിന് വകനൽകുന്ന രൂപത്തിലുള്ള ഗോസിപ്പുകൾ, കള്ളക്കഥകൾ, തെറ്റായ പ്രചാരവേലകൾ ഇതെല്ലാമുണ്ടായി. കേരളത്തിന്റെ മുഖ്യമന്ത്രി ഒരല്പംപോലും പതറിയില്ല. രവീന്ദ്രനാഥ ടാഗോറിന്റെ കവിതയിലൊരു വാചകമുണ്ട്. അദ്ദേഹം പറഞ്ഞു :

'എവിടെ നിർഭയമാകുന്നു മാനസം

എവിടെ നിൽക്കുന്നു ശീർഷം സമുന്നതം'

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ്.

ശ്രീ. പി. കെ. ശശി: സർ, ഇവിടെ ബഹുമാന്യനായ പി. ടി. തോമസിനോട് ഞങ്ങൾ വീണ്ടും പറയുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് സൂചിപ്പിച്ചതുപോലെ നിങ്ങൾക്ക് കണ്ടുപരിചയമുള്ള ജനസ്സല്ല ശ്രീ. പിണറായി വിജയൻ. അത് നിങ്ങൾ മനസ്സിലാക്കണം. പൊരുതുന്ന ഒരു ജനതയുടെ ഒരിക്കലും കുനിയാത്ത അഭിമാനത്തിന്റെ ശിരസ്സാണത്. ഒരിക്കലും തളരാത്ത മനസ്സുമാണതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളെ മുക്കിക്കളയാമെന്ന യാതൊരു ധാരണയും നിങ്ങൾക്കുണ്ടാകേണ്ട. ആയുസ്സിൽ നടക്കാത്ത കാര്യമാണത്. കാരണം നിങ്ങൾ കേരളത്തിന്റെ മതേതര മനസ്സിനെ തകർക്കാൻ ശ്രമിച്ചവരാണ്. അതിനുവേണ്ടി ബി.ജെ.പി.-യെയും ജമാഅത്തെ ഇസ്ലാമിയെയും കൂട്ടിപിടിച്ചവരാണ്. കേരളത്തിന്റെ ഇ-മൊബിലിറ്റി, കെ-ഫോൺ, ലൈഫ് ഉൾപ്പെടെയുള്ള സ്വപ്നപദ്ധതികളെ തകർക്കാൻ നോക്കിയവരാണ്. നിങ്ങൾക്ക് കാലം മാപ്പ് തരില്ല. നിങ്ങൾ കാലത്തിന്റെ മുമ്പിലെ കുറ്റവാളികളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, സമയം കഴിഞ്ഞു. താങ്കൾ സമയം കൂടുതലെടുത്താൽ എല്ലാവരും അത്തരത്തിൽ ചെയ്യും.

ശ്രീ. പി. കെ. ശശി: സർ, ഒന്ന് പറഞ്ഞ് അവസാനിപ്പിക്കട്ടെ, കലാപങ്ങൾക്ക് ആഹ്വാനം ചെയ്തും കഴിയാവുന്ന സ്ഥലങ്ങളിൽ സംഘർഷങ്ങളുണ്ടാക്കിയും ഒരു ജനതയുടെ സ്വൈരജീവിതത്തിന് മുകളിൽ ഭയത്തിന്റെ കരിമ്പടം വർഗ്ഗീയവാദികൾ തീർത്തപ്പോൾ അതിനെതിരായി അതിശക്തമായ മതനിരപേക്ഷതയുടെ നിലപാട് ഉയർത്തിപ്പിടിച്ചത് ഞങ്ങളാണ്. കേരളത്തിന്റെ മതേതര മനസ്സിനെ തട്ടിയുണർത്തിയത് ഞങ്ങളാണ്. അജയ്യമാണീ മുന്നേറ്റം. ഈ ഇടതുപക്ഷ മുന്നേറ്റത്തെ തകർക്കാൻ നിങ്ങൾക്ക് കഴിയില്ല.

കേരളത്തിന്റെ മതേതര ജനാധിപത്യ ജീവിതം ഞങ്ങൾ ഉറപ്പാക്കും. സാമൂഹ്യസുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തും. നവകേരള സ്വപ്നങ്ങൾ ഞങ്ങൾ യാഥാർത്ഥ്യമാക്കും. യു.ഡി.എഫേ, നിങ്ങൾ വിലാപഗീതം പാടി, അഴിമതിയുടെ പാട്ട് പാടി, ആകാശത്തേക്ക് കല്ലെറിഞ്ഞ് കളിക്കുമ്പോൾ ഞങ്ങൾ പുത്തൻ ഉണർത്തുപാട്ടുകളും ചരിത്രഗാഥകളും പാടി മുന്നോട്ട് കുതിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കഴിഞ്ഞദിവസങ്ങളിൽ ചർച്ചയിൽ പങ്കെടുത്ത എൽ.ഡി.എഫ്. അംഗങ്ങൾ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത് പിണറായി വിജയൻ സർക്കാർ മുന്നോട്ടുവച്ച 600 വാഗ്ദാനങ്ങളിൽ 573-ഉം നടപ്പാക്കിയെന്നാണ്. എന്നാൽ വാഗ്ദാനങ്ങളിൽ എത്രയെണ്ണം നടപ്പാക്കി എന്നറിയാനായി ഇവരുടെ പ്രകടനപത്രിക ഞാൻ കഴിഞ്ഞദിവസം പരിശോധിച്ചിരുന്നു. അതിന്റെ ആമുഖമായി 35 ഇനം കർമ്മ പരിപാടികൾ പ്രഖ്യാപിച്ചിട്ടുള്ളതിൽ ഏതാനും ചിലത് ഞാനിവിടെ വായിക്കാം. 25 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നാണ് ആദ്യമായി പറഞ്ഞിരിക്കുന്നത്. ആർക്കൊക്കെ തൊഴിൽ ലഭിച്ചു? പത്താം ക്ലാസ് പോലും പാസ്സാകാത്ത സ്വപ്ന സുരേഷിനും ഇവിടെയിരിക്കുന്ന പല ആളുകളുടെയും ഭാര്യമാർക്കും സ്വന്തക്കാർക്കും ബന്ധുക്കൾക്കും ചിറ്റപ്പൻമാർക്കും കൊച്ചാപ്പമാർക്കും ജോലി കിട്ടിയ കഥ നമുക്കറിയാം. പി.എസ്.സി.-യെപ്പോലും നോക്കുകുത്തിയാക്കി അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ നാട്ടിൽ തൊഴിലില്ലാതെ നടക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് പോലുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിരുന്നു. ഏതൊക്കെ പഞ്ചായത്തിൽ സൃഷ്ടിച്ചു? വിഴിഞ്ഞം ഹാർബർ, അഴീക്കൽ, ബേപ്പൂർ, തങ്കശ്ശേരി തുടങ്ങിയ ചെറുകിട തുറമുഖങ്ങൾ, ലൈറ്റ് മെട്രോ, കൊച്ചി മെട്രോ പ്രോജക്ടുകൾ പൂർത്തീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. പൂർത്തീകരിച്ചോ? 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള തെർമൽ നിലയം എവിടെ; 300 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുതി എവിടെ? 5000 കോടിയുടെ തീരദേശ പാക്കേജുകൾ ഉൾപ്പെടെ കുറെയേറെ പാക്കേജുകൾ പ്രഖ്യാപിച്ചു, എവിടെവരെ നടപ്പിലായി? ദേശീയപാത നാലുവരിയാക്കുമെന്ന് പറഞ്ഞിരുന്നു. എത്ര കിലോമീറ്റർവരെ നാലുവരിയായി? സംസ്ഥാനത്ത് നിലവിലുള്ള രണ്ടുവരി റെയിൽപാത നാലുവരിയാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. എത്ര കിലോമീറ്റർ വരെ നാലുവരിയാക്കി? മൂന്ന് മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നാണ് പറഞ്ഞത്. എവിടെയാണ് എയിംസ് നിലവാരത്തിലുള്ള മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചിട്ടുള്ളത്? താലൂക്കാശുപത്രികളിൽ ഹൃദയശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും

കാത്ത്ലാബ്, ആയുർവേദ സർവ്വകലാശാല എന്നിവ സ്ഥാപിക്കുമെന്നും പറഞ്ഞിരുന്നു. ആയുർവേദ സർവ്വകലാശാല എവിടെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഒന്ന് കാണിച്ചു തരണം. പ്രവാസി വികസന നിധിയിൽ നടത്തുന്ന നിക്ഷേപം ഉപയോഗിച്ച് ആരംഭിക്കുന്ന വ്യവസായശാലകളിൽ പ്രവാസികൾ തിരിച്ചുവരുമ്പോൾ അവർക്ക് ജോലി നൽകുമെന്ന് പറഞ്ഞിരുന്നു. എന്റെ നിയോജകമണ്ഡലമായ അങ്കമാലിയിലും തിരിച്ചുവന്ന കുറച്ച് പ്രവാസികളുണ്ട്. അവരിൽ ഒന്നുരണ്ട് പേർക്ക് അവിടെ ജോലി നൽകണമെന്ന് കാണിച്ച് ഞാൻ ശിപാർശക്കത്ത് തരാം, അവർക്കവിടെ ജോലി കൊടുക്കുമോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കഴിഞ്ഞ ബഡ്ജറ്റിൽ തിരുവനന്തപുരം തലസ്ഥാന നഗരിയുമായി ബന്ധപ്പെട്ട് മാത്രം നടത്തിയ പ്രഖ്യാപനങ്ങൾ എവിടെയെത്തിയെന്ന് ഇന്നത്തെ മനോരമ പത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (പത്രം ഉയർത്തിക്കാട്ടി) കാരണമെന്താണ്, നാളെയും വാഗ്ദാനങ്ങളുടെ ഒരു പെരുമഴയിവിടെ ഉണ്ടാകുമെന്നുള്ളത് കേരള സമൂഹത്തിന് മൊത്തമറിയാം. വാഗ്ദാനം മാത്രം മിച്ചം, നടപ്പായത് കമ്മി. തിരുവനന്തപുരത്ത് 4853 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്നായിരുന്നു പ്രഖ്യാപനം. ഒടുവിൽ എന്താണ് സംഭവിച്ചത്? അതുസംബന്ധിച്ച് ഒരു യോഗം കൂടാൻപോലും ഇതുവരെ ഈ സർക്കാർ തയ്യാറായിട്ടില്ല. അവസാനം "പവനായി ശവമായെ"ന്ന് പറഞ്ഞതുപോലെയായി. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് വാഗ്ദാനങ്ങളെല്ലാം നടപ്പിലാക്കിയെന്നാണ്. പ്രോഗ്രസ്സ് റിപ്പോർട്ട് ഞാൻ വായിച്ചു. 600 വാഗ്ദാനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ ഈ സർക്കാർ തന്നെ പറഞ്ഞിരിക്കുന്നത് മറിച്ചുനോക്കിയാൽ ഏറിയപങ്കും കാണാൻ സാധിക്കുന്നത് നടപ്പാക്കിവരുന്നു, പരിശോധിച്ചുവരുന്നു, നടപടി സ്വീകരിച്ചുവരുന്നു, പദ്ധതി ആവിഷ്കരിച്ചു വരുന്നു, ഡി.പി.ആർ. ഡിസൈൻ ചെയ്തു വരുന്നു എന്നിങ്ങനെയാണ്. ഇവർ പറഞ്ഞ 600-ൽ 573 വാഗ്ദാനങ്ങളുടെയും സ്ഥിതി ഇതാണെന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയാതെ പോകരുത്. 35 ഇന കർമ്മപരിപാടിയിൽ ഏറ്റവുമൊടുവിൽ പറഞ്ഞിരുന്നത് അഴിമതിക്ക് അന്ത്യം കുറിക്കുമെന്നായിരുന്നു. അതാണ് ഇതിലെ ഏറ്റവും വലിയ തമാശ. കഴിഞ്ഞ 5 വർഷങ്ങളിൽ ഈ സർക്കാർ അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന കാഴ്ചയാണ് കേരളം കണ്ടു കൊണ്ടിരിക്കുന്നത്. ദുരന്തങ്ങളെപ്പോലും അഴിമതിക്ക് കയ്യിട്ടുവാരാനുള്ള അവസരമായി കണ്ട സർക്കാരാണിത്.

നൂറ്റാണ്ടിലെ പ്രളയമുണ്ടായി. എറണാകുളം ജില്ലയിലെ അങ്കമാലി നിയോജകമണ്ഡലമുൾപ്പെടെ കേരളത്തിലെ നിരവധി പ്രദേശങ്ങൾ വെള്ളത്തിനടി യിലായി. ലോകത്തിന്റെ നാനാകോണുകളിൽനിന്നും മലയാളികളും അല്ലാത്തവരുമായ ആയിരക്കണക്കിനാളുകൾ കോടിക്കണക്കിന് രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്തപ്പോൾ, അതിൽ നിന്നുപോലും കോടികൾ കയ്യിട്ട് വാരിയവർ, എറണാകുളം ജില്ലയിലെ സി.പി.ഐ.(എം.)-ന്റെ നേതാക്കളുണ്ട്. കുറ്റപത്രംപോലും കൊടുക്കാതെ അവർക്കിന്നും സ്വൈരവിഹാരം നടത്താനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തിരിക്കുകയാണ് ഈ സർക്കാർ. ലോകം കണ്ട രണ്ടാമത്തെ പ്രതിസന്ധിയായ കോവിഡ് മഹാമാരി ദുരന്തത്തിന്റെ മറവിലും നിങ്ങൾ അഴിമതിതന്നെ തുടർന്നു. ആദ്യം ചെയ്തത് കോവിഡ് രോഗികളുടെയും ക്വാറന്റീനിൽ കഴിയുന്നവരുടെയും ആരോഗ്യ ഡാറ്റ സ്പ്രിംഗ്ലർ എന്ന അന്താരാഷ്ട്ര കുത്തക കമ്പനിക്ക് വിറ്റ് കാശ് വാങ്ങാൻ കളമൊരുക്കിയെങ്കിലും പ്രതിപക്ഷത്തിന്റെ ശക്തമായ ഇടപെടലിൽ അത് തടയപ്പെട്ടു. കോവിഡ്-19 ന്റെ മൂർദ്ധന്യത്തിൽ ഹെലികോപ്റ്ററെടുത്ത് ചീഫ് സെക്രട്ടറിയും ഡി.ജി.പി.-യും പമ്പയിൽ പോയതെന്തിനായിരുന്നു? അവിടത്തെ മണൽവാരൽ തടയാൻ പ്രതിപക്ഷത്തിന്റെ ഇടപെടലുണ്ടായതുകൊണ്ടാണ് സാധ്യമായത്. കോവിഡ് പ്രതിസന്ധിയിലും കൊലക്കേസ് പ്രതിക്കുവേണ്ടി ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ ചെലവഴിച്ചത് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ലായെന്നത് നിങ്ങൾ ഓർത്തിരിക്കുന്നത് നല്ലതാണ്.

സംസ്ഥാനത്തെ ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും ആരുമറിയാതെ അനുമതികൊടുത്തുകൊണ്ട് കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്താനുള്ള ഗൂഢശ്രമം നിങ്ങൾക്ക് ഉപേക്ഷിക്കേണ്ടിവന്നത് പ്രതിപക്ഷം ശക്തമായ നിലപാടെടുത്തതുകൊണ്ടല്ലേ ? പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകാനാരംഭിച്ച ലൈഫ് പദ്ധതിയിൽപ്പോലും ക്രമക്കേട് നടത്താനുള്ള ശ്രമം ഇന്നലെ നിയമസഭ ചർച്ച ചെയ്തതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കൂടുതൽ കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. കോവിഡ്-19-ന്റെ കാലത്ത് സാധാരണക്കാർക്ക് നൽകിയ കിറ്റിലെ പരിപ്പിലും ശർക്കരയിലും കയ്യിട്ടുവാരാനുള്ള പരിശ്രമങ്ങൾ കേരളം കണ്ടതാണ്. സഭാ നേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്ക് കടമെടുത്തുകൊണ്ട് ഞാൻ ചോദിക്കട്ടെ, ലേശം ഉളുപ്പുണ്ടോ നിങ്ങൾക്ക് ഇത്രയുമധികം അഴിമതികൾ നടത്തുവാൻ? മയക്കുമരുന്ന് കേസ്സിലും സാമ്പത്തിക ക്രമക്കേടിലും ഇന്ന് പാർട്ടി സെക്രട്ടറിയുടെ മകൻ വരെ ബാംഗ്ലൂരിൽ ജയിലിലാണ്. കഴിഞ്ഞ നാലരവർഷക്കാലയളവിൽ ഈ സംസ്ഥാനത്ത് മണ്ണ് കടത്ത്, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിക്കൽ, കൊലപാതകം, നർക്കോട്ടിക് തുടങ്ങി ഏത് കേസ്സെടുത്തുപരിശോധിച്ചാലും ബ്രാഞ്ച് സെക്രട്ടറി മുതൽ പാർട്ടി സെക്രട്ടറിയുടെ മകൻ വരെയുള്ള ആളുകൾ പ്രതിപ്പട്ടികയിൽ ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജയിലൊന്നും ഞങ്ങൾക്ക് പുത്തരിയല്ല എന്നാണ് കമ്മ്യൂണിസ്റ്റുകാരെല്ലാം പറയാറുള്ളത്. പഴയ

മുദ്രാവാക്യമെല്ലാം കേട്ടിട്ടുണ്ട്, 'ചോരച്ചാലുകൾ നീന്തിക്കയറി, തൂക്കുമരത്തിൽ ഊഞ്ഞാലാടി'യെന്നൊക്കെ. അന്വേഷണ ഏജൻസികൾ അന്വേഷിച്ചു വരുമ്പോൾ ഒരാൾക്ക് തലവേദന; മറ്റൊരാൾക്ക് നെഞ്ചുവേദന; അടുത്തയാൾക്ക് മുട്ടുവേദന ഇങ്ങനെ ഉണ്ടാവുകയാണ്. വരുംനാളുകളിൽ ഇന്ന് ഭരണപക്ഷത്തിരിക്കുന്ന പല ആളുകൾക്കും ഈ തരത്തിലുള്ള പല വേദനകളും ഉണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. സ്വർണ്ണക്കള്ളക്കടത്ത് കേസിൽ തൊണ്ടിമുതൽ സഹിതമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതർ പിടിക്കപ്പെട്ടത്. പത്താം ക്ലാസ്സുപോലും പാസ്സാകാത്ത സ്വപ്ന സുരേഷ് വ്യാജരേഖ ചമച്ച് മുഖ്യമന്ത്രിയുടെ വകുപ്പിൽ ലക്ഷങ്ങൾ ശമ്പളത്തിൽ ഉന്നതസ്ഥാനം അലങ്കരിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറയുന്നത് വേണമെങ്കിൽ വാദത്തിനുവേണ്ടി അംഗീകരിക്കാം. എന്നാൽ തന്റെ സന്തത സഹചാരിയും മുഖ്യമന്ത്രിയുടെ ഓഫീസിലെ എല്ലാമെല്ലാമായ പ്രിൻസിപ്പൽ സെക്രട്ടറി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചങ്ക് ബ്രോ, ശ്രീ. എം. ശിവശങ്കർ നടത്തിയ ഇടപാടുകൾ അറിഞ്ഞില്ലെന്ന് പറയുന്നത് അരിയാഹാരം കഴിക്കുന്ന ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുമോ? ഈ തട്ടിപ്പിനും കൊള്ളരുതായ്മയ്ക്കും മൗനസമ്മതവും പിൻതുണയും നൽകിയ മുഖ്യമന്ത്രിയാണ് കേരളത്തിലെ മുഖ്യമന്ത്രി. അല്ലെങ്കിൽ തന്റെ ഓഫീസിലെ കമാൻഡർ ഇൻ ചീഫ് ആയ ശ്രീ. എം. ശിവശങ്കർ കഴിഞ്ഞ നാലുവർഷം നടത്തിയ ഇടപാടുകൾപോലും മനസ്സിലാക്കാൻ സാധിക്കാതിരുന്ന കേരളത്തിലെ ഏറ്റവും കഴിവുകെട്ട മുഖ്യമന്ത്രിയാവും ശ്രീ. പിണറായി വിജയൻ എന്നാണ്.

ഇന്ന് ഒരു പ്രത്യേക ജനുസ്സിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ആ പറഞ്ഞതിൽ ആദ്യത്തെ ജനുസ്സാണോ രണ്ടാമത്തെ ജനുസ്സാണോ ഇടതുപക്ഷ സർക്കാരിനും ബഹുമാന്യനായ മുഖ്യമന്ത്രിക്കും ഉള്ളതെന്ന് പറയാൻ തയ്യാറാകണം. തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ജയവും പരാജയവുമൊക്കെ നിർണ്ണയിക്കപ്പെടുന്നത് പ്രാദേശിക വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചയുടെ അടിസ്ഥാനത്തിലാണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ഒരു സംശയവും വേണ്ട. ഇവിടെ സൂചിപ്പിച്ച വിഷയങ്ങൾ കേരളത്തിന്റെ പൊതുസമൂഹം ചർച്ച ചെയ്യുകതന്നെ ചെയ്യും. നിങ്ങൾ അതിന് മറുപടി പറയേണ്ടിയുംവരും. യാതൊരു നയവുമില്ലാത്ത ഈ പ്രഖ്യാപനത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളം വികസനത്തിന്റെ പാതയിൽ കുതിച്ച് മുന്നോട്ടുപോകുകയാണ്. ആ കുതിപ്പ് ഇവിടെ പലരുടെയും ഉറക്കം കെടുത്തിക്കൊണ്ടിരിക്കുകയാണ് എന്നത് അവരുടെ

ചർച്ചകളും പ്രതികരണങ്ങളും കാണുമ്പോൾ നമുക്ക് ആവർത്തിച്ച് ബോധ്യപ്പെടുകയാണ്. കേരളത്തിലെ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കണ്ടാലും കൊണ്ടാലും പഠിക്കാത്ത ഒരവസ്ഥയിലേയ്ക്ക് എത്തപ്പെട്ടു എന്നുള്ളത് ആർക്കാണ് ബോധ്യമില്ലാത്തത്. എത്രയെത്ര അനുഭവങ്ങളായി? കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ സംബന്ധിച്ച് ഇപ്പോഴും ഊറ്റം കൊള്ളുന്നു. ആ ഗവൺമെന്റിന്റെ പതനം എങ്ങനെയാണുണ്ടായത്? അതുസംബന്ധിച്ച് ഒരു പുനർചിന്തനത്തിന് ഇനിയും അവർ തയ്യാറല്ലെന്നതിന്റെ വ്യക്തമായ സൂചനകളാണ് ഇവിടെ പ്രകടമാക്കുന്ന അഭിപ്രായങ്ങളിലൂടെ ഉയർന്നുവരുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ച് സ്വജനപക്ഷപാതം മുഖമുദ്രയാക്കി ഈ നാടിനെ വികസന മുരടിപ്പിന്റെ നാളുകളിലേയ്ക്ക് തള്ളിയിട്ട ചരിത്രത്തിലെ ഏറ്റവും നാണംകെട്ട ഭരണമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. കാലത്തുണ്ടായിരുന്നത് എന്നകാര്യം ജനങ്ങൾ വിധിയെഴുതിയതാണ്. ഇടതുപക്ഷത്തിന് പ്രതീക്ഷിച്ചതിലുമപ്പുറം ജനപിന്തുണയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ചത്. കേരളത്തിൽ ആ അഭിമാനബോധത്തോടെയാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ തുടരുന്നത്. അത് നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനുംവേണ്ടിയാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് എന്നത് ജനങ്ങൾക്ക് ബോധ്യമുള്ള കാര്യമാണ്. നിങ്ങൾ കള്ളക്കഥകൾ പ്രചരിപ്പിച്ച് മാധ്യമങ്ങളുടെ പിൻതുണയോടെ ഈ ഗവൺമെന്റിനെ തകർക്കാമെന്ന് കരുതി. കഴിഞ്ഞ ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ എന്തെല്ലാം കെട്ടുകഥകൾ നിങ്ങൾ പ്രചരിപ്പിച്ചു; ഏതെങ്കിലുമൊന്നിനുപോലും ജനപിന്തുണ ലഭിച്ചോ? ഇല്ലെന്നുമാത്രമല്ല നിങ്ങളെ അവഗണിച്ച് പുറംതള്ളുകയാണ് അവർ ചെയ്തത്. എന്നിട്ടും നിങ്ങൾ പഠിക്കുന്നില്ല. അതേ ആയുധങ്ങൾ പുതിയതായി മൂർച്ചകൂട്ടി ഗവൺമെന്റിന്റെ മേൽ ഉപയോഗിക്കാമെന്ന് നിങ്ങൾ തെറ്റിദ്ധരിക്കുന്നു. അത് നടക്കാൻ പോകുന്നില്ല; ഇത് കേരളമാണ്. ഈ ഗവൺമെന്റിനെ തകർക്കാൻ, ഇടതുപക്ഷത്തെ നിഷ്പ്രഭമാക്കാൻ വർഗ്ഗീയവാദികളെ കൂട്ടുപിടിക്കുന്നതിന് നിങ്ങൾക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമുണ്ടായില്ല. ഒരേസമയം ബി.ജെ.പി.-യെയും ജമാഅത്തെ ഇസ്ലാമിയെയും കൂട്ടുപിടിക്കുകയാണ്. എന്നിട്ടും ജനപിന്തുണ നിങ്ങൾക്ക് ലഭിക്കുന്നില്ല. കോൺഗ്രസ്സ് ഒന്നേകാൽ നൂറ്റാണ്ടിലധികം പഴക്കമുള്ള രാഷ്ട്രീയ പാർട്ടിയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ പിൻതുടർച്ച അവകാശപ്പെടുന്നവരാണ്. അതിന്റെ എന്തെങ്കിലും മണമോ ഗുണമോ ഇന്നത്തെ കോൺഗ്രസ്സുകാരിലുണ്ടോ? ഇന്ത്യാരാജ്യം സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ചരിത്രത്തിൽ ഏറ്റവും അപകടകരമായൊരു ദിശാസന്ധിയിലൂടെ മുന്നോട്ടുപോകുകയാണ്. കോൺഗ്രസ്സിന് എന്തെങ്കിലും ഉത്കണ്ഠയുണ്ടോ; കോൺഗ്രസ്സിന് ആ പ്രതിസന്ധിയെ നിയന്ത്രിക്കാനും അതിജീവിക്കാനും ഏതെങ്കിലുമൊരു കർമ്മ പരിപാടിയുണ്ടോ;

അവർക്കതിനൊരു നേതാവുണ്ടോ? കപ്പിത്താനില്ലാത്ത കപ്പലായി കോൺഗ്രസ്സ് മാറിക്കൊണ്ടിരിക്കുന്നു. അതിനകത്ത് കയറിക്കൂടിയവരാണ് നമ്മുടെ ലീഗുകാർ. അവരുടെ പച്ചപ്പിലാണ് ഇപ്പോൾ ഇവർ നിൽക്കുന്നത്. അതിനപ്പുറത്ത് എന്ത് പിൻബലമാണുള്ളത്? കേരളം പിടിക്കാൻ പുതിയ സഖ്യകക്ഷികളെ തേടിനടക്കുകയാണ്. കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ്. രാഷ്ട്രീയാവബോധം അവർക്കുണ്ട്. യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാൻ അവർക്ക് കഴിയും. കേരളത്തെ പട്ടിണിയില്ലാത്തൊരു നാടായി പ്രതിസന്ധികളുടെ നടുവിൽ സംരക്ഷിച്ചൊരു ഗവൺമെന്റാണ് എൽ.ഡി.എഫ്. സർക്കാരെന്ന തിരിച്ചറിവ് അവർക്കുണ്ട്. ആ തിരിച്ചറിവാണ് ഇടതുപക്ഷത്തിന് ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പിൻബലം നൽകിയത്. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് രാഷ്ട്രീയമായ പരിഗണനാ വിഷയമല്ലെന്ന് നിങ്ങൾ പറയുന്നു. തെരഞ്ഞെടുപ്പിനുമുമ്പ് നിങ്ങൾ പറഞ്ഞു, ഗവൺമെന്റിന് മാറ്റുരയ്ക്കുന്ന വേദിയാണെന്ന്. ഞങ്ങളത് സമ്മതിച്ചു. അത് ഗവൺമെന്റിനുള്ള അംഗീകാരമായി മാറി. നമുക്കറിയാം കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ്, അതാണല്ലോ നിങ്ങൾ ഊറ്റം കൊള്ളുന്നത്. രാജ്യത്തെ കൈവിട്ടുകൊണ്ട് കേരളം പിടിക്കാൻ നിങ്ങൾ വന്നു. കേരളത്തിലെ ജനങ്ങളെ നിങ്ങൾ തെറ്റിദ്ധരിപ്പിച്ചു. ബി.ജെ.പി. വിരുദ്ധ ചിന്താഗതിക്കാരെ ഏകോപിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞു. ഞങ്ങൾ അംഗീകരിക്കുന്നു. നിങ്ങൾ അന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചത് ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകാൻ പോകുന്നുവെന്നാണ്. അതിനായി വയനാട്ടിൽ സ്ഥാനാർത്ഥിയാക്കി നിർത്തി ജയിപ്പിച്ചു. എന്ത് നേടി നിങ്ങൾ? കേരളം പിടിക്കാൻ വന്നപ്പോൾ രാജ്യം നിങ്ങൾക്ക് നഷ്ടമായി. ആ അനുഭവത്തിലും നിങ്ങൾ പാഠം പഠിക്കാൻ തയ്യാറായില്ല. ബീഹാറിലെ ജനങ്ങൾ ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിക്കാൻ സന്നദ്ധമായി മുന്നോട്ടുവന്നപ്പോൾ അത് ഉപയോഗപ്പെടുത്താൻ പോലും മനസ്സില്ലാത്തവരായി നിങ്ങൾ മാറി. ബീഹാറിലെ തെരഞ്ഞെടുപ്പ് വിധിയെപ്പോലും മാനിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. തെറ്റ് തിരുത്താനും എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കാനും നിങ്ങൾക്കിപ്പോൾ കഴിയുന്നില്ല. അതിന് നിങ്ങളെ പ്രേരിപ്പിക്കാൻ ഒരു നേതൃത്വമില്ലെന്ന അധഃപതനത്തിൽനിന്ന് നിങ്ങൾ എന്ന് മുക്തരാകുന്നോ അന്നുമാത്രമേ കോൺഗ്രസ്സിന് ഒരു പുനർചിന്തനത്തിനുള്ള വഴിയുണ്ടാകൂ എന്നകാര്യം മറന്നുപോകരുതെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. തീർച്ചയായും കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് പൂർവ്വാധികം കരുത്തോടെ തിരിച്ചുവരികതന്നെ ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ തിരിച്ചുവരവ് കേരളത്തിന്റെ വികസനപ്രവർത്തനങ്ങളെ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ അവസരമൊരുക്കുന്നതായി മാറുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ശ്രീമതി ശൈലജ ടീച്ചറല്ലാതെ ഇവിടെ ഒരു മന്ത്രിമാരുമില്ല. ഗ്യാലറിയിൽ ഒരുദ്യോഗസ്ഥനുമില്ല. സാധാരണ ഗതിയിൽ ഈ ചർച്ചയ്ക്ക് മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മുമ്പ് അദ്ദേഹം മുഴുവൻ സമയവും ഇവിടെ ഇരിക്കുമായിരുന്നു. ചർച്ചയിലെ കാര്യങ്ങൾ എത്ര ലാഘവത്തോടുകൂടിയാണ് കാണുന്നത്; എന്തിനാണ് ഇത്തരത്തിൽ ചർച്ച നടത്തുന്നത്? പിരിച്ചുവിടാമല്ലോ.

ശ്രീ. ആർ. രാജേഷ്: സർ, പ്രതിപക്ഷത്തുനിന്നും അംഗങ്ങളാരെയും കാണാനില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രസംഗിക്കുന്ന ആളുകൾ പറയുന്നത് കേൾക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉദ്യോഗസ്ഥരുമാണ്. ആരാണ് ഇവിടെയുള്ളത്; എന്തിനാണ് ഈ ചർച്ച?

മി. ഡെപ്യൂട്ടി സ്പീക്കർ: ലഞ്ച് ടൈം ആയതുകൊണ്ടാണ്. ബഹുമാനപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും ഉടനെവരും.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ കേരളത്തിന്റെ ചുമതലയേറ്റെടുത്ത ശേഷം കഴിഞ്ഞ വർഷം വളരെ കാര്യമായി പ്രസംഗിക്കാൻ വന്നെങ്കിലും കേന്ദ്ര ഗവൺമെന്റിനെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളെ മാറ്റിനിർത്തിക്കൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. അതിനുശേഷം ബഹുമാനപ്പെട്ട ഗവർണർ ഒരു വർഷത്തോളം കേരളത്തിൽ താമസിക്കുകയും ഇവിടെ നടക്കുന്ന കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുകയും അത് പഠിക്കുകയും ചെയ്തതിനുശേഷമാണ് കഴിഞ്ഞദിവസം നിയമസഭയിലേയ്ക്ക് വന്ന് നയപ്രഖ്യാപന പ്രസംഗം അവതരിപ്പിച്ചത്. കേരളീയ രീതിയിൽ നല്ല ഉടുപ്പും കസവുമുണ്ടുമണിഞ്ഞാണ് അദ്ദേഹം അസംബ്ലിയിലേയ്ക്ക് വന്നത്. കേരളത്തിൽ മാവേലിമന്നന്റെ ഭരണത്തെ ഓർമ്മിപ്പിക്കുന്ന, സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു ഭരണസംവിധാനം നിലനിൽക്കുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന്റെ വേഷങ്ങൾപോലും ആ രീതിയിലായതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. 1957-ലെ സഖാവ് ഇ.എം.എസ്.-ന്റെ കമ്മ്യൂണിസ്റ്റ് സർക്കാരിനുശേഷം ഘട്ടംഘട്ടമായി വന്ന ഇടതുപക്ഷ സർക്കാരുകൾ സംസ്ഥാനത്തെ സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു. സഖാവ്

ഇ.എം.എസ്.ന്റെ കാലത്തുള്ള ഭൂപരിഷ്കരണ നിയമമായാലും സഖാവ് ഇ. കെ. നായനാരിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ക്ഷേമപെൻഷനടക്കമുള്ള കാര്യങ്ങളും ഘട്ടംഘട്ടമായി ഇന്ന് നടപ്പിൽവരുത്തുകയാണ്. സംസ്ഥാനത്തെ സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അവർക്കാവശ്യമായ പരിഷ്കാരങ്ങൾ വരുത്തി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ കേരള വികസനത്തിന്റെ യഥാർത്ഥ മുഖം ലോകത്തിന് കാണിച്ചുകൊടുക്കുകയാണ്. സാമൂഹ്യക്ഷേമപെൻഷൻ, റേഷൻ സംവിധാനം, തീരദേശ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ, വിദ്യാഭ്യാസരംഗത്തും അടിസ്ഥാന വികസനരംഗത്തുമുള്ള കാര്യങ്ങൾ തുടങ്ങിയവ പരിശോധിച്ചാൽ അക്കാര്യം മനസ്സിലാകും. അതിനുപുറമെ ലോകരാജ്യങ്ങൾ ശ്രദ്ധിച്ച ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാലും ഇന്ന് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. പഴയകാലത്തെ ജന്മി/കുടിയാൻ ബന്ധങ്ങളെ മാറ്റി ജനങ്ങളെ ഒന്നിച്ചിരുത്താനും ഒന്നിച്ചുകഴിയാനും അവരുടെ പട്ടിണിമാറ്റി യഥാർത്ഥ സോഷ്യൽ സംവിധാനത്തിലേയ്ക്ക് കേരളത്തെ മാറ്റിയെടുക്കാനും ഈ സർക്കാരിന് കഴിഞ്ഞിരിക്കുകയാണ്. യൂത്ത്കോൺഗ്രസിന്റെ ശ്രീ. റോജി എം. ജോണിനെ പോലുള്ള നേതാക്കളുടെ പ്രസംഗത്തിൽ കേരളത്തിൽ വികസന പ്രവർത്തനങ്ങളായ കെ-ഫോൺ, കെ-റെയിൽ, ദേശീയ പാത തുടങ്ങിയവയെ വളരെ മോശമായ രീതിയിലാണ് ചിത്രീകരിക്കുന്നത്. എന്റെ മണ്ഡലമായ താനൂരിൽ മാത്രം ഏകദേശം 1000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ നാലരവർഷംകൊണ്ട് കഴിഞ്ഞുവെന്നുള്ള ചാരിതാർത്ഥ്യം എനിക്കുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനും വിദ്യാഭ്യാസ സൗകര്യമേർപ്പെടുത്താനും തീരദേശ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അടിസ്ഥാന വികസന സൗകര്യങ്ങൾ ഏർപ്പെടുത്താനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കുടിവെള്ളത്തിനുമാത്രം ഏകദേശം 300 കോടി രൂപയുടെ പദ്ധതികളാണ് ഇപ്പോൾ താനൂരിൽ നടന്നുവരുന്നത്. വിദ്യാഭ്യാസ മേഖലയിലടക്കമുള്ള കാര്യങ്ങളിൽ ഏകദേശം അത്രതന്നെ തുകയുടെ വികസനപ്രവർത്തനങ്ങൾ നടക്കുകയാണ്. നാനാമേഖലകളിലും വികസനമെത്തിക്കാൻ കഴിഞ്ഞ ഒരു സർക്കാരായി മാറിയെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് താനൂർ നിയോജകമണ്ഡലത്തിൽ മാത്രം നടക്കുന്ന വികസന പ്രവർത്തനങ്ങൾ. അതിനേറെ സഹായിച്ചത് കിഫ്ബി ഫണ്ട് ആണെന്നുള്ളകാര്യം ഈ അവസരത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് ഇന്ന് വികസന രംഗത്ത് വലിയ മാറ്റങ്ങൾ വന്നെങ്കിലും അതിനെ അംഗീകരിക്കാൻ നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും പ്രതിപക്ഷകക്ഷികളും തയ്യാറാകുന്നില്ലെന്നതിൽ ദുഃഖമുണ്ട്.

കേരള ജനത വികസന പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിന് തെളിവാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി വോട്ട് രേഖപ്പെടുത്തിയത്. അതുതന്നെയാണ് ഈ സർക്കാരിന് കിട്ടാവുന്ന ഏറ്റവും നല്ല സർട്ടിഫിക്കറ്റെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം ജില്ലയടക്കമുള്ള സ്ഥലങ്ങളിൽ വലിയ തോതിലുള്ള വർഗ്ഗീയ ധ്രുവീകരണം നടക്കുകയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗടക്കമുള്ള കക്ഷികളുടെ കൂട്ടുകെട്ട് വലിയ അപകടകരമായ രീതിയിലേയ്ക്ക് മാറുകയാണെന്ന് ശ്രീ. പി. കെ. ശശി സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കമുള്ള നേതാക്കൾ ഇവിടെ ഇരിക്കുന്നുണ്ട്. അഞ്ചാം മന്ത്രിസ്ഥാനത്തിനുവേണ്ടി അന്നുണ്ടായ തർക്കത്തിന്റെ പേരിൽ മലബാർ പ്രദേശത്തെ കോൺഗ്രസ് പാർട്ടിയിലുണ്ടായ വലിയ പ്രശ്നങ്ങളും കോൺഗ്രസ്സിൽ നിന്നുള്ള കൊഴിഞ്ഞുപോക്കും നിങ്ങൾക്കറിയാവുന്നതാണ്. ജമാഅത്തെ ഇസ്ലാമിയുമായുള്ള കൂട്ടുകെട്ടിലൂടെ കോൺഗ്രസ്സ് ലീഗ് ഭരിക്കുന്ന രീതിയിലേയ്ക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ അരമനകളിൽ നടന്ന ക്രിസ്തുമസ് രാഷ്ട്രീയം/കേക്ക് രാഷ്ട്രീയമാണ് അതിന് ഏറ്റവും വലിയ ഉദാഹരണം. ഈ കേക്ക് രാഷ്ട്രീയം കൊണ്ടെത്തിക്കാൻ പോകുന്നത് കോൺഗ്രസ്സ് പാർട്ടിയുടെ അന്ത്യമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഞങ്ങളെല്ലാം കോൺഗ്രസ്സിനെ ഇഷ്ടപ്പെടുന്നവരാണ്. മുസ്ലീം ലീഗിന്റെ വർഗ്ഗീയമായിട്ടുള്ള ഈ കടന്നുകയറ്റത്തെ കോൺഗ്രസ് പാർട്ടിക്ക് ചെറുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഉത്തർപ്രദേശ്, ഗുജറാത്ത്, ബീഹാർ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും കോൺഗ്രസ് ഇല്ലാതാകുന്ന ഒരവസ്ഥയിലേയ്ക്ക് പോകുമെന്ന കാര്യം ഈ അവസരത്തിൽ ഊന്നിപ്പറയുന്നു. എന്റെ പ്രിയപ്പെട്ട കോൺഗ്രസ് നേതാക്കൾ ഇവിടെ ഇരിക്കുന്നു. ഇതിന് പകരമായി മറ്റൊരു സംവിധാനം നിങ്ങൾ കൊണ്ടുവരണം. കോൺഗ്രസ് പാർട്ടി ഇല്ലാതാകുമ്പോഴുള്ള ബുദ്ധിമുട്ടുകൾ ഇന്ത്യയിൽ ഉണ്ടാകുമെന്നുള്ള കാര്യം ഒരിക്കൽക്കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം ഈ രാജ്യത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾ കാണാതെ അതിനുമുന്നിൽ മുഖംതിരിച്ചുനിൽക്കുന്ന ഒരവസ്ഥ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുത് എന്നൊരു അഭ്യർത്ഥനയുമുണ്ട്. കാരണം കേരളത്തിലെ ജനങ്ങൾ മുഴുവൻ ഈ വികസന പ്രവർത്തനങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

അതോടൊപ്പം എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, വരുന്ന 21-ാം തീയതി നിങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി അവിശ്വാസപ്രമേയം കൊണ്ടുവരാൻ പോകുകയാണ്; അത്തരത്തിലൊരു ആശയം/ആദർശം നിങ്ങൾക്കുണ്ടായിരുന്നെങ്കിൽ

ബഹുമാന്യനായ ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുന്ന സമയത്ത് നിങ്ങൾ സഭ വിട്ടുപോയപ്പോൾ മുഴുവൻ പ്രതിപക്ഷ എം.എൽ.എ.-മാരും രാജിവച്ചുകൊണ്ട് അതിനൊരു മാതൃക കാണിക്കണമായിരുന്നു. എല്ലാ സഭാനടപടികളും കഴിഞ്ഞതിനുശേഷം ഒരു ചടങ്ങുപോലെ ഒരു ഇലക്ഷൻ സ്റ്റണ്ടിനുവേണ്ടിയുള്ള ഈ അവിശ്വാസം പിൻവലിക്കണമെന്നുകൂടി സഭയ്ക്കുള്ളിൽ അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ജയ്ഹിന്ദ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ വർഷങ്ങളിലേതുപോലെ പുതുമയില്ലാത്ത പൊള്ളയായ വാഗ്ദാനങ്ങൾ നിറഞ്ഞ ഒരു നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാന്യനായ ഗവർണറെക്കൊണ്ട് ഇവിടെ നടത്തിച്ചത്. സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായി ബാധിച്ച ഒന്നായിരുന്നു 2018-ലെ പ്രളയം. അന്ന് 17411 വീടുകൾ പൂർണ്ണമായും തകർന്നുവെന്നാണ് നിയമസഭയിൽ നൽകിയ കണക്ക്. ഇതിൽ 8820 വീടുകൾ മാത്രമാണ് ഏകദേശമെങ്കിലും പൂർത്തിയായിരിക്കുന്നത്. പകുതിയിൽ കൂടുതൽ വീടുകൾ പൂർത്തിയായിട്ടില്ല. ആയിരക്കണക്കിന് കുടുംബങ്ങൾ ഭവനരഹിതരായി ഇപ്പോഴും ജീവിക്കുകയാണ്. വികസനത്തെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോൾ ഗവൺമെന്റ് നൽകിയ കണക്കുകൾപ്രകാരം പൂർത്തിയാകാത്ത നിരവധി വീടുകൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവരേറ്റവും പ്രധാനമായി പറയുന്നത് ലൈഫ് പദ്ധതിയാണ്. ലൈഫ് പദ്ധതി വന്നപ്പോൾ എല്ലാ ഭവനപദ്ധതികളും അതിലേയ്ക്ക് സംയോജിപ്പിച്ചു. അതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, മത്സ്യമേഖലയിലടക്കം വീടുകൾ ലഭിക്കുന്നതിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. അത് പരിശോധിച്ചാൽ കാണാൻ കഴിയുന്ന ഒന്നാണ്. ലൈഫ് പദ്ധതിയിലെ ഏറ്റവും വലിയ അപാകത അതാണ്. ലൈഫ് പദ്ധതിയെ ഞങ്ങൾ എതിർത്തിട്ടില്ല. പക്ഷേ കഴിഞ്ഞ ദിവസമുണ്ടായ അടിയന്തരപ്രമേയ ചർച്ചയിൽ ലൈഫ് പദ്ധതിയുടെ പിന്നിൽ ഉയർന്നു വന്നിരിക്കുന്ന അഴിമതിയാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ജനകീയ പദ്ധതികളെപ്പോലും അഴിമതിക്കുള്ള വേദിയാക്കിമാറ്റി എന്നതാണ് ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കാനുള്ളത്. സാമൂഹിക സുരക്ഷാ പെൻഷൻ 600 രൂപയിൽനിന്നും പ്രതിമാസം 1,500 രൂപയാക്കി വർദ്ധിപ്പിച്ചു എന്നാണ് നയപ്രഖ്യാപന പ്രസംഗത്തിലെ 16-ാം ഖണ്ഡികയിൽ ബഹുമാനപ്പെട്ട ഗവർണർ സൂചിപ്പിച്ചത്. ഇത് സംബന്ധിച്ചാണ് ഇപ്പോൾ ഇടതുപക്ഷം കൊട്ടിഘോഷിച്ചു നടക്കുന്നത്. അതിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്ന നിലയിലുള്ള സ്റ്റേറ്റ്മെന്റാണുണ്ടായത്. 2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ സാമൂഹിക സുരക്ഷാ പെൻഷൻ 300 രൂപയായിരുന്നു. 2011 ഡിസംബർ മാസം

അവരത് 400 രൂപയായി വർദ്ധിപ്പിക്കുകയും പിന്നീട് 80 വയസ്സിനു മുകളിലുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ 900 രൂപയും വികലാംഗ പെൻഷൻ 700 രൂപയും മറ്റ് സാമൂഹിക പെൻഷൻ 525 രൂപയുമാക്കി. 2012 ഏപ്രിൽ 1-ന് അത് മുൻകാല പ്രാബല്യത്തോടുകൂടി കൊടുക്കാനുള്ള തീരുമാനമാണ് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചത്. അതോടൊപ്പം വരുമാനപരിധി ഒരു ലക്ഷം രൂപയാക്കി നിജപ്പെടുത്തി 2014-ൽ യു.ഡി.എഫ്. സർക്കാർ തീരുമാനമെടുത്തത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനുശേഷം 75 വയസ്സിനുമുകളിലുള്ളവരുടെ വാർദ്ധക്യകാല പെൻഷൻ 900 രൂപയാക്കി വർദ്ധിപ്പിക്കുകയുണ്ടായി. മാത്രമല്ല, എല്ലാ ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ വാങ്ങുന്നവർക്കും അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹിക സുരക്ഷാ പെൻഷൻ നൽകാനുള്ള തീരുമാനം അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചു. ഇവർ അധികാരത്തിൽ വന്നതിനുശേഷം 1,000 രൂപയായി നിജപ്പെടുത്തി. പിന്നീടുണ്ടായ വർദ്ധനവാണ് ഇവിടെ ഏറ്റവും വലിയ കാര്യമാണെന്ന് കൊട്ടിഘോഷിച്ചുനടക്കുന്നത്. ഇവർ ചെയ്ത ഏറ്റവും ക്രൂരമായ നടപടി എന്താണ്? മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ അവർക്ക് കിട്ടാത്ത സാഹചര്യത്തിലേയ്ക്ക് ഇന്ന് മാറ്റപ്പെട്ടിരിക്കുകയാണ്. ഇത് ഏത് രീതിയിൽ അംഗീകരിക്കാൻ കഴിയും? ചെറിയ വരുമാനംപോലും നിലയ്ക്കുന്ന നിലയിലേയ്ക്ക് അത് നീണ്ടുപോകുന്നുവെന്നുള്ളതാണ് സൂചിപ്പിച്ചത്. പെൻഷൻ എല്ലാ കാലത്തും ഏത് ഗവൺമെന്റും വർദ്ധിപ്പിക്കും. അടുത്ത യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ കാലോചിതമായ വർദ്ധനവ് ഉണ്ടാകും. പക്ഷേ പെൻഷൻ വർദ്ധിപ്പിക്കുമ്പോൾ അത് എന്തോ വലിയ സംഭവമാണെന്നും ജനങ്ങൾക്ക് നൽകുന്ന എന്തോ ഒരു ഔദാര്യമാണെന്ന നിലയിലുള്ള വ്യാഖ്യാനമാണ് ഇന്ന് നിർഭാഗ്യവശാൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വ്യാപാര-തൊഴിൽ-കാർഷിക മേഖലകളിലടക്കം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെ അതിജീവിക്കാനുള്ള നയപരമായൊരു പ്രഖ്യാപനവും ഇതിൽ ഉണ്ടായിട്ടില്ലെന്നത് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവിഡ് 19-ന്റെ ഏറ്റവും രൂക്ഷമായ വ്യാപനം കേരളത്തിൽത്തന്നെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുകയാണ്. രാജ്യത്ത് ഉണ്ടായിരിക്കുന്നതിൽ 37.6% രോഗികൾ കേരളത്തിലുണ്ടെന്ന ഏറ്റവും പുതിയ കണക്കുകൾ ഇന്ന് നമ്മുടെ മുന്നിൽ വരികയാണ്. കോവിഡ്-19 എന്ന വ്യാധി വ്യാപനത്തിലേയ്ക്ക് വരുമ്പോൾ അതുണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി കാർഷിക മേഖലയിൽ പ്രത്യേകമായി

ബാധിക്കുന്നുവെന്ന് ഞാൻ എടുത്തുപറയാനാഗ്രഹിക്കുന്നു. പലപ്പോഴും കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള വിഷയങ്ങളിൽ കാർഷികമേഖലയ്ക്കുണ്ടാകുന്ന പ്രതിസന്ധിയെ മുൻകൂട്ടിക്കാണാനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. അനൂപ് ജേക്കബ്: സർ, വേനൽക്കാലത്തുപോലും ശക്തമായ മഴയുണ്ടായിക്കൊണ്ടിരിക്കുന്നു, നെൽകൃഷി മേഖലയിലടക്കം വ്യാപകമായ നാശം ഉണ്ടായിരിക്കുകയാണ്. അതിന് അടിയന്തര നഷ്ടപരിഹാരം കൊടുക്കാനുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ റബ്ബർ കർഷകരെ അവഗണിച്ച ഒരു ഗവൺമെന്റാണിത്. നാളെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്. അത് വരാൻപോകുന്ന ഇലക്ഷൻ കണ്ടിട്ടായിരിക്കും. ഒരു സംശയവും അക്കാര്യത്തിലില്ല. പക്ഷേ റബ്ബർ കർഷകർക്കുവേണ്ടി വില സ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കണമെന്ന് കഴിഞ്ഞ അഞ്ചുവർഷം ആവർത്തിച്ചാവർത്തിച്ച് ഈ സഭയിൽ ഉന്നയിച്ചിട്ടും ഇവരത് തിരിഞ്ഞു നോക്കിയിട്ടുണ്ടോ? ഇപ്പോൾ ഇലക്ഷൻ സ്റ്റണ്ടുമായി ഇറങ്ങിയിട്ടുണ്ട്, അത് മറ്റൊരു കാര്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.........പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. അനൂപ് ജേക്കബ്: സർ, അനവധി കാര്യങ്ങൾ പരിശോധിച്ചാൽ ഈ ഗവൺമെന്റിന്റെ സമീപനം സമ്പൂർണ്ണമായും ജനവിരുദ്ധമാണ്, അഴിമതിയിൽ മുങ്ങി നിൽക്കുന്ന ഒരു ഗവൺമെന്റാണെന്ന് കാണാൻ കഴിയും. ഇക്കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിലുണ്ടായ നേരിയ വിജയത്തിൽ അഹങ്കരിച്ചും കൊട്ടിഘോഷിച്ചും നടക്കുന്നത് അസ്ഥാനത്താണെന്നത് മൂന്നുമാസം കഴിഞ്ഞ് വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കാണാൻ കഴിയും. യു.ഡി.എഫ്.-ന്റെ ശക്തമായ തിരിച്ചുവരവ് ഈ സംസ്ഥാനത്തുണ്ടാകും, നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സമാനതകളില്ലാത്ത വികസനത്തിന്റെ ഉദാത്ത മാതൃകയായി കേരളം മാറുന്നതിന്റെ സംതൃപ്തിയോടെയാണ് ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. അടിസ്ഥാന സൗകര്യം, ആരോഗ്യം, വിദ്യാഭ്യാസം അങ്ങനെ സമഗ്രമേഖലകളിലും വൻകുതിപ്പാണ് ഈ ഇടതുപക്ഷ സർക്കാർ നടത്തിയിട്ടുള്ളത്. അതിന്റെ ബോധ്യം നാട്ടുകാർക്കുമറിയാം. അതിന്റെ പ്രതിഫലനമാണല്ലോ ഈ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ കണ്ടത്. ഇനി എന്തു ചെയ്യാം; പ്രകടനപത്രികയിൽ ഇനി എന്തൊക്കെയാണ് ബാക്കി; സാധാരണ ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇനി എന്തൊക്കെയാണ് ചെയ്യേണ്ടത്? അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന് രണ്ടോ മൂന്നോ മാസമേയുള്ളൂ. അങ്ങനെ മുന്നൊരുക്കവുമായി

ഇടതുപക്ഷം ഗ്രാമഗ്രാമാന്തരങ്ങളിലും നഗരങ്ങളിലുമൊക്കെ വലിയ ചർച്ചകൾ നടക്കുമ്പോൾ പ്രതിപക്ഷത്തും ചില മുന്നൊരുക്കങ്ങൾ നടക്കുന്നുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. ഈ അടുത്തകാലത്ത് പോപ്പുലർ ഫ്രണ്ടുമായുള്ള ഒരു രഹസ്യ ചർച്ചയിൽ പത്രക്കാരെക്കൂടി കൊണ്ടുപോയി. അത് നാട്ടുകാരുടെ ഇടയിൽ നല്ലൊരു മുന്നൊരുക്കമായിരുന്നു. 21 വയസ്സ് തികഞ്ഞ ആര്യയ്ക്ക് ഇവിടെ മേയറായി സ്ഥാനം നൽകിയപ്പോൾ മറ്റൊരു സമുന്നതനായ നേതാവ് പരസ്യമായി പറഞ്ഞു, അങ്ങനെ കൊട്ടിഘോഷിക്കേണ്ട ആവശ്യമൊന്നുമില്ല, ഇതിനേക്കാൾ എത്രയോ ചെറിയ കുട്ടികളെ ഞങ്ങൾ ജയിപ്പിച്ചു വിട്ടിട്ടുണ്ട് എന്ന്. അങ്ങനെ നാട്ടുകാരുടെ ഇടയിൽ അതും നല്ലൊരു മുന്നൊരുക്കമായി വന്നു. ബി.ജെ.പി.-യും മോശക്കാരൊന്നുമല്ല. രണ്ട് പള്ളികൾ തമ്മിലുള്ള സഭാതർക്കത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നുകൊണ്ടിരുന്നപ്പോൾ ബഹുമാനപ്പെട്ട മിസോറാം ഗവർണ്ണർ ബഹുമാന്യനായ പ്രധാനമന്ത്രിക്കുമുന്നിൽ ആ ചർച്ച എത്തിച്ചു. പ്രധാനമന്ത്രി ആ ചർച്ചയിൽ പങ്കെടുക്കുന്നത് നല്ല കാര്യമാണ്. എന്നാൽ ഇവിടെ സംസ്ഥാന ബി.ജെ.പി.-യിൽ പൊട്ടിത്തെറിയുണ്ടായി. ബഹുമാന്യനായ മിസോറാം ഗവർണ്ണർ ഞങ്ങളെ ഹൈജാക്ക് ചെയ്തു. ഞങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ അദ്ദേഹത്തിന് ചെയ്യാൻ എന്തവകാശം എന്നു ചോദിച്ച് വലിയൊരു മുന്നൊരുക്കം അവരും നടത്തുന്നുണ്ട്. തിരിച്ചടികളുടെയും പ്രകൃതിദുരന്തങ്ങളുടെയും പകർച്ച വ്യാധികളുടെയും കാലത്ത് അതൊന്നും ഏൽക്കാത്തവിധം നമ്മുടെ സംസ്ഥാനം വികസന കുതിപ്പിലാണ്. 56,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു.

2.00 PM]

എന്റെ മണ്ഡലത്തിൽത്തന്നെ ഏകദേശം 860 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടന്നത്. ഒരുപാട് വികസന പ്രവർത്തനങ്ങളുണ്ടെങ്കിലും ഹൃദയത്തിൽ തൊടുന്ന ചില പ്രവർത്തനങ്ങളും ഉദ്ഘാടനങ്ങളും നമ്മുടെ മനസ്സിൽ ഒരിക്കലും മായാതെ നിൽക്കും. അങ്ങനെയൊരു സംഭവം എന്റെ മണ്ഡലത്തിലുണ്ടായി, ഒരിക്കലും നടക്കില്ലെന്ന് വിചാരിച്ച പെരുമൺ പാലത്തിന്റെ ഉദ്ഘാടനം. 2011-ൽ സഖാവ് വി. എസ്. അച്യുതാനന്ദൻ തറക്കല്ലിട്ടെങ്കിലും പിന്നീട് വന്ന ഗവൺമെന്റ് അത് ഫീസിബിളല്ല, നഷ്ടമാണെന്ന് പറഞ്ഞ് ഉപേക്ഷിച്ച ആ പാലം കുറച്ചുദിവസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. ഈ തലമുറയ്ക്കും അടുത്ത തലമുറയ്ക്കും ജങ്കാറിൽ പോകാനാണ് ദുര്യോഗമെന്ന് വിശ്വസിച്ചിരുന്നവർ അവിടെ സ്ക്രീനിന്റെ മുമ്പിൽ ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്ന ഓരോ വാചകവും നിറഞ്ഞ കയ്യടിയോടെ സ്വീകരിച്ചു. സാധാരണ കയ്യടിയല്ല, അവരുടെ ഹൃദയതാളമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അതാണ് ശരിക്കുമുള്ള വികസനം.

ഇക്കാര്യങ്ങളെല്ലാം പ്രതിപക്ഷവും അംഗീകരിക്കുന്നതാണെന്ന് എനിക്കറിയാം. പക്ഷെ അവരുടെ കള്ളപ്രചരണത്തിന് ഒരു കുറവുമില്ല. പുകമറ സൃഷ്ടിക്കുക, കള്ളങ്ങൾ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുക, നുണപ്രചരണങ്ങൾ നടത്തുക. അതിലൊരു തിരിച്ചറിവ് ഇതുവരെയും ഉണ്ടായിട്ടില്ല. ഈ അടുത്തകാലത്ത് ഒരു ഇലക്ഷൻ പ്രചരണത്തിനുവേണ്ടി പോകുകയായിരുന്നു. ഒരു ഇടവഴിയിൽ കൂടിയാണ് പോകേണ്ടത്. രണ്ട് സൈഡിലും അമ്മമാരും സഹോദരിമാരും നിൽക്കുന്നു. അവരെ കൈകാണിച്ച് ഞാൻ മുന്നോട്ടുപോകുമ്പോൾ യു.ഡി.എഫ്.-ന്റെ ഒരു പ്രചരണപ്രസംഗം കേൾക്കാനിടയായി. ശബ്ദം മാത്രം, ആളെ കാണാൻ സാധിക്കുന്നില്ല. ആ ശബ്ദത്തിൽ പറഞ്ഞത് - " നിങ്ങൾക്കറിയാമോ ഈ പിണറായി വിജയൻ ആരാണെന്ന്? ഞാൻ പറഞ്ഞുതരാം. പാതിരാത്രിക്ക് തലയിലൊരു മുണ്ടുംചുറ്റി ക്ലിഫ് ഹൗസിൽനിന്നും മതിലുചാടി ഇരുട്ടത്തുകൂടി ഒരു ടോർച്ചും പിടിച്ചുനടന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ വന്ന് അവിടത്തെ സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ കണ്ണുവെട്ടിച്ച് മതിലുംചാടി ഒരു മുറിയിൽ ചെന്നിട്ട് സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ഫയലെല്ലാം തീവച്ച് കത്തിച്ചയാളാണ് " - എന്നു പറഞ്ഞപ്പോൾ അവിടെ നിന്ന സ്ത്രീകളെല്ലാം പൊട്ടിച്ചിരിച്ചെങ്കിലും പ്രായംചെന്ന മൂന്നുനാല് അമ്മമാർ പരസ്പരം നോക്കിയിട്ട് , 'എന്നാലും പിണറായി വിജയാ, നീ മതിൽ ചാടിയതെന്തിന് എന്ന് ഒരു പകുതി വിശ്വാസത്തോടെ പറയുകയുണ്ടായി. നൂറിൽ തൊണ്ണൂറ്റിയേഴുപേരും വിശ്വസിക്കാത്ത കള്ളങ്ങൾ മൂന്നോ നാലോ പേർക്കുവേണ്ടി നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കണം.

ഇന്ന് ഇന്ത്യയിൽ ഐതിഹാസികമായ ഒരു സമരം നടക്കുകയാണ് - കർഷകസമരം. കർഷകർക്കെതിരെയല്ല, പ്രകൃതിക്കെതിരെയാണ് അവർ സമരം ചെയ്യുന്നതെന്ന് നമുക്കറിയാം. പ്രകൃതിയെയാണ് അവർ അവഹേളിക്കുന്നത്. കർഷകരുടെ വേദന ഭരണകൂടം തിരിച്ചറിയാനിടയില്ല. ദേശീയ അവാർഡ് നേടിയ പ്രിയദർശന്റെ 'കാഞ്ചീവരം' എന്ന സിനിമയാണ് എന്റെ മനസ്സിലേയ്ക്ക് വരുന്നത്. ആ സിനിമയിലൂടെ പറയുന്നത് പരമ്പരാഗത നെയ്ത്തുതൊഴിലാളികളുടെ കഥയാണ്. അതിലെ നായകൻ തനിക്ക് ഒരു മകൾ ജനിച്ച് അവൾക്ക് 19 വയസ്സാകുമ്പോൾ കാഞ്ചീപുരം പട്ട് അണിയിപ്പിച്ചുവേണം അവളെ കല്യാണമണ്ഡപത്തിലേയ്ക്ക് ആനയിക്കാൻ എന്ന് പ്രഖ്യാപിക്കുകയാണ്. അതുകേട്ട് ഗ്രാമം ഞെട്ടുകയാണ്. അത് എങ്ങനെ സംഭവിക്കും; നമ്മുടെ ഭാവനയും കഷ്ടപ്പാടും വിയർപ്പുമൊഴുക്കി അത് നെയ്യുന്നത് നമ്മളാണ്. എങ്കിലും ആ കാഞ്ചീപുരം പട്ട് ആഗ്രഹിക്കുവാനുള്ള അവകാശം നമുക്കില്ല. അത് അപ്പോൾത്തന്നെ കോർപ്പറേറ്റുകൾ അവരിൽനിന്നും വാങ്ങി ലക്ഷക്കണക്കിന് രൂപയ്ക്ക് വിറ്റ് ലാഭമുണ്ടാക്കുന്നു. അതിൽ ഒരവകാശവും

നെയ്ത്തുകാർക്കില്ല. എന്നാൽ അദ്ദേഹം ആ കാഞ്ചിപുരം പട്ട് സ്വന്തമാക്കാൻ വേണ്ടി നടത്തുന്ന പ്രയത്നമാണ് ആ സിനിമ. ആ ഒരു കഥയിൽ പറയുന്നതുപോലെ തന്നെയാണ് കർഷകരുടെയും അവസ്ഥ. അവരുടെ അധ്വാനത്തിന്റെ വില കോർപ്പറേറ്റുകൾ നൽകുന്നില്ല. അവർ അധ്വാനിച്ചുണ്ടാക്കുന്ന ഉല്പന്നങ്ങൾ അവർക്ക് അനുഭവിക്കാൻ സാധിക്കുന്നില്ല. അത്തരത്തിലുള്ള ഒരു ദുര്യോഗത്തിലൂടെ കർഷകർ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നാൽ കാനഡ ഉൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങൾ ഈ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകഴിഞ്ഞു. സി.പി.ഐ.(എം) തുടക്കം മുതൽ തന്നെ ആ സമരമുന്നണിയുടെ മുന്നിലുണ്ട്. തീർച്ചയായും അത് ചരിത്രവിജയമായി മാറും എന്നുതന്നെ നമുക്ക് പ്രത്യാശിക്കാം.

കഴിഞ്ഞ 11 മാസമായി സിനിമാക്കാർ വലിയ ദുരിതത്തിലാണ്. ജോലിയില്ല, സിനിമയില്ല, തിയേറ്ററില്ല. എന്നാൽ എല്ലാ ആനുകൂല്യങ്ങളോടും കൂടി കഴിഞ്ഞ ദിവസം സിനിമ തിയേറ്ററുകളിൽ പ്രദർശിപ്പിച്ചു തുടങ്ങി. അതിന്റെ ഫുൾ ക്രെഡിറ്റും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. ഒരു സിനിമാ പ്രവർത്തകൻ എന്ന നിലയിൽ ഞാൻ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. എന്നെ ഏറ്റവും കൂടുതൽ എന്നെ സന്തോഷിപ്പിച്ച മറ്റൊരു കാര്യം, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽ വന്നുവെന്നതാണ്. ഏത് പ്രായത്തിലുള്ള ആളുകൾക്കും പഠിക്കാം, ഏത് വിഷയവും പഠിക്കാം, ഡിപ്ലോമയും ഡിഗ്രിയും കരസ്ഥമാക്കാം. അങ്ങനെ വിശാലമായ, ലോകോത്തരമായ ഒരു യൂണിവേഴ്സിറ്റി കൊല്ലം ആസ്ഥാനമാക്കി വന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു ചെറിയ സംഭവകഥയും കൂടി നിങ്ങളുമായി പങ്കിടാം.

വർഷങ്ങൾക്കുമുമ്പ് തൃശ്ശൂരിലൂടെ കാറിൽ സഞ്ചരിക്കുകയായിരുന്നു. എന്റെ കൂടെ കാറിൽ തൃശ്ശൂരിലെ സംവിധായകൻ പവിത്രനുമുണ്ടായിരുന്നു. ഒരു പ്രത്യേക സ്ഥലത്ത് ചെന്നപ്പോൾ അദ്ദേഹം കാർ നിർത്താനായി ആവശ്യപ്പെട്ടു. എന്നിട്ട് എന്നോട് പറഞ്ഞു 'ഈ സ്ഥലമൊന്ന് നോക്കൂ, എന്തെങ്കിലും പ്രത്യേകതയുണ്ടോയെന്ന്? റോഡുകളിൽ കുണ്ടുംകുഴിയും, ചെറിയ ചെറിയ വീടുകൾ, എന്തോ ഒരു മുരടിപ്പ് ബാധിച്ചതുപോലെ എനിക്കുതോന്നി. അപ്പോൾ ഞാൻ പറഞ്ഞു, 'ഒരു മുരടിപ്പുണ്ടോയെന്ന് തോന്നുന്നു' എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞു 'മുരടിപ്പ് തോന്നുന്നുണ്ടല്ലോ; അതിന്റെ പിന്നിൽ ഒരു സംഭവമുണ്ടെന്ന്. ശ്രീനാരായണ ഗുരുദേവൻ ആലുവ ആശ്രമത്തിൽ താമസിച്ചിരുന്ന കാലത്ത് രാവിലെ ശിഷ്യന്മാരുമായി ഗ്രാമങ്ങളിലേയ്ക്ക് പോകും. ഏതെങ്കിലുമൊരു ഗ്രാമത്തിൽ എത്തിക്കഴിഞ്ഞാൽ ഗുരു വിശ്രമിക്കും. ശിഷ്യന്മാർ അവിടത്തെ ഏറ്റവും വിദ്യാഭ്യാസമുള്ള ആളിനെ തിരക്കിപ്പോകും. എന്നിട്ട് അദ്ദേഹത്തോട് പറയും ഗുരുദേവൻ ഇന്ന സ്ഥലത്തിരുപ്പുണ്ട്, വരണം അദ്ദേഹത്തിന് ചില കാര്യങ്ങൾ

സംസാരിക്കാനുണ്ട് എന്ന്. ആ ആൾ വരുമ്പോൾ ഗുരുദേവൻ പറയും, "നമുക്കിവിടെ ഒരു പള്ളിക്കൂടം തുടങ്ങണം. അന്ധകാരത്തിൽനിന്നും വെളിച്ചത്തിലേയ്ക്ക് മനുഷ്യനെ നയിക്കാൻ ഏകമാർഗ്ഗം വിദ്യാഭ്യാസമാണ്. അതുകൊണ്ട് നിങ്ങൾ അതിന്റെ പ്രധാന അദ്ധ്യാപകനായിരിക്കണം. ഞാൻ ഇവിടെ നിൽക്കാം. ഈ പള്ളിക്കൂടം തുടങ്ങി കുറച്ചുദിവസം വരെ മുന്നോട്ടുപോയതിനുശേഷമേ ഞാൻ ഈ ഗ്രാമത്തിൽ നിന്ന് പോകുകയുള്ളൂ" എന്ന്. അങ്ങനെ പള്ളിക്കൂടങ്ങൾ തുടങ്ങിത്തുടങ്ങി, അവസാനം നമ്മൾ കണ്ട ഈ സ്ഥലത്തെത്തിയപ്പോൾ അവിടെയും അദ്ദേഹത്തിന്റെ ശിഷ്യന്മാർ പതിവുപോലെ ഏറ്റവും വിദ്യാഭ്യാസമുള്ളയാളെ തിരക്കിച്ചെന്നു. ഏറ്റവും വിദ്യാഭ്യാസമുള്ള ഒരാൾ ജന്മിയും കൂടിയാണ്. ദേവാസുരത്തിലെ മോഹൻലാലിന്റെ കഥാപാത്രം പോലെ അദ്ദേഹം കരിക്ക് ചെത്തി അതിനകത്ത് റാക്ക് ഒഴിച്ച് കൂട്ടുകാരുമായി കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. ശിഷ്യന്മാർ കാര്യം പറഞ്ഞപ്പോൾ ജന്മിയായ വിദ്യാസമ്പന്നൻ പറഞ്ഞു, ഏത് ഗുരുവാണെങ്കിലും എന്നെ കാണണമെന്നുണ്ടെങ്കിൽ ഇവിടെ വരണം, ഞാൻ അങ്ങോട്ട് പോകില്ല. ശിഷ്യന്മാർ ആ വിവരം ഗുരുവിനോട് പറഞ്ഞപ്പോൾ സാധാരണ വികാരാധീനനാകാത്ത ഗുരുവിന് ഒരു വിഷമം വന്നു. വിദ്യ അറിയാവുന്ന ഒരാൾ ഒരു നല്ല പ്രവൃത്തി ചെയ്യാൻ ഇത്തരത്തിൽ വിമുഖത കാണിച്ചല്ലോ എന്നുള്ളതായിരിക്കും അദ്ദേഹത്തിന്റെ വിഷമം. അദ്ദേഹം മനസ്സിൽനിന്നും ഒരു മർമ്മറിംഗ് പോലെ 'ഈ നാട് നന്നാകില്ല' എന്ന് പറഞ്ഞുപോലും. ആ നാട്ടിൽ ഒരു സെന്റ് സ്ഥലം പോലും വിൽക്കാൻ സാധിക്കാതെ ആ നാട് അങ്ങനെതന്നെ നിൽക്കുന്നു. ഗുരുവിന്റെ അനുഗ്രഹം പോലെ തന്നെ ഗുരുശാപവും ഫലിക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിനും വിദ്യയ്ക്കും വേണ്ടിയുള്ള ആ ഒറ്റയാൾ പോരാട്ടം ഒരു നൂറ്റാണ്ട് കഴിഞ്ഞ് ഇന്ന് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷം ഏറ്റെടുത്തത് വെറും യാദൃശ്ചികമല്ല. അത് പ്രകൃതി കരുതിവച്ച നന്മയുടെ വലിയൊരു നിയോഗമാണെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി എല്ലാറ്റിനും നന്ദിപറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഈ നന്ദിപ്രമേയത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു ഗവൺമെന്റ് അവരുടെ ഭരണ കാലയളവിൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രധാനമായും കണക്കിലെടുക്കേണ്ടത് ഇല്ലായ്മക്കാരന്റെ ഇല്ലായ്മകളെ പരിഹരിക്കുന്നതിനാണ്. ഒരു ഗവൺമെന്റിന്റെ സ്ഥായിഭാവവും അതുതന്നെയാകണം. കേരളത്തിൽ അധികാരത്തിലെത്തിയിട്ടുള്ള ഇടതുപക്ഷ ഗവൺമെന്റുകൾ അത്തരത്തിലുള്ള നിലപാടുകൾ എടുത്തതുകൊണ്ടാണ് ലക്ഷം വീട് പദ്ധതിയും എം.എൻ. ഭവന

പദ്ധതിയും ഇ.എം.എസ്. ഭവന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വീടില്ലാത്തവന് വീട് നൽകാൻ സാധിച്ചത്. ഭൂമിയിലെ അടിമകളെ ഭൂമിയുടെ ഉടമകളാക്കി മാറ്റുന്ന ഭൂപരിഷ്കരണനിയമം ഇവിടെ നടപ്പിലാക്കിയതും അതുകൊണ്ടു തന്നെയാണ്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് അകറ്റി നിർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് ആത്മവിശ്വാസവും ആത്മാഭിമാനവും നൽകിയ അതേ രീതിയിലാണ് ഇന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് അത്തരത്തിലുള്ള നിലപാടുകൾ എടുത്തിട്ടുള്ളത്. നാല് മിഷനുകളും അതിന്റെ ഉദാഹരണങ്ങളാണ്. ഞാൻ അതിനെക്കുറിച്ച് വിശദമായി സംസാരിക്കുന്നില്ല. കാരണം ഈ സഭയിൽത്തന്നെ നിരവധി തവണ ആ മിഷനുകളെപ്പറ്റി വളരെ ഗംഭീരമായി പ്രതിപാദിച്ചിട്ടുണ്ട്. 2016-ലെ എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ 600 വാഗ്ദാനങ്ങളാണ് ജനങ്ങൾക്കുമുമ്പിൽ ഇടതുപക്ഷം അവതരിപ്പിച്ചത്. അതിൽ 573 വാഗ്ദാനങ്ങളും നിറവേറ്റി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളം കണ്ട ഏറ്റവും മികച്ച ഒരു ഭരണാധികാരിയായി നിൽക്കുമ്പോൾ അത് പോരാതെ അല്ലെങ്കിൽ അത്രയും ജനങ്ങൾക്ക് കൊടുത്താൽ പോരാ എന്ന് മനസ്സിലാക്കിയാണ് വീണ്ടും രണ്ട് പ്രാവശ്യം നൂറുദിന കർമ്മപരിപാടികൾ അദ്ദേഹം പ്രഖ്യാപിച്ചത്. ഈ നാടിന്റെ ആവശ്യങ്ങൾ പൊതുജനങ്ങളിൽനിന്നും മനസ്സിലാക്കുന്നതിനായി കേരള പര്യടനം നടത്തിയ മുഖ്യമന്ത്രിയാണ് ഇന്ന് സംസ്ഥാനത്തെ നയിക്കുന്നത്. പുതുവത്സരസമ്മാനമായി വീണ്ടും പത്ത് പദ്ധതികൾ കൂടി പ്രഖ്യാപിച്ചു. വയോജനങ്ങൾക്ക് ആവശ്യമുള്ള ചികിത്സ, മരുന്ന്, പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും അവരുടെ വീടുകളിൽ എത്തിക്കുക, കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക, മികച്ച രീതിയിൽ പഠനം നടത്തുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം പ്രഖ്യാപിക്കുക തുടങ്ങിയ കാര്യങ്ങളാണ് അതിൽ വന്നത്. കേരളത്തിലെ ഓരോ വിഭാഗത്തിലുമുള്ള ജനങ്ങളെ ഈ സർക്കാർ എത്രത്തോളം പരിഗണിക്കുന്നു എന്നതാണ് ഇതിൽനിന്നും മനസ്സിലാക്കുന്നത്.

കേന്ദ്രത്തിൽ നടക്കുന്ന പ്രശ്നങ്ങൾ നമുക്കെല്ലാവർക്കുമറിയാം. ഏറ്റവും ജനകീയമായ രീതിയിൽ കേരളത്തിൽ ഭരണം നടക്കുമ്പോൾ അതിനെയെല്ലാം അഴിമതിയാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇല്ലായ്മ ചെയ്യുന്നതിനുള്ള വിഫലശ്രമങ്ങൾ നടക്കുന്ന അവസരത്തിൽത്തന്നെയാണ് കേന്ദ്രത്തിൽ ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും ഭരണം നടക്കുന്നത്. ഇത്രയേറെ വിദഗ്ദ്ധമായി ജനങ്ങളെ കബളിപ്പിച്ച ഒരു ഭരണാധികാരി ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ഉണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. ഏഴര വർഷക്കാലം പിന്നിടുന്ന അവരുടെ ഭരണത്തിന്റെ ആദ്യ കാലഘട്ടം മുതൽ പരിശോധിച്ചാൽ ഏതാണ്ട് അഞ്ചുലക്ഷം കോടി രൂപയുടെ കള്ളപ്പണം കണ്ടെടുക്കുന്നതിനാണ് നോട്ട്

നിരോധനമെന്ന് നമ്മെ ആ കാലയളവിൽ പറഞ്ഞുപറ്റിച്ച ഒരു ഭരണാധികാരിയായിരുന്നു. വില കുറയ്ക്കാനെന്ന വ്യാജേന ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാനത്തിന് ആകെ കിട്ടേണ്ട നികുതിപ്പണം മുഴുവനും കേന്ദ്രം പിടിച്ചുകൊണ്ടുപോയി. നമുക്ക് അർഹതപ്പെട്ടത് വാങ്ങാമെങ്കിൽ വാങ്ങിച്ചോ എന്ന് വെല്ലുവിളിച്ചുകൊണ്ട് കേന്ദ്ര ഭരണസംവിധാനം നമ്മെ നിരന്തരം വഞ്ചിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. അന്നം വേവിക്കാനുള്ള ഇന്ധനത്തിന്റെ സബ്സിഡി അക്കൗണ്ടിൽ വരുമെന്നുപറഞ്ഞ് അവർ വീണ്ടും നമ്മെ പറ്റിച്ചുകൊണ്ടിരിക്കുന്നു. ബി.ജെ.പി.-യുടെ അന്നത്തെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യമാണ്, നമ്മുടെയൊക്കെ അക്കൗണ്ടിൽ 15 ലക്ഷം രൂപ വരുമെന്ന്. അതും ഒരു തരത്തിൽ വഞ്ചന തന്നെയാണ്.

നമ്മളെല്ലാം വിചാരിച്ചത് ബി.ജെ.പി.-ക്ക് മാത്രമാണ് അക്കൗണ്ടിന്റെ പ്രശ്നമുള്ളതെന്നാണ്. കഴിഞ്ഞ ദിവസം കേരളം ചർച്ച ചെയ്ത ചില വിഷയങ്ങളുണ്ട്. അതിലൊന്ന് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയെപ്പറ്റിയാണ്. അതിൽ ആറായിരം രൂപ അക്കൗണ്ടിൽ വരുന്ന കാര്യം പറയുന്നുണ്ട്. ആറായിരം രൂപ ബാങ്ക് അക്കൗണ്ടിലൂടെ തരുമെന്ന് യു.ഡി.എഫ്.-വിഭാഗം പറയുമ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ അതേ കാലടികൾ പിന്തുടർന്നുകൊണ്ട് വീണ്ടും ജനങ്ങളെ പറ്റിക്കുന്നതാണെന്ന് നിസ്സംശയം ഊഹിക്കാൻ കഴിയും. കാരണം അവർ പറഞ്ഞ ഒട്ടേറെ വാഗ്ദാനങ്ങളുണ്ട്. പ്രളയ കാലഘട്ടത്തിനുശേഷം പറഞ്ഞ ആയിരം വീടുകളും അതിനുശേഷം ശ്രീ. രാഹുൽഗാന്ധി ഇവിടെ വന്ന് പ്രഖ്യാപിച്ച അഞ്ഞൂറ് വീടുകളുമുൾപ്പെടെ നിരവധി വാഗ്ദാനങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ നിൽക്കുമ്പോഴാണ് വീണ്ടും ആറായിരം രൂപ അക്കൗണ്ടിലേയ്ക്ക് വരുമെന്ന് പറഞ്ഞ് യു.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ ഇറക്കിയിരിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ് ഇവിടെ സാമൂഹ്യക്ഷേമ പെൻഷൻ വലിയ കാര്യമല്ലെന്ന അർത്ഥത്തിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാലത് കാര്യമാകുന്ന സാധാരണക്കാരുടെ നാടാണ് കേരളം. അവർക്ക് 600 രൂപ വീതം പോലും കൊടുക്കാൻ കഴിയാതെ 18 മാസം കുടിശ്ശികയിടുകയും ജനങ്ങൾ അവരെ ഇറക്കിവിടുകയും ചെയ്തതിനുശേഷം വീണ്ടും വന്ന് വാഗ്ദാനങ്ങൾ കൊടുത്ത് തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഇപ്പോഴുള്ള ഭരണാധികാരി ക്ഷേമ പെൻഷൻ 1,000 രൂപയാക്കുകയും ജനുവരി മുതൽ 1,500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തപ്പോൾ അതിന് വിലകൊടുക്കാതെ വളരെ മോശമായ രീതിയിൽ പ്രതിപാദിക്കുന്നതിന് സഭ തൊട്ടുമുമ്പാണ് സാക്ഷ്യം വഹിച്ചത്. ഇതിനുള്ള മറുപടിയാണ് ജനങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നൽകിയത്.

ഒട്ടേറെ കാര്യങ്ങളിൽ നാം കേന്ദ്രഭരണത്തിന്റെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. പെട്രോൾ, ഡീസൽ വില വർദ്ധനവ് അതിലൊന്നാണ്. നമ്മുടെ നാട്ടിൻപുറങ്ങളിൽ ഒരു ചൊല്ലുണ്ട്- 'കിളിയറിയാതെ മുട്ട എടുക്കുക' എന്ന്. ഇപ്പോൾ അത്തരത്തിലാണ് വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഭീമമായ രീതിയിലൊന്നുമല്ല ചെറിയ രീതിയിലാണ് വില വർദ്ധിപ്പിക്കുന്നത്. നമ്മളാരും അറിയാതെ നമ്മുടെയിടയിലേയ്ക്ക് വില വർദ്ധനവുമായി വന്ന് ജീവിതത്തിന്റെ എല്ലാ കാര്യങ്ങളിലും ഇടപെട്ടു-കൊണ്ടിരിക്കുന്നു.

ഡൽഹിയിൽ നടക്കുന്ന കർഷക സമരത്തെക്കുറിച്ച് നമുക്കറിയാം. ഒന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കിക്കൊണ്ട് കാർഷിക മേഖലയിൽ ഹരിത വിപ്ലവത്തിന് തുടക്കംകുറിച്ച ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെയും 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യം മുഴക്കി ഇന്ത്യൻ മണ്ണിൽ വിപ്ലവം തീർത്ത ലാൽ ബഹദൂർ ശാസ്ത്രിയുടെയും പിൻമുറക്കാരാണ് 1990-കളിൽ ആസിയൻ കരാർ ഒപ്പുവച്ചുകൊണ്ട് ഈ കാർഷിക മേഖലയുടെ അടിത്തറ തോണ്ടുന്നതിന് തുടക്കം കുറിച്ചത്. ശ്രീ. നരേന്ദ്ര മോദി ഇന്നതിന് പൂർണ്ണത കൊടുത്തിരിക്കുകയാണ്. ഇത്രയേറെ പ്രശ്നങ്ങൾ ഡൽഹിയിലെ മണ്ണിൽ നടക്കുമ്പോഴും ഇവിടത്തെ കർഷകരും കർഷകത്തൊഴിലാളികളും വോട്ട് ചെയ്ത് ജയിപ്പിച്ചുവിട്ടു. ഇവിടെ നെഞ്ചുവിരിച്ച് നിന്നു പറഞ്ഞില്ലേ പാർലമെന്റിൽ 19 സീറ്റും നേടിയെടുത്തുവെന്ന്. ഇവിടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. രാഹുൽഗാന്ധി ഉൾപ്പെടെയുള്ളവർ സമരത്തിന്റെ പരിസര പ്രദേശങ്ങളിൽപോലും പോകാത്ത സന്ദർഭങ്ങളിൽ കേരളത്തിന്റെ അഭിമാനമായ, പൊന്നോമന പുത്രന്മാരായ സഖാവ് ശ്രീ. ബിനോയ് വിശ്വവും ശ്രീ. കെ. കെ. രാഗേഷുമാണ് ഇന്ന് ആ സമരത്തെ നയിക്കുന്നതെന്നത് ഞങ്ങളെല്ലാവരും അഭിമാനത്തോടെയാണ് നോക്കിക്കാണുന്നത്. ഇതാണ് കേരളത്തിലും കേന്ദ്രത്തിലും ഭരിക്കുന്ന ഭരണാധികാരികൾ തമ്മിലുള്ള വ്യത്യാസം. ജനകീയ ഇടപെടലിലൂടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഭരണാധിപന്മാരാണ് കേരളത്തിൽ ഭരണത്തിലിരിക്കുന്നത്. ഇതിനെയെല്ലാം തകിടം മറിക്കുന്നതിനായി പ്രവർത്തിക്കുന്ന ബി.ജെ.പി.-ആർ.എസ്.എസ്. സംവിധാനത്തോടൊപ്പം കൂട്ടുനിന്ന് പ്രവർത്തിച്ചതിനുള്ള പാഠം കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് ലഭിച്ചു. ഇനി വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും അതിന്റെ പ്രതിഫലനങ്ങളുണ്ടാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ എളിയ വാക്കുകൾ നിർത്തുന്നു.

ഡോ. എൻ. ജയരാജ്: സർ, നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നുചെല്ലുമ്പോൾ നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന വലിയ സാമ്പത്തിക പ്രതിസന്ധിയുടെ ഒരുപാട് ചിത്രങ്ങൾ നമുക്ക് കാണാൻ കഴിയുന്നു എന്നതാണ് ഏറ്റവും പ്രധാനകാര്യം. 2020-21 കാലയളവിൽ രാജ്യത്തെ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട്, മൊത്തം ഉത്പാദനത്തിൽ 7.5 ശതമാനത്തോളം നെഗറ്റീവ് ഗ്രോത്ത് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നിലപാടുകൾ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ജി.എസ്.ടി.-യുടെ നഷ്ടപരിഹാരം പൂർണ്ണമായി കൈമാറാൻ ഇതുവരെയും കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുമാത്രമല്ല 2023 വരെ ഇതിനുവേണ്ടി സംസ്ഥാനം കാത്തുനിൽക്കേണ്ട സാഹചര്യവുമുണ്ടാകും. സംസ്ഥാനങ്ങൾക്ക് അധിക വായ്പ എടുക്കാനുള്ള നിബന്ധനകൾ കുറേക്കൂടി സുതാര്യവും കാര്യക്ഷമവുമാക്കണം എന്നത് വർഷങ്ങളായി ആവശ്യപ്പെടുന്ന കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പല നിലപാടുകളും സംസ്ഥാനത്തിന്റെ ധനവിനിയോഗ മേഖലകളിൽ ആരോഗ്യപരമായ പ്രവണതകളല്ല സൃഷ്ടിക്കുന്നത്. അതിനിടയിലാണ് പ്രളയവും അതുപോലുള്ള മഹാമാരികളും കടന്നുവരുന്നത്. വലിയ പ്രതിസന്ധികൾക്കിടയിൽ ഒരു ഗവൺമെന്റിന് എങ്ങനെ ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയുമെന്നതിനെക്കുറിച്ചും സർവ്വാശ്ലേഷിയായ വികസന പരിപ്രേക്ഷ്യത്തിന് എങ്ങനെ നേതൃത്വം നൽകാൻ കഴിയുമെന്നതിനെക്കുറിച്ചും ഒരു രേഖാചിത്രമായി ബഹുമാനപ്പെട്ട ഗവർണറുടെ ഈ പ്രസംഗത്തെ കാണാൻ കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആഗോള പട്ടിണി സൂചികയിൽ 107 രാജ്യങ്ങളിൽ 94-ാമത്തെ രാജ്യമായി നമ്മുടെ രാജ്യം മാറിക്കഴിഞ്ഞുവെന്നാണ് ഈ പ്രസംഗത്തിൽ സൂചിപ്പിക്കുന്നത്. ധനികൻ വീണ്ടും ധനികനാകുന്ന സാഹചര്യം സൃഷ്ടിക്കുന്ന ധാരാളം നിലപാടുകളാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. സമീപകാലത്തുണ്ടായ കാർഷിക ബില്ലിന്റെയും തൊഴിൽ നിയമങ്ങളുടെയും കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എപ്പോഴും കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കു അനുകൂലമായിട്ടാണ് നിലകൊണ്ടത്. അത്തരം കോർപ്പറേറ്റ് അധിനിവേശങ്ങളെയും താൽപ്പര്യങ്ങളെയും എങ്ങനെ ക്രിയാത്മകമായി പ്രതിരോധിക്കാൻ കഴിയുമെന്നുള്ള ഒരു കാഴ്ചപ്പാട് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഉള്ളടക്കം പരിശോധിച്ചാൽ മനസ്സിലാകും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. എസ്. ശബരീനാഥൻ)

ഇത്രയും പ്രതിരോധങ്ങൾക്കിടയിലും ആരോഗ്യ- കാർഷിക - വിദ്യാഭ്യാസ രംഗമടക്കമുള്ള സമൂഹത്തിന്റെ നാനാതലങ്ങളിൽ നയപ്രഖ്യാപനത്തിന്റെ ഓരോ പാരഗ്രാഫിലേയ്ക്കും കടന്ന് ചെല്ലുമ്പോൾ, ഇത്രയും പ്രതിരോധങ്ങൾക്കിടയിലും എങ്ങനെയാണ് ഗവൺമെന്റ് വളരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചതെന്നുള്ളത് വളരെ കൃത്യമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന്റെ ഭാഗമായി അതേ നിലപാടുകൾക്കൊപ്പം നിൽക്കുകയെന്നുള്ളതാണ് ഏറ്റവും ശരിയെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. ഇതിൽ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാതെ കടന്നുപോകാൻ കഴിയില്ല. പ്രത്യേകിച്ച് ഞാൻ ഉൾപ്പെടെയുള്ള ആളുകൾ കടന്നുവരുന്ന പ്രദേശത്ത് റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു പ്രതിസന്ധിയുണ്ട്. ഇന്ന് സഭയിൽ ശ്രദ്ധക്ഷണിക്കലിലൂടെ റബ്ബറിന്റെ വില 250 രൂപയായി പ്രഖ്യാപിക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചു. ഒറ്റ പ്രഖ്യാപനത്തിനപ്പുറത്ത് കാലാകാലങ്ങളിലുണ്ടാകുന്ന റബ്ബറിന്റെ ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വിലയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന സംവിധാനം രൂപപ്പെടുത്തുകയാണ് നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. 2010-14 കാലയളവിൽ അന്നത്തെ റബ്ബർ ബോർഡ് ഒരു കിലോഗ്രാം റബ്ബറിന് 172 രൂപയാണ് ഉല്പാദന ചെലവ് തീരുമാനിച്ചത്. അതിനുശേഷം 5 വർഷങ്ങൾ കടന്നുപോയി. റബ്ബർ ഇറക്കുമതിയുണ്ടായി, വിലയിടിവുണ്ടായി, ധാരാളം ആളുകൾ റബ്ബർ കൃഷിയിൽനിന്ന് മാറിനിന്നു, ഉല്പാദനച്ചെലവ് വളരെയേറെ വർദ്ധിച്ചു. മാത്രമല്ല ഇന്റർനാഷണൽ മാർക്കറ്റിൽ ഇന്ന് റബ്ബറിന് ഏതാണ്ട് 190 രൂപയോളം വിലയുണ്ട്. സംസ്ഥാനത്തേക്ക് ഈ റബ്ബർ വരുമ്പോൾ 190 രൂപയോടൊപ്പം ഇറക്കുമതി ചുങ്കവും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഐ.ജി.എസ്.ടി. (Integrated Goods and Service Tax) -യും അവരുടെ ചെലവുകളുംകൂടി കണക്കാക്കുമ്പോൾ ഏതാണ്ട് 30 ശതമാനത്തോളം ചെലവ് വർദ്ധിക്കണം. അപ്പോൾ ഏകദേശം 200-നും 225-നും ഇടയിലുള്ള ഒരു വിലവ്യത്യാസം കാലാകാലങ്ങളിൽ മാറിമാറി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള ഇന്റർനാഷണൽ മാർക്കറ്റിനനുസൃതമായി ഇറക്കുമതി വിലകൂടി ചേർത്തുകൊണ്ടുള്ള ഒരു വില സംസ്ഥാനത്തെ റബ്ബറിന് നിശ്ചയിക്കാൻ കഴിഞ്ഞാൽ, കൃഷിക്കാരനെ സംബന്ധിച്ച് ഈ വില ആശ്വാസമല്ലെങ്കിൽപ്പോലും, ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില നിർണ്ണയിക്കാൻ കഴിഞ്ഞാൽ റബ്ബർ മേഖലയിലെ പ്രത്യേകിച്ച് തോട്ടം മേഖലയിലുണ്ടാകുന്ന പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. ഗവൺമെന്റെടുക്കുന്ന പല നിലപാടുകളും റബ്ബർ കർഷകരെ സഹായിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടിയിൽ സൂചിപ്പിച്ചത് ഞാനോർക്കുകയാണ്. തീർച്ചയായും അക്കാര്യത്തിൽ കൃഷി വകുപ്പിനെയും ബഹുമാന്യനായ മന്ത്രിയെയും ഞാൻ

അഭിനന്ദിക്കുകയാണ്. എങ്കിലും പ്രശ്നങ്ങൾ പൂർണ്ണമായി മാറുന്നില്ല. കാരണം, ഇത് സംരക്ഷിക്കേണ്ട ആളുകൾ തന്നെ അതിന്റെ സംഹാരകരായി മാറുകയാണ്. സംസ്ഥാനത്തെ റബ്ബർ ബോർഡിന്റെ ആസ്ഥാനം കോട്ടയമാണ്. എന്തിനാണ് ഇങ്ങനെയൊരു റബ്ബർ ബോർഡെന്ന് അറിയില്ല. ത്രിപുരയിൽ എങ്ങനെ റബ്ബറുണ്ടാക്കാമെന്നുള്ള അന്വേഷണത്തിലാണ് അവർ. എപ്പോഴും വ്യവസായികളുടെ താല്പര്യങ്ങൾക്കുവേണ്ടി നിൽക്കുകയും അവർക്ക് വിലകുറഞ്ഞ റബ്ബർ എത്തിക്കാനുള്ള പ്രക്രിയയിൽ പങ്കാളികളാകുകയും ചെയ്യുന്നതിനപ്പുറം റബ്ബർ കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ റബ്ബർ ബോർഡിന് യാതൊരുവിധ താല്പര്യവുമില്ലെന്നുള്ള കാര്യം പറയാതിരിക്കാൻ കഴിയുകയില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം.

റബ്ബറിനെ കാർഷികോല്പന്നമായി പ്രഖ്യാപിക്കണമെന്നുള്ളത് എത്രയോ കാലമായുള്ള സംസ്ഥാനത്തിന്റെ ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റെടുത്ത നിലപാടുകളും ആസിയാൻ കരാറുകൾ പോലെയുള്ളവയും കൃഷിക്കാരെ ദോഷകരമായി ബാധിക്കുന്നവയുമാണ്. ഇപ്പോൾ കരാറുകളെല്ലാം ചില ഇന്റേണൽ അഡ്ജസ്റ്റ്മെന്റുകളായി മാറുന്ന കാലഘട്ടമാണ്. ഇതെല്ലാം കൃഷിക്കാരെയാണ് ദോഷകരമായി ബാധിക്കുന്നത്. സിയാൽ മോഡൽ കമ്പനിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ അഭിനന്ദനാർഹമായ കാര്യമാണ്. ഇന്ത്യയിലെ ആഭ്യന്തര റബ്ബറുല്പാദനത്തിന്റെ 90 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. പക്ഷേ കേരളത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ വളരെ കുറവാണെന്നുള്ളത് ആശ്ചര്യപ്പെടുത്തുന്ന കാര്യവുമാണ്. അതുകൊണ്ട് റബ്ബർ കൃഷിക്കാരുടെ മേഖല എന്നുള്ള നിലയിൽ കാഞ്ഞിരപ്പള്ളിയിൽത്തന്നെ സിയാൽ മോഡൽ കമ്പനി ആരംഭിക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം പ്രധാനപ്പെട്ട ഒന്നാണ് റബ്ബർ സംഭരണം. റബ്ബറിന്റെ വില നിശ്ചയിക്കുന്നതാരാണ്? സംസ്ഥാന ഗവൺമെന്റോ കേന്ദ്രഗവൺമെന്റോ റബ്ബർ ബോർഡോ കൃഷിക്കാരനോ അല്ല, വ്യവസായികളാണ് റബ്ബറിന്റെ വില നിശ്ചയിക്കുന്നത്. ലോകത്ത് ഈയൊരു ഉല്പന്നത്തിന് മാത്രമാണ് ഇങ്ങനെ വില നിശ്ചയിക്കുന്നതെന്നാണ് എന്റെ പരിമിതമായ അറിവ്. അസംസ്കൃത വസ്തുവിന്റെയും അതിന്റെ ഉല്പന്നത്തിന്റെയും വില നിശ്ചയിക്കുന്നത് ഒരേ ആളായി മാറുന്ന ഏക വസ്തു റബ്ബർ ആണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവ മുഖേന റബ്ബർ സംഭരിക്കുന്ന സംവിധാനം നേരത്തെയുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ പെട്ടെന്ന് മാറ്റാൻ കഴിയുന്നവയല്ല. അവ കൃഷിക്കാർക്ക് അനുകൂലമായ നയങ്ങളല്ലാത്തതിനാൽ ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഇടപെടലുകളുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ കാർഷിക മേഖല, പ്രത്യേകിച്ച് തോട്ടം മേഖല വലിയ പ്രതിസന്ധിയിലാണ്. ഫലവൃക്ഷങ്ങളെ നാണ്യവിളകളുടെ പട്ടികയിലേയ്ക്ക് കൊണ്ടുവരികയും അവ തോട്ടത്തിന്റെ നിശ്ചിത ശതമാനം മാത്രമേ പാടുള്ളൂവെന്ന വ്യവസ്ഥ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും അതിൽ ഒരു മാറ്റം വരും. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കഴിഞ്ഞദിവസം നടത്തിയ ഒരു പ്രസ്താവന ഞാൻ വായിക്കാനിടയായി. പഴം, പച്ചക്കറി ഉല്പന്നങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാനുള്ള ഒരുപാട് സാദ്ധ്യതകളുണ്ട്. വളരെ മാതൃകാപരമായി മുമ്പ് ഉണ്ടാക്കിയ നിയമമാണ് കേരളത്തിലെ ഭൂപരിഷ്കരണ നിയമം. ഈ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി തോട്ടം മേഖലയിലെ നഷ്ടങ്ങൾ നികത്താൻ കഴിയുന്ന തരത്തിൽ മാറ്റങ്ങളുണ്ടാക്കുകയും കൃഷിക്കാർക്ക് ആ രംഗത്ത് മറ്റ് കൃഷികളിൽക്കൂടി ഇടപെടാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യേണ്ടതാണ്.

ബഹുമാന്യനായ ഇന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ചെയർമാനായിരുന്ന ഒരു കമ്മിറ്റി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഒരു കമ്മീഷനെ നിയമിക്കുകയും അവരുടെ റിപ്പോർട്ടിൽ അവകാശലാഭം ഉൾപ്പെടുത്തുകയും ചെയ്തത് പ്രധാനപ്പെട്ട കാര്യമാണ്. സിയാൽ മോഡൽ കമ്പനികളൊക്കെ നടപ്പിലാക്കുമ്പോൾ ഈ അവകാശലാഭം നൽകുന്നതിന് ആരുടെയും ഔദാര്യം വേണ്ട. കൃഷിക്കാരന്റെ ഉല്പന്നങ്ങൾക്ക് കൃത്യമായി അവകാശലാഭം ലഭിച്ചാൽ ആ തുകകൊണ്ടുമാത്രം, ഒരുപക്ഷേ ഇന്ത്യക്കുതന്നെ മാതൃകയായ തരത്തിൽ ഒരു കാർഷിക ബഡ്ജറ്റുതന്നെ നടപ്പിലാക്കി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുള്ള നടപടി സ്വീകരിക്കാൻ കഴിയും. ഇത്തരം ചിന്തകൾ തീർച്ചയായും ഈ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ടുണ്ടാകണം.

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആരോഗ്യരംഗത്ത് ഇന്ന് വളരെയേറെ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. കാത്ത് ലാബ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കടന്നുവന്നു. വിദ്യാഭ്യാസ മേഖലയിൽ പഴയ ഓടിട്ട കെട്ടിടങ്ങളുടെ സ്ഥാനത്ത് പുതിയ കെട്ടിടങ്ങൾ വന്നു. കിഫ്ബിയെ കടന്നാക്രമിക്കുമ്പോഴും ഒരു യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്, അതുവഴി ധാരാളം മാറ്റങ്ങൾ തീർച്ചയായും ഉണ്ടാകുന്നുണ്ട്. ആ ഗുണപരമായ മാറ്റങ്ങളോടൊപ്പം സഞ്ചരിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിച്ച് ഒരിക്കൽക്കൂടി പിന്തുണ അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, കഴിഞ്ഞ അഞ്ച് വർഷങ്ങളായി ഇവിടെ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനങ്ങളിലെ വാഗ്ദാനങ്ങൾ ഏതുവഴിക്ക് പോയിയെന്നുള്ളതിനെക്കുറിച്ച് ഒരു സമഗ്രാന്വേഷണം ആവശ്യമാണ്. കഴിഞ്ഞുപോയ എല്ലാ നയപ്രഖ്യാപനങ്ങൾക്കുമുന്നിലും ഞാൻ ആദരാഞ്ജലികൾ

അർപ്പിക്കുന്നു. ഈ വർഷം പറഞ്ഞത് കുറച്ച് കൂട്ടിപ്പറയാം, കാരണം ഇനി നടപ്പിലാക്കേണ്ടതല്ലല്ലോ. ഇക്കഴിഞ്ഞ ഉപതെരഞ്ഞെടുപ്പ്, അതിനുമുമ്പ് നടന്നിട്ടുള്ള പാർലമെന്റ് തെരഞ്ഞെടുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് എന്നിങ്ങനെ ധാരാളം തെരഞ്ഞെടുപ്പുകൾ ഈ നാട്ടിൽ നടന്നിട്ടുണ്ട്. ഇപ്പോൾ ഇടതുപക്ഷത്തുനിന്നുള്ള പ്രസംഗം കേട്ടാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് മാത്രമേ നടന്നിട്ടുള്ളൂവെന്ന് തോന്നും. അതിനുമുമ്പ് നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ 140 മണ്ഡലങ്ങളിൽ എത്രയെണ്ണത്തിൽ നിങ്ങൾ മുന്നിലായിരുന്നു, നിങ്ങളുടെ ഭൂരിപക്ഷത്തിന്റെ വ്യത്യാസമെത്രയായിരുന്നു എന്നീ കണക്കുകൾ പരിശോധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഓരോ തെരഞ്ഞെടുപ്പിലും പ്രത്യേക സാഹചര്യവും പ്രാദേശികമായ ധാരാളം ഘടകങ്ങളും വരുന്നതാണ്. തദ്ദേശഭരണ തെരഞ്ഞെടുപ്പെന്ന് പറയുമ്പോൾ അതിൽ പ്രാദേശികമായ ധാരാളം ഘടകങ്ങൾ വരുന്നതോടൊപ്പം ധാരാളം നീക്കുപോക്കുകൾ നടക്കുന്ന ഒരു തെരഞ്ഞെടുപ്പ് കൂടിയാണ്. ഇപ്പോൾ ഐക്യജനാധിപത്യ മുന്നണിയുടെ പേരിലോ അല്ലെങ്കിൽ മുസ്ലീം ലീഗിനെമാത്രമോ ഒറ്റതിരിഞ്ഞ് ആക്രമിച്ചുകൊണ്ടിരിക്കുന്നത് ഞങ്ങൾ വെൽഫെയർ പാർട്ടിയുമായി ബന്ധം ഉണ്ടാക്കിയെന്നുള്ളതാണ്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്ന് ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഈ പറയുന്ന ആളുകൾ വെൽഫെയർ പാർട്ടിയെ ഇതുവരെ കാണാത്തവരാണോ? വെൽഫെയർ പാർട്ടിയുടെ നേതാക്കൾ കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് ഇവരുടെ പാർട്ടി ഓഫീസുകളിലും ഇവർ അവരുടെ പാർട്ടി ഓഫീസുകളിലുമായിരുന്നു; അതിന് തെളിവുകളുണ്ട്. മാത്രമല്ല, കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ശ്രീ. എ. വിജയരാഘവനടക്കം ഞങ്ങൾക്കെതിരെ ഈ ആരോപണം ഉന്നയിക്കുന്ന സമയത്തും ഇവർ കെട്ടിപ്പിടിച്ച് കിടന്നുറങ്ങുകയാണ്.

ഇവിടെ മലപ്പുറത്തെ എല്ലാ എം.എൽ.എ-മാരുമുണ്ടല്ലോ; കീഴുപറമ്പ്, മൊറയൂർ, കുട്ടിൽ, കുട്ടിലങ്ങാടി, കുറുവ, വെട്ടം, തലക്കാട്, കല്പകഞ്ചേരി, എ.ആർ. നഗർ, പറപ്പൂർ, കണ്ണമംഗലം, ചീക്കോട്, പൊൻമള, തൃക്കലങ്ങോട്, മക്കരപ്പറമ്പ്, മേലാറ്റൂർ, തിരുനാവായ, ഒതുക്കുങ്ങൽ, ഊരൂർ, പെരുവള്ളൂർ ഇത്രയും സ്ഥലങ്ങളിൽ ആ സമയത്തും നിങ്ങൾ ഒരുമിച്ചിരിക്കുകയാണ്. ചെറുകാവ്, മഞ്ചേരി മുനിസിപ്പാലിറ്റി, പെരുമ്പടവ് പഞ്ചായത്ത്, കോഴിക്കോട് ചങ്ങരോത്ത് പഞ്ചായത്തിലെ പ്രതിപക്ഷത്ത് ഇവർ ഒരുമിച്ചാണിരിക്കുന്നത്. കാരണം അവർ ഒരു ധാരണയിൽ മത്സരിച്ചതാണ്. അവർ ആ സമയത്ത് മുക്കം മുനിസിപ്പാലിറ്റിയിലും കൊടിയത്തൂർ പഞ്ചായത്തിലും ഭരിക്കുകയാണ്. അതുപോലെ വേളം പഞ്ചായത്ത്, വാണിമേൽ പഞ്ചായത്ത്, നടുവണ്ണൂർ, ഉറയൂർ, കൊടുവള്ളി മുനിസിപ്പാലിറ്റി, പുതുപ്പാടി, പെരുവയൽ, ചാത്തമംഗലം, കോടഞ്ചേരി,

കാരശ്ശേരി എന്നിവിടങ്ങളിലും ഒരുമിച്ചാണ് മത്സരിച്ചത്. ആലപ്പുഴയിലെ അരൂക്കുറ്റിയിലും പാണാവള്ളിയിലും നിങ്ങൾ ഭരണത്തിലായിരുന്നു. കൂടാതെ നിങ്ങൾ തൃശ്ശൂർ ജില്ലയിലെ മതിലകത്തും ബന്ധമുണ്ടാക്കിയിരുന്നു. അതുപോലെ പാലക്കാട് മുനിസിപ്പാലിറ്റി, പിരായിരി പഞ്ചായത്ത്, നിങ്ങളുടെ മുഖ്യമന്ത്രിയുള്ള കണ്ണൂർ ജില്ലയിലെ ഇരിട്ടി, കണ്ണൂർ കോർപ്പറേഷൻ, മുണ്ടേരി, ഇരിക്കൂർ പഞ്ചായത്ത്, മാടായി, മാട്ടൂൽ, കുട്ടായി പഞ്ചായത്ത്, പാനൂർ മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് ചെറുകുന്ന് ഡിവിഷൻ, ബ്ലോക്ക് പഞ്ചായത്ത് വളപട്ടണം ഡിവിഷൻ ഇവിടെയൊക്കെ നിങ്ങൾ ഭരണത്തിലായിരുന്നു. ഇതൊക്കെ സത്യമല്ലെങ്കിൽ നിങ്ങൾ അവിടെയുള്ള നിങ്ങളുടെ പാർട്ടി പ്രവർത്തകരോട് അന്വേഷിക്കണം. ഈ തെരഞ്ഞെടുപ്പിൽത്തന്നെ മലപ്പുറത്ത് വെൽഫെയർ പാർട്ടിയും ലീഗും നേരിട്ട് മത്സരിച്ചു. അവിടെ വെൽഫെയർ പാർട്ടിയെ പിന്തുണച്ചത് ഇടതുപക്ഷമാണ്. ആ ഇടതുപക്ഷത്തെയും വെൽഫെയർ പാർട്ടിയെയും ഒന്നിച്ചാണ് അവിടെ മുസ്ലീംലീഗ് തോൽപ്പിച്ചത്. ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് വെൽഫെയർ പാർട്ടിയെ കിട്ടാതെ വന്നപ്പോൾ അല്ലെങ്കിൽ അവർ നിങ്ങളെ പിന്തുണച്ചിട്ടില്ലെങ്കിൽ അതിനർത്ഥം അത് കയ്പുള്ള പാവയ്ക്കാനീരാണ്. നിങ്ങളുടെ കയ്യിലാണെങ്കിൽ അത് അമ്പലപ്പുഴ പാൽപ്പായസവുമാണ്. ഓരോ സ്ഥലത്തും എസ്.ഡി.പി.ഐ.-യുടെ വോട്ടുകൾ കുറഞ്ഞിടത്ത് നിങ്ങളുടെ വോട്ടുകൾ കൂടിയതും നേരെ തിരിച്ച് സംഭവിച്ചതും സംബന്ധിച്ച് കണക്കുകൾ വച്ച് സംസാരിക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങളുടെ വോട്ടുമാത്രം എങ്ങനെയാണ് കുറയുന്നത്? ഇവിടെ നിങ്ങൾ ബി.ജെ.പി-യുമായി ധാരണയുണ്ടാക്കിയിട്ടില്ലെന്ന് പറയുന്നുണ്ടോ; അങ്ങനെയാണെങ്കിൽ പാലക്കാട് നഗരസഭ എടുക്കാം. കൽപ്പാത്തി ഈസ്റ്റിലെ വോട്ട് നില – ബി.ജെ.പി.-647, യു.ഡി.എഫ്.-580 എൽ.ഡി.എഫ്-130 എന്ന ക്രമത്തിലാണ്. ഈ വലിയ തരംഗം നടക്കുന്ന സമയത്തും നിങ്ങളുടെ വോട്ട് എന്താണ് ഓരോ സ്ഥലത്തും കുറഞ്ഞുപോകുന്നത്; നിങ്ങളുടെ വോട്ട് എന്താണ് കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ പൂജ്യം ആയിപ്പോയത്? ഒരു നോമിനേഷൻ കൊടുക്കുമ്പോൾ സ്ഥാനാർത്ഥിയെ പിന്തുണയ്ക്കാൻ രണ്ട് ആൾക്കാരുണ്ടാവില്ലേ; അവരുടെ വോട്ടുപോലുമില്ലല്ലോ? കുമാരപുരത്തെ വോട്ടുനില- ബി.ജെ.പി-808, എൽ.ഡി.എഫ്-158 കുത്തുപറമ്പിലെ വോട്ടുനില - ബി.ജെ.പി- 594, എൽ.ഡി.എഫ്- 55 എന്നിങ്ങനെയാണ്. ആ നിങ്ങളാണോ ഞങ്ങൾ പാലക്കാടും മറ്റ് ജില്ലകളും പിടിച്ചടക്കിയെന്ന് പറയുന്നത്?

റാന്നി പഞ്ചായത്തിൽ മാണി കോൺഗ്രസ്സിന്റെ നേതാവായ ശോഭാ ചാർളി ഒന്നാം കക്ഷിയായും ബി.ജെ.പി. നിയോജകമണ്ഡലം പ്രസിഡന്റ് ഷൈൻ ജി. കുറുപ്പ് രണ്ടാം കക്ഷിയായും അത്ഭുതകരമായ ഒരു കരാർ ഒപ്പിട്ടിരിക്കുന്നു. ഒന്നാം

കക്ഷി കേരള കോൺഗ്രസ്സ് മാണി വിഭാഗം നടത്തുന്ന രാഷ്ട്രീയ പരിപാടികളിൽ ഒഴികെ മറ്റ് എൽ.ഡി.എഫ് യോഗങ്ങളിൽ പങ്കെടുക്കുന്നതല്ല. ഇപ്പോൾ അവിടത്തെ പ്രസിഡന്റ് ആരാണെന്ന് അറിയാമോ? എൽ.ഡി.എഫ്-ന്റെയും ബി.ജെ.പി-യുടെയും പിന്തുണയോടുകൂടി ശോഭാ ചാർളി അവിടെ പ്രസിഡന്റായിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ശോഭാ ചാർളിയോട് രാജിവയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും രാജി വച്ചില്ല. ആ നിമിഷം എൽ.ഡി.എഫ്.-ൽ നിന്നും അവരെ പുറത്താക്കി. അതുമാത്രമല്ല, പിന്നീട് നടന്ന ഒരു പൊതുചടങ്ങിനോ ഒരു കാര്യത്തിനോ ആ പ്രസിഡന്റിനെ എൽ.ഡി.എഫ്. പിന്തുണച്ചിട്ടുമില്ല.

ഡോ. എം. കെ. മുനീർ: സർ, ഇതുപോലെ തന്നെയാണ് പല സ്ഥലത്തുമുള്ളത്. നിങ്ങൾ ഇപ്പോൾ പുറത്താക്കിയിട്ട് കാര്യമില്ല. ഈ കരാർ ഒപ്പിട്ടിട്ടുള്ളത് തെരഞ്ഞെടുപ്പിന് മുമ്പാണ്. അവർ വോട്ടൊക്കെ വാങ്ങി, അതിന്റെ ഗുണഫലങ്ങൾ മറ്റ് ഡിവിഷനുകളിൽ കിട്ടിയശേഷം അവർ രാജിവച്ചാലും വച്ചില്ലെങ്കിലും ഒന്നുമില്ല. സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എല്ലാ കുഴപ്പവും മുസ്ലീം ലീഗ് എന്നുപറയുന്ന പ്രസ്ഥാനം, ഇവിടെ വന്നുകഴിഞ്ഞാൽ ഭയങ്കര അപകടമാണ് എന്ന്. നിങ്ങളുടെ പാർട്ടി സെക്രട്ടറി പറഞ്ഞത് മുസ്ലീം ലീഗ് അംഗം മുഖ്യമന്ത്രിയാകും നിങ്ങൾ സൂക്ഷിക്കണമെന്നാണ്. ഇതിനുമുൻപ് ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ ആവശ്യത്തിനുവേണ്ടി അബ്ദുൾ നാസർ മഅ്ദനിയെ മഹാത്മാഗാന്ധിയോട് ഉപമിച്ചിരുന്നു. മൗലികവാദം എന്നുപറയുന്ന പദത്തിനെ വ്യഖ്യാനിച്ചുകൊണ്ട് മൗലികവാദി ആണ് അബ്ദുൾ നാസർ മഅ്ദനിയെങ്കിൽ മഹാത്മാഗാന്ധിയും മൗലികവാദിയായിരുന്നു. അത് രണ്ടും ഒരുപോലെ കാണുന്നതാണ് നല്ലതെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളത് ഈ ഘട്ടത്തിൽ ഞാനോർക്കുകയാണ്. പക്ഷേ മുസ്ലീംലീഗിനോടുള്ള അസ്പൃശ്യത മാർക്സിസ്റ്റ് പാർട്ടിക്ക് എന്നാണ് തുടങ്ങിയത്?

1957-ൽ ആദ്യത്തെ ഇ.എം.എസ്. മന്ത്രിസഭയിൽ മുസ്ലീം ലീഗില്ല. എന്നാൽ മുസ്ലീം ലീഗ് പിന്തുണച്ചിട്ടുള്ള രണ്ട് സ്വതന്ത്ര സ്ഥാനാർത്ഥികളായ വി. ആർ. കൃഷ്ണയ്യരും കെ. ബി. മേനോനും ഉണ്ടായിരുന്നതുകൊണ്ടാണ് 1957-ൽ ആദ്യത്തെ മന്ത്രിസഭ ഉണ്ടായതും അതിൽ അവർ മന്ത്രിമാരായതും. ആദ്യത്തെ മന്ത്രിസഭയിൽത്തന്നെ മുസ്ലീംലീഗിന്റെകൂടി പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥികളെയും കൂട്ടിയാണ് നിങ്ങൾക്ക് ഭരിക്കാനുള്ള സാഹചര്യമുണ്ടായത്. അതുകഴിഞ്ഞ് 1967-ൽ നിങ്ങളും മുസ്ലീംലീഗും ഒരുമിച്ച് ഭരിച്ചില്ലേ; ശ്രീ. അബ്ദുറഹിമാൻ സാഹിബ് ഈയടുത്ത് കയറിയതാണല്ലോ? അപ്പോൾ അദ്ദേഹത്തിന് ലീഗ് എന്നുപറയുന്നത് അസ്പൃശ്യമായിരിക്കും. അതുമാത്രമല്ല, മുസ്ലീംലീഗിനെ ചെറുത്തുതോല്പിക്കുന്നതിനും ആ പ്രസ്ഥാനത്തെ തകർക്കുന്നതിനും

വേണ്ടിയാണ് ചില ആളുകളെമാത്രം ഉപയോഗിച്ച് അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. പണ്ട് റഷ്യയിലെ എഥിക്സ് കമ്മിറ്റിയുടെ സെൻട്രൽ കമ്മിറ്റി ഒരു തീരുമാനമെടുക്കുകയുണ്ടായി. 1967-ൽ ഒരു ലഘുലേഖ അവർ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ പറയുന്നുണ്ട്, ഏതെങ്കിലുമൊരു സമുദായത്തിന്റെ അല്ലെങ്കിൽ വിഭാഗത്തിന്റെ ആളുകളെ നമുക്ക് നേരിടണമെങ്കിൽ അതേ സമുദായത്തിൽനിന്നോ, വിഭാഗത്തിൽനിന്നോ ഉള്ള ആളുകളെതന്നെ ഇപ്പുറത്തും ഉപയോഗിക്കണമെന്ന്. എങ്കിൽ മാത്രമേ വിശ്വാസ്യത വരുകയുള്ളൂ. വേറെയൊരാൾ പറഞ്ഞാൽ അതിന് വിശ്വാസ്യത വരില്ല. അതിനുവേണ്ടി നിങ്ങളുണ്ടാക്കിയ ഈ അമ്പുകളൊന്നും ഞങ്ങളുടെ നെഞ്ചിൽ കൊള്ളുകയില്ല എന്നുമാത്രമാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ഇതും ഇതിനപ്പുറമുള്ള വെള്ളിയാഴ്ചയും നമ്മൾ കണ്ടിട്ടുള്ളതാണ്. ഞങ്ങൾക്കെതിരെയാണ് പറയുന്നതെന്നത് ശരി, പക്ഷേ ഇതിലൂടെ ഒരു സന്ദേശം നൽകുന്നുണ്ട്. ഇവർ ഇനിയൊരിക്കലും കേരളത്തിന്റെ മുഖ്യമന്ത്രി പദവിയിൽ വരാൻ അർഹരല്ലെന്നും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യാൻ അവകാശമുള്ളവരല്ലെന്നുമുള്ള സന്ദേശം മുസ്ലീംലിഗിനോ കോൺഗ്രസിനോ അല്ല കൊടുക്കുന്നത്, മറ്റ് പല വിഭാഗങ്ങൾക്കും കൊടുത്തുകൊണ്ട് ഈ രാജ്യത്തിൽ തിരിച്ചെടുക്കാൻ സാധിക്കാത്ത വർഗ്ഗീയതയാണ് നിങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ഇതേ അപകടംതന്നെയാണ് പശ്ചിമബംഗാളിലും സംഭവിച്ചത്. അവിടെ നിങ്ങളുടെ 20 ശതമാനം വോട്ടാണ് ബി.ജെ.പി. കൊണ്ടുപോയത്. അതിൽ കുറച്ച് വോട്ട് കോൺഗ്രസ്സിൽനിന്നും തൃണമൂൽ കോൺഗ്രസ്സിൽ നിന്നും പോയിട്ടുണ്ടാകാം. ഇടതുപക്ഷത്തിന്റെ ഭൂരിപക്ഷം വോട്ടും പോയി. അതുപോലെ ത്രിപുരയുടെ സാഹചര്യമെടുത്താലും നിങ്ങൾക്ക് മനസ്സിലാകും. ഇതേ കളി നിങ്ങൾ കളിക്കുന്നതിന്റെ ഫലമാണ് തിരുവനന്തപുരത്ത് ചില ഭാഗങ്ങളിൽ കാണുന്നത്. ആരുടെ വോട്ടാണ് പോയതെന്ന് പരിശോധിക്കണം. കോൺഗ്രസ് വിമുക്ത കേരളമുണ്ടാക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അതിനർത്ഥം, നിങ്ങൾ ലോകത്തോട് പറയുന്നതെന്താണ്? ഇനി ഇവിടെ രണ്ട് പാർട്ടിയേ ഉണ്ടാകുകയുള്ളൂ, അത് മാർക്സിസ്റ്റ്, ബി.ജെ.പി. എന്നീ രണ്ട് പാർട്ടികളാണ്. നിങ്ങൾക്ക് രണ്ട് ചോയിസേയുള്ളൂ. ഒന്നുകിൽ മാർക്സിസ്റ്റ് പാർട്ടിയാകുക അല്ലെങ്കിൽ ബി.ജെ.പി. ആകുക. ഈ സന്ദേശം കേരളത്തിലെ വിദ്യാസമ്പന്നമായ സമൂഹത്തിനിടയിൽ കൊടുക്കുകയും ഓരോ മതത്തെയും കഷ്ണംകഷ്ണമാക്കി നിർത്തുകയും ചെയ്യുമ്പോൾ ബഹുമാനപ്പെട്ട പിണറായി വിജയൻ അറിഞ്ഞുകൊണ്ടാണ് അത് ചെയ്യുന്നതെങ്കിൽ അങ്ങ് ചെയ്യിക്കുന്ന ഈ മഹാപാതകത്തിന് വരുംനാളുകൾ കേരളത്തിലെ പാവപ്പെട്ട ജനങ്ങൾ അനുഭവിക്കും. വിവിധ ചേരികളിൽ നിന്നുകൊണ്ട് പരസ്പരം കലഹിക്കുന്നൊരു സാഹചര്യമുണ്ടാകും.

മി. ചെയർമാൻ: പ്ലീസ്....കൺക്ലൂഡ്

ഡോ. എം. കെ. മുനീർ: സർ, കുറച്ച് തേനെടുത്ത് മതിലിൽ പുരട്ടിയശേഷം മാറിനിൽക്കും. ആ തേൻ കുടിക്കാൻ ഈച്ചവന്നു, ഈച്ചയെ പിടിക്കാൻ പൂച്ച വന്നു, പൂച്ചയെ പിടിക്കാൻ പട്ടിവന്നു, അങ്ങനെ നാട്ടുകാർ തമ്മിലടിയായി. ഇത്തരത്തിൽ ചെറിയൊരു പ്രസ്താവന മതിലിൽ തേച്ചുവച്ചിരിക്കുകയാണ്. നാളെ മുഴുവൻ ജനങ്ങളും തമ്മിൽത്തല്ലുന്നത് കാണുമ്പോൾ അങ്ങ് മനസ്സിലാക്കേണ്ടത്, അങ്ങേയ്ക്ക് നിൽക്കാനുള്ള ഫ്ലാറ്റ്ഫോമായ ഇടതുപക്ഷം അപ്പോഴുണ്ടാകില്ല എന്നതാണ്. ബംഗാളിലും ത്രിപുരയിലും സംഭവിച്ചതുപോലെ ഇവിടെ ബി.ജെ.പി.-ക്ക് വരാനുള്ള വഴിയൊരുക്കിക്കൊടുക്കുകയാണ്. വിതായത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ ആർ.എസ്.എസ്.-മായിട്ടുള്ള നിങ്ങളുടെ ബന്ധത്തെക്കുറിച്ച് പറയുന്നുണ്ട്. അന്നൊരു ഊടുവഴി മാത്രമാണ് ആർ.എസ്.എസ്.-ഉം നിങ്ങളും തമ്മിലുള്ളതെങ്കിൽ ഇപ്പോൾ ആർ.എസ്.എസ്.-ഉം നിങ്ങളും തമ്മിൽ നാലുവരി പാത പണിതുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അതിന്റെ പരിണിതഫലം കേരളം അനുഭവിക്കേണ്ടിവരും. ഒരിക്കലും മതേതര വിശ്വാസികൾ അതിന്റെ കൂടെ നിൽക്കില്ല. അത് തെളിയിക്കുന്ന ഒന്നായിരിക്കും ഇനി വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പ്. ഏതു സമയത്ത് എങ്ങനെ വോട്ട് ചെയ്യണമെന്ന് അറിയുന്നവരാണ് കേരളത്തിലെ ജനങ്ങൾ. അതുകൊണ്ടാണ് പാർലമെന്റിൽ 19 സീറ്റ് നൽകി ശ്രീ. നരേന്ദ്ര മോദിയെ താഴെയിറക്കുന്നതിന് ഒരു വൈകാരികതലത്തിലാണ് ജനങ്ങൾ നിന്നിട്ടുള്ളതെങ്കിൽ, ഇവിടെ കഷ്ണംകഷ്ണമാക്കി ബി.ജെ.പി.ക്ക് വളരാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുക്കുന്ന ഇടതുപക്ഷം എളുപ്പത്തിൽ ജയിച്ചുവരുമെന്ന വിശ്വാസത്തിൽ ഇരിക്കുന്നുണ്ടെങ്കിൽ അങ്ങനെയിരിക്കൂ. നമുക്ക് അങ്കത്തട്ടിൽ കാണാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തി ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. പിണറായി സർക്കാരിന്റെ സാമൂഹ്യ വികസന കാഴ്ചപ്പാടുകളുടെ സംയുക്തികമായ തുടർച്ചയുൾക്കൊള്ളുന്ന ഉള്ളടക്കം ഗവർണ്ണറുടെ പ്രസംഗത്തിലുണ്ട് എന്നുള്ളതാണ് ഇതിന്റെയൊരു പ്രത്യേകത. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ ഒരു പ്രത്യേകതരം വർഗ്ഗീയത പ്രസരിപ്പിക്കുന്ന ഉള്ളടക്കത്തോടുകൂടി, അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കാത്ത ഒരു പ്രസംഗമാണ് ഇവിടെ നടത്തിയത്. വളരെ കയ്പ്പുള്ള വസ്തുക്കളിൽ മധുരംപുരട്ടി കൊടുക്കുന്നതു പോലെയാണിത്. കോഴിക്കോട് മൊഫ്യൂസൽ ബസ് സ്റ്റാന്റിൽ ഓരോ സ്ഥലത്തേയ്ക്കും പോകുന്ന ബസ് വിളിക്കുന്നതുപോലെ കുറേ പഞ്ചായത്തുകളുടെയും

മറ്റും കാര്യങ്ങൾ പറഞ്ഞു. അതിൽ ഓരോ പഞ്ചായത്തിലെയും ആളുകളുണ്ടായിരുന്നെങ്കിൽ അപ്പോൾത്തന്നെ മറുപടി പറയുമായിരുന്നു. ശ്രീ. രാജു എബ്രഹാം എഴുന്നേറ്റപ്പോൾത്തന്നെ ഒരു കള്ളക്കഥ അവിടെ പൊളിഞ്ഞു. ഇതുപോലെയുള്ള കള്ളകഥകൾ കെട്ടിച്ചമച്ച് കൊണ്ടുവന്നതാണ്. ബി.ജെ.പി.-യും ഇടതുപക്ഷ ജനാധിപത്യമുന്നണിയും തമ്മിലുള്ള ബാന്ധവത്തെ നാലുവരി പാത പണിയുന്നുവെന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾ പണിത പാതയിലൂടെ ഈ നാടിന്റെ ചരിത്രത്തിലാദ്യമായി ബി.ജെ.പി.-യുടെ ഒരംഗം, നേമം നിയോജക മണ്ഡലത്തിലെ ശ്രീ. ഒ. രാജഗോപാൽ ഇവിടെ വന്നിരിക്കുന്നുണ്ടല്ലോ? മുമ്പ് കോൺഗ്രസ് ജയിച്ച മണ്ഡലമാണത്. അവിടെ യു.ഡി.എഫ്.-ന് കെട്ടിവച്ച കാശുപോലും കിട്ടിയില്ല. ആരുടെ വോട്ടാണ് ചോർത്തിക്കൊടുത്തത്. എന്തിനുവേണ്ടിയായിരുന്നു അത്; മറ്റ് ചില സ്ഥലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഉൾപ്പെടെ നിയമംവഴി സ്ഥാപിതമായ എന്നു പറയുന്നതിനുപകരം 'നേമംവഴി സ്ഥാപിതമായ' എന്നുപറഞ്ഞ് പ്രതിജ്ഞ ചെയ്യുന്നതായിരിക്കും നല്ലത്, അതിന് അരങ്ങൊരുക്കുകയായിരുന്നു. 2010-ൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുമുമ്പ് കോഴിക്കോട് ലീഗ് ഹൗസിൽവച്ച് ബി.ജെ.പി.- മുസ്ലീം ലീഗ് നേതാക്കൾ തമ്മിൽ നടത്തിയ കൂടിക്കാഴ്ച അങ്ങേയ്ക്ക് ഓർമ്മയുണ്ടാകുമല്ലോ? ഉമ്മർ പാണ്ടികശ്ശാലയും പിന്നീട് ബി.ജെ.പി. ജില്ലാ പ്രസിഡന്റായ ജയചന്ദ്രൻ മാഷും ഉൾപ്പെടെയുള്ളവരുടെ ആ രഹസ്യ കൂടിക്കാഴ്ച, അന്നത് വിവാദമായിരുന്നു. അതിന്റെ ഫോട്ടോ പത്രങ്ങളിൽ വന്നതാണ്. ബി.ജെ.പി.-യുമായുള്ള ഇത്തരം അവിശുദ്ധബന്ധങ്ങളും അന്തർനാടകങ്ങളും നിങ്ങളുടെ കൈവശമുള്ളതാണ്. എന്തിനേറെ, പരസ്യമായിത്തന്നെ ബേപ്പൂരിലും വടകരയിലും കോ-ലീ-ബി സഖ്യം ആവിഷ്കരിച്ച് ഇലക്ഷനിൽ മത്സരിച്ചവരല്ലേ നിങ്ങൾ; എന്നിട്ടാണോ ബി.ജെ.പി.-യുമായുള്ള ഞങ്ങളുടെ ബാന്ധവത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പഠിപ്പിക്കാൻ വരുന്നത്? ഒരുകാര്യം ഞാനിവിടെ വ്യക്തമാക്കാം. ബി.ജെ.പി.-യുടെ പ്രത്യയശാസ്ത്ര രാഷ്ട്രീയ നേതൃത്വം ആർ.എസ്.എസ്. ആണ്. ഹിന്ദുരാഷ്ട്രവാദക്കാരാണ്. വെൽഫെയർ പാർട്ടി അതിന്റെ പ്രത്യയശാസ്ത്ര രാഷ്ട്രീയ നേതൃത്വം ജമാഅത്തെ ഇസ്‌ലാമി ആണ്. അത് ഇസ്ലാം രാഷ്ട്രവാദക്കാരാണ്. ഈ മതരാഷ്ട്രവാദികളുമായി ബന്ധമില്ലെന്ന് പറയേണ്ട കാര്യമില്ല, അവരുടെ ഒരു പിന്തുണയും ഇടതുപക്ഷത്തിന് ആവശ്യമില്ല. ......... (ബഹളം).......... ഒരു പിന്തുണയും സ്വീകരിക്കുന്ന പ്രശ്നമില്ല. ......(ബഹളം)**....** ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ അതിന് മറുപടി പറയട്ടെ. ജമാഅത്തെ ഇസ്‌ലാമിയുടെയും വെൽഫെയർ പാർട്ടിയുടെയും ആർ.എസ്.എസ്.-ന്റെയും ഒരു പിന്തുണയും ഞങ്ങൾക്കാവശ്യമില്ലെന്ന് ഇവിടെ പ്രഖ്യാപിക്കട്ടെ. .... (ബഹളം)... സർവ്വശ്രീ എം. എം. ഹസനും മുല്ലപ്പള്ളി രാമചന്ദ്രനും ഉൾപ്പെടെയുള്ള

നിങ്ങളുടെ നേതാക്കൾ തെരഞ്ഞെടുപ്പ് കാലത്ത് പരസ്പരവിരുദ്ധമായി പറഞ്ഞുകൊണ്ടിരുന്നല്ലോ? ചിലർക്ക് ചങ്ങാത്തം വേണം, ചിലർക്ക് വേണ്ട, അത് നാടാകെ കണ്ടതല്ലേ; എന്നിട്ടാണോ നിങ്ങൾ വലിയ തത്ത്വജ്ഞാനിയെപ്പോലെ സംസാരിച്ചുകൊണ്ടിരിക്കുന്നത്? ഈ തെരഞ്ഞെടുപ്പിൽ എല്ലാ അവസരവാദ കൂട്ടുകെട്ടുകളും സാധ്യമായ എല്ലാ ശ്രമങ്ങളും നിങ്ങൾ നടത്തുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ പറയാൻ ശ്രമിച്ചുകൊണ്ടിരുന്നത്, തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നിങ്ങൾ നെഗളിക്കേണ്ട, അതിന് തൊട്ടുമുമ്പ് ലോക്സഭാ ഇലക്ഷനിൽ ഇരുപതിൽ പത്തൊൻപത് സീറ്റും ഞങ്ങൾ നേടിയിട്ടുണ്ട് എന്നാണ്. അതുകൊണ്ട് മറ്റൊരു തെരഞ്ഞെടുപ്പ് വരുമ്പോൾ ഞങ്ങൾ ജയിക്കുമെന്ന പ്രതീക്ഷയുണ്ട് എന്നൊക്കെയാണ് പറഞ്ഞത്. സ്വപ്നം കാണാൻ നികുതി കൊടുക്കണ്ടല്ലോ. നാളെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ സ്വപ്നത്തിന് നികുതി ചുമത്തണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാം. വീണ്ടും ഭരണത്തിൽ വരുമെന്ന സ്വപ്നം കുറച്ചുനാൾകൂടി നിങ്ങൾക്ക് കണ്ടുകൊണ്ടേയിരിക്കാം. നിങ്ങൾ പറയുന്ന ലോക്സഭാ ഇലക്ഷനിൽ നിങ്ങൾക്കുണ്ടായ വലിയ വിജയം തന്നെയാണ് നിങ്ങളെ പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് നയിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കണം. അതിന് കാരണമെന്താണ്? നിങ്ങൾ എന്തുപറഞ്ഞാണ് ലോക്സഭാ ഇലക്ഷനിൽ നാട്ടുകാരെ വ്യാമോഹിപ്പിച്ചതും വോട്ടുപിടിച്ചതും. ജനങ്ങളോട് പറഞ്ഞ ഏതെങ്കിലും വാഗ്ദാനം പാലിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ഫാസിസത്തിനെതിരെ പടനയിക്കാൻ ദേശീയതലത്തിൽ ഞങ്ങൾക്കേ കഴിയൂ, അതുകൊണ്ട് വോട്ട് ഞങ്ങൾക്ക് തരണമെന്ന് നിങ്ങൾ എല്ലാവരോടും പറഞ്ഞു. എന്നിട്ടിപ്പോൾ നിങ്ങളുടെ പടനായകനെവിടെയാണ്? നിങ്ങൾ കൊണ്ടുവന്നിറക്കിയ വയനാടൻ തമ്പാനെവിടെ; ഇപ്പോൾ ഈ രാജ്യത്തുണ്ടോ? മറ്റൊരു പടനായകൻ കച്ചമുറുക്കി, വടക്കോട്ടുപോയ കുഞ്ഞാലിമരയ്ക്കാർ, sorry, പാണ്ടിക്കടവത്ത് കുഞ്ഞാലിക്കുട്ടി എവിടെ? ഡൽഹിയിലുള്ള ഭീകര സംഘ്പരിവാറുകാരെ കണ്ടപ്പോൾ അവിടെനിന്നും വാലുംചുരുട്ടി മലപ്പുറത്തേയ്ക്ക് മണ്ടി പോയതാണ്. എന്നിട്ടാണോ ഫാസിസത്തിനെതിരായി പടനയിക്കുന്നത്? പിന്നെയുമുണ്ട് രണ്ട് യോദ്ധാക്കൾ ഒന്ന്, എം.എൽ.എ. ക്വാർട്ടേഴ്സിൽ വലിയൊരു ബോർഡുകണ്ടു. അതിൽ 'കെ. സുധാകരനെ വിളിക്കൂ കോൺഗ്രസ്സിനെ രക്ഷിക്കൂ' എന്നാണ് പറഞ്ഞിരിക്കുന്നത്. വടകരയും കോഴിക്കോട്ടുമൊക്കെ ബോർഡുവച്ചിരിക്കുന്നത് 'കെ. മുരളീധരനെ വിളിക്കൂ കോൺഗ്രസ്സിനെ രക്ഷിക്കൂ' എന്നാണ്. നിങ്ങളെല്ലാവരുമുണ്ടായിട്ടും കോൺഗ്രസ്സിനെ രക്ഷിക്കാനാകുന്നില്ല, അവരെ വിളിക്കൂ എന്നാണ്. എന്നാൽ അവർ പറയുന്നത്, ഇവിടെ നിൽക്കാനാവില്ല, ഫാസിസത്തിനുമേലുള്ള ഒരു യുദ്ധത്തിനും ശേഷിയില്ല.

അതുകൊണ്ട് എങ്ങനെയെങ്കിലും കേരളത്തിലേയ്ക്ക് വിളിക്കൂ, രക്ഷപ്പെടുത്തൂവെന്നാണ്. പടനയിക്കാൻ നിങ്ങൾ പറഞ്ഞയച്ച യോദ്ധാക്കളുടെ സ്ഥിതിയാണിത്. ഇത് ഇക്കാര്യത്തിൽ മാത്രമാണോ? ജനവിരുദ്ധമായ നിയമങ്ങൾ പാർലമെന്റിൽ വന്നപ്പോൾ, ഈ നാടിനെ വർഗ്ഗീയമായി ചേരിതിരിക്കുന്ന നിയമനിർമ്മാണ പ്രക്രിയയിലേയ്ക്ക് പോയപ്പോൾ, നിങ്ങളെന്താണ് ചെയ്തത്? നിങ്ങൾക്ക് വിമാനം വൈകി, സൽക്കാരത്തിലും കല്യാണത്തിനും പങ്കെടുക്കേണ്ടിയിരുന്നു, എവിടെപ്പോയി ഇവിടത്തെ പത്തൊൻപത് പേരും; ഇന്ന് ഇന്ത്യയിലെ കർഷകരാകെ രാജ്യ തലസ്ഥാനത്ത് പ്രക്ഷോഭം നടത്തുമ്പോൾ, അതിനാധാരമായ കാർഷിക നിയമം പാർലമെന്റ് പാസ്സാക്കുമ്പോൾ പാർലമെന്റിലെ 19 അംഗങ്ങൾ എന്തുചെയ്യുകയായിരുന്നു? നിങ്ങൾ അത് ചെയ്തില്ലെങ്കിലും ഞങ്ങൾക്ക് അത്ഭുതമില്ല. കാരണം നിങ്ങളുടെ മാനിഫെസ്റ്റോയിലുള്ളതാണ് ബി.ജെ.പി. നടപ്പാക്കിയത്. അതുകൊണ്ട് അതുസംബന്ധിച്ച് കൂടുതലായി പറയേണ്ടതില്ല. .... (ബഹളം)... മുത്തലാഖ് ബില്ലിന്റെയും കാർഷിക നിയമത്തിന്റെയുമെല്ലാം കാര്യത്തിൽ .... (ബഹളം)... നിങ്ങളുടെ മാനിഫെസ്റ്റോയിലെ പേജ് 11-ൽ ......... (ബഹളം)...

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, പോയിന്റ് ഓഫ് ഓർഡർ...

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്ന വേളയിൽ കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് അംഗങ്ങളുടെ പാർലമെന്റിലെ പ്രവർത്തനങ്ങളെ അധിക്ഷേപകരമായി, അവർ ഒന്നും ചെയ്യുന്നില്ലെന്ന നിലയിൽ അവരെ മോശക്കാരാക്കുന്ന തരത്തിലുള്ള പരാമർശമുണ്ടായി. ബഹുമാനപ്പെട്ട അംഗം അത് തിരുത്തണം. പാർലമെന്റിൽ കാർഷിക നിയമങ്ങൾ ചർച്ച ചെയ്യുന്ന വേളയിൽ, ജനങ്ങളുടെ ഭാഗത്തുനിന്നും അതിരൂക്ഷമായ പ്രതിഷേധമുയർന്നിട്ടുണ്ട്. അതിന്റെ ഭാഗമായി സസ്പെൻഷനടക്കമുള്ള നടപടികൾ നേരിട്ടത് കോൺഗ്രസ്സിന്റെകൂടി അംഗങ്ങളാണെന്നുള്ള യാഥാർത്ഥ്യം അദ്ദേഹത്തിന് അറിയാമെന്നിരിക്കെ, ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റിനെ കാണാൻ ശ്രീ. രാഹുൽ ഗാന്ധിയുടെയും ശ്രീ. സീതാറാം യെച്ചൂരിയുടെയും കൂട്ടായ നേതൃത്വത്തിലാണെന്നുള്ള യാഥാർത്ഥ്യം അറിയാമെന്നിരിക്കെ അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതും ഇവിടെ അവാസ്തവമായിട്ടുള്ള കാര്യങ്ങൾ പറയുന്നതും ഓർഡറിലാണോ?

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ചുപറയാം. *

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവു പ്രകാരം (ഫ.നമ്പർ 1216/ഇ.ബി/2021/നി.സെ. തീയതി 16-1-2021) സഭാ രേഖകളിൽ നിലനിർത്തി.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പാർലമെന്റിൽ നിങ്ങൾ ഒന്നും ചെയ്തില്ല. ഇടതുപക്ഷം മുൻകയ്യെടുത്തപ്പോൾ രാജ്യസഭയിൽ നിങ്ങളുടെ ഇന്നത്തെ അഖിലേന്ത്യാ നേതൃത്വത്തിനെതിരായി വിമർശനമുന്നയിക്കുന്ന ചില പാർലമെന്റംഗങ്ങൾ കൂടെ നിന്നുവെന്ന കാര്യം ശരിയാണ്. നിങ്ങൾ എന്തിന് ആ കാർഷിക നിയമത്തെ എതിർക്കണം? നിങ്ങളുടെ പ്രകടനപത്രികയിലെ പേജ് 17-ൽ പറയുന്നത്, "Congress will repeal the Agricultural Produce Market Committees Act and make trade in agricultural produce - free from all restrictions." എന്നാണ്. പേജ് 18-ൽ "Essential commodities Act 1955 belongs to the age of controls. Congress promises to replace the Act by an enabling law...." എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനെ ആസ്പദമാക്കിയാണ് ബി.ജെ.പി. പുതിയ കാർഷിക നിയമം കൊണ്ടുവന്നത്. ആ നിയമത്തെപ്പറ്റി നിങ്ങൾ എന്തുപറയുന്നു? ഞാൻ പറഞ്ഞുവരുന്നത്, കേരളത്തിൽ പ്രതിപക്ഷം നിർവ്വഹിക്കുന്ന ഒരു ധർമ്മമുണ്ട്. നിങ്ങളെ പരാജയത്തിലേയ്ക്ക് നയിക്കുന്നത് അതാണ്. നിങ്ങളെ ഞങ്ങൾ പരാജയപ്പെടുത്തും, രാഷ്ട്രീയപരമായി അത് വേറെ വിഷയം. നിങ്ങളൊരു മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിക്കുന്നിടത്തോളം കാലം നിങ്ങൾ രാഷ്ട്രീയപരമായി ഉന്മൂലനം ചെയ്യപ്പെടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ ഇവിടെ നിങ്ങൾ എന്താണ് ചെയ്യുന്നത്? നമ്മുടെ നാട്ടിൽ ഒരു ജനാധിപത്യ വ്യവസ്ഥയിൽ പ്രതിപക്ഷത്തിനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുമൊക്കെ മഹത്തായ ഒരു സ്ഥാനമുണ്ട്. അതെല്ലാം കളഞ്ഞുകുളിച്ച് ചരിത്രത്തിലാദ്യമായി രാഷ്ട്രീയമായ ധാർമ്മികതയോ സത്യസന്ധതയോ തത്വദീക്ഷയോ ഇല്ലാതെ, അതൊന്നും തൊട്ടുതീണ്ടിയിട്ടില്ലാത്ത നിലയിൽ നേരും നെറിയുമില്ലാത്തൊരു നിലപാട് സ്വീകരിച്ചൊരു പ്രതിപക്ഷ സംഘമാണിത്. ഇ.എം.എസ്-ഉം കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും സഖാവ് വി. എസ്. അച്യുതാനന്ദനുമുൾപ്പെടെ ഒരുപാട് പ്രതിപക്ഷനേതാക്കളെ ഓരോ ഭരണകാലത്തും കണ്ടിട്ടുണ്ട്. അവരെല്ലാം ഭരണപക്ഷത്തെ വിമർശിക്കാറുണ്ട്. പക്ഷെ, എല്ലാ ആളുകളും ഒരു പ്രതിപക്ഷത്തിന്റെ സർഗാത്മകമായ പങ്ക് അവരാൽ കഴിയുംവിധം നിർവ്വഹിക്കാൻ ശ്രമിച്ചുവന്ന ആൾക്കാരായിരുന്നു. പക്ഷെ ഇവിടെ നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ അതിൽനിന്നെല്ലാം വ്യത്യസ്തമാണ്. ഒരു ശത്രുരാജ്യത്തോടുപോലും സ്വീകരിക്കാത്തൊരു സമീപനം, സർക്കാരിനോട് മാത്രമല്ല സമൂഹത്തോടാകെ നിങ്ങൾ സ്വീകരിക്കുകയാണ്. അതിനെയാണ് ജനങ്ങൾ തിരസ്കരിച്ചത്. മഹാപ്രളയമുണ്ടായപ്പോൾ നാടാകെ ഒറ്റക്കെട്ടായി നിന്നപ്പോൾ സ്വന്തം അണികളോടും, മുമ്പിവിടെ ഉണ്ടായിരുന്ന ഒരു എം.എൽ.എ., ഇപ്പോൾ എം.പി. ആയിട്ടുള്ള ഒരാൾ, വിദേശത്തുപോയി പ്രവാസികളുടെ മീറ്റിംഗ് വിളിച്ച് അവരോടും

പറഞ്ഞത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഭാഗമായ പ്രളയ പുനർനിർമ്മാണ നിധിയിലേയ്ക്ക് ഒരു ചില്ലിക്കാശുപോലും കൊടുക്കരുതെന്നല്ലേ; നിങ്ങളുടെ അനുയായികളായ സംഘടനക്കാരെക്കൊണ്ട് ആറു ദിവസത്തെ ശമ്പളം മാറ്റിവയ്ക്കണമെന്ന ഉത്തരവ് കത്തിച്ചില്ലേ? എത്രമാത്രം മനുഷ്യത്വരഹിതമായ സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്; അതുപോലെതന്നെ ഇനിയും പ്രളയം വന്നാൽ ഈ സർക്കാരിനെ പ്രതിസന്ധിയിലാഴ്ത്താൻ കഴിയുമെന്ന് കരുതി കാത്തിരിക്കുന്ന കാരണവൻമാർ നിങ്ങളുടെ നേതാക്കൾക്കിടയിലില്ലേ? ഇവിടെയുമില്ലേ, അങ്ങനെ പ്രതീക്ഷ അർപ്പിച്ചുകൊണ്ടുള്ള പ്രതികരണങ്ങളുണ്ടായില്ലേ? അതിനുദാഹരണമാണ് ഈ അടുത്ത സമയത്ത് ബുറേവി ചുഴലിക്കാറ്റ് വീശിയടിക്കാതെ ആ സൈഡിലൂടെ മാറിപ്പോയപ്പോൾ നിങ്ങൾ നിരാശരായിപ്പോയത്. എന്തൊരു കഷ്ടമാണ്. ആ നിലയിലേയ്ക്ക് ചിന്തിക്കുന്ന ആളുകളാരെങ്കിലുമുണ്ടോ? ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന ലൈഫ് മിഷൻ പദ്ധതി, യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഉപേക്ഷിക്കുമെന്ന് പറയുകയുണ്ടായി. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉപേക്ഷിക്കില്ലെന്ന് പറയുമ്പോൾത്തന്നെ യു.ഡി.എഫ്. കൺവീനർ ഉപേക്ഷിക്കുമെന്ന് പറയുന്നു. ഏതാണ് നിങ്ങളുടെ നിലപാട്? പാവങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ. ഇന്നത്തെ ആധുനിക കാലത്തെ സാങ്കേതിക വിദ്യാവികാസത്തിന്റെ കാലത്ത് കൊടുക്കാൻ ഉദ്ദേശിക്കുന്ന 'കെ-ഫോൺ' പദ്ധതി, നിങ്ങൾ അധികാരത്തിൽവന്നാൽ ഉപേക്ഷിക്കുമെന്ന് പറയുന്നു. അത് ആരെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണ്, റിലയൻസിന് മാത്രമേ അത് സന്തോഷം നൽകുകയുള്ളൂ. 'കെ-റെയിൽ' പദ്ധതി ഉപേക്ഷിക്കുമെന്ന് പറയുന്നു. ഇതാണ് നിഷേധാത്മക രാഷ്ട്രീയമെന്ന് പറയുന്നത്. പ്രതിപക്ഷത്തിന്റേത് നിഷേധാത്മക രാഷ്ട്രീയമാകരുത്. കെ-റെയിൽ പദ്ധതി ഉപേക്ഷിക്കുമെന്ന് ശ്രീ. കെ. മുരളീധരൻ പ്രസ്താവനയിറക്കിയിട്ടുണ്ട്. ഇന്ത്യയിലാകമാനം നിങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ രാഷ്ട്രീയപ്രേരിതമായ അഴിഞ്ഞാട്ടങ്ങളുടെ ഇരകളാണ്. പക്ഷെ, ഇവിടെ നിങ്ങൾ അവരോടൊപ്പം ചേർന്നുകൊണ്ട് ഞങ്ങളെ വേട്ടയാടാൻ ശ്രമിച്ചു, അത് നാട്ടുകാർക്ക് മനസ്സിലായി. കേരളത്തിലാകെ ഈ നാടിന്റെ ചരിത്രത്തിൽ ഒരു കാലത്തുമില്ലാത്തവിധം വൻ വികസനക്കുതിപ്പിന് കളമൊരുക്കിയ വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കിയ, നമുക്ക് പിൻബലമേകിയ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) എന്നുപറയുന്ന ആ മെക്കാനിസത്തെ തുലയ്ക്കാൻ നിങ്ങൾ നടത്തിയ സമരം, അതിനെതിരെ സംഘ്പരിവാർ നേതാവായ രഞ്ജിത് കാർത്തികേയൻ എന്ന വിദ്വാൻ കേസ് കൊടുത്തപ്പോൾ അതിന്റെ വക്കാലത്തുമായി പോയത് മാത്യൂ കുഴൽനാടൻ എന്ന കെ.പി.സി.സി. ജനറൽ സെക്രട്ടറിയല്ലേ? ഈ നാടിനെ തുലയ്ക്കാൻ

ആ വക്കാലത്തുമായി പോകാൻ നിങ്ങൾക്ക് നാണമുണ്ടോ; ഇതാണോ പ്രതിപക്ഷ ധർമ്മം? ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. നിങ്ങൾ നിഷേധാത്മകമായി കാണിക്കുന്ന സമീപനത്തിന്റെ മറ്റൊരു ഉദാഹരണം പറയാം. ഇന്ന് നിങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നു. ചാനലുകളെല്ലാം ചർവ്വിതചർവ്വണം ചെയ്ത കാര്യമാണ്, എന്ത് അടിയന്തര പ്രാധാന്യമാണുണ്ടായത്; അതിൽ എന്ത് പുതിയ കാര്യം നിങ്ങൾ പറഞ്ഞു? എന്നിട്ട് അതിന്റെ ഭാഗമായി നിങ്ങൾ കുറെ ആക്ഷേപങ്ങൾ പറഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അതെല്ലാം നിങ്ങൾക്കു വ്യക്തമായല്ലോ. പക്ഷെ അതിന്റെ പശ്ചാത്തലത്തിൽ ഞങ്ങളത് ചോദിക്കണമെന്ന് ആഗ്രഹിച്ചതല്ല. ശ്രീ. പി. ടി. തോമസിനെ ക്കൊണ്ടാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് അത് ചെയ്തത്.

ഇവിടെ സ്വർണ്ണക്കള്ളക്കടത്തുകാരിയായ സ്വപ്ന സുരേഷിനെപ്പറ്റി പറഞ്ഞിരുന്നു. ഞാൻ ചോദിക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടാണ്. അങ്ങ് സംസാരിക്കുമ്പോൾ ഇതിന് വ്യക്തമായ മറുപടി പറയണം. അങ്ങ് ഒരുക്കിയ ഒരു ഇഫ്താർ വിരുന്നിലേയ്ക്ക് ഈ കള്ളക്കടത്തുകാരിയെ ക്ഷണിച്ചിരുന്നോ; അവർ പങ്കെടുത്തിരുന്നോ? അങ്ങ് സ്വപ്ന സുരേഷുമൊരുമിച്ച് വിരുന്നൂട്ടുന്ന ഒരുപാട് ചിത്രങ്ങളും വീഡിയോകളും സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കുന്നുണ്ട്. ആ ചിത്രത്തിന്റെ വസ്തുത എന്താണ്? അങ്ങനെ ക്ഷണിച്ചുവരുത്തി വിരുന്നൂട്ടാൻ മാത്രമുള്ള എന്ത് ബന്ധമാണ് നിങ്ങൾക്കിടയിലുള്ളത്? അതുപോലെ അവർ ഒരു നറുക്കെടുപ്പ് പരിപാടിയിലേയ്ക്ക് ക്ഷണിച്ചിരുന്നു, അവിടേയും പോയി, അവരിൽ നിന്നും ഒരു വാച്ച് സമ്മാനമായി വാങ്ങി. ആ സ്വപ്നവാച്ച് ഇപ്പോൾ എവിടെയാണുള്ളത്; അങ്ങയുടെ കയ്യിലുണ്ടോ അതോ മറ്റാർക്കെങ്കിലും സമ്മാനമായി കൊടുത്തോ; ആ നിലയിലുള്ള ബന്ധമെന്താണുള്ളത് പറയരുതോ? ഞങ്ങളാരും കുടുംബാംഗങ്ങളെക്കുറിച്ചൊന്നും സംസാരിക്കാറില്ല. നമ്മുടെ ഇത്തരം രാഷ്ട്രീയ സംവാദങ്ങളിൽ ഒരു തരത്തിലും ഭാഗഭാക്കാകാത്ത കുടുംബാംഗങ്ങളെ വലിച്ചിഴയ്ക്കുന്ന സംസ്കാരശൂന്യമായ രീതി നിങ്ങളുടെ പക്ഷത്തുള്ളതാണ്. അതിൽ ശ്രീ. പി. ടി. തോമസ് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ഒരു ചർച്ച നടന്നപ്പോൾ ചിലർ ഓരോ എം.എൽ.എ.-മാരുടെയും പേര് വിളിച്ചിട്ട്, 'എൽ.ഡി.എഫ് വരും, എല്ലാം ശരിയാകും'-മെന്ന മുദ്രാവാക്യത്തെ സൂചിപ്പിച്ചുകൊണ്ട്, നിങ്ങളുടെ ഭാര്യയുടെ കാര്യം ശരിയായില്ലേ... നിങ്ങളുടെ ഭാര്യയുടെ കാര്യം ശരിയായില്ലേയെന്ന് ചോദിച്ചു. ആ ഭാര്യമാരെ ദുഃസൂചനയോടെ സൂചിപ്പിക്കുകയാണ്. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞു. നിങ്ങളുടെ ഈ നിലയിലുള്ള സംസ്കാരശൂന്യമായ രീതി ഞങ്ങൾ സ്വീകരിക്കുന്നില്ല. നിങ്ങൾ സമ്മതിക്കുമെങ്കിൽ കുടുംബാംഗങ്ങളെപ്പറ്റി നമുക്ക് സംസാരിച്ച് തുടങ്ങാം.

ഞങ്ങൾ അങ്ങനെ പറഞ്ഞുതുടങ്ങിയാൽ നിങ്ങൾ നിലംതൊടില്ല. ശ്രീ. പി. ടി. തോമസ് നേരത്തെ ഉന്നയിച്ച വാദഗതികളുണ്ടല്ലോ, അതെല്ലാം നേരത്തെ പൊളിഞ്ഞടിഞ്ഞ വിഷയങ്ങളാണ്. ഓരോ അടിയന്തരപ്രമേയം കഴിയുമ്പോഴും ഓരോന്നും അവസാനിച്ചുകൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്. നാല് മിനിട്ട് അധികമായിരിക്കുകയാണ്.

3.00 PM]

ശ്രീ. എ. പ്രദീപ്കുമാർ: സർ, നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെ സ്വർണ്ണ കള്ളക്കടത്തുമായി ബന്ധിപ്പിച്ച് ഖുർആൻ-നിലൂടെ കൊണ്ടുവന്നു എന്നു നിങ്ങൾ പറയുകയുണ്ടായി. എന്നിട്ടെന്തായി; ഒരു സിനിമയിൽ ശ്രീ. ഇന്നസെന്റിന്റെ കഥാപാത്രം 'തോന്നയ്ക്കൽ പഞ്ചായത്തിലെ എല്ലാ വീടുകളും ഞാൻ അരിച്ചുപെറുക്കി' എന്നുപറയും പോലെ ബി.ജെ.പി. നേതാക്കളുടെ നേതൃത്വത്തിൽ, അവരുടെ ഉപദേശംകേട്ട് യു.ഡി.എഫ്.-ഉം കേന്ദ്ര അന്വേഷണ ഏജൻസികളുമെല്ലാം കുറേ ദിവസമായി ഇവിടെ എല്ലാ ഭാഗവും അരിച്ചു പെറുക്കിയില്ലേ; എന്നിട്ടെന്തായി; എന്തെങ്കിലും സംഭവമുണ്ടായോ; നിങ്ങൾക്ക് കൂട്ടിന് കുറച്ച് മാധ്യമങ്ങളുണ്ട്. ഡോ. എം. കെ. മുനീർ സാഹിബിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്താൽ അത് 'മൊഴിയെടുക്കൽ'. ഡോ. കെ. ടി. ജലീലിനെ വിളിപ്പിച്ചാൽ അത് 'ചോദ്യം ചെയ്യൽ'. ഡോ. കെ. ടി. ജലീലിനെ ചോദ്യം ചെയ്തു. ഡോ. എം. കെ. മുനീറിൽനിന്നും മൊഴിയെടുത്തു. അതാണ് മാധ്യമം. എന്താണ് സ്വതന്ത്ര മാധ്യമങ്ങൾ; ഇവരും ഈ മാധ്യമങ്ങളുമെല്ലാം ചേർന്നുകൊണ്ടാണ് ഈ സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വേട്ടയാടാൻ ശ്രമിച്ചത്. ഇത് ഇപ്പോൾ മാത്രമല്ല. ലാവ്ലിൻ കേസ്, എനിക്ക് പഴയ പേജ് ഓർമ്മയുണ്ട്. ഇതേ ഭാഷ ഉപയോഗിച്ചുകൊണ്ട് അന്നും പറഞ്ഞു. കുടുംബാംഗങ്ങളെ ഒരടിസ്ഥാനവുമില്ലാതെ ബന്ധിപ്പിക്കുന്ന സംസ്കാരശൂന്യമായ നിങ്ങളുടെ രാഷ്ട്രീയം ഈ സഭയ്ക്ക് മാത്രമല്ല, നാടിനാകെ അപമാനകരമാണ്. അതിനെ ജനങ്ങൾ തിരസ്കരിച്ചുയെന്നുള്ളതാണ് ഈ തെരഞ്ഞെടുപ്പ് ഫലത്തിലൂടെ വന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ വിജയത്തെ സംബന്ധിച്ച് ആശങ്കപ്പെട്ടിട്ട് കാര്യമില്ല. ആ വിജയരഥം ഇനിയും ഉരുളും. അപ്പോൾ നിങ്ങൾ രാഷ്ട്രീയമായി ചതഞ്ഞരഞ്ഞ് നിലംപരിശാകും. അതാണ് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ കാണാൻ പോകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. സക്കറിയയുടെ 'ഭാസ്കരപട്ടേലരും എന്റെ

ജീവിതവും' എന്ന പ്രശസ്തമായൊരു നോവലുണ്ട്. 'വിധേയൻ' എന്നൊരു സിനിമ ഇതിനെ അധികരിച്ചുകൊണ്ട് ശ്രീ. അടൂർ ഗോപാലകൃഷ്ണൻ നിർമ്മിക്കുകയുണ്ടായി. ഭാസ്കരപട്ടേലരെന്ന ജന്മിയുടെ അടിമയും വിധേയനുമായി മാറിയ തൊമ്മിയുടെ കഥയാണത്. ഭാസ്കരപട്ടേലരും കുറേ തൊമ്മിമാരുമാണ് ഈ സർക്കാരിലുള്ളത്. മന്ത്രിസഭാ യോഗത്തിൽപ്പോലും തിരിച്ച് ഒരക്ഷരം പറയാൻ ത്രാണിയില്ലാത്ത തൊമ്മിമാരായ മന്ത്രിമാർ. ഈ പട്ടേലർമാരെയും തൊമ്മിമാരെയും വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അടിച്ചിറക്കുമെന്ന കാര്യത്തിൽ തർക്കംവേണ്ട. ഇവിടെ കേരളം കണ്ടുകൊണ്ടിരിക്കുന്നത്, there is only one man here. ഒരാൾ മാത്രം. മറ്റാരുമില്ലാത്ത കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

അഴിമതിയിൽ മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തെ നേട്ടങ്ങളാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ പറഞ്ഞത്. ബഹുമാന്യനായ ഗവർണർ പറഞ്ഞ ഏതെങ്കിലുമൊരു കാര്യം അഞ്ച് വർഷത്തിനുള്ളിൽ നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ആദിവാസികൾക്ക് ഒരേക്കർ ഭൂമി നൽകും, 3000 കോടി രൂപയുടെ തീരദേശ പാക്കേജ്, 5000 കോടി രൂപയുടെ ഇടുക്കി പാക്കേജ്, 3400 കോടി രൂപയുടെ കുട്ടനാട് പാക്കേജ്, 2000 കോടി രൂപയുടെ വയനാട് പാക്കേജ്, 5000 ഏക്കറിൽ ഇൻഡസ്ട്രിയൽ പാർക്ക്, ഐ.ടി., ബയോടെക്നോളജി, ടൂറിസം മേഖലയിൽ 10 ലക്ഷം പേർക്ക് തൊഴിൽ, കൃഷി, നിർമ്മാണം, ചെറുകിട വ്യവസായ മേഖലകളിൽ 15 ലക്ഷം പേർക്ക് തൊഴിൽ, മറ്റ് സംസ്ഥാനങ്ങളിൽപോയി സ്ഥലം പാട്ടത്തിനെടുത്ത് കശുവണ്ടി കൃഷി ആരംഭിക്കും, മലയോര ഹൈവേയ്ക്ക് 3500 കോടി രൂപ, തിരുവനന്തപുരത്ത് ലൈറ്റ് മെട്രോയ്ക്ക് 4219 കോടി രൂപ, കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് 2509 കോടി രൂപ, വ്യവസായ പാർക്കുകൾക്ക് 6700 ഏക്കർ ഭൂമി. ഇങ്ങനെ പോകുകയാണ്. എല്ലാം പറയാൻ എനിക്ക് സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. നാല് തവണ അദ്ദേഹത്തെക്കൊണ്ട് പറഞ്ഞ കാര്യങ്ങൾ വീണ്ടുംവീണ്ടും പറയിക്കുന്നുവെന്നല്ലാതെ പുതിയതായി ഒരു കാര്യവും പറയുന്നില്ല. പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നുമില്ല. വാഗ്ദാനങ്ങളെല്ലാം നിറവേറ്റിക്കഴിഞ്ഞു, ഇനി പത്തിരുപതെണ്ണമേ ബാക്കിയുള്ളൂയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയുന്നത്. ഞാൻ വായിച്ചതെല്ലാം ബഹുമാനപ്പെട്ട ഗവർണർ നൽകിയ വാഗ്ദാനങ്ങളാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ നടപ്പാക്കാത്ത കാര്യങ്ങൾ പറയാം. ജനങ്ങളെ പറ്റിക്കുന്നതിന് ഒരു പരിധിയുണ്ട്. ഞങ്ങൾ എല്ലാ വാഗ്ദാനങ്ങളും നടപ്പാക്കിക്കഴിഞ്ഞു. ഇനി ബാക്കിയൊന്നുമില്ല. അതുകൊണ്ട് ഇനി പുതിയത് കണ്ടെത്തിക്കൊണ്ടിരിക്കുകയാണ് എന്നാണ്. 100 ദിന പരിപാടി, 10 ദിന പരിപാടി എന്നിങ്ങനെ. ഓരോ 100 ദിന പരിപാടികളിങ്ങനെ പ്രഖ്യാപിക്കുകയാണ്. പ്രഖ്യാപനങ്ങളല്ലാതെ ഒന്നും നടക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

അഞ്ച് വർഷം കേരളത്തിന് പാഴായിപ്പോയി. ഇവിടെ ഏതെങ്കിലുമൊരു വൻകിട പദ്ധതി നടപ്പിലാക്കാനോ, ഏതെങ്കിലുമൊരു പുതിയ പദ്ധതി ആരംഭിച്ച് പൂർത്തിയാക്കാനോ നിങ്ങൾക്ക് കഴിഞ്ഞോ; ഈ അടുത്ത സമയത്ത് കൊട്ടും കുരവയുമായി രണ്ട് മേൽപ്പാലങ്ങളുടെ ഉദ്ഘാടനം കൊച്ചിയിൽ നടത്തി. വൈറ്റിലയിലെയും കുണ്ടന്നൂരിലെയും മേൽപ്പാലങ്ങൾ. ലോകമഹാത്ഭുതംപോലെ ഈ പാലങ്ങളുടെ ഉദ്ഘാടനം നടന്നു. പരസ്യ പ്രളയവും കണ്ടു. മേൽപ്പറഞ്ഞ രണ്ട് മേൽപ്പാലങ്ങളും ഈ സർക്കാർ ആവിഷ്കരിച്ചതല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി കൊടുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് Special Purpose Vehicle രൂപീകരിച്ച് Kerala Road Fund Board-ന് പ്രാഥമിക ചെലവുകൾക്കുള്ള തുക അനുവദിക്കുകയും ചെയ്തതാണ്. അപ്പോൾ തെരഞ്ഞെടുപ്പ് വന്നു. അഞ്ചുവർഷം നീട്ടിക്കൊണ്ടുപോയി എന്നല്ലാതെ മറ്റൊരു നേട്ടവും നിങ്ങൾക്കുണ്ടാക്കാൻ കഴിഞ്ഞില്ല. ആഘോഷം നടത്തിയതിൽ തെറ്റില്ല. കാരണം, സ്വന്തമായി ഒന്നുമില്ലാത്തപ്പോൾ മറ്റുള്ളവർ തുടങ്ങിവച്ച പദ്ധതികളെങ്കിലും പൂർത്തീകരിക്കാൻ കഴിയുന്നു എന്നുള്ളതിലാണ് നിങ്ങൾക്കാശ്വാസം. യു.ഡി.എഫ്. ഗവൺമെന്റ് 245 പാലങ്ങളാണ് അഞ്ച് വർഷംകൊണ്ട് നിർമ്മിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച വിഴിഞ്ഞം പദ്ധതി പൂർത്തിയാകേണ്ട സമയം കഴിഞ്ഞു. പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിനുവേണ്ടി പ്രത്യേകം ഒരു മന്ത്രിതന്നെയുണ്ട്. ആ പാവം മന്ത്രിക്ക് ഇതിനെക്കുറിച്ച് ഇതുവരെ മനസ്സിലായിട്ടില്ലെന്നതാണ് സത്യം. 2015 ഡിസംബർ 5-ന് പണി ആരംഭിച്ചു. 2019 ഡിസംബർ 3-ന് പണി പൂർത്തിയാക്കേണ്ടതായിരുന്നു. അതും കഴിഞ്ഞ് ഇപ്പോൾ ഒരു വർഷവും ഒരു മാസവുമായി. വിഴിഞ്ഞം തുറമുഖം പഴയതുപോലെ നിൽക്കുന്നു. ഒരു മാറ്റവും ഉണ്ടായിട്ടില്ല. പാവം ബഹുമാന്യനായ തുറമുഖ വകുപ്പുമന്ത്രി ഒന്നും അറിയുന്നില്ല. ആകെ നടന്നതെന്താണ്; ഈ ഗവൺമെന്റ് അതുസംബന്ധിച്ചൊരു ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. 1.3 കോടി രൂപ ചെലവാക്കി.

കണ്ണൂർ വിമാനത്താവളവും കൊച്ചി മെട്രോയുമാണ് ഉദ്ഘാടനം ചെയ്ത രണ്ട് പദ്ധതികൾ. അതിന്റെ പിതൃത്വം ഈ സർക്കാരിനല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗെയിൽ പദ്ധതിയെക്കുറിച്ച് എപ്പോഴും പറയും. ഈ ഗെയിൽ പദ്ധതി മുടക്കിയത് ആരായിരുന്നു; 'ഭൂമിക്കടിയിലെ ബോംബാണ്' എന്നുപറഞ്ഞ് ശ്രീ. പി. രാജീവ് എക്സ്. എം.പി. അടക്കമുള്ളവർ നടത്തിയ സമരങ്ങൾ നമ്മളാരും മറന്നുപോകരുത്. താമരശ്ശേരിയിൽ ഈ സമരത്തിനെ എതിർത്ത് അവിടത്തെ എം.എൽ.എ. ഉൾപ്പെടെയുള്ളവർ നടത്തിയ സമരത്തെ മറന്നുപോകരുത്. ഗെയിൽ പൈപ്പ് ലൈൻ മുടക്കിയ ആളുകൾതന്നെ ഇപ്പോഴത് നടപ്പാക്കാൻ വരുന്നത് കാലത്തിന്റെ വൈപരീത്യമാണ് എന്നുതന്നെ കാണേണ്ടിയിരിക്കുന്നു.

തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ നടപ്പാക്കുമെന്ന് പറഞ്ഞു. എന്നാൽ ശ്രീ. ഇ. ശ്രീധരനെ ഓടിച്ചുവിട്ടു. തുടങ്ങാൻപോലും നിങ്ങൾക്ക് കഴിഞ്ഞില്ല. തീരദേശ ഹൈവേയും മലയോര ഹൈവേയും ആണ് 2016-ലെ ഗവർണ്ണറുടെ പ്രസംഗം മുതൽ കേൾക്കുന്നത്. മലയോര ഹൈവേയുടെ 37 റീച്ചിൽ 7 റീച്ച് മാത്രമാണ് ഇപ്പോൾ പണി നടക്കുന്നത്. ഇങ്ങനെ ഓരോന്നും എടുത്തുനോക്കിയാൽ ഈ സർക്കാരിന് എടുത്തുപറയാനുള്ള എന്ത് നേട്ടമാണെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. എന്ത് വികസന പദ്ധതികളാണ് നിങ്ങൾ ചെയ്തത്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത വൻകിട പദ്ധതികളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ ഗവൺമെന്റിന് പുതിയ പദ്ധതികളുടെ ഒരു പേരുപോലും പറയാൻ കഴിയില്ലെന്നതാണ് സത്യം. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് 'ഞങ്ങൾ എല്ലാം പാലിച്ചിരിക്കുന്നു' എന്നുള്ളൊരു പുകമറയുണ്ടാക്കാനാണ് മുഖ്യമന്ത്രി എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ നേരിയ ഒരു വിജയമുണ്ടായപ്പോൾ ഈ സർക്കാരിന്റെ എല്ലാ അഴിമതികളും തുടച്ചുനീക്കപ്പെട്ടു എന്നാണ് അദ്ദേഹം പറയുന്നത്. അത് മാഞ്ഞുപോകില്ല, ഈ സർക്കാർ കാണിക്കുന്ന അഴിമതിയും കൊള്ളയും ജനമധ്യത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കേരള രാഷ്ട്രീയം തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ ശരിയായ നിലയിൽ പ്രതിഫലിച്ചിട്ടില്ലെന്നുള്ളത് സത്യമാണ്. ഒരു തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പാകുമ്പോൾ, പ്രാദേശിക പ്രശ്നങ്ങളും പ്രാദേശിക കാര്യങ്ങളും പ്രാദേശിക വികാരങ്ങളും വ്യക്തിബന്ധങ്ങളും കുടുംബ ബന്ധങ്ങളുമാണ് പലപ്പോഴും പ്രതിഫലിക്കാറുള്ളത്. അത് ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കും. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന എം. ശിവശങ്കർ ജയിലിൽ നിന്നിറങ്ങി വീണ്ടും മുഖ്യമന്ത്രിയുടെ ഓഫീസിലെത്തി കള്ളക്കടത്തും തട്ടിപ്പുമൊന്നും തുടങ്ങിയിട്ടില്ലല്ലോ? സ്വപ്ന സുരേഷ് ജയിലിൽ നിന്നിറങ്ങി ബഹുമാന്യരായ മുഖ്യമന്ത്രിയുടേയും സ്പീക്കറുടേയും ഓഫീസുകളിൽ കയറിയിറങ്ങി നടന്നിട്ടില്ലല്ലോ, സ്വർണ്ണക്കടത്ത് കമ്മീഷൻ തട്ടിപ്പ് വീണ്ടും ആരംഭിച്ചിട്ടില്ലല്ലോ, മുൻ പാർട്ടി സെക്രട്ടറിയുടെ മകൻ ജയിലിൽ നിന്നിറങ്ങി മയക്കുമരുന്ന് കച്ചവടം വീണ്ടും തുടങ്ങിയിട്ടില്ലല്ലോ, ഈ സർക്കാർ ചെയ്യുന്ന അഴിമതികളെല്ലാം അതേപോലെ നിലനിൽക്കുകയാണ്. അതെല്ലാം കേരള ജനത വിസ്മരിച്ചുവെന്ന് നിങ്ങൾ കരുതരുത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി, യു.ഡി.എഫ്.-ന്റെ കരണത്ത് ജനങ്ങൾ അടിച്ചെന്ന്, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയുടെ ഇരുകരണത്തും ജനങ്ങൾ അടിച്ചുവെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ ഉൾപ്പെടെയുള്ളവരെ ജനങ്ങൾ വാരി നിലത്തടിച്ചത് അങ്ങ് മറന്നുപോകരുത്. 20-ൽ 19 സീറ്റിലും നിങ്ങൾ തോറ്റില്ലേ, പക്ഷെ ഞങ്ങൾ അഹങ്കരിച്ചില്ല. ഞങ്ങൾ

ആരുടേയും കരണത്തടിച്ചുവെന്ന് പറഞ്ഞില്ല. യു.ഡി.എഫ്.-ന്റെ അടിത്തറയിൽ വിള്ളലുണ്ടായിയെന്ന ധാരണയൊന്നും നിങ്ങൾക്ക് വേണ്ട. ഞങ്ങളൊരു കേഡർ പാർട്ടിയല്ല, ജനാധിപത്യ പാർട്ടിയാണ്. ജനാധിപത്യ പാർട്ടിക്കുണ്ടാകുന്ന പ്രയാസങ്ങൾ ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ ഭാഗത്തുനിന്നും പലപ്പോഴും റിബലുകളുൾപ്പെടെയുള്ള ആളുകൾ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിക്കാറുണ്ട്. കേരളത്തിന്റെ ചരിത്രം നോക്കിയാൽ 2010-ൽ ഞാൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന കാലഘട്ടമൊഴിച്ചാൽ ഒരിക്കലും കേരളത്തിൽ യു.ഡി.എഫ്.-ന് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതല്ല, കേരളത്തിന്റെ രാഷ്ട്രീയം പ്രതിഫലിപ്പിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ പ്രവർത്തനമോ, അഴിമതിയോ, കൊള്ളയോ ഒന്നും ജനങ്ങൾ വിലയിരുത്തിയിട്ടില്ലെന്നുള്ളത് സത്യമാണ്. തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ വർഗ്ഗീയത ഇളക്കിവിടുന്നതിനും ആളിക്കത്തിക്കുന്നതിനും ഇടതുമുന്നണി നടത്തിയ ശ്രമങ്ങൾ അങ്ങേയറ്റം അപലപനീയമാണ്. ന്യൂനപക്ഷങ്ങളെ വർഗ്ഗീയമായി തമ്മിലടിപ്പിക്കുകയും അതുവഴി ബി.ജെ.പി.യെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന രാഷ്ട്രീയം. നിങ്ങൾ ഈ കേരളത്തെ എവിടെക്കൊണ്ടെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്? മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റിൽ തുടങ്ങി, പാർട്ടി സെക്രട്ടറി ഉൾപ്പെടെയുള്ളവർ ആവർത്തിച്ചു പറയുന്നൊരു രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയം അപകടകരമാണ്. നിങ്ങൾ മുഖ്യമന്ത്രിക്കസേരയിൽ ഇരുന്നുകൊണ്ട് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ കേരള സമൂഹത്തിലുണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ എന്താണെന്ന് അങ്ങ് ചിന്തിക്കേണ്ടതായിരുന്നു. മുസ്ലീംലീഗിനെ വർഗ്ഗീയ ചായ്‌വോടെ ആക്രമിച്ചതെന്ത് ലക്ഷ്യത്തോടെയായിരുന്നു? ലീഗ് കോൺഗ്രസ്സിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നുവെന്ന് അങ്ങ് പറയുന്നു. വാസ്തവ വിരുദ്ധമായ പ്രസ്താവനയാണ്. ലീഗ് ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ്, അവർ അവരുടേതായ നിലയിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ മതസൗഹാർദ്ദം നിലനിർത്തുന്ന കാര്യത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗെന്നു പറയാൻ ഞങ്ങൾക്ക് അഭിമാനമുണ്ട്. ബാബറി മസ്ജിദിന് തകർച്ചയുണ്ടായപ്പോൾ കേരളത്തിലെ മതസൗഹാർദ്ദം നിലനിർത്താൻ പാണക്കാട് ശിഹാബ് തങ്ങളുടെ ഒരൊറ്റ പ്രസ്താവന കൊണ്ട് കഴിഞ്ഞെങ്കിൽ, കേരളത്തിലെ മതസൗഹാർദ്ദം നിലനിർത്താനും സമന്വയം നിലനിർത്താനും ഉത്തരവാദിത്വപ്പെട്ടൊരു പ്രസ്ഥാനമെന്ന നിലയിൽ അവർ പ്രവർത്തിച്ചിട്ടുണ്ട്. ഇന്ന് ബി.ജെ.പി.യെ വളർത്താനാണ് നിങ്ങൾ ശ്രമിക്കുന്നത്. കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്തി, ബി.ജെ.പി.യെ വളർത്തുക. ശബരിമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആരംഭിച്ചതാണ് അത്. നിങ്ങളുടെ ലക്ഷ്യം ബി.ജെ.പി വളരണം, കോൺഗ്രസ്സ് ദുർബ്ബലപ്പെടണം, എക്കാലത്തും അതിന്റെ പേരിൽ അധികാരത്തിൽ

ഇരിക്കാമെന്നുള്ള തെറ്റായ രാഷ്ട്രീയമാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇത് ഈ നാട് പൊറുക്കില്ല. നിങ്ങൾ പലപ്പോഴും കോൺഗ്രസ്സിനെ ദുർബലപ്പെടുത്താൻ നോക്കിയിട്ടുണ്ട്. ഞങ്ങൾക്ക് അതിൽ പരാതിയൊന്നുമില്ല. അത് രാഷ്ട്രീയമായ പോരാട്ടമാണ്. ഇന്ത്യയിലും കേരളത്തിലും കോൺഗ്രസ്സ് ഉയർച്ച താഴ്ചകളെ കണ്ടിട്ടുണ്ട്. ഞങ്ങളുടെ നേതാക്കൾ പരാജയപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സ് ഒരിക്കലും തിരിച്ചുവരില്ലെന്ന് പറഞ്ഞവരുണ്ട്. ഗ്രീക്ക് പുരാണത്തിലെ ഫീനിക്സ് പക്ഷിയെപ്പോലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തിരിച്ചുവന്ന ആവേശകരമായ ചരിത്രം ഈ രാജ്യത്തുണ്ട്. ഞങ്ങൾക്ക് ഇന്ന് പരാധീനതകളും പ്രയാസങ്ങളുമുണ്ട്. പക്ഷെ രാജ്യത്ത് ബി.ജെ.പി.യേയും ആർ.എസ്.എസ്.നേയും നേരിടാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന മതേതര ശക്തികൾക്ക് മാത്രമേ കഴിയൂ. ആ വമ്പിച്ച മുന്നേറ്റവുമായി ഞങ്ങൾ മുന്നോട്ട് പോകും. അതുകൊണ്ട് കോൺഗ്രസ്സിനെ ഇല്ലായ്മ ചെയ്ത്, ബി.ജെ.പി.യെ വളർത്തി മുന്നോട്ട് പോകുകയാണ് നിങ്ങളുടെ ലക്ഷ്യം. എന്റെ പഞ്ചായത്തിൽ 6 കോൺഗ്രസ്സ്, 6 ബി.ജെ.പി., 5 സി.പി.ഐ.(എം.). ഞങ്ങൾ ചെയ്തത് ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാൻ സി.പി.ഐ.(എം.)ന്റെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് വോട്ടുചെയ്തു. അവിടെ രാജിവയ്ക്കാൻ കഴിഞ്ഞദിവസം പറഞ്ഞിരിക്കുന്നു, കാരണം ബി.ജെ.പി അധികാരത്തിൽ വരണം. ബി.ജെ.പി.യുടെ പഞ്ചായത്ത് പ്രസിഡന്റുണ്ടാകണം. ചെന്നിത്തല പഞ്ചായത്തിൽ സി.പി.ഐ.(എം.)-ന് ഞങ്ങൾ വോട്ട് ചെയ്തത് ബി.ജെ.പി.-യെ അകറ്റി നിർത്താനാണ്. ആലപ്പുഴ ജില്ലയിലെ സി.പി.ഐ.(എം.)-ന്റെ കമ്മിറ്റി എടുത്ത തീരുമാനം, രാജിവയ്ക്കണമെന്നാണ്, കാരണം ബി.ജെ.പി. അധികാരത്തിൽ വരണം. തിരുവൻവണ്ടൂരിലും അതുതന്നെ ചെയ്തു, ആലപ്പുഴ ജില്ലയുടെ പലഭാഗത്തും അതുതന്നെ ചെയ്യുന്നു, നിങ്ങൾ ആരോടൊപ്പമാണ്? നിങ്ങളുടെ രാഷ്ട്രീയം എന്താണ്? ആരാണ് നിങ്ങളുടെ മുഖ്യശത്രു? അത് തിരിച്ചറിയാൻ കഴിയാതെ ബി.ജെ.പി.യെ സഹായിക്കുന്ന രാഷ്ട്രീയം കേരളത്തിൽ നിങ്ങളെടുക്കുന്നുവെന്നുള്ള താണ് ഏറ്റവും അപമാനകരമായ ഒരു സംഭവ വികാസം. അഴിമതി ലവലേശം തീണ്ടാത്ത സർക്കാരാണെന്നാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. മൂക്കറ്റം അഴിമതിയിൽ മുങ്ങിത്താഴുമ്പോൾ എങ്ങനെ അത് പറയാൻ കഴിയും.

ഞാനൊരു അഴിമതി ആരോപണം എഴുതി ഉന്നയിക്കുന്നുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ 12-1-2021-ലെ കെ.എസ്.ബി.സി./ എഫ്.എം/252/2020-21 നമ്പർ കത്തുപ്രകാരം ബിവറേജസ് കോർപ്പറേഷൻ ഡിസ്റ്റിലറികൾക്ക് വിതരണം ചെയ്യുന്ന മദ്യത്തിന്റെ വിലയിൽ 7% വർദ്ധനവ് അനുവദിച്ചിരിക്കുകയാണ്. ഡിസ്റ്റിലറി ഉടമകളുമായി നടത്തിയ

ഗൂഢാലോചനയെത്തുടർന്നാണ് ഈ ഭീമമായ വർദ്ധനവുണ്ടാക്കിയിരിക്കുന്നത്. ഇത്തരത്തിൽ മദ്യത്തിന്റെ മാക്സിമം താങ്ങുവില ഉറപ്പുവരുത്താൻ ഈ സർക്കാരിന് എന്ത് ഉത്സാഹമാണ്? ഈ കാര്യത്തിലെങ്കിലും എൽ.ഡി.എഫ്. സർക്കാരിന് നമ്പർ വൺ പദവി അവകാശപ്പെടാൻ കഴിയും. എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ വില 47 രൂപയുണ്ടായിരുന്ന അവസരത്തിൽപോലും 2012-ൽ വി. എസ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആ ഫയൽ അടുത്ത ഗവൺമെന്റ് പരിശോധിക്കട്ടെയെന്നുപറഞ്ഞ് മാറ്റിവച്ചു. ഫയലിൽ, അന്നത്തെ യു.ഡി.എഫ്. സർക്കാർ 400 രൂപയിൽ താഴെ ബേസിക് വാല്യു വരുന്ന വൻകിട മദ്യത്തിന് 6%-ഉം അതിനുമുകളിൽ വരുന്ന മദ്യത്തിന് 4%-ഉം മാത്രമാണ് വില വർദ്ധിപ്പിച്ചു നൽകിയത്. ഇതിനെതിരെ കടുത്ത വിമർശനം അന്ന് നിയമസഭയിലുണ്ടായി. അന്ന് ഇതിൽ വ്യാപകമായ തോതിൽ ആരോപണമുണ്ടായി, അന്ന് ഞങ്ങൾക്കെതിരെ ആരോപണമുന്നയിച്ചവരുടെ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള ഇ.എൻ.എ. (എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ)-യുടെ വില 53 രൂപയായിരുന്നു, ഇപ്പോൾ 58 രൂപയായി. 2017-ൽ എൽ.ഡി.എഫ്. സർക്കാർ മദ്യത്തിന്റെ വില 7% വർദ്ധിപ്പിച്ചു, ഇപ്പോൾ വീണ്ടും 7% വർദ്ധിപ്പിച്ചു. മൊത്തത്തിൽ ഈ സർക്കാരിന്റെ ഭരണകാലത്ത് ഇന്ത്യയിലെ വൻകിട മദ്യ കുത്തക കമ്പനികൾക്ക് മദ്യത്തിന്റെ വില 14% വർദ്ധിപ്പിച്ചു കൊടുത്തിരിക്കുന്നു. വ്യാപകമായ അഴിമതിയാണ്. ആരെ സഹായിക്കാനാണ് ഈ വർദ്ധനവ്. വൻകിട മദ്യ കമ്പനിയായ United Spirits Limited എന്ന ഒറ്റ കമ്പനിമാത്രം കേരളത്തിൽ ബിവറേജസ് കോർപ്പറേഷന് ആവശ്യമായ മദ്യത്തിന്റെ 33% സപ്ലൈ ചെയ്യുന്നു. 20 ലക്ഷം കെയ്സ് മദ്യമാണ് ബിവറേജസ് കോർപ്പറേഷന് സ്വകാര്യ ഡിസ്റ്റിലറികളും മദ്യ കമ്പനികളും ഒരുമാസം സപ്ലൈ ചെയ്യുന്നത്. ഒരു കെയ്സ് മദ്യത്തിന് 700 രൂപ അടിസ്ഥാന വിലയാക്കിയാൽപോലും 140 കോടി രൂപയുടെ വരുമാനമാണ് ഡിസ്റ്റിലറി മുതലാളിമാർക്ക് എല്ലാമാസവും ലഭിക്കുന്നത്. ഒരു വർഷത്തെ ബിസിനസ്സ് ഏകദേശം 1680 കോടി രൂപ വരും. ഇതിലാണ് 7% വർദ്ധനവ് വീണ്ടും ഈ ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. ചുരുക്കത്തിൽ 120 കോടി രൂപയുടെ അധികവരുമാനം ഒരുവർഷം ഡിസ്റ്റിലറി മുതലാളിമാർക്ക് നൽകാൻ വേണ്ടിയുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ബിവറേജസ് കോർപ്പറേഷൻ എം.ഡി.-യുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് തീരുമാനമെടുത്തത്. ഒരു തട്ടിക്കൂട്ട് സമിതിയാണ്. ഇത്രയും ഭീമമായ വർദ്ധനവിന് സർക്കാർ മുതിരുമോ, ഇതുമായി ബന്ധപ്പെട്ട് ബാക്ക് ഡോർ ചർച്ചകൾ എ.കെ.ജി. സെന്ററിലാണ് നടന്നതെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കാളിയായിരുന്നോ, ബഹുമാന്യനായ എക്സൈസ്

വകുപ്പുമന്ത്രി ഉണ്ടായിരുന്നോ, പാർട്ടി സെക്രട്ടറി ഉണ്ടായിരുന്നോ, മറുപടി പറയണം. ഇവരുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള കളിപ്പാവ മാത്രമായി ബിവറേജസ് കോർപ്പറേഷന്റെ എം.ഡി. തട്ടിക്കൂട്ടിയ കമ്മിറ്റി മാറിയിരിക്കുന്നു. ശ്രീ. ബാബു എം. പാലിശ്ശേരി 18-3-2013-ൽ ഈ നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഇത് 100 കോടി രൂപയേക്കാൾ വലിയൊരു അഴിമതിയാണെന്ന് എനിക്ക് പറയേണ്ടിവരും. ഈ ഡീലുകൾക്ക് ആരാണ് ചുക്കാൻ പിടിക്കുന്നത്? ഇവിടെ മദ്യക്കമ്പനികൾക്കും മദ്യ കുത്തകകൾക്കും 7% വർദ്ധനവ് കൊടുക്കുന്ന ജോലിയാണോ സർക്കാരിന് അടിയന്തരമായി ചെയ്യേണ്ടതായിട്ടുള്ളത്. തെരഞ്ഞെടുപ്പ് അടുക്കുമ്പോഴുള്ള ഫണ്ട് റെയ്സിംഗിന്റെ ഭാഗമാണിതെന്നുള്ള ആരോപണമാണ് ഉയർന്നുവന്നിരിക്കുന്നത്. വൻകിട ഡിസ്റ്റിലറി ഉടമകളും സർക്കാരും ചേർന്നുകൊണ്ടുള്ള ഒരു വൻ അഴിമതിയാണ് ഇവിടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഇപ്പോഴത്തെ അടിയന്തര ആവശ്യം ഇതാണോ? രണ്ടുഘട്ടങ്ങളിലായി മദ്യവില 14% വർദ്ധിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് അധികാരത്തിന്റെ ഇടനാഴികളിൽ നിന്നും നമുക്ക് കേൾക്കാൻ കഴിയുന്നത്. അനാവശ്യമായ ഈ വർദ്ധനവ് അടിയന്തരമായി പിൻവലിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനവും നടത്തിയിട്ടില്ല, അങ്ങനെയല്ലെങ്കിൽ പറയട്ടെ. ബിവറേജസ് കോർപ്പറേഷൻ ഏതെങ്കിലുമൊരു പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച റിപ്പോർട്ട് സഭയിൽ വയ്ക്കാമോ; മദ്യവില കൂട്ടിക്കൊടുത്തതിന്റെ അടിസ്ഥാനമെന്താണ്? നേരത്തേ 47 രൂപയായിരുന്ന ENA -യുടെ വില ഇപ്പോൾ 53 രൂപ മാത്രമായാണ് വർദ്ധിച്ചത്. അപ്പോൾത്തന്നെ ഇത്രയും വലിയൊരു വർദ്ധനവ് ഇന്ത്യയിലെ സ്വകാര്യ-കുത്തക മുതലാളിമാർക്ക് കൊടുക്കുന്നതിന്റെ ആവശ്യമെന്താണ്? ഗുരുതരമായ അഴിമതി ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നുവെന്നത് ഇതിൽനിന്നും വ്യക്തമാണ്, ഇതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കാൻ തയ്യാറാകണമെന്നുകൂടി ഞാൻ ആവശ്യപ്പെടുന്നു. ഇതൊരു തെറ്റായ നടപടിയാണ്, ജനങ്ങളെ വെല്ലുവിളിക്കുന്ന നടപടിയാണ്. പാവപ്പെട്ടവർക്ക് കുടിവെള്ളം കൊടുക്കുക, റോഡ് നിർമ്മിക്കുക, സാധുക്കൾക്ക് സഹായം നൽകുക തുടങ്ങിയവയാണ് കേരളത്തിന്റെ അടിയന്തര ആവശ്യം, അല്ലാതെ മദ്യക്കമ്പനികൾക്ക് 14% വർദ്ധനവുണ്ടാക്കിക്കൊടുക്കുന്ന നടപടിയെടുക്കുകയല്ല ചെയ്യേണ്ടത്. ഈ നടപടി പിൻവലിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VIII വ്യക്തിപരമായ വിശദീകരണം (ചട്ടം 288 പ്രകാരം)

### മദ്യത്തിന്റെ വില വർദ്ധനവ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം ഒരു അഴിമതി ആരോപണംകൂടി ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹം തുടർന്നുവരുന്ന ആരോപണങ്ങളുടെ ഒരു തുടർച്ചയാണിത്. ഇക്കാര്യങ്ങളിൽ ജനങ്ങൾ എങ്ങനെ പ്രതികരിക്കുമെന്നുള്ളത് നമ്മുടെ നാട് തെളിയിച്ചുകഴിഞ്ഞു. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഡയറക്ടർ ബോർഡാണ്. യു.ഡി.എഫ്. ഭരണകാലത്തും അങ്ങനെ തന്നെയായിരുന്നു. മദ്യത്തിന്റെ വാങ്ങൽ വില നിശ്ചയിക്കുന്നത് വിവിധ ഘടകങ്ങൾ കണക്കിലെടുത്താണ്. അതിൽ പ്രധാനപ്പെട്ടത് അസംസ്കൃത വസ്തുവായ ENA -യുടെ വിലയാണ്. മുൻ കാലങ്ങളിൽ മദ്യത്തിന്റെ വാങ്ങൽവില കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വിവിധ ഘട്ടങ്ങളിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. 2013-ൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ 6% വില വർദ്ധിപ്പിച്ചിട്ടുണ്ട്. വിദേശമദ്യ നിർമ്മാണത്തിനുള്ള പ്രധാന ഘടകമായ Extra Neutral Alcohol-ന്റെ വില ഏകദേശം ഉത്പാദനത്തിന്റെ 79% വരുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി കേന്ദ്രസർക്കാരിന്റെ ബയോ ഫ്യൂവൽ പോളിസിയിലുണ്ടായ മാറ്റമനുസരിച്ച് പെട്രോളിൽ 10% Extra Neutral Alcohol കലർത്തണമെന്നതിനാൽ ഇതിനായി കേന്ദ്രസർക്കാർ ലിറ്റർ ഒന്നിന് 59 രൂപ 48 പൈസ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളതാണ്. ENA-യുടെ വിലയിൽ രണ്ട് വർഷക്കാലമായി 10 രൂപ മുതൽ 22 രൂപവരെ ഒരു ലിറ്ററിന് വർദ്ധിക്കുകയുണ്ടായി. ഈ കാലയളവിലൊന്നുംതന്നെ മദ്യത്തിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല. 2020-2021 വർഷത്തെ മദ്യത്തിന്റെ റേറ്റ് കോൺട്രാക്ട് വിളിച്ച അവസരത്തിൽ 18 പുതിയ കമ്പനികളുൾപ്പെടെ 113 ടെണ്ടറുകൾ ലഭിച്ചു. അതിൽ നിശ്ചിത യോഗ്യതകൾ ഇല്ലാതിരുന്ന രണ്ട് കമ്പനികളുടെ ടെണ്ടർ തള്ളുകയും ബാക്കി 111 ഓഫറുകൾ മാനദണ്ഡങ്ങളനുസരിച്ച് പരിശോധിച്ചതിൽ നിലവിലുള്ള വിലയിൽനിന്നും 20% വരെ വർദ്ധനവ് വിവിധ കമ്പനികൾ ആവശ്യപ്പെട്ടിരുന്നു. ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്, ഇതിലൊരു കമ്പനിയെയും എനിക്കറിയില്ല. ഇവിടെ മദ്യക്കമ്പനിയുടെ കുറേ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ അറിവിന്റെ അടിസ്ഥാനത്തിൽ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ അത്തരം അറിവൊന്നും എനിക്കില്ല. മദ്യവില

വർദ്ധിപ്പിക്കുന്നതിനായി ഒരാളും എന്നെവന്ന് കണ്ടിട്ടുമില്ല, വകുപ്പുമന്ത്രിയെന്ന നിലയിലാണ് ഞാൻ പറയുന്നത്. അവസാനമായി വിലവർദ്ധനവ് നൽകിയിട്ട് മൂന്നുവർഷത്തിലധികമായി. ENA-യിലുണ്ടായ വിലവർദ്ധനവ് കണക്കിലെടുത്ത് മദ്യത്തിന്റെ വാങ്ങൽ വിലയിൽ 7% വർദ്ധനവ് വരുത്തുന്നതിന് കെ.എസ്.ബി.സി. (Kerala State Beverages Corporation Ltd.) -യുടെ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ വർദ്ധനവുകൊണ്ട് ലഭിക്കുന്ന തുകയുടെ 90% നികുതിയായാണ് കണക്കാക്കുന്നത്. 1% കോർപ്പറേഷന് ലാഭവിഹിതമായും ലഭിക്കും. നിലവിലുള്ള വിൽപ്പനയുടെ കണക്കനുസരിച്ച് പ്രതിവർഷം സർക്കാരിന് 957 കോടി രൂപയും ബിവറേജസ് കോർപ്പറേഷന് 9 കോടി രൂപയുമാണ് അധികവരുമാനമായി ലഭിക്കുന്നത്. ഉപഭോക്താവ് അധികമായി നൽകേണ്ടിവരുന്ന വില 750 മില്ലി ലിറ്റർ കുപ്പിയിൽ ശരാശരി 40 രൂപയാണ്. മദ്യത്തിന്റെ വില വർദ്ധിപ്പിക്കുകയെന്നത് കാലാകാലങ്ങളായി മാറിമാറിവരുന്ന സർക്കാരുകൾ സ്വീകരിച്ച നയം തന്നെയാണ്. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഗണിച്ചാണ് വില കൂട്ടിനൽകുന്നത്. നിർമ്മാണച്ചെലവിന് ആനുപാതികമായി വില വർദ്ധിപ്പിച്ച് നൽകാതിരുന്നാൽ ഗുണനിലവാരമുള്ള മദ്യത്തിന്റെ ലഭ്യതയില്ലാതാകും. മദ്യത്തിന്റെ വിതരണത്തിലുണ്ടാകുന്ന കുറവ് വ്യാജമദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും വ്യാപനത്തിന് കാരണമാകുകയും ചെയ്യും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ വലിയ കുതിപ്പ് സൃഷ്ടിച്ചിട്ടുണ്ട്. അഴിമതിരഹിതവും സുതാര്യവുമായ ഭരണനടപടികളിലൂടെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞ നാലര വർഷക്കാലത്തെ ഭരണകാലയളവിൽ സാധിച്ചിട്ടുണ്ട്. മദ്യവില വർദ്ധനയുമായി ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ ഈ വികസനക്കുതിപ്പിന് മാർഗ്ഗതടസ്സമുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന വികസനത്തിനായി ഈ ഗവൺമെന്റ് നൽകിയിട്ടുള്ള അടിസ്ഥാനശിലയ്ക്ക് കോട്ടംതട്ടാൻമാത്രം ഉദ്ദേശിച്ചിട്ടുള്ള ആരോപണങ്ങളാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിനിടയ്ക്ക് ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. ഒരു ബോട്ടിൽ മദ്യത്തിന്മേൽ 40 രൂപ വില വർദ്ധിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് 35 രൂപയും ബിവറേജസ് കോർപ്പറേഷന് 1 രൂപയും ഡീലർക്ക് 4 രൂപയുമാണ് ലഭ്യമാകുന്നത്. ഇതോരോന്നും കണക്കുകൂട്ടി വരുമ്പോൾ എത്രയാണെന്ന് നിങ്ങൾക്ക് കണക്കാക്കാം. ഇതാണ് വില വർദ്ധനവിന്റെ രീതി. നമ്മുടെ നികുതിഘടന ഇതാണ്. 40 രൂപ വർദ്ധിക്കുമ്പോൾ 35 രൂപയും നികുതിയായി മാറുകയാണ്. ഇത് എല്ലാവരും നിർബന്ധമായും വാങ്ങേണ്ട ഒരു സംഗതിയല്ലല്ലോ. ഇത്തരമൊരു

സാഹചര്യമുണ്ടാക്കിയത് ENA-യുടെ വില വർദ്ധനയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഈ പ്രശ്നം കഴിഞ്ഞ ഏതാനും മാസങ്ങൾ കൊണ്ടുണ്ടായതല്ല. കഴിഞ്ഞ മൂന്ന് വർഷക്കാലമായി പ്രസ്തുത പ്രശ്നവുമായി ബന്ധപ്പെട്ട് വില വർദ്ധനവിനുള്ള ആവശ്യം ഉടമകൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാംഅടിസ്ഥാനത്തിലാണ് മദ്യത്തിന്റെ മൊത്ത വിൽപ്പനയുമായി ബന്ധപ്പെട്ട് സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ റേറ്റ് കോൺട്രാക്ട് നിരക്കിൽ ഇപ്പോൾ വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഇത് യാഥാർത്ഥ്യബോധത്തോടെ വരുത്തിയ മാറ്റമാണ്. ഇത് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകരവുമാണ്. സാധാരണ മദ്യവ്യവസായരംഗത്ത് മുൻകാലത്തെല്ലാമുള്ള ചില അനുഭവങ്ങൾ പ്രത്യേകിച്ച്, കഴിഞ്ഞ ഭരണ നേതൃത്വത്തിലുണ്ടായിരുന്നവരുടെ മനസ്സിൽ തികട്ടി വരുന്നുണ്ടാവാം. പഴയരീതി വച്ചുകൊണ്ട് ഈ ഗവൺമെന്റിനെ അളക്കരുതെന്ന് സഭയിൽ പല ഘട്ടങ്ങളിലായി പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ രീതിവച്ച് ദയവുചെയ്ത് ഈ ഗവൺമെന്റിനെ സമീപിക്കരുത്. കഴിഞ്ഞ ഭരണകാലത്തെ ചില മന്ത്രിമാർ സ്വീകരിച്ച നിലപാടുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ മന്ത്രിമാരെ താരതമ്യപ്പെടുത്തരുത്. വസ്തുതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് നിലപാടെടുക്കേണ്ടത്. തികച്ചും ദുരുപദിഷ്ടമായ ആരോപണങ്ങളുടെ പട്ടികയിൽ ഇതുകൂടി ചേർത്തത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള നടപടിയുടെ ഭാഗമാണ്. ഗവൺമെന്റിന്റെ സത്പ്രവർത്തികളെ പുറകോട്ടടിപ്പിക്കാനാണ് ഇത്തരം ആരോപണങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ, ജനക്ഷേമ നടപടികളിൽ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള ഒരു സ്റ്റെപ്പും പിറകോട്ട് വയ്ക്കുന്നില്ല എന്നാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത്തരമൊരു ആരോപണം ഉന്നയിക്കുമെന്ന് ഒരിക്കൽപ്പോലും ഞാൻ പ്രതീക്ഷിച്ചതല്ല. ഈ ആരോപണം അടിസ്ഥാനരഹിതവും തള്ളിക്കളയേണ്ടതുമാണെന്നാണ് ഞാൻ വ്യക്തമാക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതെന്ത് ജനക്ഷേമ പ്രവർത്തനമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്; 1650 കോടിയോളം രൂപ സ്വകാര്യ കുത്തക മദ്യകമ്പനികൾക്ക് ലഭിക്കുന്നത് എന്ത് ജനക്ഷേമ പ്രവർത്തനമാണ് ബഹുമാനപ്പെട്ട മന്ത്രി? സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇ.എൻ.എ.-യുടെ വില എത്രയായിരുന്നുവെന്ന് അങ്ങ് പറയൂ, ഇപ്പോഴത്തെ വില എത്രയാണ്? 14 ശതമാനമാണ് നിങ്ങൾ വർദ്ധിപ്പിച്ചു കൊടുത്തത്. അവർ മൂന്നുവർഷമായി ആവശ്യപ്പെടും, കാരണം കൂട്ടിത്തരണമെന്നുള്ളത് അവരുടെ ആവശ്യമാണ്. അങ്ങനെ എല്ലാ ഗവൺമെന്റിന്റെയും ഭരണകാലത്ത് ഇങ്ങനെ കൂട്ടണമെന്ന് ആവശ്യപ്പെടുമോ; അനിയന്ത്രിതമായി കൂട്ടുന്നത് ശരിയാണോ? ഒരു ശാസ്ത്രീയ പഠനവും നടത്താതെ ബിവറേജസ് കോർപ്പറേഷന്റെ ഒരു തട്ടിക്കൂട്ട് കമ്പനിയുണ്ടാക്കിയ അഭിപ്രായം

അങ്ങ് പറയരുത്. അങ്ങ് ഇത് അന്വേഷിക്കണമെന്നാണ് എന്റെ അഭിപ്രായം. വളരെ ഗുരുതരമായ അഴിമതിയാണ്. പത്ത് മുന്നൂറ് കോടി രൂപ മദ്യകമ്പനികൾക്ക് ഒരു പ്രയാസവുമില്ലാതെ ലാഭമുണ്ടാക്കുന്ന വലിയൊരു അഴിമതിയാണിത്. അങ്ങ് അത് അന്വേഷിക്കണം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ ഇടയ്ക്കിടയ്ക്ക് മാറ്റി പറഞ്ഞിട്ട് കാര്യമില്ല. നേരത്തെ പറഞ്ഞതെന്താണ്; എ.കെ.ജി. സെന്ററിൽനിന്നാണ് ഇതിന്റെയെല്ലാം ഏർപ്പാട് നടത്തിയതെന്നാണ്. എന്തിനാണ് എ.കെ.ജി. സെന്ററിനെ കൂട്ടിച്ചേർത്ത് പിടിക്കുന്നത്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ ആരോപണമുന്നയിച്ച് സംസാരിച്ചപ്പോൾ ഇതാണ് പറഞ്ഞ ഒരു പ്രശ്നം. ഓരോ ആരോപണത്തിലും അദ്ദേഹം ഉറച്ചുനിൽക്കുകയല്ലേ. എത്ര കാലമായി, ഈ ഉന്നയിക്കുന്ന ആരോപണങ്ങളിലെല്ലാം അദ്ദേഹം ഉറച്ചുനിൽക്കുകയാണ്; ഒരു പ്രശ്നവുമില്ല അദ്ദേഹം ഉറച്ചുനിൽക്കട്ടെ. അതുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയില്ല. നേരത്തെ ഞാനിവിടെ നടത്തിയിട്ടുള്ള വിശദീകരണത്തിൽ ഗവൺമെന്റിന് കിട്ടുന്ന വരുമാനം എത്ര; ഉടമയ്ക്ക് കിട്ടുന്ന വരുമാനം എത്ര; അദ്ദേഹം കണക്കുകൂട്ടുന്ന കാര്യത്തിലൊന്നും എനിക്ക് മറുപടി പറയാൻ കഴിയുന്നതല്ല. അങ്ങനെ പല കണക്കുകളും പല സന്ദർഭങ്ങളിലും സഭയിൽ പറഞ്ഞിട്ടുണ്ടല്ലോ. ഞാൻ എന്റെ ഡിപ്പാർട്ടുമെന്റിന്റെ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ സംസാരിച്ചിട്ടുള്ളത്. സർക്കാരിന് എത്ര കാശ് വരുന്നുണ്ടെന്നും ഉടമയ്ക്ക് എത്ര കാശ് ലഭിക്കുമെന്നും ബിവറേജസ് കോർപ്പറേഷന് എത്ര കാശ് കിട്ടുമെന്നും ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. പതിനാല് ശതമാനം പറയുന്നുണ്ടല്ലോ. അന്ന് ഏഴുശതമാനം വർദ്ധിപ്പിച്ച സമയത്ത് പറയണ്ടേ; ഇപ്പോൾ ഏഴ് ശതമാനം വർദ്ധിച്ചിട്ടുണ്ട്. മൂന്ന് വർഷം മുമ്പാണ് ഏഴ് ശതമാനം വർദ്ധിപ്പിച്ചത്. അത് രണ്ടുംകൂടി ചേർത്തിട്ടാണ് പതിനാല് ശതമാനമെന്ന് പറയുന്നത്. അതിനുമുമ്പ് വർദ്ധിപ്പിച്ചതും കണക്ക് കൂട്ടണ്ടേ. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഇത്തരമൊരു സാഹചര്യമില്ലാതെ തന്നെ ആറ് ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടല്ലോ; അത് എന്തിന്റെ അടിസ്ഥാനത്തിലാണ്? അത് തെറ്റാണെന്നുള്ളത് ഞങ്ങൾ പറഞ്ഞിട്ടില്ല. വർദ്ധിപ്പിച്ചിട്ടില്ലേ? അതുകൊണ്ടാണോ ഇതിപ്പോൾ ഉന്നയിക്കുന്നത്. ഞാൻ അതുപോലൊരു ആരോപണം ഉന്നയിച്ചിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് ആ രീതിയിൽ പരിഗണിക്കേണ്ടതാണ്. അതുകൊണ്ട് അടിസ്ഥാനരഹിതമായ ഈ ആരോപണം തള്ളിക്കളയേണ്ടതാണ്.

## നന്ദിപ്രമേയ ചർച്ച (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തിന്റെ ചർച്ചയിൽ പ്രതിപക്ഷം എത്രമാത്രം പരിഹാസ്യമാകുന്നുവെന്നതിന്റെ തെളിവാണ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ. ഒരു കാര്യത്തെയും ഗൗരവമായി സമീപിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നാണ് കാണാൻ കഴിയുന്നത്. ഏതെങ്കിലും തരത്തിൽ ഒരു പുകമറ സൃഷ്ടിക്കാനാകുമോ എന്നാണ് പ്രതിപക്ഷം പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇവിടെ സർക്കാരിനെ അനുകൂലിച്ചും എതിർത്തും അംഗങ്ങളുടെ ഭാഗത്തുനിന്നും അഭിപ്രായ പ്രകടനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ എതിർത്തുവന്ന അഭിപ്രായങ്ങൾ സശ്രദ്ധം കേട്ടിട്ടുമുണ്ട്. ഈ സർക്കാർ ഭരണത്തിന്റെ അഞ്ചുകൊല്ലം പൂർത്തിയാകാൻ പോകുന്നു. അത്തരമൊരു ഘട്ടത്തിൽ സ്വാഭാവികമായും ഈ സർക്കാരിന്റെ പ്രവർത്തനത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം നല്ലതാണ്. അങ്ങനെ നാം നോക്കാൻ തയ്യാറായാൽ ഈ സർക്കാർ അധികാരമേറ്റ കാലഘട്ടം നമ്മുടെയെല്ലാം മനസ്സിൽ തെളിഞ്ഞുവരും. 2016, യു.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിന്റെ അവസാന നാളുകൾ, അന്നത്തെ അഴിമതി, കെടുകാര്യസ്ഥത അതൊന്നും ജനമനസ്സിൽനിന്നും പെട്ടെന്ന് മാഞ്ഞുപോകുന്ന ഒന്നല്ല. കുംഭകോണങ്ങളുടെ കുംഭമേള കേരളത്തിലെ ജനതയ്ക്ക് കാഴ്ചവച്ചതാണ് 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലം. അത്തരത്തിലാണ് അവർ അധികാരമൊഴിയുന്ന സ്ഥിതി വന്നത്. ആ കാലഘട്ടത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ, ആരോപണങ്ങൾ അതൊന്നും അക്കമിട്ട് പറയാൻ ഞാൻ തയ്യാറാകുന്നില്ല. അതിനുള്ള മറുപടിയാണ് നേരത്തെ ജനങ്ങൾ നൽകിയത്. ആ മറുപടി ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ കാര്യങ്ങൾ മറന്നുപോയിട്ടുണ്ടാകുമെന്ന ധാരണയിലാണ് ചില പ്രശ്നങ്ങളുന്നയിച്ച് അവരെ തെറ്റിദ്ധരിപ്പിക്കാനാകുമോ എന്ന് പ്രതിപക്ഷം നോക്കുന്നത്. പക്ഷേ ഉന്നയിക്കുന്ന പ്രശ്നങ്ങളെല്ലാം ഭാവനാസൃഷ്ടി മാത്രമാണെന്ന് ജനങ്ങൾ തിരിച്ചറിയുമ്പോൾ യു.ഡി.എഫ്.-ന് കൂടുതൽ തിരിച്ചടി ഉണ്ടാക്കുകയുമാണ്. എൽ.ഡി.എഫ്. പുറത്തിറക്കിയ പ്രകടന പത്രികയെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. പ്രകടന പത്രികയിലെ ഇനങ്ങൾ ഓരോന്നായി എത്രത്തോളം നടപ്പിലാക്കിയെന്നത് സംബന്ധിച്ച് ഓരോ വർഷം കൂടുമ്പോഴും ഞങ്ങൾ ജനങ്ങളുടെ മുമ്പിൽ പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ അറിയിക്കുന്നുണ്ട്. ഇത് സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധമാണ്. അത് അഞ്ചു കൊല്ലത്തിലൊരിക്കൽ പോളിംഗ് ബൂത്തിൽ പോകുമ്പോൾ മാത്രമുള്ള ഒന്നായി കാണുന്നൊരു സർക്കാരല്ലിത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷം പ്രകടനപത്രിക മറന്നുകളയേണ്ട ഒന്നാണെന്ന് കരുതുന്നുമില്ല.

അതുകൊണ്ടാണ് രാജ്യത്തിനാകെ ഏറ്റെടുക്കാവുന്ന മാതൃകയെന്ന രീതിയിൽ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിൽ സർക്കാർ അങ്ങേയറ്റം ശ്രുഷ്കാന്തി കാണിച്ചത്. പക്ഷേ ഇതൊന്നും ഇവിടെ നടക്കുന്ന കാര്യങ്ങളേയല്ല എന്നമട്ടിലാണ് സർക്കാരിനെതിരെ ദുഷ്പ്രചരണം നടത്താൻ പ്രതിപക്ഷം സന്നദ്ധമാകുന്നത്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നടത്തേണ്ട ഇടപെടലുകളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ നാം അത്തരമൊരു ഇടപെടലിനെക്കുറിച്ച് പരിശോധിക്കുമ്പോൾ ഇടപെടൽ ശേഷിയെ നിർണ്ണയിക്കുന്ന പ്രധാനഘടകം സർക്കാരിന്റെ പൊതുവായ ധനകാര്യ സ്ഥിതിയാണ്. അതിന്റെ വിശദാംശങ്ങളൊക്കെ പിന്നാലെ വരുന്ന ബഡ്ജറ്റിലുണ്ടാകുമെന്നുള്ളതുകൊണ്ട് അതൊന്നും വിശദമായി പ്രതിപാദിക്കേണ്ട കാര്യമില്ല.

നാം ശ്രദ്ധിക്കേണ്ടൊരു കാര്യം 2016-17-ൽ 7.8 ശതമാനമായിരുന്നു ഉൽപ്പാദനമേഖലയിലെ വളർച്ച. നോട്ട് നിരോധനം പിന്നാലെ വന്നു, 2017-18-ൽ അതിന്റെ പ്രത്യാഘാതം വലിയ തോതിലുണ്ടായി. അങ്ങനെയുണ്ടായിട്ടും നമ്മുടെ ഉൽപ്പാദനമേഖലയിലെ വളർച്ച 9.2 ശതമാനമായി ഉയർന്നു. ഇത് യു.ഡി.എഫ്. ഭരണകാലത്ത് 2013-14-ൽ 4.7 ശതമാനവും 2014-15-ൽ 2.9 ശതമാനവുമായിരുന്നു. എത്ര പിറകിലാണ് ഇതെന്ന് നാം ഓർക്കണം. 2014-15-ലെ 2.9 ശതമാനത്തിൽ നിന്നാണ് 2018-19-ലെ റിക്കാർഡിലേയ്ക്ക് നാം എത്തുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ ഇടപെടൽ ഫലപ്രദമായി എന്നതാണ് സാമ്പത്തിക രംഗത്തുള്ള ഈ സൂചനകൾ കാണിക്കുന്നത്.

സംസ്ഥാനത്ത് വലിയ തോതിലുള്ള ധനകാര്യ ധൂർത്ത് നടക്കുന്നുവെന്നാണ് വലിയ ആരോപണമായി ഉന്നയിച്ചത്. 2006-2011-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലയളവിൽ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 13.52 ശതമാനമായിരുന്നു. 2011-16 കാലത്ത് റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 18.07 ശതമാനത്തിലേയ്ക്ക് ഉയർന്നു. 2015-2016-ൽ യു.ഡി.എഫ്. സർക്കാർ ശമ്പളപരിഷ്കരണമുൾപ്പെടെയുള്ള ബാധ്യതകൾ ബാക്കിവച്ചശേഷമാണ് അധികാരം വിട്ടൊഴിയുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ 2018-19 വരെ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 11.95 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കണക്കുകൾ സംസാരിക്കുകയാണ്. അപ്പോൾ ധനധൂർത്ത് ഉണ്ടെന്ന വ്യാജപ്രചരണം ബോധപൂർവമായിട്ടാണെന്ന് ഇതിലൂടെ വ്യക്തമാവുകയാണ്. ആര് ഭരിച്ചാലും ഒരുപോലെയെന്ന് പറയുന്ന ചിലരുണ്ട്. അവർ കണ്ണുതുറന്ന് കാണേണ്ട മറ്റ് ചില സാമ്പത്തിക വിവരങ്ങൾ ഇതോടൊപ്പം നാം കാണേണ്ടതായിട്ടുണ്ട്. 2010-11-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം

വിട്ടപ്പോൾ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാന വളർച്ച 23.25 ശതമാനമായിരുന്നു. ഇത് യു.ഡി.എഫ്. ഭരണത്തിന്റെ ആദ്യ രണ്ട് വർഷങ്ങൾ പിന്നിട്ട് 2013-14 ആയപ്പോൾ 6.38 ശതമാനമായി ഇടിഞ്ഞു. 23.25 ശതമാനമുണ്ടായിരുന്നതാണ് 6.38 ശതമാനമായി ഇടിയുന്നത്. എത്ര വലിയ കെട്ടുകാര്യസ്ഥതയുണ്ടായാലാണ് ഇത്തരത്തിലൊരു തകർച്ച ഉണ്ടാക്കാൻ പറ്റുകയെന്നത് ഓർക്കേണ്ടതായിട്ടുണ്ട്. അതിനുശേഷം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ തനത് നികുതി വരുമാന വളർച്ച പത്ത് ശതമാനമായി. പ്രത്യേകിച്ച് ഒരു പ്രതിസന്ധിയുമില്ലാതിരുന്ന കാലമായിരുന്നു ഇത് എന്നത് നാം ഓർക്കേണ്ടതായിട്ടുണ്ട്. എന്നിട്ടും വലിയ തകർച്ച നേരിട്ടു. നോട്ടുനിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിനുശേഷമുണ്ടായ നികുതി നിരക്കിലെ കുറവ്, ഓഖി, മഹാപ്രളയം ഇങ്ങനെയെല്ലാമുള്ള പ്രതിസന്ധികൾക്കിടയിലൂടെയാണ് എൽ.ഡി.എഫ്. സർക്കാർ തനത് നികുതി വരുമാനം താഴാതെ നിലനിർത്തിയത്. എല്ലാ അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും യു.ഡി.എഫ്. ഭരണത്തിൽ വലിയ തകർച്ചയുണ്ടായി. സകലമാന പ്രതികൂല സാഹചര്യങ്ങളും ഒന്നിനുപുറകെ ഒന്നായി വന്നിട്ടും എൽ.ഡി.എഫ്. ഭരണത്തിൽ വളർച്ചയുണ്ടായി. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ ഈ ഘട്ടത്തിൽ എത്ര വലിയ കുതിപ്പാണ് ഉണ്ടായിരിക്കുന്നത്. ഇതെല്ലാം തീർത്തും അവഗണിച്ചുകൊണ്ട്, അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ലെന്ന മട്ടിലുള്ള ഒരു ചിത്രീകരണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർ ഉണ്ടാക്കാൻ നോക്കിയത്.

ദേശീയപാതാ വികസനത്തിന് സംസ്ഥാന സർക്കാർ 25 ശതമാനം ചെലവ് വഹിക്കുന്നു. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മേൽപ്പാലങ്ങൾ, നല്ല റോഡുകൾ തുടങ്ങിയവയെല്ലാം ഉണ്ടാക്കുന്നു. തീരദേശ മലയോര ഹൈവേകളുടെ നിർമ്മാണം കണ്ട ഭാവമേയില്ല. പ്രളയ സാധ്യത ഏറെയുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ സെമി എലിവേറ്റഡ് ഹൈവേ നിർമ്മിക്കാനെടുത്ത തീരുമാനത്തിലെ നടപടികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. വയനാട്, എല്ലാകാലത്തും പ്രധാന പ്രശ്നമായി നിൽക്കുന്ന അവിടത്തെ ഗതാഗത സംവിധാനത്തിന് ഒരു ബദൽ പാത എന്ന നിലയ്ക്ക് തുരങ്കപാത നിർമ്മിക്കാനുള്ള നടപടികൾ; ഇപ്പോൾ അങ്കമാലി-ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം വഹിക്കാമെന്ന വാഗ്ദത്തം, കൊച്ചി മെട്രോയുടെ സമയബന്ധിതമായ പൂർത്തീകരിക്കൽ, ഇത്തരത്തിലുള്ള എത്രയോ പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. എന്റെ കയ്യിൽ ഒരു വലിയ ലിസ്റ്റ് തന്നെയുണ്ട്. എല്ലാം എടുത്തുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല എന്നുമാത്രമേയുള്ളൂ. വേണമെങ്കിൽ അതും പറയാവുന്നതാണ്.

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് കൃത്യമായ ഇടപെടലും നടപടികളുമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ. ഇതിന്റെ സ്ഥലമേറ്റെടുക്കൽ യാഥാർത്ഥ്യമാകുന്നു. ചെറുകിട സംരംഭകർക്ക് യൂണിറ്റുകൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കാൻ നിയമനിർമ്മാണം നടത്തി. അൻപത് കോടി രൂപയിൽ താഴെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തി പദ്ധതികൾ ആരംഭിക്കാനുള്ള നടപടികൾക്ക് സൗകര്യംവരുന്നു. അൻപത് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് അവർക്കാവശ്യമുള്ള ക്ലിയറൻസുകൾ ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നൽകാനാണ് നടപടി സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടന്നുവരികയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ, അവരുടെ ഭരണകാലത്ത് നടപ്പാക്കാൻ കഴിയില്ലെന്നുകരുതി ഉപേക്ഷിച്ച ഒരു വൻകിട പദ്ധതിയാണ് ഗെയിൽ പൈപ്പ്‌ലൈൻ എന്നറിയപ്പെടുന്ന കൊച്ചി-മാംഗ്ളൂരു പ്രകൃതി വാതക പൈപ്പ്‌ലൈൻ. ഇതിവിടെ നടക്കില്ലെന്ന് കണക്കാക്കി അവർ ഉപേക്ഷിച്ച് പോകാൻ തയ്യാറായതാണ്. മലിനീകരണം ഉണ്ടാക്കാത്ത ഒരു ഇന്ധനം ലഭിക്കുന്നതുവഴി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് നിർണ്ണായകമായ മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നേതൃത്വപരമായ പങ്ക് പൊതുവെ സമൂഹം അംഗീകരിച്ചുകഴിഞ്ഞ കാര്യമാണ്. 'അത് ഞങ്ങൾ തുടങ്ങിയതാണ്' എന്ന് പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. വളരെക്കാലം മുമ്പ് ആരംഭിച്ച ഒരു പദ്ധതി, കെടുകാര്യസ്ഥതയുടെ ഭാഗമായി നടക്കാതിരുന്നതാണ്, അതിപ്പോൾ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇവിടെ എതിർപ്പിന്റെ കാര്യം പറയുന്നുണ്ടല്ലോ. കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതി സംസ്ഥാന സർക്കാർ പൂർത്തീകരിച്ച ഒരു പദ്ധതിയാണ്. ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ അതിൽ മാത്രമല്ല, ഗെയിൽ പൈപ്പ്‌ലൈൻ പ്രശ്നമായാലും ദേശീയപാതയുടെ ഭൂമിയേറ്റെടുക്കൽ പ്രശ്നമായാലും ഇതിലെല്ലാം എതിർപ്പുകൾ ഉണ്ടായിരുന്നുവെന്നുള്ളത് ശരിയാണ്. സ്വാഭാവികമായും ഭൂമിയുള്ളവരിൽ ചിലർ എതിർക്കാൻ തയ്യാറാകും. വിവിധ താൽപ്പര്യക്കാർ ആ എതിർപ്പിനോടൊപ്പം നിന്നുകൊണ്ട് അത് വളർത്താൻ നോക്കും. പക്ഷേ സർക്കാർ എന്ന നിലയ്ക്ക് ഒരു ബാധ്യതയുണ്ട്. ആ ബാധ്യത ആ എതിർപ്പിന്റെ കൂടെ നിൽക്കലല്ലായിരുന്നു. അവരെ കാര്യങ്ങൾ ധരിപ്പിച്ച് കൃത്യമായി പദ്ധതി മുന്നോട്ട് കൊണ്ടുപോകുകയായണല്ലോ വേണ്ടത്. ആ ബാധ്യത ഇവിടെ നിറവേറ്റാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞോ എന്നതാണ് പ്രശ്നം. സമൂഹത്തിന് ഏറ്റവും പ്രാധാന്യമുള്ള ഇത്തരം വൻകിട പദ്ധതികൾ, അത് ദേശീയപാത

വികസനമായാലും ഗെയിൽ പൈപ്പ്ലൈനായാലും കൊച്ചി-ഇടമൺ വൈദ്യുതി ലൈനായാലും അതൊക്കെ പൂർത്തീകരിക്കുന്ന കാര്യത്തിൽ എതിർപ്പുകാരുടെ കൂടെ നിൽക്കുകയാണോ വേണ്ടത്; ആ എതിർപ്പിന് വഴിപ്പെട്ടുകൊണ്ട് ഒന്നും ചെയ്യാനാകില്ല എന്ന നിലപാട് സ്വീകരിക്കുകയാണോ വേണ്ടത്?

സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുംകൂടി ദേശീയപാത വികസനത്തിന് 45 മീറ്റർ ഭൂമി എടുക്കാൻ സമ്മതം കൊടുത്തതല്ലേ. യു.ഡി.എഫ്. ഗവൺമെന്റാണ് അന്ന് അധികാരത്തിലിരുന്നത്. അന്നത്തെ ഭരണകാലത്ത് നടന്ന സർവ്വകക്ഷിയോഗത്തിൽ എന്റെ പാർട്ടിയെ പ്രതിനിധീകരിച്ച് പങ്കെടുത്തയാളാണ് ഞാൻ. എല്ലാവരും സമ്മതിച്ചല്ലോ. എന്നിട്ടും എന്തുകൊണ്ടാണത് ഒരിഞ്ചുപോലും മുന്നോട്ടുപോകാതിരുന്നത്? ചിലർ അതിനെ എതിർക്കാൻ തയ്യാറായി. അങ്ങനെ എതിർക്കാൻ തയ്യാറായപ്പോൾ തങ്ങളുടെ വോട്ട് നഷ്ടപ്പെട്ടുപോകുമോ എന്നുള്ള ശങ്കയിൽ അതിന്റെ അപ്പുറത്തേയ്ക്ക് പോയില്ല. കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതിയിലും ഇതുതന്നെയാണ് സംഭവിച്ചത്. ഈ സർക്കാർ നടപടികൾ സ്വീകരിച്ചു. സ്വാഭാവികമായിട്ടും ചില എതിർപ്പുകൾ വന്നു. അപ്പോൾ ഇത് നടപ്പാക്കാതെ പറ്റില്ലെന്ന് ജനങ്ങളോട് പറഞ്ഞു. അവർ പലരും അതുമായി സഹകരിക്കാൻ തയ്യാറായി. എന്നാൽ കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതിയുടെ ഒരു അനുഭവമുണ്ട്. ആ അഭ്യർത്ഥന അവർ സ്വീകരിക്കാൻ തയ്യാറായില്ല. അവർ പ്രത്യക്ഷത്തിൽ അതിനെ എതിർക്കാൻ വന്നു. എതിർക്കാൻ വന്നാൽ സർക്കാർ നടപടി സ്വീകരിക്കണം. അങ്ങനെ നടപടി സ്വീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കി. അതല്ലേ ഒരു സർക്കാർ ചെയ്യേണ്ടത്. എന്തുകൊണ്ട് യു.ഡി.എഫ്. സർക്കാരിന് പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള ഇടപെടൽ നടത്താൻ കഴിഞ്ഞില്ല; അതാണ് നിങ്ങൾ ആത്മപരിശോധന നടത്തേണ്ട കാര്യം. റായ്ഗഡ്-പുഗലൂർ-മാടക്കത്തറ പദ്ധതി ഈ മാസം പൂർത്തീകരിക്കാൻ പോകുകയാണ്. അതും നമ്മുടെ വൈദ്യുതി രംഗത്ത് മറ്റൊരു മെച്ചമുണ്ടാക്കുന്ന ഒന്നാണ്. ഇവിടെ എല്ലാ കാര്യങ്ങളും ഓരോന്നോരോന്നായി പറയാൻ ഞാൻ തയ്യാറാവുകയല്ല. പശ്ചാത്തല സൗകര്യ വികസനം ഇച്ഛാശക്തിയോടെ നടപ്പാക്കിയാലാണ് സമ്പദ്ഘടനയിൽ സ്വാഭാവികമായ വളർച്ചയുണ്ടാകുക. ഇത് പരക്കെ അംഗീകരിക്കപ്പെട്ട സാമ്പത്തിക തത്വശാസ്ത്രമാണ്. രാജ്യത്തെമ്പാടും സാമ്പത്തിക വളർച്ചാമാന്ദ്യം നേരിട്ടപ്പോഴും 2018-19-ൽ കേരളം 7.5 ശതമാനം സാമ്പത്തിക വളർച്ച കൈവരിച്ചുവെന്നത് ശ്രദ്ധേയമാണ്. ഇതിൽ വ്യവസായ ഉൽപ്പാദന മേഖല 11 ശതമാനമാണ് സാമ്പത്തിക വളർച്ച കൈവരിച്ചത്. കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ തളർച്ച ഒരു പരിധിവരെ പിടിച്ചുനിർത്താൻ നമ്മുടെ ഈ നയങ്ങൾക്ക് കഴിയുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ഭൗതിക പശ്ചാത്തല മേഖലയിൽ മാത്രമല്ല, സാമൂഹിക പശ്ചാത്തല മേഖലയിലും സർക്കാർ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. പൊതു വിദ്യാലയങ്ങളെ ശ്രേഷ്ഠ

മാതൃകകളായാണ് മാറ്റിക്കൊണ്ടിരിക്കുന്നത്. സ്മാർട്ട് ക്ലാസ്സുകൾ, നല്ല കെട്ടിടങ്ങൾ, സമയബന്ധിതമായി പാഠപുസ്തകം വിതരണം ചെയ്യൽ, പരീക്ഷകൾ നടത്തൽ ഇവയെല്ലാം കൃത്യമായി നടക്കുകയാണ്. കോവിഡിന്റെ സാഹചര്യത്തിലും ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യവും നാം നല്ലരീതിയിൽ തന്നെ ഒരുക്കിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഏകീകൃത പരീക്ഷാ കലണ്ടർ നടപ്പാക്കിക്കഴിഞ്ഞു. ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിച്ചു. ഏറ്റവുമൊടുവിൽ പഠന ചെലവേറിയ, മികവുള്ള ദേശീയ വിദേശ സർവ്വകലാശാലകളിൽ പോയി പഠിക്കാൻ സാധ്യമാകാതെ വരുന്ന വിദ്യാർത്ഥികൾക്ക് അവിടങ്ങളിലെ ശ്രേഷ്ഠരായ അധ്യാപകരുടെ അധ്യാപന പരിചയം വിനിയോഗിക്കാനുള്ള അവസരം ലഭ്യമാക്കുന്ന Eminent Scholars Online പരിപാടി 2021 ജനുവരി 1-ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ഈ മാസംതന്നെ ആരംഭിക്കുന്നതാണ്. പൊതു ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആവശ്യത്തിനുള്ള തസ്തിക സൃഷ്ടിച്ച് അധ്യാപകരുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആരോഗ്യ രംഗത്തെ ആർദ്രം ഇവയെല്ലാം മിഷൻ മോഡിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരികയാണ്. പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങൾ മികവുറ്റതാക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ടെന്ന് സമൂഹമാകെ അംഗീകരിക്കുന്ന കാര്യമാണ്. സംസ്ഥാനത്തെ ആരോഗ്യരംഗത്തിന്റെ ശക്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യക്തമായി ലോകത്തിനുതന്നെ കാണാൻ കഴിഞ്ഞിട്ടുണ്ട്. കാണാൻ കഴിയാത്തത് നമ്മുടെ നാട്ടിലെ പ്രതിപക്ഷത്തിനുമാത്രമാണ്. അത് ഇവിടെ ഒരുക്കിയ സൗകര്യങ്ങളുടെ കുറവുകൊണ്ടല്ല. അവരുടെ കാഴ്ചയുടെ വൈകല്യം കൊണ്ടാണ്. സാമൂഹ്യ മേഖലയിൽ പൊതുമേഖലയുടെ ശാക്തീകരണം ദേശീയ അന്തർദ്ദേശീയ കാലാവസ്ഥയ്ക്ക് വിപരീതമായി നിന്നുകൊണ്ട് വിജയകരമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഭൗതിക, സാമൂഹിക പശ്ചാത്തല മേഖലകളിൽ വലിയ മുന്നേറ്റം നടത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ സ്ഥായിയായ സാമ്പത്തിക വളർച്ച നേടാൻ കഴിയുകയുള്ളൂ. ഇതിന് വലിയ നിക്ഷേപങ്ങൾ വേണ്ടിവരും. ബഡ്ജറ്റിലെ റവന്യൂ വരുമാനം വിനിയോഗിച്ചുകൊണ്ട് ഈ തോതിലുള്ള നിക്ഷേപങ്ങൾ നടത്താൻ കഴിയില്ല എന്നത് പൊതുധനകാര്യത്തിന്റെ അടിസ്ഥാന തത്വങ്ങളെപ്പറ്റി അല്പം ബോധ്യമുള്ള എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. അവിടെയാണ് കടം വാങ്ങൽ പ്രശ്നം വരുന്നത്. കടം വാങ്ങുന്നത് ഒരു സ്വകാര്യ വ്യക്തിയുടെ കാര്യത്തിൽ എങ്ങനെയാണോ അതുപോലെയല്ല ഒരു സർക്കാരിന്റെ കാര്യത്തിൽ എന്നത് അംഗീകരിക്കപ്പെട്ട സാമ്പത്തിക ശാസ്ത്ര സിദ്ധാന്തമാണ്. 'Private Vices might be Public Virtues' എന്നാണ് ആപ്തവാക്യം. ഒരു സ്വകാര്യ ദുശ്ശീലം സർക്കാർ

തലത്തിൽ അങ്ങനെയല്ല എന്നതാണ് ഇതിന്റെ സാരം. വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനായ Evsey Domar, 1944-ൽ എഴുതിയ ലേഖനത്തിന്റെ അവസാന ഭാഗത്ത് പറയുന്ന വാക്യം ചിന്തോദ്ദീപകമാണ്. 'കടത്തെപ്പറ്റി ചിന്തിച്ച് പരിക്ഷീണിതരാവുന്നവർ അല്പനേരം അത് മാറ്റിവച്ച് സാമ്പത്തിക വളർച്ചയെപ്പറ്റി ചിന്തിക്കണം' എന്നതാണ്. കടമെടുക്കുന്ന പണം വികസനത്തിനും മൂലധന ചെലവിനുമായി വിനിയോഗം ചെയ്യുമ്പോൾ അതിലൂടെയുണ്ടാകുന്നത് സാമ്പത്തിക വളർച്ചയും ഉയർന്ന പ്രതിശീർഷ വരുമാനവുമാണ്. അതിലൂടെതന്നെ കടം ഒരു കെണിയല്ലാതായി മാറും. ഇതാണ് കാണേണ്ടത്. ഇതുകാണാതെ സർക്കാർ കടമെടുക്കുന്നു എന്നുപറയുന്നവർ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ സ്വീകരിച്ചുവന്ന ബജറ്റ് സിദ്ധാന്തങ്ങളെയാണ് പൊടിതട്ടിയെടുത്ത് നമ്മുടെ മുന്നിൽ വയ്ക്കുന്നത്. ഇത് ജനക്ഷേമകരമായ പ്രവർത്തനങ്ങളും സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്ന ഒരു ജനാധിപത്യ സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതല്ല.

മറ്റൊരു ശക്തമായ മേഖലയാണ് അധികാര വികേന്ദ്രീകരണം. ജനാധിപത്യപരമായ അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കാനുള്ള മൂന്ന് കാര്യങ്ങൾ കേരളം ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. ഫണ്ടുകൾ, ചുമതലകൾ, ചുമതലകൾ നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ ഈ മൂന്ന് ഘടകങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയുടെ 25 ശതമാനത്തോളം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷനുകൾ കൃത്യമായി രൂപീകരിക്കുകയും അവയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനമാണ് ഭരണഘടനയിൽ വിഭാവന ചെയ്യുന്ന 5 വർഷത്തിലൊരിക്കൽ നടക്കേണ്ട തെരഞ്ഞെടുപ്പ്. ഇതും സംസ്ഥാന സർക്കാർ കൃത്യമായി ചെയ്യുന്നുണ്ട്. കോവിഡ്-19 ന്റെ കാലത്ത് ഈ വികേന്ദ്രീകൃത ഭരണ സംവിധാനമായിരുന്നു നമ്മുടെ ഏറ്റവും വലിയ ശക്തി. കോവിഡ് പ്രതിരോധത്തിനും അതുതന്നെയായിരുന്നു വലിയ കരുത്ത്. ഏതു പ്രതിസന്ധിയും നേരിടാൻ സംസ്ഥാന സർക്കാരിനൊപ്പം നിൽക്കുന്ന പ്രാദേശിക സർക്കാരുകളായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്നു കഴിഞ്ഞിട്ടുണ്ട്.

2020 ജനുവരി 1-ന് സംസ്ഥാനത്തെ ജനങ്ങൾക്ക് മുമ്പാകെ ഗവൺമെന്റ് പന്ത്രണ്ട് ഇനപരിപാടി അവതരിപ്പിച്ചിരുന്നു. ഇവയുടെ പുരോഗതി ഫലപ്രദമായി വിലയിരുത്തി വരികയാണ്. ചില പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയാം. ഒരു കോടി വൃക്ഷത്തൈ നടീൽ പരിപാടിയിൽ നിലവിൽ ഒരു കോടിയിൽപ്പരം വൃക്ഷത്തൈകൾ പരിപാലിച്ചു വരുന്ന അവസ്ഥയാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എൽ.ഇ.ഡി.

ലൈറ്റുകൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ പ്രായോഗിക നടപടികൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കാൻ പോകുകയാണ്. മാർച്ച് 31-നകം പത്തര ലക്ഷം വിളക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കിഫ്ബിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതുപോലെ സംസ്ഥാനത്ത് എല്ലാ ഘട്ടത്തിലും കൃഷിചെയ്യാൻ പറ്റുന്ന 1000 'മഴമറകൾ' നിർമ്മിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 1337 മഴമറകൾ നിർമ്മിച്ചുകഴിഞ്ഞു. അടുത്തതായി ഇതിലും കൂടുതൽ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൊതുശൗചാലയങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ എന്നിവയുടെ അപര്യാപ്തതമൂലം യാത്രചെയ്യുന്ന സഹോദരിമാർക്ക് വലിയ തോതിലുള്ള പ്രയാസം അനുഭവിക്കേണ്ടിവരുന്നുണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് പൊതു ശൗചാലയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും വേണമെന്ന നിലപാടെടുത്തത്. അതിന്റെ നടപടിക്രമങ്ങൾ കോവിഡ് 19-ന്റെ സാഹചര്യത്തിൽ കുറച്ചൊന്ന് മന്ദഗതിയിലായെങ്കിലും വീണ്ടും നല്ലരീതിയിൽ നടപ്പാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇത്തരമൊരു പരിപാടിയുടെ ഭാഗമായി 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിരുന്നു നമ്മൾ ലക്ഷ്യമിട്ടിരുന്നത്. യഥാർത്ഥത്തിൽ ആ ലക്ഷ്യം കവിഞ്ഞു എന്നുമാത്രമല്ല, 116440 തൊഴിലവസരങ്ങൾ ഈ ഘട്ടത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ് നമ്മുടെ നാടിന്റെ പ്രത്യേകത. സർക്കാർ മേഖലയിൽ പ്രത്യേകിച്ച് വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി എലിവേറ്റഡ് ഹൈവേയുടെ കാര്യം, തുരങ്കപാതയുടെ കാര്യം ഇവയെല്ലാം നേരത്തെ ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. അതുപോലെ രണ്ടാം കുട്ടനാട് പാക്കേജിനും തുടക്കം കുറിച്ചിട്ടുണ്ട്. സമയാസമയങ്ങളിൽ ഇവയുടെയെല്ലാം പുരോഗതി വിലയിരുത്തി പ്പോകുകയുമാണ്.

4.00 pm]

ഒന്നാംഘട്ട നൂറുദിന പരിപാടി കഴിഞ്ഞപ്പോൾ ഡിസംബർ മാസത്തെ രണ്ടാമത്തെ ആഴ്ച മുതൽ നടന്നുവരുന്ന രണ്ടാംഘട്ട നൂറുദിന പരിപാടിയുണ്ട്. അതും ആദ്യത്തെപ്പോലെത്തന്നെ വിജയകരമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി 50000 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യംവയ്ക്കുന്നത്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കേരള ചിക്കൻ ഔട്ട്ലെറ്റ് തുടങ്ങാനുള്ള നടപടികളുമുണ്ട്. അതോടൊപ്പം 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കാനും 5 എണ്ണം സൂപ്പർ സ്റ്റോറുകളായി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ട്. പുതിയ വ്യവസായ പദ്ധതികളായ പാലക്കാട് പ്രതിരോധ പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, ചേർത്തല മെഗാ ഫുഡ് പാർക്ക് ഇവയെല്ലാം ഈ ഘട്ടത്തിൽ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. 310

കോടി രൂപ ചെലവുവരുന്ന 27 ടൂറിസം പദ്ധതികളാണ് ഈ ഘട്ടത്തിൽ ഒരുങ്ങുന്നത്. അതോടൊപ്പം വിവിധ പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെയെല്ലാം ഉദ്ഘാടനവും ഈ ഘട്ടത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. 1990 മുതലാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ച അഖിലേന്ത്യാ ശരാശരിയെക്കാൾ ഉയർന്നത്. ഇതിന് നമ്മുടെ പ്രവാസികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പ്രവാസികൾ അയയ്ക്കുന്ന പുറംവരുമാനത്തിലൂടെ അതിവേഗം വളരുന്ന അവസ്ഥയുണ്ട്. സേവന മേഖലയാണ് നമ്മുടെ സാമ്പത്തിക വളർച്ചയുടെ മുഖ്യസ്രോതസ്സ്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ വർദ്ധനവുണ്ടായപ്പോഴും ഉൽപ്പാദന മേഖലയിൽ കാര്യമായ വളർച്ചയുണ്ടായില്ല. അതിലൊരു ഇടപെടൽ ആവശ്യമാണെന്ന ബോദ്ധ്യമാണ് സർക്കാരിനുള്ളത്. ഇടതുപക്ഷ സർക്കാരുകൾക്ക് എല്ലാ കാലത്തും ആ ബോദ്ധ്യമുണ്ടായിട്ടുണ്ട്. കോവിഡ്-19 ന്റെ സാഹചര്യത്തിൽ ലോക്ഡൗണും മറ്റുമുണ്ടായപ്പോൾ ആ വെല്ലുവിളിയെ ഒരവസരമാക്കിമാറ്റി-ക്കൊണ്ടാണ് 'സുഭിക്ഷ കേരളം പദ്ധതി' നാം പ്രഖ്യാപിച്ചത്. കേരളത്തിലെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണമെന്ന ലക്ഷ്യം സർക്കാരിന് തുടക്കം മുതലേയുള്ളതായിരുന്നു. ഇതിനായി സ്വീകരിച്ച ക്രിയാത്മകമായ നടപടികളുടെ ഫലമായി 36000 ഹെക്ടറിലേയ്ക്കുകൂടി കൃഷി വർദ്ധിപ്പിക്കുന്ന അവസ്ഥയിലെത്തി. 'സുഭിക്ഷ കേരളം പദ്ധതി' തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. കാർഷിക മേഖലയ്ക്ക് 1064 കോടി 86 ലക്ഷം രൂപ, ഫിഷറീസ് മേഖലയ്ക്ക് 2029 കോടി രൂപ, ക്ഷീര വികസനത്തിന് 215 കോടി 81 ലക്ഷം രൂപ, മൃഗസംരക്ഷണ മേഖലയിൽ 248 കോടി 28 ലക്ഷം രൂപ ഇതാണ് ഉദ്ദേശിക്കുന്ന പദ്ധതികളുടെ അടങ്കൽ തുക. ഇത് കൃത്യമായ മേൽനോട്ടത്തോടെ നടപ്പാക്കിവരികയാണ്.

നമ്മൾ ഈ കാലഘട്ടത്തിൽ, നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയവും അതിന്റെ തുടർച്ചയായി പിറ്റേവർഷം അതിരൂക്ഷമായ കാലവർഷക്കെടുതിയുമാണ് നേരിടേണ്ടിവന്നത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ പല ഭാഗങ്ങളും തകർന്നുപോകുന്ന അവസ്ഥയുണ്ടായി. ഒരു നവകേരളം സൃഷ്ടിക്കാനാണ് നാം ഒരുങ്ങിപ്പുറപ്പെട്ടത്, ഇതിനായി രൂപീകരിച്ച സംവിധാനമാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്. അതിന്റെ ഭാഗമായി പ്രളയാഘാത ശേഷിയുള്ള റോഡുകൾ, മൾട്ടിലെവൽ ക്യാറ്റിൽ ഷെഡുകൾ, നൂതന കെട്ടിട നിർമ്മാണരീതികൾ ഇങ്ങനെയെല്ലാം ഉൾക്കൊള്ളുന്ന ഒരു സമഗ്രമായ പദ്ധതിയായിട്ടാണ് ഇത് വന്നത്. ഈ പദ്ധതികളുടെ ഭാഗമായി കഴിഞ്ഞ ഡിസംബർ 31 വരെ എടുത്താൽ 7192 കോടി 78 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 3909 കോടി 81 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2933 കോടി രൂപയുടെ കരാറുകൾ അവാർഡ് ചെയ്തിട്ടുണ്ട്. ഇവിടെ

ശ്രദ്ധിക്കേണ്ടൊരു കാര്യം മഹാപ്രളയം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് തുടങ്ങിയവയെല്ലാം സൃഷ്ടിച്ച പ്രതിസന്ധികളുടെയിടയിൽനിന്ന് കരകയറുന്ന പൊതുസമൂഹത്തിന് നേതൃത്വം നൽകുന്ന സർക്കാരിന് സാധാരണ നിലയിൽ ഒരു ഫെഡറൽ സംവിധാനത്തിൽ കൈത്താങ്ങായി നിൽക്കേണ്ടതാണ് കേന്ദ്ര സർക്കാർ. പക്ഷെ ജി.എസ്.ടി. നഷ്ടപരിഹാരമുൾപ്പെടെയുള്ള കാര്യത്തിൽ കാലതാമസവും അനിശ്ചിതത്വവുമുണ്ടാക്കുന്ന സ്ഥിതിയാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്. വലിയ പ്രതിഷേധങ്ങൾക്കുശേഷമാണ് ഇതിന്റെ ഒരു ഭാഗമെങ്കിലും ലഭ്യമാകുന്ന നില വന്നത്. പ്രളയത്തിനുശേഷം പുനർനിർമ്മിക്കാൻ വായ്പാപരിധി ഉയർത്തണമെന്ന കേരളത്തിന്റെ ന്യായമായ ആവശ്യത്തോട് കേന്ദ്രസർക്കാർ ആദ്യം പുറംതിരിഞ്ഞാണ് നിന്നത്. ഇവിടത്തെ പ്രതിപക്ഷവും സർക്കാരിന്റെ എല്ലാ ഉദ്യമങ്ങൾക്കും തുരങ്കംവയ്ക്കാനാണ് എല്ലാ അവസരങ്ങളും വിനിയോഗിച്ചത് എന്നത് നിർഭാഗ്യകരമായ വസ്തുതയാണ്. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ എല്ലാ മേഖലയിലും സംരക്ഷിക്കാൻ വലിയ പങ്കാണ് നമ്മുടെ സംസ്ഥാനം വഹിക്കുന്നത്. പൗരത്വ ഭേദഗതി ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ അതിനെതിരെ മതനിരപേക്ഷ കൂട്ടായ്മ നിരത്തി ലോകശ്രദ്ധ ആകർഷിച്ച പ്രതിഷേധങ്ങൾ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം സംസ്ഥാന സർക്കാർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ചില പ്രഖ്യാപനങ്ങൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും വന്നത് സംസ്ഥാന സർക്കാർ ഗൗരവമായിത്തന്നെയാണ് കാണുന്നത്. അതിൽ സംസ്ഥാന സർക്കാരിന്റെ സമീപനത്തിൽ ഒരു മാറ്റവുമില്ല. പൗരത്വ ഭേദഗതി നിയമം അതേരീതിയിൽ നടപ്പാക്കാനാകില്ലെന്ന നിലപാടുതന്നെയാണ് സംസ്ഥാന സർക്കാരിനുള്ളത്. രാജ്യത്തെ കർഷക സമൂഹം നേരിടുന്ന പ്രശ്നത്തിനും അവർ ഉയർത്തുന്ന പ്രതിഷേധത്തിനും അതിശക്തമായ നിലപാടുതന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എതിർപ്പുകൾക്കിടയിലും അവർ നടത്തുന്ന ധീരമായ പോരാട്ടത്തിന് എല്ലാ പിന്തുണയും നാം നൽകുന്നുണ്ട്. ഈ സഭ അതിന് പൂർണ്ണപിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കാർഷിക അവശ്യസാധന നിയമങ്ങൾ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്ന അവസ്ഥ മനസ്സിലാക്കിക്കൊണ്ടാണ് നാം ശക്തമായ നിലപാട് സ്വീകരിച്ചത്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ നടപടികളെക്കുറിച്ച് ഒരു പ്രശ്നം രാവിലെ നമ്മൾ ചർച്ച ചെയ്തതാണ്. ഇതേ നിലപാട് പല ആവർത്തി വ്യക്തമാക്കിയതാണ്. സ്വർണ്ണക്കള്ളക്കടത്തിനെത്തുടർന്ന് കസ്റ്റംസ് നടത്തിവരുന്ന അന്വേഷണത്തിനു പുറമെ രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയും ഭദ്രതയും തകർക്കുന്ന നടപടികളെ വേരോടെ പിഴുതെറിയാൻ കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര

ഏജൻസികൾ നടത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. എന്നാൽ ഒരു ഘട്ടത്തിൽ ഭരണഘടനാപരമായ പരിമിതി ലംഘിച്ചുകൊണ്ട്, ഫെഡറൽ സംവിധാനത്തെ വെല്ലുവിളിച്ചുകൊണ്ട് കേന്ദ്ര ഏജൻസികളിൽ ചിലർ വഴിവിട്ട് പ്രവർത്തിച്ചപ്പോൾ അതിനെതിരെ ശക്തമായ എതിർപ്പ് പൊതുമണ്ഡലത്തിൽ ഉയർത്തുകയും അക്കാര്യം പ്രധാനമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഏജൻസികളെ ഉപയോഗിച്ചുകൊണ്ട് പ്രതിയോഗികളെ ഒതുക്കുന്ന രീതി ഫാസിസ്റ്റ് ഭരണ സംവിധാനങ്ങളാണ് ചെയ്യുന്നത്. ഇതിനെതിരെ ദേശീയ തലത്തിൽത്തന്നെ പ്രതിഷേധങ്ങൾ ഉയർന്നുവരികയാണ്. പക്ഷെ കേരളത്തിൽ യു.ഡി.എഫ്., പ്രത്യേകിച്ച് കോൺഗ്രസ് ഇതിൽനിന്നും മാറിനിന്നുകൊണ്ട് ജനാധിപത്യവിരുദ്ധ നീക്കങ്ങൾക്ക് പിന്തുണ നൽകുകയാണ്. ഇത് കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ രാഷ്ട്രീയ ഭൂപടത്തിൽനിന്ന് നിഷ്കാസനം ചെയ്യാമെന്ന നടക്കാത്ത വ്യാമോഹത്തിന്റെ ഭാഗമാണ്. ബി.ജെ.പി.-യെ കേരളത്തിൽ വേരൂന്നാൻ സഹായിക്കുക എന്ന ആത്മഹത്യാപരമായ നയമാണ് ഇതിലൂടെ അവർ കൈക്കൊള്ളുന്നത്. ഇത് മതനിരപേക്ഷ മൂല്യങ്ങളിൽ വിശ്വസിക്കുന്ന കേരള സമൂഹം അംഗീകരിക്കില്ലെന്നത് ഉറപ്പാണ്. കേന്ദ്ര ഏജൻസികൾ എങ്ങനെ പ്രവർത്തിക്കണം, ആരുടെ മൊഴിയെടുക്കണം, ആരെയൊക്കെ പ്രതിയാക്കണം, ഇത്തരം കാര്യങ്ങൾ പ്രൊഫഷണലായ അന്വേഷണത്തിലൂടെയല്ല ഇപ്പോൾ തീരുമാനിക്കുന്നത്. ബി.ജെ.പി.-യുടെ നേതാക്കൾ മാധ്യമങ്ങളോട് പറയുന്ന കാര്യങ്ങളാണ് തൊട്ടുപിന്നാലെ ചില അന്വേഷണ ഏജൻസികൾ നടപ്പാക്കുന്നത്. അത് ഏറ്റുപിടിച്ചുകൊണ്ട് അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുന്ന രീതിയാണ് കേരളത്തിലെ കോൺഗ്രസ് നേതാക്കളും അവലംബിക്കുന്നത്.

സഭയിൽ രാവിലെ ചില അംഗങ്ങൾ പ്രസംഗിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് വലിയ തോതിലുള്ള പരാമർശങ്ങളാണ് നടത്തിയത്. അതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബന്ധപ്പെടുത്തി ചില പരാമർശങ്ങൾ മുമ്പും നടത്തിയിരുന്നു. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം നടത്തിയ ഒരു കാലഘട്ടമുണ്ടായിട്ടുണ്ട്. അതൊരു ചോദ്യത്തിനുത്തരമായി നേരത്തെ ഈ അസംബ്ലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഭൂമി തട്ടിപ്പുകേസ്സുമായി ബന്ധപ്പെട്ട പ്രശ്നമായിരുന്നു അത്. അതിനെ സംബന്ധിച്ച് പറയുമ്പോൾ ആളുകൾക്ക് കാര്യം വ്യക്തമാകും. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനമുണ്ടായിരുന്നത്. ആ വാചകം ഇങ്ങനെയായിരുന്നു, " the above incidents have raised serious

questions on the functioning of the Chief Minister's office which the Chief Minister is answerable to the State. Prima facie evidence of the presence of unscrupulous elements among the personal staff in the Chief Minister's office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's office ". ഈ പരാമർശം ഇന്നത്തെ ഗവൺമെന്റിനെക്കുറിച്ചല്ലെന്ന് ഓർക്കണം. പഴയ ഗവൺമെന്റിനെക്കുറിച്ച് കേരള ഹൈക്കോടതിയുടെ ഒരു സിംഗിൾ ബഞ്ച് നടത്തിയ ഒരു പരാമർശമാണിത്. കേരളത്തിൽ ഇടതുപക്ഷം കോൺഗ്രസ്സിനെ തകർത്ത് ബി.ജെ.പി.-ക്ക് വളരാൻ അവസരമൊരുക്കുകയാണെന്ന തരത്തിൽ ചിലർ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിലെ വസ്തുതയെന്താണ്? തകർച്ചയ്ക്ക് ഉത്തരവാദി ആരാണെന്നെങ്കിലും പരിശോധിക്കാൻ കോൺഗ്രസ് തയ്യാറാകേണ്ടതുണ്ട്. ഒരു കാലത്ത് ലോക്സഭയിൽ രണ്ട് അംഗങ്ങളായിരുന്നു ബി.ജെ.പി.-ക്ക് ഉണ്ടായിരുന്നത്. അതിനെ ഇന്നത്തെ നിലയിലേയ്ക്ക് ഉയർത്തുന്നതിന് പ്രധാന പങ്കുവഹിച്ചത് ആരാണെന്ന് ആലോചിക്കുന്നത് നല്ലതാണ്. മതനിരപേക്ഷമായ കോൺഗ്രസ്സിതര സർക്കാരിനെ അനുവദിക്കില്ലെന്ന നിലപാട് കോൺഗ്രസ് തുടർച്ചയായി സ്വീകരിച്ചുവന്നതാണ്. അത് ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവരാൻ വലിയതോതിൽ ഇടയാക്കിയില്ലേയെന്ന് ചിന്തിക്കണം. വി. പി. സിംഗിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മന്ത്രിസഭയെ ബി.ജെ.പി.-ക്കൊപ്പം നിന്ന് വോട്ട് ചെയ്ത് തകർത്തതിന് എന്ത് ന്യായമാണ് പറയാൻ കഴിയുന്നത്? അതിനിസ്സാരമായ കാരണങ്ങൾ പറഞ്ഞുകൊണ്ടാണ് ചന്ദ്രശേഖർ മന്ത്രിസഭയെ തകർത്ത്, ബി.ജെ.പി. ഭരണത്തിന് വഴിയൊരുക്കിക്കൊടുത്തത്. അതും കോൺഗ്രസ് തന്നെ ചെയ്തതായിരുന്നു. ബാബറി മസ്ജിദ് തകർക്കാൻ ഉദ്ദേശിച്ചാണ് ബി.ജെ.പി. രഥയാത്ര ആരംഭിച്ചത്. ആ രഥയാത്ര തടഞ്ഞതിന് തൊട്ടുപിന്നാലെയാണ് ബി.ജെ.പി.-ക്കൊപ്പം നിന്നുകൊണ്ട് വി. പി. സിംഗ് മന്ത്രിസഭയെ കോൺഗ്രസ് തകർത്തത്. ഇതാണ് കോൺഗ്രസ്സിന്റെ സെക്യുലറിസത്തിന്റെ പ്രത്യേകതയെന്നത് നാം മറക്കരുത്. ബാബറി മസ്ജിദ് മന്ദിരം തുറന്നുകൊടുക്കാൻ സംഘ്പരിവാർ ആവശ്യപ്പെടുകയും കോൺഗ്രസ് സർക്കാർ തുറന്നുകൊടുക്കുകയും ചെയ്തു. അവിടെ ക്ഷേത്രം നിർമ്മിക്കാൻ ശിലാന്യാസ് അനുവദിച്ചു. ആ ശിലയെ മണ്ഡപമായി വളരാൻ കർസേവ അനുവദിച്ചു. ഇതിനെല്ലാം ശേഷമാണ് ബാബറി മസ്ജിദ് തകർക്കാൻ സംഘ്പരിവാർ ശ്രമിച്ചത്. അതിനെ എതിരിടാൻവേണ്ടി ഒരു നടപടിയും സ്വീകരിച്ചില്ല. കേന്ദ്രസർക്കാരാണ് എല്ലാ നടപടികൾക്കും പിന്തുണ നൽകിയത്.

എന്നാൽ ഒരു നടപടിയും സ്വീകരിച്ചില്ല. ഇതാണ് കോൺഗ്രസ്സിന്റെ മതേതരത്വത്തിന്റെ പ്രത്യേകത. ബി.ജെ.പി.-യുടെ അതിരൂക്ഷമായ, വർഗ്ഗീയതയെ മൃദുഹിന്ദുത്വം കൊണ്ട് നേരിടാനാണ് കോൺഗ്രസ് പലപ്പോഴും ശ്രമിച്ചത്. അങ്ങനെ വോട്ടുകൾ സമാഹരിച്ച് നിർത്താനായിരുന്നു നോട്ടം. അതിന് രാഷ്ട്രം കൊടുക്കേണ്ടിവന്ന ഏറ്റവും വലിയ വിലയാണ് ഇന്നത്തെ ബി.ജെ.പി. സർക്കാരെന്നത് കോൺഗ്രസ് തിരിച്ചറിയണം. ഇപ്പോൾ ബി.ജെ.പി.-യുടെ ശക്തമായ കേന്ദ്രങ്ങളായി നിൽക്കുന്ന സംസ്ഥാനങ്ങൾ കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായിരുന്നവയല്ലേ; ഉത്തർപ്രദേശ്, ബീഹാർ, മദ്ധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായി നിലകൊണ്ടവയായിരുന്നില്ലേ? ....(ബഹളം).... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ത്രിപുരയെക്കുറിച്ച് ഞാൻ പറയാം. അവിടെയാണ് ബി.ജെ.പി. ശക്തി പ്രാപിച്ചതെന്ന വസ്തുത മറക്കരുത്. ത്രിപുരയിൽ ഇടതുപക്ഷത്തിന് സ്വാധീനമുണ്ടായിരുന്നു. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നത് എങ്ങനെയാണ്? കോൺഗ്രസ് ഒന്നടങ്കം ബി.ജെ.പി.-യിലോട്ട് മാറി. അങ്ങനെ മാറിനിന്നപ്പോഴാണ് ബി.ജെ.പി.-ക്ക് കുറച്ച് ശക്തി അവിടെയുണ്ടായത്. ബംഗാളിൽ വിവിധ ഘട്ടങ്ങളിൽ അധികാരത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റുകളെ എതിരിടുന്നതിന് മാവോയിസ്റ്റുകൾ, ആനന്ദമാർഗ്ഗികൾ, വർഗ്ഗീയവാദികൾ എന്നിവരെയെല്ലാം കൂട്ടുപിടിച്ചുകൊണ്ട് മുന്നോട്ടുപോയ ചരിത്രവും ബംഗാളിനുണ്ട്. മതനിരപേക്ഷതയുടെ ശക്തമായ കേന്ദ്രമാണ് ബംഗാൾ. അതിനെ വർഗ്ഗീയ ധ്രുവീകരണത്തിന്റെ തലത്തിലേയ്ക്ക് എത്തിച്ചതും ബി.ജെ.പി.-ക്ക് വളരാൻ അവസരമൊരുക്കിയതും ആരാണെന്ന് വ്യക്തമാണ്. ഇതേ അവസ്ഥയാണ് കേരളത്തിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷത്തെ തകർക്കാൻ കേരളത്തിൽ ബി.ജെ.പി.-യും അതുപോലുള്ള ശക്തികളുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് യു.ഡി.എഫ്.-ന് ഒരു മടിയുമില്ല. അതിപ്പോൾ തുടങ്ങിയതല്ല, മുമ്പ് മുതലുള്ളതാണ്. ബി.ജെ.പി. ദേശീയതലത്തിൽ ഇത്തരമൊരു ശക്തിയായി മാറുന്നതിന് മുമ്പുതന്നെ ഇവിടെ അതിന്റെ ഒരു പരീക്ഷണശാല ആരംഭിച്ചിരുന്നു. അതാണ് പഴയ വടകര, ബേപ്പൂർ കോ-ലീ-ബി സഖ്യം. ഞാൻ അതിന്റെയൊന്നും വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. അവർക്ക് നല്ലതുപോലെ അറിയാവുന്ന കാര്യങ്ങളാണിതെല്ലാം. ഇത് വിവിധ ഘട്ടങ്ങളിൽ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്ന് പ്രതിപക്ഷത്തിരിക്കുന്നവർക്ക് പ്രത്യേകിച്ച് കോൺഗ്രസ് നേതാക്കൾക്ക് ഞാൻ പറയാതെ തന്നെയറിയാം. ഇപ്പോൾ കാണുന്ന നില എന്താണ്? കേന്ദ്ര സർക്കാരിനെയോ ബി.ജി.പി.യെയോ ആക്രമിക്കില്ല. എന്നാൽ അവരുമായി യോജിച്ചുനിന്നുകൊണ്ട് ഇടതുപക്ഷത്തിനെതിരെ അതിശക്തമായ പ്രചരണമാണ്

നടത്തുന്നത്. ഇതല്ലേ കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. നേതാവ് പറയുന്നതുതന്നെയാണ് കോൺഗ്രസ് നേതാക്കളും ആവർത്തിച്ചു പറയുന്നത്. കോൺഗ്രസ് നേതാക്കൾ പറയുന്നത് ബി.ജെ.പി. നേതാക്കൾ ഏറ്റുപറയുന്നു. എൽ.ഡി.എഫ്. സർക്കാരിനെതിരെ എന്നതാണ് ഈ രണ്ടുകൂട്ടരുടേയും ഉദ്ദേശ്യം. കോൺഗ്രസ്സ് തകർന്നതിന്റെ കാരണം സംബന്ധിച്ച് ശരിയായ പരിശോധനയ്ക്ക് ഇനിയും ഇവർ വിധേയമായിട്ടില്ലെന്നതാണ് വസ്തുത. സാമ്രാജ്യത്വ വിരുദ്ധത, മതനിരപേക്ഷത, സ്വാശ്രയത്വ സംരക്ഷണം തുടങ്ങിയ നയങ്ങളായിരുന്നു മുമ്പുകാലത്ത് കോൺഗ്രസ്സ് മുന്നോട്ടുവച്ചത്. ഇന്ന് അതേതെങ്കിലും കയ്യിലുണ്ടോ; എല്ലാം കയ്യൊഴിഞ്ഞിരിക്കുന്നു. കോർപ്പറേറ്റുകൾക്കായി രാജ്യത്തിന്റെ എല്ലാ മേഖലയും തുറന്നുകൊടുക്കുന്ന നയമാണ് ഇവർ സ്വീകരിച്ചത്. മതനിരപേക്ഷതയെ സംരക്ഷിക്കുന്നതിനു പകരം വർഗ്ഗീയതയെ രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി ഉപയോഗിക്കുന്ന നിലയാണ് കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ സ്വാശ്രയത്വത്തെ സംരക്ഷിക്കുന്ന, എല്ലാ നയങ്ങളും കയ്യൊഴിയാൻ തയ്യാറാകുന്ന നിലപാടെടുത്തു. അപ്പോൾ ആദ്യം മാറേണ്ടത് കോൺഗ്രസ്സിന്റെ ഈ നയമാണ്. ഇതുമാറാതെ നിങ്ങൾക്ക് മുന്നോട്ടുപോകാനാവില്ലെന്നത് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം. ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ ഇടതുപക്ഷം പ്രതിജ്ഞാബദ്ധമാണ്. ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ ഒന്നാം യു.പി.എ. സർക്കാരിനെ പിന്തുണച്ചവരാണ് ഞങ്ങൾ. അതിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഒരു സർക്കാരായാൽ എന്തെല്ലാം സംഭവിക്കുമെന്ന ധാരണ കൃത്യമായി ഇടതുപക്ഷത്തിനുണ്ടായിരുന്നു. പക്ഷേ, ബി.ജെ.പി.-യുടെ സർക്കാർ വീണ്ടും അധികാരത്തിൽ വരുന്നുവെന്ന ഉത്തമമായ താൽപ്പര്യം വച്ചുകൊണ്ടാണ് ആ സർക്കാരിനെ പിന്താങ്ങാൻ തയ്യാറായത്. പക്ഷേ എന്താണ് ആ സർക്കാർ പിന്നീട് സ്വീകരിച്ച നിലപാട്; സാധാരണഗതിയിലുള്ള എല്ലാ മര്യാദകളും ലംഘിച്ചുകൊണ്ടുപോകുന്ന കാഴ്ചയല്ലേ ഉണ്ടായത്? ഒരു വർഗ്ഗീയതയെ തോൽപ്പിക്കുന്നതിന് മറ്റൊരു വർഗ്ഗീയതയെ കൂട്ടുപിടിച്ചുകൊണ്ടുപോകരുത്. ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷതയെ തകർക്കുന്ന സംഘ്പരിവാർ നയങ്ങൾ, ഇത് ന്യൂനപക്ഷ വിഭാഗങ്ങളിൽ വലിയ തോതിലുള്ള അരക്ഷിതത്വം സൃഷ്ടിക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. അത്തരം നയങ്ങൾക്കെതിരായി ശക്തമായ പോരാട്ടം സംഘടിപ്പിക്കുകയാണ് വേണ്ടത്. അത് മതനിരപേക്ഷതയിൽ ഊന്നിക്കൊണ്ടുവേണം. പക്ഷേ കോൺഗ്രസ്സുകാർ എന്താണ് ചെയ്യുന്നത്; ബി.ജെ.പി.-ക്കെതിരായ വിമർശനങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു. കഴിഞ്ഞ കുറച്ച് മാസങ്ങളായി ബി.ജെ.പി. നേതാക്കൾ എന്താണോ പറയുന്നത് അത്

വേദവാക്യമായി നിങ്ങൾ ഉരുവിടുകയായിരുന്നു. കോൺഗ്രസ്സിന്റെ പ്രവൃത്തികളാണ് അതിനെ തകർച്ചയിലേയ്ക്ക് എത്തിക്കുന്നത്. പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത് അതുതന്നെയാണ്. അത്തരമൊരു നയമാണ് നിങ്ങളെ ഈ അവസ്ഥയിലേയ്ക്ക് എത്തിച്ചതെന്ന് നിങ്ങൾ തിരിച്ചറിയണം. രാജ്യത്ത് ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കൊപ്പം നിന്നുകൊണ്ട് മതനിരപേക്ഷത സംരക്ഷിക്കാനാണ് എക്കാലത്തും സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഭൂരിപക്ഷ ജനവിഭാഗങ്ങളായാലും ന്യൂനപക്ഷ ജനവിഭാഗങ്ങളായാലും മതനിരപേക്ഷമായി ചിന്തിക്കുന്നവരാണ്. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ് വേണ്ടത്. അതിനുപകരം വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കാനും അതുവഴി സംഘ്പരിവാറിന്റെ അജണ്ട നടപ്പിലാക്കുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുവാൻ ശ്രമിക്കരുത്. അങ്ങനെവരുമ്പോൾ അതിനെ എതിർക്കേണ്ടതായിവരും. സംഘ് പരിവാറിന്റെ അജണ്ട നാട്ടിൽ മാത്രമല്ല, രാജ്യത്താകെ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുക എന്നുള്ളതാണ്. അതിനുതകുന്ന സമീപനവുമായി ആര് വന്നാലും അതിനെതിരെ ശക്തമായ നിലപാട് ഇടതുപക്ഷവും ഇടതുപക്ഷ ജനാധിപത്യമുന്നണിയും സ്വീകരിക്കും. അതാണ് ഇവിടെ ശക്തമായി സ്വീകരിച്ചിട്ടുള്ളത്. അതിആശ്ചര്യകരമായ ഒരു പരാമർശം ഇപ്പോൾ വരികയാണ്. അത് ലീഗിനെതിരെ എന്തെങ്കിലും പറഞ്ഞാൽ മുസ്ലീം ജനവിഭാഗത്തിനെതിരെയുള്ള വ്യഖ്യാനമായിട്ടാണ് കൊണ്ടുവരുന്നത്. ഇവിടെ മുസ്ലീം=മുസ്ലീം ലീഗ് എന്നൊരു സമവാക്യം സൃഷ്ടിക്കാനുള്ള നിങ്ങളുടെ രാഷ്ട്രീയ താൽപ്പര്യം ഇവിടെ നടക്കാൻ പോകുന്നില്ല. മുസ്ലീമിന്റെ ആകെ അട്ടിപ്പേറവകാശം ഇവിടത്തെ മുസ്ലീംലീഗിനല്ല. അതാദ്യം മനസ്സിലാക്കണം. സംസ്ഥാനത്ത് പ്രാദേശികമായി ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിലെ വാർഡുകളൊക്കെയെടുത്ത് പരിശോധിച്ചാൽ അത് കൃത്യമായി മനസ്സിലാകും. മുസ്ലീംലീഗ് ഒരു രാഷ്ട്രീയ പാർട്ടിയായി നിലകൊള്ളുകയാണ്. ആ രാഷ്ട്രീയ പാർട്ടിയുടെ സമീപനമാണ് അവർ സ്വീകരിച്ചുപോകേണ്ടത്. ഇതിൽ ഇടതുപക്ഷം സ്വീകരിച്ച നിലപാടിനെക്കുറിച്ച് ഒരു പ്രത്യേക രീതിയിൽ ചിത്രീകരണം വന്നു. എന്താണ് ആ നിലപാട്? എന്റെ രാഷ്ട്രീയ പ്രവർത്തനാനുഭവത്തിൽ ഞങ്ങൾ മുന്നണിയായി പ്രവർത്തിക്കുന്നു, നിങ്ങളും മുന്നണിയായി പ്രവർത്തിക്കുന്നു. ഒരു ചെറിയ പാർട്ടിയുമുണ്ട്, വലിയ പാർട്ടിയുമുണ്ട്. അതെല്ലാം എല്ലാ മുന്നണിക്കകത്തുമുണ്ട്. ഏതെങ്കിലുമൊരു പാർട്ടി മറ്റൊരു പാർട്ടിയുടെ നേതാവ് ഇന്നയാളാകണമെന്ന് ആജ്ഞാപിക്കുകയാണ്, അങ്ങനെയൊരു രീതിയുണ്ടോ; അങ്ങനെയൊരു പതിവ് ഞാൻ കണ്ടിട്ടില്ല. ഇവിടെ കോൺഗ്രസ്സിന്റെ കേന്ദ്ര നേതാക്കളിൽ വെൽഫെയർ പാർട്ടിയുമായുള്ള ബന്ധം തെറ്റാണെന്ന് പരസ്യമായിത്തന്നെ പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ആ പാർട്ടി

എന്താണെന്ന് നല്ലതുപോലെ നിശ്ചയമുള്ള ഒരു പാർട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗാണ്. വെൽഫെയർ പാർട്ടിക്ക് ജന്മം കൊടുത്ത ജമാഅത്തെ ഇസ്ലാമിയെ കൃത്യമായി തിരിച്ചറിയുന്ന ഒരു പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്. ജമാഅത്തെ ഇസ്ലാമിയെ ഒരുഘട്ടത്തിലും കേരളത്തിലെ ഏറ്റവും കരുത്തുറ്റ മുസ്ലീം സംഘടനകളിൽ ബഹുഭൂരിപക്ഷവും അംഗീകരിച്ചിട്ടില്ല. മതനിരപേക്ഷമായി ചിന്തിക്കുന്ന മുസ്ലീം ബഹുജനങ്ങൾ എല്ലാക്കാലത്തും അകറ്റിനിർത്തിയ ഒരു വിഭാഗമാണ് ജമാഅത്തെ ഇസ്ലാമി. എന്തുകൊണ്ടാണ് കോൺഗ്രസ്സിന്റെ കേന്ദ്ര നേതാക്കൾ വെൽഫെയർ പാർട്ടിയുമായുള്ള ബന്ധം തെറ്റാണെന്ന് പരസ്യമായി പ്രഖ്യാപിച്ചത്? ആ ബന്ധത്തെ ന്യായീകരിച്ചുകൊണ്ടുള്ള നിലപാട് പരസ്യമായി മുസ്ലീം ലീഗ് സ്വീകരിച്ചു. മുസ്ലീംലീഗ് യഥാർത്ഥത്തിൽ മുസ്ലീം ബഹുജനങ്ങളുടെ താൽപ്പര്യ പ്രകാരമാണോ നിലകൊണ്ടത്; എന്തുകൊണ്ട് അവർക്ക് അവരുടെ നയവും ഞങ്ങൾക്ക് ഞങ്ങളുടെ നയവുമൊക്കെ ഉണ്ടാകുമെന്ന് ചിലർക്ക് പറയേണ്ടിവന്നു? ഇത് ശരിയായ രീതിയിൽ തിരിച്ചറിയണം. എന്തിനുവേണ്ടി അങ്ങനെയൊരു നിലപാടെടുത്തു; മുസ്ലീംലീഗിന്റെ അജണ്ട ജമാഅത്തെ ഇസ്ലാമിയെ കൂട്ടുപിടിക്കുക, അവർക്ക് ആ അജണ്ട എങ്ങനെ ഉണ്ടായി; പക്ഷേ മതനിരപേക്ഷതയിലൂന്നിനിൽക്കുന്ന ഒരു പാർട്ടിയായ കോൺഗ്രസ്സിന് അത്തരമൊരു അജണ്ടയുണ്ടാകാൻ പാടുണ്ടോ? അതുകൊണ്ടാണ് കേന്ദ്രനേതൃത്വം പറഞ്ഞത് തെറ്റാണെന്ന്. അപ്പോൾ കേന്ദ്ര നേതൃത്വത്തെയുംകൂടി മറികടന്നുകൊണ്ട് കോൺഗ്രസ്സ് അവരെ സ്വീകരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. മുസ്ലീംലീഗിന്റെ അജണ്ട കേരളത്തിലെ കോൺഗ്രസ്സ് സ്വീകരിക്കുന്ന നിലപാടാണെടുത്തത്. പരിമിതമായ തോതിലാണെങ്കിലും കേന്ദ്ര നേതൃത്വത്തിന്റെ നിലപാടിനോടൊപ്പം നിന്നുകൊണ്ട് കെ.പി.സി.സി.-യുടെ അദ്ധ്യക്ഷനാണെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രതികരണം വന്നു, അത് സ്വാഭാവികമാണ്. കാരണം, അദ്ദേഹം നേരത്തെ കേന്ദ്ര ആഭ്യന്തര സഹമന്ത്രിയായിട്ടടക്കം ഇരുന്നയാളാണല്ലോ. എന്താണ് ഇവരെന്ന് കൃത്യമായി ഔദ്യോഗികമായിത്തന്നെ മനസ്സിലാക്കിയിട്ടുള്ള ആളാണ് അദ്ദേഹം. പക്ഷേ ഇവിടത്തെ ഇടതുപക്ഷത്തെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും തകർക്കുന്നതിന് ഇത്തരമൊരു കൂട്ടരെ കിട്ടുന്നത് നല്ലതാണെന്ന രാഷ്ട്രീയചിന്ത വന്നപ്പോൾ ആ കണ്ട കാര്യങ്ങൾ വലിയ പ്രാധാന്യത്തോടെ എടുക്കാൻ അദ്ദേഹം തയ്യാറായിട്ടുണ്ടാവില്ല. എന്നാലും കേന്ദ്ര നേതൃത്വത്തിന്റെ നിലപാടൊക്കെ വന്നപ്പോൾ അൽപ്പം അതിനോടൊപ്പം നിന്നുകൊണ്ട് പ്രതികരിക്കാൻ തയ്യാറായി. മറ്റെല്ലാവരും ശക്തമായിത്തന്നെ ഇതിനുവേണ്ടി നിലകൊണ്ടു. അതിൽ കോൺഗ്രസ്സിന്റെ നേതാവും യു.ഡി.എഫ്. കൺവീനറുമൊക്കെ സ്വീകരിച്ച നിലപാട് എല്ലാവരും കണ്ടതാണ്. എന്തായി?

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസിന്റെ നേതൃസ്ഥാനത്തുനിന്ന് ഇദ്ദേഹത്തെ മാറ്റണമെന്ന് ലീഗ് പ്രഖ്യാപിച്ചതായുള്ള വാർത്തയാണ് ആദ്യം വന്നത്. കോൺഗ്രസിന്റെ നേതാവ് ആരാകണമെന്ന് കോൺഗ്രസ്സാണ് തീരുമാനിക്കുന്നത്. അക്കാര്യത്തിൽ ഞങ്ങളാരും അഭിപ്രായം പറയാൻ അർഹരല്ല. എന്നാൽ ഇത്തരമൊരു അഭിപ്രായം വന്നപ്പോൾ അതിനോടാണ് ഞാൻ പ്രതികരിക്കുന്നത്. സാധാരണ രാഷ്ട്രീയത്തിൽ കേട്ടുകേൾവിയില്ലാത്ത ഒരു നിലപാട് സ്വീകരിച്ചപ്പോൾ അതിനെതിരെ ഞാൻ പ്രതികരിച്ചിട്ടുണ്ട്, അതെങ്ങനെ മുസ്ലീമിനെതിരാകും; അതെങ്ങനെ മുസ്ലീം താൽപ്പര്യത്തിന് എതിരാകും; അതെങ്ങനെ മതനിരപേക്ഷതയിൽനിന്നുള്ള വ്യതിചലനമാകും? ഇതൊന്നും മതനിരപേക്ഷതയുടെ വ്യതിയാനമല്ല.

ഡോ. എം. കെ. മുനീർ: സർ, കോൺഗ്രസ്സ് നേതാക്കളെ മാറ്റാനൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങനെയാണെങ്കിൽ അത് പറഞ്ഞാൽ അവിടെ തീരുമായിരുന്നു. ഞാൻ പറഞ്ഞത് അബദ്ധമായെന്ന് വരുമായിരുന്നല്ലോ. എന്നാൽ അതല്ലല്ലോ പറഞ്ഞത്? ഞാൻ പറഞ്ഞതിൽ മതനിരപേക്ഷതയുടെ നേരിയ വ്യതിയാനം പോലുമില്ല. എല്ലാ രാഷ്ട്രീയപാർട്ടികളും അംഗീകരിക്കുന്ന പൊതു മര്യാദയെപ്പറ്റി ഞാൻ ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. അതിലെന്താണ് തെറ്റ്?

സംവരണേതര വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തുന്ന നയം സംസ്ഥാന സർക്കാർ നടപ്പാക്കി. അതിനെതിരെ ശക്തമായ നിലപാടുമായി ലീഗ് വന്നു. നമ്മുടെ രാജ്യത്ത് മുസ്ലീമിന് ആകെ സംവരണമുള്ളത് കേരളത്തിലല്ലാതെ മറ്റെവിടെയാണ്? കേരളമൊഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ മുസ്ലീങ്ങളിലെ ഒരു ചെറിയ വിഭാഗത്തിനുമാത്രമാണ് സംവരണമുള്ളത്. ബാക്കിയെല്ലാവരും സംവരണേതരാണ്. ആ വിഭാഗത്തിനാണ് ഇത് ഗുണം ചെയ്യുക. സാധാരണനിലയിൽ ഇതിനെ കോൺഗ്രസ്സ് എതിർക്കേണ്ടതല്ല. കാരണം ഇത് കോൺഗ്രസ്സിന്റെ പ്രഖ്യാപിത നിലപാടാണ്. എന്നാൽ ലീഗിന്റെ നിലപാടിനോട് കീഴടങ്ങുന്ന തരത്തിലുള്ള സമീപനമാണ് കോൺഗ്രസ്സ് സ്വീകരിച്ചത്. ഇത് ശരിയാണോ?

ശ്രീ. കെ. സി. ജോസഫ്: സർ, കോൺഗ്രസ്സിന്റെ കാര്യം കോൺഗ്രസ്സാണ് പറയുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, പൊതുസമൂഹത്തിലുണ്ടാകുന്ന നിലപാടിനെതിരെ കോൺഗ്രസ്സ് ഒരു പ്രതികരണവും നടത്തിയില്ല, കോൺഗ്രസ്സ്

ആ ഘട്ടത്തിൽ മൗനം പാലിച്ചു. ഇതാണ് വസ്തുത. നയപരമായ പ്രശ്നമായതിനാൽ അതല്ലായിരുന്നു ചെയ്യേണ്ടിയിരുന്നത്, നിലപാടിൽ ഉറച്ചുനിൽക്കണമായിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുപറഞ്ഞ് ആടിനെ പട്ടിയാക്കുകയാണ്. കോൺഗ്രസ്സിന് കോൺഗ്രസ്സിന്റെ നയമുണ്ട്. മുസ്ലീംലീഗിന് അതിന്റേതായ നയമുണ്ട്. യു.ഡി.എഫ്. മാനിഫെസ്റ്റോയിൽ പത്ത് ശതമാനം സാമ്പത്തിക സംവരണം എഴുതിച്ചേർത്തിട്ടുള്ളതാണ്. പിന്നാക്കസമുദായത്തിൽപ്പെട്ട ആളുകൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന സംവരണത്തിൽ കുറവ് വരരുതെന്നാണ് മുസ്ലീംലീഗ് പറഞ്ഞത്. അല്ലാതെ അവർ സാമ്പത്തിക സംവരണത്തെ എതിർക്കുകയല്ല ചെയ്തത്, അതാണ് വസ്തുത. മുസ്ലീംലീഗ് ഒരിക്കലും കോൺഗ്രസ്സിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ടിട്ടില്ല. അങ്ങേയ്ക്ക് വേറൊരു ലക്ഷ്യമുണ്ടായിരുന്നു. ആ ലക്ഷ്യം വച്ച് അങ്ങ് നൽകിയ പോസ്റ്റാണ്. ആ പരിപ്പ് കേരളത്തിൽ വേവാൻ പോകുന്നില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ശരിയായ പരിപ്പ് മാത്രമേ വേവിക്കാറുള്ളൂ, ശരിയല്ലാത്ത ഒരു പരിപ്പും വേവിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. മതനിരപേക്ഷതയിലൂന്നിയ അടുക്കളയിലാണ് എന്റെ പരിപ്പെല്ലാം വെന്തിട്ടുള്ളത്. മതനിരപേക്ഷതയ്ക്കെതിരെ ആരൊക്കെ നിന്നിട്ടുണ്ടോ അതിനെല്ലാമെതിരെ ശക്തമായ നിലപാട് എല്ലാക്കാലത്തും ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങളുടെ ഒരു പ്രതിനിധിയായി ഞാൻ പറയുന്നുവെന്നേയുള്ളൂ. അക്കാര്യത്തിൽ മറ്റ് പ്രശ്നമില്ല. ഇവിടെ അദ്ദേഹം പറഞ്ഞതു പോലെയാണെങ്കിൽ പ്രശ്നമില്ല. പക്ഷേ കഠിനമായ എതിർപ്പ് ലീഗ് ഉയർത്തിക്കൊണ്ടുവന്നപ്പോൾ നിശബ്ദത പാലിച്ചുവെന്നാണ് ഞാൻ പറഞ്ഞത്, അത് മറന്നുപോകരുത്. ഭരണഘടനാപ്രകാരമാണ് കേന്ദ്ര - സംസ്ഥാന മന്ത്രിസഭകൾ നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഭരണഘടനാപ്രകാരമുള്ള എല്ലാ അംഗീകാരവും പദവിയും നൽകുന്നതിന് സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമുണ്ട്. പൊതുവായ വികസനത്തിന് കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനമാണ് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്. വികസന കാര്യത്തിൽ ഈയൊരു നയമാണ് സ്വീകരിക്കുന്നത്. എന്നാൽ ഫെഡറൽ സംവിധാനത്തിനകത്ത് നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കാനും മതനിരപേക്ഷത ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനാലാണ് പൗരത്വ ഭേദഗതിപോലുള്ള പ്രശ്നങ്ങളെ സംസ്ഥാന സർക്കാർ എതിർക്കുന്ന നിലപാട് സ്വീകരിച്ചത്. കേരളത്തിലെ ജനങ്ങളെയെല്ലാം

കൂട്ടിയോജിപ്പിച്ചുകൊണ്ട് മതനിരപേക്ഷത ശക്തിപ്പെടുത്തി വർഗ്ഗീയതയെ ഒറ്റപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. കാർഷിക രാജ്യമായ ഇന്ത്യയിൽ കർഷകന്റെ നട്ടെല്ലൊടിക്കുന്നതും കോർപ്പറേറ്റുകൾക്ക് പരവതാനി ഒരുക്കുന്നതുമായ നയങ്ങൾക്കെതിരെ ശക്തമായ പ്രതികരണമാണ് നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ചത്. സംസ്ഥാന സർക്കാരും ആ നിലപാട് തന്നെയാണ് സ്വീകരിച്ച് പോകുന്നത്.

തിരുവനന്തപുരത്തെ വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിനുള്ള നയം കേന്ദ്ര സർക്കാർ സ്വീകരിച്ചപ്പോഴും അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുപോയത്. ബി.പി.സി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിനെതിരെയും എച്ച്.എൽ.എൽ.-ന്റെ കാര്യത്തിലും സംസ്ഥാന സർക്കാർ സ്വീകരിച്ച നയം ഇപ്പോഴൊരു പ്രത്യേക ഘട്ടത്തിലെത്തുകയും നമുക്കനുകൂലമായ നിലപാട് വരികയും ചെയ്തു. സംസ്ഥാന താത്പര്യത്തെയും ഭരണഘടനാപരമായ കാഴ്ചപ്പാടുകളെയും ഹനിക്കുന്ന ഘട്ടത്തിൽ ശക്തമായ നിലപാട് തന്നെയാകും സർക്കാർ സ്വീകരിക്കുക. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഒരു ബുദ്ധിമുട്ടും ഒരു ഘട്ടത്തിലും കാണിക്കുകയില്ല. ഇതുതന്നെയാണ് സ്വർണ്ണക്കള്ളക്കടത്തിന്റെ കാര്യത്തിലും നമുക്ക് കാണാൻ സാധിക്കുന്നത്. ആദ്യം ശക്തമായ അന്വേഷണം ആവശ്യപ്പെട്ടു. എന്നാൽ അന്വേഷണം വഴിതെറ്റുന്ന നിലയുണ്ടായപ്പോൾ അതിനെതിരെ നിലപാട് സ്വീകരിക്കുകയും ചെയ്തു.

സംസ്ഥാനത്തെ ചില പ്രശ്നങ്ങൾ സംബന്ധിച്ച് നേരത്തെ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഭാസ്കര പട്ടേലരെയും തൊമ്മിമാരെയും കുറിച്ച് പറഞ്ഞു. ഇത് ആർക്കാണ് ചേരുക എന്ന് ആലോചിക്കണമെന്നാണ് ഞാൻ പറയുന്നത്. കോൺഗ്രസ്സിന്റെ അവസ്ഥയാലോചിച്ച് അദ്ദേഹം പറഞ്ഞതാണെന്നാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസ്സ് നേതൃത്വത്തിലേയ്ക്ക് തെരഞ്ഞെടുപ്പ് വേണമെന്നാവശ്യപ്പെട്ട് മുതിർന്ന നേതാക്കൾ പോരിനിറങ്ങിയത് നമ്മൾ കണ്ടു. സ്വാതന്ത്ര്യസമര കാലത്തൊക്കെ കോൺഗ്രസ്സ് അദ്ധ്യക്ഷന്റെ തെരഞ്ഞെടുപ്പ് എങ്ങനെയായിരുന്നുവെന്ന് ചരിത്രം അറിയാവുന്നവർക്കെല്ലാം അറിയാം. പ്രത്യയശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ വാശിയേറിയ മത്സരങ്ങൾ നടന്ന ഇടമായിരുന്നു അത്. ഹരിപുര കോൺഗ്രസ്സ് സമ്മേളനത്തിൽ സുഭാഷ് ചന്ദ്രബോസും പട്ടാഭി സീതാരാമയ്യരും തമ്മിൽ നടന്ന മത്സരം ഇന്നത്തെ കോൺഗ്രസ്സിന് ആലോചിക്കാൻ സാധിക്കുമോ; കോൺഗ്രസ്സിൽ അദ്ധ്യക്ഷ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഇന്നാലോചിക്കാൻ കഴിയുന്ന കാര്യമാണോ? ഏറ്റവും ഒടുവിൽ 1990-കളിൽ സീതാറാം കേസരിയെന്ന നേതാവാണ്

തെരഞ്ഞെടുപ്പിലൂടെ കോൺഗ്രസ്സ് അദ്ധ്യക്ഷനായത്. അദ്ദേഹം ഏതുവഴിയിലാണ് പുറത്തെറിയപ്പെട്ടതെന്ന് ഇപ്പോൾ പറയേണ്ടതില്ല. പട്ടേലരും തൊമ്മിമാരും എന്ന പ്രയോഗം അവിടെത്തന്നെയാണ് ചേരുക. അത് ഇങ്ങോട്ടെറിഞ്ഞ് ആനന്ദം കൊള്ളേണ്ടെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെ എനിക്ക് അറിയിക്കാനുള്ളത്.

പട്ടയത്തെ സംബന്ധിച്ച് പറയുമ്പോൾ നേരത്തെ ഒരു പട്ടയവും നൽകിയിട്ടില്ലെന്നാണ് ഒരംഗം സൂചിപ്പിച്ചത്. ഇപ്പോൾ തിരുവനന്തപുരത്തെ തീരദേശ മത്സ്യത്തൊഴിലാളികളുടെ കാര്യം മാത്രം പറയാം, മറ്റുള്ള കണക്കുകൾ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. വിഴിഞ്ഞം-50, കുളത്തൂർ-74, കരിങ്കുളം-26, ആറ്റിപ്ര-55, (അതിനുപുറമെ അവിടെയുള്ള പള്ളിക്കും സ്കൂളിനും പട്ടയം നൽകിയിട്ടുണ്ട്) കോട്ടുകാൽ-3, കഠിനംകുളം-13 ഇത്രയും എൽ.എ.ഒ. (land acquisition order)നൽകി. അതുപോലെ തിരുവനന്തപുരം മുട്ടത്തറ, വലിയതുറ എന്നിവിടങ്ങളിൽ തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ഭൂമി നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഫ്ലാറ്റുകൾ നിർമ്മിച്ച് തീരദേശത്ത് താമസിച്ച് വരുന്നവരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ മത്സ്യബന്ധന വകുപ്പ് തീരദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 'പുനർഗേഹം' പദ്ധതി നല്ലരീതിയിൽ നടപ്പിലാക്കി വരികയാണ്. 2450 കോടി രൂപ അടങ്കലുള്ള പദ്ധതിയാണിത്. തീരദേശത്ത് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്ന 18869 കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുന്നതിന് കുടുംബമൊന്നിന് പത്ത് ലക്ഷം രൂപ വീതമാണ് നൽകുന്നത്. പുനർഗേഹമുൾപ്പെടെ മത്സ്യബന്ധനവകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ ഇതുവരെ 2321 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പത്ത് ലക്ഷം രൂപവീതം ധനസഹായം നൽകിക്കഴിഞ്ഞിട്ടുണ്ട്. 1328 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കഴിയുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിൽ 192 ഫ്ലാറ്റുകൾ പൂർത്തീകരിച്ച് മുട്ടത്തറയിൽ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4768 ആദിവാസി കുടുംബങ്ങൾക്ക് 3869.73 ഏക്കർ ഭൂമി വിവിധ സ്കീമുകളിലായി വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1395 പേർക്ക് 1796.96 ഏക്കർ ഭൂമിയും 2708 പേർക്ക് 1870 ഏക്കർ നിക്ഷിപ്ത വനഭൂമിയും ഭൂമി വാങ്ങൽ പദ്ധതിയനുസരിച്ച് 479 പേർക്ക് 175 ഏക്കർ ഭൂമിയും 186 പേർക്ക് 27 ഏക്കർ റവന്യൂ ഭൂമിയും നൽകിയിട്ടുണ്ട്. രണ്ട് മാസത്തിനകം 3000 പേർക്കുകൂടി 2000 ഏക്കർ ഭൂമി വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായി വരികയാണ്. എൽ.ഡി.എഫ്. സർക്കാർ 91 സീറ്റുകൾ

നേടിക്കൊണ്ടാണ് 2016-ൽ അധികാരത്തിലെത്തിയത്. ഞങ്ങളുടെ അനുഭവത്തിൽ നിന്നും മനസ്സിലാകുന്നത് ജനപിന്തുണ ഏറിവരുന്നുവെന്നാണ്. ജനകീയാടിത്തറ വികസിക്കുന്ന ഒരു മുന്നണിയായി എൽ.ഡി.എഫ്. മാറുകയാണ്. നടന്ന ഉപതെരഞ്ഞെടുപ്പുകളിലെല്ലാം എൽ.ഡി.എഫ്.-ന് നേട്ടമുണ്ടായത് സൂചിപ്പിക്കുന്നത് അതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 99 മണ്ഡലങ്ങളിൽ മുൻതൂക്കം നേടുന്നതിന് എൽ.ഡി.എഫ്-ന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മറുപക്ഷത്തുണ്ടായിരുന്ന ചില വിഭാഗങ്ങളും ജനങ്ങളും പൂർണ്ണമായി ഇടതുപക്ഷ ജനാധിപത്യമുന്നണിയിലേയ്ക്ക് എത്തിയിരിക്കുന്നു എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. പ്രതിപക്ഷത്തിന്റെ കൂടെ നിൽക്കുകയും പിന്താങ്ങുകയും ചെയ്യുന്ന ആളുകളിൽ നല്ലൊരു ഭാഗം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട് ആഭിമുഖ്യമുള്ളവരായി മാറിയിരിക്കുകയാണ്. ഈ യാഥാർത്ഥ്യം നാം കാണണം. രാഷ്ട്രീയമായി നിങ്ങളുടെ കാലിന് ചുവട്ടിലുള്ള മണ്ണ് ഒലിച്ചുപോകുകയാണെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞാൽ നല്ലത്. തെറ്റായ നയങ്ങളുടെ ഫലമായി സ്വന്തം അടിത്തറ തകർന്നുപോകുന്നതിന് ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കോൺഗ്രസ്സിന്റെ തകർച്ചയ്ക്കുള്ള കാരണം അതാണെന്ന് നിങ്ങൾ തിരിച്ചറിയണം. നിങ്ങളുടെ നയമാണ് തിരുത്തപ്പെടേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സഭയിൽ ഒരു പ്രത്യേക സമ്മേളനം ചേർന്ന് നമ്മെളെല്ലാം കർഷക സമരത്തെ അനുകൂലിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. കർഷകസമരം അൻപത് ദിവസമായിട്ടും ഒരു ചർച്ചയ്ക്കുപോലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുൻകയ്യെടുക്കുന്നില്ല, അദ്ദേഹം ആരോടും സംസാരിക്കുന്നില്ല. അതേപ്പറ്റി ഒരു വാക്ക് പറയാൻ ബഹുമാന്യനായ അങ്ങ് തയ്യാറാകുന്നില്ല. പ്രമേയം പാസ്സാക്കലല്ലാതെ, രാജസ്ഥാൻ, പഞ്ചാബ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാന ഗവൺമെന്റുകളുടെ മാതൃകയിൽ ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? കലണ്ടർ ഷെഡ്യൂളിൽ അത് കാണുന്നില്ല. അതുകൊണ്ടാണ് ചോദിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഒരു പ്രശ്നമുള്ളത് നിലവിലുള്ള നിയമങ്ങൾ സ്റ്റേയിലാണ്. ആ നിയമത്തിന് ഭേദഗതിയായിട്ടാണ് നിയമം കൊണ്ടുവരാൻ ആലോചിച്ചത്. നിയമത്തിന്റെ ഇനിയുള്ള അവസ്ഥയെന്താണെന്ന് പരിശോധിച്ചതിനുശേഷം മറ്റ് നടപടി സ്വീകരിക്കാം. അക്കാര്യത്തിലൊന്നും ഒരഭിപ്രായ വ്യത്യാസവുമില്ല,

രണ്ട് കൂട്ടരും ഒരുപോലെ ചിന്തിക്കുന്നവരാണ്. സമയം നോക്കി അക്കാര്യം തീരുമാനിക്കാവുന്നതാണ്. തെറ്റായ നയങ്ങളുടെ ഫലമായി നിങ്ങൾ

ദുർബലപ്പെടുമ്പോൾ, അതിൽനിന്നും മറികടക്കാൻ, ആ കുറവ് നികത്താൻ ഏതെങ്കിലും ഒരു വർഗ്ഗീയശക്തിയേയോ, വർഗ്ഗീയ ശക്തികളെയോ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം ആപത്കരമായിരിക്കും. മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ രാജ്യത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആ മതനിരപേക്ഷ നിലപാട് ഉപേക്ഷിച്ച് താൽക്കാലിക ലാഭത്തിനുവേണ്ടി വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടാൻ തയ്യാറായാൽ അതുണ്ടാക്കുന്നത് വലിയ ആപത്തായിരിക്കും. നിങ്ങളുടെ വലിയ തോതിലുള്ള ശോഷണത്തിന് അത് വഴിവയ്ക്കും എന്നു തിരിച്ചറിയണം. തെറ്റായ നിലപാട് സ്വീകരിക്കുന്ന നിങ്ങളെ കേരള ജനത ചരിത്രത്തിന്റെ ചവറ്റുകുട്ടയിലെറിയുന്ന നിലയായിരിക്കും ഉണ്ടാകുക എന്ന് മനസ്സിലാക്കണം. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: " 2021 ജനുവരി 8-ാം തീയതി ബഹുമാന്യനായ ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തിന് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: ഇ-വോട്ടിംഗ് സംവിധാനത്തിലൂടെയാണ് ഇത്തവണ പോളിംഗ് നടത്തുന്നത്. വോട്ടിംഗ് ആരംഭിക്കുന്നതിനുമുമ്പ് സിസ്റ്റം ലോഗിൻ ചെയ്തിട്ടുണ്ടോയെന്ന് അംഗങ്ങൾ ഉറപ്പുവരുത്തണം. അംഗങ്ങളെ സഹായിക്കാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. വോട്ടിംഗിനുള്ള നിർദ്ദേശം ലഭിക്കുമ്പോൾ കമ്പ്യൂട്ടർ സ്ക്രീനിൽ ഒരു വിൻഡോ തെളിയുന്നതാണ്. ആദ്യം മോക്ക് ട്രയൽ നടത്താം. വോട്ടിംഗിന് അനുവദിച്ചിട്ടുള്ള 40 സെക്കന്റിനുള്ളിൽ നിശ്ചിത ബട്ടൺ അമർത്തി വോട്ടുകൾ രേഖപ്പെടുത്തേണ്ടതാണ്.

(ബഹുമാനപ്പെട്ട അംഗങ്ങൾ ട്രയൽ വോട്ടിംഗ് രേഖപ്പെടുത്തി.)

ട്രയൽ വോട്ടിംഗിനുശേഷം സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ഡോ. എൻ. ജയരാജ്
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. കെ. യു. ജനീഷ് കുമാർ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാണി സി. കാപ്പൻ
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. വി. കെ. പ്രശാന്ത്
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ

49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. ടി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. റോഷി അഗസ്റ്റിൻ
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. കെ. എസ്. ശബരീനാഥൻ

24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീമതി ഷാനിമോൾ ഉസ്മാൻ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്
33. ശ്രീ. ടി. ജെ. വിനോദ്.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനവരി മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.57-ന് പിരിഞ്ഞു.)